2021
ഓണപ്പതിപ്പ്
ജൂലായ്
പുസ്തകം5
ലക്കം 3

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



കന്നാലീ എന്ന് വിളിക്കാൻ ഇനി മാടമ്പ് ഇല്ല
ഏറ്റവും പ്രായം കുറഞ്ഞ തന്ത്രി
അണ്ടർ16 ക്രിക്കറ്റിൽ ഒരു അന്തർജനക്കുട്ടി
നെഹ്റു പറഞ്ഞു 'കാൾ മിസ്റ്റർ ഉണ്ണ്യമ്പൂരി'
പഠിച്ചു നേടുന്നത്മാസം 5000 രൂപ
പതിനാലാം വയസ്സിൽ പ്രധാനമന്ത്രിയായി
ചടങ്ങുകൾ കഴിപ്പിക്കും പത്ത് വയസ്സുകാരൻ
നിരഞ്ജനയുടെ ശബ്ദം ആകാശവാണിയിൽ
40,000ത്തിൽ നിന്ന് 40ൽ എത്തിയ വര
ആദ്യമായി ഐഎസ്ഐ കിട്ടിയ നമ്പൂതിരി
ഇല്ലപ്പെരുമയിലെ മൂസദ് ബ്രദേഴ്സ്
തരണനല്ലൂരിലെ 'തന്ത്രക്കാരി'
ആരതിയുടെ സുഹറക്ക് മോഹൻലാലിന്റെ വിളി
അമ്മേടമ്മേടമ്മേടമ്മേടമ്മേടമ്മേടമ്മോത്ത്
വൈറലായ ആ വീഡിയോ എന്റെ ഏട്ടന്റേതാണ്
എം.ടിയിൽ നിന്ന് കത്ത് കിട്ടിയ അന്തർജനം
ബർമുഡയാണ് വേഷം വേദാന്തമാണ് നാവിൽ
ശൈലജ അന്തർജനം നോട്ടുബുക്കിലെ ബ്രാൻഡ്
നാരായം എന്ന സിനിമ ഈ അന്തർജനത്തിന്റെ കഥ
പൊതുവേദിയിൽ ആദ്യമായി സാരിധരിച്ച അന്തർജനം
ബ്രഹ്മോസ് മിസൈലിന്റെ ഡ്രൈയറിൽ ഒരു നമ്പൂതിരി
പത്താം ക്ളാസുകാരി വിധവ ഡോക്ടറായ കഥ
വടകരക്കാർ വൈക്കത്ത് ശാന്തിക്കാരായതെങ്ങനെ
അന്നം തൊട്ടിട്ടും അന്ന് കയ്യ് വറ്റായില്ല
മൂസദ് ബ്രദേഴ്സിന്റ ഇല്ലപ്പെരുമ

## COVER STORY

# നൊബേൽ
## കമ്മറ്റിയുടെ ക്ഷണം കിട്ടിയ
# ഭട്ടതിരിപ്പാട്

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം







**അമ്മ : ഉണ്ണിമായ അന്തർജനം**
2002 ഡിസംബർ ധനു (പൂയം)

**അച്ഛൻ : വാസുദേവൻ നമ്പൂതിരിപ്പാട്**
1984 മെയ് 18 എടവം (മൂലം)

**സഹധർമ്മിണി : മന്ത്രേടത്ത് മഹൾ ലീല**
2018 ജൂലായ് 3

# മാതാപിതാക്കൾക്കും സഹധർമ്മിണിയ്ക്കും സ്നേഹാഞ്ജലികളോടെ



## സേതുമാധവൻ നമ്പൂതിരിപ്പാട്

ശ്രീവത്സം (കിടങ്ങഴി മന) പി ഒ വണ്ടൂർ, മലപ്പുറം, പിൻ: 679328 ,മൊബൈൽ : 9447629839

### ..........സഹോദരങ്ങൾ..........

**ഓപ്പോൾ: രമ,** (ഭർത്താവ് എടക്രമഞ്ചേരി രാമൻ നമ്പൂതിരി) മക്കൾ മായ, (ദേശമംഗലം മന) അനുജൻ വാസുദേവൻ. രണ്ടു പേരും എട്ടിമട അമൃത എൻജിനീയറിങ് കോളേജിൽ പ്രവർത്തിച്ചു വരുന്നു.
**അനുജത്തിമാർ: ഉമാദേവി,** (ഭർത്താവ് പാറക്കാട്ട് പത്മനാഭൻ നമ്പൂതിരി) മക്കൾ: പ്രശാന്ത്, ഭാര്യ മണയത്താററ് മഹൾ നന്ദിത. ഫയർ എൻജിനീയർ, തൃശൂർ. ധന്യ,( ആയുർവേദിക് ഫാർമസിസ്ററ്.വിലങ്ങൻ ഭട്ടതിരി)
**അംബിക:** വിവാഹത്തിന് മുമ്പേ ദിവംഗതയായി.
**ശാരദ:** (യൂട്യൂബ് ചാനൽ,നന്ദനം, കവയിത്രി) ഭർത്താവ് ഗുരുവായൂർ ഓതിക്കൻ കക്കാട് ആനന്ദൻ നമ്പൂതിരി, മക്കൾ: രശ്മി, അദ്ധ്യാപിക (എടമന, കൊട്ടാരക്കര),ഡോ. കിരൺ (മോസ്കോ),(യുട്യൂബ് ചാനൽ HARTTDUOS) ഭാര്യ മുണ്ടേക്കാട്ട് മഹൾ ഡോ. മാനസി, (മോസ്കോ)
**ഡോ.ശ്രീദേവി:** (ഡി.എം.ഒ.റിട്ട.)ഭർത്താവ് ഗുരുവായൂർ ഓതിക്കൻ മുന്നൂലം സുബ്രഹ്മണ്യൻ നമ്പൂതിരി (പി.എൻ.ബി.റിട്ട.) മകൾ ഡോ.ആരതി (പൂമുള്ളി മന).

### ..........സഹധർമ്മിണി..........

**മന്ത്രേടത്ത് മഹൾ ലീല:** 2018 ജൂലായ് 3 ന് കൈലാസ് യാത്ര കഴിഞ്ഞ് മടങ്ങവെ നേപ്പാളിൽ വെച്ച് ശിവലോകം പ്രാപിച്ചു.


follow us on: /SubrohsCarConcept
www.subrohs.com
Email: subrohscarconcept@gmail.com
SUBROHS CAR CONCEPT
Opp KVR Hyundai,
Kanakalaya Bank, Westhill,
Kozhikode 673016
Mob: +91 9188 03 7775
SUBROHS
CORPORATE OFFICE
SUBROHS AUTOMOBILE
Kerala Govt authorized Car Service Center
Chethukadavu, Kunnamangalam,
Kozhikode-673571
Mob: +91 7025 798 407

# ഇരുപതാം ചരമ വാർഷികം

## സ്നേഹാഞ്ജലികൾ



*ജനനം : 25-9-1941*
*(കന്നിയിൽ അനിഴം)*

*മരണം: 20-2-2001*
*(കുംഭത്തിൽ ഉത്രാടം)*

# പി.എം. രാമൻ നമ്പൂതിരി

(പുളിയപ്പിലാശേരി മുല്ലപ്പള്ളി ഇല്ലം , പി.ഒ പന്തീരാങ്കാവ്, കോഴിക്കോട് 19)
s/o പുളിയപ്പിലാശേരി മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി/കരിപ്പാല ആര്യ അന്തർജനം.

..............................പ്രണാമങ്ങളൊടെ..............................

**പത്നി:**............... പി.സാവിത്രി അന്തർജനം.
**മക്കൾ:** .............. പി.എം.നാരായണൻ 9899146665, പി.എം ഗോപിനാഥൻ, 9846479428, പി.എം.ഗീത 9446158241.
**മരുമക്കൾ:** ........ സവിത കരിയന്നൂർ, ദേവി മുല്ലപ്പള്ളി, വേന്ത്രക്കാട് നാരായണൻ.
**പേരക്കുട്ടികൾ:**.. ആകാശ് നാരായണൻ, അർഘ്യ നമ്പൂതിരി, ശ്രീഭദ്ര,
ഡോക്ടർ നീഹാരിക, നിമീലിക, നിരാദിക.



യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

2021 ജൂലായ്
July
Kozhikode
Volume No: 5
Issue No: 3

# നന്ദിയാരോടു ചൊല്ലേണ്ടൂ

ആരോടാണ് നന്ദി പറയേണ്ടത്. കോവിഡിന്റെ രണ്ടാം തരംഗത്തിലും ഇത്തരമൊരു പ്രസിദ്ധീകരണം മികവ് ചോരാതെ ഇറക്കാൻ ഒട്ടനവധിപ്പേരുടെ സഹായം കൂടിയേ തീരൂ. മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ പോലും പേജുകൾ കുറച്ചും മറ്റും പ്രയാസപ്പെടുമ്പോൾ അധിക പേജുകളോടെ ഓണപ്പതിപ്പായാണ് ഈ ലക്കം നിങ്ങളിലെത്തുന്നത്.

അതിന് ആദ്യകാരണക്കാർ നിങ്ങൾ തന്നെ. സ്വസ്തിയെ നെഞ്ചേറ്റിയ വായനക്കാർ. അതുകൊണ്ട് ആദ്യ നന്ദി വായനക്കാർക്ക്. രണ്ടാമത് നന്ദി പറയേണ്ടത് പരസ്യം നൽകി സഹായിച്ചവർക്കാണ്. പലതുള്ളി പെരുവെള്ളം പോലെ ധാരാളം പേർ പലപല തുള്ളികളായി പെയ്തിറങ്ങി. ഒരാൾ പോലും മുഖം തിരിച്ചില്ല. അതിന്റെ പരിസമാപ്തിയാണ് ഈ ഓണസ്സദ്യ.

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മറ്റി ഓഫീസിന്റെ കെട്ടിടത്തിന്റെ കാര്യത്തിലും ഇതേ പരിഗണനയാണ് സമുദായാംഗങ്ങൾ നൽകിയത്. സ്വന്തം ഇല്ലത്തെ കാര്യം പോലെ സാമാന്യം വലിയ തുക നൽകിത്തന്നെ പലരും സഹായിച്ചു. പൂജ്യത്തിൽ നിന്ന് ഇരുനിലകെട്ടിടമായി അത് ഉയർന്നു. അതിൽ സ്വസ്തിക്കായി ഒരു ഓഫീസുണ്ടായി! നാലു വർഷം മുമ്പ് സ്വപ്നത്തിൽ പോലും ഉണ്ടാവാതിരുന്ന കാര്യം!! കോഴിക്കോട്ടെത്തുന്ന സമുദായാംഗങ്ങൾക്ക് ഹോട്ടലുകളെ ആശ്രയിക്കാതെ താമസിക്കാനൊരിടമായി. കോർപ്പറേഷൻ പരിധിയിൽ മെഡിക്കൽ കോളേജിനു സമീപം അതിന്റെ നിർമ്മിതി പൂർത്തിയായി.

അല്പം ഖേദം കലർന്ന സന്തോഷം കൂടിയുണ്ട്. നമ്പൂതിരി പ്രൊഡക്ട്സ് ആൻഡ് സർവീസസ് എന്ന വിഷയത്തിൽ ഒരു സ്പെഷ്യൽ ഫീച്ചറിന് നടത്തിയ അന്വേഷണങ്ങൾക്ക് അദ്ഭുതകരമായ പ്രതികരണമാണ് കേരളമങ്ങോളമിങ്ങോളം ലഭിച്ചത്. ഈ ലക്കത്തിൽ ഉൾക്കൊള്ളിക്കാനാവാത്ത വിപുലമായ വിവരങ്ങൾ. അത് അടുത്ത ലക്കത്തിലേക്ക് മാറ്റി വയ്ക്കേണ്ടി വന്നതിലെ ഖേദവും അറിയിക്കട്ടെ.

ഒരു വാക്കു കൂടി.ഏതെങ്കിലും കാരണവശാൽ സ്വസ്തി ലഭിക്കാത്തവർ ഉണ്ടെങ്കിൽ ഒന്നു ഫോൺ ചെയ്താൽ മതി രണ്ടാമതും മൂന്നാമതും അയക്കുന്നതിൽ ഒട്ടും മടിയില്ല സ്വസ്തിക്ക്. വായനക്കാരുടെ പരിഭവവും പരാതികളും ഞങ്ങൾക്ക് നൽകുന്നത് പ്രവർത്തിക്കാനുള്ള ഊർജമാണ്. സന്തോഷത്തോടെയാണ് അവ കേൾക്കുന്നത്. ഇനിയും അതാണ് വേണ്ടതും. ഏവർക്കും ഐശ്വര്യപൂർണ്ണമായ ദിനങ്ങൾ ഉണ്ടാവട്ടെ എന്നാശിക്കുന്നു. ഓണാശംസകളോടെ.

**പത്രാധിപർ**

Email: swasthitrimonthly@gmail.com
യോഗക്ഷേമസഭ കോഴിക്കോട്
ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5122 പൗഷം
കൊല്ലവർഷം 1196 മകരം ഗ്രീഷ്മ ഋതു

ചീഫ് എഡിറ്റർ
കൊയ്ത്തൊടി ചെറുമുക്ക് പരമേശ്വരൻ
മൊബൈൽ: 9072383651
അസോസിയേറ്റ് എഡിറ്റർ
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823
മാനേജിംഗ് എഡിറ്റർ
വിനോദ് മങ്ങത്തായ 9895621493
അംഗങ്ങൾ
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616
വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ധനകാര്യം: നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

Yogakshemasabha Swasthi Trimonthly
Printed & Published by K.I. Vishnu Namboodiri on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Lekha Offset Printers, Kadalundi Road, Feroke, Calicut 673631, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017.
Editor K M Parameswaran
Vol No:5 Issue No: 3
For private circulation only.

ഡിസൈനിംഗ് :റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001, മൊബൈൽ: 9847941277, 9847907630

## പ്രതിനിധികൾ

ന്യൂഡെൽഹി: സിജു കുറിയേടം ശ്രീകുമാർ 9811905204/മുംബൈ പൻവേൽ: രവി തെക്കേടം 9867203567/ഗോവ: കൃഷ്ണൻ പുളിയശ്ശേരി 9765277893/പൂനെ: ദിനേശ് വിഷ്ണു 9923024959/ബംഗളൂരു: കൃഷ്ണപ്രസാദ് കെ.കെ. 9739342061ബഹറിൻ: ജിതിൻ വെള്ളിമുറ്റം 00993 36123 335 / യു.എ.ഇ: പാലയൂർ ശങ്കരനാരായണൻ +971504980513/കന്യാകുമാരി: ഗീതാനന്ദൻ വെൺമാറനല്ലൂർ 8300186475/തിരുവനന്തപുരം: അഭിജിത് അമുന്തുരുത്തി മഠം 7356062941/ആലപ്പുഴ: മുണ്ടോളി കളം വിഷ്ണു ബാബു 9946669124/വൈക്കം : ജയൻ പുതുമന 8330086062/എറണാകുളം: പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628/തൃശൂർ: ഹരികുമാർ മൂസത് 7012416659/കുട്ടനല്ലൂർ പരിയാനമ്പറ്റ നാരായണൻ 9847668696/ഗുരുവായൂർ: മൂത്തേടം ആനന്ദ് 9846418181/പാലക്കാട് :രാമപ്രസാദ് നരിക്കാട്ടരി 9496234515/മലപ്പുറം: പ്രിജു കരിപ്പം 9895161042/കണ്ണൂർ: പുടയൂർ ജയനാരായണൻ 9544075519/കാഞ്ഞങ്ങാട് : വി.പി.ഹേമ ഗോശാല ഇല്ലം 9400802151

## കോഴിക്കോട് ജില്ല പ്രതിനിധികൾ

ജില്ലാ ഓഫീസ് കോവൂർ : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/കോഴിക്കോട്സിറ്റി: ശ്രീരേഖ മാടമന 9495178644/ചേവായൂർ: സന്തോഷ് തായാട്ട്: 7293751990/കണ്ണിപറമ്പ്: ലത തലപ്പണ 9747051050/പെരുമണ്ണ: രേഖ തരുപ്പ 7025662924/ഫറോക്ക്:രാമനുണ്ണി മുല്ലപ്പള്ളി 9947413193/മുക്കം: കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/ചാത്തമംഗലം: കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/ ഉച്ചക്കാവ്: സ്മിത ചെറുവക്കാട് 9495533013/താമരശ്ശേരി:കളം പ്രസാദ് 8848286062/രാമല്ലൂർ: തെഞ്ചേരി ഹരിനാരായണൻ :9847564517/കക്കോടി: പറമ്പിടി മനോജ് കുമാർ 9495039892/ ബാലുശ്ശേരി: കളം വേണുനാഥ് :8281984397/കൊയിലാണ്ടി: ഹനീഷ് എരഞ്ഞോളി 9446561754/വടകര: അമ്പിളിക്കുന്നം ഹരി :9400980039/മുയിപ്പോത്ത്: മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842



# ഓണസ്സദ്യയൊരുക്കുന്നത് ഇവർ

## അനുസ്മരണങ്ങൾ


07 മാടമ്പ് ● കരങ്ങാട് രാമൻ ഭട്ടതിരിപ്പാട്, തോട്ടുപുറം ശങ്കരൻ
82 ബാലസാഹിത്യകാരി സുമംഗല ● ആര്യകൃഷ്ണ
93 മാങ്ങോട്ടശ്ശേരി ശാസ്ത്രശർമ്മൻ നമ്പൂതിരിപ്പാട് ● പി. എൻ. വിജയൻ
100 വെട്ടിക്കാട്ട് കൃഷ്ണൻ നമ്പൂതിരി ● തേവർക്കാട് നാരായണൻ
129 തറയിൽ മുല്ലപ്പള്ളി ശ്രീധരൻ നമ്പൂതിരി ● പി. സാവിത്രി അന്തർജനം
132 പട്ടലൂർ വാസുദേവൻ നമ്പൂതിരി ● ശ്രീജ പട്ടലൂർ
134 ദേവകി നരിക്കാട്ടിരി ● ജയൻ പഴങ്ങോട്ടുപൊറ്റ


## ഓണം പോലുള്ള ഓർമ്മകൾ


11 നെഹ്റു ഉണ്ണ്യമ്പൂരി എന്നു വിളിച്ച നമ്പൂതിരി ● പി.എൻ.വിജയൻ
25 ആസാമിൽ നിന്ന് ഒരു ടിപ്പണി ● പദ്മശ്രീ മുണ്ടയൂർ സത്യനാരായണൻ
62 ആ സിനിമ എന്റെ ജീവിതമാണ് ● ഗോപാലിക അന്തർജനം
94 ഒരു വടക്കൻ വേളിഗാഥ ● എം.പി.നങ്ങേലി അന്തർജനം


## അറിയേണ്ട നമ്പൂതിരിമാർ


16 നൊബേൽ കമ്മിറ്റിയുടെ ക്ഷണം ● ശ്രീഭ നാറണിയാട്
59 വർക്ക് ഷാപ്പിൽ ഒരു കവി ● രാമപ്രസാദ് നരിക്കാട്ടിരി
68 ഐ.ഐ.എമ്മിൽ നിന്ന് ബിരുദം ● കിഴക്കേടം കൃഷ്ണ പ്രസാദ്


## അറിയേണ്ട അന്തർജനങ്ങൾ


28 ആദ്യമായി സാരിധരിച്ച അന്തർജനം ● എൻ. എം. മനേഴി
44 എം.ബി.ബി.എസ് കീഴടക്കിയ വൈധവ്യം ● സ്മിത വാസുദേവൻ
50 തരണനല്ലൂരിലെ 'തന്ത്രക്കാരി' ● ഹരി നടുവം


## രണ്ട് സൗഭാഗ്യങ്ങൾ


22 മോഹൻലാൽ സിനിമയിലേക്ക് ക്ഷണിച്ചു ● ആരതി
54 എം.ടിയിൽനിന്ന് കത്തു കിട്ടി ● സാവിത്രി അന്തർജനം


## രണ്ട് കൗതുകങ്ങൾ


40 അമ്മേടമ്മേടമ്മേടമ്മേടമ്മേടമ്മേടമ്മാത്ത് ● കെ.എം. പരമേശ്വരൻ
116 ആ പ്രാർത്ഥന വെറുതെയായില്ല ● യു.എൻ.മിഹിര


## വൈറലായ രണ്ട് നമ്പൂതിരിമാർ


74 വാസുദേവൻ നമ്പൂതിരി കോതമംഗലത്തു മന ● ദീപു വിശ്വനാഥൻ
76 കിഴുമുണ്ടയൂർ പരമേശ്വരൻ നമ്പൂതിരി ● കെ.എൻ.കെ.നമ്പൂതിരി


## ചില നമ്പൂതിരി എന്റർപ്രണേഴ്സ്


15 അന്തർജനം ദ എന്റർപ്രണർ ശൈലജ അന്തർജനം
24 നമ്പൂതിരീസ് ഹോം അപ്ലയൻസസ് ● പുരുഷോത്തമൻ നമ്പൂതിരി
37 അരവണ പ്ലാന്റും ബ്രഹ്മോസ് മിസൈലും ● താമരക്കുളം ദിവാകരൻ നമ്പൂതിരി
47 കണ്ണീരിന്റെ നനവുള്ള രുചി ● മിഥുൻ വെള്ളാംപറമ്പ്
56 ഐ.എസ്.ഐ നമ്പൂതിരി ● പദ്മനാഭൻ നമ്പൂതിരി
61 ഒരു ഹോൾസെയിൽ ഡീലർ ● അനുജൻ പി.രാമൻ
64 യൂത്ത് ഫെസ്റ്റിവൽ മുതൽ ഉത്രാടസദ്യ വരെ ● പഴേടത്തു ഉണ്ണിക്കുട്ടൻ
65 മനയ്ക്കലെ ചികിത്സ ● ഡോ.ഒ.എസ്.കൃഷ്ണൻ നമ്പൂതിരി
66 ഫോണിലെത്തും ഇല്ലത്തെ ഉല്പന്നങ്ങൾ ● രാമപ്രസാദ് നമ്പൂതിരി
78 ഇനി മുട്ടുശാന്തി മുടങ്ങില്ല, വിളിച്ചോളൂ ● രാജേഷ് എമ്പ്രാന്തിരി
96 നാലുകെട്ടിൽ നിന്ന് നാടൊട്ടുക്ക് ● മാങ്കുളം സുരേഷ്
96 അഴുക്കിനെ അലിയിച്ചു കളയും ● ഗിരിജ അന്തർജനം
77 ജോലി രാജിവെച്ച് വ്യവസായിയായ നമ്പൂതിരി ● പശുപതി പണിക്കത്ത്


## അനുഭവക്കുറിപ്പുകൾ


71 ഇലക്ഷൻ ഡ്യൂട്ടിക്കിടയിലെ വെജിറ്റേറിയൻ ഫുഡ് ● പുരുഷോത്തമ ശർമ്മ ഇ.
83 കോവിഡ് കാലത്തെ യൂട്യൂബർ മുത്തശ്ശി ● പുളിക്കാമഠം ഗംഗാദേവി അന്തർജനം
102 വൈക്കത്തുണ്ട് വടകരക്കാർ ● കുനിയില്ലം കേശവൻ നമ്പൂതിരി
108 പഴയ ഭൂമിയിലെ പുതിയ യജ്ഞം ● നരിപ്പറ്റ നാരായണൻ നമ്പൂതിരി
110 പാചകം അന്നം മുടക്കിയില്ല ● പാലേലി മോഹൻ
111 ഹെയർ സ്റ്റൈൽ വരുത്തി വച്ച വിന ● ജിഷ യു സി
126 അന്നം തൊട്ടിട്ടും അന്ന് വറ്റായില്ല ● ജയൻ പുതുമന


## കവിതകൾ


12 വാണിയമ്പലം ● അനിയൻ മാങ്ങോട്ടിരി
65 ചട്ടി ● മിനി പി.എസ്
79 ഗാന്ധി ചിരിക്കുന്നു! ● ഇരവിമംഗലം കൃഷ്ണൻ നമ്പൂതിരി
99 അദ്വൈതം ● ശ്രീധർ കടമ്പനാൽ
99 കോവിദമുക്തകങ്ങൾ ● കുറുങ്ങോട് മോഹനൻ
135 ദുഃഖം ● കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട്
135 കുചേലവൃത്തം ● ശാരദ ആനന്ദൻ


## കഥകൾ


34 നേതാവ് മരിച്ചപ്പോൾ ● അത്തിപ്പറ്റ രവി
60 കടവും തോണിയും കഥകൾ കൈമാറുമ്പോൾ ● സുനീതി ദിവാകരൻ
80 മഹൻമൂസ് ദ മഹാകേമൻ ● എൻ.ബി.കൃഷ്ണൻ നമ്പൂതിരിപ്പാട്


**ഇല്ലപ്പെരുമയിൽ പൊന്മള ചണ്ണഴി ഇല്ലത്തെ മൂസദ് ബ്രദേഴ്സ്**

ജില്ലാവാർത്തകൾ വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, വായനക്കാരുടെ കത്തുകൾ തുടങ്ങി സ്ഥിരം പംക്തികളും



## കുട്ടിക്കൂട്ടത്തിലെ മിടുക്കർ

ആകാശവാണിയിലെ ജൂനിയർ ആർട്ടിസ്റ്റ് നിരഞ്ജന ഒറവംപുറം മന ● 40,000ത്തിൽ നിന്ന് 40ൽഎത്തിയ വര പ്രിയദത്ത മാത്തൂർ മന ● നിത്യകർമ്മത്തിലെ ഒന്നാം റാങ്കുകാരൻ ജഗന്നാഥ് രാമചന്ദ്രൻ കുനി ഇല്ലം ● കേരള ക്രിക്കറ്റ് ടീമിൽ കളിക്കുന്ന ഭദ്ര അണ്ടലാടി മന ● കേരള ജൂനിയർ ബാഡ്മിന്റനിലെ ദേവ നാരായണൻ തെക്കേ മഠം ● ഏറ്റവും പ്രായം കുറഞ്ഞ തന്ത്രി ശ്രീരാം.കെ നമ്പൂതിരിപ്പാട് കരുമാരത്ത് ഇല്ലം ● മാസം തോറും 5000 രൂപ പഠിച്ചു നേടുന്ന പാർവതി രയരോത്ത് ഇല്ലം ● ഇൻസ്പയർ സ്കോളർഷിപ്പു നേടിയ വിഷ്ണു പാതിരിശ്ശേരി ● കർണ്ണാടക സംഗീതത്തിലെ ജേതാവ് അഭിരാമി മാമ്പറ്റ ഇല്ലം ● ഒമ്പതാം വയസ്സിൽ ചടങ്ങുകൾ കഴിപ്പിച്ച ഓതിക്കൻ ശ്രീമാധവ് നീലമന ● പതിനാലാം വയസ്സിൽ പ്രധാനമന്ത്രിയായി സനൂപ് നമ്പൂതിരി കിഴികുളത്ത് ഇല്ലം ● അഗത ക്രിസ്റ്റിയെ വായിച്ചറിഞ്ഞ അശ്വിൻ കെ ശ്രീധർ കല്ലംപിള്ളിൽ ഇല്ലം ● അഗ്നിസാക്ഷി വായിച്ച അനുഭവവുമായി നിരഞ്ജന പഴേടത്ത് മന ● ദേശീയ മാതൃദിനമത്സരത്തിലെ ജേതാക്കൾ നവ്യ പി എൻ പുക്കുഴി മന, അവന്തിക അഭിലാഷ്, ഉള്ളന്നൂർ മഠം



## മാടമ്പ് കുഞ്ഞുക്കുട്ടന് സ്വസ്തിയുടെ പ്രണാമം

## 1941 / 2021

# കന്നാലീ എന്ന വിളി ഇനിയില്ല

**കരങ്ങാട് രാമൻ ഭട്ടതിരിപ്പാട്**



മാടമ്പുമായുള്ള പരിചയം എഴുപതുകളിലാണ് തുടങ്ങിയത്. എൻജിനീയറിംഗിനുശേഷം ബോംബെയിൽ ജോലി ലഭിച്ച കാലം. ഞാനും തൃക്കഴിപ്പുറം രാമനും ഒരുമിച്ചായിരുന്നു താമസം. ആ കാലത്തുതന്നെയാണ് എന്റെ സഹപാഠിയും മാടമ്പിലെ മരുമകനുമായ മടങ്ങർളി നാരായണനും ബോംബെയിൽ എത്തിയത്. നാരായണനെ കൂടാതെ കുഞ്ഞിക്കുട്ടന്റെ അനുജൻ വാസുദേവൻ, മാടമ്പിലെ മറ്റൊരു മരുമകൻ പുലിയന്നൂർ ഉണ്ണി, കുത്തുള്ളി ബിംബൻ തുടങ്ങിയവരും ഉണ്ടായിരുന്നു.

ഞാനും തൃക്കഴിപ്പുറം രാമനും എല്ലാ ഞായറാഴ്ചകളും മറ്റു ഒഴിവു ദിവസങ്ങളിലും അവിടെ പോകും. അക്കാലത്ത് കുഞ്ഞിക്കുട്ടനും ഇടക്കൊക്കെ വന്ന് കുറച്ചുദിവസം താമസിക്കും. സാഹിത്യചർച്ചകളും കവിതയും അക്ഷരശ്ലോകവും മറ്റും കൊണ്ട് നിറഞ്ഞ ദിവസങ്ങൾ. തൃക്കഴിപ്പുറം രാമനും ഞാനും മിക്കപ്പോഴും ഒരുമിച്ചാണ് നടന്നിരുന്നത്. രണ്ടുപേരും എൻജിനീയർമാർ, ഒരേ നാട്ടുകാർ. ഞങ്ങളെപ്പറ്റി പറയുമ്പോൾ ഏതു രാമനെന്ന് പലർക്കും കൺഫ്യൂഷനായിരുന്നു. അതൊഴിവാക്കാൻ കുഞ്ഞിക്കുട്ടേട്ടൻ ഒരു വഴി നിർദ്ദേശിച്ചു. എന്റെ പേരിന്റെ ഇനീഷ്യൽ കെ എന്നായിരുന്നതിനാൽ എന്നെ കന്നാലി രാമനാക്കി! തൃക്കഴിപ്പുറം രാമനെ തെന്നാലി രാമനെന്നും വിളിക്കാൻ തുടങ്ങി!! അങ്ങനെ ഞങ്ങൾക്ക് ഒരു പുതിയ പേര് നിർദ്ദേശിച്ചത് കുഞ്ഞിക്കുട്ടേട്ടനായിരുന്നു. ഈ അടുത്ത കാലത്തും അദ്ദേഹം അങ്ങിനെയാണ് വിളിച്ചിരുന്നത്.

ഞാൻ ഗോരെഗാവിൽ താമസമാക്കിയപ്പോൾ മാടമ്പ് വാസുദേവൻ, പുലിയന്നൂർ ഉണ്ണി, പുത്തില്ലം രാമൻ, ശങ്കരൻ, തുടങ്ങിയ പലരും എന്റെ ഫ്ളാറ്റിലേക്ക് താമസം മാറ്റി. അന്നും മാടമ്പ് സ്ഥിരം സന്ദർശകനായിരുന്നു. മാടമ്പിന്റെ അശ്വത്ഥാമാവ് സിനിമയായ കാലമായിരുന്നു. അതുകൊണ്ട് സിനിമാരംഗത്തെ പലരും ഞങ്ങളുടെ ഫ്ളാറ്റിൽ വന്ന് താമസിക്കാറുണ്ടായിരുന്നു. സംവിധായകനായാരുന്ന പവിത്രൻ, ചിത്രകാരനായിരുന്ന സി. എൻ.കരുണാകരൻ, സംവിധായകനായിരുന്ന ചന്ദ്രൻ തുടങ്ങിയ പലരും. മാടമ്പിന്റെ നാട്ടുകാരനായ നാരായണൻ എമ്പ്രാന്തിരിയായിരുന്നു ഞങ്ങളുടെ കുക്ക്.

എന്റെ വിവാഹാലോചന നടക്കുന്ന കാലം. ആ സമയത്ത് മഞ്ജുവിനെപ്പറ്റി ആദ്യം പറഞ്ഞത് കുഞ്ഞിക്കുട്ടേട്ടനാണ്. കൂടാതെ പുലിയന്നൂർ ഉണ്ണിയും അതിനെ സപ്പോർട്ട് ചെയ്തു. അങ്ങിനെയാണ് ഉണ്ണിയും ഞാനും കൂടി റായ്ഗഢിൽ പോയി മഞ്ജുവിനെ കണ്ടത്. വിവാഹത്തിന് രണ്ടുദിവസം മുമ്പുതന്നെ ഇല്ലത്ത് വന്ന് വിവാഹത്തിനു വേണ്ട എല്ലാ ശ്രമവും നടത്തിയിരുന്നു. വിവാഹ

ത്തിനുമുമ്പും പിന്നീടും പലപ്പോഴും മാടമ്പിൽ പോയി താമസിച്ചിട്ടുണ്ട്. അന്നെല്ലാം അവിടുത്തെ ഒരംഗത്തെപ്പോലെയാണ് എന്നെ കണക്കാക്കിയിരുന്നത്. രാത്രിമുഴുവൻ ശീട്ടുകളിയും തമാശപറച്ചിലും മറ്റുമായിരുന്നു. നാട്ടിൽ സ്ഥിരതാമസമാക്കിയശേഷം ഇടക്കൊക്കെ കുഞ്ഞിക്കുട്ടേട്ടനെ കാണാനായി മാടമ്പിൽ പോകും. ഞാൻ പട്ടാമ്പിയിൽ ഓഫീസുമായി ഇരിക്കുന്ന സമയം. ഏതോ സിനിമക്കു തിരക്കഥ എഴുതായി മാടമ്പ് പട്ടാമ്പിയിൽ ഒരു വീടെടുത്ത് താമസമാക്കി. മോഴികുന്നം ജയന്റെ വീട്ടിലായിരുന്നു എന്നാണ് ഓർമ്മ. ആ ദിവസങ്ങളിൽ വൈകുന്നേരങ്ങളിൽ എന്റെ ഓഫീസിൽ വന്ന് കുറച്ചുനേരം സംസാരിച്ച് തിരിച്ചുപോകും. അന്നാണ് എഴുതാനായി സ്വന്തമായ വീട് എന്ന ആശയം കഞ്ഞിക്കുട്ടേട്ടന്റെ മനസ്സിൽ വന്നത്.

ആരുടേയും ശല്യമില്ലാതെ എഴുതാനായി ഭാരതപ്പുഴയുടെ തീരത്ത് ഒരു വീട് നിർമ്മിക്കാൻ തീരുമാനിച്ചു. ഭാരതപ്പുഴയുടെ വടക്കെ കരയിൽ ദേശമംഗലത്തിനടുത്തു കൊണ്ടയൂർ എന്ന സ്ഥലത്ത് കുറച്ചു സ്ഥലം വാങ്ങി. ഒരു പ്ലാൻ ഉണ്ടാക്കാൻ എന്നോട് പറഞ്ഞു. സാധാരണ കാണാറുള്ള വീടുപോലെ ആകരുതെന്നും. അതനുസരിച്ച് എട്ടു വശങ്ങളുള്ള ഒരു നടുമുറ്റവും അതിനുചുറ്റും മുറികളുമായി ഒരു പ്ലാൻ തയ്യാറാക്കി. മുഴുവൻ ചുമതലകളും എന്നെയാണ് ഏൽപ്പിച്ചിരുന്നത്. ഞാൻ ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യം സൈറ്റിൽ പോയി നിർദ്ദേശങ്ങൾ കൊടുക്കും. പക്ഷെ പണി തുടങ്ങി കുറച്ചു കഴിഞ്ഞപ്പോഴാണ് ബാങ്കിൽ നിന്ന് കടം കിട്ടില്ലെന്നു മനസ്സിലായത്. സ്ഥലം രണ്ടു മക്കളുകളുടേയും കൂടി പേരിലായിരുന്നു. അത് ബാങ്കിന് സമ്മതമല്ല. അതോടെ പണികൾ നിർത്തിവെച്ചു. പണി മുഴുമിപ്പിക്കാൻ കഴിഞ്ഞുമില്ല. പണി തീരാത്ത വീട് പോലെ ഒട്ടനവധി കാര്യങ്ങൾ ബാക്കി വച്ചാണ് കുഞ്ഞുക്കുട്ടേട്ടന്റെ മടക്കം. ●

**കരങ്ങാട് രാമൻ ഭട്ടതിരിപ്പാട്**

**9846183939**








## മാടമ്പ് സിനിമാ നടനായത് ഇങ്ങനെ

**'സുകുമാരൻ വരാത്തതു നന്നായി. നമ്മുടെ ഇടയിൽ ത്തന്നെ ഉള്ള ഒരാളുടെ കൂടെ അഭിനയിക്കുന്നതു തന്നെയാ നന്നായത്.' _ഇട്ടിച്ചിരി പറഞ്ഞു. ഈ സുകുമാരൻ എന്നു പറയുന്നത് പൃത്ഥ്വിരാജിന്റെ അച്ഛനായ നടൻ സുകുമാരൻ**




# സുകുമാരൻ വരാത്തതിനാൽ

### തോട്ടുപുറം ശങ്കരൻ



മാടമ്പ്കുഞ്ഞുകുട്ടൻവിട പറഞ്ഞിട്ട് ദിവസങ്ങൾ പിന്നിട്ടു. ജീവിതയാത്രയുടെ അവസാനത്തെ ചുവടുവെക്കുന്നതിനു ഏതാനും ദിവസങ്ങൾക്കു മുമ്പ് തന്നെ അശ്വനിയിൽ അഭയം തേടിയിരുന്നതായി അറിഞ്ഞിരുന്നു. മനുഷ്യബന്ധങ്ങളെ നിയന്ത്രണങ്ങളാൽ വരിഞ്ഞു കെട്ടിയിട്ട കാലമായതു കൊണ്ട് ഒന്നു കാണാൻ അവസരം ലഭിച്ചില്ല.

ഞങ്ങൾ ഏകദേശം സമപ്രായക്കാരായിരുന്നു.ഞാൻ മാടമ്പ് എന്നു വിളിക്കും. മാടമ്പ് എന്നെ ശങ്കരേട്ടൻ എന്നും.മാടമ്പിന്റെ അശ്വത്ഥാമാവ് എന്ന നോവൽ സിനിമയാക്കുന്ന അവസരം മുതലാണ് ഞങ്ങൾ പരിചയപ്പെടുന്നത്. അതിനു മുൻപ് ആ തറവാടുമായി ഞങ്ങൾക്ക് ബന്ധമുണ്ടായിരുന്നു. എന്റെ അഛൻ പെങ്ങളുടെ മകളെ കുഞ്ഞുകുട്ടന്റെ അഫന്റെ മകൻ വേളി കഴിച്ചിട്ടുണ്ട്. എന്നാലും കുഞ്ഞുകുട്ടനുമായ ബന്ധത്തിന്റെ ആദ്യഇഴ കോർക്കുന്നത് സിനിമയാണ്.

ഇതും തികച്ചും അവിചാരിതമായിരുന്നു.എം എം ഫിലിംസ് (മോഹനൻ മുഹമ്മദ് ഫിലിംസ്) എന്ന ബാനറിലാണ് സിനിമ നിർമിക്കുന്നത്. സംവിധാനം കെ. ആർ.മോഹനൻ.നിർമ്മാണം പി.ടി കുഞ്ഞു മുഹമ്മദ്.

ഒരു നാൾ മോഹനനും പി.ടി യും മാടമ്പിനോടും മുല്ലനേഴിയോടുമൊന്നിച്ച് ഇല്ലത്ത് വന്നു. അച്ഛൻ അവരെ സ്വീകരിച്ചു. വന്ന ഉദ്ദേശം അറിയിച്ചു. മറ്റൊന്നുമല്ല അശ്വത്ഥാമാവ് സിനിമയിലേ നായിക ഇട്ടിച്ചിരിയായി അവർ കണ്ടത് എന്റെ സഹധർമ്മിണി വത്സലയെ ആണത്രേ. വത്സല മലയാളം വിദ്വാന് പഠിക്കുമ്പോൾ മാടമ്പിന്റെ വടക്കാഞ്ചേരിയിലെ ടൂട്ടോറിയൽകോളേജിൽ പഠിച്ചിട്ടുണ്ട്. അതുപോലെ ടീച്ചേർസ് ട്രെയിനിംഗിന് രാമവർമ്മ പുരത്തായിരുന്നു. അന്ന് മുല്ലനേഴി അവിടെ അദ്ധ്യാപകനുമായിരുന്നു.ഒരു കണക്കിൽ അവരുടെ മനസിൽ ഉദിച്ച ഇട്ടിച്ചിരി മാടമ്പിന്റെയും മുല്ലനേഴിയുടെയും അരുമശിഷ്യആയിരന്നു. ആ ഗുരുശിഷ്യബന്ധമാവാം ഈ അവസരത്തിന് ഹേതുവും. അന്ന്ക്ക് വത്സല അദ്ധ്യാപികയായി കഴിഞ്ഞിരന്നു. അച്ഛൻ അവരോടു പറഞ്ഞതും അതാണ്..'ഞങ്ങൾക്ക് വിരോധമൊന്നുമില്ല.സന്തോഷമയുള്ളൂ.എന്നാൽ സിനിമ അവരുടെ ജോലിക്ക് പ്രതിബന്ധമാകരുത്'

*സിനിമാ നടിയേയും കൂട്ടി ഞാൻ ഒരു നാൾ മാടമ്പിലേക്കു പുറപ്പെട്ടു.ഞങ്ങൾ ചെന്ന് പിറ്റെ ദിവസം മുതൽ തന്നെ ചിത്രീകരണം തുടങ്ങി. വന്നവരെ മുഴുവനും മാടമ്പ് കുടുംബാംഗങ്ങൾ സ്വീകരിച്ചു.മാടമ്പിന്റെ അച്ഛൻ എല്ലാറ്റിനും മാർഗദർശിയായി ഓടി നടന്നു. രവി മേനോൻ,കുത്തുള്ളിവത്സല തുടങ്ങിയവരുടെതായിരുന്നു ആദ്യം പകർത്തേണ്ടത്. ഏകദേശം ഒരു മാസത്തോളം അവിടെ ഷൂട്ടിംഗ് നടന്നു.*

അടുത്ത ലൊക്കേഷൻ മരാട്ടില്ലത്തായിരുന്നു. ഒരുദിവസം സന്ധ്യയോടടുത്ത് സെററടക്കം എല്ലാവരും അവിടെയെത്തി. പാണ്ടിക്കാടിനടുത്ത് ചെമ്മലശ്ശേരി എന്ന കൊച്ചുഗ്രാമത്തിലാണ് മരാട്ടുമന. പ്രധാന പാതയിൽ നിന്ന് തിരിഞ്ഞ് ഞങ്ങളുടെ വാഹനം കുറച്ചു നേരത്തെ യാത്രാനന്തരം ഒരു കൂറ്റൻ അരയാൽത്തറയും ചുറ്റിഗേററ് കടന്ന് വിശാലമായ ഒരു മുറ്റത്ത് എത്തിപ്പെട്ടു.

മുറ്റത്തിന്റെ ഒരുഭാഗത്ത്തലയെടുപ്പോടെ നിൽക്കുന്ന കൂറ്റൻ മാളിക .വിസ്താരമേറിയ പൂമുഖം. തൊട്ടടുത്തു തന്നെ പത്തായപ്പുര .ഇറയത്തു നിന്ന് നോക്കിയാൽ കാണാം നിറദീപങ്ങൾ തെളിഞ്ഞുകത്തുന്ന ശ്രീലകം.മഥട്ടെ ഗണപതി കുടികൊള്ളുന്ന പുണ്യസ്ഥലം.വിഘ്നേശ്വരാ രക്ഷിക്കണെ. നിറഞ്ഞ മനസ്സോടെ കൈകൂപ്പി.

അവിടം മുഴുവനും ആൾക്കാരുടെ ബഹളമാണ്. അവിടെയുള്ളവരും ബന്ധുക്കളും അടുത്തുള്ള നമ്പൂതിരിമാരും പൂമുഖത്തും പുറത്തളത്തിലും നാലിറയത്തും നാലു കെട്ടിലുമൊക്കെ ഉലാത്തുന്നവർ. അന്നത്തെ കാർണവരായിരുന്ന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ എല്ലാം കൃത്യതയോടെ നടക്കുന്നു. മൂത്ത പുത്രൻ വലിയേട്ടനാകട്ടെ എല്ലായിടത്തും ജ്വലിച്ച് നിന്നു.സുബ്രഹ്മണ്യനും ഗണപതിയും ഇതിലപ്പുറം മറ്റെന്താ വേണ്ടത്.

സംഘം സ്ഥലത്തെത്തിയിട്ട് ദിവസം രണ്ടാമത്തേതായി. എന്നാൽ ചിത്രീകരണമാണങ്കിലോ തുടങ്ങാൻ പറ്റിയിട്ടില്ല. എന്തോ പ്രശ്നമുണ്ടന്നല്ലാതെ വ്യക്തമായറിവില്ല. അക്കാലത്ത് മലയാള സിനിമാ നടന്മാരിൽ മുൻപന്തിയിലുള്ള സുകുമാരനാണ് നായകൻ.നായിക വിധുബാലയും. ഇവർക്കു പുറമേ വത്സല, മുല്ലനേഴിയുടെ ഭാര്യസാവിത്രി, എം.എസ് വലിയേട്ടൻ (മറവഞ്ചേരി നമ്പൂരി ) എന്നിവർ ചേർന്നുള്ള രംഗങ്ങളാണ്

ഇവിടെ വെച്ച് ഷൂട്ടിഗ് നടത്തേണ്ടത്.

മൂന്നാം ദിവസവും കഴിഞ്ഞു. സുകുമാരൻ എത്താതാണ് പ്രശ്നം.സുകുമാരനാണെങ്കിലോ മറ്റൊരു സിനിമയിലഭിനയിച്ചു കൊണ്ടിരിക്കുകയാണു പോലും. എന്നും വിളിക്കുമ്പോൾ നാളെ തീർച്ചയായും എത്തുമെന്ന് മറുപടി പറയും. എം.ടി യുടെ ബന്ധനം എന്ന സിനിമയുടെ ചിത്രീകരണത്തിലായിരുന്നു സുകുമാരൻ എന്നാണ് ഓർമ്മ. വലിയ ഒരു സംഘം മരാട്ടെത്തിയിട്ട് നാലാം ദിവസമായി എല്ലാവരുടേയും മുഖം മ്ലാനം പൂണ്ടിരിക്കുന്നു. മോഹനനാകട്ടെ പൂമുഖപ്പടിയിൽ തല ചായ്ച് ഇരിപ്പാണ്. സത്യം പറഞ്ഞാൽ ആ ഇരിപ്പ് കാണാൻ ആർക്കുമില്ല ത്രാണി. ഒരു ഒറ്റ ആളുടെ അഹംഭാവത്തിന്നിരയായവർ.

പുറത്തളത്തിലാണ് ഫോൺ. മുല്ലൻ ഫോൺ എടുത്ത് സംസാരം തുടങ്ങി. മറുതലക്കൽ പ്രശസ്ത നടൻ സുകുമാരൻ. മുല്ലനേഴിയാകട്ടെ ഇവിടുത്തെ അവസ്ഥയിൽ പൊട്ടിത്തെറിക്കുന്നു.'വേണ്ട ഇനി കാത്തിരിക്കാൻ പറ്റില്ല. താൻ വരണ്ട ആവശ്യമില്ല; ഞങ്ങൾ വേറെ ആളെ വെച്ച് ഷൂട്ടിഗ് തുടങ്ങുകയാണ്.'

ആർപ്പുവിളി ആഹ്ലാദം അലയടിക്കുന്നു. മുറ്റത്തു നിന്ന് പടക്കം പൊട്ടുന്ന ആരവം. അതാ ഒരു നടൻ പിറക്കുന്നു. പിന്നിട് മലയാള സിനിമ നടന്മാരുടെ കൂട്ടത്തിലെത്തിയ നടൻ മാടമ്പ് കുഞ്ഞുകുട്ടൻ എന്ന നടന്റെ പിറവി.കഥാകൃത്തു തന്നെ നായകനടനാകുക എന്ന മഹാഭാഗ്യമാണ് അശ്വഥാമാവ് എന്ന സിനിമയിലൂടെ മാടമ്പിന് കൈവന്നത്, ഇതിനിടയിൽ ഒന്നു രണ്ടു ബാലികമാർ തേച്ചുമിനക്കിയ ഓട്ടുരുളിയിൽ വിഘ്നേശ്വരന്റെ പ്രസാദം നെയ്യപ്പം എല്ലാവർക്കും വിതരണം ചെയ്യുന്നു .ഇതുവരെ ഉണ്ടായിരുന്ന അവസ്ഥ ഒട്ടാകെ മാറി. എല്ലാവരും റഡി ആവാം ഷൂട്ടിഗ് തുടങ്ങുകയാണ്.മുല്ലൻ അനൗൺസ് ചെയ്തു.

*അപ്പം തിന്നു കഴിഞ്ഞ ഞാൻ കോലായിൽ ചെന്ന് ശ്രീലങ്കത്തേക്ക് ഒന്നുനോക്കി. നിറഞ്ഞു നിൽക്കുന്ന ദീപങ്ങൾക്ക് നടുവിൽ ഒറ്റ കൊമ്പനെ ഒന്നു ദർശിച്ചു. വിഘ്നേശ്വര കാക്കണേ.ഞാൻ ഒന്നു കൂടി കൈകൂപ്പി.*

പിന്നീട് മാടമ്പ് പല സിനിമകൾക്ക് തിരക്കഥയെഴുതുകയും അവാർഡുകൾ കരസ്ഥമിക്കുകയും ചെയ്തു. ദേശാടനം, വടക്കു നാഥൻ, ആറാം തമ്പുരാൻ, തുടങ്ങി ഒട്ടനവധി സിനിമകളിൽശ്രദ്ധേയമായ റോളുകൾ ചെയ്തു.

ഇട്ടിച്ചിരിപറഞ്ഞ ഒരു വാചകം ഇവിടെ ഉദ്ധരിക്കാമെന്നു തോന്നുന്നു.'സുകുമാരൻവരാത്തതു നന്നായി. നമ്മുടെ ഇടയിൽത്തന്നെ ഉള്ള ഒരാളുടെ കൂടെ അഭിനയിക്കുന്നതു തന്നെയാ നന്നായത്.

മാടമ്പുമായി പ്രവർത്തിക്കുന്നത്.പിന്നീട് 82ൽ അടുക്കളയിൽ നിന്ന് അരങ്ങേക്ക് എന്ന നാടകാവതരണത്തിലാണ്. സംഗീത നാടക അക്കാദമിക്കു വേണ്ടിയായിരുന്നു നാടകം. മലയാളത്തിലെ മഹാനടൻ പ്രേംജി പ്രധാന റോൾ അഭിനയിക്കുകയും നാടകം സംവിധാനവുംനിർവ്വഹിക്കുകയും ചെയ്തു. നാടകത്തിൽ എനിക്കും ഒരു പങ്കുണ്ടായിരുന്നു. രാത്രി ഭക്ഷണം കഴിഞ്ഞുള്ള ചർച്ചയിലാണ് റിഹേർസലിനെ വിലയിരുത്തുക. മാടമ്പായിരുന്നു ചർച്ചയുടെ നേതാവ്. നടന്മാർക്കാവശ്യമായ നിർദ്ദേശം മാടമ്പിൽ നിന്നു ലഭിച്ചിരുന്നു അന്നൊക്കെ ഇവരിൽ നിന്നുലഭിച്ച അനുഗ്രഹം കൊണ്ടാവാം വർഷങ്ങൾക്കുശേഷം നാടകം വീണ്ടും നിരവധി വേദികളിൽ അവതരിപ്പിച്ചു.

ഇതിലെല്ലാം പ്രേംജി എടുത്തിരുന്ന വിളയൂർ അച്ഛൻ നമ്പൂതിരിയുടെ റോൾ അവതരിപ്പിക്കാൻ എനിക്കു ഭാഗ്യം ലഭിച്ചത് എന്നു വിശ്വസിക്കുന്നു. ഈ ഉറച്ച വിശ്വാസത്തിലാണ് മാടമ്പിനെ പറ്റി ഒന്ന് ഓർമ്മിക്കാൻ മുതിർന്നതും.എല്ലാവർക്കും എന്റെ കൂപ്പുകൈ ●

മാടമ്പിന്റെ സ്വന്തം
തോട്ടുപുറം ശങ്കരേട്ടൻ
മൊബൈൽ 9446430246



**ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഒരാളെ മാത്രമേ ഉണ്ണ്യമ്പൂരി എന്ന് പറഞ്ഞിട്ടുള്ളൂ. ചരിത്രത്തിലെ ആ അപൂർവ നിമിഷത്തെപ്പറ്റി ആ നമ്പൂതിരിയുടെ മകൻ പി. എൻ വിജയൻ എഴുതുന്നു**

**ദ്വിഭാഷിയായി അച്ഛനെ വിളിക്കാൻ നെഹറു പറഞ്ഞു:**

# ‘പ്ലീസ് കാൾ മിസ്റ്റർ ഉണ്ണ്യമ്പൂരി’

**പി.എൻ.വിജയൻ**



പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹറു 1955 ഡിസംബർ 27 ന് മലബാർ പര്യടനത്തിനെത്തി. അക്കാലത്ത് നെഹറുവിനെപ്പോലൊരു വി.വി.ഐ.പി ക്ക് താമസമൊരുക്കാൻ ഉചിതമായ ഇടം കുറവായിരുന്നു. നിലമ്പൂരിൽ കോവിലകം വക അതിഥിമന്ദിരത്തിലായിരുന്നു താമസം. താമസം മാത്രമല്ല ഭക്ഷണം, ഭാഷ തുടങ്ങിയവയും വിഷയമായിരുന്നു.

അതെന്തായാലും ഭാഷയുടെ കാര്യത്തിൽ ഉചിതമായ ഒരാളെ നെഹറു തന്നെ കണ്ടെത്തി. നെഹറു പറഞ്ഞുവത്രെ: ‘പ്ലീസ് കാൾ മിസ്റ്റർ ഉണ്ണ്യമ്പൂരി’.

അന്നത്തെ ആ ഉണ്ണി നമ്പൂതിരി എന്റെ അച്ഛനായിരുന്നു. പുളിക്കത്തൊടി ദാമോദരൻ നമ്പൂതിരിയുടെയും നടുവത്ത് മകൾ നങ്ങേലി അന്തർജനത്തിന്റെയും മകൻ

## ചരിത്രത്തിലെ നമ്പൂതിരി



*പുളിക്കത്തൊടി നാരായണൻ നമ്പൂതിരി എന്ന പി.എൻ.കരിക്കാട്.*




*നെഹറുവിനെ സ്വീകരിക്കാനായി വിതരണം ചെയ്ത ഒരു നോട്ടീസ്*

നാരായണൻ നമ്പൂതിരി എന്ന പി. എൻ.കരിക്കാട്.

നിലമ്പൂർ കോവിലകത്തു താമസിച്ചായിരുന്നു അച്ഛന്റെ സ്കൂൾ പഠനം. അങ്ങനെ കോവിലകവുമായി അടുത്ത ബന്ധമായി. പഠനത്തിനു ശേഷം നാല്പതുകളിൽ കോൺഗ്രസുകാരനായിരുന്നു. അപ്പോൾ മഞ്ചേരിയിലെത്തിയ രാജഗോപാലാചാരിയെ ഒരു സദസ്സിന് പരിചയപ്പെടുത്താൻ നിയോഗിക്കപ്പെട്ടതും അച്ഛനെയായിരുന്നു.



*പ്രധാനമന്ത്രി നെഹറു നിലമ്പൂർ കോവിലകത്ത് എത്തിയപ്പോൾ എടുത്ത ഗ്രൂപ്പ് ഫോട്ടോ. പിൻനിരയിൽ നാരായണൻ നമ്പൂതിരിയെയും കാണാം. (വൃത്തത്തിനുള്ളിൽ)*

പഠിക്കുന്ന കാലത്താണ് കമ്യൂണിസത്തിൽ ആകൃഷ്ടനായത്. ഏറനാട്ടിൽ പ്രസ്ഥാനം കെട്ടിപ്പടുത്ത ആദ്യകാല പ്രവത്തകരിൽ ഒരാളാണ്. ബന്ധുക്കളും സുഹൃത്തുക്കളും സഖാവേട്ടൻ, സഖാവമ്മാവൻ എന്നൊക്കെയാണ് വിളിച്ചിരുന്നത്. ഇ.എം.എസ്സിന്റെ അനുയായി ആയിട്ടായിരുന്നു പ്രവർത്തനം തുടങ്ങിയത്. അതോടൊപ്പം യോഗക്ഷേമസഭയിൽ വി.ടിയുടെ സഹപ്രവർത്തകനായി മാറുകയും ചെയ്തു. പിന്നെ, നമ്പൂതിരി മാത്രം നന്നായാൽ പോരാ എന്ന നിലപാടിൽ മുന്നോട്ടു പോവുകയും ചെയ്തു.

*അങ്ങനെയിരിക്കെയാണ് 1955 ഡിസംബർ 27ന് നെഹറു മലബാർ പര്യടനത്തിനെത്തിയത്. നിലമ്പൂരിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ദ്വിഭാഷിയായി കോവിലകത്തെ തമ്പാട്ടിമാരുടെ സഹായത്തിനെത്തി. പി.എൻ.നമ്പൂതിരിയെ തമ്പാട്ടിമാർ 'ഉണ്യമ്പൂരി' എന്നാണ് വിളിച്ചിരുന്നത്. അങ്ങനെ വിളിക്കുന്നതു കേട്ടാണ് നെഹറു പറഞ്ഞത്. 'പ്ലീസ് കാൾ മിസ്റ്റർ ഉണ്യമ്പൂരി'.*

അന്ന് നെഹറുവിന്റെ സംസാരം മുഴുവൻ മലയാളത്തിലാക്കിയതും കോവിലകം അംഗങ്ങങ്ങൾ പറയുന്നത് ഇംഗ്ളീഷിലേക്ക് മാറ്റിയതും അച്ഛനാണ്. കരിക്കാട്ടു കൂടെ നെഹറു പോവുമ്പോൾ കാണാനായി റോഡിൽ കാത്തു നിന്ന ഓർമ്മ ഇപ്പോഴുമുണ്ട്. അന്ന് എനിക്ക് അഞ്ചു വയസ്സായിരുന്നു.

കമ്യൂണിസ്റ്റായിത്തന്നെ തുടരുകയും പാർട്ടി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്ത അച്ഛൻ സ്വന്തം പഞ്ചായത്തായ തൃക്കലങ്ങോട് കരിക്കാട് വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായാണ് മത്സരിച്ചു വിജയിച്ചത്. 15 വർഷം പഞ്ചായത്ത് മെമ്പറായിരുന്നു. കലാസമിതി, വായനശാല, ബാലവാടി, മഹിളാസമാജം തുടങ്ങിയവയുടെ പരിപാടികളിലൊക്കെ പി.എന്റെ കയ്യൊപ്പ് കാണാം. കലാസമിതിയുടെ 'അടർക്കളം' എന്ന നാടകം ദസറപരിപാടികളുടെ ഭാഗമായി മൈസൂർ ടൗൺ ഹാളിൽപ്പോലും അവതരിപ്പിക്കുകയുണ്ടായി.

കൈതയ്ക്കൽ മനയിൽ നിന്നുള്ള ആദ്യവിവാഹത്തിലെ രാധയും കക്കാട്ടു നിന്നുള്ള രണ്ടാം വിവാഹത്തിലെ വിജയൻ, രാജൻ, പ്രകാശൻ എന്നിവരും ഉൾപ്പെടെ നാലു മക്കൾ. ശതാഭിഷിക്തനായ ശേഷം 1999 ൽ നിര്യാതനായി. ●

(പറഞ്ഞുകേട്ട വിവരങ്ങളനുസരിച്ച് തയ്യാറാക്കിയത് മകൻ പി.എൻ.വിജയൻ, **മൊബൈൽ: 9496304123**)






**അനിയൻ മാങ്ങോട്ട്രി**

# വാണിയമ്പലം

വാണിയമ്പലത്താണ് പട്ടേരിപ്പാടിന്നില്ലം;
രാവിലെ ഷൊർണ്ണൂരെത്തി,പണ്ഡിതൻ കവിവര്യൻ.
വ്യവഹാരങ്ങൾ തീർന്നൂ,പോകണം തിരിച്ചിനി,
വളരെ ക്ഷീണിച്ചല്ലോ ടിക്കറ്റൊന്നെടുക്കണം.
വരിയായ് ക്യൂവിൽ നിന്നൂ,തന്നുടെയൂഴം വന്നൂ
'ടിക്കറ്റ് തരൂ...ഹ്ഞെ...!ഛെ...!', മറന്നൂ എങ്ങോട്ടെന്ന്!

വാണിയമ്പലമെന്ന പേരൊന്ന് വരുന്നില്ല
നാവാകെപ്പരുങ്ങുന്നൂ,ജനങ്ങൾ പഴിക്കുന്നൂ
പെട്ടെന്ന് ലോഹ്യം കേട്ടൂ 'പട്ടേരിപ്പാടെങ്ങോട്ടാ...'?
'വാണിയമ്പലത്തേയ്ക്ക് തിരിച്ച് പൊവ്വാറായോ'?
'അമ്പമ്പ കിട്ടിപ്പോയീ...ടിക്കറ്റ് തരൂ വേഗം'
'വാണിയമ്പലത്തേയ്ക്ക്, നാട്ടിലേയ്ക്കായിത്തന്നേ..'

ഇതുപോലത്രേ മഹാൻ  ശാസ്ത്രജ്ഞ'നെഡിസ'ണും
ഒരിക്കൽ വഴിതെറ്റി ഭാര്യയെ ഫോൺ ചെയ്തത്രേ
'പറയൂ ഞാനെങ്ങോട്ടായിറങ്ങീ പ്രഭാതത്തിൽ,
എവിടെച്ചെന്നീടണം ഓർമ്മ കിട്ടുന്നേയില്ലാ!'

എത്രയോ ഫലിതങ്ങൾ!സൊറവട്ടങ്ങൾ!ഞങ്ങ-
ളെത്രയോ മാറിപ്പോയീ!പട്ടേരിയേട്ടൻ പോയീ!
വേണ്ടതൊന്നുമേ തന്നെ തോന്നാതായ് പഴേമട്ടിൽ,
കാലത്തിൻ തമാശകൾ ഞെട്ടുന്ന സത്യങ്ങളായ്!
കോടാനുകോടി വരും 'ന്യൂറോൺ'ചെപ്പുകൾക്കുള്ളിൽ
'വാണിയമ്പലം'പോലെ പലതുമൊളിക്കുന്നു.
ലോഹ്യം ചൊന്നോർമ്മിപ്പിക്കാൻ കൂട്ടുകാർ തൻ വാക്കുകൾ
കാത്തുകാത്തിരിപ്പതും മറ്റൊരു നിയോഗമായ് !●

*വാണിയമ്പലം: വാണിയുടെ അമ്പലം കൂടിയാണല്ലോ.*
*വാക്കിന്റെയും ഓർമ്മയുടെയും സരസ്വതീ ക്ഷേത്രം!*


*മാങ്ങോട്ട്രി നാരായണൻ നമ്പൂതിരിപ്പാട് എന്ന അനിയൻ മാങ്ങോട്ട്രി തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ ഡെപ്യൂട്ടി ഡയറക്ടർ ആണ്. മൊബൈൽ:*
***9496080045***





VASUDEVA VILASAM
caring since 1884
Rujjari
Extra Strong
Log on: www.vvmart.in / call 90480 75800
Pay online by Credit Card, Debit Card, Net Banking or Cash on Delivery
Vasudeva Vilasam Herbal Remedies P. Ltd.


ശ്രീധരൻ നമ്പൂതിരി & ശ്രീരേഖ.
25
Years
ANNIVERSARY
അന്നും ഇന്നും


കാസർഗോഡ് ജില്ല കൊടക്കാട് തിമിരി
അണലക്കാട് ഗോവിന്ദൻ നമ്പൂതിരി (അസിസ്റ്റന്റ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ,ജല അതോറിറ്റി,
കാസർഗോഡ്) ഡോക്ടർ ഗീത ദമ്പതിമാരുടെ
മകൻ ഹരികൃഷ്ണനും തളിപ്പറമ്പ് കുപ്പം
നന്ദനശ്ശേരി നാരായണൻ, പുഷ്പലത ദമ്പതിമാ
രുടെ മകൾ കൃഷ്ണപ്രിയയും 2021 ജൂൺ 2ന്
വരന്റെ ഗൃഹത്തിൽ വെച്ച് വിവാഹിതരായി.
കൃഷ്ണപ്രിയ
ഹരികൃഷ്ണൻ



താമരക്കുളം ശൈലജ അന്തർജനം,

**2005ലാണ് 25 ജോലിക്കാരെ വെച്ച് എസ്.എസ്.ഐ യൂനിറ്റ് തുടങ്ങിയത്. ഒരു ലക്ഷം പുസ്തകങ്ങളാണ് ആ കാലത്ത് നിർമ്മിച്ചത്. 2008 ൽ ഖാദി ബോർഡിന്റെ സഹായത്തോടെ രജിസ്ട്രേഷനെടുത്തു. സ്ത്രീ സംരംഭകയ്ക്കുള്ള 30% സബ്സിഡിയും ലഭിച്ചു. പ്രൊഡക്ഷൻ 6 ലക്ഷത്തിലുമെത്തി. പിന്നെ, തിരിഞ്ഞു നോക്കേണ്ടി വന്നില്ല.**

# അന്തർജനം ദ എന്റർപ്രണർ

കേരളത്തിൽ നോട്ടുബുക്കുകളുടെ കുത്തക കന്നംകുളത്തിനാണ്. നല്ല കോമ്പറ്റീഷനും. ഇവരോട് മത്സരിച്ച് 2005 മുതൽ നോട്ട് ബുക്ക് ബിസിനസിൽ സ്വന്തമായി ഇടം കണ്ടെത്തിയ ഒരു വനിത നമ്മുടെ ഇടയിലുണ്ട്. കോഴിക്കോട് മുക്കംഉപസഭയുടെ പ്രസിഡണ്ട്. താമരക്കുളത്തില്ലത്ത് ശൈലജ അന്തർജനം.

2005ലാണ് ഒരു കട്ടിംഗ് മെഷീൻ മാത്രം വാങ്ങി 25 ജോലിക്കാരെ വെച്ച് ഒരു എസ്.എസ്.ഐ യൂനിറ്റ് തുടങ്ങിയത്. പണികളെല്ലാം മാന്വലായി. ഒരു ലക്ഷം പുസ്തകങ്ങളാണ് ആ കാലത്ത് നിർമ്മിച്ചത്. 2008 ൽ ഖാദി ബോർഡിന്റെ സഹായത്തോടെ കാർത്തിക് നോട്ട് ബുക്ക് എന്ന പേരിൽ രജിസ്ട്രേഷനെടുത്തു. സ്ത്രീ സംരംഭകയ്ക്കുള്ള 30% സബ്സിഡിയും ലഭിച്ചു. പുസ്തകങ്ങളുടെ പ്രൊഡക്ഷൻ 6 ലക്ഷത്തിലുമെത്തി. പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല.

2014 ലാണ് യൂനിറ്റ് പൂർണമായും മെക്കനൈസ് ചെയ്തു. എഡ്ജ് സ്കയറിംഗ് മെഷീൻ, ക്ലിപ്പിംഗ് മെഷീൻ, പുതിയ കട്ടിംഗ് മെഷീൻ, സ്റ്റിച്ചിംഗ് മെഷീൻ എന്നിവ വാങ്ങി. ഇതിനും 5000 ചതുരശ്ര അടി പണിശാലക്കുമായി 25 ലക്ഷത്തോളം രൂപയും കണ്ടെത്തേണ്ടി വന്നു.

*മാർക്കറ്റിംഗും എക്കൌണ്ടിംഗും ഉടമസ്ഥ നേരിട്ടാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായാണ് ഇടപാടുകാർ. ഈ ജില്ലകളിലെല്ലാം മാർക്കറ്റിംഗിന്റെ ഭാഗമായി യാത്ര ചെയ്യും വേണം. ഓഫ് സീസണിൽ ശിവകാശിയിൽ നിന്നും പേപ്പർ വാങ്ങി സ്റ്റോക്ക് ചെയ്യണം. ചുരുങ്ങിയത് 16 ടൺ വാങ്ങണം വിലക്കുറവിന്. സീസണും ഓഫ് സീസണുമായി 40% വരെ പേപ്പറിന് വില വ്യത്യാസമുണ്ടാകാം. റൂൾ ചെയ്യേണ്ടത് മുൻകൂട്ടി ചെയ്യിച്ച് വെക്കണം.*

ആളുകളുടെ ആവശ്യമനുസരിച്ച് 60, 100, 144, 160, 176, 192, 240 പേജുകളിലായി ചെറിയ ബുക്കുകളും വലിയ കോളേജ് നോട്ട് ബുക്കുകളുമാണ് ഉണ്ടാക്കുന്നത്. ഡിമാൻറ് കോളേജ് നോട്ടുബുക്കിനു തന്നെ. അകത്തെ പേജുകൾ 57 മുതൽ 60 വരെ ജി.എസ്.എം ലും പുറംചട്ടകൾ 285 ജി എസ് എം ലുമാണ് അടിക്കാറ് . തിരുനെൽവേലി, ഈറോഡ് എന്നിവിടങ്ങളിൽ നിന്നാണ് പേപ്പർ വാങ്ങുന്നത്. കവർ അടിക്കുന്നത് ശിവകാശിയിൽ നിന്നും.

10000 ൽ കൂടുതലുള്ള പുസ്തകങ്ങളുടെ ഓർഡറുകൾക്ക് കസ്റ്റമർ തരുന്ന ഡിസൈനിൽ പുറംചട്ട അടിച്ചു കൊടുക്കും. സെപ്തമ്പർ മുതൽ ജൂൺ വരെയാണ് സീസൺ . മേയ് മാസമാകുമ്പോഴേക്കും സ്റ്റോക്ക് എല്ലാം വിറ്റഴിച്ചു പോകണം. എല്ലാറ്റിന്റേയും ചുക്കാൻ ശൈലജയുടെ കയ്യിൽ തന്നെ. ഭർത്താവ് ശങ്കരൻ നമ്പൂതിരിയുടേയും മക്കൾ പ്രണവ് പല്ലവി എന്നിവരുടേയും സപ്പോർട്ടാണ് തന്റെ വിജയത്തി നാധാരം എന്നാണ് ശൈലജയുടെ പക്ഷം. ഫാക്റ്ററിയിൽ നിന്നും നേരിട്ട് വാങ്ങുന്നവർക്ക് നല്ല ഡിസ്കൗണ്ടും കൊടുക്കാറുണ്ട്.

ഒരു വ്യാഴവട്ടം കഴിഞ്ഞില്ലേ, ബിസിനസ്സിന്റെ ഡൈവേഴ്സിഫിക്കേഷനിലാണ് ഇനി ഇവരുടെ ശ്രദ്ധ. യോഗക്ഷേമസംസ്ഥാന സമ്മേളനത്തിൽ വെച്ച് വനിതാ സംരംഭകക്കുള്ള അവാർഡ് നേടിയിട്ടുണ്ട്. ഇതു തന്നെയല്ലേ വനിതാ ശാക്തീകരണം.

ശൈലജ അന്തർജനം,
താമരക്കുളം ഇല്ലം, അശ്വതി,
മാമ്പറ്റമുക്കം പി ഒ, കോഴിക്കോട് പിൻ 673602
മൊബൈൽ: 9995628092




# നൊബേൽ സമ്മാന കമ്മിറ്റിയുടെ ക്ഷണം കിട്ടിയ ഭട്ടതിരിപ്പാട്

> ' രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹരായവരെ നിർദ്ദേശിയ്ക്കാനായി സ്വീഡിഷ് റോയൽ അക്കാദമി ഓഫ് സയൻസസിന് വേണ്ടി നൊബേൽ കമ്മിറ്റി അംഗങ്ങൾ താങ്കളെ ക്ഷണിയ്ക്കുന്നു. '

**ശ്രീഭ നാറാണിയാട്**



1984 സെപ്തംബർ മാസം. ഇന്റർ യൂണിവേഴ്സിറ്റി കൗൺസിൽ ഫോർ ഹയർ സ്റ്റഡീസ് ഇൻ മെഡിസിന്റെ പ്രതിനിധിയായി യൂണിവേഴ്സിറ്റി ഓഫ് നൈജീരിയയിലായിരുന്നു പ്രൊഫ. ഇ.പി. മാധവഭട്ടതിരി. സാമാന്യം നല്ല ജോലിത്തിരക്കിൽ. അതുകൊണ്ടു തന്നെ മേശപ്പുറത്ത് കൊണ്ടുവെച്ച ആ കത്തിന് വലിയ പരിഗണനയൊന്നും കൊടുത്തില്ല. അവികസിതരാജ്യങ്ങളിലെ മെഡിക്കൽ വിദ്യാഭ്യാസരംഗം വിപുലീകരിയ്ക്കുക എന്ന സുപ്രധാന ദൗത്യത്തിന്റെ അംബാസിഡറാണ്. ഗൗരവമേറിയ ദൈനംദിനചര്യകൾ.

ഇടവേളയിലെപ്പഴോ കത്തെടുത്തു തുറന്നു. സ്വീഡിഷ് റോയൽ അക്കാദമി ഓഫ് സയൻസസിന്റെ സീൽ. ഈശ്വരാ! നെഞ്ചിനകത്തൊരു മിന്നൽ. ലോകത്തെ ഏറ്റവും വിലയേറിയ നൊബേൽ അവാർഡിംഗ് ഇൻസ്റ്റിറ്റ്യൂഷന്റെ കത്ത് !! 1985 ലെ കെമിസ്ട്രി നൊബേൽ സമ്മാനക്കമ്മിറ്റിയുടെ നോമിനേറ്ററായുള്ള ക്ഷണം. ഏതൊരു ലോകോത്തര ശാസ്ത്രകാരനും കൊതിക്കുന്ന ഇൻവിറ്റേഷൻ. സാധാരണക്കാർക്ക് സ്വപ്നത്തിൽ പോലും ചിന്തിക്കാൻ പറ്റാത്ത ബഹുമതി.

## നവതി പിന്നിട്ടിട്ടും നമ്മൾ ഈ ഭട്ടതിരിപ്പാടിനെ അറിയാതെ പോയി

സ്വീഡിഷ് അക്കാദമി നോട്ടമിടണമെങ്കിൽ ഗംഭീരനായാൽ പോരാ; അതിഗംഭീരൻ തന്നെ ആവണം. സർ സി.വി.രാമന്റെ ശാസ്ത്രനൊബേൽ സമ്മാനം മാത്രം കൈമുതലായുള്ള ഇന്ത്യയുടെ തെക്കുപടിഞ്ഞാറേ അറ്റത്തുള്ള കൊച്ചുകേരളത്തിൽ ജനിച്ചു വളർന്ന ഒരു നമ്പൂതിരിയെ നൊബേൽ കമ്മിറ്റി തേടിവന്ന കഥതന്നെ അത്ഭുതം. ആ ലോകോത്തര നമ്പൂതിരി ശാസ്ത്രജ്ഞൻ നമുക്കിടയിലിപ്പോഴും അസാമാന്യപരിവേഷമേതുമില്ലാതെ നിർമ്മമനായി ഒതുങ്ങിക്കൂടുന്നു എന്നത് അതിലേറെ അത്ഭുതം.

അത്യതീവ രഹസ്യ സ്വഭാവം കാത്തുസൂക്ഷിയ്ക്കുന്ന സംഘടനയാണ് നൊബേൽ ഫൗണ്ടേഷൻ. അംഗങ്ങളെല്ലാവരും സ്വീഡിഷ് അ

ക്കാദമിയുമായി നോൺ ഡിസ്ക്ലോഷർ കരാറിലേർപ്പെടണം . ‘സഹധർമ്മശ്ചര്യതാം ’ എന്ന മന്ത്രം ചൊല്ലി കൈപിടിച്ച് 1959 ൽ കൂടെക്കൂട്ടിയ ജീവിതസഖി പോലും ഭർത്താവ് നൊബേൽ നോമിനേറ്ററായിരുന്നെന്ന വസ്തുതയറിഞ്ഞത് 25 വർഷങ്ങൾക്കിപ്പുറമത്രേ! അതും മറ്റൊരു മഹാവിസ്മയം!!

നോമിനേറ്ററായി പരിഗണിയ്ക്കപ്പെടാൻ അനിവാര്യമായ ഒന്നാണ് അസാമാന്യ മനോബലം എന്നു തെളിയാൻ ഇതിൽപ്പരം എന്തു വേണം ? ഈ ശാസ്ത്രപ്രതിഭ നോമിനേറ്റ് ചെയ്തത് എത്ര പേരെയാണ് ? അവർ ആരൊക്കെ? തുടങ്ങിയ കാര്യങ്ങളെല്ലാം ലോകമറിയാൻ ഇനിയും വർഷങ്ങൾ കാത്തിരിക്കണം. അതേക്കുറിച്ചുള്ള ചോദ്യങ്ങൾക്കെല്ലാം സ്വതസിദ്ധമായ പുഞ്ചിരിയോടെ നിശ്ശബ്ദനാവുന്നു ഈ ശാസ്ത്രകാരൻ.

**നൊബേൽ സംഘടനയുടെ ആധികാരിക വെബ് സൈറ്റിൽ 1968 വരെയുള്ള നോമിനേഷൻ അനുബന്ധ വിവരങ്ങളാണിപ്പോഴുള്ളത്. നോമിനേഷൻ കഴിഞ്ഞ് 50 വർഷങ്ങൾക്കു ശേഷമേ പ്രധാന വിവരങ്ങൾ സംഘടന പുറത്തുവിടൂ.1985 ലെ നോമിനേറ്ററായ പ്രൊഫ. ഭട്ടതിരി ആ ഡേറ്റാബേസിൽ ഇടം പിടിക്കാൻ 2035 കഴിയണം. അത്രമേൽ സ്വാധീനശക്തിയുള്ള പദവിയായതിനാലത്രേ വിശദാംശങ്ങൾ രഹസ്യാത്മകമാക്കുന്നത്.**

വർഷാവർഷം ലോകരാഷ്ട്രങ്ങളിലെ പ്രഗത്ഭമതികളായ അക്കാദമീഷ്യൻമാർ, ശാസ്ത്രജ്ഞൻമാർ, മുൻ നൊബേൽ ജേതാക്കൾ, പാർലിമെന്റേറിയൻമാർ തുടങ്ങിയവർക്കാണ് ആ വർഷത്തെ നൊബേൽ പുരസ്കാരത്തിന് യോഗ്യരായവരെ നിർദ്ദേശിയ്ക്കാനുള്ള സ്വീഡിഷ് അക്കാദമിയുടെ ഇൻവിറ്റേഷൻ ലഭിക്കുന്നത്.

ഈ ക്ഷണിതാക്കൾ അക്കാദമിയുടെ ചോദ്യാവലികളെയെല്ലാം നിഷ്പക്ഷവും വ്യക്തവുമായി അഭിമുഖീകരിച്ചിട്ടുണ്ട് എന്ന് ബോധ്യമാവുന്ന പക്ഷം മാത്രമേ ഇവരുടെ നോമിനിമാരെ നൊബേൽ സമ്മാനത്തിന് പരിഗണിയ്ക്കുകയുള്ളൂ. നൊബേൽ പ്രൈസ് നോമിനേറ്റർ എന്ന മഹിതമായ പദവിയലങ്കരിച്ച മറ്റൊരു മലയാളിയുണ്ടോ എന്നു പോലും സംശയമാണ്. നൊബേൽ കമ്മിറ്റിയെപ്പോലെയുള്ള വിശ്രുതസംഘടനകൾ ഈ ചെങ്ങന്നൂർകാരനെ ശ്രദ്ധിയ്ക്കാൻ കാരണമെന്തെന്നറിയണമെങ്കിൽ അദ്ദേഹം പിന്നിട്ട വഴികളെക്കുറിച്ചറിയണം.

ചെങ്ങന്നൂരിനടുത്തുള്ള വാഴാർമംഗലം ഇടവൂർ മഠത്തിലെ ഭവാനീപരമേശ്വരൻമാരുടെ എട്ടു മക്കളിലൊരുവനായി 1927 ഒക്ടോബർ 22 ന് ജനനം. ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ നിന്ന് 1946ൽ സ്കൂൾ പഠനം പൂർത്തിയാക്കി. ഇ.എസ്.എൽ.സിക്ക് ഫസ്റ്റ് ക്ലാസ് ഉണ്ടായതിനാൽ തലസ്ഥാനത്തെ പ്രശസ്തമായ യൂണിവേഴ്സിറ്റി കോളെജിൽ തന്നെ ഇന്റർമീഡിയറ്റിന് അഡ്മിഷൻ കിട്ടി. കോളെജ് ഹോസ്റ്റലിൽ താമസിച്ചായിരുന്നു പഠനം. അച്ഛൻ ഏറ്റുമാനൂരമ്പലത്തിലെ പ്രതാപിയായ ‘സമുദായം’ ആയിരുന്നു. അമ്മയാകട്ടെ സമ്പൽ സമൃദ്ധമായ ഊരുപണ്ടാരത്തിലെ അംഗവും. ഹോസ്റ്റൽ ഫീസ് എന്നിട്ടും സമയനിബദ്ധമായി അടയ്ക്കാൻ സാധിച്ചിരുന്നില്ല. സ്കോളർഷിപ്പ് ഉണ്ടായിരുന്നതുകൊണ്ട് കോളെജ് ഫീസ് ഒരു ഭാരമായിരുന്നില്ല. ബി.എസ്.സിയ്ക്ക് ഫുൾ ഫീ കൺസെഷനോടെയായിരുന്നു പഠനം.

പ്രൊഫ. സുരേന്ദ്രനാഥ്, പ്രൊഫ. എ എൻ പോറ്റി, പ്രൊഫ. ഗോപാലരാമൻ തുടങ്ങിയ പ്രഗത്ഭമതികൾ അക്കാലത്ത് കോളെജ് രസതന്ത്ര വിഭാഗത്തിലെ അധ്യാപകർ. പ്രൊഫ. ഗുപ്തൻ നായർ, പ്രൊഫ. എൻ കൃഷ്ണ പിള്ള തുടങ്ങിയ മഹാപണ്ഡിതരായിരുന്ന ഭാഷാധ്യാപകർ. ഇന്ത്യയുടെ ആദ്യത്തെ ആണവ വിസ്ഫോടന പരീക്ഷണത്തിൽ പ്രമുഖ പങ്ക് വഹിച്ച ഭാഭാ ആറ്റോമിക് റിസേർച്ച് സെന്റർ ഡയറക്ടറും ആണവോർജ കമ്മീഷൻ ചെയർമാനുമായിരുന്ന പത്മഭൂഷൺ പി.കെ.അയ്യങ്കാറിനോടൊപ്പം ഒരേ ബഞ്ചിലിരുന്ന സഹപാഠി.

ബിരുദകാലത്ത് ബയോ കെമിസ്ട്രിയുടെ അനന്തസാധ്യതകളറിഞ്ഞപ്പോൾത്തന്നെ പി.ജിയ്ക്ക് ആ വിഷയം ഐച്ഛികവിഷയമായെടുക്കണം എന്നു മോഹിച്ചിരുന്നു. അന്ന് ഇന്ത്യയിലൊരിടത്തും ജൈവരസതന്ത്രത്തിന് പഠനസാധ്യതകളില്ല. ഭാഗ്യവശാൽ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ ആ വർഷം ആദ്യമായി എം.എസ്.സി. ബയോകെമിസ്ട്രി തുടങ്ങി. ആകെ 8 സീറ്റുകൾ മാത്രം. ബി.എസ്.സിയ്ക്ക് നേടിയ ഉന്നത വിജയത്തിന്റെ പിൻബലത്തോടെ നിഷ്പ്രയാസം അഡ്മിഷൻ നേടി. കേരളത്തിൽ നിന്ന് പ്രവേശനം നേടുന്ന ഒരേയൊരു വിദ്യാർത്ഥി.

എം.എസ്.സി. ഗോൾഡ് മെഡലോടെ പാസായപ്പോൾ പ്രൊഫ. എം.സി.നാഥ് റിസേർച്ച് സ്കോളർഷിപ്പോടെ തന്റെ ഗവേഷക വിദ്യാർത്ഥിയാക്കി. ‘ഇൻവെസ്റ്റിഗേഷൻസ് ഇൻ എക്സ്പിരിമെന്റൽ അലോക്സൻ ഡയബറ്റീസ്’ എന്നതായിരുന്നു ഗവേഷണ പ്രമേയം. ഡയബറ്റീസ് എന്ന ലൈഫ് സ്റ്റൈൽ രോഗം അക്കാലത്ത് അധികം പഠനവിധേയമായിട്ടുണ്ടായിരുന്നില്ല. തീസിസ് ഇവാല്യുവേഷൻ ചെയ്ത മൂന്നു പേരിൽ ഒരാൾ 1947 ലെ നൊബേൽ പുരസ്കൃതനായ ലോകപ്രശസ്ത ശാസ്ത്രജ്ഞൻ ഡോ. ബർണാഡോ ആൽബർട്ടോ ഹുസേ ആയിരുന്നു. നാഗ്പൂർ യൂണിവേഴ്സിറ്റി 1961 ൽ ഒരുക്കിയ കോൺവൊക്കേഷനിൽ ഡോക്ടറേറ്റ് സമ്മാനിച്ചത് ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറൽ സി. രാജഗോപാലാചാരിയും.



SWEDISH ROYAL ACADEMY OF SCIENCES
NOBEL COMMITTEE FOR CHEMISTRY

STRICTLY CONFIDENTIAL

Professor E.P.K. Bhattathiry
Esukka

On behalf of the Swedish Royal Academy of Sciences we, as members of the Nobel Committee for Chemistry, have the honour of inviting you to submit proposals for the award of

The Nobel prize for Chemistry for 1985.

According to the Rules of the Nobel Foundation the discovery or improvement should be indicated for which the award is proposed and full reasons given for the suggestion. Work done in the past may be selected for the award only on the supposition that its significance has until recently not been fully appreciated.

A summary of the regulations governing awards is appended as well as a form which may be used for the proposal of candidate(s).

Proposals, which should be addressed to The Nobel Committee for Chemistry, Sturegatan 14, S-114 36 Stockholm, Sweden, cannot be considered unless received by the Committee not later than 31 January 1985.

Stockholm, September 1984.

2021-4-21 08:

## ക്ഷണപത്രത്തിൽ ഇങ്ങനെ

1985 ലെ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹരായവരെ നിർദ്ദേശിയ്ക്കാനായി സ്വീഡിഷ് റോയൽ അക്കാദമി ഓഫ് സയൻസസിന് വേണ്ടി രസതന്ത്രത്തിനായുള്ള നൊബേൽ കമ്മിറ്റി അംഗങ്ങൾ താങ്കളെ ക്ഷണിയ്ക്കുന്നു. നൊബേൽ ഫൗണ്ടേഷന്റെ നിയമാവലി പ്രകാരം പുരസ്കാരത്തിനുതകുന്ന കണ്ടെത്തലുകളുടെ സൂചനയ്ക്കൊപ്പം നിർദ്ദേശത്തെ സംബന്ധിയ്ക്കുന്ന പൂർണ്ണ വിവരങ്ങളും നൽകേണ്ടതാണ്. മുൻ കാലങ്ങളിലെ ശാസ്ത്രപ്രവർത്തനങ്ങളെയും അവാർഡിനായി നിർദ്ദേശിയ്ക്കാവുന്നതാണ്; അവയുടെ പ്രാധാന്യം അടുത്തകാലം വരെ പൂർണ്ണമായി അംഗീകരിയ്ക്കപ്പെട്ടിട്ടില്ല എന്നു കരുതുന്ന പക്ഷം മാത്രം. നൊബേൽ പുരസ്കാരത്തെ അധികരിയ്ക്കുന്ന കീഴ്വഴക്കങ്ങളുടെ സംഗ്രഹവും പുരസ്കാരാർത്ഥിയെ നിർദ്ദേശിയ്ക്കുന്നതിനായുള്ള ഫോമും ഇതോടൊപ്പം അയയ്ക്കുന്നു. അയയ്ക്കുന്ന നിർദ്ദേശങ്ങൾ 1985 ജനുവരി 31 ന് മുമ്പായി കമ്മിറ്റിക്ക് ലഭിച്ചില്ലെങ്കിൽ പരിഗണിയ്ക്കുന്നതല്ല.

നാഗ്പൂരിൽ ഗവേഷകനായിരിക്കവേ 'ഇന്ത്യൻ ശാസ്ത്രസാങ്കേതിക ഗവേഷണശാലകളുടെ പിതാവ്' എന്നറിയപ്പെടുന്ന സർ ശാന്തി സ്വരൂപ് ഭട്നഗറിനെപ്പോലുള്ളവരുമായി അടുത്തിടപെടാൻ കഴിഞ്ഞു. സി. എസ്. ഐ. ആർ (കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ച്) പ്രഥമ ഡയറക്ടർ ജനറലും യു.ജി.സി പ്രഥമ ചെയർമാനുമായ ഭട്നഗറിന്റെ സ്മരണാർത്ഥം ഇന്ത്യൻ ശാസ്ത്ര സാങ്കേതിക രംഗത്തെ അഗ്രഗണ്യർക്ക് നൽകുന്ന അവാർഡാണ് പ്രശസ്തമായ ഭട്നഗർ അവാർഡ്. വൈറ്റമിൻ സി കണ്ടുപിടിച്ച അമേരിക്കൻ ശാസ്ത്രജ്ഞനായ പ്രൊഫ. കിങ്ങിനെ പരിചയപ്പെടുന്നതും നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ വെച്ചു തന്നെ.

ഗവേഷണാനന്തരം യൂണിവേഴ്സിറ്റിയിലെ പി.ജി ട്യൂട്ടറായും കുറച്ചു കാലം സേവനമനുഷ്ഠിച്ചു.പിന്നീടാണ് വി.പി. ചെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജൂനിയർ സയന്റിഫിക് ഓഫീസറായി ദില്ലിയിലെത്തുന്നത്. റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫ്ളാറ്റിൽ താമസമാക്കിക്കൊണ്ടു തന്നെ അതി സങ്കീർണമായ പല ജൈവ പരീക്ഷണങ്ങളിലും മുഴുകി. അത്യന്തം അപായകരമായ ട്യൂബർകുലോസിസ് അണുക്കളിലായിരുന്നു പ്രധാന ഗവേഷണ നിരീക്ഷണങ്ങൾ. സശ്രദ്ധം മുൻ കരുതലുകളോടെ ചെയ്യേണ്ട പരീക്ഷണങ്ങളാകയാൽ മാസം തോറുമുള്ള ശാരീരിക വൈദ്യ പരിശോധനകളും കണിശമായിരുന്നു. ഡൽഹിയിലെ പറ്റാവുന്ന സയൻസ് കോൺഫറൻസുകൾക്കെല്ലാം സന്നിഹിതനാവുമായിരുന്നു. തത്ഫലമായി ലോകമെമ്പാടുമുള്ള പല ശാസ്ത്രജ്ഞരുമായും സമ്പർക്കത്തിലായി. ഡയബറ്റീസ് സംബന്ധികളായ ചില ഗവേഷണ പ്രബന്ധങ്ങൾ ലോകത്തിലെ നമ്പർ വൺ ശാസ്ത്രജേണലായ നേച്ചറിൽ പ്രസിദ്ധീകരിച്ചതോടെ ശാസ്ത്രലോകം ഈ മലയാളിയെ ശ്രദ്ധിക്കാനും തുടങ്ങി.

1959ൽ പട്ടേൽ ചെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്യോഗസ്ഥനായിരിക്കുമ്പോൾ അഴൂർ മാന്താനത്തെ വാസുദേവൻ പോറ്റിയുടെ മകൾ മാലതിയെ വേൾക്കുന്നത്. വിവാഹത്തിന് മുമ്പേ തന്നെ ന്യൂയോർക്ക് ആസ്ഥാനമായുള്ള റോക്ക് ഫെല്ലർ ഫൗണ്ടേഷന്റെ ഫെല്ലോഷിപ്പിന് അപേക്ഷിച്ചിരുന്നു. ഫെല്ലോഷിപ്പ് അനുവദിച്ചിട്ടും പട്ടേൽ ചെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് ഭട്ടതിരിയെ വിടാൻ താല്പര്യമുണ്ടായിരുന്നില്ല. ഒരു വർഷം കഴിഞ്ഞ് തിരിച്ചു വരാമെന്ന കരാറിലാണ് ഡയറക്ടറുടെ സമ്മതം കിട്ടിയത്. അങ്ങനെ 1960 സെപ്തംബർ മൂന്നിന് ന്യൂയോർക്കിലേക്ക് .



*നാഗ്പൂരിൽ ഗവേഷകനായിരിക്കവേ പരീക്ഷണശാലയിൽ*

**അറുപത് വർഷങ്ങൾക്കു മുമ്പുള്ള ആ വിദേശ യാത്രയും സംഭവ ബഹുലമായിരുന്നു. കേരളത്തിൽ നിന്ന് 17 ദിവസങ്ങൾ കൊണ്ട് ന്യൂയോർക്കിലേക്ക് . ഇന്നാണെങ്കിൽ കേവലം അത്രയും മണിക്കൂർ കൊണ്ട് എത്തപ്പെടാവുന്നത്. ആദ്യ വിദേശയാത്രയുടെ ത്രിൽ ഭട്ടതിരിയുടെ വാക്കുകളിലിന്നും സ്ഫുരിക്കുന്നുണ്ട്.**

'അന്നൊരു ഓണ ദിവസമായിരുന്നു. അതിരാവിലെത്തന്നെ ഇല്ലത്തുനിന്നു പുറപ്പെട്ടു. അക്കാലത്ത് കേരളത്തിൽ നിന്ന് യു.എസിലേയ്ക്കുള്ള യാത്ര അസാധാരണമായതിനാൽ യാത്രയാക്കാൻ ധാരാളം പേരുണ്ടായിരുന്നു. പത്നിയും ആറുമാസം മാത്രം പ്രായമായ പുത്രി മാധുരിയും കൂടെയുണ്ട്. പമ്പാനദി കടക്കാൻ തോണി. അച്ഛനും സഹോദരങ്ങളും തോണിയെ അനുഗമിച്ചു. പിന്നീട് കൊച്ചി വരെ സുഹൃത്തിന്റെ കാറിൽ. കൊച്ചിയിൽ നിന്ന് കപ്പലിൽ ഇറ്റയിലെ പ്രധാന നഗരമായ ജെനോവയിലേക്ക്. ആദ്യത്തെ കപ്പൽയാത്ര .

അറബിക്കടലിലെ ഏറ്റവും വലിയ യാത്രാക്കപ്പലായ ഏഴു നിലയുള്ള എം.വി. ആസ്ട്രേലിയയിൽ. ധാരാളം മുറികളും കളിസ്ഥലവും. 750 യാത്രക്കാരും 250 കപ്പൽജോലിക്കാരും. സെപ്തംബർ മൂന്നിന് രാത്രി എട്ടു മണിക്ക് പുറപ്പെട്ടു. ടൂറിസ്റ്റ് എ ക്ലാസ് മുറിയിലായിരുന്നു യാത്ര. എട്ടാം തിയതി ഏഡൻ പോർട്ടിൽ. പിന്നീട് ചെങ്കടലിലൂടെ സ്യൂയസ് കനാൽ ഗ്രേറ്റ് ബിറ്റർ ലേയ്ക്കിലേക്ക് പ്രവേശിച്ചു. പന്ത്രണ്ടാം തിയതി രാത്രിയോടെ സെയ്ദ് പോർട്ടിലെത്തിയപ്പോൾ കരയിലിറങ്ങി അവിടുത്തെ കാഴ്ചകൾ കണ്ടു. സെപ്തംബർ 15 ന് അവിടുന്ന് പുറപ്പെട്ടു നേപ്പിൾസിലെത്തി. ശേഷം റോം കടന്ന് പതിനേഴാം തിയതി ജെനോവയിലെത്തി. ജെനോവയിൽ നിന്നുള്ള യാത്ര ട്രെയിനിലായിരുന്നു. അഞ്ചു മൈലോളമെങ്കിലും നീളം വരുന്ന തുരങ്കങ്ങളിലൂടെ സഞ്ചരിച്ചു ഫ്രാൻസിലെത്തി. വീണ്ടും കപ്പലിൽ കയറിയുള്ള യാത്ര. ലോകത്തിലെ വലിയ വിമാനത്താവളങ്ങളിലൊന്നായ ലണ്ടനിലെ ഹീത്രൂവിൽ നിന്ന് വിമാന മാർഗ്ഗം സെപ്തംബർ 20 ന് രാവിലെ 9 മണിക്ക് ന്യൂയോർക്കിലെത്തി ഗ്രേയ്റ്റ് നോർത്തേൺ ഹോട്ടലിൽ ചെക്കിൻ ചെയ്തു വിശ്രമിച്ചു'.

പിറ്റേന്നു തന്നെ ന്യൂയോർക്ക്



*നവതിആഘോഷ വേളയിൽ കടുംബാംഗങ്ങളുമൊത്ത്*

കൊളംബിയ യൂണിവേഴ്സിറ്റിയിലെ ഡോ.സി.ജി.കിങ്ങിനെ സന്ദർശിച്ചു. നാഗ്പൂരിൽ ഗവേഷണവിദ്യാർത്ഥിയായിരിക്കേ പരിചയപ്പെട്ട ശാസ്ത്രജ്ഞനാണ്. ഭട്ടതിരിയുടെ ഗവേഷണതൃഷ്ണയോടുള്ള മതിപ്പ് അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ പ്രകടമായിരുന്നു. രണ്ടു ദിവസത്തിന് ശേഷമാണ് പോസ്റ്റ് ഡോക്ടറൽ പ്രവർത്തനങ്ങൾക്കായി ഡാലസിലുള്ള യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ് സൗത്ത് വെസ്റ്റേൺ മെഡിക്കൽ സ്കൂളിലെത്തിയത്. ബൈൽ ആസിഡ് മെറ്റാബോളിസത്തെക്കുറിച്ചായിരുന്നു അവിടെ നടത്തിയ പഠനം. ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റർനാഷണൽ മെഡിസിലെ ഡോ. വിൽസന്റെ ശുപാർശയിൽ ഭട്ടതിരിക്ക് കുടുംബസമേതം പാർക്കുവാൻ ഒരു ഫ്ളാറ്റും ഒരുങ്ങിയിരുന്നു.

ഒരു കൊല്ലമായതോടെ ദില്ലി ചെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ലീവ് ദീർഘിപ്പിക്കാനാവില്ല എന്ന മുന്നറിയിപ്പു വന്നു. എന്നാൽ ഇന്ത്യയിലേക്ക് തിരിയ്ക്കും മുമ്പേ തന്നെ കനേഡിയൻ ഗവൺമെന്റിന്റെ എൻ.ആർ. സി. (നാഷണൽ റിസേർച്ച് കൗൺസിൽ) പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് ലഭിച്ചു. അങ്ങനെ 1962 ഓഗസ്റ്റ് 20 ന് ഗവേഷണാർത്ഥം കുടുംബസമേതം കാനഡയിലേക്ക് തിരിച്ചു. കാനഡയിലെ ഉന്നത ഗവേഷണ കാലത്ത് വിശ്രുത ശാസ്ത്രജ്ഞനായ ചാൾസ് എച്ച്. ബെസ്റ്റിനോടൊപ്പം റിസേർച്ച് ലാബിൽ പ്രവർത്തിയ്ക്കാനായത് ഒരു അപൂർവ്വഭാഗ്യമായി കരുതുന്നു ഭട്ടതിരി. ഇൻസുലിൻ കണ്ടുപിടിയ്ക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ശാസ്ത്രജ്ഞനാണ് ചാൾസ് ബെസ്റ്റ്.

പാൻക്രിയാസിലെ ബീറ്റാ കോശങ്ങളുടെ ഇൻസുലിൻ ഉത്പാദനം ഭട്ടതിരിക്ക് പരിചയപ്പെടുത്തിയതും അദ്ദേഹമാണ്. ആയിടയ്ക്കാണ് ലണ്ടൻ ആസ്ഥാനമായുള്ള ഇന്റർ യൂണിവേഴ്സിറ്റി കൗൺസിൽ ഫോർ ഹയർ സ്റ്റഡീസ് ഇൻ മെഡിസിൻ മലേഷ്യയിൽ മെഡിക്കൽ സ്കൂൾ സ്ഥാപിച്ച് ബയോ കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് രൂപീകരിയ്ക്കുന്നതിനായി ക്ഷണിയ്ക്കുന്നത്. കൂട്ടത്തിൽ ഗവേഷണ പ്രവർത്തനങ്ങളും ചെയ്യാം. അങ്ങനെ 1964 തുടക്കത്തിൽ മലേഷ്യയിലെത്തി.

1964 മെയ് മാസത്തിൽ തന്നെ മെഡിക്കൽ കോളെജ് പ്രവർത്തനമാരംഭിച്ചു. ആദ്യ ക്ലാസ് നയിച്ചത് പ്രൊഫ. ഭട്ടതിരി തന്നെയായിരുന്നു. ആദ്യമായി മലേഷ്യയിൽ സ്ഥാപിതമായ മെഡിക്കൽ കോളെജ്. പഠിപ്പിയ്ക്കാനുള്ള സിലബസ് തയ്യാറാക്കൽ, ലാബ് ക്രമീകരിയ്ക്കൽ തുടങ്ങി മുഖ്യപരിപാടികളുടെയെല്ലാം നേതൃത്വം ഭട്ടതിരിയ്ക്കായിരുന്നു. അവിടുത്തെ ബയോ കെമിസ്ട്രി വിഭാഗം വികസിപ്പിച്ചെ



പത്നിയുമൊത്ത്

**ഡയബറ്റീസ് സംബന്ധികളായ ചില പ്രബന്ധങ്ങൾ ലോകത്തിലെ നമ്പർ വൺ ശാസ്ത്രജേണലായ നേച്ചറിൽ പ്രസിദ്ധീകരിച്ചതോടെ ശാസ്ത്രലോകം ഈ മലയാളിയെ ശ്രദ്ധിക്കാനും തുടങ്ങി.കാനഡയിലെ ഉന്നത ഗവേഷണ കാലത്ത് വിശ്രുത ശാസ്ത്രജ്ഞനായ ചാൾസ് എച്ച്. ബെസ്റ്റിനോടൊപ്പം റിസേർച്ച് ലാബിൽ പ്രവർത്തിയ്ക്കാനായത് ഒരു അപൂർവ്വഭാഗ്യമായി. ഇൻസുലിൻ കണ്ടുപിടിയ്ക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ശാസ്ത്രജ്ഞനാണ് ചാൾസ് ബെസ്റ്റ്.**

ടുത്ത് വകുപ്പുമേധാവിയായി. 1971 വരെയായിരുന്നു മലേഷ്യൻ ജീവിതം. ഇതിനിടയിടയിൽ ബാംഗ്ലൂർ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ അസി. പ്രൊഫസറായി ക്ഷണം ലഭിച്ചെങ്കിലും ഭട്ടതിരി തെരഞ്ഞെടുത്തത് അവികസിത രാജ്യമായ എത്യോപ്യയിലെ അഡീസ് അബാബ മെഡിക്കൽ കോളെജിന്റെ പ്രൊഫസർ ഉദ്യോഗം ആയിരുന്നു. അങ്ങനെ 1971 ൽ പുതിയൊരു കർമ്മമണ്ഡലമായ എത്യോപ്യയിലേക്ക്.

1971 മുതൽ 1973 വരെയായിരുന്നു എത്യോപ്യൻ കർമ്മകാണ്ഡം. അഡീസ് അബാബയിലെ ഹെയ്‌ലി സലാസി യൂണിവേഴ്സിറ്റിയിൽ ജൈവരസതന്ത്ര വകുപ്പ് സ്ഥാപിച്ച് മൂന്നു വർഷങ്ങളിലും എം.ബി.ബി.എസ് ബാച്ചിനെ ഒറ്റയാനായി ബയോകെമിസ്ട്രി പഠിപ്പിച്ചു. വിശ്രമരഹിതമായിരുന്നു ജീവിതം. ഊണ് ( ചോറ് ) കണി കാണാൻ പോലും കിട്ടാത്ത വിഷമം ന്യൂട്രീഷണൽ സയൻസിലെ ഗവേഷണപഠനങ്ങളിലൂടെ തീർത്തു. ഇക്കാലത്ത് ഭട്ടതിരിയുടെ പല പ്രബന്ധങ്ങളും ഹൈ ഇംപാക്ട് ഫാക്ടറുള്ള മെഡിക്കൽ ജേർണലുകളിൽ പ്രസിദ്ധീകരിച്ചു വന്നു.

ബനിൻ മെഡിക്കൽ കോളെജിലേക്ക് ക്ഷണം കിട്ടിയെങ്കിലും നൈജീരിയയിൽ മെഡിക്കൽ വിദ്യാഭ്യാസം തുടക്കം കുറിക്കുന്നതിനായി അങ്ങോട്ട് യാത്ര തിരിച്ചു.1986 വരെ പല രാഷ്ട്രങ്ങളുടേയും ക്ഷണം സ്വീകരിച്ച് അവിടങ്ങളിലെല്ലാം (വിശിഷ്യാ അവികസിത രാജ്യങ്ങളിൽ ) മെഡിക്കൽ വിദ്യാഭ്യാസം പ്രചരിപ്പിയ്ക്കാൻ ഓടിനടന്ന ഭട്ടതിരിയിൽ കോമൺവെൽത്ത്, യുണൈറ്റഡ് നേഷൻസ്, റോയൽ സ്വീഡിഷ് അക്കാദമി തുടങ്ങിയ ലോകോത്തര സംഘടനകളെല്ലാം കണ്ണുനട്ടിരുന്നു എന്നതിന്റെ തെളിവാണ് അന്താരാഷ്ട്രഖ്യാതിയുള്ള വിവിധ ശാസ്ത്ര സംഘടനകളിലെ വിശിഷ്ടാംഗത്വവും ശേഷം കൈവന്ന നൊബേൽ നോമിനേറ്റർ പദവിയുമെല്ലാം.

ലൈഫ് ഫെല്ലോ ഓഫ് റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി (ലണ്ടൻ), ലൈഫ് ഫെല്ലോ ഓഫ് ന്യൂയോർക്ക് അക്കാദമി ഓഫ് സയൻസ്, ലൈഫ് ഫെല്ലോ ഓഫ് മലേഷ്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിസ്ട്രി, ലൈഫ് മെമ്പർ ഓഫ് ബയോളജിക്കൽ കെമിസ്ട്രി (ലണ്ടൻ), ചാർട്ടേർഡ് കെമിസ്റ്റ് (ലണ്ടൻ) , ചാർട്ടേർഡ് ബയോളജിസ്റ്റ് (ലണ്ടൻ) തുടങ്ങിയവ ഏതാനും വിശിഷ്ടാംഗത്വങ്ങൾ മാത്രം.

ഇപ്പോൾ 94 ന്റെ നിറവിലാണ്. നയന്റിഫോർ ഇയേഴ്സ് ഓൾഡ് അല്ല; നയന്റിഫോർ ഇയേഴ്സ് യങ്ങ് ഒൺലി. അഞ്ചു മണിയ്ക്കു മുമ്പേ ഉണർന്ന് കുളിയും തേവാരവും. അത് കഴിഞ്ഞാൽ പഠിയ്ക്കാനിരിയ്ക്കണം എന്ന അച്ഛന്റെ നിർബ്ബന്ധം ഇന്നും പാലിക്കുന്നു, വായനയിലൂടെ. പട്ടിണി കിടന്നും പഠിയ്ക്കണമെന്നായിരുന്നു അച്ഛന്റെ സ്ഥിരം പല്ലവി. സാമ്പ്രദായിക വിദ്യാഭ്യാസമില്ലെങ്കിലും അമ്മയും ധാരാളം വായിയ്ക്കുകയും എഴുതുകയും ചെയ്യുമായിരുന്നു.

ആഹാരം മിതമായി മാത്രം. ചൈനയൊഴികെയുള്ള ലോക രാഷ്ട്രങ്ങളിലെല്ലാം സഞ്ചരിച്ചു വന്നിട്ടും സസ്യാഹാരമല്ലാതെ ഒന്നും തൊട്ടിട്ടില്ല. ശാസ്ത്ര ജീവിതത്തിന്റെ വഴിയിൽ പഠിച്ചും കണ്ടും പരീക്ഷിച്ചുമറിഞ്ഞ പാഠങ്ങളെല്ലാം ഇപ്പോഴും ജീവിതത്തിൽ പകർത്തുന്നു. നെല്ലരിയ്ക്കു പകരം ഗോതമ്പു കഴിച്ചാൽ പ്രമേഹം മാറില്ലെന്നും വെളിച്ചെണ്ണ കൊളസ്ട്രോളുണ്ടാക്കില്ലെന്നും ഉറക്കെപ്പറയുന്നു ഇവയെപ്പറ്റിയെല്ലാം ആധികാരികമായി പഠിച്ച ഈ ശാസ്ത്രജ്ഞൻ. വെളിച്ചെണ്ണയല്ലാതെ മറ്റൊരു എണ്ണയും ഇതുവരെ ഉപയോഗിച്ചിട്ടുമില്ല.

ഭട്ടതിരിയുടെ വാക്കുകൾ തന്നെ കടമെടുത്തു പറയട്ടെ.'ശരീരത്തിന് പല പ്രകാരത്തിലും ഉപകാരപ്രദമായ സംയുക്തമാണ് കൊളസ്ട്രോൾ. അതിന്റെ അളവിൽ ഒരു മിതത്വം വേണമെന്ന് മാത്രം. ആവശ്യത്തിലധികം ഭക്ഷണം ആർക്കും നന്നല്ല. അത് ഇൻസുലിൻ ഉത്പാദനവും അതിന്റെ കോശങ്ങളിലേക്കുള്ള പ്രവേശനവും ഊർജ്ജിതമാക്കും. ആവശ്യത്തിലധികമായ ഊർജ്ജത്തെ കൊഴുപ്പാക്കി ശരീരം സംഭരിയ്ക്കും. ഇത് രോഗങ്ങളെ ക്ഷണിച്ചു വരുത്തും. സൊ, ഈറ്റ് ഒൺലി ഫോർ യുവർ നീഡ്, നോട്ട് ഫോർ യുവർ ഗ്രീഡ് '

ഇപ്പോഴും ശാസ്ത്ര ഗ്രന്ഥങ്ങൾ മനസ്സിരുത്തി വായിയ്ക്കുന്ന അതേ തൃഷ്ണയോടെ ഭട്ടതിരി ആധ്യാത്മിക ഗ്രന്ഥങ്ങളും വായിയ്ക്കുന്നു. സന്ധ്യാവന്ദനം മുടക്കിയിട്ടേയില്ല. അടുത്തകാലം വരെ മല ചവിട്ടി അയ്യപ്പ സന്നിധിയിലെത്തുമായിരുന്നു. ശബരിമല തന്ത്രി കുടുംബമായ താഴമൺ മഠത്തിലേയ്ക്കാണ് അച്ഛൻപെങ്ങളെ കൊടുത്തിരിയ്ക്കുന്നത്. ഒരിയ്ക്കൽ ശബരിമല ശ്രീകോവിലിൽ കയറി പൂജ ചെയ്തതും നെയ്യഭിഷേകമാടിയതും ഓർമ്മയിൽ മായാതെയുണ്ട്. നവതിയോടനുബന്ധിച്ച് ഈ വിശ്രുത ജൈവരസതന്ത്രജ്ഞന്റെ ജീവിത കഥ 'പമ്പാ തടത്തിലെ ശാസ്ത്രസൂര്യൻ' എന്ന പേരിൽ പുസ്തകമായി.

ജ്യോതിഷപ്രകാരം ഒരു മനുഷ്യായുസ്സ് 120 വർഷമെന്നാണല്ലോ. അതേ, നവതി കഴിഞ്ഞ ഭട്ടതിരി ഇപ്പോഴും യൗവ്വനത്തിലാണ്. അരോഗദൃഢമായ മനസ്സും മേനിയും. മങ്ങലൊട്ടു മേൽക്കാത്ത ഓർമ്മയും ബുദ്ധിയും. കൃതാർത്ഥതയോടെ സ്വസ്ഥമായി അനന്തപുരിയിലെ ശാസ്തമംഗലത്തിനടുത്ത് സ്വാതി നഗറിൽ വിശ്രമ ജീവിതം. ഇപ്പോഴും തരം കിട്ടിയാൽ കാറെടുത്തൊന്നു ഡ്രൈവ് ചെയ്യും. വാഹനക്കമ്പക്കാരനായ അച്ഛനെപ്പേടിച്ച് വണ്ടിയുടെ കീ ഒളിപ്പിച്ചു വയ്ക്കുമെന്നു മകൾ പറയുന്നതു കേൾക്കേ ഭട്ടതിരി കണ്ണിറുക്കി ചിരിച്ചു. ശാസ്ത്രസൂര്യന്റെ കുസൃതിച്ചിരിയിൽ ആയിരം രശ്മികൾ ചിതറി. ' ഈ രശ്മികളുതിർക്കുന്ന മനസ്സിന്നെങ്ങു വാർധകം ' എന്ന വിഷ്ണു നാരായണൻ നമ്പൂതിരിയുടെ വരികളാണ് അപ്പോൾ മനസ്സിൽ തെളിഞ്ഞത്.●

ശ്രീദ നാറാണിയാട്
മൊബൈൽ 9447276760

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക



വാർഷിക
വരിസംഖ്യ
200 രൂപ

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

ചെക്ക് /ഡ്രാഫ്ട്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ താഴെ കാണിച്ച മേൽവിലാസത്തിൽ അയക്കുക.

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാനമന്ദിരം,കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

സ്വസ്തി സംബന്ധിച്ച അന്വേഷണങ്ങൾക്ക്

| | |
|---|---|
| രചനകളും ഉള്ളടക്കവും | 9400992823 |
| സ്വസ്തിയിൽ പരസ്യം ചെയ്യാൻ | 9745137987 |
| സ്വസ്തി കിട്ടാത്തത് സംബന്ധിച്ച് | 9495369337 |
| തുക അടച്ചത് അറിയിക്കാൻ | 9447332611 |

വരിസംഖ്യ /പരസ്യം തുക അടക്കാൻ :

G Pay

**Net Banking**

| | |
|---|---|
| Name of A/c: | Yogakshema sabha Kozhikode Dt. Committee |
| Bank: | DhanalkshmiBank |
| Branch: | Chevarambalam |
| A/c No. | 013303800000664 |
| IFSC | DLXB0000133 |

Missed call
9895621493

# ശ്രദ്ധാഞ്ജലികൾ



പി എം ആര്യൻ (കുഞ്ഞുണ്ണി) നമ്പൂതിരി (മരണം 02.08.1974)
S/O നാരായണൻ സോമയാജിപ്പാട്
പി എം ലീല (നങ്ങേലി) അന്തർജ്ജനം (മരണം 16.01.2013)
D/O തെക്കുംപറമ്പ് വാസുദേവൻ നമ്പൂതിരി
പാവുട്ടി മന, ശ്രീകൃഷ്ണപുരം പോസ്റ്റ്, പാലക്കാട്–679513

**മക്കൾ:** യശ: ശ്രീദേവി പുരുഷോത്തമൻ പഴേടം, ചേർപ്പ് , നാരായണൻ പാവുട്ടി (റിട്ട. അസി. എസ്റ്റേറ്റ് സുപ്രണ്ട്, റബ്ബർ ബോർഡ്) സഹധർമ്മിണി ഉഷാ രാമൻ പയ്യപ്പിള്ളി (റിട്ട. എക്സിക്യൂട്ടീവ് ഓഫീസർ, എം.ഡി.സി. ബേങ്ക്) യശ: വാസുദേവൻ പാവുട്ടി (ഹുബ്ളി) സഹധർമ്മിണി ശ്രീദേവി നീലലോഹിതൻ ഉറിയംമഠം (കീർത്തി പേപ്പേഴ്സ്, ഹുബ്ളി, കർണ്ണാടക) ,യശ: കൃഷ്ണൻ പാവുട്ടി , ആര്യാദേവി ശങ്കരനാരായണൻ വയയ്ക്കാക്കര മന (ഡൽഹി)

**പൗത്രർ**: മിനിരാമൻ ആലക്കാട്ടൂർ , ശ്രീകുമാർ ചേർപ്പ് പഴേടം, പത്നി സുധ കീഴില്ലം, മകൾ ശ്രീനിധി , കൃഷ്ണകുമാർ പാവുട്ടി (ചാർട്ടേഡ് അക്കൗണ്ടന്റ് ) പത്നി ശ്രീലക്ഷ്മി വാസുദേവൻ സൂര്യകാലടി, മകൾ ദ്യുതി , ഡോ.രാംകുമാർ പാവുട്ടി (അസോ. പ്രൊഫസർ, എഞ്ചിനീയറിങ് കോളേജ്, പെരിന്തൽമണ്ണ) , ആര്യേഷ് വാസുദേവൻ പാവുട്ടി (എഞ്ചിനീയർ ചെന്നൈ) , രോഷ്ണി വാസുദേവൻ പാവുട്ടി (ഒളട വിദ്യാർത്ഥിനി ) ,ദീപക് വയയ്ക്കാക്കര, പത്നി അമൃത ചെറുകുളപ്പുറം, ശ്രീമതി ദിവ്യ അഭിജിത് വടക്കില്ലം.

### സിനിമയിൽ അങ്ങനെ ഒരാൾ ഉണ്ടായി വരികയാണെങ്കിൽ

# ഞാൻ വിളിക്കും,ട്ടോ.

## മോഹൻലാൽ ആരതിയെ വിളിച്ചു പറഞ്ഞത്



**നമുക്കിടയിലുള്ള ഒരില്ലത്തെ കുട്ടിയെ മോഹൻലാൽ സിനിമയിലേക്ക് ക്ഷണിച്ചു. കാടാമ്പുഴ പടിഞ്ഞാറ്റീരി ഇല്ലത്തെ സതീശന്റെ മകൾ ആരതിയെ. അറിയാം ആ കഥ**

കെ.എം.എസ് ഭട്ടതിരിപ്പാട്



ഫോൺ അടിക്കുന്നു. ആരതി ഫോണെടുത്തു. ഫോണിലൂടെ ചിരിച്ചു കൊണ്ടുള്ള ശബ്ദം.

നമസ്കാരം ഞാൻ മോഹൻമോഹലാണ്. മലയാളത്തിന്റെ മഹാനടൻ മോഹൻലാലാണ് വിളിക്കുന്നത്. കാടാമ്പുഴയിലെ പടിഞ്ഞാറ്റീരി ഇല്ലത്തെ ആരതിയെ. ചെറിയൊരു ഷോർട്ട് ഫിലിമിൽ ആദ്യമായി അഭിനയിച്ചതിനാണ് ഈ വിളി. നവാഗതക്ക് കിട്ടിയ ഓസ്കാർ. നമുക്ക് ആ സംസാരം കേൾക്കാം.

*ആരതി:* മനസ്സിലായി സാർ, നമസ്കാരം.

*മോഹൻലാൽ:* ഹ ഹ ഹ.. എന്താണെത്ര രസായിട്ടാ അഭിനയിച്ചിരിക്കുന്നത്.



സോ....മച്ച്. വളരെ സന്തോഷം വിളിച്ചതിന്.

*മോഹൻലാൽ:* ഞാനിപ്പോ പ്രിയദർശന് കാണിച്ചു കൊടുത്തു. ഞാനും പ്രിയനും ഇവിടെ ഇരിക്കാണ്. ഞാൻ പറഞ്ഞു, ആ കുട്ടി എന്താ എത്ര ഭംഗിയായിട്ടാണ് അഭിനയിച്ചത്. ഒരുപാട് സന്തോഷം.

*ആരതി:* അയ്യോ, ഒരുപാട് സന്തോഷം സർ. അയ്യോ സാറ് വിളിച്ചു പറയാന്നൊക്കെ പറഞ്ഞാൽ, അയ്യോ നിക്കും ഭയങ്കര സന്തോഷായി. (ചിരി).

*മോഹൻലാൽ:* ഒരു മിനിറ്റ്. ഞാൻ പ്രിയന് കൊടുക്കാം.

പ്രിയദർശൻ: മനോാാ....ഹരമായിട്ടാണ് ചെയ്തത്.

*ആരതി:* അയ്യോ താങ്ക് യൂ സേർ സോ....മച്ച്.

*പ്രിയദർശൻ:* ലാൽ പറഞ്ഞു. ഫസ്റ്റ് ടൈമായിട്ടാണ് ചെയ്യുന്നതെന്ന്.

ആരതി: അതേ അതേ, ഫസ്റ്റ് ടൈമാണ് ചെയ്യുന്നത്.

*പ്രിയദർശൻ:* അപ്പോ, നല്ല കള്ളത്തരമറിയാം.

*ആരതി:* അയ്യോ (ചിരിക്കുന്നു).

*പ്രിയദർശൻ:* (ചിരി) അതൊരു കോംപ്ലിമെന്റായിട്ടു വെച്ചോളൂട്ടോ.

(രണ്ടു പേരും ചിരിക്കുന്നു).

*ആരതി:* ആയ്ക്കോട്ടെ.

*പ്രിയദർശൻ:* ശരി (ചിരി).

*ആരതി:* ഒരുപാട് സന്തോഷം.

*മോഹൻലാൽ:* ഒരുപാട് സന്തോഷം. ഉണ്ണീടെ. ഇവിടെ ഉണ്ണീടെ ആരാണ്.

*ആരതി:* ഫാമിലി ഫ്രണ്ടാണ്. ഇവിടെ അച്ഛനൊക്കെയായിട്ട് വളരെ അടുപ്പാണ്.

*മോഹൻലാൽ:* കാടാമ്പുഴയല്ലേ വീട്. കാടാമ്പുഴയടുത്ത്.

*ആരതി:* അതേ, അമ്പലത്തിന്റെ അടുത്താണ്.

മോഹൻലാൽ: എന്താ ചെയ്യുന്നത്

*ആരതി:* ഞാൻ എൽ.എൽ.ബി. സെക്കന്റ് ഇയറാണ്.

*മോഹൻലാൽ:* അയ്യോ.

*ആരതി:* (ചിരി).

*മോഹൻലാൽ:* എവിടെ?

*ആരതി:* തഞ്ചാവൂരാണ്.

*മോഹൻലാൽ:* (അത്ഭുതം) തഞ്ചാവൂരോ?

*ആരതി:* അതേ, തഞ്ചാവൂര്.

*മോഹൻലാൽ:* തമിഴ് നല്ലാ തെരിയുമാ?

*ആരതി:* കൊഞ്ചം കൊഞ്ചം പേശമുടിയും.

*മോഹൻലാൽ:* (ചിരി) ഒരുപാട് സന്തോഷം. ഒരുപാട് പ്രാർത്ഥന. ഒരുപാട് സ്നേഹം.ട്ടോ.

*ആരതി:* അയ്യോ. താങ്ക് യൂ സോമച്ച്. വിളിച്ചതിന്, വളരെ സന്തോഷായി. ഞാൻ വളരെ എക്സൈറ്റഡാണ്. സർ.

*മോഹൻലാൽ:* നമുക്കെപ്പോഴെങ്കിലും ഒരു സിനിമയില് അങ്ങനെ ഒരാളുണ്ടായി വരികയാണെങ്കില് ഞാൻ വിളിക്കും. ട്ടോ.

*ആരതി:* (ചിരി) ആയ്ക്കോട്ടെ താങ്ക് യൂ വെരിമച്ച്.

*മോഹൻലാൽ:* ഓക്കെ. ആൾദ ബസ്റ്റ്.

ചില മഹാന്മാരങ്ങനെയാണ്. അവർ വന്ന വഴി മറക്കില്ല. തന്നെ താനാക്കിയ കഴിവും അനുഭവസമ്പത്തും മറ്റ് നവാഗതരെ കൈപിടിച്ചുയർത്താൻ മടിയില്ലാതെ ഉപയോഗിക്കും.

മോഹൻലാൽ അത്തരമൊരു ആർട്ടിസ്റ്റാണ്. ഒരു നാട്ടുമ്പുറത്തുകാരി വിദ്യാർത്ഥിനി ആദ്യമായി ഒരു സ്കിറ്റിലഭിനയിച്ചു കണ്ടപ്പോൾ ഉടനെ അവളുടെ ഫോൺ നമ്പർ തേടിപ്പിടിച്ചു. വിളിച്ചഭിനന്ദിച്ചു. അവിടെയും നിൽക്കാതെ, തന്റെ സുഹൃത്തായ സംവിധായക ചക്രവർത്തി പ്രിയദർശനെ പരിചയപ്പെടുത്തി. പ്രിയൻ ക്യാമറക്കു മുന്നിൽ കൊണ്ടുവന്ന നടന്മാർ പ്രസിദ്ധിയുടെ പടവുകൾ ഏറെ കേറിയിട്ടുണ്ട്. ഇവിടെ പ്രിയദർശനും ആരതിയെ അതിമനോഹരമെന്നനുമോദിക്കാനിടയാക്കി. പിന്നീട് മോഹൻലാലിൽ നിന്ന് ആരും മോഹിക്കുന്ന ഒരു ഓഫറും!

എപ്പോഴെങ്കിലും ഒരു സിനിമയിൽ അങ്ങനെ ഒരാളുണ്ടായിവരുന്നെങ്കിൽ ഞാൻ വിളിക്കും. ട്ടോ. ആ 'ട്ടൊ'യിലെ സ്നേഹവും അടുപ്പവും ശ്രേഷ്ഠനായ ഒരു മഹാനുഭാവനിൽ നിന്നേ വരൂ. പിന്നീട് മഞ്ജു വാരിയരുടെ ആശംസയും വന്നു. 'മഞ്ജു വാരിയരാണ്. വീഡിയോ കണ്ടു. വളരെ നന്നായിട്ടുണ്ട്. ആൾദ ബസ്റ്റ്.'

പത്രക്കാരും ചാനൽക്കാരും ആരതിയെ തേടിയെത്തി. നാന തുടങ്ങിയ പ്രസിദ്ധീകരണങ്ങളും സമയവും സ്പേസും ആരതിയെ കൊണ്ടാടാനുപയോഗിച്ചു.

കാടാമ്പുഴക്കടുത്ത് മാറാക്കര ഗ്രാ



മത്തിൽ പടിഞ്ഞാറ്റീരി ഇല്ലത്ത് ജനിച്ച ആരതിക്ക് അഭിനയത്തിൽ മുൻപരിചയമോ, പാരമ്പര്യമോ ഇല്ല. അദമ്യമായ വാസന ഉണ്ടെങ്കിലും ഇതുവരെ അവസരങ്ങളൊന്നും ലഭിച്ചിരുന്നില്ല. പക്ഷേ, ഈ കന്നിപ്രകടനം ശ്രദ്ധിച്ചാൽ തഴക്കവും പഴക്കവും വേണ്ടത്ര നേടിയ ഒരഭിനേത്രിയുടെ ശരീരഭാഷയും അഭിനയ മികവും ഉണ്ടായിരുന്നു.

ചെറുപ്പത്തിൽ നൃത്തത്തിലായിരുന്നു ശിക്ഷണം. തന്നുള്ളിൽ ഉറങ്ങിക്കിടന്നിരുന്ന ഈ വരദാനത്തിന്റെ ഗരിമ ഇപ്പോഴാണ് ലോകമറിയുന്നത്.

സംഭാഷണത്തിനിടെ ഞാൻ ചോദിച്ചു. 'ആരതിയിൽ നിന്നു ഹൂറിയിലേക്കുള്ള കൂടുമാറ്റം വിഷമിപ്പിച്ചോ?'

'ഏയ് തീരെയില്ല. ചെറുപ്പം മുതൽ അടുത്തുള്ള മുസ്ലീം പെൺകുട്ടികളുമായി ഇടപഴകാറുള്ളതുകൊണ്ട് ഒട്ടും വിഷമം തോന്നിയില്ല.'

'അമ്മുവിന് (അങ്ങനെയാണ് വിളിക്കുക) അഭിനയത്തിലിത്ര കഴിവുണ്ടെന്നറിയാമായിരുന്നോ?'

'ഇല്ലേയില്ല. ഷൂട്ടിങ്ങ് കഴിഞ്ഞപ്പോ നന്നായി ചെയ്തെന്നു തോന്നി.'

'ഓരോ ഘട്ടത്തിലും വിനോദേട്ടൻ (വിനോദ് കോവൂർ) സൂക്ഷ്മമായി നിരീക്ഷിക്കുകയും നിർദ്ദേശങ്ങൾ തരലും പതിവുണ്ട്. ചെറിയ ചെറിയ കാര്യങ്ങളിൽ പോലും അദ്ദേഹത്തിന്റെ ശുഷ്കാന്തി എടുത്തുപറയണം. കോംപ്രമൈസ് ചെയ്യുന്ന സ്വഭാവമില്ല.'

*രാജകുമാരിയെ കാണാൻ സ്കാൻ ചെയ്യൂ*

രാജകുമാരിയുടെ സ്ക്രിപ്റ്റ് തയ്യാറാക്കിയത് സേതുമാധവനാണ്. അദ്ദേഹം ഇവരുടെ സുഹൃത്തും അയൽവാസിയുമാണ്. അങ്ങനെയാണ് അദ്ദേഹം നൃത്തനൈപുണ്യമുള്ള ആരതിയെ വിനോദിന് പരിചയപ്പെടുത്തിയത്. പിന്നീടെല്ലാം ചരിത്രം. വൈക്കം മുഹമ്മദ് ബഷീറിന്റെ വിഖ്യാത നോവലായ ബാല്യകാലസഖിയിലെ നായികയാണ് സുഹറ. സുഹറയാവാൻ പറ്റിയ ഒരാളെ തേടി നടക്കുമ്പോഴാണ് ആരതിയിലത്തിയത്. എഴുത്തുകാരനായ സേതുമാധവന്റെ ഉള്ളിലുള്ള സുഹറയെ ആരതിയിലൂടെ വാർത്തെടുക്കാൻ വിനോദിനുമായി.

'പൊതുവെ ഷൂട്ടിംഗ് അനുഭവം?'

'ഓരോ സീനിലും അഷ്റഫ് ചേട്ടന്റെ (ഫോട്ടോഗ്രാഫർ) പെർഫക്ഷനു വേണ്ടിയുള്ള ശ്രദ്ധ അപാരമാണ്. വിട്ടുവീഴ്ചയില്ല. ആത്മവിശ്വാസം തരുന്നതാണവരുടെ പെരുമാറ്റം. നന്ദിയുണ്ട് എല്ലാവരോടും.'

അങ്ങനെയാണ് ബേപ്പൂർ സുൽത്താന്റെ ഈ അനശ്വര പ്രണയ കഥ വിനോദ്, സേതു, ആരതി, അഷ്റഫ് ടീമിന്റെ പരിശ്രമത്തിലൂടെ പ്രേക്ഷക ഹൃദയത്തിലേക്ക് ചേക്കേറിയത്.

അച്ഛൻ സതീശൻ കോട്ടക്കൽ ആര്യവൈദ്യശാല മുൻജീവനക്കാരനാണ്.അമ്മ പ്രീത മാറാക്കര ഹയർസെക്കൻഡറി സ്കൂൾ അധ്യാപികയാണ്. സഹോദരൻ അഭിനവ് പ്ളസ് ടു വിദ്യാർത്ഥിയാണ്.എടപ്പാളിനടുത്ത് തലമുണ്ട മൂത്തേടമാണ് അമ്മാത്ത്.

ആരതിക്ക് ശോഭനമായ ഒരു ഭാവി ഈ രംഗത്തുണ്ടാവട്ടെയെന്ന് പ്രാർത്ഥിക്കാം.


കെ.എം.എസ് ഭട്ടതിരിപ്പാട്,
ഗുരുപവൻ,കാവനാട്ട്, കോട്ടപ്പടി,
കോട്ടക്കൽ,പിൻ:676503 ,മലപ്പുറം ജില്ല
മൊബൈൽ:9744999300


# ഒറ്റമുറിക്കടയിൽ നിന്ന് സൂപ്പർ മാർക്കറ്റിലേക്ക്

## മേലാറ്റൂർ നമ്പൂതിരീസ് ഹോം അപ്ലയൻസസിൽ നിന്ന് പഠിക്കാനുണ്ട് പാഠം




**1984** മാർച്ച് മാസത്തിലാണ് ആരംഭം. വെറും നൂറ് ചതുരശ്രഅടിയിൽ ഒരൊറ്റമുറി. സ്വയംതൊഴിൽ പദ്ധതിയുടെ ഗുണഭോക്താവായി 25000/- രൂപ വായ്പയിൽ. ചെറിയൊരു പാത്രക്കട. സ്റ്റീൽ, അലുമിനിയം പാത്രങ്ങൾ മാത്രമായിരുന്നു വിൽപ്പനയ്ക്ക്.

കച്ചവടം കൂടി. വായ്പ തിരിച്ചടക്കാനായി. പീടിക വിപുലീകരിക്കാനുമായി. ആദ്യ വിപുലീകരണത്തിൽ പ്ലാസ്റ്റിക് ചെമ്പ്,ഓട്, ക്രോക്കറി പാത്രങ്ങളും, പ്രഷർ കുക്കർ, മിക്സി, ഗ്രൈൻഡർ സ്റ്റൗവ്, ഫാൻ തുടങ്ങിയ ഗൃഹോപകരണങ്ങളും കൂട്ടിച്ചേർത്ത് ഏകദേശം 2500ചതുരശ്രഅടിയാക്കി.

അടുത്ത പ്രദേശങ്ങളിൽ നിന്നുള്ള ഉപഭോക്താക്കൾ വന്നതോടെ 2005-ൽ കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് (ഇപ്പോൾ പ്രവർത്തിക്കുന്ന ആറ്റുതൃക്കോവിൽ കോംപ്ലക്സ്)മാറി. അതോടൊപ്പം തന്നെ ഫർണ്ണിച്ചർ, ബെഡ് എന്നിവ കൂടി ഉൾപ്പെടുത്തി.

അവിടെയും നിന്നില്ല. വീണ്ടും 5 വർഷങ്ങൾക്ക് ശേഷം ഗൃഹപ്രവേശം മുതലായ ആവശ്യങ്ങൾക്ക് പർച്ചേസ് ചെയ്യാൻ വരുന്ന ഉപഭോക്താക്കളുടെ നിരന്തരമായ ആവശ്യങ്ങൾ മുൻനിർത്തി ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ടീവി, എയർകണ്ടിഷനെർ, ഓവൻ തുടങ്ങിയ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉത്പന്നങ്ങൾക്ക് മാത്രമായി Namboothiri's Eshope എന്ന പേരിൽ പുതിയ ഒരു സ്ഥാപനം തുടങ്ങി.അതും ഇതിനോടൊപ്പം കൂട്ടിച്ചേർത്തു. ഇപ്പോൾ ഇവയെല്ലാം ഒരു കുടക്കീഴിലാക്കി. മൂന്ന് നിലകളിലായി. ലിഫ്റ്റ് സൗകര്യത്തോടുകൂടി ഉദ്ദേശം 13000 ചതുരശ്രഅടിയിൽ വിസ്തീർണ്ണവും. ഇരുപത്തിഅഞ്ചിലധികം ജോലിക്കാരുമുണ്ട്.

മലപ്പുറം ജില്ലയിലെ പ്രമുഖ സ്ഥാപനങ്ങളിലൊന്നാക്കിമാറ്റാൻ സാധിച്ചു. ഉപഭോക്താക്കൾക്ക് വിൽപ്പനാനന്തര സേവനങ്ങൾക്കായി എല്ലാവിധഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ സർവീസിനും അവയുടെ പാർട്ട് ലഭ്യമാക്കുന്നതിനായി വിപുലമായ രീതിയിലുള്ള സർവീസ് സെന്ററും പ്രവൃത്തിക്കുന്നുണ്ട്.

സ്വന്തമായി വാങ്ങിയ സ്ഥലത്ത് കൂടുതൽ സൗകര്യമുള്ള ബിൽഡിംങ്ങിൽ പാർക്കിംഗ് സൗകര്യത്തോടുകൂടിയ പുതിയൊരു ഷോറൂം ആണ് അടുത്ത ലക്ഷ്യം. സംതൃപ്തരായ ഉപഭോക്താക്കളാണ് ഞങ്ങളുടെ വിജയം. ഈശ്വരാനുഗ്രഹവുമുണ്ട്. തുടർന്നും അതുണ്ടാവാനാണ് പ്രാർത്ഥന ●


**പുരുഷോത്തമൻ നമ്പൂതിരി**
മൂത്ത കൊരമ്പ് മന പി.ഒ മേലാറ്റൂർ
പിൻ 679326 മലപ്പുറം ജില്ല
പൂന്താനം ഉപസഭ, മൊബൈൽ:9447441735

നമ്പൂതിരി വൈമാനികന്റെ കഥക്കൊരു ടിപ്പണി അരുണാചൽ പ്രദേശിൽ നിന്ന്

# ആസാമിലെ ഈ ബംഗ്ളാവിലായിരുന്നു

## ആ വൈമാനികന്റെ താമസം



*ആസാമിലെ ദിബ്രുഗഢിലെ ഈ ബംഗ്ളാവിലാണ് വി.പി.എൻ നമ്പൂതിരി 1960 മുതൽ 1965 ഒക്ടോബർ 16 വരെ താമസിച്ചിരുന്നത്. (ഇൻസെറ്റിൽ കഴിഞ്ഞ ലക്കം സ്വസ്തിയിൽ വന്നതിന്റെ കട്ടിംഗ്)*

**അറിഞ്ഞേടത്തോളം ആദ്യത്തെ നമ്പൂതിരി പൈലറ്റ് വഞ്ഞേരി പുരുഷോത്തമൻ നമ്പൂതിരിയാണ്. മലപ്പുറം ജില്ലയിൽ തിരൂരിലാണ് പ്രശസ്തമായ വഞ്ഞേരി ഇല്ലംസ്വന്തം അമ്മയെ കോക്ക്പിറ്റിൽ ഇരുത്തി ഹിമാലയത്തിനു മുകളിലൂടെ വിമാനം പറത്തിയ മകൻ. 1965 ഒക്ടോബർ 17ന് അസമിലെ മോഹൻ ബരി എയർപോർട്ട് നിന്ന് 8 പേരുള്ള സംഘത്തേയും വഹിച്ച് പറന്നുയർന്ന ഡക്കോട്ട വിമാനം അതിർത്തി കാക്കുന്ന സൈനികർക്ക് ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നതിനിടെ തകർന്നു വീഴുകയായിരുന്നു. സ്വസ്തി ജനുവരി ലക്കം വിശേഷാൽപ്പതിപ്പിൽ വന്ന ആ കുറിപ്പിന് അരുണാചൽ പ്രദേശിൽ നിന്നൊരു അനുബന്ധം. എഴുതുന്നത് അരുണാചൽ പ്രദേശിൽ താമസമാക്കിയ തൃശൂർ സ്വദേശി**

**പദ്മശ്രീ ജേതാവ് സത്യനാരായണൻ മുണ്ടയൂർ**



ടിപ്പണിയിലേക്ക് കടക്കുംമുമ്പേ ഒരു മുഖവുര. വൈമാനികരുടെ കഥ കേൾക്കാൻ താല്പര്യമില്ലാത്തവർ നമ്മിൽ ചുരുക്കമാവും. അതിനാൽ ആ കഥ അവതരിപ്പിച്ചു തന്ന ശ്രീ ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് അഭിവാദ്യങ്ങളും നമുക്കെത്തിച്ച 'സ്വസ്തി'ക്ക് അഭിനന്ദനങ്ങളും!

എന്നാൽ ഇതെഴുതാൻ പ്രേരണയായത് കഥയിലെ 'വൈമാനികൻ മോഹൻബാരിയിൽ നിന്നാണ് അവസാനമായി പറന്നുയർന്നത്' എന്ന വിവരമാണ്; അതായത് ഇന്നത്തെ ദിബ്രുഗഢ് (Dibrugarh) വിമാനത്താവളം– ഇന്ത്യയുടെ ഏറ്റവും കിഴക്കു ഭാഗത്തുള്ള 'സിവിൽ' വിമാനത്താവളം. കഴിഞ്ഞ നാല് ദശകങ്ങളായി ഞാൻ പതിവായി സന്ദർശിക്കുന്ന എയർപോർട്ട്. 23 കൊല്ലം സ്ഥിരതാമസമായിരുന്ന നഗരം!

എങ്കിലും ഒരു തവണയെങ്കിലും ഇങ്ങനെയൊരു അപകടം ദിബ്രുഗഢിൽ ഉണ്ടായതായി ആരും പറഞ്ഞു കേട്ടിട്ടില്ല. കൊൽക്കത്തയിൽ ഏറെ കാലമുണ്ടായിരുന്ന എന്റെ അപ്ഫൻ എം.കൃഷ്ണനും (DGM, IOB) രാധച്ചെറിയമ്മയും പലപ്രാവശ്യം ക്യാപ്റ്റൻ നമ്പൂതിരിയെയും കുടുംബത്തെയും നന്നായി അറിയുന്ന കാര്യങ്ങൾ പറഞ്ഞു കേട്ടിട്ടുണ്ട്.എങ്കിലും ഹിമാലയത്തിൽ എവിടെയാണ് വിമാനാപകടം സംഭവിച്ചത് എന്ന് കൃത്യമായി അവർ പറഞ്ഞതായി ഓർക്കുന്നില്ല. എന്റെ അന്നത്തെ (1980 കൾ) സ്ഥിതിയിൽ അത് അന്വേഷിച്ചു കണ്ടുപിടിക്കുക സാധ്യവുമായിരുന്നില്ല.

എന്നാൽ സ്വസ്തിയിലെ കഥ വായിച്ചതോടെ എന്റെ മനസ്സുണർന്നു! എവിടെയാവണം വിമാനം തകർന്നത്? ഉടൻ

ഗൂഗിളിൽ തിരഞ്ഞ് അപകട റിപ്പോർട്ട് കിട്ടി. കലിംഗ എയർലൈൻസിന്റെ VT-AUQ Douglas C-47 (Dakota), ദിബ്രുഗഡ് എയർപോർട്ടിൽ നിന്ന് 37 കിലോമീറ്റർ വടക്കാണ് ഉച്ചക്ക് 12.58 ന് അപകടത്തിൽപ്പെട്ടത്. അപ്പോൾ അത് അരുണാചലിലെ സിയാംഗ് നദീപ്രദേശത്താവണം. ഞാൻ ഇപ്പോൾ താമസിക്കുന്ന റോയിങ് നഗരത്തിൽ നിന്ന് വെറും മൂന്നു മണിക്കൂർ ദൂരെ! സിയാങ് പ്രദേശത്തെ പാസിഘാട്ട് നഗരത്തിൽ എനിക്കേറെ പരിചയക്കാരുള്ളതിനാൽ അപകടസ്ഥലം കൃത്യമായി കണ്ടുപിടിക്കാനാവുമോ? എങ്കിൽ അങ്ങോട്ടൊരു 'തീർത്ഥയാത്ര'- ക്യാപ്റ്റൻ നമ്പൂതിരിക്ക് 57 കൊല്ലത്തിനുശേഷം ഒരാദരാഞ്ജലി- പുറപ്പെട്ടാലോ?

37 കിലോമീറ്റർ വടക്ക് എവിടെയാവണം സിയാങിൽ? ഉടനെ ദിബ്രുഗഡ് വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ എയർ ട്രാഫിക് കൺട്രോളറും എന്റെ കുടുംബാംഗവുമായ സലീമിനെ വിളിച്ചു.

ഉണ്ണ്യേട്ടാ, കണ്ടുപിടിച്ചുതരാലോ?

സലീംന്റെ ഉറച്ച മറുപടി. പിറ്റേന്ന് അദ്ദേഹം അപകടപ്രദേശത്തിന്റെ കോഓഡിനേറ്റ്സ് ഉള്ള മാപ്പ് അയച്ചുതന്നു. 5.8 കി.മീ. വ്യാസത്തിൽ വരും അപകടസ്ഥലം. അതുപ്രകാരം പാസിഘാട്ട് നഗരത്തിൽ നിന്നും 40 കി.മീറ്ററോളം പടിഞ്ഞാറ് 'തേലം', 'നാരി' ഗ്രാമങ്ങളിലാവണം. അസം- അരുണാചൽ അതിർത്തിക്ക് തൊട്ടരികെ. എല്ലാം ചെറുകുന്നു പ്രദേശങ്ങൾ മാത്രം. 1965-ൽ കാടായിരുന്നെങ്കിൽക്കൂടി ഇന്നതെല്ലാം കൃഷിസ്ഥലങ്ങളായി മാറിയിരിക്കണം.

കുറേക്കൂടി വലിയ മാപ്പ് എങ്ങനെ കിട്ടും? ഓ, എന്റെ പൂർവ്വ വിദ്യാർത്ഥി ജുത്സം അരുണാചലിന്റെ സ്പേയ് ആപ്ളിക്കേഷൻ മാപ്പ് സെന്ററിലുണ്ടല്ലോ?

'അങ്കിൾജി ഞാൻ മാപ്പ് എടുത്തുതരാമല്ലോ?'

ജുത്സം ഉടൻ സഹായിക്കാൻ തയ്യാറായി. അങ്ങനെ മാപ്പും കിട്ടി! ഇനി പുറപ്പെടാം!

ഏപ്രിൽ മാസത്തിൽ തണുപ്പും മഴയും കുറയുമെന്നതിനാൽ പാസിഘാട്ട് യാത്ര അന്നത്തേക്ക് മാറ്റി. എന്നാൽ ഇതെഴുതുന്നതുവരെ കഠിനമായ മഴയും, തുടർന്ന് കൊറോണ രണ്ടാം ഘട്ടത്തിന്റെ മൂർധന്യവും കാരണം പാസിഘാട്ട് യാത്ര ഇനി ഈശ്വരനിശ്ചയം പോലെ.

അതിനിടയിൽ ഉണ്ണികൃഷ്ണൻജി, ക്യാപ്റ്റൻ നമ്പൂതിരിയുടെ ഇളയ മകൻ ഉദയന്റെ നമ്പർ തന്നു. ഉദയൻ പറഞ്ഞാണ് ക്യാപ്റ്റൻ നമ്പൂതിരി ദിബ്രുഗഢിലെ ജലാൻ നഗറിലായിരുന്നു താമസം എന്നറിഞ്ഞത്. 1960 മുതൽ 1965 വരെ. ദിബ്രുഗഢിലെ പ്രമുഖ ചായത്തോട്ടം ഉടമസ്ഥരായ ജലാൻ കുടുംബത്തിന്റെ ഒരു ബംഗ്ലാവിൽ.

'ബംഗ്ലാവ് നമ്പർ 4'

ഉദയൻ പറഞ്ഞു. ജലാൻ കുടുംബത്തിലെ 'മഹൻ മൂസ്സ്' മനോജ് ജലാൻ എന്റെ ഉത്തമ സുഹൃത്തായതിനാൽ, ആ ബംഗ്ലാവ് കണ്ടുപിടിക്കാം എന്ന് ഉറപ്പായിരുന്നു. കുറച്ചു ദിവസത്തിനകം മനോജ് ജലാൻ എനിക്ക് ഫോൺ ചെയ്തു.

'3-4 വർഷം മുമ്പ് കുടുംബത്തിൽ ഭാഗം കഴിഞ്ഞതോടെ എന്റെ ജ്യേഷ്ഠന്റെ കുടുംബം ആ ബംഗ്ലാവ് പൊളിച്ച് അവിടെ വലിയൊരു കെട്ടിടം പണിചെയ്തിരിക്കുന്നു. എങ്കിലും 90-ൽ (അവിടെ) നമ്പർ 4 ൽ താമസിച്ചിരുന്ന കേണൽ ഘോഷിന്റെ കൈയിൽ ബംഗ്ലാവിന്റെ പഴയ ഫോട്ടോകൾ ഉണ്ടായിരിക്കണം. നോക്കട്ടെ'

കേണൽ ഘോഷ് തന്റെ ഭാര്യാവിയോഗത്തിൽ കഴിയുകയായിരുന്നു. എങ്കിൽക്കൂടി, കുറച്ചു ദിവസത്തിനകം സ്നേഹപൂർവ്വം ബംഗ്ലാവിന്റെ ഫോട്ടോ എനിക്കയച്ചുതന്നു. ഇത് വായനക്കാർക്കായി ഇതിന്റെ കൂടെ അയക്കുന്നു. ക്യാപ്റ്റൻ നമ്പൂതിരിയുടെ അന്ത്യദിനത്തിന്റെ ഒരോർമ്മയാണ് ഈ ബംഗ്ലാവ് എന്നതിനാൽ ഈ ചിത്രം നോക്കി, നമുക്ക് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാം.

(ലേഖകൻ, അരുണാചലിലെ ലോഹിത് യൂത്ത് ലൈബ്രറി നെറ്റ്‌വർക്കിന്റെ കോ-ഓർഡിനേറ്ററും നാലു ദശകങ്ങളായി അരുണാചലിൽ വിദ്യാഭ്യാസ വായനശാലാ പ്രവർത്തകനുമാണ്. കഴിഞ്ഞ വർഷം രാഷ്ട്രം പദ്മശ്രീ നൽകി ആദരിക്കുകയുണ്ടായി)
lohit.libraries@gmail.com
9436228613


കോക് പിറ്റിലിരുത്തി അമ്മയെ ഹിമാലയത്തിനു മുകളിൽ പറത്തിച്ച മകൻ

ആദ്യത്തെ നമ്പൂതിരി വൈമാനികൻ

എ.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി

അരനൂറ്റാണ്ടു മുമ്പാണ്. അന്തർജനങ്ങൾ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുന്ന കാലം. അക്കാലത്ത് ഒരുമകൻ അമ്മയെ കോക്ക്പിറ്റിൽ ഇരുത്തി ഹിമാലയത്തിനു മുകളിലൂടെ വിമാനം പറത്തി. അസ്ത്യുത്തരസ്യാംദിശി ദേവതാത്മാ... എന്ന് കാളിദാസൻ കുമാരസംഭവത്തിൽ വർണ്ണിച്ച ദേവതാത്മാക്കൾ കുടികൊള്ളുന്ന ഹിമാലയത്തിനു മുകളിലൂടെ. ആ യാത്രയുടെ നിർവൃതിക്ക് ഹിമാലയത്തെക്കാൾ വ്യാപ്തി കൂടും.

*ജനുവരി ലക്കം സ്വസ്തിയിൽ വന്നതിന്റെ കട്ടിംഗ്*

## ആ വൈമാനികൻ എനിക്കും പ്രിയങ്കരൻ

ഏപ്രിൽ വിഷുപ്പതിപ്പിൽ സ്വസ്തി ഫോളോ അപ്പ് (പേജ് 60 ) ലേഖനമാണ് കത്തിന് ആധാരം. നമ്പൂതിരി സമുദായത്തിലെ ആദ്യ വൈമാനികനെ കുറിച്ച് ജനുവരി ലക്കത്തിൽ സ്വസ്തിയിൽ വന്നതിന്റെ പ്രചോദനത്തിൽ എന്റെ ഫെയ്സ് ബുക്കിൽ ഒരു പോസ്ററും ഞാനിട്ടിരുന്നു.

വേണാട്ട് നാരായണൻ നമ്പൂതിരിയുടേയും തൃശ്ശൂർ ഒല്ലൂർ തിരുത്തൂർ തെക്കെ മഠത്തിൽ രാധ നമ്പിഷ്ഠാതിരിയുടേയും ഏകമകൾ നിഷാവർമ്മയാണ് ഞാൻ. മൂന്നു മക്കളിൽ ഏകമകൾ.മണിക്കുട്ടി എന്നാണ് വിളിപ്പേര്.

എന്റെ അച്ഛൻ വേണാട്ട് നാരായണൻ നമ്പൂതിരിയുടെ ഓപ്പോളുടെ മകനാണല്ലൊ ആ വൈമാനികൻ പുരുഷോത്തമേട്ടൻ. എനിക്ക് കാണാൻ കഴിഞ്ഞില്ലെങ്കിലും എന്റെ ബാല്യകാലസ്മരണകളിൽ അദ്ദേഹം വീരപുരുഷനായിരുന്നു. അച്ചോളുടെ അവസാന കാലം ഇന്നും ഓർക്കുന്നു. വെള്ള അംബാസിഡറിൽ കയറി ഒന്നും പറയാനാകാതെ ഒരു നോട്ടത്തിൽ യാത്ര പറഞ്ഞു പോയി അച്ചോൾ.ചിന്നുക്കുട്ടന്റെ മകൾ മണിക്കുട്ടിക്ക് ഓർക്കാൻ ഒട്ടേറെ മധുരസ്മരണകൾ പകർന്നുതന്നു അച്ചോൾ.

അച്ഛനേയും അമ്മയേയും അവസാനശ്വാസം വരെ ശുശ്രൂഷിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഞാൻ.പ്രണാമങ്ങളോടെ,

**നിഷാവർമ്മ** ,ശങ്കരാഭരണം, ANRA - 6,
അജന്താനഗർ, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ
മൊബൈൽ: 9633449855/9895005781

# ദേവപദത്തിലല്ലാതെ നമുക്കെന്താഘോഷം



അതേ, എല്ലാം ദേവപദത്തിലാണ്. ദേവപദത്തിലേക്കുള്ള വഴി പറയാം.പാലക്കാട് ജില്ലയിൽ വെള്ളിനേഴി പഞ്ചായത്തിൽ തിരുവാഴിയോട് സെന്ററിൽ നിന്ന് മണ്ണാർക്കാട് റോഡിൽ 500 മീറ്റർ പോയാൽ മതി.അവിടെയാണ് ഭൂതത്താൻ കോട്ട എന്ന സ്ഥലം. അവിടെത്തന്നെയാണ് ദേവപദവും. അസ്സലൊരു ഓഡിറ്റോറിയം.

തിരുനാരായണപുരത്ത് കഴിയേടത്തുമനയുടെ പുതിയ സംരഭമാണ് ഇത്.

കാറിലാവുമല്ലോ വരവ്. വിശാലമായ പാർക്കിങ്ങ്. കുശലം പറഞ്ഞിരിക്കാൻ വിശാലമായ വരാന്തകളും പൂമുഖവും. പാലക്കാടൻ സൗന്ദര്യം മുഴുവനും ചേർന്ന പ്രകൃതി രമണീയമായ അന്തരീക്ഷം. വിശാലമായ നാലുകെട്ട്. നാലുകെട്ടിന്ന് ഒരു വശത്ത് പാർട്ടി ഹാൾ. മറുവശത്ത് 225 പേർക്ക് ഒപ്പം ഇരിക്കാവുന്ന ഡൈനിങ് ഹാൾ. അലങ്കാരത്തോടു കൂടിയ സ്റ്റേജ് ലൈറ്റ് സംവിധാനങ്ങൾ. സ്റ്റേജിന്ന് ഇരുവശത്തും പ്രത്യേകം മുറികൾ. വേളിയായാലും പെൺകൊടയായാലും സൗകര്യം. അതുമല്ല വേറെ വല്ല വിശേഷത്തിനായാലും ദേവപദത്തിലെത്താം. ആധുനിക സൗകര്യത്തോടെയുള്ള അടുക്കള, വൃത്തിയുള്ള ശുചി മുറികൾ. ബുക്കിംഗിന് വിളിച്ചോളൂ.

കിഴിയേടത്തു മന
പി.ഒ.തിരുവാഴിയോട്
പാലക്കാട്:ജില്ല,പിൻ:679514
04662961320 മൊബൈൽ:
9447467437 / 9400684320

ടി.കെ.ഡി നാരായണൻ നമ്പൂതിരി : 9400684320/ ടി.കെ.അശോകൻ നമ്പൂതിരി: 9446106149/ കെ.എസ് നാരായണൻ നമ്പൂതിരി (ഉണ്ണി): 9447467347



ഈ കുറിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരും മുമ്പ് നമ്മെ വിട്ടു പിരിഞ്ഞ മനേഴിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് വായനക്കാർക്ക് മുന്നിൽ ഏറെ സങ്കടത്തോടെ ഇത് സമർപ്പിക്കുന്നു.



## പൊതുവേദിയിൽ ആദ്യമായി

# സാരിധരിച്ച അന്തർജനം

## എന്റെ അമ്മയായിരുന്നു ആ സംഭവത്തിലെ നായിക

**അതേപ്പറ്റി എഴുതുന്നു തൊണ്ണൂറു പിന്നിട്ട മകൻ**

**എൻ എം മനേഴി**



മരണം പോലെത്തന്നെയാണ് മാറ്റവും. യാഥാസ്ഥികർ എത്ര തടസ്സം സൃഷ്ടിച്ചാലും മാറ്റം സംഭവിക്കും. പ്രകൃതിനിയമമാണ്. അദൃശ്യനായ യമനാണ് മരണത്തിന്റെ കാർമ്മികനെങ്കിൽ രക്തമാംസാദികളോടെ നമുക്കിടയിൽ തന്നെയുള്ള ചില മഹദ് വ്യക്തികളാവും മാറ്റത്തിന്റേത്.

നമ്പൂതിരിമാരിലെ മാറ്റത്തിന് ചുക്കാൻ പിടിച്ചത് വി.ടി.ഭട്ടതിരിപ്പാടായിരുന്നു. വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം ഉയർത്തിയ കൊടുങ്കാറ്റ് യാഥാസ്ഥികത്വത്തിന്റെ കടപുഴക്കി. നാലുകെട്ടുകൾ വിറകൊണ്ടു. എട്ടുകെട്ടുകൾ ഞെട്ടിത്തെറിച്ചു. 1929 ഡിസംബറിൽ തൃശൂർ എടക്കുന്നിയിലെ വടക്കിനിയേടത്തില്ലത്ത് ചേർന്ന യോഗക്ഷേമസഭയുടെ സമ്മേളനത്തിലായിരുന്നു അതിന്റെ അരങ്ങേറ്റം.



വര: കൃഷ്ണൻ പാതിരിശ്ശേരി

ആ ചരിത്ര സംഭവത്തിന്റെ അല്പം മണിക്കൂറുകൾക്ക് മുമ്പ്, അതേ സ്റ്റേജിൽ വിപ്ലവകാരികളായിരുന്ന വി.ടിയേയും ഇ.എം.എസിനേയും മറ്റും വിസ്മയം കൊണ്ട് ഞെട്ടിച്ച, രോമാഞ്ചമണിയിച്ച മറ്റൊരു സംഭവം കൂടി അരങ്ങേറി. എന്റെ അമ്മയായിരുന്നു ആ സംഭവത്തിലെ നായിക. പാർവ്വതി മനേഴി. ആദ്യമായി ഘോഷ ബഹിഷ്കരിച്ച അന്തർജനം. പാർവതി നെന്മിനിമംഗലവും ആര്യാ പള്ളവും മറ്റും കൂട്ടത്തോടെ ഘോഷ ബഹിഷ്കരിച്ചത് അതിനു ശേഷം ഒരു കൊല്ലം കൂടി കഴിഞ്ഞാണ്. 1931 ൽ തളിപ്പറമ്പിൽ ചേർന്ന യുവജനസമ്മേളനത്തിൽ വച്ച്. ഇ.എം.എസിന്റെ ആത്മകഥയിൽ അതു പറയുന്നുണ്ട്.

യോഗക്ഷേമസഭയുടെ വാർഷികം വടക്കിനിയേടത്തില്ലത്തിന്റെ മുറ്റത്ത് സജ്ജമാക്കിയ പന്തലിൽ നടക്കുകയായിരുന്നു. വി.ടി.യുടെ സുപ്രസിദ്ധമായ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന പ്രഹസനത്തിന്റെ അരങ്ങേറ്റവും അന്ന് തന്നെ രാത്രിയിലാണ്. വി.ടി, ഇ.എം.എസ്, എം.ആർ.ബി തുടങ്ങിയ യുവപ്രവർത്തകർ ആദ്യവസാനം പൊടിപൊടിക്കുന്നു. സഭയുടെ സജീവപ്രവർത്തകനായിരുന്ന വലിയപ്ഫൻ (പി.എം.മനേഴി) കാലേക്കൂട്ടി എടക്കുനിയിൽ എത്തിച്ചേർന്നിട്ടുണ്ട്. സമ്മേളനം ആരംഭിച്ചു. അധ്യക്ഷന്റെ പ്രസംഗം ഉപസംഹരിച്ചു. 'പ്രതിനിധികൾക്കും സദസ്യർക്കും അവരവരുടെ അഭിപ്രായങ്ങൾ പറയാനുള്ള അവസരമാണ് ഇനി. ഓരോരുത്തരായി വേദിയിലേക്ക് വരാം' അദ്ധ്യക്ഷൻ പറഞ്ഞ് നിർത്തി.

അദ്ദേഹം കസേരയിൽ ഇരിക്കേണ്ട താമസം, കാണികളെ അത്ഭുതസ്തബ്ധരാക്കിക്കൊണ്ട് ഒരു അന്തർജനം സ്റ്റേജിലേക്ക് കയറിച്ചെന്നു. ഇതെന്ത് കഥ? മറക്കുടയില്ല, ചേലപ്പുതപ്പില്ല, അകമ്പടിക്ക് ദാസിയില്ല, വേഷമാവട്ടെ സാരിയും ബ്ലൗസും. എഴുതിത്തയ്യാറാക്കിയ ഒരു ചെറുപ്രസംഗം വായിച്ച് തീർത്ത് ആ അന്തർജ്ജനം ഇറങ്ങി നടന്നു. ഇടിമിന്നലേറ്റ പോലെ ഇരുന്നുപോയ സദസ്സിൽ നിന്ന് നിലയ്ക്കാത്ത കയ്യടി!

തലേദിവസം മനേഴി ഇല്ലത്തിന്റെ അടുക്കളയിലുണ്ടായിരുന്ന 'അകത്തുള്ളാളെ' എടക്കുനിയിലെ അരങ്ങത്ത് കണ്ട വലിയപ്ഫനാവണം ഏറ്റവുമധികം ഞെട്ടിപ്പോയത്. ഞങ്ങളുടെ അമ്മ പാർവ്വതീ മനേഴിയായിരുന്നു ആ പ്രാസംഗിക എന്ന് പറയേണ്ടല്ലൊ.

വി.ടി.ഭട്ടതിരിപ്പാട് മഷിയിൽ മുക്കിയെഴുതിയതും രാത്രി അരങ്ങേറിയതുമായ പ്രഹസനമാണോ, അതോ പാർവ്വതിമനേഴി എന്ന അന്തർജനം സ്വന്തം രക്തം കൊണ്ട് പകൽകുറിച്ച നാന്ദിയാണോ കൂടുതൽ സെൻസേഷണൽ എന്ന് തീരുമാനിക്കാനാവാതെയാണ് സദസ്യർ അന്ന് സ്ഥലംവിട്ടത്. 'ധീരവനിത' എന്നാണ് വി.ടിയുടെ ആത്മകഥയിൽ



ർന്നു പിടിച്ചു.

അർധനഗ്നതയുപേക്ഷിച്ച് ബ്ലൗസിടാൻ തുടങ്ങലാണ് നമ്പൂതിരി സ്ത്രീകളുടെ വേഷപരിഷ്കാരത്തിലെ പിന്നത്തെ കാൽവെപ്പ്. സ്വർണാഭരണങ്ങൾ സ്വീകരിക്കുന്നതിനേക്കാൾ വിഷമമായിരുന്നു ഇത്. പക്ഷേ അതും താരതമ്യേന വേഗതയോടെ വ്യാപിക്കാൻ തുടങ്ങി. യോഗക്ഷേമസഭയുടെ ഉദ്ഭവം മുതൽ പുരുഷൻമാർക്ക് ക്രോപ്പ് ചെയ്യാറാവാൻ ഒരു വ്യാഴവട്ടത്തോളം പിടിച്ചുവെങ്കിൽ പുരുഷൻമാർ ക്രോപ്പ് ചെയ്യുന്നത് സാധാരണമായിത്തീർന്ന്, രണ്ടുമൂന്ന് കൊല്ലത്തിനുള്ളിൽ ബ്ലൗസിടുന്ന നമ്പൂതിരിസ്ത്രീകൾ അസാധാരണ കാഴ്ചയല്ലാതായിത്തീർന്നു.

ഇതിൽനിന്ന് ഒരു പടികൂടി മുമ്പോട്ടുപോകുന്ന നടപടിയും അധികം താമസിയാതെ വന്നു - നമ്പൂതിരി സ്ത്രീകളുടെ ഘോഷാബഹിഷ്കരണം. 1929 ഡിസംബറിൽ എടക്കുന്നിയിൽ കൂടിയ യോഗക്ഷേമസഭാ സമ്മേളനത്തിൽ ഒരു നമ്പൂതിരിസ്ത്രീ ഘോഷ ബഹിഷ്കരിച്ചു പങ്കുകൊണ്ടു - മിസ്സിസ് മനേഴി. അത് കഴിഞ്ഞൊരു കൊല്ലത്തിനിടക്ക് പാർവതി നെൻമിനിമംഗലം, ആര്യാപ്പള്ളം മുതലായി ഒരു ഡസനോളം നമ്പൂതിരിസ്ത്രീകൾ കൂട്ടായി ഘോഷ ബഹിഷ്കരിച്ചു. 1931 ഡിസംബർ തളിപ്പറമ്പിൽ ചേർന്ന

*ഇ.എം.എസിന്റെ ആത്മകഥയിൽ പാർവതി മനേഴിയെക്കുറിച്ചു പറയുന്നത്*

അച്ഛനോട് പറഞ്ഞ് കോഴിക്കോട്ട് നിന്ന് ഒരു സാരി വാങ്ങിവെച്ചിരുന്നു. പക്ഷെ, മാരണം, അത് ചുറ്റാനറിയണ്ടെ? അമ്മക്കെന്നല്ല ചുറ്റുവട്ടത്തുള്ള ആർക്കും അറിയില്ല ആ വിദ്യ. അമ്മ ആശ കൈവിട്ടില്ല. അന്വേഷണം തുടർന്നു കൊണ്ടേയിരുന്നു. സമീപവാസിയായ ഒരു തിയ്യത്തിക്ക് ഈ സൂത്രം അറിയാം എന്ന് വിവരം കിട്ടി. പക്ഷെ അയിത്തജാതിക്കാരിയായ തിയ്യത്തിയെ അടുപ്പിക്കാൻ പറ്റുമോ? എന്നാൽ, അമ്മ ആ തിയ്യത്തിയെ രണ്ടും കല്പിപ്പിച്ച് കുളപ്പുരയിലേക്ക് വരുത്തി. അയിത്തമായാൽ ആവട്ടെ. കുളിക്കാലോ. ഏറെ പ്രയാസപ്പെട്ട് സാരിയുടുപ്പ് വിദ്യ വശമാക്കി.

ഞങ്ങളുടെ അമ്മയെ വിശേഷിപ്പിച്ചത്.

ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു എന്നു വച്ച് എങ്ങനെയാണ് ഒരാൾ ധീരവനിതയാവുന്നത്? ഇങ്ങനെ നെറ്റി ചുളിക്കുന്നവർ ചിലരെങ്കിലും കാണും. നമ്പൂതിരി ഇല്ലങ്ങളിലെ അന്നത്തെ അവസ്ഥ അറിയാത്തതുകൊണ്ടാണ് ഈ സംശയം. ഇ.എം.എസ് ആത്മകഥയിൽ പറയുന്നതിങ്ങനെയാണ്: 'പുരുഷന്മാരും സ്ത്രീകളും അന്ന് നടത്തിയതും നിസ്സാരമെന്ന് തോന്നാവുന്നതുമായ വേഷപരിഷ്ക്കാരം (പൂണൂൽ പൊട്ടിക്കലും ഘോഷ ബഹിഷ്ക്കരിക്കലും) പരമ്പരാനുസൃതമായ ബ്രാഹ്മണ്യത്തിന്റെ കടപുഴക്കി, പഴയ നമ്പൂതിരി പുതിയൊരു മനുഷ്യനും പഴയ അന്തർജനം പുതിയൊരു മനുഷ്യസ്ത്രീയുമായി (പേജ് 125)

അമ്മയെപ്പറ്റി ഇ.എം.എസ് ഇങ്ങനെയെഴുതി.

1929 ഡിസംബറിൽ എടക്കുന്നിയിൽ കൂടിയ യോഗക്ഷേമസഭായുടെ സമ്മേളനത്തിൽ ഒരു നമ്പൂതിരി സത്രീ ഘോഷ ബഹിഷ്കരിച്ചു പങ്കു കൊണ്ടു. മിസ്സിസ് മനേഴി. അതു കഴിഞ്ഞൊരു ഒരു കൊല്ലത്തിനിടക്ക് പാർവതീ നെൻമിനിമംഗലം ആര്യാ പള്ളം മുതലായ ഒരു ഡസനോളം ഒരു നമ്പൂതിരിസത്രീകൾ കൂട്ടായി ഘോഷ ബഹിഷ്കരിച്ചു. 1931 ഡിസംബർ തളിപ്പറമ്പിൽ ചേർന്ന യുവജനസംഘത്തിന്റെ സമ്മേളനത്തിൽ അധ്യക്ഷം വഹിച്ചതു തന്നെ അവരിൽ ഒരാളായിരുന്നു (പാർവതീ നെൻമിനിമംഗലം) .

ഘോഷ ബഹിഷ്കരിച്ചതിന്റെ പ്രാധാന്യം ഇ. എം. എസ് തന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

നമ്പൂതിരിസത്രീകൾ നടത്തിയ ഘോഷ ബഹിഷ്കരം ഞങ്ങളി ചിലർ ഒരു ദിവസം പ്രകടനപരമായി നടത്തിയ പൂണൂൽ പൊട്ടിക്കലിനേക്കാൾ ഫലപ്രദമായാണ് കലാശിച്ചത്. എന്തുകൊണ്ടെന്നാൽ അന്നു പൂണൂൽ പൊട്ടിച്ചവർ പിന്നെയും അതിട്ടു നടന്നു, ഘോഷ ബഹിഷ്കരിച്ചവരാകട്ടെ പിന്നീടൊരിക്കലും ഘോഷ സമ്പ്രദായത്തിലേക്ക് തിരികെപ്പോയില്ല. അതു കഴിഞ്ഞ് മൂന്നു വ്യാഴവട്ടത്തിനു ശേഷം ഇന്നാകട്ടെ സ്വന്തം നാട്ടിലിരിക്കുമ്പോൾ പൂണൂലിടാത്ത നമ്പൂതിരി കുറവാണ്. ഘോഷയില്ലാതെ നടക്കുന്ന നമ്പൂതിരിസത്രീകൾ ധാരാളവും.

അത്രക്ക് പ്രാധ്യമുണ്ട് ആദ്യമായി ഒരു നമ്പൂതിരി സത്രീ ഘോഷ ബഹിഷ്കരിച്ച സംഭവത്തിന്. അത് എന്റെ അമ്മ

യാണെന്നു പറയുന്നതിൽ തെണ്ണൂറിലെത്തി നിൽക്കുന്ന എനിക്ക് തെല്ലൊന്നുമല്ല അഭിമാനം.

അമ്മയ്ക്ക് ഈ ധൈര്യവും ചങ്കൂറ്റവും സാഹസികബുദ്ധിയും എവിടെ നിന്നാണ് കിട്ടിയത് ? സ്വതസിദ്ധമാവാനെ വഴിയുള്ളു. അമ്മ ചരിത്രം പഠിച്ചിട്ടില്ലല്ലോ. സാരിയിടുക്കാൻ അച്ഛൻ സമ്മതം മൂളി എന്നല്ലാതെ കാര്യമായ പ്രേരണ വല്ലതും ഉണ്ടായിരിക്കാനിടയില്ല. അതാണ് അച്ഛന്റെ പ്രകൃതം. ഒരാവേശത്തിന്റെ തള്ളിച്ചയിൽ പെട്ടെന്ന് ചാടിപ്പുറപ്പെട്ടതായിരുന്നില്ല അമ്മ. അത് തീർച്ച. ധാരാളം ഹോംവർക്ക് ചെയ്ത ശേഷമാണ് തൃശൂർക്ക് വണ്ടികയറിയത്. ആ സാരിയുടുപ്പിലേക്ക് നയിച്ച നിരവധി ചുറ്റുപാടുകൾ അന്നുണ്ടായിരുന്നു.

അച്ഛനോട് പറഞ്ഞ് കോഴിക്കോട്ട് നിന്ന് ഒരു സാരി വാങ്ങിവെച്ചിരുന്നു അമ്മ. പക്ഷേ, മാരണം. അത് ചുറ്റാനറിയണ്ടേ? അമ്മക്കെന്നല്ല ചുറ്റുവട്ടത്തുള്ള ആർക്കുമറിയില്ല ആ വിദ്യ. പരിഷ്കാരികളായ മുത്തപ്ഫന്റെ മക്കൾക്ക് പോലും. (ബെൽട്ടിന്റെ സഹായമില്ലാതെ ഇതെങ്ങിനെയാണ് അരക്കെട്ടിൽ ഉറച്ച് നിൽക്കുന്നത് എന്നാണല്ലോ പണ്ടൊരു സായിപ്പ് അത്ഭുതം കൊണ്ടത് ) അമ്മ്യാന്മാരുടെയും ചെട്ടിച്ചികളുടെയും വേഷമായിരുന്ന സാരി ഉടുക്കാൻ കേരളക്കാർ എങ്ങനെ അറിയാനാണ്? അമ്മ ആശ കൈവിട്ടില്ല. അന്വേഷണം തുടർന്നു.

സമീപവാസിയായ ഒരു തിയ്യത്തിക്ക് ഈ സൂത്രം അറിയാം എന്ന് വിവരം കിട്ടി. പക്ഷെ അയിത്തജാതിക്കാരിയായ തിയ്യത്തിയെ അടുപ്പിക്കാൻ പറ്റുമോ? ആ തിയ്യത്തിയെ രണ്ടും കല്പിപ്പിച്ച് കുളപ്പുരയിലേക്ക് വരുത്തി. അയിത്തമായാൽ ആവട്ടെ. കുളിക്കാലോ. ഏറെ പ്രയാസപ്പെട്ട് ആ വിദ്യ വശമാക്കി. വി.ടി.യെ അക്ഷരം പഠിപ്പിച്ചത് ഒരു തീയ്യാടിപ്പെണ്ണ്, പാർവ്വതീ മനേഴിയെ സാരിയുടിക്കാൻ പഠിപ്പിച്ചതും ഒരു തിയ്യത്തി. വലിയപ്ഫൻ പോലും അറിയാതെയായിരുന്നു ഇതൊക്കെ. ഭർതൃസഹോദരനും ഒരു പ്ളസന്റ് സർപ്രൈസ് ആവട്ടെ.

അമ്മയുടെ ഈ അതിസാഹസമായ തോന്ന്യാസം എന്ത് പ്രതികരണമാണ്, എന്തെല്ലാം കോളിളക്കമാണ് സ്വന്തം ഇല്ലമായ മനേഴിയിൽ സൃഷ്ടിച്ചത് എന്നറിഞ്ഞുകൂടാ. ആരും പറഞ്ഞ് കേട്ടിട്ടില്ല. വലിയപ്ഫൻ സന്തോഷിച്ചിരിക്കുമെന്നതിന്ന് രണ്ട് പക്ഷമില്ല. തന്റെ മൂത്തമകനും സജീവ കോൺഗ്രസ്സ് പ്രവർത്തകനുമായ നാരായണൻകുട്ടി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിലിലടയ്ക്കപ്പെട്ടപ്പോൾ 'അവൻ ചെയ്തതിൽ ഞാൻ ഒരു തെറ്റും കാണുന്നില്ല. എല്ലാം നല്ലതിന്നാണ്?' എന്ന് പ്രതികരിച്ച ആളാണ് മുത്തഫൻ (വി എം. കൊറാത്ത് തന്റെ ആത്മകഥയിൽ അങ്ങനെ പറയുന്നുണ്ട് .) അതുകൊണ്ട് മുത്തപ്ഫനും എതിരഭിപ്രായമൊന്നും ഉണ്ടായിരുന്നില്ലെന്ന് ഊഹിക്കാം.

ശിന്നന്റെ നിലപാട് ഇതാണെന്ന് മനസ്സിലാക്കിയ മുത്തശ്ശനും മൗനം അവലംബിച്ചിരിക്കാനാണ് സാദ്ധ്യത. പക്ഷേ, അമ്മാത്തെ മുത്തശ്ശൻ (കരിപ്പോട്ട് വലിയനാരായണൻ മൂസ്സത്) അതിരൂക്ഷമായാണ് പ്രതികരിച്ചത്. അതിനോടുടുത്ത് ആർഭാടമായി ആഘോഷിക്കപ്പെട്ട തന്റെ മൂത്തമകന്റെ വേളിക്ക് മുത്തശ്ശൻ തോന്നിവാസിയായ ഈ ദ്വിതീയപുത്രിയേയും മരുമകനേയും മാത്രം വിളിച്ചില്ല. അതുകൊണ്ടും തീർന്നില്ല മുത്തശ്ശന്റെ അരിശം. മുത്തശ്ശൻ തലയൂർ തുടങ്ങിയ ആഢ്യഇല്ലങ്ങളിൽ നേരിൽ കയറിച്ചെന്നു. എന്തിന്? സ്വന്തം മകൾക്കും അവരുടെ മക്കൾക്കും സമുദായ ഭ്രഷ്ട് എന്ന കടുത്തശിക്ഷ വാങ്ങിക്കൊടുക്കുന്നതിന്നു പിന്തുണ തേടാൻ.

സമുദായത്തിലെ (അന്നത്തെ) ചില ഉൽപതിഷ്ണുക്കളായ ചെറുപ്പക്കാരുടെ അതിശക്തമായ എതിർപ്പ് കാരണം മുത്തശ്ശന്റെ ആ ആഗ്രഹം നടന്നില്ല. അങ്ങനെയാണ് ഭ്രഷ്ട്ടിൽ നിന്ന് ഞങ്ങൾ തലനാരിഴയ്ക്ക് രക്ഷപ്പെട്ടത്. പാവം, അമ്മ നന്നായി സങ്കടപ്പെട്ടുകാണും. ഭ്രഷ്ടിനെയൊന്നും അമ്മ ഭയപ്പെട്ടിരിക്കാൻ ന്യായമില്ല. അതിൽ ഭയമുള്ള ആൾ ഈ അതിസാഹസത്തിന് ഇറങ്ങിത്തിരിക്കാൻ തന്നെ ഇടയില്ല. അതല്ല കാര്യം. മൂത്തസോദരന്റെ വേളിയാണ്. കരിപ്പോട്ടില്ലമല്ലെ? ആർഭാടത്തിനും ആഘോഷത്തിനും ഒരു കുറവും ഉണ്ടാവില്ല. പുഴക്കാട്ടിരി ഏടത്തിയും അനിയത്തിമാരുമൊക്കെ കാലക്കേുട്ടിത്തന്നെ എത്തിട്ടുണ്ടാവും. ബന്ധുക്കളായ ബന്ധുക്കളെയൊക്കെ ക്ഷണിച്ചിട്ടുണ്ടാവും. ക്ഷണിക്കാതെ തന്നെ എത്തിച്ചേർന്നവരും കാണും.

കരിപ്പോട്ടില്ലം – തന്റെ പിറന്നേടം – കിടന്ന് കുലുങ്ങുന്നുണ്ടാവും. തിരുവാതിരക്കളി നടക്കും. പക്ഷെ അതിന് ചുക്കാൻ പിടിക്കാറുള്ള താൻ മാത്രം ഇങ്ങ് മൈലുകൾ അകലെ! ശരീരം മാത്രമെ കടലുണ്ടിയിലുള്ളൂ. മനസ്സ് മുഴുവൻ അങ്ങ് പൊന്മളയിലെ കരിപ്പോട്ടില്ലത്താണ്. ഇരുട്ടത്ത് ഒറ്റയ്ക്കി



ആത്മകഥ
ഇ എം എസ് 123

യുവജനസംഘത്തിന്റെ സമ്മേളനത്തിൽ അധ്യക്ഷം വഹിച്ചതുതന്നെ അവരിൽ ഒരാളായിരുന്നു. (പാർവതി നെൻമിനിമംഗലം) അത് കഴിഞ്ഞ് രണ്ട് കൊല്ലത്തിനുള്ളിൽ കൊച്ചി നിയമസഭയിൽ ചർച്ചക്ക് വരുന്ന നമ്പൂതിരിബില്ലിനെ സംബന്ധിച്ച് നമ്പൂതിരിസ്ത്രീകളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ ഒരു പ്രത്യേക പ്രതിനിധിയായി അവരെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയും അവർ ആ ജോലി സ്തുത്യർഹമായി നടത്തുകയും ചെയ്തു.

ഈ മാറ്റങ്ങളെല്ലാം അന്ന് നമ്പൂതിരിസ്ത്രീകളിലൊരു ചെറു ന്യൂനപക്ഷത്തെ മാത്രമെ സ്പർശിച്ചിരുന്നുള്ളുവെന്നത് നേരാണ്. ബഹുഭൂരിപക്ഷവും പർദക്കുള്ളിൽ അർധനഗ്നകളായിക്കഴിയുകയായിരുന്നു. എന്നാൽ, അന്ന് കൈവിരലിലെണ്ണാവുന്നത്രമാത്രം നമ്പൂതിരിസ്ത്രീകൾ നടത്തിയ ഘോഷാബഹിഷ്കരണം ഞങ്ങളിൽ ചിലർ ഒരു ദിവസം പ്രകടനപരമായി നടത്തിയ 'പൂണൂൽ പൊട്ടിക്കലി'നെക്കാൾ ഫലപ്രദമായാണ് കലാശിച്ചത്. എന്തുകൊണ്ടെന്നാൽ, അന്ന് പൂണൂൽ പൊട്ടിച്ചവർ പിന്നെയും അതിട്ടുനടന്നു; ഘോഷബഹിഷ്കരിച്ചവരാകട്ടെ, പിന്നീടൊരിക്കലും ഘോഷാസമ്പ്രദായത്തിലേക്ക് തിരികെപ്പോയില്ല. അത് കഴിഞ്ഞ് മൂന്ന് വ്യാഴവട്ടത്തിനുശേഷം ഇന്നാകട്ടെ, സ്വന്തം നാട്ടിലിരിക്കുമ്പോൾ പൂണൂലിടാത്ത നമ്പൂതിരി കുറവാണ്; ഘോഷയില്ലാതെ നടക്കുന്ന നമ്പൂതിരിസ്ത്രീകൾ ധാരാളവും.

*ഇ.എം.എസ് ആത്മകഥയിൽ ഘോഷാ ബഹിഷ്ക്കരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി പറയുന്നതിങ്ങനെയാണ്*

**വി.ടി.ഭട്ടതിരിപ്പാട് മഷിയിൽ മുക്കിയെഴുതിയതും രാത്രി അരങ്ങേറിയതുമായ പ്രഹസനമാണോ, അതോ പാർവ്വതിമനേഴി എന്ന അന്തർജനം സ്വന്തം രക്തം കൊണ്ട് പകൽ കുറിച്ച നാന്ദിയാണോ കൂടുതൽ സെൻസേഷണൽ എന്ന് തീരുമാനിക്കാനാവാതെയാണ് സദസ്യർ അന്ന് സ്ഥലംവിട്ടത്. 'ധീരവനിത' എന്നാണ് വി.ടിയുടെ ആത്മകഥയിൽ ഞങ്ങളുടെ അമ്മയെ വിശേഷിപ്പിച്ചത്.**



*വി.ടി.ഭട്ടതിരിപ്പാട്*

രുന്ന് തേങ്ങിക്കാണും എന്റെ അമ്മ. 'പോകാൻ പറ! തനിയ്ക്ക് ഞാനില്ലെ? നമ്മുടെ (യോഗക്ഷേമ) സഭയില്ലെ?' എന്ന് ആശ്വസിപ്പിക്കാൻ അച്ഛൻ തുനിഞ്ഞുവോ? അറിഞ്ഞ് കൂടാ.

ഇന്നത്തെ അന്തർജ്ജന യുവതികൾ സ്വന്തം പൂർവ്വികന്മാരുടെ സ്ഥിര വേഷമായിരുന്ന ചേലപ്പുതപ്പും മറക്കുടയും ഒക്കെ കണ്ടിട്ടുണ്ടാവുമോ? സംശയമാണ്. വല്ല സിനിമയിലൊ സീരിയലിലൊ ഒക്കെ കണ്ടിട്ടുണ്ടാവാം. യാഥാസ്ഥിതിക മുസ്ലീം സ്ത്രീകളുടെ പർദ്ദയുടെ ഒരു പ്രാകൃത രൂപമാണിവ. (അന്തർജ്ജനങ്ങൾ മറക്കുടയില്ലാതെ ചേലപ്പുതപ്പില്ലാതെ ദാസിയുടെ അകമ്പടി കൂടാതെ പുറത്തിറങ്ങുന്നത് സമുദായഭ്രഷ്ട് അർഹിക്കുന്ന കുറ്റമാണെങ്കിൽ മറ്റു ജാതിയിൽപ്പെട്ട പെണ്ണുങ്ങൾ മാറ് മറയ്ക്കുന്നതായിരുന്നു കുറ്റം എന്നതാണ് വേറൊരു വിരോധാഭാസം!)

അന്തർജ്ജനയുവതികൾ ഇന്ന് 'മ്ലേച്ഛഭാഷ' പഠിച്ച് ഉയർന്ന ജോലികളിൽ ഏർപ്പെടുന്നു. രാത്രിയിൽപ്പോലും ഒറ്റയ്ക്ക് തീവണ്ടിയിലും വിമാനത്തിലും സഞ്ചരിക്കുന്നു. ആശുപത്രികളിലേയും സോഫ്റ്റ് വെയർ സ്ഥാപനങ്ങളിലേയും നൈറ്റ് ഷിഫ്റ്റിൽ അന്യപുരുഷന്മാരൊടൊപ്പമിരുന്നു ജോലിചെയ്യാൻ ഒറ്റയ്ക്ക് കാറോടിച്ച് പോവുന്നു. ഇരട്ടബിരുദമുള്ള കുട്ടിക്കാവുമാർ സ്വജാതിയിൽപ്പെട്ട തന്റെ ബാല്യകാല സഖാവ് പത്താംതരം തോറ്റ് അമ്പലത്തിൽ ശാന്തിവൃത്തി ചെയ്ത് പോരുകയാണെന്നറിഞ്ഞ്, അയാളെ തഴഞ്ഞ് തനിക്കിഷ്ടപ്പെട്ട അന്യ ജാതിക്കാരനെ, പലപ്പോഴും രക്ഷിതാക്കളുടെ എതിർപ്പിനെ വകവെക്കാതെ തന്നെ, വിവാഹം കഴിക്കുന്നു.

പുതിയ അന്തർജ്ജന യുവതികളുടെ വേഷവും രീതികളും എല്ലാം അന്യസമുദായങ്ങളിലേതു പോലെത്തന്നെ. മറക്കുട വലിച്ചെറിഞ്ഞ് ആദ്യമായി സാരിയും ബ്ലൗസും ധരിച്ച് പൊതുരംഗത്ത് വരാൻ ചങ്കുറ്റം കാണിച്ച ആ അന്തർജ്ജനത്തെപ്പറ്റി, പാർവ്വതി മനേഴിയെപ്പറ്റി ഇവർ കേട്ടിട്ടു പോലുമുണ്ടാവില്ല! അതവരുടെ കുറ്റമല്ല. വി.ടിയും ഇ.എം.എസും അവരുടെ ആത്മകഥകളിൽ അനുസ്മരിക്കുന്ന പാർവ്വതീ മനേഴിയെ നമ്പൂതിരിമാരുടെ സാമുദായിക സംഘടനയായ യോഗക്ഷേമസഭയുടെ തലപ്പത്തിരിക്കുന്നവർ പോലും ഇപ്പോൾ ഓർക്കുന്നില്ല. അന്തർജ്ജന യുവതികളുടെ പുരോഗമനം കുറെ കൂടിപ്പോവുന്നുണ്ടോ എന്നാണെന്ന് തോന്നുന്നു അവരുടെ ആശങ്ക. അതു പോട്ടെ, അമ്മയുടെ ഓർമ്മ നിലനിർത്താൻ മക്കളായ ഞങ്ങൾപോലും ചെയ്തില്ല, ഒരു ചുക്കും.

അയ്യങ്കാളിസമരം, വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം ഇങ്ങനെ ഒരുപാടെണ്ണമുണ്ട് കേരള നവോത്ഥാന ചരിത്രത്തിൽ കൊട്ടിഘോഷിക്കപ്പെട്ടു പോരുന്നവ. പക്ഷെ പാർവ്വതീമനഴി



*കടലുണ്ടിയിലെ മനേഴി ഇല്ലം*

**അമ്മയെപ്പറ്റി ഇ.എം.എസ് ഇങ്ങനെയെഴുതി. 1929 ഡിസംബറിൽ എടക്കുനിയിൽ കൂടിയ യോഗക്ഷേമസഭയുടെ സമ്മേളനത്തിൽ ഒരു നമ്പൂതിരി സത്രീ ഘോഷ ബഹിഷ്കരിച്ചു പങ്കു കൊണ്ടു. മിസ്സിസ് മനേഴി. അതു കഴിഞ്ഞൊരു ഒരു കൊല്ലത്തിനിടക്ക് പാർവതീ നെൻമിനിമംഗലം ആര്യാ പള്ളം മുതലായ ഒരു ഡസനോളം ഒരു നമ്പൂതിരിസത്രീകൾ കൂട്ടായി ഘോഷ ബഹിഷ്കരിച്ചു.**



*ഇ.എം.എസ് നമ്പൂതിരിപ്പാട്*

നടത്തിയ ഈ ഒറ്റയാൾ വിപ്ലവത്തിന് വേണ്ടത്ര പ്രചാരം ലഭിക്കാതെ പോയി. പത്രങ്ങളിൽ അന്ന് വാർത്തയായി വന്നിരുന്നുവോ? അറിഞ്ഞുകൂടാ. ആദ്യം ഒന്ന് ഞെട്ടിയ നമ്പൂതിരി യാഥാസ്ഥിതികത്വം 'ഏതോ ഒരു നമ്പീശത്തി' എന്ന് പറഞ്ഞ് ഈ ചരിത്ര സംഭവത്തെ നിസ്സാരവൽക്കരിച്ചു. ഒരു മൈക്രോസ്കോപിക് മൈനോറിട്ടിയെ മാത്രം ബാധിക്കുന്ന സംഭവമായതുകൊണ്ടാണോ 'ചായക്കോപ്പയിലെ കൊടുങ്കാറ്റ് പോലെ അത് ശ്രദ്ധിക്കപ്പെടാതെ പോയത്? ഫോട്ടോ അപ്പിന് അവസരം ലഭിക്കാതെ അമ്മ വിടപറയുകയും ചെയ്തു. വി.ടി, തുടങ്ങിയവർ ആത്മകഥകളിൽ അനുസ്മരിച്ചത് ഭാഗ്യം. അത്കൊണ്ട് പാർവ്വതീമനേഴി എന്ന ധീര വിപ്ലവകാരി ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലായില്ല.

അമ്മയെപ്പറ്റി പറയാം. കരിപ്പോട്ടില്ലത്ത് നിന്നായിരുന്നു അച്ഛന്റെ ആദ്യവേളി, പാർവ്വതി മനേഴിയെ. അമ്മ യെക്കുറിച്ച് എനിക്കുള്ള ഓർമ്മകൾ വളരെകുറച്ച് മാത്രമാണ്. ഇല്ലത്ത് ഭാഗം നടന്ന് ഞങ്ങളുടെ താവഴി മനേഴിപ്പടിപ്പുരയിൽ താമസിക്കുകയും അവിടെ വെച്ച് അമ്മ അകാല ചമരമടയുകയും ചെയ്ത ചെറിയൊരു കാലത്തിലൊതുങ്ങുന്ന ചില ഓർമ്മകൾ.

ചൊറിയും ചിരങ്ങും ബാധിച്ച് മെലിഞ്ഞൊട്ടിയ ഒരു കോലമായിരുന്നു എന്റേത്. ഏട്ടനാണെങ്കിൽ നല്ല തണ്ടും തടിയും. രാത്രി ഉറക്കത്തിൽ കിടക്കയിൽ മൂത്രമൊഴിക്കുന്ന ശീലമുണ്ടായിരുന്നു എനിക്ക്. 'കർക്കടാം കുന്ന്' എന്ന് വിളിച്ച് ഏട്ടൻ എന്നെ കളിയാക്കുമായിരുന്നു. (വി.ടി.യുടെ നാടകത്തിലെ ഒരു വിരൂപവൃദ്ധകഥാപാത്രമാണ് കർക്കടാംകുന്ന്. വി.ടിയുടെ നാടകത്തിന് കുട്ടികൾക്കിടയിൽപ്പോലും എത്ര പ്രചാരമുണ്ടായിരുന്നു എന്ന് മനസിലാക്കാൻ ഈ പരിഹാസപ്പേര് ഉപകരിക്കും.)

എനിക്ക് അതിയായ സങ്കടമോ ദേഷ്യമോ തോന്നും. ഞാൻ കരയും. കരയണ്ട കുട്ടാ, നമുക്ക് ഏട്ടന് ഇരുട്ടത്ത് ചോറു കൊടുത്ത് വിളക്കത്ത് കിടത്താ' അമ്മ



*തൃശൂരിലെ എടക്കുനി വടക്കിനിയേടത്തില്ലം*
*ഇവിടെ വച്ചാണ് പാർവതി മനേഴി ഘോഷ ബഹിഷ്കരിച്ചത്*

എന്നെ ആശ്വസിപ്പിക്കും.

'ചോറ് വിളക്കത്ത് തന്നെ മതി' ഞാൻ.

'അതെന്താ?' അമ്മ.

'ഏട്ടൻ എന്റെ പപ്പടം കട്ടെടുക്കും' (ഏട്ടന്റെ തൊട്ടടുത്ത തന്നെ ഇരുട്ടത്തിരുന്ന് ഉണ്ണാൻ ഞാനുമുണ്ടാവും എന്നായിരുന്നു എന്റെ ധാരണ) തുടർന്ന് കൂട്ടച്ചിരി.

പപ്പടമായിരുന്നു ഏട്ടന്റെ ഇഷ്ടവിഭവം. അത് ലഭിക്കാൻ ഏതറ്റം വരെയും പോവുകയും ചെയ്യും. ഉപനയനം കഴിഞ്ഞ് ഏട്ടൻ ബ്രഹ്മചാരിയായി കഴിഞ്ഞിരുന്ന കാലം. അമ്മ മരിച്ച് ഞങ്ങൾ പത്തായപ്പുരയിലായിരുന്നു. ബ്രഹ്മചാരിക്ക് പപ്പടം വർജ്യമാണ്. ഏട്ടനാവട്ടെ പപ്പടമില്ലാത്ത ഊണിനെപ്പറ്റി ചിന്തിക്കാൻ പോലും വയ്യ. ബ്രഹ്മചര്യവും പപ്പടവുമായുള്ള ഒരു കമ്പക്കയർ വലി.

ഒടുവിൽ ഒരു ഒത്തുതീർപ്പിലെത്തി. ഏട്ടന് വേണ്ടി 'കാരം' ചേർക്കാത്ത പപ്പടം സ്പെഷ്യലായി ഉണ്ടാക്കിക്കൊണ്ടുവരാൻ പപ്പടച്ചെട്ടിയെ ശട്ടംകെട്ടി. പത്തായത്തിൽ സാധാരണ പപ്പടത്തോടൊപ്പം തന്നെ സൂക്ഷിച്ചിരുന്ന ഏട്ടന്റെ സ്പെഷ്യൽ പപ്പടത്തിന്റെ അട്ടിക്ക് മാത്രം യാതൊരു ശോഷണവും സംഭവിച്ചിരുന്നില്ല. ഇതെന്തൊരു മറിമായം! ഞാൻ ചോദ്യം ചെയ്തപ്പോൾ പപ്പടം പെറുന്നതാണ് എന്നായിരുന്നു ഏട്ടന്റെ വിശദീകരണം. ആയിരിക്കാം. സംഭവിച്ചു കൂടായ്കയില്ല. പുസ്തകത്തിനകത്ത് സൂക്ഷിക്കുന്ന മയിൽപ്പീലി പെറും എന്ന് മാഷ് പറയാറുള്ളത് ഞാൻ കേട്ടിരുന്നു. ഏതായാലും ഒന്ന് പരിശോധിക്കുന്നത് നല്ലതെന്ന് തോന്നി. ആ അസാധാരണ പ്രസവത്തിന്റെ സൂതികാകർമ്മം നിർവ്വഹിച്ചിരുന്നത് ഏട്ടന്റെ കൈകൾ തന്നെയാണ് എന്ന് കണ്ടു പിടിക്കുകയും ചെയ്തു.

ഇരുട്ടത്ത് ചോറു കൊടുക്കുക എന്ന ശിക്ഷ തീരെ അപര്യാപ്തവും അപ്രായോഗികവുമാണെന്ന് കരുതിയ ഞാൻ കരച്ചിൽ നിർത്തിയില്ല.

'സാരല്ല്യ. അപ്പത്തടേരി (വി.ടി യുടെ തന്നെ വേറൊരു കഥാപാത്രം) എന്ന് അങ്ങോട്ടും വിളിച്ചോളോണ്ടു.' അമ്മ അങ്ങനെ ഏട്ടനും ഒരു ശകാരപ്പേര് കണ്ടുപിടിച്ചു തന്നു. ഞാൻ കരച്ചിൽ നിർത്തുകയും ചെയ്തു. അനിയത്തിയേയും ഏട്ടൻ വെറുതെ വിട്ടിരുന്നില്ല. സരോജത്തെ അമ്മ പെറ്റതൊന്നുമല്ല, തവിട് കൊടുത്ത് വാങ്ങിയതാണ്. ഓപ്പയെ ശുണ്ഠിപിടിപ്പിക്കാൻ വേണ്ടി ഏട്ടൻ ഇങ്ങനെ പറയാറുണ്ടായിരുന്നു. ഓപ്പക്ക് എപ്പോഴും എന്നോട് സഹതാപമേ ഉണ്ടായിരുന്നുള്ളു. കളിയാക്കുകയേ ഇല്ല ഒരിക്കലും.

എന്റെ താഴെ ഒരു പെൺകുട്ടിക്ക് കൂടി ജന്മം നൽകി അമ്മ. പേര് സത്യഭാമ .അസുരന്മാർക്കെതിരെ ഒറ്റയാൾ പോരാട്ടം നടത്തിയ സത്യഭാമയുടെ പേർ തിരഞ്ഞെടുത്തത് അമ്മ തന്നെയാവണം. ഭാമയെ പ്രസവിച്ച് അല്പം നാളുകൾ കഴിഞ്ഞാണ് അമ്മയെ ആ പനി പിടികൂടിയത്. ടൈഫോയ്ഡ്, പടിപ്പുര മാളികയിലെ വടക്കെ മുറിയിൽ രോഗം മൂർച്ഛിച് അവശയായിക്കിടന്നിരുന്ന അമ്മ, അച്ഛൻ നിർബന്ധിച്ച് മരുന്ന് കുടിപ്പിക്കുമ്പോൾ വേണ്ടാ എന്ന് കയ്യുർത്തി തടയുന്ന ചിത്രം എന്റെ മനസ്സിൽ അന്ന് പതിഞ്ഞത് ഇന്നും മായാതെ തന്നെ കിടക്കുന്നു.

അമ്മ പറ്റെ കിടപ്പിലായതോടെ വലിയപ്ഫന്റെ പത്തായപ്പുരയിലായിരുന്നു ഞങ്ങളുടെ ഊണും ഉറക്കവും ഒക്കെ. രാവിലെ അമ്മയെ ഒന്ന് സന്ദർശിച്ചേക്കാം എന്ന് വെച്ച് പടിപ്പുരയെ ലക്ഷ്യമാക്കി നടന്ന് നീങ്ങുമ്പോളാണ് ആളുകൾ കൂട്ടം കൂടി നിൽക്കുന്ന കാഴ്ച ഞാൻ കാണുന്നത്. പടിപ്പുര മാളികയുടെ വാതിൽ അടഞ്ഞ് കിടക്കുന്നു. 'എവടെ അമ്മ?' എന്ന് ഞാൻ ചോദിച്ചപ്പോഴാണ് വേലക്കാരികൾ മറുപടി ഒരക്ഷരം പറയാതെ എന്നെ വാരിയെടുത്തത്. ഞാൻ ചോദ്യം ആവർത്തിച്ചു കൊണ്ടിരുന്നു. ഒടുവിൽ അവർ ആ സത്യം വെളിപ്പെടുത്തി. അമ്മക്ക് സുക്കേട്' അധികമായതുകൊണ്ട് കോഴിക്കോട്ടെ ഡോ. ബാലകൃഷ്ണൻ നായരുടെ ആശുപത്രിയിലേക്ക് കൊണ്ടുപോയതാണ്. എനിക്ക് സമാധാനമായി.

പടിപ്പുര പൂട്ടിയിട്ടു. അച്ഛനടക്കം ഞങ്ങളെല്ലാം പത്തായപ്പുരയിൽത്തന്നെ. അമ്മയാണെങ്കിൽ തിരിച്ച് വരുന്നില്ല. കാണാഞ്ഞിട്ട് എനിക്ക് വല്ലാത്ത വിമ്മിഷ്ട്ടം. ഓപ്പയോട് ഇടക്കിടക്ക് പോദിക്കും. ഒരു ദിവസം ഓപ്പ പുതിയൊരു വാർത്ത പുറത്ത് വിട്ടു. ഉണ്ണി, അമ്മക്ക് പനി ഭേദമായിട്ടില്ല. ഗുരുവായൂരപ്പനെ ഭജിക്കാൻ ഗുരുവായൂർക്ക് പോയിരിക്കുകയാണ്. നല്ലോണം മാറിയിട്ടെ വരൂ. അതു ശരി, അപ്പോൾ ഈ ഡോക്ടർ ബാലകൃഷ്ണൻ നായരെ കാലണയ്ക്ക് കൊള്ളില്ല, അല്ലെ? അയാളുടെ കോട്ടും സൂട്ടും ഒക്കെ കണ്ട് മഹാകേമനാണെന്ന് ധരിച്ച് പോയ ഞാൻ എന്തൊരു മണ്ടൻ! ഗുരുവായൂരപ്പാ അങ്ങെങ്കിലും എന്റെ അമ്മയെ രക്ഷിക്കണേ! ഞാൻ ഉള്ളുരുകി പ്രാർത്ഥിച്ചു.

പക്ഷേ, ഒരാഴ്ച കഴിഞ്ഞില്ല. അമ്മ എന്നേക്കുമായി യാത്രയായി.

അപ്പൊ ഗുരുവായൂരപ്പനെക്കൊണ്ടും ഇത്രയൊക്കെയെ പറ്റൂ. ഞാൻ കരഞ്ഞില്ല. ആത്മാവ് അനശ്വരമാണ്, മരണം

വെറുമൊരു മാറ്റമാണ് എന്നൊക്കെ മനസ്സിലാക്കിയിരുന്നത് കൊണ്ടല്ല. അമ്മാത്തേക്ക് പോകാമല്ലൊ എന്ന സന്തോഷത്തിൽ ഞാൻ മറ്റെല്ലാം മറന്നു. അവിടെ മുത്തച്ഛന്റെ ആനയുണ്ട്, ചെറിയമ്മാമന്റെ ഗ്രാമഫോണുണ്ട്, ചെറിയമ്മാമൻ വളർത്തുന്ന മൊച്ചയുണ്ട്. ശ് എന്ന് കത്തുന്ന പെട്രോമേക്സ് ഉണ്ട്. അമ്മ ഇപ്പോൾ സ്വർഗ്ഗത്തിലുണ്ടാവും. ഓപ്പ ഇടയ്ക്കൊക്കെ പറയും.

എന്നെ സംബന്ധിച്ചാണെങ്കിൽ അമ്മാത്താണ് സ്വർഗ്ഗം. ഭൂമിയിലെ സ്വർഗ്ഗം. അമ്മയുടെ സ്നേഹത്തോളം വലിപ്പം ആനക്ക് പോലും ഇല്ലെന്നും അമ്മയുടെ ചിരിക്കാണ് പെട്രോമേക്സിനേക്കാൾ ശോഭയന്നും തിരിച്ചറിയാൻ കുറെക്കൂടി സമയമെടുത്തു. തിരിച്ചറിഞ്ഞപ്പോഴോ! അതിശക്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അമ്മയെന്നറിഞ്ഞു. ചില സംഭവങ്ങൾ കൂടി പറയാം.

21 ലെ മാപ്പിള ലഹള നടക്കുന്ന ഘട്ടം. ഇല്ലങ്ങളായ ഇല്ലങ്ങളിലെ ആബാലവൃദ്ധം ജനങ്ങളും ഒന്നുകിൽ അകലങ്ങളിലുള്ള ബന്ധുഗൃഹങ്ങളിൽ, അല്ലെങ്കിൽ അടുത്തുള്ള കോവിലകങ്ങളിൽ അഭയം തേടി.കൊള്ളയും കൊള്ളി വെപ്പും മതം മാറ്റവും ഭയന്ന് ഇല്ലത്തുള്ളവർ ശരണം പ്രാപിച്ചത് അങ്ങ് വടക്കുള്ള ചിറക്കൽ കോവിലകത്താണ്. തീവണ്ടിക്കുള്ളിൽ കയറിപ്പറ്റിയിട്ടും ഭയന്ന് വിറച്ച് വിറങ്ങലിച്ചാണ് എല്ലാവരുടെയും ഇരിപ്പ്. പക്ഷേ, പാർവ്വതി മനേഴിക്ക് മാത്രം ഒരു കൂസലുമില്ല. തീവണ്ടിക്കുള്ളിൽ പൊട്ടിച്ചിരിയും പാട്ടും തിരുവാതിരക്കളിയുമായി ഒരു യാത്ര. അച്ഛൻ പെങ്ങൾ പറഞ്ഞ് കേട്ട കഥയാണിത്.

ഇല്ലത്തെ മുത്തശ്ശനു നേരെപ്പോലും പരിഹാസശരം തൊടുത്ത് വിടണമെങ്കിൽ സാമാന്യത്തിലധികം ധൈര്യം വേണം. അമ്മക്ക് അതുണ്ടായിരുന്നു. ഒരു സംഭവം ഇതാണ്. കാരണവരും കൈകാര്യകർത്താവും വലിയ ഊറ്റക്കാരനുമായ ഇല്ലത്തെ മുത്തച്ഛൻ തന്റെ സംബന്ധഭാര്യയായ മാനംകുഴിയിലെ മാളുവിനും കൂട്ടർക്കും വാരിക്കോരിക്കൊടുത്തിരുന്നു എന്ന ഒരു ആരോപണം നിലനിന്നിരുന്നു. ഈ മാനംകുഴി എന്ന കുഴി എന്ത്? ഏത് കൊണ്ടുപോയി ഇട്ടാലും തൂരില്ലെ?' ഇക്കാര്യത്തെപ്പറ്റി അമ്മ പ്രതികരിച്ചത് ഇങ്ങനെയായിരുന്നത്രെ. ഉഗ്രശാസനനായിരുന്ന തറവാട്ടിൽക്കാരണവർക്കെതിരെ അക്കാലത്ത് ഒരു മരുമകൾ ഇങ്ങനെ പറയണമെങ്കിൽ നല്ല ധൈര്യം വേണം.

തറവാട്ടിൽ ആളോഹരി ഭാഗത്തിനു കാരണക്കാരിയായതും അമ്മ തന്നെ. ഒരു മുറിതേങ്ങയിൽ നിന്നായിരുന്നു അതിന്റെ തുടക്കം. ഭാഗത്തിന് തൊട്ടു മുമ്പുള്ള കാലഘട്ടത്തിൽ മുത്തപ്ഫനായിരുന്നു (വലിയ പരമേശ്വരൻ മൂസ്സത്) ഇല്ലത്തെ കൈകാര്യം നടത്തിപ്പോന്നിരുന്നത്. മുത്തഫന്റെ പിശുക്കാവട്ടെ

**അമ്മ ആ തിയ്യത്തിയെ രണ്ടും കല്പിപ്പിച്ച് കുളപ്പുരയിലേക്ക് വരുത്തി. അയിത്തമായാൽ ആവട്ടെ. കുളിക്കാലോ. ഏറെ പ്രയാസപ്പെട്ട് സാരിയുടുപ്പ് വിദ്യ വശമാക്കി. (വി.ടി.യെ അക്ഷരം പഠിപ്പിച്ചത് ഒരു തീയ്യാടിപ്പെണ്ണ്, അതുപോലെ പാർവ്വതീ മനേഴിയെ സാരിയുടിക്കാൻ പഠിപ്പിച്ചതും ഒരു തിയ്യത്തി.)**

പ്രസിദ്ധമായിരുന്നു. പത്തുപന്ത്രണ്ടംഗങ്ങളുള്ള ഒരു കുടുംബത്തിന് കറിവെയ്ക്കാൻ ഒരു നാളികേരമാണ് മുത്തപ്ഫൻ അനുവദിച്ചിരുന്നത്. സ്വന്തം ഇല്ലമായ കരിപ്പോട്ടെ ആർഭാടത്തിന്റെയും ധാരാളിത്തതിന്റെയും നടുവിൽ ജനിച്ച് വളർന്ന ഞങ്ങളുടെ അമ്മക്ക് ഈ പുതിയ ചുറ്റുപാടുമായി ഇണങ്ങിച്ചേരാൻ പറ്റാതെ പോയെങ്കിൽ അത്ഭുതമില്ല.

അക്കാലത്ത് ഇല്ലത്ത് മുത്തശ്ശിയും കരിങ്കപ്പാറ ഇല്ലത്ത് നിന്ന് വന്ന മറ്റൊരു മുത്തശ്ശിയും ഞങ്ങളുടെ അമ്മയുമായിരുന്നു സത്രീകൾ. ഈ മൂന്ന് പേരും ഊഴമിട്ട് ഓരോ മാസവും അടുക്കള ഭരണം നടത്തണം. ഇതായിരുന്നു മുത്തപ്ഫൻ വെച്ച വ്യവസ്ഥ. ഒരു കൂട്ടുത്തരവാദിത്വം. കരിങ്കപ്പാറ നിന്ന് വന്ന മുത്തശ്ശിയുടെ ഊഴം വരുമ്പോൾ കറിയുടെ ഗുണനിലവാരത്തിൽ വൻ ഇടിവ് സംഭവിച്ച് കൊണ്ടിരുന്നു. ഇതെന്ത് മറിമായം എന്ന് അത്ഭുതപ്പെട്ടു എല്ലാവരും.

ഒടുവിൽ വേലക്കാരി പാർതിയെ അമ്മ ക്രോസ് ചെയ്തപ്പോഴാണ് കള്ളി വെളിച്ചത്തായത്. അലോട്ട് ചെയ്യപ്പെട്ട തേങ്ങയിൽ മുത്തശ്ശി തന്റെ വക വേറൊരു വെട്ടിക്കുറവ് കൂടി നടത്തും. അരമുറിയേ അരക്കാൻ കൊടുക്കൂ. ബാക്കി അരമുറിയോ? അത് സ്വകാര്യത്തിൽ പാർതി മുഖേന വിറ്റ് കാശാക്കും. ഇതൊക്കെ കണ്ട് സഹികെട്ടിട്ടാവും ഭാഗം ചോദിക്കാൻ വേണ്ടി അമ്മ അച്ഛനെ മുത്തച്ഛന്റെ മുമ്പിലേയ്ക്ക് ഉന്തിത്തള്ളി വിട്ടത്. ഏതായാലും മനേഴിയിൽ ഭാഗം നടന്നു. മറ്റില്ലങ്ങളിലും ഇളമുറക്കാർക്ക് ഭാഗിച്ച് ഓഹരി കയ്യിൽക്കിട്ടിയാൽക്കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ,കാരണവന്മാരുടെ മുഷ്ക്കും മുരടത്തരവും കാരണം നടന്നില്ലെന്നേയുള്ളൂ, മനേഴി മുത്തശ്ശൻ മർക്കടമുഷ്ടിക്ക് തുനിഞ്ഞില്ല.അങ്ങനെ ഇല്ലത്ത് ആളോഹരി ഭാഗം നടന്നു.

അയിത്താചാരണത്തിന്റെ കാര്യത്തിലും അമ്മ അത്ര നിഷ്കർഷ കാട്ടിയില്ല. മുത്തപ്ഫന്റെ രണ്ടാമത്തെ മകനും പേരെടുത്ത പത്രപ്രവർത്തകനുമായിരുന്ന വി.എം. കൊറാത്ത്, തന്റെ ആത്മകഥയിൽ ഞങ്ങളുടെ അമ്മയെ അനുസ്മരിക്കുന്നുണ്ട്. ഭാഗിച്ച് വേർപിരിയുന്നതിന് മുമ്പ് മുത്തപ്ഫന്റെ സംബന്ധഭാര്യ കൊറാത്ത് കുമ്മിണിക്കുട്ടി അമ്മയും മക്കളും ഇല്ലത്തെ പത്തായപ്പുരയിലായിരുന്നു താമസം. മറ്റുള്ളവരെല്ലാം പടിഞ്ഞാറ്റയിലും.

വി.എം.കൊറാത്ത് എഴുതുന്നു: അകായിലെ അന്തർജനങ്ങൾ പുറത്തേക്കിറങ്ങില്ല. ഞങ്ങൾക്കാർക്കും അവരെ കാണാനുള്ള അനുവാദമില്ല. എന്നാൽ മൂത്തമകൻ അങ്ങുന്നിന്റെ ഭാര്യ (പാർവ്വതി മനേഴി) മാത്രം വ്യത്യസ്തയായിരുന്നു. ഞങ്ങളുടെ അമ്മയുമായി വലിയ കൂട്ടായിരുന്നു. ഒരുമിച്ചാണ് കുളിയും മറ്റും. ജാതിവ്യത്യാസത്തിന്റെ പേരിൽ മുത്തപ്ഫന്റെ ഭാര്യാമക്കളെ മറ്റുള്ളവർ അകറ്റി നിർത്തിയിരുന്നു. എന്നാൽ ഞങ്ങളുടെ അമ്മയ്ക്ക് ആ ഭേദചിന്ത ഉണ്ടായിരുന്നില്ല. എന്റെ മനസ്സിൽ സെക്യുലറിസത്തിന്റെ വിത്ത് പാകിയത് ആശാൻ കൃതികളും യുക്തിവാദവുമാണെന്നായിരുന്നു എന്റെ ധാരണ. അതല്ല ശരി. പാർവ്വതിമനേഴിയുടെ ഗർഭപാത്രത്തിൽ വെച്ച് തന്നെ ഗ്രഹിച്ചിരുന്നു അതിന്റെ ബാലപാഠങ്ങൾ.

മുപ്പത്തിരണ്ടാം വയസ്സിൽ മരിക്കാനുള്ള യോഗമുണ്ടായിരുന്നു അമ്മയുടെ ജാതകത്തിൽ എന്നാണ് കേട്ടിട്ടുള്ളത്. മരിച്ചത് മുപ്പത്തിരണ്ടാം വയസ്സിൽ തന്നെയായിരുന്നു. മറ്റൊരു കാരണവും പറഞ്ഞു കേൾക്കാറുണ്ട്. തനിയ്ക്ക് ഭാഗത്തിൽ കിട്ടിയ കുറ്റൻ വെള്ളോട്ട് ചരക്ക് അച്ഛൻ വിൽക്കുകയും ഏറ്റിക്കൊണ്ടു പോകാനുള്ള പ്രയാസം ഓർത്ത് അതു വാങ്ങിയ മാപ്പിളമാർ ഇല്ലത്തിന്റെ മുറ്റത്തിട്ട് തന്നെ ചരക്ക് തച്ചുടക്കുകയും ചെയ്തതിന്റെ ദൂഷ്യഫലമാണ് അമ്മയുടെ അകാല മരണമത്രെ. അതെന്തായാലും ഈ ഒരൊറ്റ വ്യക്തിയുടെ തിരോധാനം വലിയൊരു വഴിത്തിരിവായിത്തീർന്നു, അച്ഛന്റെയും ഞങ്ങൾ മൂന്ന് മക്കളുടെയും ജീവിതത്തിൽ. ശരിക്കും ഒരു ഹെയർപിൻ വഴിത്തിരിവ്.

അമ്മ! രണ്ടേ രണ്ടക്ഷരം!! അതേ നഷ്ടപ്പെട്ടുള്ളൂ. പക്ഷേ, മിഠായിയാണ് ലോകത്തിലെ ഏറ്റവും അഭികാമ്യമായ വസ്തു എന്ന് കരുതിപ്പോന്നിരുന്ന ഒരു നാല് വയസ്സുകാരന് ഇതിലും വലുതായി, ഇതിനേക്കാൾ വിലപ്പെട്ടതായി വേറെ എന്താണുള്ളത്, നഷ്ടപ്പെടാനുള്ളത്.● ബിമൽ മനേഴി: 7902841538

## നമ്പൂതിരിമാർ വായിക്കേണ്ട ഒരു കഥ

# നേതാവ് മരിച്ചപ്പോൾ

### അത്തിപ്പറ്റ രവി



ഏതാണ്ട് പതിനഞ്ചു കൊല്ലം മുമ്പാണ്. അച്ഛന്റെ 'നോക്കിയ 1100'- ൽ മോഹനവർണ്ണത്തിന്റെ പല്ലവിയുയർന്നപ്പോൾ പോയെടുത്തു.

'തമ്പ്രാനല്ലേ?'

'അല്ല. മകനാണ്'

'മ്പടെ നേതാവ് പുലർച്ചെ നാല് നാലരയ്ക്കു കഴിഞ്ഞൂ ന്ന് അച്ഛനോട് പറയൂ ട്ടോ'

വിളിച്ചതു നേതാവിന്റെ അയൽക്കാരനാണ്. ശബ്ദം കേട്ടാലറിയും.

'തലപോയ ഒരു കവുങ്ങ് തൊടീല് നിക്കണത് ഒന്നു കിട്ട്യാ മിറ്റത്തൊരു പന്തല്ടാർന്നു. ഒന്നു ചോയ്ക്കോ ബ്ട്ന്നേ?'

'അച്ഛൻ അക്കരയ്ക്കു പോയതാണ്. മൊബൈൽ കൊണ്ടോവാൻ മറന്നു. കവുങ്ങിന്റെ കാര്യം ചോദിയ്ക്കാനൊന്നൂല്ല. അച്ഛനു സമ്മതാവാതിരിയ്ക്കില്ല. ആരാച്ചാ വന്ന് വെട്ടിക്കൊണ്ടോയ്ക്കോളൂ.'

ഇന്നത്തെപ്പോലെ അന്നു തുണിപ്പന്തലൊന്നും സാർവത്രികമായിരുന്നില്ലല്ലോ!അതിനും മുമ്പോ..

ഓർമ്മകൾ പിന്നോട്ടു പായുകയാണ്...പുഴയ്ക്കക്കരെയാണ് ശരിയ്ക്കില്ലം. വർഷങ്ങൾക്കു മുമ്പ്, മുത്തശ്ശനുള്ള കാലത്തുതന്നെ ഭാഗം കഴിഞ്ഞു. ഇക്കരെയുള്ള കളം നന്നാക്കി, ഞങ്ങൾ ഇവിടെ താമസമാക്കി. ഇവിടെക്കിടന്നാണ് ഒരു മകരമാസത്തിൽ മുത്തശ്ശൻ മരിച്ചത്. പിന്നത്തെ കന്നിമാസത്തിലാണ് ഞാനുണ്ടായത്. അതിനാൽ എനിയ്ക്കില്ലം ഇതുതന്നെ. 'അച്ഛന്റെയും ഓപ്പോൾമാരുടെയും ഇല്ലം' എനിയ്ക്കു വെറും 'അക്കരെ'യായി! വല്യച്ഛന്മാരും അപ്ഫനുമൊക്കെ അക്കരെത്തന്നെയാണിപ്പോളും. ഇവിടെ ഇല്ലത്ത് മുത്തശ്ശിയും അച്ഛനും അമ്മയും നടുലച്ഛമ്മളും ഏഴ് ഓപ്പോൾമാരും കുട്ട്യേട്ടനും ഞാനും കുട്ട്യാലിയുമാണുള്ളത്. കുട്ട്യേട്ടനും വല്യേ രണ്ട് ഓപ്പോൾമാരും നടുലച്ഛമ്മളുടെ മക്കളാണെന്ന് സ്കൂളിൽ ചേർന്ന കാലത്തേ എനിയ്ക്കു മനസ്സിലായിട്ടുള്ളൂ! പയ്യിനെ കറക്കുകയും കന്നുപൂട്ടുകയും അങ്ങാടിയിൽപ്പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടുവരികയും എന്നെ തോളിലേറ്റി സ്കൂളിലേയ്ക്കു കൊണ്ടുപോവുകയും ചെയ്തിരുന്ന കുട്ട്യാലി ഇല്ലത്തെയല്ല എന്നും അക്കാലത്തേ മനസ്സിലായിട്ടുള്ളൂ! അതുകൊണ്ടാവും 'കുട്ട്യാലിയുടെ മുറി' ഇല്ലത്തിനുള്ളിലല്ലാത്തത്. അക്കാലത്തൊരു ദിവസം.



'നമ്പൂര്യച്ചാ മൂരാച്ചീ
തൊഴിലാളികളെത്തൊട്ടുകളിച്ചാൽ
അക്കളി തീക്കളി നോക്കിക്കോ
തൊഴിലാളൈക്യം സിന്ദാബാദ്'

എന്ന ലഹള കേട്ടുകൊണ്ടാണ് ഉണർന്നത്. പുറത്തളത്തിന്റെ ജനലിലൂടെ പുറത്തേയ്ക്കു നോക്കിയപ്പോൾ പത്തിരുപതാളുകൾ മുറ്റത്തുനിന്ന് മുഷ്ടിചുരുട്ടി ആകാശത്തേയ്ക്കു വീശിക്കൊണ്ടു താളത്തിൽ പാടുന്നു. ഒരാളുടെ കൈയിൽ ചോന്ന തുണി കെട്ടിയ ഒരു ശീമക്കൊന്ന വടിയുമുണ്ട്. ഹായ്! കാണാനും കേൾക്കാനും നല്ല രസം! 'നമ്പൂര്യച്ചൻ' അച്ഛനാണെന്നു മനസ്സിലായി. പക്ഷേ, 'മൂരാച്ചി'യാരാണാവോ!

പതുക്കെ പൂമുഖത്തേയ്ക്കു ചെന്നു. അച്ഛന്റെയും കുട്ട്യാലിയുടെയും മുഖം കണ്ടപ്പോൾ എന്തോ പന്തികേടു തോന്നി. എങ്കിൽ 'മൂരാച്ചി' കുട്ട്യാലിതന്നെ! എനിയ്ക്കുറപ്പായി. അതിനാൽ പതുക്കെ അടുക്കളയിലേയ്ക്കു വലിഞ്ഞു. അവിടെ എല്ലാവരുടെയും മുഖത്ത് പരിഭ്രമം. മുത്തശ്ശിയും അമ്മയും കരയുന്നുണ്ടോ! കരച്ചിലിനിടയിലും മുത്തശ്ശി, 'എന്ത് തെറ്റേ കുഞ്ചു ഇവരോട് ചെയ്തതാവോ! നേതാവ് പുഴുത്ത് ചാവും' എന്നും പറയുന്നുണ്ട്. മുത്തശ്ശിയുടെയും അച്ഛമ്മളുടെയും കുഞ്ചു എന്റെ അച്ഛനാണ്. അതെനിയ്ക്കറിയാം. പക്ഷേ, നേതാവാരാണെന്ന് ഒട്ടും മനസ്സിലായില്ല. അമ്മയോടും ഓപ്പോൾമാരോടുമൊക്കെ ചോദിച്ചുനോക്കി. ആരും പറഞ്ഞുതന്നില്ല. എല്ലാർക്കും കുശുമ്പാണ്.

പിറ്റേന്ന് സ്കൂളിൽ പോകുമ്പോൾ ഞാൻ കുട്ട്യാലിയോടു കാര്യം ചോദിച്ചു.

'ബ്ട്ത്തെടച്ഛൻ ഒന്നുരണ്ട് കണ്ടം വിക്കാൻ നോക്കീത് അവർക്ക് പറ്റീല്യാ. അതിനാണവർ ബഹളമുണ്ടാക്കിയത്'

'അച്ഛനെന്തിനാ കണ്ടം വിക്കണത്?'

'ബ്ട്ത്തടെ ഓപ്പേരെ പഠിപ്പിയ്ക്കാനും കൊടുക്കാനുമൊക്കെയുള്ള കാശ് ണ്ടാക്കാൻതന്നെ. തൊടിയിലെ തേക്കും പ്ലാവും മാവുമൊക്കെ ഇടയ്ക്കു വിക്കണതും കാശിനു വേണ്ട്യാണലോ'

'എന്തിനാ, ആർക്കാ ഓപ്പ്ളേരെ കൊടുക്കണ്?'

‘ഇങ്ങന്യാക്കെ ചോയ്ച്ചാപ്പൊ ... അട്ട്യേനറിയില്യാ.ബ്ട്ത്തടെ അമ്മോട് ചോയ്ച്ചോക്കൂ’

ചുവന്ന തുണി ചുറ്റിയ വടി കൈയിൽപ്പിടിച്ച ആളാണ് നേതാവ് എന്നും അതിനു കൊടി എന്നാണ് പറയുക എന്നും കുട്ട്യാലി പറഞ്ഞുതന്നു.

‘കുട്ട്യാലിയ്ക്കെന്തെല്ലാം കാര്യങ്ങളറിയും! ആളൊരു കേമൻ തന്നെ!’

നേതാവും കൂടെയുണ്ടായിരുന്നവരിൽ പലരും ഞാറുനടാനും കൊയ്യാനും മെതിയ്ക്കാനുമൊക്കെ വരാറുള്ളവരാണ്. അവരെല്ലാം അച്ഛനെതിരായാണ് മുദ്രാവാക്യം (ആ പേരും കുട്ട്യാലിതന്നെയാണ് പറഞ്ഞുതന്നത്!) വിളിച്ചത് എന്നും എനിയ്ക്കു മനസ്സിലായി. കഷ്ടം! അടിച്ചുതളിയ്ക്കാനും പാത്രം മോറാനുമൊക്കെയായി എന്നും ഇല്ലത്തു വരാറുള്ള പെണ്ണുങ്ങളും അക്കൂട്ടത്തിലുണ്ട്.

‘ബ്ട്ന്ന് ബടെ താമസാക്ക്യേപ്പൊ അട്ട്യേങ്ങക്ക് പട്ടിണികിടക്കണ്ടാന്നായീട്ടോ’ എന്ന് അവർ അമ്മയോടു പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുള്ളതും കൂടിയാണ്. എന്നിട്ടും! നേതാവാണ് അവരെ അച്ഛനെതിരാക്കിയത് എന്നും കുട്ട്യാലി പറഞ്ഞുതന്നു. ഓരോദിവസം കഴിയുംതോറും എനിയ്ക്കു കുട്ട്യാലിയോടു ബഹുമാനം കൂടിക്കൂടിവന്നു. കന്നുപൂട്ടാനും കന്നിനെ മേയ്ക്കാനും പയ്യ് പെറാറാവുമ്പോൾ മൃഗഡോക്റ്ററെ കൊണ്ടുവരാനും എല്ലാം കുട്ട്യാലിയ്ക്കു മാത്രമേ അറിയൂ; മാഷായ അച്ഛനുംകൂടി അറിയില്ല! മാത്രമല്ല, കൈകളിലും വയറ്റത്തുമൊക്കെ കട്ട മസിലുമുണ്ട്!

നേതാവിന്റെ സമരവീര്യം ദിവസം പ്രതി കൂടിക്കൂടിവന്നു. ഇരിയ്ക്കണമ്മാർ പണിയ്ക്കു വരാതായെന്നു മാത്രമല്ല അന്നോളം വന്നതിനുള്ള ‘അവകാശം’വേണമെന്നാവശ്യപ്പെടുകയും ചെയ്തു. അത് മുത്തശ്ശിയുടെ ശാപത്തിനു ശക്തികൂട്ടി. നേതാവിന്റെ പിന്നിൽ നായർമാഷും തരകൻമാഷുമൊക്കെയുണ്ടെന്നറിഞ്ഞപ്പോൾ,

‘തങ്കത്തിന്റെ നായരോട് കുഞ്ഞു എന്തു ദ്രോഹം ചെയ്തു ആവോ!’ എന്നു സങ്കടത്തോടെ ഇടയ്ക്കെല്ലാം പറയാൻ തുടങ്ങി. മുത്തശ്ശൻ ആദ്യം കല്യാണം കഴിച്ചത് ഒരു നായർസ്ത്രീയെയാണെന്നും അവരുടെ മകളുടെ മകളാണീ തങ്കം എന്നും അമ്മ പറഞ്ഞുതന്നിട്ടുണ്ട്.

ആയിടയ്ക്കൊരു ദിവസം സന്ധ്യയ്ക്ക് അച്ഛനും കുട്ട്യാലിയും എന്തോ സംസാരിയ്ക്കുകയായിരുന്നു. ‘പൂമ്പാറ്റ’യിലെ കപീഷ് വായിച്ചുകൊണ്ട് ഞാനും അവർക്കടുത്തുണ്ട്. പെട്ടെന്നാണ് പടിഞ്ഞാറേത്തൊടിയുടെ അപ്പുറത്തെവിടെനിന്നോ തീയും പുകയുമുയരുന്നതു കണ്ടത്. ‘എന്താണവിടെ ആവോ’ എന്നു പറഞ്ഞുകൊണ്ട് കുട്ട്യാലി അങ്ങോട്ടോടി.

കുട്ട്യാലിയ്ക്ക് ഇരുട്ടിനെ പേടിയില്ല; ടോർച്ചുപോലുമില്ലാതെയാണോടിയത്!

കുറെ സമയം കഴിഞ്ഞാണത്രേ തിരിച്ചുവന്നത്. അപ്പോഴേയ്ക്കും ഞാനുറങ്ങിയിരുന്നു. അതിനാൽ എന്താണവിടെയുണ്ടായത് എന്നു പിറ്റേന്നേ അറിയാൻ കഴിഞ്ഞുള്ളൂ.

‘ഇന്ദിരാഗാന്ധി സിന്ദാബാദ്’ എന്ന് ഇടയ്ക്കെല്ലാം ഉറക്കെപ്പറഞ്ഞിരുന്ന ഒരാളെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. അയാളുടെ വീടാണത്രേ കത്തിയത്! അയാൾ അടുത്തുള്ള ഒരു മരക്കൊമ്പിൽ തൂങ്ങിമരിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ആരുടെയും മരണം അന്നോളം ഞാൻ കണ്ടിട്ടില്ലായിരുന്നു. മരത്തിൽക്കയറുന്നവരെയല്ലാതെ തൂങ്ങുന്നവരെയും കണ്ടിട്ടില്ലായിരുന്നു. പക്ഷേ, കാണാൻ പോകാൻ ഇല്ലത്തെ ആരും എന്നെ സമ്മതിച്ചില്ല. കുട്ട്യാലി പോലും! അന്നാദ്യമായി എനിയ്ക്കു കുട്ട്യാലിയോടു ദേഷ്യം തോന്നി!

അന്നു വൈകുന്നേരം നേതാവും കൂട്ടരും വീണ്ടും വന്നു ലഹളയുണ്ടാക്കി. കാരണം തലേന്നു മരിച്ച ആളെ അച്ഛനും കുട്ട്യാലിയും കൂടി കൊന്നുകെട്ടിത്തൂക്കിയതാണത്രേ; എന്നിട്ടയാളുടെ വീടു കത്തിയ്ക്കുകയും ചെയ്തു!

‘നുണയാണത്. അപ്പോൾ അച്ഛനും കുട്ട്യാലിയും ഇവിടെയുണ്ടായിരുന്നു’ എന്നു ഞാൻ പറയാനാഞ്ഞതാണ്. പക്ഷേ, അപ്പോഴേയ്ക്കും എന്റെ വായ പൊത്തി ഓപ്പോൾമാരാരോ എന്നെ അകത്തേയ്ക്കു കൊണ്ടുപോയി.

പിന്നെ കോടതി, കേസ് എന്നൊക്കെ പലരും പലപ്പോഴും പറയുന്നതു കേട്ടു. എന്തൊക്കെയോ വലിയ ചില പ്രശ്നങ്ങൾ അച്ഛനും കുട്ട്യാലിയ്ക്കുമുണ്ടെന്നെനിയ്ക്കു മനസ്സിലായി. ഒരിയ്ക്കൽ അമ്മാത്തു പോയപ്പോൾ മുത്തശ്ശൻ ഒരു ഗദ തന്നിരുന്നു - കഥകളിയിലെ രൗദ്രഭീമന്റെ കൈയിലുണ്ടാവുന്നതുപോലത്തെ ഒരു ചുവന്ന ഗദ. എന്നെ ആരും സമ്മതിയ്ക്കാഞ്ഞിട്ടാണ്. അല്ലായിരുന്നെങ്കിൽ ഞാൻ നേതാവിനെ അതുകൊണ്ടടിച്ചു കൊന്ന് കുടൽമാല പുറത്തെടുക്കുമായിരുന്നു!

അച്ഛൻ ഇടയ്ക്കിടയ്ക്ക് ‘വലിയ കുട്ടേട്ടനെ’ കാണാൻ പോകാൻ തുടങ്ങി. വലിയ അച്ഛമ്മയുടെ മകനാണ് ഈ ‘വലിയ കുട്ടേട്ടൻ’. ഇല്ലത്തുനിന്നു കുറെ ദൂരെ വേറെയൊരു ജില്ലയിൽ താമസിയ്ക്കുന്ന കുട്ടേട്ടന് വലിയ വലിയ ചില ആൾക്കാരുമായിട്ടൊക്കെ വലിയ അടുപ്പമാണത്രേ! കുട്ടേട്ടന്റെ സമർത്ഥമായ ഇടപെടലുകളിലൂടെ നേതാവും കൂട്ടാളികളും പിന്നെ വല്ലാതെ ലഹളയ്ക്കൊന്നും വന്നില്ല. കുട്ടേട്ടൻ കുട്ട്യാലിയെക്കാൾ കേമനാണ്!

കാലചക്രം കുറെ തിരിഞ്ഞു. മുത്തശ്ശിയും കുട്ട്യാലിയും മരിച്ചു. കൂലിപ്പണി ചെയ്യാതെ ജീവിയ്ക്കാവുന്ന ഒരു ചുറ്റുപാടിലെത്തി നേതാവ്. പക്ഷേ, മുദ്രാവാക്യം വിളിയ്ക്കുമ്പോൾ ഒരു ഊർജ്ജമില്ലാതാവുന്നതുപോലെ! മാസങ്ങളും വർഷങ്ങളും പൊയ്പ്പോകവേ, ഒരു വല്ലാത്ത ശബ്ദമല്ലാതെ വാക്കുകൾ ശരിയ്ക്കു പുറത്തു വരാതായിത്തുടങ്ങി. വടിയില്ലാതെ നടക്കാനും പറ്റാതായി. വല്ലപ്പോഴും അച്ഛനെയോ എന്നെയോ കണ്ടുമുട്ടുമ്പോൾ അയാൾ ഒന്നു കൈകൂപ്പുകമാത്രം ചെയ്യും. ഒന്നും മിണ്ടാനാവാത്തതുകൊണ്ടാണോ ആ കണ്ണു നിറയുന്നത്! ഹേയ്, അതുകൊണ്ടാവില്ല. നേതാവിനു കരയാനറിയില്ലല്ലോ!

‘എന്താ ഉണ്ണീ, ഇന്നു കുളിയും തേവാരവുമൊന്നുമില്ലേ, ഫോണും പിടിച്ചിങ്ങനെ ഇരുന്നാൽ മത്യോ?’ അമ്മയാണ്.

‘അമ്മേ, നമ്മുടെ നേതാവ് മരിച്ചൂത്രേ’

‘ഏതു നേതാവ്?’

‘നമ്പൂര്യച്ചാ മൂരാച്ചീ ... എന്നു വിളിച്ചിരുന്ന ... ആ’

‘അതെയോ! പാവം!’

അമ്മയുടെ കണ്ണിൽ എല്ലാവരും എന്നും പാവങ്ങളാണ്. അമ്മയ്ക്കു സ്നേഹിയ്ക്കാനേ അറിയൂ, വെറുക്കാനറിയില്ല. നേതാവേ, അനുഗ്രഹത്തിലും ശാപത്തിലുമൊന്നും വിശ്വസിയ്ക്കാത്ത ആളാണ് നിങ്ങളെന്ന് എനിയ്ക്കറിയാം. എങ്കിലും, നിങ്ങളുടെ ആത്മശാന്തിയ്ക്കായി ഞാൻ പ്രാർത്ഥിയ്ക്കുന്നു. ●

അത്തിപ്പറ്റ രവി :9447997695

**ഷഷ്ഠിപൂർത്തി പിന്നിട്ട മില്ലിന്റെ ഓണാശംസകൾ**

തിരുന്നാരായണപുരത്ത് കിഴിയേടത്ത് മനയുടെ ഉടമസ്ഥതയിലുള്ള ഈ റൈസ് മിൽ ശ്രീകൃഷ്ണപുരത്ത് കറന്റ് വരുന്നതിനും ഒരു വർഷം മുൻമ്പ് 1961ൽ തിരുവില്വാമല കുന്നത്തെ കേശവൻ നമ്പൂതിരി തുടക്കമിട്ടതാണ്. ഡീസലിൽ പ്രവർത്തിയ്ക്കുന്ന മിൽ. കിഴിയേടത്ത് മന കൃഷ്ണൻ നമ്പൂതിരി ,ശാസ്ത്രശർമ്മൻ നമ്പൂതിരി എന്നിവർ സഹായികളുമായി.1964 ലാണ് കറന്റ് കണക്ഷൻ കിട്ടുന്നത്.ഇപ്പോൾ അശോകൻ നമ്പൂതിരിയാണ് നടത്തിപ്പ്.മികവുറ്റ പല മില്ലുകളും വന്നെങ്കിലും പഴമക്കാരായവർക്ക് മാത്രമല്ല പുതു തലമുറക്കാർക്കും നമ്പൂതിരിയുടെ മില്ലിനോട് ഒരു പ്രത്യേക അടുപ്പമാണ്.

**സേവനങ്ങൾ:**

**നെല്ല് കുത്ത് /ധാന്യങ്ങൾ പൊടിക്കൽ/ വറുത്ത് പൊടിക്കൽ / കൊപ്ര, എള്ള്, കടല എന്നിവ ആട്ടൽ / അത്യാവശ്യക്കാർക്ക് ശുദ്ധമായ ആട്ടിയ എണ്ണയും ലഭിയ്ക്കും**

**ടി.കെ.അശോകൻ നമ്പൂതിരി,**
അശോകാ റൈസ് ഫ്ളോർ
&ഓയിൽ മിൽ, ഷെഡുംകുന്ന്,
ശ്രീകൃഷ്ണപുരം,പാലക്കാട് (ജില്ല)
മൊബൈൽ:9446106149

# അഴുക്കിനെ അലിയിച്ചു കളയും ഈ അന്തർജനം

പരസ്യത്തിൽ മഞ്ജു വാര്യർ പറഞ്ഞപോലെയാണ് കാര്യങ്ങൾ. ഏത് അഴുക്കിനെയും അലിയിച്ചുകളയും ഇവർ. എന്തെങ്കിലും ജോലി ചെയ്യണമെന്ന മോഹം അടക്കാനാവാതെ വന്നപ്പോൾ ഭർത്താവിനോട് സൂചിപ്പിച്ചു. ഭർത്താവിന്റെ പ്രേരണ കൂടിയായപ്പോൾ അലക്കുകാരിയായി ഈ അന്തർജനം. വീട്ടുകാർ ആദ്യം എതിർത്തു. അപ്പോൾ ആശങ്കയായി.അതുകൊണ്ട് കൂട്ടുകാരുമായി ചർച്ച ചെയ്തു. അപ്പോൾ സ്വന്തമായി തുടങ്ങാൻ പറ്റിയ ഒരു ചെറിയ സംരംഭം എന്നവർ പറഞ്ഞു. ഇഷ്ടമായി, അതിനു വേണ്ടി പരിശ്രമിച്ചു. പിന്നെ വീട്ടുകാർക്കും പൂർണ സമ്മതമായി.

അങ്ങനെ 2018 – ൽ പയ്യന്നൂർ താലൂക്കിന്റെ കീഴിലുള്ള മാതമംഗലം പേരൂലിൽ മിനി- ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടകയ്ക്ക് റൂം കിട്ടി. ആവശ്യമായ മെഷീനുകളും മറ്റും കൊണ്ടുവന്നു. നല്ല സമയം നോക്കി 2018 ആഗസ്റ്റ് 27–ന് രാവിലെ ഗണപതി ഹോമത്തോടു കൂടി മലബാർ




പവർ ലോൺഡ്രി ലോൺട്രി തുറന്നു. ഇപ്പോൾ കോവിഡ് ആയതിനാൽ നിർത്തി വെച്ചിരിക്കുകയാണ്. നല്ല സംരംഭമാണ്. നല്ല വരുമാനമുണ്ടായിരുന്നു. കോവിഡ് കുറഞ്ഞാൽ വീണ്ടും തുടങ്ങും.

അലക്കി വെളുപ്പിക്കുന്ന പണി വെളുത്തേടന്റെയാണ്. എന്നാൽ ഈ അന്തർജനം എന്തും അലക്കി വെളുപ്പിക്കും.

കണ്ണൂർ മാതമംഗലത്ത് മലബാർ പവർ ലോൺട്രി നടത്തുകയാണ് ഇവർ. വനിത സംരംഭം : ഗിരിജ അന്തർജനം(47 വയസ്സ്) , മണ്ണംകുളം ഇല്ലം , വിളയാംകോട് , കണ്ണൂർ മെഡിക്കൽ കോളേജ് , കണ്ണൂർ ജില്ല ഭർത്താവ് ബാബു നമ്പൂതിരി ശാന്തിക്കാരനാണ്. മൂന്നു മക്കൾ. രണ്ട് പെൺ മക്കളും, ഒരാണും. രണ്ടു പേർ എൻജിനീയറിങ്, ഒരാൾ 10–ൽ പഠിക്കുന്നു.

ടൂറിസ്റ്റ് ഹോമുകൾ കേന്ദ്രമാക്കിയാണ് പ്രവർത്തനമേഖല തുടങ്ങിയത്.2018 ആഗസ്റ്റിൽ.

Mob:7510484355 /9447394246

# ആര്യയും പാർവതിയും ചേർന്നാൽ ആപ്തി

കോവിഡ് കാലത്തെ പിരിമുറുക്കം മാറ്റാനും പോക്കറ്റ് മണി ഉണ്ടാക്കാനുമാണ് ഇവിടെത്തെ സ്ത്രീജനങ്ങൾ ചെറിയൊരു ബിസിനസ് തുടങ്ങാൻ പ്ലാനിട്ടത്.പരീക്ഷണമെന്ന നിലക്ക് കുറച്ചു പ്രൊഡക്റ്റ്സ്. ചമ്മന്തിപ്പൊടി, സമ്പാർപൊടി, ചട്ടണിപൊടി, മല്ലിപ്പൊടി അങ്ങനെ ചിലത്. പരിചയക്കാർക്ക് കൊടുത്തു.എല്ലാവരും നന്നായി സഹകരിച്ചു. അതിൽ നിന്നും ലഭിച്ച ചെറിയ ഒരു ലാഭം.അതാണ് ആദ്യത്തെ സമ്പാദ്യം.

അതിനുമുമ്പ് തന്നെ ആത്തേമാരുകൾക്ക് ചെറിയ രീതിയിൽ ബിസിനസ്സുണ്ടായിരുന്നു. 2019 ലെ ഓണത്തിന് നേരംപോക്ക് എന്ന നിലക്ക് കുറച്ചു കായവറുത്തു. വേണ്ടപ്പെട്ട ചിലർക്കൊക്കെ കൊടുത്തു. അപ്പോഴേക്കും ഒരുപാട് ഓർഡറുകൾ വരികയും ഇല്ലത്തുള്ളവർക്ക് പോലും ആവശ്യത്തിന് കിട്ടാതാവുകയും ചെയ്തു. അത് എല്ലാർക്കും വലിയ ഊർജ്ജമായി.

പെരിങ്ങര സ്പെഷ്യൽ കടുമാങ്ങക്ക് വർഷങ്ങളുടെ പാരമ്പര്യമുണ്ട്.കൊ


എല്ലാപൊടികളും ചേർന്ന കിറ്റ് 450 രൂപ
ഇന്ത്യയിലെവിടെയും
എത്തിച്ചു കൊടുക്കുന്നു

PERINGARA MANA'S
aapthi
fssai 21320196000443

Peringara Mana Food Products
Thoyakkavu P O, Thrissur 680513
Mobile 9747725743
Email: peringara.mana@gmail.com


ണ്ടാട്ടമുളക്, കൈപ്പയ്ക്ക കൊണ്ടാട്ടം ഇതെല്ലാം ചില വർഷങ്ങളിൽ പതിവുണ്ട്.അതും വളരെ ചെറിയ തോതിൽ.ബിസിനസിന്റെ തന്ത്രങ്ങളോ പാരമ്പര്യമോ ഒന്നുമില്ല.ഈശ്വരൻ അനുഗ്രഹിച്ച കൈപ്പുണ്യം മാത്രം. മായം ചേർത്ത് അമിത ലാഭം നേടാമെന്ന അതിമോഹം ഇല്ലാത്തതിനാൽ കസ്റ്റമേഴ്സിന്റെ ഗുഡ് ബുക്കിൽ ഇടം നേടാനുമായി.

ആര്യ എന്നും പാർവതി എന്നും പേരുള്ള ഇല്ലത്തെ 2 മുത്തശ്ശിമാരുടെ പേരുകൾ ചേർന്നാണ് ആപ്തി ആയത്. മാത്രമല്ല വിശ്വാസം എന്ന അർത്ഥവുമുണ്ട്. എല്ലാവരും എതിർപ്പില്ലാതെ തിരഞ്ഞെടുത്തത് ഈ പേരാണ്.

പൊടികളിലാണ് തുടങ്ങിയത് എങ്കിലും ഇപ്പോൾ വിവിധ തരം അച്ചാറുകൾ, പുളിയിഞ്ചി ഒക്കെ തയ്യാറാക്കുന്നുണ്ട്.തിരുവാതിരക്കാലം ആയപ്പോൾ ആപ്തിയുടെ കൂവപ്പൊടിക്ക് പലയിടങ്ങളിൽ നിന്നും ആവശ്യക്കാർ വന്നിരുന്നു.

അതൊക്കെയാണ് ഞങ്ങളുടെ പ്രോത്സാഹനം. സഹായത്തിന് പോലും ഒരാളെ വക്കാൻ നിവർത്തി ഇല്ലാത്ത ഈ കോവിഡ് കാലത്തും ഓർഡറുകൾ വരുമ്പോൾ മനസ്സിന് വല്ലാത്ത സന്തോഷം ആണ് എല്ലാവർക്കും. ഇന്ന് ആപ്തിയുടെ ചമ്മന്തിപ്പൊടിക്ക് ലോകത്തിന്റെ പല കോണുകളിലും ആരാധകർ ഉണ്ട്..! ●

# വാഴകുന്നം ഭാഗവതോത്തമനായത് ഇങ്ങനെ

**ഡോ.ചേക്രക്കൽ ശ്രീകുമാരൻ നമ്പൂതിരി**



ഇരുപത്തേഴ് വയസ്സിലാണ്. വാഴകുന്നത്തിന് വാതരോഗം പിടിപെട്ടു. രോഗം മാറാൻ ഗുരുവായൂരപ്പനെ ഭജിച്ചു പ്രാർത്ഥിച്ചു കിടന്ന അദ്ദേഹത്തിന് പിറ്റേന്ന് ഉണർന്നപ്പോഴേക്കും രോഗംമാറി! അദ്ഭുതം!! ശിഷ്ടജീവിതം ഗുരുവായൂരപ്പനായി സമർപ്പിച്ച് ഭഗവദ് സന്നിധിയിലെത്തി. മേല്പത്തൂരും ഇതേ പ്രായത്തിലാണത്രെ വാതരോഗിയായി ഗുരുവായൂരപ്പനെ ഭജിച്ച് നാരായണീയരചന നടത്തിയത്.

അങ്ങനെ ഗരുവായൂരിലെത്തിയ വാഴകുന്നം ഏറ്റവുംവലിയ ഭാഗവതാചാര്യനായി. വാഴകുന്നത്തിന്റെ ഭജനക്കാലത്ത് മതിലകത്തു വെച്ച് നേശ്ശേരി നമ്പൂതിരി എന്ന ഭക്തൻ ചില സംശയങ്ങൾ ചോദിച്ചു. വാഴകുന്നത്തിന്റെ മറുപടി കേട്ട് ഭക്തജനങ്ങൾ ചുറ്റുംകൂടി. ഭഗവദ് പ്രേരണയിൽ അദ്ദേഹം അനർഗ്ഗളം സംസാരിച്ചു.

അതിനുശേഷം എന്നും ഉച്ചതിരിഞ്ഞ് കൂത്തമ്പലത്തിൽ വെച്ച് വാഴകുന്നത്തിന്റെ ഭക്തിപ്രഭാഷണം പതിവായി. സപ്താഹമായും അല്ലാതേയും വായിക്കാൻ തുടങ്ങി. ഗുരുവായൂർ കേന്ദ്രീകരിച്ച് ഒരു നവീന ഭക്തിപ്രസ്ഥാനം തന്നെയായി. വാഴകുന്നം അതിന്റെ ഉപജ്ഞാതാവായി. 1946ഏപ്രിൽ23 (മേടം10) രാത്രി 10.30ന് ഭക്തശിരോമണി വാഴകുന്നം വാസുദേവൻ നമ്പൂതിരി ഇഹലോകവാസം വെടിഞ്ഞപ്പോൾ മഹാകവി വള്ളത്തോൾ എഴുതി.

'വാതാലയാധീശനാം ദേവങ്കൽസ്സമയേ
ലയിച്ചിതുടൽവിട്ടിക്കൊച്ചു പൂന്താനവും'.

> പൂന്താനത്തിന്റെ ഭക്തിയും മേല്പത്തൂരിന്റെ സംസ്കൃത പാണ്ഡിത്യവും ഒത്തിണങ്ങിയ മഹദ് വ്യക്തിത്വമായിരുന്നു വാഴകുന്നത്തിന്റേത്.



*ഭക്തശിരോമണി വാഴകുന്നം വാസുദേവൻ നമ്പൂതിരി, സഹധർമ്മിണി പാർവ്വതിക്കുട്ടി (കുട്ട്യമ്മ) അന്തർജ്ജനം.*

പൂന്താനത്തിന്റെ ഭക്തിയും മേല്പത്തൂരിന്റെ സംസ്കൃത പാണ്ഡിത്യവും ഒത്തിണങ്ങിയ മഹദ് വ്യക്തിത്വമായിരുന്നു വാഴകുന്നത്തിന്റേത്.

തിരുവേഗപ്പുറ വാഴകുന്നത്തു മനയിൽ രാമൻ അടിതിരിപ്പാടിന്റേയും മുണ്ടക്കീഴ് കാലടി മകൾ പാർവ്വതിപ്പത്തിനാടിയുടേയും മകനായി1891 മേടം ചിത്രാപൗർണ്ണമിയിൽ ജനനം. ഒപിച്ചിരിക്കുന്ന കാലത്ത് പതിനൊന്നാം വയസ്സിൽ വസൂരി പിടിപെട്ട് അമ്മ മരിച്ചത് ആഘാതമായി. സമാവർത്തനശേഷം തിരുനാവായ ബ്രഹ്മസ്വം മഠത്തിൽ നാലു വർഷം ഋഗ്വേദപഠനം. കടവല്ലൂർ അന്യോന്യവേദിയിൽ ജടയിൽ ഒന്നാംസ്ഥാനവും ആ ചെറുപ്രായത്തിൽ ത്തന്നെ നേടി. തുടർന്ന് പല ഗുരുക്കന്മാരിൽ നിന്നുമായി വേദാന്തത്തിലും ശാസ്ത്രകാവ്യ നാടകാദികളിലും അവഗാഹം നേടി. കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ പഠിക്കുമ്പോൾ ദേവീഭക്തനായി.

മുപ്പത്തൊന്നാം വയസ്സിൽ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. വെള്ളറക്കാട്ടെ തോന്നല്ലൂർ ഒതളൂർമന സന്തതിയില്ലാതെ നാശം അഭിമുഖീകരിക്കുകയായിരുന്നു. അവിടത്തെ കന്യക പാർവ്വതിക്കുട്ടിയെ വേളികഴിച്ച് ഗൃഹനാഥനായി. വരൻ വന്നത് ശിരസ്സിൽ ഉണ്ണികൃഷ്ണന്റെ തേവാരവിഗ്രഹവും വഹിച്ചുകൊണ്ടാണത്രെ! .ഇന്നും ആ തേവാരവിഗ്രഹം അവിടെയുണ്ട്.

എട്ടു സന്തതികൾ. ശങ്കരനാരായണൻ, രാമൻ, നാരായണൻ എന്നീ ഉണ്ണികളും നങ്ങയ്യ, പാർവ്വതി, ശ്രീദേവി, സാവിത്രി, ദേവി എന്നീ പെൺകിടാങ്ങളും. വാഴകുന്നത്തിന്റെ സന്തതിപരമ്പര ഒതളൂരും വേന്ത്രക്കാട്ടും വടക്കേപ്പാട്ടും കണ്ണാംഗലത്തും ഇരിഞ്ഞാടംപള്ളിയിലുമൊക്കെ അഞ്ചാംതലമുറയിൽ എത്തിയതായാണ് അറിവ്. ●

(ഡോ.ചേക്രക്കൽ ശ്രീകുമാരൻ നമ്പൂതിരി, ശ്രീപദം ,കിളിയനാട് റോഡ്, 673001/ഗുരുവായൂരപ്പൻ കോളേജ് സംസ്കൃത വിഭാഗം മേധാവിയായി വിരമിച്ച ലേഖകൻ പി.എച്ച് ഡി എടുത്തത് വാഴകുന്നത്തിന്റെ ജീവിതത്തേയും കൃതികളേയും ആധാരമാക്കിയുള്ള ഗവേഷണത്തിനായിരുന്നു. മൊബൈൽ:9446258987)

## 75 വർഷം മുമ്പ്



*1946 ഏപ്രിൽ – 1947 ഏപ്രിൽ, ഭക്തശിരോമണി വാഴകുന്നത്തിന്റെ സംവത്സരദീക്ഷക്കാലത്ത് ഒതളൂർ മനയിൽ വെച്ച് എടുത്ത അപൂർവ്വ ഫോട്ടോ. പിൻവരിയിൽ ഇടത്തു നിന്ന് രണ്ടാമത്തെ മകൻ രാമൻ, മൂത്ത മകൻ ശങ്കരനാരായണൻ, മൂന്നാമത്തെ മകൻ നാരായണൻ.നടുവരി ഇടത്തുനിന്ന് പുതുമന നങ്ങേമ കൃഷ്ണൻ (ഇപ്പോൾ അണ്ടലാടി തറവാട്ടു മുത്തശ്ശി ), പാർവ്വതി ഒതളൂർ (രണ്ടാമത്തെ മകൾ), പാർവ്വതിക്കുട്ടി (വാഴകുന്നത്തിന്റെ പത്നി ) ഇളയ മകൾ ദേവിയോടൊത്ത്, നങ്ങയ്യ മുത്തശ്ശി (കുറുശ്ശാത്തമണ്ണ മകൾ) ,പുതുമന കാളികൃഷ്ണൻ (ഇപ്പോൾ ഒതളൂരെ മുത്തശ്ശി), മൂത്ത മകൾ നങ്ങയ്യ (ഇപ്പോൾ വേന്ത്രക്കാട്ടു മനയിലെ (കാടാമ്പുഴ) മുത്തശ്ശി.നിലത്ത് ഇരിക്കുന്നത് ഇടത്തു നിന്ന് മകൾ ശ്രീദേവി (കണ്ണാംഗലത്തേക്കു കൊടുത്തു), പുതുമന കൃഷ്ണൻ ശിവദാസൻ, ഇരിഞ്ഞാടംപിള്ളിയിലെക്കു കൊടുത്ത മകൾ സാവിത്രി. മകൾ പാർവ്വതിയെ പരുത്തിപ്ര വടക്കേപ്പാട്ടേക്കാണ് വിവാഹം ചെയ്തത്.മകൾ ദേവിയെ കൊടക്കാട്ടു കുത്തുള്ളിക്കും.*



## വെറും കേമനല്ല,ബഹുകേമനാണ് ഈ വാഴകുന്നം

# അരവണ പ്ലാന്റ് മുതൽ ബ്രഹ്മോസ് മിസൈൽ വരെ

- ബാബ അറ്റോമിക് റിസർച്ചിൽ സിർക്കോണിയം ട്യൂബ്
- ബ്രഹ്മോസ് മിസൈലിൽ ഹൈ വാക്വം ഡ്രൈയർ
- ഗുരുവായൂർ അന്നദാനത്തിന്റെ കുക്കിംഗ് റേഞ്ച്
- ശബരിമലയിൽ അപ്പം അരവണ പ്ലാന്റ്

### താമരക്കുളം ദിവാകരൻ നമ്പൂതിരി



വാഴകുന്നത്തെ നമ്പൂതിരിയാവുമ്പോൾ കേമനാവാതെ വയ്യല്ലൊ. ഇതു പക്ഷേ,ജാലവിദ്യയിലല്ല. എഞ്ചിനീയറിംഗിൽ. ഒരേ സമയം ഗവ. മെഡിക്കൽ കോളേജിലും ഗവ.എഞ്ചിനീയറിംഗ് കോളേജിലും അഡ്മിഷൻ കിട്ടിയ ആൾ. അതും ഏറ്റവും മികച്ച കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും കോളേജുകളിൽ. 1964ലെ ബാച്ചിൽ18ാം വയസ്സിൽ.

എന്നാൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിനു കിട്ടിയ അഡ്മിഷൻ സാമ്പത്തിക പരാധീനത മൂലം വേണ്ടെന്നു വച്ചു. തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ എലക്ട്രിക്കൽ എഞ്ചിനീയറിംഗിനു ചേർന്നു. അതിന്റെ ബാക്കി പത്രമാണ് തലക്കെട്ടിൽ വായിച്ചത്. മുംബയിലെ ബാബ അറ്റോമിക് റിസർച്ച് സെന്ററിൽ 1975കാലത്ത് തന്നെ എത്തിപ്പെട്ടു. പിന്നെ കൈവച്ചതെല്ലാം പൊന്നല്ല, യുറേനിയമാക്കി! അമ്പട കേമാ!!

അക്കാലത്ത് ബി.എസ്.സി എഞ്ചിനീയറിംഗ് 5 വർഷമാണ്. കേരളത്തിലാകെ 5 എഞ്ചിനീയറിംഗ് കോളേജുകൾ മാത്രം. സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നിങ്ങിനെ 3 ബ്രാഞ്ചുകളും. വളരെ ക്ലേശിച്ചാണ് പഠിച്ചത്. വർഷത്തിൽ 560 രൂപ ഫീസ് ,പിന്നെ താമസം, ഭക്ഷണം, പുസ്തകങ്ങൾ എന്നിവയും. ഇല്ലത്തു നിന്നും വർഷത്തിൽ 1000 രൂപ കൊടുക്കും. കൂട്ടുകുടുംബമല്ലേ. അതുകൊണ്ട് മാനേജ് ചെയ്യണം.

ധാരാളം ട്യൂഷനെടുത്തു. ആകാശവാണി തുടങ്ങിയവരുടെ സർവേയിൽ പങ്കെടുത്ത് കിട്ടിയ പണവും. എഞ്ചിനീയറിംഗ് കാലത്ത് വെറും 30 രൂപയുടെ പുസ്തകങ്ങളേ വാങ്ങിയുള്ളു. അങ്ങനെ കഷ്ടപ്പെട്ട് പഠിച്ച ആ എഞ്ചിനീയർ പിന്നീട് 1975 ൽ ബാബ അറ്റോമിക് റിസർച്ച് സെന്ററിൽ (ബാർക് ) യുറേനിയം സമ്പുഷ്ടീകരണത്തിനുള്ള സിർക്കോണിയം ട്യൂബിന്റെ നിർമ്മാണത്തിൽ ഭാഗഭാക്കായി.

മണിക്കൂറിൽ 25000 അപ്പമുണ്ടാക്കാൻ ശേഷിയുള്ള ശബരിമലയിലെ പ്ലാന്റ്, 2 മണിക്കൂറിൽ 6 കൂട്ട് ( 250 ലിറ്റർ ആണ് ഒരുകൂട്ട്) അരവണയുണ്ടാക്കാൻ പറ്റുന്ന പ്ലാന്റ് എന്നിവ ഡിസൈൻ ചെയ്തതും ഈ നമ്പൂതിരി. അങ്ങനെ യുറേനിയം മുതൽ അരവണപ്പായസം വരെ വൈവിധ്യമേറെയുള്ള ഇൻസ്ട്രുമെന്റേഷൻ ജോലികൾ. ഇതിനിടെ, ആരും തോറ്റു പോവുന്ന അതി ഭീകരമായൊരു അപകടവും. എല്ലാം തരണം ചെയ്ത ഈ സംരംഭകൻ എഴുപത്തഞ്ചിലും ഫീൽഡിലുണ്ട്. ചുറുചുറുക്കോടെ.

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറയിലാണ് വാഴകുന്നം രാമൻ കേശവൻ നമ്പൂതിരിയുടെ ജനനം 1946ൽ. 1963ൽ എസ് എസ് എൽ സി പാസായി. അന്നത്തെ എസ്എസ്എൽ സിക്കുമുണ്ട് പ്രത്യേകത. മലബാറിൽ 11 കൊല്ലം വേണം എസ് എസ് എൽ സി പാസാകാൻ, മറ്റുള്ളിടത്തെല്ലാം പത്തും. തിരുവനന്തപുരം ഇന്റർമീഡിയറ്റ് കോളേജിൽ നിന്നും പ്രീ

യൂനിവേഴ്സിറ്റി. അതു കഴിഞ്ഞ് ആലുവ യു സി കോളേജിൽ ഇന്റൻസിറ്റി കോഴ്സ്. അന്ന് പ്രീ യൂനിവേഴ്സിറ്റിയിൽ സയൻസ് ഗ്രൂപ്പിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, സുവോളജി, ബോട്ടണി എന്നിവ പഠിക്കണം. കനത്ത സിലബസ് . ബോട്ടണി ക്കൊഴികെ എല്ലാറ്റിനും 90ശതമാനത്തിൽ കൂടുതൽ മാർക്ക്. അതുകൊണ്ടാണ് ഒരേസമയം മെഡിസിനും എഞ്ചിനീയറിംഗും കിട്ടിയത്.

1969ൽ എഫ്.എ.സി.ടിയിൽ അപ്രന്റിസ് ആയി. അതു കഴിഞ്ഞപ്പോഴേക്കും ബോംബെയിലെ ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗ് വർക്സിൽ ജോലി കിട്ടി. വർക്ക് മുഴുവൻ മദിരാശിയിലായിരുന്നു. സെയിൽസ് ആന്റ് സർവീസ് എഞ്ചിനീയർ. ഫർണസ്, ഡ്രയർ ,ഇലക്ട്രിക് ഓവൻ എന്നിവയായിരുന്നു ചെയ്തിരുന്നത്.

അഞ്ചു വർഷം അങ്ങിനെ ഹീറ്റ് ആന്റ് എയർ മേഖലയിൽ പൊരിഞ്ഞ് പണിയെടുത്തു. ഈ മേഖലയിൽ വളരെ എക്സ്പെർട്ടും അതികായനുമായി. അന്നത്തെ സാൾട്ട് ബാത്ത് ടെക്നോളജിയിൽ അവസാന വാക്കായിരുന്നു. ഉപ്പ് ഇലക്ട്രോഡുകളുപയോഗിച്ച് ഉരുക്കി മാഗ്നറ്റിക് ഫീൽഡ് ഉണ്ടാക്കി ചെറിയ വോൾട്ടേജിലും വളരെ വലിയ ആമ്പിയറിലും ( 9 വോൾട്ട്, 5000 ആമ്പി യർ) കറന്റ് ഉണ്ടാക്കുന്ന ടെക്നോളജിയാണത്. ഇപ്പോൾ ഫ്ളൂയിഡൈസിംഗ് ബെഡ് , കണ്ട്രോൾഡ് അറ്റ്മോസ്ഫിയർ എന്നിവയാണ് കൂടുതലായും ഉപയോഗിക്കുന്നത്. അന്ന് ഐ.ഐ.ടിയിൽ നിന്നും പഠിച്ചിറങ്ങുന്നവരേക്കാൾ വേതനവും പറ്റിയിരുന്നു.

1980 വരെ ഹീറ്റ് ആന്റ് എയർ മേഖലയിൽ തന്നെ മദ്രാസ്, ബാംഗളൂർ എന്നിവിടങ്ങളിൽ ജോലി ചെയ്തു. ഈ കാലത്ത് ഇൻഡസ്ട്രിയൽ ടൂറിന്റെ ഭാഗമായി ഭാരതത്തിലെ പ്രസിദ്ധങ്ങളായ ഭിലായ് സ്റ്റീൽ പ്ലാന്റ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് , ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയറോണോട്ടിക്സ് ലിമിറ്റഡ് എന്നീ വ്യവസായശാലകൾ സന്ദർശിക്കുവാനും പഠനങ്ങൾ നടത്തുവാനും സാധിച്ചു. പശ്ചിമ ബംഗാളിന്റെ ഉൾഗ്രാമങ്ങളിൽ പൈപ്പിംഗ് ജോലികളുടെ ഭാഗമായി 6 മാസത്തോളം ബ്രഡും പാലും മാത്രമായി കഴിച്ച് കൂട്ടി. ഏതു വിപരീതപരിതസ്ഥിതികളിലും ജീവിക്കാനുള്ള പ്രാപ്തി നേടിയിരുന്നു. 2 വർഷം പ്രിസിഷൻ കൺട്രോൾസ് എന്ന സ്ഥാപനത്തിലും ജോലി ചെയ്തു.മദ്രാസിലെ ബ്രൈറ്റ് സ്റ്റാർ എഞ്ചിനീയറിംഗ് കമ്പനിയുടെ പാർട്ണറുമായി.

1978ലാണ് ആലുവ കുറ്റിപ്പുഴ എടപ്രാമ്പിള്ളി മനക്കൽ ശോഭനയുമായുള്ള വിവാഹം. ബാംഗ്ലൂരിൽ സ്വന്തമായി സാൽസർ എഞ്ചിനീയറിംഗ് എന്ന കമ്പനി തുടങ്ങുന്നതും താമസം ബാംഗളൂരിലേക്ക് മാറ്റുന്നതും അതിനു ശേഷമാണ്. വളരെ നല്ല രീതിയിൽ കമ്പനി പ്രവർത്തിച്ചു. ധാരാളം ക്ലയന്റ്സുംവർക്കുകളുമായി ഒരു സുവർണ്ണ കാലം.

എന്നാൽ ഏതൊരു ഉയർച്ചക്കിടയിലും പ്രതീക്ഷിക്കാത്ത ചിലത് സംഭവിക്കുമല്ലൊ.അങ്ങനെയൊന്നുണ്ടായി. വളരെ വിശ്വസ്തനും ധാരാളം ഓർഡറുകൾ തരുന്നയാളുമായിരുന്ന ഒരു ക്ലയന്റ് ആക്സിഡന്റിൽ മരണപ്പെട്ടു. ക്ലയന്റിന്റെ കമ്പനി പൂട്ടിപ്പോയി. അദ്ദേഹത്തിൽ നിന്നും കിട്ടാനുണ്ടായിരുന്ന വളരെ വലിയ ഒരു തുക കിട്ടാതെ വന്നു. അങ്ങനെ,കമ്പനി പൂട്ടേണ്ടി വന്നു.

കമ്പനിയുടമയുടെ റോളിൽ നിന്ന് വീണ്ടും മറ്റൊരു കമ്പനിയിലെ ജീവനക്കാരന്റെ വേഷത്തിലേക്ക്.
പിന്നീട് 4 വർഷത്തോളം ഹൈദരാബാദിൽ ഈസ്റ്റ് കോസ്റ്റ് ഫർണസസ് എന്ന കമ്പനിയിൽ ജോലിക്കാരനായി. അവിടേയും വിധി പ്രതികൂലമായിരുന്നു. 1983 മാർച്ച് 15ന് ആക്സിഡണ്ടിന്റെ രൂപത്തിൽ നിഷ്ക്കരുണം ശിക്ഷിച്ചു. ബൈക്ക് ആക്സിഡന്റിൽ ഇടുപ്പു മുതൽ കാൽപാദം വരെ തകർന്ന് കോമയിലും ഐ സി യു വിലും വാർഡിലുമായി 117 ദിവസം.

*ഒന്ന് അനങ്ങാൻ പോലുമാകാതെ എല്ലു തുളച്ച് മണൽക്കിഴിയിട്ട് കിടത്തം. നാല് ഓപ്പറേഷനുകൾ . ഇടത്തേ കാൽമുട്ടിന്റെ ചിരട്ട എടുത്തു കളഞ്ഞു. 3 സെ.മീറ്റർ_നീളക്കുറവും. ആ കാലമല്ലേ, വേദന സഹിച്ചതിന് കണക്കില്ല. വേദനസംഹാരികൾ മാത്രമായിരുന്നു ആശ്രയം. 3 വർഷമെടുത്തു നടക്കാറാവാൻ. ഒടുവിൽ എല്ലാം ഇട്ടെറിഞ്ഞ് തോൽക്കാത്ത മനസ്സുമായി നാട്ടിലേക്ക്. വീണ്ടും പുതിയ തുടക്കം.*

1987ൽ ടെക്നിക്കൽ കൺസൾട്ടൻസി ആരംഭിച്ചു. ഈ സമയത്താണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ജി.എം.പി ( ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് ) സർട്ടിഫിക്കേഷനെക്കുറിച്ച് പഠിക്കുന്നത്. 100ൽ കൂടുതൽ ആയുർവേദ കമ്പനികൾക്ക് ജി.എം.പി സർട്ടിഫിക്കേഷനും നേടി ക്കൊടുത്തു. ലൈസൻസിന് ഇത് നിർബന്ധമാക്കിയിരുന്നു.

ശബരിമലയിൽ പോകാൻ തുടങ്ങിയപ്പോഴാണ് കാൽ ശരിയായത്. 1995–99ൽ തിരുവിതാംകൂർ ദേവസ്വം ബോഡിന്റെ കൺസൾട്ടന്റായി. ശബരിമലയിൽ തന്നെ 2500 പേർക്ക് 3 നേരവും ഭക്ഷണം ഉണ്ടാക്കുന്ന പോലീസ് കിച്ചൻ, 6000 പേർക്ക് ദിവസം മുഴുവൻ ഭക്ഷണം ഉണ്ടാക്കുന്ന എംപ്ലോയീസ് കിച്ചൻ എന്നിവയും ഡിസൈൻ ചെയ്തു. വനപാതയിൽ കൂടിയുള്ള കുടിവെള്ള വിതരണം , വായു – ജല – മലിനീകരണ നിയന്ത്രണം എന്നിവയിലും നമ്പൂതിരിയുടെ കയ്യൊപ്പുണ്ട്. എന്തിനേറെ പറയുന്നു, ശബരിമല മാസ്റ്റർ പ്ലാനിലെ ഇംപ്ളിമെൻറ് ചെയ്യാനുള്ള, വലിയ കപ്പാസിറ്റിയുള്ള അപ്പം അരവണ പ്ലാന്റുകളുടെ ഡിസൈനിംഗും നമ്പൂതിരിയിൽ തന്നെ നിക്ഷിപ്തമായി.

ഡിഫൻസ്, ഡിഫൻസ് മെറ്റലർജിക്കൽ റിസർച്ച് ലാബ് (ഡി.എം.ആർ.എൽ) ഡിഫൻസ് റിസർച്ച് ആൻറ് ഡെവലപ്മെന്റ് ലാബ് (ഡി.ആർ.ഡി.എൽ), പ്രാഗ ടൂൾസ് എല്ലാം നമ്പൂതിരിയുടെ ക്ലയന്റ്സ്. ഡിഫൻസിന്റെ തിരുവനന്തപുരത്തെ ബ്രഹ്മോസ് മിസൈലിൻെറ ഹൈ വാക്വം ഡ്രൈയറിന്റെ ഡിസൈനിംഗും നമ്പൂതി രിയുടേത്. ഗുരുവായൂർ അന്നദാനത്തിന്റെ കുക്കിംഗ് റേഞ്ച് ഡിസൈൻ ചെയ്ത് കൊടുത്തതിന്റെ മതിപ്പാണ് അപ്പോളോ ടയേഴ്സിന്റേയും മലബാർ സിമന്റ്സിന്റേയും അത്തരം കുക്കിംഗ് റേഞ്ചിന്റെ ഓർഡറുകൾക്കാധാരം. കോട്ടക്കൽ ആര്യവൈദ്യശാല, ജി.എം.പി. കൺസ്ട്രക്ഷൻസ്, കേരളഫാർമസി ഇവരും നമ്പൂതിരിയുടെ കപ്പാസിറ്റി അംഗീകരിച്ച ക്ലയന്റ്സ് തന്നെ.

75ാമത്തെ വയസ്സിലും ഫോർമുലകളും മെഷർമെന്റുകളും പിഴക്കാത്ത ചുറുചുറുക്കുള്ള കർമ്മനിരതൻ. ഇന്റസ്ട്രിയൽ കൺസൾട്ടന്റ്, പൊലൂഷൻ കൺട്രോൾ കൺസൾട്ടന്, പരിസ്ഥിതി സൗഹൃദ ഡിസൈനിംഗ് കൺസൾട്ടന്റ് എന്നീ നിലകളിൽ ഇന്നും നല്ല തിരക്ക്. വൈകിട്ട് 7 മണിക്കൊക്കെ ഡ്രോയിംഗ് തുടങ്ങിയാൽ ചിലപ്പോൾ നിർത്തുന്നത് രാവിലെ4 മണിക്ക്. അത്രയും വലിയ ഇൻവോൾമെൻറ്.

ഏറ്റവുമൊടുവിലെ ഒരു സംഭവം കൂടി പറയാതെ വയ്യ. മാനന്തവാടിയിൽ ചുക്കും മഞ്ഞളും ഉണക്കിയെടുക്കാനുള്ള ഒരു ഡ്രയർ. അതിന്റെ കപ്പാസിറ്റി 2 മണിക്കൂറിൽ 5000 കിലോ. എന്തുകൊണ്ടോ, കൃത്യമായി ഉണങ്ങുനില്ല . ഡ്രയർ നിർമ്മിച്ച കമ്പനിക്കാർ തൊടുപുഴയിൽ നിന്ന് നമ്പൂതിരിയെ തേടി വന്നു. ടാക്സിയിൽ മാനന്തവാടിക്ക്. ഒരു മണിക്കൂറേ വേണ്ടി വന്നുള്ളൂ. കൃത്യമായ സൊലൂഷൻ. തിരിച്ച് രാത്രിക്കു മുൻപ് ഇല്ലത്തെത്തി.

മകൾ നമിത ബാംഗളൂർ വെസ്റ്റേൺ ഡിജിറ്റൽസിൽ ജോലി ചെയ്യുന്നു. കൂടെ ഐ.ഐ.ഔഎം കോഴിക്കോട്ടിൽ എക്സിക്യൂട്ടീവ് പി.ജി.ഡി.എം. ചെയ്യുന്നു. മരുമകൻ പഴേടത്ത് ശങ്കരൻ നമ്പൂതിരി ബാംഗളൂരിൽ ആർ.എസ്.എ സോഫ്റ്റ് വെയർ കമ്പനിയിൽ മാനേജർ. പേരക്കുട്ടികൾ ഭവതയും ആദിത്യശങ്കറും. മകൻ ഡോ.സായ് കൃഷ്ണൻ എം.ബി.ബി.എസ്, എം.ഡി , മരുമകൾ ഡോ. ആര്യ. പേരമകൻ വിഹാൻ. ഭാര്യ ശോഭന 2013ൽ ഹൃദയാഘാതത്തെ തുടർന്ന് ഒറ്റക്കാക്കി പോയി എന്ന ഒരു ദുഖം മാത്രം.

വി.ആർ കേശവൻ നമ്പൂതിരി,
വാഴകുന്നത്ത് മന, തിരുവേഗപ്പുറ
പി.ഒ, പാലക്കാട് ജില്ല, 679304
മൊ:9447184400

# അമ്മേടമ്മേടമ്മേടമ്മേ ടമ്മേടമ്മേടമ്മോത്ത്

കെ. എം. പരമേശ്വരൻ



## മുപ്പത്തൊന്ന് അമ്മാത്തുകൾ അറിയുന്ന തലേത്തൊടി ഉണ്ണികൃഷ്ണൻ നമ്പൂതിരി മാഷെ കണ്ടപ്പോഴാണ് അമ്മാത്തുകളുടെ ശക്തി തിരിച്ചറിഞ്ഞതും ഇരുപത്തഞ്ചെണ്ണം കണ്ടെത്തിയതും

കുറെ വർഷം മുമ്പാണ്. ഞാനന്ന് കോഴിക്കോട് കേസരിയിലാണ്. ഒരു വാടക വീട്ടിൽ താമസം. ദേശാഭിമാനിയിലെഐ.വാസുദേവനും അടുത്ത വീട്ടിലുണ്ട്. അന്യോന്യം പരിചയമില്ല. ഒരു നാൾ എന്നെത്തേടി വന്ന ഒരു ബന്ധു വഴി തെറ്റി വാസുദേവന്റെ താമസസ്ഥലത്ത് ചെന്നു കയറി. അതോടെയാണ് മറ്റൊരസ്മാദി അടുത്തുണ്ടെന്ന് അദ്ദേഹവുമറിഞ്ഞത്.

ഞങ്ങളുടെ താമസസ്ഥലത്തു വന്ന വാസുദേവനോട് അമ്മ ലോഗ്യം പറയുന്നതുകണ്ട് ഞാൻ അത്ഭുതപ്പെട്ടു.‘നെടുമ്പോഴി വാസുദേവന്റെ വർത്തമാനങ്ങൾ എന്തൊക്കെയാണ്?’ എന്നൊക്കെ ചോദിക്കുന്നു. വാസുദേവന്റെ അനുജന്റെ ഫാദർ ഇൻ ലോയെക്കുറിച്ചാണ് അമ്മ ചോദിക്കുന്നത്. എനിക്ക് അറിയില്ലായിരുന്നു അന്ന്.

ഐ.വി എന്ന ഇട്ട്യാമ്പറമ്പത്തെ വാസുദേവൻ എന്റെ ബന്ധുവായതോടെ ഞാൻ ദേശാഭിമാനി ഓഫീസിൽ പോവാനും തുടങ്ങി. ഒന്നുരണ്ടു തവണ ആവർത്തിച്ചപ്പോൾ അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകൻ ‘എന്താ ഐവീ താങ്കൾക്ക് കേസരിക്കാരനുമായി പതിവില്ലാത്ത ചങ്ങാത്തം’ എന്ന് സംശയത്തോടെ ചോദിച്ചു.

വിരുദ്ധാശയങ്ങൾ പ്രചരണം നടത്തുന്ന രണ്ടു പാർട്ടി ജിഹ്വകളല്ലേ ദേശാഭിമാനിയും കേസരിയും. അതുകൊണ്ടാവണം അങ്ങിനെ ചോദിച്ചത്. അതിന് വാസുദേവന്റെ മറുപടി ‘നമ്മുടെ പാർട്ടികളൊക്കെ ഉണ്ടായിട്ട് അത്രയൊന്നും കാലമായിട്ടില്ലല്ലോ. ഞങ്ങൾ തമ്മിലുള്ള ബന്ധം അതിന്റെയൊക്കെ മുമ്പെയുള്ളതാണ്.’ പിന്നെ സഹപ്രവർത്തകൻ ഒന്നും പറഞ്ഞില്ല.

വാസുദേവന്റെ മുതുമുത്തശ്ശി എന്റെ അമ്മാത്തെ മുത്തശ്ശിയുടെ ചിറ്റശ്ശിയായിരുന്നു. അതാണ് അമ്മയുടെ ലോഗ്യം പറച്ചിലിനെ ഔപചാരികമല്ലാതാക്കിയത്. കക്ഷിരാഷ്ട്രീയത്തിന് അതീതമായി നമ്മുടെ ചാർച്ച വേഴ്ചകൾ വളർത്തിയെടുക്കണമെന്ന പാഠം പഠിച്ചത് അങ്ങിനെയാണ്.

പിന്നീടൊരിക്കൽ മലപ്പുറം ജില്ലയിലെ വിളയിൽ പറപ്പൂരിൽ പോയി. തലേത്തൊടി ഉണ്ണികൃഷ്ണൻ നമ്പൂതിരിമാഷിന്റെ ഇല്ലത്ത്. സംസാരത്തിനിടെ അദ്ദേഹം ചോദിച്ചു. എത്ര അമ്മാത്തറിയാം?മുപ്പത്തൊന്ന് അമ്മാത്തുകളുടെ ഒരു പട്ടികയും അദ്ദേഹം നൽകി. സ്വന്തം അമ്മാത്ത്. അച്ഛനമ്മമാരുടെ അമ്മാത്ത്,രണ്ട്. മുത്തശ്ശി മുത്തശ്ശന്മാരുടെ നാല് അമ്മാത്തുകൾ. മുതുമുത്തശ്ശി മുതുമുത്തശ്ശന്മാരുടെ എട്ട് അമ്മാത്തുകൾ. പിന്നെ അഞ്ചാം തലമുറയിലെ പതിനാറും.



*എന്റെ അമ്മേടമ്മാത്തെ മുതുമുത്തശ്ശീടെ അമ്മാമന്റെ പൗത്രൻ യശശ്ശരീരനായ നെടുമ്പുര കപ്ലിങ്ങാട്ടു മനയിലെ നാരായണൻ നമ്പൂതിരിയും മായന്നൂർ മുണ്ടനാട്ടെ മഹളായ സാവിത്രി അന്തർജ്ജനവും*

ഇന്നത്തെ അണുകുടുംബതലമുറയിൽ പെട്ടവർ ഇത്തരമൊരു അന്വേഷണത്തിനിറങ്ങിയാൽ ഓരോരുത്തരുടേയും തനിമയാർന്ന രക്തബ

ന്ധങ്ങളിലേക്കു വെളിച്ചം വീശും തീർച്ച. നമ്മുടെ മനോവികാസത്തിനും ചാർച്ച വേഴ്ചകൾ ഊട്ടിയുറപ്പിക്കാനും സാമുദായിക പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥത കൂട്ടാനും ഒക്കെ ബന്ധങ്ങൾ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഉണ്ണികൃഷ്ണൻ നമ്പൂതിരിമാഷിന്റെ ആ മുപ്പത്തൊന്ന് അമ്മാത്തുകൾ കേട്ടപ്പോൾ എനിക്കുമൊരു മോഹം. എത്ര അമ്മാത്തുകൾ കണ്ടെത്താനാവും.

എന്നെപ്പറ്റി പറയാം. ഇല്ലപ്പേര് കൊയ്ത്തൊടി ചെറുമുക്ക് മന. ചെർപ്പുളശേരിക്കടുത്ത് കാറൽമണ്ണയിലാണ്. അമ്മാത്ത് പട്ടാമ്പി കൊഴിക്കോട്ടിരിയിലെ ശ്രീധരൻചുമരത്തു മന. അച്ഛന്റെ അമ്മാത്ത് ചങ്ങരംകുളം ആലംകോട് പുക്കുഴി മന. അമ്മേടെ അമ്മാത്ത് വെള്ളറക്കാട് തോന്നല്ലൂർ ഒതളൂർ മന. ഇത്രയും പറയാൻ പോലും പുതുതലക്കുറക്ക് കഴിഞ്ഞെന്നു വരില്ല. സ്വന്തം അമ്മാത്തിനപ്പുറമുള്ള രക്തബന്ധമൊന്നും അവരിൽ കാണില്ല.

ഇത് ഫെയ്ബുക്കിന്റെ കാലം. അമ്മാത്തും ഗോത്രവുമൊക്ക അധികപ്പറ്റാവുന്ന കാലം.

ഇല്ലത്തെ മുത്തശ്ശന്റെ അമ്മാത്ത് കൂറ്റനാട് വാവനൂർ മേപ്പൊയിലത്തു മന. മുത്തശ്ശീടെ അമ്മാത്ത് ചെർപ്പുളശ്ശേരി അടക്കാപുത്തൂർ കുന്നത്തുമന. അതിനപ്പുറത്തേക്കും അന്വേഷണം നീണ്ടു. അമ്മാത്തെ മുത്തശ്ശന്റെ അമ്മാത്ത് തിരുവേഗപ്പുറ പടിഞ്ഞാറപ്പാട്ടു മന. അമ്മാത്തെ മുത്തശ്ശീടെ അമ്മാത്ത് കവളപ്പാറ കുമ്മിണി നാരായണമംഗലത്തു മന.

ഇനിയുമുണ്ടല്ലൊ പിറകോട്ട് അമ്മാത്തുകൾ. ഇല്ലത്തെ മുതുമുത്തശ്ശന്റെ അമ്മാത്ത് പിടാവന്നൂർ മംഗലത്തേരി മന. ഇല്ലത്തെ മുതുമുത്തശ്ശീടെ അമ്മാത്ത് പാഞ്ഞാൾ പാതിരപ്പിള്ളി മന. അച്ഛന്റമ്മാത്തെ മുത്തശ്ശന്റെ അമ്മാത്ത് വട്ടംകുളം പൊരണ്ടേക്കാട് കരുവാട്ടു മന. അച്ഛന്റമ്മാത്തെ മുത്തശ്ശീടെ അമ്മാത്ത് മുണ്ടമുക പെരുമനത്തുമന.

അവിടെയും തീർന്നില്ല. അമ്മാത്തെ മുതുമുത്തശ്ശന്റെ അമ്മാത്ത്. പട്ടാമ്പി മരുതൂർ പുലാച്ചേരി മന. അമ്മാത്തെ മുതുമുത്തശ്ശീടെ അമ്മാത്ത്. തിരുവേഗപ്പുറയിലെ വേമണ്ണ മുല്ലപ്പള്ളിയിൽ ലയിച്ച എടമന. അമ്മേടമ്മാത്തെ മുതുമുത്തശ്ശന്റെ അമ്മാത്ത്. ഷൊർണ്ണൂരിലെ മുതുകുർശി മന. അമ്മേടമ്മാത്തെ മുതുമുത്തശ്ശീടെ അമ്മാത്ത്. ചെറുതുരുത്തി നെടുമ്പുര കപ്ളിങ്ങാട്ടുമന.

അഞ്ചാം തലമുറയിലെ പതിനാറു അമ്മാത്തുകളിൽ പത്തെണ്ണമെങ്കിലും എനിക്ക് പറഞ്ഞുതന്നത് അമ്മയും ചിറ്റശ്ശിമാരും അച്ഛൻ പെങ്ങൾമാരുമൊക്കെയാണ്. പുത്തില്ലത്തേയും പുക്കുഴിയിലേയും ഓപ്പോൾ മാരെയും കൃതജ്ഞതാപൂർവ്വം നമസ്കരിക്കുന്നു.

ഇല്ലത്തെ മുത്തശ്ശന്റെ മുത്തശ്ശന്റമ്മാത്ത്! അതായത് അച്ഛന്റെ അച്ഛന്റെ അച്ഛന്റെ അച്ഛന്റെ അമ്മയുടെ ഇല്ലം!!പുറനാട്ടുകര ചെമ്മങ്ങാട്ടു മന. മുത്തശ്ശന്റെ മുത്തശ്ശീടെ അമ്മാത്ത് ചെർപ്പുളശ്ശേരി മോഴികുന്നത്തു മന.

അമ്മാത്തെ മുത്തശ്ശന്റെ മുത്തശ്ശന്റമ്മാത്ത് പട്ടാമ്പി നെടുങ്ങേട്ടൂർ കല്ലാനിക്കാട്ടു മന.

ഇനി അല്പം കൂടി പിടി കിട്ടാത്ത തലത്തിലേക്ക് കടക്കുകയാണ്. മുത്തശ്ശന്റെ അമ്മാത്തെ മുത്തശ്ശന്റമ്മാത്ത് അമ്മാടം കുറൂട്ട് അവണാവു മന. മുത്തശ്ശന്റെഅമ്മാത്തെ മുത്തശ്ശീടെ അമ്മാത്ത്. തിരുവാഴിയോട് കല്ലുവഴിവള്ളൂർമന. അമ്മാത്തെ മുത്തശ്ശീടെ അമ്മാത്തെ മുത്തശ്ശന്റമ്മാത്ത്.ഷൊർണ്ണൂർകവളപ്പാറചിറ്റടിയത്തുമന. അമ്മാത്തെ മുത്തശ്ശീടെ അമ്മാത്തെ മുത്തശ്ശീടെഅമ്മാത്ത്. വരവൂർ കപ്ലിങ്ങാട്ടു മന. അച്ഛന്റെ അമ്മാത്തെമുതുമുത്തശ്ശന്റമ്മാത്ത് പേരാമംഗലം കാപ്ര മന. അച്ഛന്റെ അമ്മാത്തെ മുതുമുത്തശ്ശീടെ അമ്മാത്ത്. മണ്ണുത്തി വൈദികൻ കീഴേ പെരുമ്പടപ്പു മന. ഇല്ലത്തെ മുത്തശ്ശീടെ അമ്മാത്തെ മുത്തശ്ശന്റമ്മാത്ത് പിടാവന്നൂർ പുല്ലാനപ്പിള്ളി മന.അങ്ങനെ എന്റെ 25 അമ്മാത്തുകൾ കണ്ടെത്തി.

വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി വാസുദേവേട്ടനും ഞാനും ഫോർത്ത് കസിൻസ് എന്ന നിലയിൽ കാണാൻ പോയതായിരുന്നു മേഴത്തൂരിൽ. മടങ്ങുമ്പോൾ ഇനി എങ്ങോട്ടാണെന്ന് അദ്ദേഹം ചോദിച്ചു. മുത്തശ്ശന്റെ അമ്മാത്തായ മേപ്പോയിലത്തു മനയിൽ ഇതുവരെ ഞാൻ പോയിട്ടില്ല. അന്വേഷിച്ചു പോകണം എന്നു ഞാൻ പറഞ്ഞു.

അപ്പോൾ അതിലെ വന്ന ഒരു ഓട്ടോറിക്ഷക്കാരനോട് 'ഇദ്ദേഹത്തെ മേപ്പോയിലത്തു മനയിൽ കൊണ്ടുപോയി വിടൂ' എന്നു നിർദ്ദേശിച്ചു. റോഡുവക്കത്തുള്ള ഒരു ഗെയിറ്റിൽ എന്നെ ഇറക്കി. ബെല്ലടിച്ചപ്പോൾ ഒരു ഓപ്പോൾ വാതിൽ തുറന്നു. ഞാൻ കൊയ്ത്തടി പരമേശ്വരൻ. എന്റെ മുത്തശ്ശന്റമ്മാത്ത് ഇതുവരെ വരാനായില്ല എല്ലാവരേയും കാണാനും പരിചയപ്പെടാനും വന്നതാണ് എന്ന് പറഞ്ഞു.

> **വിരുദ്ധാശയങ്ങൾ പ്രചരണം നടത്തുന്ന രണ്ടു പാർട്ടി ജിഹ്വകളല്ലേ ദേശാഭിമാനിയും കേസരിയും. അതുകൊണ്ടാവും ചോദിച്ചത്. നമ്മുടെ പാർട്ടികളൊക്കെ ഉണ്ടായിട്ട് അത്രയൊന്നും കാലമായിട്ടില്ലല്ലോ. ഞങ്ങൾ തമ്മിലുള്ള ബന്ധം അതിനും മുമ്പേയുള്ളതാണ്. വാസുദേവൻ പറഞ്ഞു. സഹപ്രവർത്തകൻ പിന്നെ ഒന്നും പറഞ്ഞില്ല.**

അവർ ഒട്ടും ശങ്കിക്കാതെ സ്വീകരിച്ചിരുത്തി.തറവാട്ടിലും മറ്റു ശാഖകളിലും പോകാൻ മകനെ വഴികാട്ടിയായി എന്നോടൊപ്പം അയക്കുകയും ചെയ്തു.കൂറേയേറെ വിവരങ്ങൾ ശേഖരിച്ചാണ് മടങ്ങിയത്. ഇവിടത്തെ കൂടുതൽ കാര്യങ്ങളറിയുന്നത് രാമമംഗലത്ത് കല്ലൂർ ഓപ്പോൾക്കാണ്. തൊണ്ണൂറ്റാറു വയസ്സുള്ള കല്ലൂരോപ്പോളെ മകൻ പരമേശ്വരേട്ടന്റെ തൃപ്പൂണിത്തുറയിലെ ഇല്ലത്തുചെന്ന് കണ്ടു വന്ദിച്ച് സംസാരിക്കാൻ അവരുടെ പൗത്രൻ രാമമംഗലത്തു നിന്നും എന്നോടൊപ്പം വന്നിരുന്നു.

നമ്പൂതിരീസ് ഓഫ് കേരള എന്ന പേരിൽ നമ്മുടെ 2000 ത്തിൽ പരം ഇല്ലക്കാരുടെ ഫാമിലി ട്രീ തയ്യാറാക്കാൻ മുൻകൈ എടുത്ത ആലക്കാട്ടൂർ ശർമ്മനെ പരിചയപ്പെട്ടത് ഇക്കാലയളവിലാണ്. ഒരു ദിവസം ശർമ്മൻ എന്നെ അന്വേഷിച്ചു കോഴിക്കോട്ടെ കേസരി ഓഫീസിലെത്തി.അയാളുടെ അമ്മാത്ത് കവളപ്പാറയിലെ കുമ്മിണി മനയാണ്.കമ്പ്യൂട്ടറിൽ ഫാമിലി ട്രീ എന്ന സോഫ്ട് വേറിൽ അമ്മാത്തെ ചാർച്ചകൾ എന്റർ ചെയ്യണം. മുൻ തലമുറയിലെ പെൺമക്കളെ എവിടേക്കു കൊടുത്തു, അതിലെ പെൺമക്കളെ എങ്ങോട്ടൊക്കെ വിവാഹം ചെയ്തു എന്നൊക്കെ ശർമ്മൻ ചോദിക്കാൻ തുടങ്ങിയപ്പോൾ കുമ്മിണി വാസ്യേവേട്ടനാണത്രെ എന്നെ കണ്ടാൽ മതിയെന്ന് അദ്ദേഹത്തോട് നിർദ്ദേശിച്ചത്.അതനുസരിച്ചാണ് വരവ് .അക്കാലത്ത് സോഫ്ട്‌വേർ എഞ്ചിനീയറായി മുംബയിലായിരുന്നു ശർമ്മന്റെ ജോലി

തൃശ്ശൂരിൽ നിന്ന് ഒരു കമ്പ്യൂട്ടർ വാടകക്കെടുത്ത് അതിൽ സോഫ്ട് വേർ ഇൻസ്റ്റാൾ ചെയ്തു ഡാറ്റ എന്റർ ചെയ്തുകൊണ്ടിരുന്ന സന്ദർഭമാണ്. അന്നയാൾ എന്റെ കൂടെ താമസിച്ച് പിറ്റേന്നാൾ ഒരാഴ്ച ലീവെടുത്ത് എന്റെ പുസ്തകക്കെട്ടുമായി ഞാൻ ശർമ്മന്റെ കൂടെ അത്യന്തം ഏകാഗ്രത വേണ്ട ഡാറ്റ എൻട്രിക്ക് സഹായിക്കുകയുണ്ടായി. അതോടെ ചാർച്ചകൾ എഴുതേണ്ട രീതിയും ഞാൻ പഠിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.എന്റെ അമ്മാത്തെ മുത്തശ്ശ്യടെ അമ്മാത്തും ശർമ്മന്റെ അമ്മാത്തും ഒരേ കുമ്മിണി മനയാണ് - ബന്ധുത്വം അതാണ്.

ചില ഇല്ലങ്ങളിൽ ചെന്നാൽ എനിക്ക് ഒന്നിലേറെ ചാർച്ചകൾ ഉള്ളവർ ആ തറവാട്ടിൽ കാണും.തിരുവേഗപ്പുറ വാഴകുന്നത്തു മനയിലുള്ളത് ഒന്നും രണ്ടുമല്ല ,പതിനാറു ചാർച്ചകൾ! പിൽക്കാ

ലത്ത് യോഗക്ഷേമസഭാപ്രവർത്തകനായപ്പോൾ ഏത് ഉപസഭയിൽ ഏത് ഇല്ലത്ത് സന്ദർശനം നടത്തിയാലും അവിടെ എന്റെ ചാർച്ച വേഴ്ച്ചക്കാരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.ഏറ്റവും ഒടുവിൽ മുറംപാത്തിയിൽ ജില്ലാ സെക്രട്ടറിയോടൊപ്പം പോയപ്പോൾ കുമ്മിണി മുതുമുതുമുത്തശ്ശിയുടെ മകളുടെ മകന്റെ മകന്റെ പരമ്പരയിൽ കിഴോട്ടുകര കടലായി മകളായ അനിയത്തിയേയും മിടുമിടുക്കികളായ മക്കളേയും ഞാൻ കണ്ട വിവരം മുറം പാത്തിയിൽ തന്നേയുള്ള ,ഞങ്ങളോടൊപ്പമുണ്ടായിരുന്ന പാലാഞ്ചേരി ശ്രീധരനുമായി(എന്റെ ശിറ്റശ്ശിയുടെ മകൻ) പങ്കുവെച്ചിരുന്നു.

31 ൽ 25 അമ്മാത്തല്ലേ എനിക്ക് അറിയാൻ പറ്റിയതുള്ളു എന്ന വിചാരത്തോടെ ഞാൻ അന്വേഷണം തുടരവെ എന്റെ പേരശ്ശിയുടെ മകളായ പുത്തില്ലത്തെ ഉണ്ണീമോപ്പോളോടു ചോദിച്ചു. 'നമ്മുടെ അമ്മാത്തെ മുത്തശ്ശന്റെ പുലാച്ചേരി മഹളായ മുത്തശ്ശീടെ അമ്മാത്ത് എവിടെയാണ്.?' ഓപ്പോൾ ഒട്ടും സംശയമില്ലാതെ പറഞ്ഞത് 'ആട്ടീരി മന' എന്നായിരുന്നു.നവതിയിലെത്തിയിട്ടും ഓപ്പോളുടെ ധാരണകൾ അത്ര സൂക്ഷ്മമാണ്.തിരുവേഗപ്പുറ ചെമ്പ്ര ഭട്ടിപുത്തില്ലത്തെ അച്ചുതേട്ടനാണ് ഓപ്പോളെ വേട്ടത്. അദ്ദേഹത്തിന്റെ മുത്തശ്ശന്റെ

**പുതിയ കുട്ടികൾക്കായി ഒരു സമ്മാനം നൽകാം. ഉത്തരംപറഞ്ഞാൽ മാത്രം കിട്ടുന്ന സമ്മാനം. സ്വന്തം അമ്മാത്തും അച്ഛന്റെയും അമ്മയുടേയും അമ്മാത്തുകളും സ്വസ്തിയിലേക്ക് വാട്ട്സ് ആപ്പിൽ എഴുതി അറിയിക്കുന്ന കുട്ടിക്കൂട്ടത്തിലെ ഒരു മിടുക്കനേയും മിടുക്കിയേയും നറുക്കിട്ടെടുത്ത് ഒരു വർഷത്തെ സ്വസ്തി സമ്മാനമായി അയച്ചു തരും.**

അമ്മാത്താണ് എന്റെ ഇല്ലം. തറവാട്ടേയും ഇല്ലത്തേയും അമ്മാത്തേയും ഒക്കെ ചാർച്ചകൾ ഓപ്പോൾക്ക് കടുകട്ടിയാണ്.

എന്നാലും അമ്മേടമ്മാത്തെ അഞ്ചാംതലമുറ മുത്തശ്ശി മുത്തശ്ശന്മാരുടെ, മുത്തശ്ശന്റെ അമ്മാത്തെ മുതുമുതുമുത്തശ്ശി - മുത്തശ്ശന്മാരുടെ, ഇല്ലത്തെ മുത്തശ്ശിയുടെ അമ്മാത്തായ അടക്കാ പുത്തൂർ കുന്നത്തെ മുണ്ടായ പെരുമനത്തു മഹളായ മുതുമുതുമുത്തശ്ശീടെ ഒക്കെ അമ്മാത്ത് അറിവുള്ളവർ എനിക്കു പറഞ്ഞു തരണമെന്ന അഭ്യർത്ഥനയോടെ തൽക്കാലം നിർത്തുന്നു.

അച്ഛന്റെ അമ്മാത്തെ അഞ്ചാംതലമുറ മുത്തശ്ശി മുത്തശ്ശന്മാരുടെ അമ്മാത്തറിയാൻ മാത്രമായി ആലംകോട്ടെ പുക്കുഴിമനയിൽ പോയി. ദീർഘനാളായി രോഗശയ്യയിൽ കഴിയുന്ന പുക്കുഴി സാവിത്രി ഓപ്പോൾ (കോട്ടപ്പടി മഴുവഞ്ചേരി മകൾ ) ആയിരുന്നു അവസാനപ്രതീക്ഷ. ധാരണകൾക്ക് മാത്രം പ്രശ്നമൊന്നുമില്ലാതിരുന്ന സാവിത്രി ഓപ്പോൾ ആണ് വൈദികൻ പെരുമ്പടപ്പ് മുത്തശ്ശീടമ്മാത്തും പേരാമംഗലത്തു കാപ്ര മുത്തശ്ശന്റമ്മാത്തുമാണെന്ന അറിവു പകർന്നത്.ഒന്നു രണ്ടു മാസം കഴിഞ്ഞപ്പോൾ അവർ മരിക്കുകയും ചെയ്തു. സുകൃതം ചെയ്തതിന് നന്ദി. അന്ന് അവിടെ പോയില്ലായിരുന്നെങ്കിൽ ആ വിവരം കിട്ടില്ലായിരുന്നു, അറ്റു പോവുമായിരുന്ന ഒരു കണ്ണി അന്നു കണ്ടെത്തി.

പുതിയ കുട്ടികൾക്കായി ഒരു സമ്മാനം നൽകാം. ഉത്തരംപറഞ്ഞാൽ മാത്രം കിട്ടുന്ന സമ്മാനം. സ്വന്തം അമ്മാത്തും അച്ഛന്റെയും അമ്മയുടേയും അമ്മാത്തുകളും സ്വസ്തിയിലേക്ക് വാട്ട്സ് ആപ്പിൽ എഴുതി അറിയിക്കുന്ന കുട്ടിക്കൂട്ടത്തിലെ ഒരു മിടുക്കനേയും മിടുക്കിയേയും നറുക്കിട്ടെടുത്ത് ഒരു വർഷത്തെ സ്വസ്തി സമ്മാനമായി അയച്ചു തരും. പരമാവധി അമ്മാത്തുകൾ എഴുതി അറിയിക്കുന്ന രണ്ടു മുതിർന്ന സ്വസ്തി വരിക്കാർക്കും ഒരു വർഷത്തെ സ്വസ്തി സൗജന്യമായി നൽകും. നമ്പർ കൊയ്ത്തടി പരമേശ്വരൻ 9072383651

# ശ്രദ്ധാഞ്ജലികൾ



**കൊയ്ത്തടി പരമേശ്വരനായ**
എന്റെ അമ്മാത്തെ മുത്തശ്ശീടെ
അമ്മാത്തെ മുത്തശ്ശീടെ അമ്മാത്തെ
**(വരവൂർ കപ്ലിങ്ങാട്ടു മന)**
യശശ്ശരീരനായ

**ബ്രഹ്മശ്രീ വി.കെ.നാരായണ ഭട്ടതിരിപ്പാട്**

ജനനം: 1879 (കൊ.വ.1055
കർക്കിടകം 15 ഉത്രട്ടാതി നക്ഷത്രം
ദേഹവിയോഗം:1955(കൊ.വ. 1130
വൃശ്ചികം 5 ഉത്രം

സമർപ്പണം:
**പുത്രൻ പി.ചന്ദ്രശേഖരൻ**
(റിട്ട. ആകാശവാണി)
പ്രശാന്തി, പടിഞ്ഞാറെ നട,
ദുർഗ്ഗാ ഭഗവതി ക്ഷേത്രം,
കല്ലായി, കോഴിക്കോട് 673003
മൊബൈൽ:9745140982





# അനഘ & കൃഷ്ണപ്രസാദ്

വധൂവരന്മാർക്ക്
തായാട്ട് ഇല്ലം
കുടുംബാംഗ
ങ്ങളുടെയും
ചേവായൂർ
ഉപസഭയുടെയും
മംഗളാശംസകൾ
9846427063.



കോഴിക്കോട് ചേവായൂർ ഉപസഭ തായാട്ട് ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെയും വല്ലി അന്തർജനത്തിന്റേയും മകൾ അനഘയും നന്മണ്ട പന്ന്യംവള്ളി ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാടിന്റേയും ജയശ്രീ അന്തർജനത്തിന്റെയും മകൻ കൃഷ്ണപ്രസാദും മേയ് 8ന് ശനിയാഴ്ച തായാട്ട് ഇല്ലത്ത് വച്ച് വിവാഹിതരായി.

## അറിയേണ്ട അന്തർജനം

# റാഗിംഗിന് വന്നവൻ തൊഴു കയ്യോടെ മടങ്ങി

### വിധവയും രണ്ടു പെൺകുട്ടികളുടെ അമ്മ യുമായ പത്താം ക്ലാസുകാരി അന്തർജനം എം.ബി.ബി.എസുകാരിയായ കഥ

**സ്മിത വാസുദേവൻ**



ട്രെയിൻ നീങ്ങി തുടങ്ങിയപ്പൊ ആണ് എതിർവശത്തിരിക്കുന്ന സ്ത്രീയെ ശ്രദ്ധിച്ചത്. ഏകദേശം 60–65 വയസ്സ് തോന്നും അവരെ കണ്ടാൽ. പരിചയപെട്ടപ്പൊ, അവരുടെ സ്ഥലം നന്മണ്ട പതിമൂന്നാം മൈൽ ആണെന്ന് പറഞ്ഞു. നന്മണ്ടക്കാരെ കണ്ടാൽ ഞാൻ സ്ഥിരം ചോദിയ്ക്കുന്ന ഒരു ചോദ്യം ഉണ്ട് – സാവിത്രി ഡോക്ടറെ അറിയോ എന്ന്.

ആ പതിവ് ഇവിടേയും മുടക്കിയില്ല. സാവിത്രി ഡോക്ടർ എന്ന പേര് കേട്ടപ്പൊ തന്നെ അവരുടെ കണ്ണുകൾ തിളങ്ങി. ആ തിളക്കത്തിൽ നിന്ന് തന്നെ മനസ്സിലായി, അവർക്ക് സാവിത്രി ഡോക്ടറോടുള്ള സ്നേഹവും ബഹുമാനവും. ഞാൻ അഭിമാനത്തോടെ പറഞ്ഞു, സാവിത്രി ഡോക്ടർ എന്റെ ഭർത്താവിന്റെ വല്യമ്മ (പേരശ്ശ്യമ്മ)ആണെന്ന്. പിന്നെ പേരശ്ശ്യമ്മയെപ്പറ്റിയായി ഞങ്ങളുടെ സംസാരം മുഴുവൻ. പത്ത് നാല്പത് വർഷം മുമ്പ് ഒരു സ്ത്രീ ഒറ്റയ്ക്ക് ഒരു ആസ്പത്രി നടത്തുന്നതിനെപ്പറ്റി അവർ വാചാലരായപ്പൊ ഞാൻ അവരുടെ മുന്നിൽ പേരശ്ശ്യമ്മയുടെ ജീവിതാനുഭവം പങ്ക് വെക്കാൻ തീരുമാനിച്ചു.

പേര് കേട്ട കൂടല്ലൂർ മനയുടെ സമൃദ്ധിയിൽ നിന്ന് അത്രയും തന്നെ പ്രസിദ്ധമായ കാഞ്ഞൂർ മനയിലേയ്ക്കായിരുന്നു പേരശ്ശ്യമ്മയുടെ പെൺകൊട. 1954 ൽ പത്തിൽ പഠിയ്ക്കുമ്പൊ. അതും പതിനാറാം വയസ്സിൽ. മെയ്ഡ് ഫോർ ഈച്ച് അദർ എന്ന വാക്യം ഈ ദമ്പതിമാർക്ക് വേണ്ടിയാണ് ഉണ്ടാക്കിയതെന്ന് തോന്നും. ആവിധം സൗന്ദര്യവും സൽസ്വഭാവവും ഒത്തിണങ്ങിയവർ ആയിരുന്നു ഇവരെന്ന് കേട്ടിട്ടുണ്ട്. പഠിക്കാനുള്ള പേരശ്ശ്യമ്മയുടെ മോഹം ഭർത്താവായ കാഞ്ഞൂരെ നമ്പൂതിരി മനസ്സിലാക്കി, അങ്ങനെ വിവാഹശേഷം പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കി.

രണ്ട് പെൺകുട്ടികളുടെ ജനനത്തോടെ സമ്പൂർണ്ണമായ കുടുംബിനിയായി. അങ്ങനെ സർവ സുഖങ്ങളോടും കൂടി ഇരിക്കുന്ന സമയത്താണ് 1963 ൽ ഭർത്താവിന്റെ വിയോഗം. കാഞ്ഞൂരെ തന്നെ തോട്ടത്തിലേയ്ക്ക് പോയ അദ്ദേഹം പാമ്പ് കടിയേറ്റ് മരിക്കുകയായിരുന്നു.

ഏതൊരു സ്ത്രീയും തകർന്ന് പോകുന്ന അവസ്ഥ. സ്ത്രീകൾക്ക് , പ്രത്യേകിച്ച് നമ്പൂതിരി സ്ത്രീകൾക്ക് ഇന്നത്തെ പോലെ അഭിപ്രായസ്വാതന്ത്ര്യമോ വ്യക്തിത്വമോ ഇല്ലാത്ത കാലം. ഭർത്താവിനെ ദൈവമായും



എം.ബി.ബി.എസിന് ചേരണമെങ്കിൽ ആദ്യം പ്രീ യൂണിവേഴ്സിറ്റി ( ഇത്തന്നെ പ്ളസ് ടു) കഴിയണം. അങ്ങനെ 1964 ൽ തൃശൂർ സെന്റ് മേരീസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റിക്ക് ചേർന്നു. കുരുന്നുകളായ രണ്ടു പെൺകുട്ടികളേയും സഹായത്തിന് ഒരു പണിക്കാരിയേയും കൂട്ടി തൃശ്ശൂർക്ക് താമസം മാറ്റി. ശേഷം 1965–ൽ പ്രീ പ്രൊഫഷന് പാലക്കാട് വിക്ടോറിയ കോളേജിൽ. അതിന് ശേഷം 1966ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന്. വീണ്ടും കുട്ടികളും പണിക്കാരിയുമായി കോഴിക്കോട്ടേയ്ക്ക്. അങ്ങനെ അഞ്ചാറു വർഷങ്ങൾ നീണ്ട തപസ്യ

കുടുംബത്തെ സ്വർഗ്ഗമായും കണ്ടിരുന്ന കാലം. അതിനപ്പുറത്തേ ഒരു ലോകം ഇല്ലെന്ന് വിശ്വസിച്ചിരുന്ന സമയം. ആ ഒരു കാലഘട്ടത്തിൽ ഭർത്താവും കൂടി മരിച്ചു പോയാലുള്ള സ്ഥിതിയോ ! മുൻപോട്ട് നോക്കിയാൽ ഇരുട്ട് മാത്രം.

പഠിപ്പ് പത്താംക്ളാസ് മാത്രം. ഇരുപതു വയസു കഴിഞ്ഞിട്ടില്ല. രണ്ടു പെൺകുട്ടികളുടെ അമ്മയായ വിധവ. ഇതാണ് സാഹചര്യം. ഈ സാഹചര്യത്തിൽ നമ്മളാണെങ്കിൽ എന്തു ചെയ്യും. ഇല്ലത്തു ദുഃഖിച്ചിരിക്കുക. വിധിയെന്ന് കരുതുക. ബന്ധുക്കളായ മറ്റു അന്തർജനങ്ങളുടെ സഹതാപത്തിനു പാത്രമാവുക. ഒറ്റക്കാവുമ്പോൾ കുട്ടികൾ കാണാതെ മതിയാവോളം കരയുക. സാധാരണ നിലയ്ക്ക്, അന്നത്തെ കാലത്ത് വിധവയായ ഒരു നമ്പൂതിരി സ്ത്രീക്ക് ഇതൊക്കെയാണ് വഴി. തറവാടിന്റെ ഉള്ളിൽ ഒതുങ്ങി കൂടുക. ഇരുട്ടിന്റെ ലോകം. ഒറ്റപ്പെടലിന്റെ ലോകം. കണ്ണീരിന്റെ ലോകം.

എന്നാൽ, ആ സമയത്ത് പേരശ്ശ്യമ്മയുടെ അച്ഛൻ, അതായത് എന്റെ ഭർത്താവിന്റെ അമ്മാത്തെ മുത്തശ്ശൻ ഒരു നിർദ്ദേശം വെച്ചു. വെറുതെ ദുഃഖിച്ചിരിക്കുന്നത് ഒഴിവാക്കാനുള്ള ബദൽ വഴി. പേരശ്ശ്യമ്മയുടെ മുടങ്ങി പോയ പഠനം തുടരുക. പെൺകൊട കഴിഞ്ഞാൽ പിന്നെ അച്ഛന്റെ ഉത്തരവാദിത്തം കഴിഞ്ഞു എന്നു കരുതി മാറി നിന്നില്ല. ആ പത്താംക്ളാസുകാരിയായ വിധവയെ പിന്നെ നമ്മളെയെല്ലാം ഞെട്ടിച്ചു.

വേണമെങ്കിൽ ടി.ടി.സിക്ക് ചേരാം. രണ്ടു വർഷം മതി ടി.ടി.സിക്ക്. അതു കഴിഞ്ഞാൽ ഏതെങ്കിലും സകൂളിൽ ചേരാം. അങ്ങനെയായാൽതന്നെ ഒരു വിധവയെ സംബന്ധിച്ച് വലിയ മാറ്റമാണ്. എന്നാൽ

ടി.ടി.സി പഠിച്ച് ടീച്ചറാവാനല്ല, അച്ഛൻ പറഞ്ഞത്. മറിച്ച് എം.ബി.ബി.എസിന് ചേർത്തി ഡോക്ടർ ആക്കാൻ ആയിരുന്നു ഉദ്ദേശം. ആ ദീർഘവീക്ഷകന് ശതകോടി നമസ്കാരം. എം.ബി.ബി.എസിന് ചേരണമെങ്കിൽ ആദ്യം പ്രീ യൂണിവേഴ്സിറ്റി ( ഇത്തന്നെ പ്ളസ് ടു) കഴിയണം. അതിന് ഏറ്റവും ഉയർന്ന മാർക്ക് നേടണം. ആ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മെഡിസിന് സീറ്റു കിട്ടുക. എൻട്രൻസൊന്നും അക്കാലത്തില്ല. ആകെ ഇരുനൂറോ മറ്റോ സീറ്റുണ്ടാവും. അതു കിട്ടുക എളുപ്പമല്ല. ദുഃഖിച്ചിരിക്കുന്ന ഒരു വിധവയുടെ മനസ്സു മറികടന്നാലേ അത്ര ഉയർന്ന മാർക്ക് നേടാനാവൂ. മാത്രമല്ല ചില ബന്ധുക്കളെല്ലാം ഇതിനോട് വിയോജിക്കുകയും ചെയ്തിരുന്നു.

സ്വാഭാവികമായും ഉയർന്ന് വന്ന എതിർപ്പുകളെ വകവെയ്ക്കാതെ മുത്തശ്ശൻ പേരശ്ശ്യമ്മയുടെ ഒപ്പം തന്നെ നിന്നു. മനുസ്മൃതി തിരുത്തപ്പെട്ടു - ബാല്യത്തിലും കൗമാരത്തിലും മാത്രമല്ല, യൗവനത്തിലും പിതാ തന്നെ ആയിരുന്നു പേരശ്ശ്യമ്മയുടെ രക്ഷതി.



*വൈധവ്യത്തിനു മുമ്പ് ഭർത്താവിനും കുട്ടികൾക്കുമൊപ്പം: രണ്ടു പെൺകുട്ടികളുടെ അമ്മയും പിന്നീട് വിധവയായ ഈ അവസ്ഥക്കു ശേഷമാണ് എം.ബി.ബി.എസുകാരിയായി മാറിയത്*



***പിതാ രക്ഷതി:*** *അച്ഛൻ കൂടല്ലൂർ നാരായണൻ നമ്പൂതിരിപ്പാട് നൽകിയ പിന്തുണയാണ് എല്ലാ വിജയത്തിനും പിന്നിൽ*

അങ്ങനെ 1964 ൽ തൃശൂർ സെന്റ് മേരീസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റിക്ക് ചേർന്നു. കുരുന്നുകളായ രണ്ടു പെൺകുട്ടികളേയും സഹായത്തിന് ഒരു പണിക്കാരിയേയും കൂട്ടി പേരശ്ശ്യമ്മ തൃശ്ശൂർക്ക് താമസം മാറ്റി. കോളേജിൽ ചേർത്ത് തിരിഞ്ഞ് നടക്കുമ്പൊ, മുത്തശ്ശന്റെ നെഞ്ചിടിപ്പ് പേരശ്ശ്യമ്മയ്ക്ക് കേൾക്കാമായിരുന്നു. പേരശ്ശ്യമ്മയുടേത് മുത്തശ്ശനും.

ഒരു വർഷത്തെ പ്രീ യൂണിവേഴ്സിറ്റിയ്ക്ക് ശേഷം 1965-ൽ പ്രീ പ്രൊഫഷന് പാലക്കാട് വിക്ടോറിയ കോളേജിൽ ചേർന്നു. അതിന് ശേഷം 1966- കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന് ചേർന്നു. വീണ്ടും കുട്ടികളും പണിക്കാരിയുമായി കോഴിക്കോട്ടേയ്ക്ക്. അന്ന് ഈശ്വരൻ പേരശ്ശ്യമ്മയുടെ മുമ്പിൽ തുറന്ന് കൊടുത്തത് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വാതിലുകൾ മാത്രമല്ല, ഒരു പുതിയ ജീവിതത്തിലേക്കുള്ള വാതിൽകൂടി ആയിരുന്നു.

കോളേജ് പഠനത്തിന്റെ ആദ്യ ദിവസങ്ങളിൽ സീനിയർ വിദ്യാർത്ഥികൾ റാഗിംങ്ങ് ചെയ്യുക പതിവാണല്ലോ. വെള്ള സാരിയും ജാക്കറ്റും ധരിച്ച പേരശ്ശ്യമ്മയെ റാഗ്ഗ് ചെയ്യാൻ മുതിർന്ന ഒരു സീനിയർ പയ്യൻ, പേരശ്ശ്യമ്മയുടെ കഥകൾ കേട്ട്, തൊഴുകയ്യോടെ പിൻവാങ്ങിയത് പറഞ്ഞപ്പൊ, ആ വികൃതി പയ്യന്റെ കണ്ണുകളിലെ നനവ് എന്റെ സഹയാത്രികയിലും കണ്ടു.

സഹപാഠികൾക്കൊക്കെ പേരശ്ശ്യമ്മയെ ബഹുമാനവും ആരാധനയും ആയിരുന്നു. അങ്ങേയറ്റത്തെ നിശ്ച

യദാർഢ്യത്തോടു കൂടി പഠനം പൂർത്തിയാക്കുമ്പോഴും ഇങ്ങേയറ്റത്തെ സൗമ്യതയായിരുന്നു പേരശ്ശ്യമ്മയുടെ പെരുമാറ്റത്തിലെന്ന് സഹപാഠികൾ ഓർമ്മിക്കുന്നു. ഇത്രയേറെ കയ്പേറിയ ജീവിതാനുഭവങ്ങൾ ഒരു പരിഭവുമില്ലാതെ ചവച്ചിറക്കിയിട്ട്, അത്രയും മധുരമായി സംസാരിയ്ക്കാൻ കഴിയുന്നതങ്ങനെയെന്ന് അവരൊക്കെ അദ്ഭുതപ്പെടാറുണ്ടത്രേ. കാമ്പസ്സിന്റെ നിറപ്പകിട്ടിൽ നിന്നും ആരവങ്ങളിൽ നിന്നും ഒഴിഞ്ഞു മാറി. വെള്ള സാരിയും ബ്ളൗസും പുതച്ച് നടന്നു നീങ്ങുന്ന പേരശ്ശ്യമ്മയുടെ ചിത്രം അവ്യക്തമായേ എനിയ്ക്ക് സങ്കല്പിയ്ക്കാൻ കഴിയാറുള്ളൂ, കണ്ണുനീർ കാഴ്ചയെ മറയ്ക്കുന്നതിനാൽ.

പേരശ്ശ്യമ്മയുടെ പേരിന്റെ കൂടെ ഡോക്ടർ എന്ന വാക്ക് കൂട്ടിചേർത്ത് കണ്ടപ്പൊ , പേരശ്ശ്യമ്മയേക്കാൾ നിർവൃതിയടഞ്ഞത് ,ഒരു പക്ഷെ, മുത്തശ്ശനാവും. വെള്ള കോട്ടും സ്റ്റെതസ്കോപ്പും അണിഞ്ഞ് പേരശ്ശ്യമ്മ രോഗികളെ ചികിത്സിക്കുന്ന കാഴ്ച കണ്ട് സഫലമായതോ മുത്തശ്ശന്റെ ജന്മവും.

എം.ബി.ബി.എസ് പഠനം കഴിഞ്ഞ് ഒന്നു രണ്ടു വർഷം പേരശ്ശ്യമ്മ കോഴിക്കോട്ടുള്ള ആസ്പത്രിയിൽ സേവനമനുഷ്ഠിച്ചു. ആ അനുഭവസമ്പത്ത് മൂലധനമാക്കി 1972 ൽ നന്മണ്ട പതിമൂന്നാം മൈലിൽ ആസ്പത്രി തുറന്നു. പിന്നീടങ്ങോട്ട് പതിനഞ്ച് വർഷം പതിമൂന്നാം മൈലിൽ ആയിരുന്നു പേരശ്ശ്യമ്മയുടെ കർമ്മമണ്ഡലം.

അതിശയോക്തി ഒട്ടുമില്ലാതെ പറയട്ടെ, രാപകൽ ആതുരസേവ തന്നെയായിരുന്നു . ഏത് പാതിരാത്രിയിലും പേരശ്ശ്യമ്മയുടെ ആസ്പത്രിയിൽ രോഗികൾക്ക് കയറിചെല്ലാമായിരുന്നു. സഹാനുഭൂതിയുടെ നിറകുടമായവർക്കേ ഇങ്ങനെ സമൂഹത്തിനെ സേവിയ്ക്കാൻ പറ്റൂ. പതിമൂന്നാം മൈലുക്കാരുടെ കൺകണ്ട ദൈവമായി മാറി പേരശ്ശ്യമ്മ. എന്താണ് മോഹമെന്നു ഒരിക്കൽ ചോദിച്ചപ്പോൾ പറഞ്ഞത് നൈറ്റ്കാൾ ഇല്ലാതെ ഒരു രാത്രിയെങ്കിലും അടുപ്പിച്ച് 8 മണിക്കൂർ ഉറങ്ങാനാണ് മോഹം എന്നായിരുന്നു. പേരശ്ശ്യമ്മക്ക് അത്രക്ക് തിരക്കായിരുന്നു.

1981 ആയപ്പോഴേയ്ക്കും മക്കളുടെയെല്ലാം വിവാഹം കഴിഞ്ഞു. അപ്പോഴാണ് സ്വന്തം നാടിനെ സേവിയ്ക്കണം എന്ന മോഹമുണ്ടായത്. അല്ലെങ്കിലും, സ്വന്തം നാട്ടിലേയ്ക്ക് ഒരു തിരിച്ചു വരവ് ആരാണ് ആഗ്രഹിക്കാത്തത്. അങ്ങനെ 1986 ൽ കാഞ്ഞൂർ മന സ്ഥിതി ചെയ്യുന്ന പാലക്കാട് ജില്ലയിലുള്ള വരോട് തിരിച്ചു വന്ന് പ്രാക്ടീസ് തുടങ്ങി. അവശരായ രോഗികളെ വീടുകളിൽ പോയി ചികിത്സിച്ചിരുന്നു - ജാതി മത ഭേദമെന്യേ. 75 വയസ്സ് ആകുന്നത് വരെ ആ സേവനം തുടരുകയും ചെയ്തു.

കുടുംബമഹിമയുടെ പേരിലോ,സ്വന്തം അച്ഛന്റെയോ ഭർത്താവിന്റേയോ



*സാവിത്രിയും കാഞ്ഞൂരെ നമ്പൂതിരിപ്പാടും*

ഒക്കെ കേമത്തത്തിന്റെ പേരിലോ ഒക്കെ ആളാകാൻ ശ്രമിയ്ക്കുന്നവർ ആണ് നമ്മിൽ ബഹുഭൂരി പക്ഷവും. (ഈ നിമിഷം, ഇത് വിവരിക്കുമ്പൊ, പേരശ്ശ്യമ്മയുടെ ബന്ധുവെന്ന പേരിൽ ഞാനും അഹങ്കരിയ്ക്കുന്നു ).ഇവിടെ പേരശ്ശ്യമ്മയെ നോക്കൂ, സ്വപ്രയത്നത്താൽ നേടിയെടുത്ത പ്രശസ്തിയിലും ഊറ്റമൊട്ടുമില്ലാതെ സ്വന്തം കർമ്മത്തിൽ മാത്രമായിരുന്നു ശ്രദ്ധ കൊടുത്തത്. മാത്രമല്ല, പരാതിയുടെ ഒരു സ്വരം പോലെ ഇല്ലാതെ ,എപ്പോഴും പുഞ്ചിരിച്ചു കൊണ്ടേ പേരശ്ശ്യമ്മയെ കണ്ടിട്ടുള്ളൂ. വാസ്തവത്തിൽ,

ഇങ്ങനെയുള്ള നിശ്ശബ്ദ വിപ്ളവങ്ങളെയല്ലേ നമ്മൾ മാതൃകയാക്കേണ്ടത്? ഈ മനോഭാവമല്ലേ നമ്മൾ അനുകരിക്കേണ്ടത് ? ഈ ജീവിതയാത്ര അല്ലേ നമ്മൾ കൊട്ടിഘോഷിയ്ക്കേണ്ടത്?

ഇപ്പോൾ മക്കളുടെ കൂടെ വിശ്രമജീവിതത്തിലാണ്. പ്രായത്തിന്റെ അവശതകൾ ഉണ്ടെങ്കിലും , ആ മുഖത്ത് ഓടി തളർന്നതിന്റെ ക്ഷീണമോ, വിധിയെ തോല്പിച്ചതിന്റെ നാട്യമോ ഒന്നും ഇല്ല. മറിച്ച് കടമകളെല്ലാം നിർവഹിച്ച് കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യവും അതിൽ നിന്ന് ഉണ്ടാകുന്ന ശാന്തതയും മാത്രം.

ഇത്രയും പറഞ്ഞു തീർന്നപ്പൊഴേയ്ക്കും എനിയ്ക്ക് ഇറങ്ങാനുള്ള സ്റ്റേഷനായി. യാത്ര പറയാൻ നേരം, എന്താന്നറിയില്ലാ, എന്റേയും ആ നന്മണ്ടക്കാരിയുടേയും കണ്ണുകൾ നിറഞ്ഞു. ഞാൻ എഴുന്നേറ്റപ്പൊ അവർ എന്റെ കൈകൾ കൂട്ടി പിടിച്ച് മെല്ലെ ഇറുക്കി - പേരശ്യമ്മയോടുള്ള ഒരു ദേശത്തിന്റെ കുന്നോളം വരുന്ന സ്നേഹം എന്റെ കൈകുമ്പിളിലേയ്ക്ക് അരിച്ചിറങ്ങുന്നത് ഞാനറിഞ്ഞു. (ഒളപ്പമണ്ണ ആത്തേമാരായ സ്മിതയുടെ ഇല്ലം തൃശ്ശൂർ വടക്കിനിയേടത്താണ്). ●

സ്മിത വാസുദേവൻ,
സുവിതം,പി.വി.സാമി റോഡ്,
ചാലപ്പുറം,കോഴിക്കോട്
മൊബൈൽ:9349123613

# കണ്ണീരിന്റെ നനവുള്ള രുചിക്കൂട്ട്

**ഭർത്താവിന്റെ മരണശേഷം ഷീല അന്തർജനം തളർന്നിരുന്നു. ആ സമയത്ത് ഭർത്തൃ സഹോദരനാണ് ഒരു ആശയം മുന്നോട്ടു വെച്ചത്. പാരമ്പര്യ വിഭവങ്ങൾ ഉണ്ടാക്കാനറിയുമല്ലൊ. അതുണ്ടാക്കി എത്തിച്ചാൽ നല്ല ഡിമാൻഡുണ്ടാവും, മാത്രമല്ല മാനസികാവസ്ഥക്ക് മാറ്റവുമാകും. അങ്ങനെ ആരംഭിച്ചതാണ് ഈ രുചിക്കൂട്ട്**

നമ്പൂതിരീസ്
കലർപ്പില്ലാത്ത രുചിക്കൂട്ട്

മിഥുൻ വെള്ളാംപറമ്പ് പെരുവനം ഗ്രാമക്കാരനാണ്, കൂടാതെ ഓതിക്ക കുടുംബവും. തന്ത്രവുമുണ്ട്. ചെറുപ്പത്തിൽത്തന്നെ മുത്തപ്ഫൻ (നാരായണൻ നമ്പൂതിരി) മിഥുനിനെയും ഏട്ടൻ ഹരീഷിനെയും ചടങ്ങുകളും അത്യാവശ്യം തന്ത്രവും പഠിപ്പിച്ചു. ഏട്ടൻ ഹരീഷ് എന്ന് പേരുള്ള കുട്ടൻ ഇന്ന് കേരളവർമ്മയിൽ ഗണിത വിഭാഗം വകുപ്പു മേധാവിയാണ്. ഈയിടെ പെരുവനത്ത് നടന്ന ആധാനത്തിൽ ഹരീഷായിരുന്നു ഋത്വിക്.

കഴിഞ്ഞ വർഷം ഏപ്രിലിലായിരുന്നു അച്ഛൻ വി.സി മാധവൻ നമ്പൂതിരിയുടെ വിയോഗം. നല്ലൊരദ്ധ്യാപകനും സംരംഭകനുമായിരുന്നു അദ്ദേഹം. അവിട്ടത്തൂരിലെ നമ്പൂതിരീസ് എന്ന് സ്വന്തം കോച്ചിംഗ് സ്ഥാപനം വഴി പി.എസ്.സി/ബാങ്ക് പരീക്ഷകൾക്ക് കോച്ചിംഗും നൽകിയിരുന്നു. കെ.എസ്.ഇ.ബിയിൽ നിന്നു അക്കൗണ്ട്സ് ഓഫീസർ ആയി റിട്ടയർ ചെയ്ത നീലകണ്ഠൻ നമ്പൂതിരിയാണ് കുടുംബത്തിലെ കാർണവർ. അദ്ദേഹം ചടങ്ങിൽ പ്രഗത്ഭനും, പലർക്കും ഗുരുസ്ഥാനീയനുമാണ്.

2007 മുതൽ പ്രൈവറ്റ് കമ്പനികളിലായിരുന്നു മിഥുൻ. മാർക്കറ്റിംഗിലാണ് പരിചയം. ഒപ്പം ചടങ്ങ് കഴിപ്പിക്കാനും തന്ത്രത്തിനും പോയിരുന്നു. ലോക്ക് ഡൗൺ വന്നതോടെ മിഥുൻ വർക്കു ചെയ്തിരുന്ന സ്ഥാപനം തകർന്നു. അച്ഛന്റെ മരണ ശേഷം അമ്മ (പുലാമന്തോൾ പൊതുവായ നാരായണൻ ഭട്ടതിരിപ്പാടിന്റെ മകൾ ഷീല) മാനസികമായി തളർന്നു തുടങ്ങിയിരുന്നു. ആസമയത്ത് ഇവരുടെ അപ്ഫൻ നാരായണൻനമ്പൂതിരിയാണ് (സൗത്ത് ഇന്ത്യൻ ബാങ്കിൽ എ.ജി.എം ആയിരുന്നു അദ്ദേഹം) ഒരു ആശയം മുന്നോട്ടു വെച്ചത്. അമ്മ ഷീല അന്തർജനത്തിന് പാരമ്പര്യ വിഭവങ്ങൾ നല്ല പോലെ ഉണ്ടാക്കാൻ കഴിവുണ്ട്. ഇതുണ്ടാക്കി ആളുകളിൽ എത്തിച്ചാൽ നല്ല ഡിമാൻഡുണ്ടാവും, മാത്രമല്ല അമ്മയുടെ മാനസികാവസ്ഥക്ക് നല്ല മാറ്റവും ഉണ്ടാകും.

അങ്ങനെ 2020 ജൂണോടെ സംരംഭം ആരംഭിച്ചു. കടുമാങ്ങ, വറുത്ത നെല്ലിക്ക, നാരങ്ങ, എരുമാങ്ങ, ചമന്തിപ്പൊടി ,ചട്ട്ണിപ്പൊടി, മുളക്പൊടി, മല്ലിപ്പൊടി, സാമ്പാർപ്പൊടി, ചാണയാക്കിയ പുളി, വേപ്പിലക്കട്ടി തുടങ്ങിയ വിഭവങ്ങൾ ഉണ്ടാക്കി വിൽപ്പന ചെയ്തു തുടങ്ങി. പതുക്കെ, പതുക്കെയാണ് ഒരോ വിഭവങ്ങളും കൂട്ടി, കൂട്ടി കൊണ്ടുവന്നത്. ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുകയാണ് വിപണന രീതി. ഏറ്റവും അധികം വിപണനം ലഭിച്ചത് വിവിധ നമ്പൂതിരി ഗ്രൂപ്പുകളിൽ മെസേജ് നൽകി കൊറിയർ, പോസ്റ്റൽ പാഴ്സൽ രീതിയിലൂടെയാണ്. പിന്നെ അടുത്തുള്ളവർക്ക് നേരിട്ട് മിഥുൻ തന്നെ എത്തിക്കാറുണ്ട്.

ഇപ്പോൾ ഇന്ത്യയിൽ എവിടേക്കും കൊറിയർ അയക്കുന്നുണ്ട്. ഉപഭോക്താക്കൾ വാട്ട്സപ്പ് മുഖേന ഓർഡർ നൽകുകയും, ഓൺലൈൻ ആയി പണമടക്കുകയും ചെയ്യുന്നു. ഷീലയും ഇപ്പോൾ വളരെ ഉത്സാഹവതിയാണ്. സ്വന്തമായി ഒരു സംരംഭം തുടങ്ങി വിജയിച്ചതിന്റെ ഊർജ്ജം അമ്മയിൽ കാണാം.

അടുത്ത തവണത്തേക്കുള്ള കടുമാങ്ങ ഇപ്പോൾ തന്നെ ഇട്ടു കഴിഞ്ഞു. ഈ തവണ ഇല്ലത്തെ 5 മാവ് ഇവർക്കായി പൂത്തു. അതിനാൽ തൊടിയിൽ നിന്നു തന്നെ മാങ്ങ കിട്ടി. അച്ഛന്റെ ഇൻസ്റ്റിട്ട്യൂട്ടിന്റെ ഓർമ്മക്കായി നമ്പൂതിരീസ് എന്ന പേരിലാണ് പ്രവർത്തനം. ഫുഡ് ലൈസൻസുമായി.

സഹോദരി അനുശ്രീ മാതൃഭൂമിയിൽ ജേണലിസ്റ്റാണ്. ഭർത്താവ് ബാലസുബ്രഹ്മണ്യൻ കോഴിക്കോട് എൻ.ഐ.ടിയിൽ പ്രൊഫസറും. തിരുവേഗപ്പുറ ചെമ്പ്രയിലെ ഭട്ടിവടക്കേടത്തെ ശ്രീജയാണ് മിഥുനിന്റെ ഭാര്യ. കുട്ടികൾ ഉമാദേവിയും ശ്രീദേവിയും.

സ്ഥാപനം ഇനിയും വളരണമെന്നാണ് ആഗ്രഹം.അതിനു വേണ്ടത് പെരുവനത്തപ്പന്റേയും, തിരുവള്ളക്കാവ് ശാസ്താവിന്റെയും അനുഗ്രഹമാണ്. ഒപ്പം ഉപഭോക്താക്കളുടെ സഹകരണവും. ●

അന്വേഷണങ്ങൾക്ക്
മിഥുൻ വെള്ളാംപറമ്പ്
വാട്ട്സ് ആപ്പ്
ഓർഡറുകൾക്കും,
മൊബൈൽ
**9847581736**



മിഥുൻ വെള്ളാംപറമ്പ് ഭാര്യ ശ്രീജ
മക്കൾ ഉമാദേവിയും ശ്രീദേവിയും.

लोकाः समस्ताः सुखिनो भवन्तु



# ആശംസകളോടെ

അണ്ടലാടി മന കുടുംബം പി.ഒ:മരുതൂർ, പട്ടാമ്പി

പിൻ: 679306 മൊബൈൽ: 9745843121

# ഋഗ് വേദവും ഭാഗവതവും അടുത്തറിഞ്ഞ
# പാലേലി നാരായണൻ നമ്പൂതിരി
## രചിച്ച ഭാഗവത സംബന്ധിയായ കൃതികൾ





ഭാഗവത ചിന്തകൾ
ഹ്രസ്വ ഭാഗവതം
ഏകാദശ സ്കന്ധത്തിലൂടെ
(4പുസ്തകം)
ദേവീ നാരായണീയം
(ദേവീ ഭാഗവതത്തിന്റെ
സംക്ഷിപ്ത രൂപം)
എന്നീ പുസ്തകങ്ങൾ.

ആവശ്യക്കാർ വിളിക്കുക:
**പാലേലി മോഹൻ 8304909076 / 9847584790**



## സത്യം പരം ധീമഹി ...
## സ്വസ്തി വായനക്കാർക്കെല്ലാം
## വൈഷ്ണവം ഹരികഥാമൃതം ഗ്രൂപ്പിന്റെ
## ഹൃദയം നിറഞ്ഞ ഓണാശംസകൾ

ശ്രീമദ് ഭാഗവതത്തിലെ ഓരോ
അധ്യായം ഓരോ ദിവസമായി
പാരായണം ചെയ്ത് അതിന്റെ
സാരാംശം വിശദീകരിക്കുന്നു.
വാട്സപ് ഗ്രൂപ്പിൽ ചേരാൻ
വിളിക്കൂ.7510278765
അല്ലെങ്കിൽ ഈ ക്യു ആർ
കോഡ് സ്കാൻ ചെയ്യൂ.



**ഭാഗവതാചാര്യൻ ബ്രഹ്മശ്രീ**
**ചെറുവക്കാട് കേശവൻ നമ്പൂതിരി**
(Rtd. പ്രിൻസിപ്പൽ, രാമകൃഷ്ണ മിഷൻ HSS കോഴിക്കോട്)
ചെറുവക്കാട് ഇല്ലം പി.ഒ പന്നിക്കോട്, മുക്കം കോഴിക്കോട് ജില്ല.




# തരണനല്ലൂരിലെ 'തന്ത്രക്കാരി'

**സ്കൂൾ വിദ്യാർഥിനിയായിരിക്കെ ഭദ്രകാളിയുടെ പ്രാണപ്രതിഷ്ഠ നടത്തി താന്ത്രിക മേഖലയിൽ ചരിത്രം കുറിച്ച ആദ്യത്തെ വനിതാ തന്ത്രി. അറിയാം, അവരുടെ വിശേഷങ്ങൾ.**

**സംസ്കൃത വേദാന്തത്തിൽ വാഴ്സിറ്റി റാങ്ക് /അഴീക്കോട് അക്ലിയത്ത് ശിവക്ഷേത്രം തന്ത്രി.**

## തരണനല്ലൂർ പദ്മനാഭൻ അപ്പു നമ്പൂതിരിപ്പാടിന്റെയും കാട്ടൂർ അർച്ചനയുടെയും മകൾ ജ്യോത്സന പദ്മനാഭൻ

**ഹരി നടുവം**



ചരിത്രത്തിലാദ്യമായി തരണനല്ലൂർ ഇല്ലത്തെ ഒരു പെൺകുട്ടി സ്ത്രീകൾ കൈവയ്ക്കാത്ത താന്ത്രിക മേഖലയിലേക്ക് കടന്നു വന്നത് ചരിത്ര സംഭവമായിരുന്നു. തരണനല്ലൂർ കുടുംബത്തിന്റെ ഇരിങ്ങാലക്കുടയിലെ പൈങ്കിനി കാവിലാണ് ജ്യോത്സന ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ ഭദ്രകാളിയുടെ പ്രാണപ്രതിഷ്ഠ നടത്തി താന്ത്രിക ചരിത്രം തിരുത്തിയത്.

വല്യച്ഛനും പ്രശസ്ത താന്ത്രികാചാര്യനുമായ ഇരിഞ്ഞാലക്കുട തരണനല്ലൂർ പടിഞ്ഞാറെ മനയ്ക്കൽ പദ്മനാഭൻ നമ്പൂതിരിപ്പാടായിരുന്നു പ്രാണപ്രതിഷ്ഠാ തന്ത്രശാസ്ത്ര ആചാര്യ ഗുരുവായി ജ്യോത്സനയെ നയിച്ചത്. പ്ലസ്ടു പഠന ശേഷം ബി.എ സംസ്കൃതം വേദാന്തം ഐച്ഛിക വിഷയമായി സ്വീകരിച്ച് സർവകലാശാലയിൽ വേദാന്തത്തിൽ രണ്ടാം റാങ്കിന്റെ തിളക്കത്തിൽ ജ്യോത്സന പദ്മനാഭൻആധിപത്യം തുടരുകയാണ്. വേദാന്തത്തിൽ ഉപരി പഠനത്തിനൊപ്പം താന്ത്രിക മേഖലയിൽ കൂടുതൽ ഗവേഷണ പഠനം നടത്താനും ഇതിനകം ജ്യോത്സനപദ്മനാഭൻ ഒരുക്കം തുടങ്ങി.

സർവകലാശാലപഠനത്തിനിടയിലും തരണനല്ലൂർ ആചാര്യ തന്ത്രിക്കൊപ്പം ശ്രീചക്ര പൂജയും ഗുരുതിയും ജ്യോത്സന നടത്തി വരുന്നുണ്ട് .

തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്ര മടക്കം കേരളത്തിലെ നിരവധി ക്ഷേത്രങ്ങളിൽ താന്ത്രിക ആചാര്യ സ്ഥാനം വഹിക്കുന്ന തരണനല്ലൂർ കുടുംബത്തെ പരശുരാമനാണ് മലയാളക്കരയിൽ കൊണ്ടുവന്നതെന്നാണ് ഐതിഹ്യം. നല്ലൂർ നദി തരണം ചെയ്തു വന്നതു കൊണ്ട് തരണനല്ലൂർ എന്ന ഇല്ലപ്പേരു ചാർത്തി കേരള ക്ഷേത്രങ്ങളിൽ താന്ത്രിക സ്ഥാനം നല്കി കുടിയിരുത്തിയത്രെ.

തരണനല്ലൂർ ഇല്ലത്ത് വിവിധ ശാഖകളിലായി നിരവധി താന്ത്രിക ആചാര്യന്മാർ ഉണ്ടായാട്ടുണ്ടെങ്കിലും ഒരു ബ്രാഹ്മണ പെൺകുട്ടി ഇതാദ്യമായായാണ് വിഗ്രഹ പ്രാണപ്രതിഷ്ഠാ തന്ത്ര

ശാസ്ത്രം പഠിച്ച് മാറ്റത്തിന് തുടക്കം കുറിച്ചത്.

ഇല്ലത്ത് അടുത്തുള്ള കോൺവെന്റിലാണ് പ്രൈമറി പഠനം നടന്നത്. പിന്നീട് അഞ്ചാം ക്ലാസ് മുതൽ കരാഞ്ചിറ സെന്റ് സേവിയേഴ്സ് സ്ക്കൂളിൽ. അവിടെ സംസ്കൃതം പഠിക്കുവാനുള്ള സൗകര്യമുണ്ട് എന്ന കാരണത്താൽ തന്നെയാണ് ആ സ്ക്കൂൾ തിരഞ്ഞെടുത്തത്. ഇരിങ്ങാലക്കുട നാഷണൽ സ്ക്കൂളിൽ ഹയർ സെക്കന്ററി, കാലടി ശങ്കര കോളേജിൽ ബി എ. സംസ്കൃതം എന്നിവയും ചെയ്തു. രണ്ടാം റാങ്കോടുകൂടി മികവുറ്റ രീതിയിൽ ബിരുദപഠനം പൂർത്തിയാക്കുവാനും സാധിച്ചു. ഇപ്പോൾ കാഞ്ചീപുരം യൂണിവേഴ്സിറ്റിയിൽ നിന്നും എം എ സംസ്കൃത സാഹിത്യം പൂർത്തിയായിരിക്കുകയാണ്. എം എ വേദാന്തവും കൂടി ഉടൻ ചെയ്യണമെന്നുണ്ട്.

സംസ്കൃത പഠനം സ്കൂളിൽ നിന്നാണോ ആരംഭിച്ചത്?

അല്ല. സ്കൂളിൽ സംസ്കൃതം പഠിക്കുന്നതിനു മുൻപേ ഇല്ലത്തടുത്തുള്ള പായ്ക്കാട് കൃഷ്ണൻ നമ്പൂതിരിയുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. സംസ്കൃതത്തിലെ അക്ഷരങ്ങളടക്കമുള്ള ബാലപാഠങ്ങൾ അദ്ദേഹത്തിൽ നിന്നുമാണ് ഞാൻ സ്വീകരിച്ചത്.

സംസ്കൃതത്തോട് ഇഷ്ടം തോന്നാൻ കാരണം ?

കുടുംബ പശ്ചാത്തലം നല്ലൊരു കാരണമാണ്. ഞങ്ങളുടേത് തന്ത്രി കുടുംബമാണല്ലോ. ഇല്ലത്തെ നിത്യ തേവാരങ്ങളും ഇടക്കിടെ നടക്കാറുള്ള ഭാഗവതം വായനയും സത്സംഗങ്ങളും, മറ്റ് ചർച്ചകളെല്ലാം ആയിരിക്കാം എന്നെ സംസ്കൃത ഭാഷയോടുള്ള അടുപ്പത്തിലേക്കും ആദരവിലേക്കും കൊണ്ട് ചെന്നത്.

താന്ത്രിക മേഖലയിലേക്ക് വന്നതോ?

കുട്ടിക്കാലത്തു തന്നെ പൂജകൾ ചെയ്യാൻ ഞാൻ ആഭിമുഖ്യം പ്രകടിപ്പിക്കാറുള്ളതായി അച്ഛനമ്മമാർ പറഞ്ഞുകേട്ടിട്ടുണ്ട്. ചെറിയ ചില ഓർമ്മകളൊക്കെ എനിക്കും തോന്നുന്നുമുണ്ട്. ഇല്ലത്ത് കർക്കിട മാസം മുതൽ 41 ദിവസം ഭഗവതിസേവ പതിവുണ്ട്. പൂജാ സമയങ്ങളിൽ ഞാനെപ്പോഴും അത് ശ്രദ്ധിച്ചിരിക്കാറുണ്ടായിരുന്നു. അച്ഛൻ പൂജ കഴിഞ്ഞ് മാറിക്കഴിഞ്ഞാൽ ഞാൻ കിണ്ടിയും ശംഖും മണിയുമെല്ലാമെടുത്ത് എന്റേതായ രീതിയിൽ ഉള്ള പൂജ നടത്താൻ ശ്രമിക്കുമായിരുന്നു. ഒരു പക്ഷേ ബാല കൗതുകമായിരുന്നിരിക്കാം അത്. എന്നാലും അവിടെനിന്നാണ് എന്റെ മനസ്സിൽ ഈ കർമ്മ മേഖലയിലേക്കുള്ള മോഹങ്ങൾ നാമ്പിടുന്നതും പുഷ്പിക്കുന്നതും .



**അച്ഛൻ പൂജ കഴിഞ്ഞ് മാറിക്കഴിഞ്ഞാൽ ഞാൻ കിണ്ടിയും ശംഖും മണിയുമെല്ലാമെടുത്ത് എന്റേതായ രീതിയിൽ ഉള്ള പൂജ നടത്താൻ ശ്രമിക്കുമായിരുന്നു. ഒരു പക്ഷേ ബാല കൗതുകമായിരുന്നിരിക്കാം അത്. എന്നാലും അവിടെ നിന്നാണ് എന്റെ മനസ്സിൽ ഈ കർമ്മ മേഖലയിലേക്കുള്ള മോഹങ്ങൾ നാമ്പിടുന്നതും പുഷ്പിക്കുന്നതും .**



ഔദ്യോഗികമായ പൂജാ പഠനത്തിന്റെ തുടക്കം?

ഏഴാമത്തെ വയസ്സിൽ മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ് മന്ത്രദീക്ഷ ലഭിക്കുന്നത്. ഗുരുനാഥൻ ഉപദേശിച്ചുതന്ന മൂലമന്ത്രം ഇടർന്ന് 3 വർഷം ഉപാസന ചെയ്തുകഴിഞ്ഞപ്പോൾ ജലദീക്ഷയും ലഭിച്ചു. മന്ത്രപൂരിതമായ ജലം കൊണ്ട് നമ്മെ സ്നാനം ചെയ്യിപ്പിക്കുന്ന പവിത്രവും സങ്കീർണ്ണവുമായ ചടങ്ങാണ് ജലദീക്ഷ. അത് ഒരു സൂര്യഗ്രഹണ ദിവസമായിരുന്നു. ഇത്തരം കർമ്മങ്ങൾക്ക് ശ്രേഷ്ഠമായ ഒരു ദിനം. ആ സമയം ഹിമാലയത്തിൽ നിന്നുള്ള ഒരു സന്യാസിയും ആ മുഹൂർത്തത്തിൽ ഇല്ലത്തെത്തി. ഈശ്വരൻമാരുടേയും ഗുരുകാരണവൻമാരുടേയും അനുഗ്രഹം കൊണ്ടാണ് എനിക്ക് ആ സന്യാസി ശ്രേഷ്ഠനിൽ നിന്നും ജലദീക്ഷ ലഭിക്കാൻ ഭാഗ്യം കൈവന്നത്. അടുത്ത വർഷം തന്നെ ഹിമാലയത്തിൽ തീർഥാടനം നടത്താനും യോഗമുണ്ടായി. അതും ഈശ്വരാനുഗ്രഹം .

പൂജാവിധികളിൽ ആരാണ് ഗുരുനാഥൻ ?

തൃപ്രയാർ ക്ഷേത്രം തന്ത്രി കൂടിയായ എന്റെ മുത്തഛൻ ( ഞാൻ മുത്തച്ഛൻ എന്നാണ് വിളിക്കുന്നത് ). തരണനെല്ലൂർ വെളുത്തേടത്ത് പത്മനാഭൻ നമ്പൂതിരിപ്പാടാണ് ഗുരു. പൂജകൾ ചെയ്യേണ്ട വിധവും രീതികളുമെല്ലാം അദ്ദേഹത്തിന്റെ നിഷ്കർഷയിലാണ് അഭ്യസിച്ചത്. അദ്ദേഹത്തിന് ഔദ്യോഗികമായ തിരക്കുകൾ ധാരാളം ഉണ്ടായിരുന്നതിനാൽ എന്റെ പൂജാ പഠനത്തിൽ മേൽനോട്ടം വഹിച്ച് പഠിപ്പിച്ചത് അച്ഛനായിരുന്നു. ഭദ്രകാളിയുടെ പൂജയാണ് ആദ്യം പഠിച്ചത്. പിന്നീട് മറ്റ് ദേവീദേവൻമാരുടെ പൂജകളും അഭ്യസിച്ചു. ഒന്നും തന്നെ പ്രത്യേകിച്ച് പഠിക്കുവാനായിട്ട് അച്ഛനോ മറ്റുള്ളവരോ നിർബന്ധിച്ചരുന്നില്ല . എനിക്കു വേണമെങ്കിൽ അവരോട് ചോദിക്കാം, അവർ പറഞ്ഞുതരും. അല്ലാതെ അവരുടെ നിർബന്ധ പ്രകാരം എന്നെ യാതൊന്നും പഠിപ്പിച്ചിട്ടില്ല. എന്നിക്കുണ്ടാവുന്ന ആഗ്രഹങ്ങൾക്കും തോന്നലുകൾക്കും അനുസരിച്ച് കുടുംബത്തിൽ എല്ലാവരും തന്നെ അനുകൂലമായ രീതിയിൽ എനിക്ക് സഹായങ്ങൾ ചെയ്തു തന്നു എന്നു പറയുന്നതാണു ശരി.

തന്ത്രശാസ്ത്രത്തിൽ ആകൃഷ്ടയായത് എന്തുകൊണ്ടാണ്?

വളരെ കൃത്യവും ശാസ്ത്രീയവും ആധികാരികവുമായ ഒരു മേഖലയെയാണ് തന്ത്രശാസ്ത്രം പ്രതിനിധാനം ചെയ്യുന്നത്. ഒരു ക്ഷേത്രത്തിലെ വിഗ്രഹം ഒരിക്കലും ഒരു നിർജ്ജീവമായ ശിലയല്ല. ആചാര്യന്റെ ജവാനുഷ്ഠാന കർമ്മ കർമ്മങ്ങൾ കൊണ്ട് സൃഷ്ടി

ക്കപ്പെടുന്ന ചൈതന്യവത്തായ ഒരു ബിംബം ആണത്. കഠിന തപസ്വിയായ ഒരു ആചാര്യന്റെ ആത്മശക്തിയുടെ പ്രതിഫലനങ്ങൾ തന്നെയാണ് വിഗ്രഹത്തിൽ ദേവ രൂപേണ നാം കാണുന്നത്. ആ ദേവ ചൈതന്യത്തെ നിലനിർത്തുന്നതിനുള്ള പദ്ധതികളാണ് അവിടെ അനുഷ്ഠിക്കപ്പെടുന്ന നിത്യപൂജകൾ. വിവിധങ്ങളായ ഈ പൂജാകർമ്മങ്ങളുടെ അടിസ്ഥാനം ആകട്ടെ നമ്മുടെ പൂർവികർ ആധ്യാത്മിക മനശാസ്ത്രതത്ത്വങ്ങളിൽ ഊന്നിക്കൊണ്ട് സൃഷ്ടിച്ച തന്ത്രശാസ്ത്രവും ആണ്. അതുതന്നെയാണ് താന്ത്രികവിദ്യ ഏറ്റവും ഉദാത്തമാകുന്നത്. ഈ തിരിച്ചറിവിലാണ് എനിക്ക് ഈ മേഖലയിലേക്ക് ഇറങ്ങിച്ചെല്ലാൻ ഉത്സാഹം തോന്നുന്നത്

ഭദ്രകാളിയുടെ പ്രാണപ്രതിഷ്ഠയെക്കുറിച്ച് ?

2011ൽ ഞാനന്ന് ഹൈസ്ക്കുളിൽ പഠിക്കുമ്പോഴാണ് ഈ ശുഭകർമ്മത്തിന് എനിക്ക് ഭാഗ്യം ലഭിച്ചത്. ഞങ്ങളുടെ കുടുംബത്തിന്റെ തന്നെ പൈങ്കുനിക്കാവ് ക്ഷേത്രത്തിലായിരുന്നു സംഭവം. എന്റെ ഗുരുനാഥനും മുത്തച്ഛനും കൂടിയായ തരണനെല്ലൂർ പടിഞ്ഞാറെ മനക്കൽ പത്മനാഭൻ നമ്പൂതിരിപ്പാടിന്റെ ശിഷ്യത്വത്തിലാണ് ഞാൻ ക്രിയ ചെയ്തത്. അന്നും ഇന്നും എനിക്ക് ഇത് ഒരു വലിയ പുണ്യ സംഭവം തന്നെയാണ്. ചിലർ പറയും പോലെ പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുകയോ ഒന്നുമല്ല ഉണ്ടായത് അതിനുള്ള ആഗ്രഹവുമില്ല. പഴയ ഗ്രന്ഥങ്ങളിൽ തന്ത്രശാത്രത്തിൽ പ്രസിദ്ധരായ സ്ത്രീകളെ പ്രതിപാദിക്കുന്നുണ്ട്. ലോപമുദ്രയും മറ്റും ഉദാഹരണമാണ്. സ്വന്തം ആത്മശക്തിയെ തിരിച്ചറിഞ്ഞ് അതിനെ വർദ്ധിപ്പിക്കുന്നതിനും ജനനന്മക്കായി സമർപ്പിക്കുന്നതിന്നും ഈ ശാസ്ത്രം ഉപയോഗപ്പെടണം എന്നതാണ് എന്റെ മോഹം.

പല ക്ഷേത്രങ്ങളിലേയും ഇന്നത്തെ ഭരണ രീതികൾ കച്ചവടമനസ്ഥിതിയുണ്ടോ?

മനുഷ്യമനസ്സിന്റെ ശാന്തിയെ വർദ്ധിപ്പിക്കുന്നതിനായിട്ടാണ് നാം ക്ഷേത്രങ്ങളിൽ പോകാറുള്ളത്. മറ്റുള്ളവർ ചെയ്യുന്ന കുറവുകളെ നാം വല്ലാതെ പരിഗണിക്കേണ്ടതില്ല എന്നാണ് എനിക്ക് തോന്നുന്നത്. ബിംബംഎന്ന വാക്കിൻറെ അർത്ഥം കണ്ണാടി എന്നാണ്. നമ്മുടെ ഊർജ്ജം തന്നെയാണ് നാം ഈശ്വരനിലൂടെ അനുഭവിക്കുന്നത്. പ്രത്യക്ഷത്തിൽ കാണുന്ന കുറവുകളും പോരായ്മകളും ശ്രദ്ധിക്കാതെ തന്നെ നമുക്ക് ക്ഷേത്ര ദർശനം ചെയ്യാം. നമ്മുടെ ഉള്ളിൽ എന്തെങ്കിലും തെറ്റുകളോ പാകപ്പിഴകളോ വന്നിട്ടുണ്ടോയെന്ന് ശ്രദ്ധിക്കുകയാണ് വേണ്ടത്. അവയെ കണ്ടറിഞ്ഞ് ഇല്ലാതാക്കി



*അച്ഛൻ സി.എസ് പത്മനാഭൻ നമ്പൂതിരിപ്പാട് അപ്പു നമ്പൂതിരിപ്പാട് .അമ്മ അമ്മ അർച്ചനാ അന്തർജനം. (കോട്ടയം കുമാരനല്ലൂർ എളയിടത്തെ മഹൾ)സഹോദരൻ സി.പി. ശങ്കരൻ നമ്പൂതിരിപ്പാട്. (തൃശ്ശൂർ ബ്രഹ്മസ്വം മഠം വിദ്യാർത്ഥി) എന്നിവർക്കൊപ്പം*

**പഴയ ഗ്രന്ഥങ്ങളിൽ തന്ത്രശാത്രത്തിൽ പ്രസിദ്ധരായ സ്ത്രീകളെ പ്രതിപാദിക്കുന്നുണ്ട്. ലോപമുദ്രയും മറ്റും ഉദാഹരണമാണ്. സ്വന്തം ആത്മശക്തിയെ തിരിച്ചറിഞ്ഞ് അതിനെ വർദ്ധിപ്പിക്കുന്നതിനും ജനനന്മക്കായി സമർപ്പിക്കുന്നതിന്നും ഈ ശാസ്ത്രം ഉപയോഗപ്പെടണം എന്നതാണ് എന്റെ മോഹം.**

യാൽ വളരെ ആരോഗ്യകരമായ ഒരു ഊർജ്ജം നമ്മിലേക്ക് പ്രവഹിക്കും. അതുതന്നെയാണ് ഈശ്വരാനുഗ്രഹം. ഈശ്വരാനുഗ്രഹം സിദ്ധിച്ച ഒരു വ്യക്തിക്ക് മറ്റുള്ളവരുടെ കുറ്റങ്ങളിലേക്കുമൊന്നും ശ്രദ്ധ കൊടുക്കാൻ തോന്നുകയുമില്ല.

നിത്യേനയുള്ള ഉപാസനകൾ.

ഇല്ലത്തുള്ള ദിവസങ്ങളിലെല്ലാം ഞാൻ പൈങ്കുന്നിക്കാവ് ക്ഷേത്രത്തിൽ പുജ ചെയ്യാറുണ്ട്. അതോടൊപ്പം സൗന്ദര്യലഹരി, സഹസ്രനാമം, ശ്രീസൂക്തം തുടങ്ങിയ വിവിധ സൂക്തങ്ങൾ എന്നിവയെല്ലാം ഈശ്വര സമർപ്പണമായി ജപിക്കാറുണ്ട്.

ശങ്കരാചാര്യരുടെ സൗന്ദര്യലഹരിയുടെ പ്രത്യേകത ഒന്ന് സൂചിപ്പിക്കാമോ ?

ശങ്കരാചാര്യരുടെ ഗംഭീരമായ ഒരു കൃതിയാണ് സൗന്ദര്യലഹരി. 100 ശ്ലോകങ്ങളാണ് ഇതിലുള്ളത്. ഭഗവതിയെ സ്തുതിക്കുന്ന സ്തോത്രങ്ങളാണ് ഇതിവൃത്തം. ഈ കൃതി തന്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതും എന്നാൽ ഗഹനമായ അർത്ഥങ്ങൾ നിറഞ്ഞതുമാണ്. ഒരു ശ്ലോകത്തിൽ ഒരു അക്ഷരത്തിൽ തന്നെ പലതരത്തിലുള്ള അർത്ഥങ്ങൾ നമുക്ക് ശ്രേഷ്ഠമായ ഈ കൃതിയിൽ ദർശിക്കുവാൻ സാധിക്കും. ഭക്തിയുടെയും തത്ത്വത്തിന്റേയും ഉത്തുംഗമായ തലത്തിലേക്ക് വ്യക്തിയെ ഉയർത്തുവാൻ ഈ കൃതിക്ക് സാധിക്കുന്നു എന്നത് തർക്കമറ്റ വസ്തുതയാണ്.

താന്ത്രിക മേഖലയിൽ നിന്ന് ആത്മനിർവൃതി ലഭിക്കുന്നുണ്ടോ?

പരിപൂർണ്ണമായ ആത്മനിർവൃതി തന്നെയാണ് ഏതൊരു പൂജയിലും നിന്നും ആരാധനയിൽ നിന്നും ഒരു സാധകന് ലഭിക്കേണ്ടത്. നാം ചെയ്യുന്ന ഒരോ കർമ്മത്തേയും ശുദ്ധമും സാത്വികവുമായ മന: സഞ്ചാരത്തിലൂടെ കൊണ്ടുപോയാൽ നമുക്ക് അത് സാധിക്കും. എന്റെ മനസ്സിനും ശരീരത്തിനും ഏറ്റവും അധികം ഊർജ്ജം ലഭിക്കുന്നത് ഇത്തരം കർമ്മാനുഷ്ഠാനങ്ങളിലൂടെ തന്നെയാണ് . പൂജ എന്ന ക്രിയയേക്കാൾ അതിൽ നിന്നും നമുക്കുണ്ടാകുന്ന ഫലത്തിനാണ് പ്രാധാന്യം എന്ന് തോന്നുന്നു. അതു നൽകുന്ന ശക്തി ഒന്നു വേറെത്തന്നെയാണ്. വ്യക്തിയെ ദൃഢവും തേജോവത്തുമാക്കാൻ ഇത്തരം കർമ്മാനുഷ്ഠാനങ്ങൾക്ക് സാധിക്കും.

*(ജ്യോത്സന ,ചെമ്പാപ്പിള്ളി*
*തരണനെല്ലൂർ മന, നെടുംപുര,*
*കാട്ടൂർ തൃശൂർ പിൻ: 680702*
*മൊബൈൽ: 9447992775.*
*ഹരി നടുവം,നടുവത്തു മന*
*പുതുക്കാട് തൃശൂർ*
*മൊബൈൽ 9961598789)*


പഴമ
പൂച്ചിന്നിപ്പാടം
(തൃശ്ശൂർ - ഇരിങ്ങാലക്കുട റൂട്ട്), തൃശ്ശൂർ ജില്ല.
ഫോൺ: 9847616608
പഴമയുടെ ശേഖരത്തിലുള്ളവ
നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ
കൊണ്ടാട്ടങ്ങൾ
കറിക്കൂട്ടുകൾ
പരിശുദ്ധമായ വെളിച്ചെണ്ണയിൽ വറുത്തെടുത്ത ചിപ്സ്
കൂത്താമ്പുള്ളി സെറ്റ്മുണ്ട്
നല്ല വെള്ളിയിലുള്ള ആഭരണങ്ങൾ മാത്രം
പൂജാ സാധനങ്ങൾ
കീർത്തിരാജ് കെ.വി.
കിഴിയേടത്ത് മന.
ഫോൺ: 9847616608
കൊറിയർ സംവിധാനം ലഭ്യമാണ്.
പഴമയെക്കുറിച്ച് കൂടുതൽ അറിയുവാനായി
പഴമയുടെ Facebook പേജ് സന്ദർശിക്കുക.
www.facebook.com/Pazhama-100438418043215/



# എം.ടിയിൽ നിന്ന് കത്ത് കിട്ടിയ അന്തർജനം

എം.ടി വാസുദേവൻ നായരിൽ നിന്ന് കത്തു കിട്ടിയ ഒരു അന്തർജനമുണ്ട് നമുക്കിടയിൽ. വലിയ എഴുത്തുകാരിയോ പൊതു പ്രവർത്തകയോ ഒന്നുമല്ല. ഒരു സാധാരണ വീട്ടമ്മ. ഒരു വ്യത്യാസമുണ്ട്, അത്തരം വീട്ടമ്മമാർക്കൊന്നും തോന്നാത്ത ഒരു കാര്യം ചെയ്ത ആളാണ്. ജ്ഞാനപീഠ പുരസ്കാരത്തിന്റെ നിറുകയിൽ നിൽക്കുന്ന എം. ടി വാസുദേവൻ നായർക്ക് കത്തെഴുതിയ അന്തർജനം. ആ കത്തിന് എം.ടിയിൽ നിന്ന് മറുപടി കിട്ടി എന്നതാണ് അതിന്റെ പ്രത്യേകത. ആരെയും കൂസാത്ത എം.ടി ഈ അന്തർജനത്തിന്റെ വാക്കുകൾക്ക് മറുപടിയെഴുതാനായി സ്റ്റാമ്പും കവറും ചെലവാക്കി

ഒരു സാധാരണക്കാരിയായ വീട്ടമ്മക്ക് അഹങ്കാര ലേശമില്ലാതെ എം.ടി കത്തെഴുതി.

ആ അന്തർജനത്തിന്റെ കയ്യിൽ ഇപ്പോഴുമുണ്ട് ആ കത്ത്. കാൽ നൂറ്റാണ്ട് പഴക്കമുണ്ടതിന്. എം.ടിക്ക് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച സമയത്തായിരുന്നു അതെഴുതിയത്.

അന്തർജനം എന്താണ് എം.ടിക്ക് എഴുതിയത്. തിരിച്ച് എം.ടി. എഴുതിയതോ? സ്വസ്തിയുടെ വായനക്കാർക്ക് ഇത് ഓണ വിഭവമായി നൽകുന്നു.

എം ടി യുടെ മറുപടിക്കത്ത് സൂക്ഷിച്ച വെച്ചിട്ടുണ്ട്. എംടിക്ക് എഴുതിയ കത്തിന്റെ ഒരു കോപ്പിയും കയ്യിലുണ്ട്. എം ടി ക്ക് കത്തെഴുതിയ അവസരത്തിൽ ഭർത്താവ് രാമൻ നമ്പൂതിരിയും മകൾ ഗീതയുമൊക്കെ പരിഹസിച്ചിരുന്നു. എം.ടി അത് ചവറ്റു കൊട്ടയിലെറിയുമെന്നായിരുന്നു അവർ പറഞ്ഞത്. മാതൃഭൂമി പേപ്പറിൽ നിന്ന് എം.ടിയുടെ വിലാസം തപ്പിയെടുത്ത് അഭിനന്ദന കത്തെഴുതുമ്പോൾ ഒന്നും ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, അതു ചവററുകൊട്ടയിൽ പോയില്ല. മറുപടി എഴുതാതെ വയ്യെന്ന് എം.ടിയെക്കൊണ്ട് തോന്നിപ്പിച്ചു. ജ്ഞാനപീഠം കിട്ടിയതിൽ സന്തോഷം പങ്കു വെക്കണമെന്നു തോന്നി. അത്രമാത്രം.

ധന്യാത്മൻ, എഴുതാൻ അർഹയാണോ എന്നു പോലും അറിയില്ല. എന്നാലും എഴുതുകയാണ്. ജ്ഞാനപീഠം അവാർഡ് കിട്ടിയ ഈ സാഹചര്യത്തിൽ ആരാധകർ ഒരു ശല്യമായിട്ടുണ്ടാവും. ഒരു പക്ഷേ, ഈ എഴുത്തു കൂടി... എം.ടിയുടെ എല്ലാ സൃഷ്ടികളും ശ്രദ്ധയോടെ വായിക്കുകയും കാണുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെന്ന നിലയിൽ ഒന്നെഴുതണമെന്നു തോന്നി. അങ്ങനെ പോവുന്നു ആ കത്ത്. എം.ടിയുടെ കയ്യിൽത്തന്നെ കിട്ടുമെന്ന് ഒരു ഉറപ്പും ഇല്ലാതിരുന്നതിനാൽ മറുപടിയെന്നത് സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല. എഴുതിയ കത്തിൽ ഇവിടുത്തെ മേൽവിലാസം കൊടുത്തിട്ടുണ്ടായിരുന്നു. അത്രമാത്രം. മറുപടിക്കുവേണ്ടി അയച്ചതൊന്നുമായിരുന്നില്ല.. അന്നങ്ങനെ എഴുതണമെന്ന് തോന്നി എഴുതി എന്നേ ഉള്ളു. അതൊരു നിധിയായി ഇന്നും സൂക്ഷിക്കുന്നു.



*എം.ടി വാസുദേവൻനായർക്ക് അയച്ച കത്ത്. മുകളിലെ വട്ടത്തിലുള്ളത് എം.ടിയിൽ നിന്ന് ലഭിച്ച കത്ത്*

സാവിത്രി അന്തർജനം
പുളിയപ്പിലാശേരി മുല്ലപ്പള്ളി ഇല്ലം
പി.ഒ പന്തീരാങ്കാവ് ,കോഴിക്കോട് 673019
മൊബൈൽ:7827208311



# ശ്രീ ശങ്കര പൂജ സ്റ്റോർ

**സിറ്റി ഫേസ് കോംപ്ലക്സ്**

**കുറ്റിപ്പുറം റോഡ്, എടപ്പാൾ, മലപ്പുറം (ജില്ല)**

**ഫോൺ: +91-9447168041, +91-9447158411, +91-9633140084**

എല്ലാവിധ പൂജകൾക്കും ഹോമങ്ങൾക്കും, നവീകരണ കലശം, പരിഹാര ക്രിയകൾ, ഉത്സവങ്ങൾ, യാഗങ്ങൾ എന്നിവക്കും



കെട്ടുനിറ, കളംപാട്ട് എന്നിവക്കും ആവശ്യമായ എല്ലാ ദ്രവ്യങ്ങളും പരിശുദ്ധിയോടു കൂടി തയ്യാറാക്കി നൽകുന്നു.

മുൻകൂറായി ബുക്ക് ചെയ്യുന്നവർക്ക് പൂജാ പാത്രങ്ങൾ, ഹോമ പാത്രങ്ങൾ എന്നിവ വിലക്കും വാടകക്കും ലഭിക്കുന്നു.

വേളി , ഉപനയനം, പിണ്ഡം തുടങ്ങിയവയുടെ ക്രിയക്ക് ആവശ്യമായ എല്ലാ സാധനങ്ങളും ലഭ്യമാണ്.

NB: വിശേഷാവസരങ്ങൾക്കു വേണ്ട സെറ്റുമുണ്ട്, ഡബിൾ മുണ്ട് എന്നിവ ഉദ്ദേശിക്കുന്ന കരയിൽ നിർമ്മിച്ചു കൊടുക്കുന്നു.



സ്ഥാപകൻ: Late കെ. എം. പത്മനാഭൻ ഭട്ടതിരിപ്പാട്



അറിയേണ്ട
നമ്പൂതിരി
എഞ്ചിനീയറായ
ശാന്തിക്കാരൻ

കമ്പനിയിലേക്കുള്ള
ദൂരം കുറയ്ക്കാൻ
താമസം അമ്പലത്തി
നടുത്തേക്ക് മാറ്റി

*വിലാസം:*
*എസ്.ഇ.*
*കൃഷ്ണൻ*
*നമ്പൂതിരി*
*ശങ്കരമംഗലം,*
*മാതമംഗലം,*
*ഒ.എം.എം.*
*ബസാർ*
*പിൻ 670306*
*കണ്ണൂർ ജില്ല*

ശങ്കരമംഗലം കൃഷ്ണൻ നമ്പൂതിരി കണ്ണൂർ മാതമംഗലത്തെ

*താൻ ഊരാ*
*ളനും ശാന്തി*
*ക്കാരനുമായ*
*മാതമംഗലം*
*ക്ഷേത്രത്തിൽ*
*ശങ്കരമംഗലം*
*കൃഷ്ണൻ*
*നമ്പൂതിരി*

# ഐ.എസ്.ഐ നമ്പൂതിരി

**വേറെ ചിലരും കമ്പനി ഫീസിബിൾ അല്ലാതാക്കാൻ നോക്കി. തൊഴിലാളി സമരം! എന്നാൽ രണ്ടു വർഷം സമരം നടത്തിയിട്ടും ഉല്പാദനം നിലച്ചിട്ടും കമ്പനി പൂട്ടിപ്പോയില്ല. അതാണ് കമ്പനിമുതലാളി ശാന്തിക്കാരനായാലുള്ള ഗുണം. മാതമംഗലത്തെ ദേവൻ തുണച്ചു.**

## പദ്മനാഭൻ നമ്പൂതിരി



നമ്പൂതിരിക്ക് ഇന്ത്യൻ സ്റ്റാൻഡേഡ്സ് ഇൻസ്റ്റിട്ട്യൂഷന്റെ മുദ്രകിട്ടുമോ? ഗുണനിലവാരം സംബന്ധിച്ച കാര്യാത്തിൽ അവസാന വാക്ക്. ജാതിപ്പേരിനല്ല, നമ്പൂതിരിയുടെ ഉല്പന്നത്തിന്. കേരളത്തിൽ നിർമ്മിക്കുന്ന ജറ്റ് പമ്പുകളിൽ ആദ്യമായി ഐ.എസ്.ഐ അംഗീകാരം കിട്ടിയത് ഒരു നമ്പൂതിരിയുടെ ബ്രാൻഡിനാണ്. കണ്ണൂർ മാതമംഗലത്തെ ശങ്കരമംഗലം കൃഷ്ണൻ നമ്പൂതിരിയുടെ മേക്കോൺ പമ്പിന്. ആ നമ്പൂതിരിയാണ് ഈ നമ്പൂതിരി. അറിയാം വിശേഷങ്ങൾ.

തലയണമന്ത്രത്തിലെ ശ്രീനിവാസന്റെ കാറ് ഡ്രൈവിംഗിനിടയിൽ മതിലിടിച്ചത് പോളിടെക്നിക്കിൽ പഠിക്കാത്തതു കൊണ്ടാണ്.യന്ത്രങ്ങളുടെ പ്രവർത്തനമൊന്നും അറിയാത്തതു കൊണ്ട്. എന്നാൽ പോളിടെക്നിക്കിൽ പഠിച്ചതു കൊണ്ടാണ് ഈ നമ്പൂതിരി ചില കാര്യങ്ങളിൽ റിക്കാർഡിട്ടത്. യന്ത്രങ്ങൾ നിർമ്മിച്ചത്. മറ്റാർക്കും തോന്നാത്ത ചില ടെക്നിക്കുകൾ കൂടി തോന്നിയതും അതുകൊണ്ടാണ്.

കിർലോസ്കറിനും ക്രോപ്റ്റൻ ഗ്രീവ്സിനുമൊന്നും തോന്നാത്ത ബുദ്ധിയാണ് റബ്ബർ ഉപയോഗിച്ച് മോട്ടോർ പമ്പ് ഉണ്ടാക്കുകയെന്നത്. അതുണ്ടാക്കി ഈ നമ്പൂതിരി. സാധാരണ എല്ലാവരും കാസ്റ്റ്അയേൺ കൊണ്ടാണ് മോട്ടോർ പമ്പുണ്ടാക്കുക. അപ്പോൾ ചില്ലറക്കാരനല്ല ആൾ.




ഇനി വേറെ ചിലത് നോക്കാം. കുഴൽക്കിണർ കുഴിച്ചാൽ അതിൽ നിന്ന് വെള്ളം കിട്ടണമെങ്കിൽ മോട്ടോർ പമ്പ് വേണമല്ലോ. ഈ നമ്പൂതിരി ഉണ്ടാക്കിയ പമ്പിന്റെ കാര്യം പറയാം. ഏറ്റവും ചെലവു ചുരുങ്ങിയത്. ഏറ്റവും ചെറിയത്. ഏറ്റവും ഉയരത്തിൽ വെള്ളം അടിച്ചു കയറ്റാവുന്നത്. മിനുട്ടിൽ ഏറ്റവുമധികം ലിറ്റർ വെള്ളം പമ്പു ചെയ്യുന്നത്. ഇങ്ങനെ ഏറ്റവും എന്നു പറഞ്ഞു പോയാൽ ഏറ്റവും വൈദ്യുതി തിന്നുന്നതുമാവുമല്ലോ. എന്നാൽ അവിടെയാണ് വ്യത്യാസം. ഏറ്റവും കുറഞ്ഞ കറന്റ് തിന്നുന്ന മോട്ടോർ. അമ്പട വമ്പാ!

അതേ, അങ്ങനെയൊക്കെയാണ് ഈ നമ്പൂതിരി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും. ഇനി വേറൊന്നു കൂടി പറഞ്ഞ് കാര്യത്തിലേക്ക് കടക്കാം. മേയ്ക്കോൺ എന്ന തന്റെ കമ്പനിയിൽ നിന്ന് കിട്ടുന്ന വരുമാനം ഉപയോഗിക്കുന്നത് ഒരു വലിയ അമ്പലം ഉണ്ടാക്കാനാണ്. അതേ,മാതമംഗലത്തിന് ആ പേര് കിട്ടിയത് തന്നെ മാവത്ത് മഹാവിഷ്ണുക്ഷേത്രത്തിൽ നിന്നാണ്. ഭണ്ഡാരമോ പൊതുജനങ്ങളിൽ നിന്ന് പിരിവോ ഇല്ലാത്ത ആ ക്ഷേത്രത്തിലെ ശാന്തിക്കാരനാണ് ഈ നമ്പൂതിരി. ഊരാളനും.കമ്പനിക്കാര്യം രണ്ടാമതും അമ്പലക്കാര്യം ആദ്യവും എന്നതാണ് പോളിസി.

കണ്ണൂർ തോട്ടടയിലെ ജെ.ടി.എസിലായിരുന്നു പഠനം. അതിനാൽ നേരിട്ട് പോളിടെക്നിക്കിൽ പ്രവേശനം കിട്ടി. ഇലക്ട്രിക്കൽ മെഷീൻ ഡിസൈൻ ആയിരുന്നു മുഖ്യമേഖല. ബെംഗളൂരുവിൽ പോയി അതിൽ ഉപരിപഠനം നടത്തി. അതും കഴിഞ്ഞ് ഇലക്ട്രിക്കൽ മോട്ടോർ പ്രൊഡക്ഷൻ സംബന്ധിച്ച് സർക്കാർ നടത്തുന്ന പരിശീലനം. കേന്ദ്ര സർക്കാരിന്റെ ഒരു

മാതമംഗലത്തെ ശങ്കരമംഗലം കൃഷ്ണൻ നമ്പൂതിരി തന്റെ കമ്പനിക്കു മുന്നിൽ



*മാതമംഗലത്തെ ശങ്കരമംഗലം കൃഷ്ണൻ നമ്പൂതിരി കമ്പനിയിൽ പമ്പുകൾ പരിശോധിക്കുന്നു*

പദ്ധതിയാണ് അത്. താമസവും ഭക്ഷണവുമെല്ലാം സർക്കാർ നൽകും. നല്ലൊരു എന്റർപ്രണറെ സൃഷ്ടിക്കാൻ.

അങ്ങനെയാണ് അതെല്ലാം കഴിഞ്ഞ് ഒരു സ്ഥാപനം തുടങ്ങാൻ കണ്ണൂർ പിലാത്തറയിൽ നാഷണൽ ഹൈവേയാരത്ത് സ്ഥലം സംഘടിപ്പിച്ചത്. കാശ് വേണമല്ലൊ. കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ലോണിന് അപേക്ഷിച്ചു. ഇത്തരം കമ്പനികളെ പ്രോത്സാഹിപ്പിക്കലാണ് അവരുടെ പണി. എന്നാൽ കമ്പനി ഫീസിബിൾ അല്ലെന്ന് പറഞ്ഞ് അവർ ലോൺ നിരസിച്ചു. ഫീസിബിൾ വയബിൾ എന്നൊക്കെ ചില വാക്കുകളുണ്ട്, അവർക്ക്. അങ്ങനെ അവർ എഴുതിത്തള്ളിയ ആ കമ്പനിയാണ് പിന്നീട് ഫീസിബിളും വയബിളും പ്രോഫിറ്റബിളും ആണെന്ന് തെളിയിച്ചത്. റെയ്ഡ്കോ എന്ന സർക്കാർ സ്ഥാപനം തന്നെ ഈ നമ്പൂതിരിയുടെ രണ്ടായിരത്തിലേറെ മോട്ടോർ പമ്പുകൾ വാങ്ങി. ഒരു പക്ഷേ കെ.എഫ്.സിയുടെ ഓഫീസ് കെട്ടിടത്തിൽ പോലും മേയ്കോൺ പമ്പുകൾ ഉപയോഗിക്കുന്നുണ്ടാവാം.

വേറെ ചിലരും ഫീസിബിൾ അല്ലാതാക്കാൻ നോക്കി. തൊഴിലാളി സമരം! അതാണല്ലൊ കേരളത്തിലെ പതിവു പരിപാടി. ചില രാഷ്ട്രീയക്കാരുടെ ഒത്താശയോടെ കമ്പനി സ്തംഭിപ്പിക്കുന്ന സമരം. കമ്പനി പൂട്ടിക്കാൻ നോക്കിയിട്ടും അതിനെ അതിജീവിച്ചു എന്നതും അത്യദ്ഭുതം. ഒരു മാതിരി നമ്പൂതിരിമാരെല്ലാം ആ ഘട്ടത്തിൽ വഴിയിലുപേക്ഷിച്ചു പോവും. എന്നാൽ രണ്ടു വർഷം സമരം നടത്തിയിട്ടും ഉല്പാദനം നിലച്ചിട്ടും കമ്പനി പൂട്ടിപ്പോയില്ല. അതാണ് കമ്പനി മുതലാളി ശാന്തിക്കാരനായാലുള്ള ഗുണം. മാതമംഗലത്തെ ദേവൻ തുണച്ചു.

ലേബർ കോടതി, ഇ.എസ്.ഐ കേസ്,

**പമ്പിന്റെ രംഗത്ത് ലോകത്ത് ഇതു വരെയില്ലാത്ത എന്തെങ്കിലും ചെയ്യണമെന്നു തോന്നി. അങ്ങനെയാണ് റബർ ഉയോഗിച്ചുള്ള പമ്പ് നിർമ്മിച്ചത്.**

ഹൈക്കോടതി..... അങ്ങനെ കോടതികൾ കേസുകൾ. ഒടുവിൽ ഹൈക്കോടതിയിൽ നിന്ന് അനുകൂലവിധിയെന്ന് ഉറപ്പായ ഘട്ടത്തിലാണ് രാഷ്ട്രീയസമരക്കാർ ഒത്തുതീർപ്പിന് തയ്യാറായത്. വീണ്ടും ആദ്യം മുതൽ മാർക്കറ്റിലേക്ക്. നഷ്ടപ്പെട്ട മാർക്കറ്റ് തിരിച്ചു പിടിച്ചെന്നു മാത്രമല്ല നന്നായി മുന്നേറുകയും ചെയ്തു.

1984 ൽ ഇരുപത്തി രണ്ടാം വയസ്സിൽ തുടങ്ങിയ എന്റർപ്രൻർഷിപ്പാണ്. ഇപ്പോൾ കേരളത്തിലും കർണ്ണാടകത്തിലും മുഴുവനും പമ്പിന്റെ വില്പനയുണ്ട്. അതിനു മുമ്പ് തളിപ്പറമ്പിൽ മലബാർ കൺസൾട്ടന്റ്സ് ആൻഡ് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനം തുടങ്ങിയാണ് ഹരിശ്രീ കുറിച്ചത്. അതു കഴിഞ്ഞ് 1990 മുതലാണ് പിലാത്തറയിലേക്ക് മാറിയത്.

തുടക്കത്തിൽ പറഞ്ഞില്ലേ ഐ.എസ്.ഐ കാര്യം. റെയ്ഡ്കോ എന്ന സർക്കാർ സ്ഥാപനം ആദ്യകാലത്ത് ഈ പമ്പ് വാങ്ങിയിരുന്നില്ല. ഇതിലും ക്വാളിറ്റിയില്ലാത്ത പല കമ്പനികളുടേതും വാങ്ങുകയും ചെയ്യുന്നു. അതിനാൽ ഐ.എസ്.ഐ കിട്ടാനായി ശ്രമം. കിട്ടിക്കഴിഞ്ഞപ്പോൾ വേറെ ചില വൻ ബ്രാൻഡുകളേക്കാൾ ഉയർന്ന മാർക്ക്. ചില വൻ കിടക്കാർക്ക് ഐ.എസ്.ഐ നിലവാരം 46 ആണെങ്കിൽ മേയ്കോൺ പമ്പിന് 58. അതോടെ റെയ്ഡ്കോ വിലക്ക് പിൻവലിച്ചു.

പമ്പിന്റെ രംഗത്ത് ലോകത്ത് ഇതു വരെയില്ലാത്ത എന്തെങ്കിലും ചെയ്യണമെന്നു തോന്നി. അങ്ങനെയാണ് റബർ ഉയോഗിച്ചുള്ള പമ്പ് നിർമ്മിച്ചത്. പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച ആ റബർ പമ്പ് സ്വന്തമായി ഉപയോഗിച്ച് വിജയിക്കുകയും ചെയ്തു. ഇപ്പോൾ ഒരു സോളാർപമ്പിന്റെ പണിപ്പുരയിലാണ്. ഡിസൈൻ എല്ലാം റെഡിയായി. ലോകത്ത് കിട്ടാവുന്ന ഏറ്റവും വില കുറഞ്ഞ സോളാർ പമ്പ് എന്നതാണ് ആശയം. സോളാർ പാനലിൽ നിന്ന് ബാറ്ററിയില്ലാതെ നേരിട്ട് പമ്പിലേക്ക് വൈദ്യുതി കൊടുക്കാവുന്ന ഒന്ന്. ഇരുപതിനായിരത്തിൽ താഴെ മാത്രം വില വരുന്ന ഒന്ന്. വിപണിയിലുള്ള സോളാർ പമ്പുകൾ രണ്ടു ലക്ഷം വരെ വിലയുള്ളതാണ്. മറ്റൊരു ആശയം വർക്ക് ചെയ്യുന്നത് ടു ഇൻ വൺ പമ്പുകൾ ആണ്. കുഴൽക്കിണറിലും ഓപ്പൺ കിണറിലും ഉപയോഗിക്കാവുന്ന പമ്പ്. നിലവിലുള്ളതിന്റെ മൂന്നിലൊന്ന് വലിപ്പം. വെറും നാല്പത് സെന്റീമീറ്റർ വലിപ്പം. 200 അടി വരെ വെള്ളം കിട്ടുന്നത്. മറ്റ് ഏതു ബ്രാൻഡും വാങ്ങണമെങ്കിൽ മുപ്പതിനായിരം രൂപ വരും. എന്നാൽ അതേ സാധനം പന്ത്രണ്ടായിരത്തിന് വിപണിയിലറിക്കാനാണ് പരിപാടി. മിനുട്ടിൽ 90 ലിറ്റർ ശേഷിയുള്ള ഡിസ്ചാർജും.

മറ്റൊന്നു കൂടിയുണ്ട്. മാതമംഗലം പ്രദേശത്തെ പലർക്കും വർക്ക് അറ്റ് ഹോം സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ പാനലുകൾ വീടുകളിലിരുന്ന് തയ്യാറാക്കി നൽകാം. ആവശ്യമായ സാധനങ്ങൾ കമ്പനി എത്തിച്ചു നൽകും. വേണ്ട പരിശീലനവും നൽകും വീടുകളിൽവച്ച് അസംബിൾ ചെയ്ത് നൽകിയാൽ വരുമാനമായി.

ആലക്കോട് കാങ്കോൽ നാഗമംഗലമാണ് അമ്മാത്ത്. അമ്മ സുഭദ്ര. അച്ഛൻ നാരായണൻ നമ്പൂതിരി. ഇല്ലത്തെ ദാരിദ്രത്തിൽ നിന്നാണ് ജീവിതം പഠിച്ചത്. മുതുമുത്തശ്ശന്മാർക്ക് ദാനമായി കിട്ടിയ മാതമംഗലത്തെ ക്ഷേത്രത്തിൽ നിന്ന് ഉത്തരവാദിത്തവും. ഇപ്പോഴത്തെ പ്രാഥമിക ഉത്തരവാദിത്തം ക്ഷേത്രത്തിലെ പൂജയാണ്. അതിനു ശേഷമേ എന്തുമുള്ളൂ. കമ്പനി പോലും. കമ്പനിയിൽകൂടെ നിൽക്കാൻ ഭാര്യയുണ്ട്. ഏഴിലോട് പുറച്ചേരി പോറ്റി ഇല്ലത്തെ സൗദാമിനിയാണ് ഭാര്യ. മകൻ ശബരീനാഥ് ഇലക്ട്രിക്കൽ ബി.ടെക്കാണ്. മകനും കമ്പനി കാര്യത്തിൽ സഹായിക്കാനുണ്ട്. ക്ഷേത്രത്തിലെ കാര്യങ്ങൾ സുഗമമാവാനായി അതിനു സമീപം മറ്റൊരു മഠമുണ്ടാക്കി അവിടെയാണ് ഇപ്പോൾ താമസം. അല്ലാതെ കമ്പനി സമീപം ഗസ്റ്റ് ഹൗസുണ്ടാക്കി അവിടെയല്ല. അതേ അല്പം വേറിട്ടതാണ് ചിന്തയും പ്രവർത്തിയും.

വിളിക്കാം ഈ നമ്പറിൽ വിശേഷങ്ങൾ ചോദിച്ചറിയാം.

കൃഷ്ണൻ നമ്പൂതിരി:6282319315
പദ്മനാഭൻ നമ്പൂതിരി:9400992823

**യാദൃശ്ചികമായിട്ടാണ് 1986 ൽ ഹൈദ്രാബാദിലെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിലേയ്ക്ക് മറ്റ് രണ്ടു പേരോടൊപ്പം ഒരു ശാന്തിക്കാരനായി പോകാനിടവന്നത്.**

# വർക്ക് ഷാപ്പിൽ ഒരു കവി

## രാമപ്രസാദ് നരിക്കാട്ടിരി





മുല്ലനേഴി എന്ന ഇല്ലപ്പേര് കവി മുല്ലനേഴിയിലൂടെ നമുക്ക് പരിചിതമാണ്. എന്നാൽ വേറൊരു മുല്ലനേഴിയുണ്ട്. 35 വർഷത്തോളമായി ഒരു മറുനാടൻ മലയാളിയായി കഴിയുന്ന ആൾ. അന്യനാടുകളിൽ കഴിയുമ്പോഴും കവിതയിൽ ആനന്ദം കണ്ടെത്തുന്ന മുല്ലനേഴി ദിവാകരൻ. അടുത്ത ബന്ധുമിത്രാദികൾക്കല്ലാതെ പലർക്കും അറിഞ്ഞെന്നു വരില്ല.

യാദൃശ്ചികമായിട്ടാണ് 1986 ൽ ഹൈദ്രാബാദിലെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിലേയ്ക്ക് മറ്റ് രണ്ടു പേരോടൊപ്പം ഒരു ശാന്തിക്കാരനായി പോകാനിടവന്നത്. 5 വർഷത്തോളം അവിടെ ശാന്തിക്കാരനായി. പിന്നീട് 1991 ൽ റ്റാറ്റാ ഓയിൽ മിൽസിൽ മെക്കാനിക്ക് ആയി. റ്റാറ്റാ ഓയിൽ പിന്നീട് ഹിന്ദുസ്ഥാൻ ലിവർ ഏറ്റെടുത്തു. അങ്ങനെ ഔറംഗാബാദിലും പിന്നീട് മഹാരാഷ്ട്രയിലെ ഖാൻഗാവിലേയ്ക്ക് മാറി. ഇപ്പോൾ പ്ലാന്റ് ഓപ്പറേറ്ററാണ്. വിരലിലെണ്ണാവുന്ന മലയാളികളിലൊരാളായി ഖാൻഗാവിലെ മലയാളികളാരുമില്ലാത്ത ഒരു വില്ലേജിൽ കുടുബസമേതം താമസം. സ്വന്തമായ വാഹനം സൈക്കിളാണ്. പലപ്പോഴും കിലോമീറ്ററുകൾ കാഴ്ചകൾ കണ്ട് സൈക്കളോടിക്കുന്നതാണ് ഇഷ്ടം.

പൂജ, ജ്യോതിഷം, പ്രഭാഷണം, രചനയിലൂടെ ചില അന്യഭാഷാ തർജമ... എന്നു വേണ്ട മറ്റ് പലതും ഇതോടൊപ്പം കൊണ്ടു നടത്തുന്നുണ്ട് ഈ വർക്ക് ഷോപ്പുകാരൻ. ഒന്നോ രണ്ടോ വർഷം കൂടുമ്പോൾ മൂന്നോ നാലോ ദിവസം മാത്രം നാട്ടിൽ വന്ന് മടക്കം. എങ്കിലും കേരളത്തിലെ സുഹൃത് വലയം ചെറുതല്ല. വാട്ടസപ്പിലൂടെയാളെങ്കിലും നടൻ ബാബു നമ്പൂതിരി , നെടുമുടി വേണു തുടങ്ങി പല മേഖലയിലുള്ള പ്രമുഖൻമാരുമായി അടുത്ത സൗഹൃദമാണ്...

മഴക്കാലത്ത് ചെളിവെള്ളം നിറഞ്ഞ ഗ്രാമത്തിലെ പാടവും തോടും ചാടി കടന്ന് സ്ക്കൂളിലേയ്ക്ക് പോകുന്ന ബാല്യം, പത്താം ക്ലാസ് പരീക്ഷയുടെ തലേദിവസം കോലവുമേന്തി ആനപ്പുറത്ത് ഞെളിഞ്ഞിരുന്ന് കാണുന്ന പൂരക്കാഴ്ച്ച. ചെണ്ടവാദ്യത്തോടുള്ള കമ്പം കയറി നാട്ടിലെ ചെമ്പാലി രാമകൃഷ്ണമാരാരുടെ ശിക്ഷണത്തിൽ ചെണ്ടവാദ്യത്തിൽ അരങ്ങേറ്റം. അതു കഴിഞ്ഞ് തൃശൂർ പൂരത്തിന് മേളക്കാരോടൊപ്പം നിന്ന് കൊട്ടി കയറിയരൽ.

നടത്തറ ഐ ടി സി വർക്ക്ഷോപ്പിൽ മോട്ടോർ മെക്കാനിക്ക് പഠനം. ഇല്ലത്ത് അടുത്തുള്ള കൊച്ചു സുബ്രഹ്മണ്യ ക്ഷേത്രത്തിൽ ശാന്തിക്കാരൻ. ചന്ദനംചാർത്തിയ ദേവവിഗ്രഹങ്ങളിൽ കവിത കണ്ടെത്തിയ ശാന്തിക്കാരൻ. അതെല്ലാം എവിടെയൊക്കയോ കുറിച്ചിട്ടു.ചിലതൊക്കെ ഇല്ലത്തെ തട്ടും പുറത്തെ പഴയ നോട്ടുബുക്കുകൾക്കിടയിൽ ഇപ്പോഴുമുണ്ട് .

പിന്നീട് ജോലി സംബന്ധമായി മറുനാട്ടിലായിരുന്നപ്പോഴും കവിതാ രചന കൈവിടാതെ കൂടെ കൊണ്ടു നടന്നു. അങ്ങിനെ പാട്ടുകച്ചേരിക്കാരനായ ഒരു സുഹൃത്തിന്റെ ഉത്സാഹത്തിൽ 2002 ൽ 'നൈമിശാരണ്യം' എന്നൊരു ഭക്തിഗാന കാസറ്റ് പുറത്തിറക്കി. ഇതിൽ മധു ബാലകൃഷ്ണൻ, എടപ്പാൾ വിശ്വനാഥൻ എന്നിവർ പാടി. പിന്നീട് എറണാകുളത്തെ സാഗർ കമ്പനി ഇറക്കിയ ദേവിഭക്തിഗാന കാസറ്റിൽ തിരുമന്ധാം കുന്നിലമ്മയെകുറിച്ച് കവിത രചിയ്ക്കാനവസരം.

ഇതിന്റെ പശ്ചാത്തലത്തിലാണ് 2014ൽ മാളികപ്പുറം മേശാന്തിയായിരുന്ന മനോജ് എമ്പ്രാന്തിരി ഇറക്കിയ പെരുമ്പറത്തപ്പൻ എന്ന കാസറ്റിലേയ്ക്ക് മനോഹരമായ 9 അയ്യപ്പഗാനങ്ങളെഴുതിയത്. അത് മറ്റൊരു നാഴികക്കല്ലായി മാറി. അറിയപ്പെട്ടു തുടങ്ങി. പിന്നീട് ക്രിസ്ത്യൻ ഭക്തിഗാനമെഴുതാനും അവസരങ്ങൾ തേടി വന്നു .2016ൽ സാരംഗി ഓഡിയോസിന്റെ പ്രത്യേക പുരസ്കാരത്തിനും അർഹനായി.

ഇപ്പോൾ അല്പം സ്വൽപ്പം ജ്ഞാനം എന്ന പേരിൽ ഫെയ്സ് ബുക്കിലും വാട്ടസഅപ്പ് ഗ്രൂപ്പ്കളിലും മറ്റും ദിവസവും നാലുവരി കവിത എഴുതുന്നു. പലരും ഇത് ശ്രദ്ധിച്ചു തുടങ്ങി. ഇതിനകം1000 ൽ കൂടുതൽ എഴുതിക്കഴിഞ്ഞു. ഗാനരചനയ്ക്ക് പശ്ച്ചാത്തലവും ചുറ്റുവട്ടവും പറഞ്ഞ് കൊടുത്താൽ മതി സ്വന്തം കണ്ണിലൂടെ കണ്ടും അനുഭവിച്ചും അറിഞ്ഞ പ്രതീതി വരികളിൽ എഴുതിച്ചേർക്കും. അതാണ് ഈ വർക്ക് ഷാപ്പ് കവി.

(കടപ്പാട്:- തൃശൂർ യോഗക്ഷേമസഭാ സെക്രട്ടറിയായിരുന്ന മുല്ലനേഴി ശിവദാസൻ മാഷിനോട് .ഇദ്ദേഹം ദിവാകരൻ മുല്ലനേഴിയുടെ അഫൻ കൂടിയാണ് മുല്ലനേഴി ദിവാകരൻ:09422926292;രാമപ്രസാദ് നരിക്കാട്ടിരി: 9496234515)



# കടവും തോണിയും കഥകൾ കൈമാറുമ്പോൾ

സുനീതി ദിവാകരൻ



ആളുകളില്ലാതെ അനാഥമായി കിടക്കുന്ന കടവിലേക്ക് അടുക്കുന്ന തോണി. തുഴയെറിയാതെ തുഞ്ചത്തിരിക്കുന്ന തോണിക്കാരന് കൂട്ടായി ഇളം കാറ്റ് വീശുന്നു. തോണിയെ നെഞ്ചേറ്റുന്ന പുഴയും, തോണിക്കു കുട പിടിക്കുന്ന നീലാകാശവും ഒരുപോലെ നിശബ്ദം. തോണിക്കാരന്റെ മനസ്സും അനക്കമറ്റ പുഴ പോലെ ശാന്തം. കടവ് മാത്രം കാത്തിരിക്കുകയാണ് തോണിയെ വരവേൽക്കാൻ - പിന്നെ കഥകൾ കൈമാറാൻ. കടവിനും തോണിക്കും മാത്രമറിയുന്ന ചില കഥകൾ.

എന്നും രാവിലെ കടവിലേക്ക് നെഞ്ച് വിരിച്ചു നടന്നു വരാറുള്ള കനത്തിൽ കണ്ണട വെച്ച ഗൗരവക്കാരൻ ശിവശങ്കരൻ മാഷ്ക്ക് ഇന്ന് നല്ല ജലദോഷമുണ്ടായിരുന്നു. മാഷ് മുണ്ടിന്റെ തലകൊണ്ട് മൂക്കു തുടക്കുന്നത് കടവ് ശ്രദ്ധിച്ചിരുന്നു. ദിവസവും ദാവണിയുടുത്ത് നീണ്ട മുടി ഇഴയിട്ടു പിന്നി ചന്ദനവും തൊട്ടു വരുന്ന രാധിക അടുത്തയാഴ്ച കല്യാണം കഴിഞ്ഞു മുംബൈയിലേക്ക് പോയാൽ പിന്നെ എന്ന് കാണാനാണ് എന്ന് കടവ് വേവലാതിപ്പെടാൻ തുടങ്ങിയിട്ട് കുറച്ചു ദിവസമായി. മഞ്ഞയിൽ ചുകന്ന പൂക്കൾ വിതറിയ പാവാടയും, ചുവന്ന ദാവണിയും ചുറ്റിയ രാധിക ഇന്ന് പതിവിലും സുന്ദരിയായിരുന്നുവെന്ന് കടവ് രാവിലെ തന്നെ വിചാരിച്ചതേയുള്ളൂ. ഷോർട്ട്ഹാൻഡ് ക്ലാസ്സിൽ എല്ലാവർക്കും മധുരം കൊടുക്കാനുള്ള പോക്കാണെന്നു കടവിൽ നിൽക്കുമ്പോൾ രാധിക അക്കരെ ആസ്പത്രിയിൽ നേഴ്സ് ആയ സുഹറയോട് പറയുന്നത് കേട്ടിരുന്നു. ചുരുട്ടിപ്പിടിച്ച കയ്യിൽനിന്നു രണ്ടു മിഠായി സുഹറയുടെ കയ്യിൽ ആരും കാണാതെ രാധിക വെച്ച് കൊടുക്കുന്നതും കടവ് കണ്ടിരുന്നു. കടവിനപ്പുറത്തുനിന്നു സ്കൂൾ ബസ് പിടിക്കുന്ന ഇരട്ടക്കുട്ടികളായ സീതയും ഗീതയും തോണി വൈകിയപ്പോൾ കണ്ണീരൊഴുക്കിയത് കടവ് വേദനയോടെയാണ് കണ്ടത്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബസിനുണ്ടോ കടവിന്റെ മനസ്സും ദണ്ണവും ? നിർത്താതെ ഉറക്കെ സംസാരിക്കുന്ന ഗോപലേട്ടന്റെ ഒച്ച ഒരു കാതം ദൂരത്തു നിന്നു തന്നെ കടവിന് കേൾക്കാം. ഗോപലേട്ടന്റെ കടവിലേക്കുള്ള വരവ് വിളിച്ചറിയിച്ചോളും ആ ഒച്ച. പുഴക്കപ്പുറത്ത് കടവിനോട് ചേർന്നുള്ള കടകളിൽ കൊടുക്കാൻ അച്ചപ്പം ഉണ്ടാക്കിക്കൊണ്ടുപോകുന്ന സാറാമ്മ ഒരക്ഷരം ആരോടും മിണ്ടാറില്ലെങ്കിലും അവരുടെ വിളറിയ മുഖവും കലങ്ങിയ കണ്ണുകളും പറയുന്ന കഥൾ കടവ് വായിച്ചെടുക്കാറുണ്ട്. അക്കരെയുള്ള ചന്തയിലേക്ക് കായ്ക്കുലയുമായി നാസർ ആഴ്ചയിൽ ഒരിക്കലേ ഉണ്ടാവാറുള്ളൂ എങ്കിലും ആ ദിവസം കണ്ടില്ലെങ്കിൽ കടവിനൊരു വെപ്രാളം തോന്നാറുണ്ട്. അക്കരെ വായനശാലയുടെ നോട്ടക്കാരൻ ഉണ്ണിമാഷുടെ കയ്യിൽ ഇന്നൊരു കവറു നിറയെ പുതിയ പുസ്തകങ്ങളുണ്ടായിരുന്നു. കരക്കാരെ മുഴുവൻ പുസ്തകം വായിപ്പിക്കാൻ മാഷ് പെടുന്ന പാടോർത്തു കടവിന് ചിരി വന്നു. ചുളിവ് വീഴാത്ത കോട്ടൺ സാരീ ഭംഗിയായി ഉടുത്ത പുതിയ യാത്രക്കാരി തോണിയുടെ സമയം ചോദിച്ചെത്തിയപ്പോൾ കടവിന് എന്തെന്നില്ലാത്ത സന്തോഷം തോന്നിയതും ഇന്ന് രാവിലെയായിരുന്നു.

കടവിന്റെ കഥകൾക്ക് അനുപല്ലവികൾ ആണ് തോണിയുടെ കഥകൾ. തോണിയിൽ കയറുമ്പോൾ പുതിയ യാത്രക്കാരി പേടിച്ചു വിറയ്ക്കുന്നതും, കാലുകൾ മുമ്പോട്ടും പിറകോട്ടും വലിക്കുന്നതും കണ്ട് തോണിക്ക് ചിരി അടക്കാനായില്ല. ഒടുവിൽ സുഹറ നേഴ്സ് അവരെ കൈപിടിച്ച് തോണിയിലേക്ക് കയറ്റുകയായിരുന്നു. രാധികയുടെ അഴിഞ്ഞുവീണ പാദസ്വരം ആരുമറിയാതെ തോണിയിൽ നിന്നെടുത്ത് പോക്കറ്റിലിട്ടത്രേ അക്കരയ്ക്ക് പോകുന്ന കോളേജ് കുമാരൻ ഷാനവാസ്. തോണി പതുക്കെ അക്കരയ്ക്കു നീങ്ങുമ്പോൾ ആരും കാണാതെ തന്റെ സഞ്ചിയിൽനിന്ന് ഒരു ഓരോ അച്ചപ്പം വീതം സാറാമ്മ സീതക്കും ഗീതയ്ക്കും കൊടുക്കുന്നത് തോണി കാണാറുണ്ട്. അപ്പോൾ മാത്രം സാറാമ്മയുടെ കണ്ണിലൊരു തിളക്കവും ചുണ്ടിൽ ഒരു ചെറു പുഞ്ചിരിയും കാണാം. ഉറക്കെ സംസാരിക്കുന്ന ഗോപാലേട്ടനെ ശിവശങ്കരൻ മാസ്റ്റർ ഒരു നോട്ടം നോക്കിയാൽ അതിനർത്ഥം ഇത്തിരി നേരം ഒന്നും മിണ്ടാതിരുന്നു കൂടെ എന്നാണെന്ന് തോണിക്ക് പോലും അറിയാം. നാസറിന്റെ കായക്കുലകൾക്ക് ഒരു വാട്ടം ഉണ്ടെന്നും ഇത്തിരി രസാവളം അങ്ങ് തളിച്ചു കൊടുത്തു പരിപാടി ഉഷാറാക്കെന്റ നാസറേ എന്നും രാമൻ വൈദ്യർ തമാശ കാച്ചിയപ്പോൾ തോണിയിൽ ആകെ ഒരു ചിരി പടർന്നു. നാസർ മാത്രം അപ്പോഴും അക്കരയ്ക്കു നോക്കി മൂകനായി ഇരിക്കുകയായിരുന്നു.

കഥകളെയും കഥാപാത്രങ്ങളെയും അക്കരെ വിട്ട് തോണി തിരിച്ച് കടവിൽ എത്താറായി തുടങ്ങി. ഇളംകാറ്റ് തുഴയിട്ടു തോണിയെ കടവിൽ അടുപ്പിക്കുമ്പോഴേക്കും തോണിക്കാരൻ ഉച്ചയൂണും അതിനുശേഷമുള്ള മയക്കത്തിനുമുള്ള ധൃതിയിൽ ആയിരിക്കും. തോണിക്കാരൻ കടവ് വിട്ടാൽ ആണ് കടവും തോണിയും തമ്മിലുള്ള മധുര സംഭാഷണം ആരംഭിക്കുന്നത്. കടവും തോണിയും കഥകൾ കൈമാറുമ്പോൾ ഉച്ചയുറക്കത്തിന്റെ ആലസ്യത്തിൽ ആണ്ടുകിടക്കുന്ന പുഴയും ഈണത്തിൽ വീശുന്ന ഇളംകാറ്റും മുകളിൽ കത്തിയെരിയുന്ന സൂര്യനും മാത്രം സാക്ഷി. പിന്നെ വൈകുന്നേരം പുതിയ കഥകൾ ഏറ്റി തോണി കടവ് വിട്ടു പോകുവോളം അവരങ്ങനെ കഥ പറഞ്ഞ്........കഥ പറഞ്ഞ്...

സുനീതി ദിവാകരൻ
മൊബൈൽ: 9970219061

# ഒരു ഹോൾസെയിൽ ഡീലറിന്റെ സാരഥി

കൊച്ചി കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന എൻ.എസ്.എൻ ഓക്സൈഡ്സ് ആൻഡ് പിഗ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അനുജൻ പി.രാമനാണ്. നല്ല പക്കാ നമ്പൂതിരി.

യുക്സിംഗ് അയേൺ ഓക്സൈഡ്, ഹെങ്കൽ ഫർണിച്ചർ അഡ്ഹെസീവ്സ്, ആപ്കോട്ടെക്സ് വാട്ടർ പ്രൂഫിംഗ് കെമിക്കൽസ്, സ്പെഷ്യാലിറ്റി വീൽചെയർ തുടങ്ങി പല പ്രമുഖ ബ്രാൻഡുകളുടെയും കേരളത്തിലെ അംഗീകൃത വിതരണക്കാരാണ്. മുഖ്യമായും നിർമ്മാണമേഖലക്ക് ആവശ്യമായ സാമഗ്രികൾ സംഭരിച്ച് കേരളത്തിലൊട്ടാകെ വിൽപ്പന നടത്തുകയാണ് ചെയ്യുന്നത്. പലതിന്റെയും ആൾകേരള ഡീലർ.

കൈവിഷചികിത്സയ്ക്ക് പേരുകേട്ട പരിത്തിപ്ര ഇല്ലത്തെ പുതുതലമുറയിലെ അംഗം. വേറിട്ട ബിസിനസ് വഴികളിലൂടെയാണ് സഞ്ചാരം. കോർപ്പറേറ്റ് ഓഫീസ് ഇടപ്പള്ളിയിലും, വെയർ ഹൗസ് കളമശ്ശേരിയിലുമാണ്. കേരളമൊന്നാകെ ഇടപാടുകാരും ●

NSN



**ANUJAN P RAMAN**
Managing Director
NSN OXIDES AND
PIGMENTS PVT. LTD.
Door No. 23/389B,St. Joseph School
Road, HMT Colony P.O.Kalamassery,
Ernakulam - 683 503
Registered Office :
Assochem Chambers, N H 47 Bypass
Road, Edappally, Kochi - 682024
Mob.: 9611119107 (0484)2961109
info@nsnpigments.com

### Yuxing Iron oxide

പേയ്‌വർ ബ്ളോക്ക് /പെയിന്റ് നിർമ്മാണമേഖലയിലേയ്ക്ക് വിതരണം ചെയ്യുന്നു.

### Henkel Furniture Adhesive

കേരളത്തിലും, ദക്ഷിണ കർണ്ണാടകത്തിലും ഉള്ള യന്ത്രസഹായത്തോടെ വുഡൻ ഫർണിച്ചർ ഉൽപ്പാദിപ്പിയ്ക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നു.

### Apcotex Water Proofing Chemicals

കെട്ടിടങ്ങളുടെ മേൽക്കൂരയുടേയും, കുളിമുറികളുടേയും, നീന്തൽക്കുളങ്ങളുടേയും പോലെയുള്ള സ്ഥലങ്ങളിൽ വാട്ടർ പ്രൂഫിംഗ് ചെയ്യുന്നതിനുള്ള അസംസ്കൃത ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നു.

### Speciality wheelchair

നട്ടെല്ലുസംബന്ധമായതും, മറ്റു അസുഖങ്ങൾ കാരണം എഴുന്നേറ്റ് നിൽക്കാനും, നടക്കാനും പറ്റാത്ത രോഗികൾക്ക് ഫിസിയോ തെറാപ്പിസ്റ്റുകളുടെ വിദഗ്ദ്ധ ഉപദേശത്തിൽ ഉപയോഗിയ്ക്കാവുന്ന മാന്വലും ബാറ്ററി കൊണ്ട് പ്രവർത്തിയ്ക്കുന്നതുമായ പ്രത്യേക തരം വീൽചെയറുകൾ വിതരണം ചെയ്യുന്നു.





അറബി കണ്ടാൽ 'കണ്ണു പൊട്ടും' എന്ന് പറഞ്ഞ് ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ അറബി പീരിയഡ് സമയത്ത് കളിക്കാൻ പോയിരുന്ന കുട്ടി പിൽക്കാലത്ത് അറബിക് ടീച്ചറായി. സിനിമയെ വെല്ലുന്ന അനുഭവങ്ങളായിരുന്നു പിന്നീടുണ്ടായത്. ആ അനുഭവങ്ങൾ പിന്നീട് സിനിമയാവുകയും ചെയ്തു. അതേപ്പറ്റി ആ അന്തർജനം എഴുതുന്നു

# ആ സിനിമ എന്റെ ജീവിതമാണ്

**ജോലിയിൽ പ്രവേശിച്ച് ആറാം ദിവസം മാനേജരിൽ നിന്ന് അറിയിപ്പു ലഭിച്ചു. അന്തർജനം അറബി പഠിപ്പിക്കുന്നത് നാട്ടുകാർക്ക് ഇഷ്ടമില്ല എന്ന്. അതുകൊണ്ട് നാളെമുതൽ ടീച്ചർ സ്കൂളിലേക്ക് വരേണ്ടതില്ലെന്നും. ജോലിയിൽ പ്രവേശിച്ച വിവരം ജൂൺ ഒന്നാം തീയതി അച്ഛന് എഴുതി അറിയിച്ച എനിക്ക് അന്തർജനമായതു കൊണ്ട് ജോലി നഷ്ടപ്പെട്ട വിവരം ആറാം തീയതി സങ്കടത്തോടുകൂടി അറിയിക്കേണ്ടി വന്നു.**

**ഗോപാലിക അന്തർജനം**

തൃശൂരിലെ ഭട്ടിയിൽ തെക്കേടത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും ആലങ്കോട് കക്കാട് നീലി അന്തർജനത്തിന്റെയും മകളാണ് ഗോപാലിക അന്തർജനം എന്ന ഞാൻ. പത്താം ക്ലാസ് കഴിഞ്ഞ് എന്ത് പഠിക്കണം എന്നു വിചാരിച്ചിരിക്കുമ്പോഴാണ് കുന്നംകുളത്തുള്ള ഒരു ട്യൂട്ടോറിയൽ കോളേജിൽ അറബി പഠിപ്പിക്കുന്നുണ്ടെന്ന് അറിഞ്ഞത്. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ പോലുള്ള ഒരു ഭാഷ മാത്രമാണ് അറബി എന്നും നിനക്ക് പഠിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ പഠിക്കാവുന്നതാണ് എന്നും അച്ഛൻ പറഞ്ഞു.

ഒട്ടു സങ്കോചത്തോടെ ഞാൻ അറബി പഠിക്കുവാൻ തീരുമാനിച്ചു. അഞ്ചാംതരം മുതൽ പത്താംതരം വരെ ഒന്നാം ഭാഷയായി പഠിച്ചിരുന്നത് സംസ്കൃതമാണ്. പത്താം തരത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിച്ച് പാസ്സായവർക്ക് മാത്രമേ 'അഫ്സൽ ഉൽ ഉലാമ അറബിക് എൻട്രൻസ്' എന്ന ഈ കോഴ്സ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നറിഞ്ഞ ഞാൻ മലയാളം ഒന്നാം ഭാഷയായി എടുത്ത് പത്താംതരം വീണ്ടും പാസ്സായി.

അഫ്സൽ ഉൽ ഉലാമ അറബിക് എൻട്രൻസ് എന്ന കോഴ്സ് പാസ്സാ

യാൽ എൽ.പി. സ്കൂളിൽ അറബിക് ടീച്ചറാകാനുള്ള യോഗ്യത കൂടി ആണെന്ന അറിവും അറബി പഠിക്കുന്നതിന് പ്രചോദനമായി. ഞാൻ അറബി പഠിക്കാൻ പോകുന്ന വിവരം മുത്തച്ഛൻ അറിഞ്ഞപ്പോൾ എന്തിനാ അവളെ മുസ്ലീങ്ങളുടെ ഭാഷ പഠിപ്പിക്കാൻ പറഞ്ഞയക്കുന്നതെന്ന് അച്ഛനോട് ചോദിച്ചു. മറ്റു ഭാഷകൾ പോലെ ഒരു ഭാഷ മാത്രമാണ് അറബി എന്നു മനസ്സിലാക്കിയ മുത്തച്ഛൻ സന്തോഷത്തോടെ എനിക്ക് പഠിക്കുവാനുള്ള അനുമതി തന്നു. എന്റെ ഒപ്പം വേറെയും നമ്പൂതിരി കുട്ടികൾ ഉണ്ടായിരുന്നു. എന്റെ അമ്മാമന്റെ (ആലങ്കോട് കക്കാട് ശങ്കരൻ നമ്പൂതിരി) മകൾ കൃഷ്ണകുമാരി (അടക്കാപുത്തൂർ കുന്നത്തെ ആത്തേമാർ) ഒതളൂർ മഹളേരായ ഹൈമവതി (ഇപ്പോൾ തളിപ്പറമ്പ് പുടയൂരെ ആത്തേമാർ), സാവിത്രി (അമ്പലപ്പിള്ളി ആത്തേമാർ) എന്നിവർ അവരിൽ ചിലരാണ്. തീരെ അപരിചിതമായ ഭാഷയാണെങ്കിലും നന്നായി ആസ്വദിച്ച് പഠിക്കുവാനും, നല്ല മാർക്കോടുകൂടി അഫ്സൽ ഉൽ ഉലാമ അറബിക് എൻട്രൻസ് എന്ന കോഴ്സ് പാസ്സാകാനും എനിക്ക് സാധിച്ചു.

കൊട്ടിയൂർ മഹാദേവ ക്ഷേത്രത്തിലെ മുഖ്യ പരികർമ്മിയും മലബാറിലെ പല ക്ഷേത്രങ്ങളുടെയും താന്ത്രികാധികാരവുമുള്ള ചെമ്മാണിയോട് പനയൂർ ഇല്ലത്തെ നീലകണ്ഠൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകനായ നാരായണൻ നമ്പൂതിരി 1982 ഫെബ്രുവരി 12-ാം തീയതി എന്നെ വേളി കഴിച്ചു.

അറബിക് ടീച്ചറാകാനുള്ള എന്റെ ആഗ്രഹത്തെക്കുറിച്ചറിഞ്ഞ ഏട്ടനും അച്ഛനും മറ്റു കുടുംബാംഗങ്ങളും എനിക്ക് ഒരു അധ്യാപികയുടെ ജോലി തരപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഞങ്ങളുടെ കുടുംബസുഹൃത്തായ കൃഷ്ണൻ മാസ്റ്ററുടെ നിർദ്ദേശപ്രകാരം 1982 ജൂൺ ഒന്നാം തീയതി പാണ്ടിക്കാട് സി.എ.എം.എൽ.പി.സ്കൂളിൽ അറബിക് ടീച്ചറായി (അഞ്ചു കൊല്ലത്തെ ലീവ് വേക്കൻസിയിൽ) ഞാൻ ജോലിയിൽ പ്രവേശിച്ചു.

ജോലിയിൽ പ്രവേശിച്ച് ആറാം ദിവസം മാനേജരിൽ നിന്ന് അന്തർജനം അറബി പഠിപ്പിക്കുന്നത് നാട്ടുകാർക്ക് ഇഷ്ടമില്ല എന്ന അറിയിപ്പു ലഭിച്ചു. അതുകൊണ്ട് നാളെമുതൽ ടീച്ചർ സ്കൂളിലേക്ക് വരേണ്ടതില്ല. ജൂൺ ഒന്നാം തീയതി ജോലിയിൽ പ്രവേശിച്ച വിവരം അച്ഛന് എഴുതി അറിയിച്ച എനിക്ക് ആറാം തീയതി എന്റേതല്ലാത്ത കാരണത്താൽ (അന്തർജനമായതുകൊണ്ട്) ജോലി നഷ്ടപ്പെട്ടു എന്ന വിവരം കൂടി സങ്കടത്തോടുകൂടി അറിയിക്കേണ്ടിവന്നു.

ഏതോ ഒരു സംഭവത്തിൽ നിന്ന് പ്രാദേശികമായ ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി എന്നെ ബലിയാടാക്കിയതാണ് എന്ന് പിന്നീട് അറിഞ്ഞു. ഈ നടപടിക്കെതിരെ പോരാടുവാൻ ഞങ്ങൾ തീരുമാനിച്ചു. വിദ്യാഭ്യാസ വകുപ്പിൽ പരാതി നൽകിയെങ്കിലും ശരിയായ മറുപടി ലഭിച്ചില്ല. നീതിക്കായി കോടതിയെ സമീപിക്കുവാൻ തീരുമാനിച്ചു. എന്നാൽ ഇത് സിവിൽ നിയമത്തിന്റെ കീഴിൽ വരുന്നതിനാൽ നീതി ലഭിക്കാൻ വളരെയധികം കാലതാമസം എടുക്കും എന്നാണ് വക്കീൽ പറഞ്ഞത്.

കേരള പബ്ലിക് റിലേഷൻ വകുപ്പിൽ പ്രവർത്തിച്ചിരുന്ന എൻ.മോഹനൻ (ലളിതാംബിക അന്തർജനത്തിന്റെ മകൻ) ഞങ്ങളുടെ കുടുംബസുഹൃത്താണ്. കൊച്ചി രാജകുടുംബത്തിലെ ഇപ്പോഴത്തെ വലിയ തമ്പുരാനായ ഞങ്ങളുടെ രവിഅമ്മാമനോടും ('സീരി' കർഷകശ്രീയുടെ മുൻ പത്രാധിപർ) മോഹനേട്ടനോടും എനിക്ക് നേരിടേണ്ടിവന്ന നീതിനിഷേധത്തെക്കുറിച്ച് അച്ഛൻ സംസാരിച്ചു. അവർ മുഖേന അടുത്ത ദിവസത്തെ പത്രത്തിൽ എന്റെ വാർത്ത വരികയും അത് ഒരു പബ്ലിക് ഇഷ്യൂ ആയി മാറുകയും ചെയ്തു.

*സുപ്രീം കോടതി അഭിഭാഷകനും പൊതുപ്രവർത്തകനും ആയ അഡ്വ. ശശിധരൻ ഈ സംഭവം പത്രത്തിലൂടെ അറിഞ്ഞു. ഭാഷക്ക് മതപരമായ വേർതിരിവ് പാടില്ലെന്നും ഇത് ഒരു പബ്ലിക് ഇഷ്യൂ ആയതുകൊണ്ട് സുപ്രീം കോടതിയിൽ നേരിട്ട് താൻ കേസ് കൊടുക്കുകയാണെന്നും, ആയതിനു വേണ്ട രേഖകൾ ലഭ്യമാക്കുവാൻ സഹായിക്കണമെന്നും അച്ഛനോട് ആവശ്യപ്പെട്ടു.*

*1982ൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന ഏഷ്യാഡിൽ ഞങ്ങളുടെ ആനയെ കൊണ്ടുപോയിരുന്നു. അതിനോടൊപ്പം അച്ഛനും പോയിരുന്നു. ഡൽഹിയിൽ വെച്ച് കേസിനു വേണ്ട രേഖകൾ അഡ്വ. ശശിധരന് കൈമാറുകയും അദ്ദേഹം സുപ്രീം കോടതിയിൽ നിന്ന് അനുകൂലമായ വിധി നേടിത്തരികയും ചെയ്തു.*

1986ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എടപ്പറ്റ ജി.എൽ.പി.എസിൽ അറബി അധ്യാപികയായി ഒരു കൊല്ലം പ്രവർത്തിച്ചു. പൂമുള്ളി മനക്കൽ ആറാം തമ്പുരാൻ അച്ഛന്റെ അടുത്ത സുഹൃത്താണ്. അദ്ദേഹത്തിന്റെ സ്കൂളിൽ (എ.എൽ.പി.എസ്. പെരിങ്ങോട്) അറബി അധ്യാപികയുടെ ഒരു അധിക ഒഴിവ് വന്നപ്പോൾ എനിക്ക് ആ ജോലി നൽകി. 1987ൽ നായനാർ മന്ത്രിസഭ കേരളത്തിൽ അധികാരത്തിൽ വന്നു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എനിക്ക് ഗവൺമെന്റ് സ്കൂളിൽ ജോലി ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷ സ്വീകരിച്ച സർക്കാർ ഇത് ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് പി.എസ്.സി. മുഖേന പ്രത്യേക ഇന്റർവ്യൂ നടത്തുകയും ജി.എൽ.പി. സ്കൂൾ തിരുവാലിയിൽ അറബിക് ടീച്ചറായി നിയമിക്കുകയും ചെയ്തു.

അന്തർജനമായതുകൊണ്ടല്ല എന്റെ ഉച്ചാരണശുദ്ധിയില്ലായ്മ കൊണ്ടാണ് എന്നെ പിരിച്ചുവിടുവാൻ ഇടയാക്കിയത് എന്ന് മാനേജരുടെ നിലപാടിനെ തുടർന്ന് എന്റെ ഉച്ചാരണശുദ്ധിയെയും അറബിയിലെ പാണ്ഡിത്യത്തെയും കുറിച്ച് അറിയുവാൻ വിദ്യാഭ്യാസ വകുപ്പ് ഇൻസ്പെക്ടേഴ്സിനെ വെക്കുകയും അവർ അവർ എന്നെ ഇന്റർവ്യൂ ചെയ്യുകയും എനിക്ക് അനുകൂലമായ റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. അതെല്ലാം വല്ലാത്ത സമ്മർദമായിരുന്നു അക്കാലത്ത്. ഈ അറബി ടീച്ചറെന്താ പൊട്ടു തൊട്ടിരിക്കുന്നത്? തലയിൽ തട്ടമിടാത്തത് എന്താ? തുടങ്ങിയ കുട്ടികളുടെ നിഷ്കളങ്കമായ ചോദ്യങ്ങൾ ഒരുവശത്ത്. മറുവശത്ത് മാധ്യമ പ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും അവർക്ക് താൽപര്യമുള്ള ഉത്തരം ലഭിക്കുവാൻ വേണ്ടി എന്നോട് ചോദിച്ച പലതരത്തിലുള്ള ചോദ്യങ്ങൾ. എന്നെ സമ്മർദ്ദത്തിലാക്കാനുള്ള ആ സന്ദർഭങ്ങളിൽ പലപ്പോഴും സഹായിച്ചത് നാരായണേട്ടനും, ഏട്ടന്റെ അച്ഛനായ നീലകണ്ഠൻ നമ്പൂതിരിയും ആണ്. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും നിർലോഭമായ സഹകരണം ഒന്നുകൊണ്ടു മാത്രമാണ് അക്കാലത്ത് പിടിച്ചുനിന്നത്.

പിന്നീട് എന്റെ തറവാടിന്റെ അടുത്തുള്ള ചെമ്മാണിയോട് ജി.എൽ.പി. സ്കൂളിലേക്ക് മാറ്റം കിട്ടി. 19 വർഷം ഞാൻ ചെമ്മാണിയോട് സ്കൂളിൽ സേവനം അനുഷ്ഠിച്ചശേഷം 2016 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിച്ചു. സംഭവബഹുലമായ എന്റെ കഥവെച്ച് ഒരു സിനിമയും ഇറങ്ങി. 'നാരായം' . 1989-ൽ നടന്ന ലോക്സഭ തിരഞ്ഞെടുപ്പിൽ കോഴിക്കോട് മണ്ഡലത്തിൽ ബി.എസ്.പി. സ്ഥാനാർത്ഥിയായി അഡ്വ. ശശിധരൻ മത്സരിച്ചിരുന്നു. അക്കാലത്താണ് അദ്ദേഹത്തെ ആദ്യമായി നേരിൽ കണ്ടത്. അതും മറക്കാനാവാത്ത അനുഭവം.പത്രവാർത്ത കണ്ട് എനിക്കുവേണ്ടി സുപ്രീംകോടതിയിൽ കേസു കൊടുത്ത ആൾ. ഇങ്ങനെ ഒരു പാട് ജീവിതാനുഭവങ്ങൾ. സിനിമയെ വെല്ലുന്ന അനുഭവങ്ങൾ.

ഭർത്താവ് നാരായണൻ നമ്പൂതിരി കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഓഡിറ്ററായി വിരമിച്ച ആളാണ്. ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് മൂന്നു കൊല്ലമായി. മകൻ സനിൽകുമാർ. മരുമകൾ കല്ലൂരെ മകളായ ഇന്ദു. ഇരുവരും സ്കൂൾ അധ്യാപകരാണ്. മകൾ അനില. മരുമകൻ വിളക്കാട്ട് ഇല്ലത്തെ ദീപക് (ബാംഗ്ലൂർ). പേരക്കുട്ടികൾ: വസുദേവ്, വൈദേഹി, ദേവനാരായണൻ, ജാഹ്നവി. ● മൊബൈൽ: 9400738091

## സ്കൂൾ യൂത്ത് ഫെസ്റ്റിവെൽ മുതൽ

# ശബരിമലയിലെ ഉത്രാടസദ്യ വരെ

**Satvik Foods**
Namboodiri's Catering & Events
KUNNAMKULAM

ഈ അടുപ്പത്ത് വേവാത്തത് ഒന്നുമില്ല

- 20 വർഷമായി പാചകമേഖലയിൽ
- നാലുദേശം കാറ്ററിങ്ങ് ഗ്രൂപ്പ് അംഗം
- കുന്നംകുളത്ത് സ്വന്തമായി സ്ഥാപനം
- ഗുരുവായൂരിൽ കിഴക്കേ നടയിൽ ഓഫീസ്
- മൂന്ന് വർഷം ജില്ലാ യൂത്ത് ഫെസ്റ്റിവെൽ
- 8 തവണ സബ് ജില്ലാ യൂത്ത് ഫെസ്റ്റിവെൽ
- ശബരിമല സന്നിധാനത്ത് ഉത്രാട സദ്യ
- ഗുരുവായൂർ ഉത്സവത്തിലെ അന്നദാനം
- ഇന്റർനാഷണൽ കോൺഫറൻസ്

**വിളിക്കാം: 9447900297**
**7902837450**

Near Ayanikulangara
Subrahmanya Swami Temple
Vadakkancheri road,
Chowannur 680517

വാചകം പോലെ എളുപ്പമല്ല പാചകം. ഭക്ഷണത്തിലൂടെ ഒരാളുടെ മനസ്സിൽ കടന്നു കൂടാൻ അത്ര എളുപ്പമല്ല. എന്നാൽ പഴേടത്തു മനയിലെ ഉണ്ണിക്കുട്ടൻ ലക്ഷങ്ങളുടെ നാവിൻ തുമ്പത്തു മാത്രമല്ല അന്നനാളത്തിലും ആമാശയത്തിലും ഹൃദയത്തിലും ഇടം കിട്ടിയ നളനാണ്. ഉണ്ണിക്കുട്ടന്റെ ഭക്ഷണത്തിന്റെ രുചി ആരെയും ദമയന്തിയാക്കും.

ശബരിമലയിൽ അതത് വർഷത്തെ മേൽശാന്തിമാർ നടത്തുന്ന ഉത്രാടസദ്യയുണ്ട്. അത് വച്ചുവിളമ്പാൻ വേറെ ആളെ കിട്ടാത്തതു കൊണ്ടല്ലല്ലൊ പഴേടത്തെ ഉണ്ണിക്കുട്ടനിലേക്ക് അതെത്തിയത്. ഇന്നയാൾ തന്നെ വേണം എന്ന നിഷ്കർഷയാണ് അതിനു കാരണം. അങ്ങനെ നിഷ്കർഷ ഉണ്ടാവുന്നത് കൈപ്പുണ്യം കൊണ്ടുകൂടിയാണ്. 8 പ്രാവശ്യം അത് ഏറ്റെടുത്ത് നടത്തിയ പാചകക്കാരനാണ്.

അതുപോലെത്തന്നെയാണ് ഗുരുവായൂരും. ഗുരുവായൂർ ഉത്സവത്തിനും മറ്റ് വിശേഷ ദിവസങ്ങളിലും അന്നദാനത്തിന്റെ ഭക്ഷണം പാകം ചെയ്യുന്നതിൽ പങ്കെടുത്തു. അതിനും വേണം പുണ്യവും കൈപ്പുണ്യവും.

ഇനിപ്പറയാം വേറെ ചിലത്. 2015 ലാണ്. കോയമ്പത്തൂർ വച്ച് തുടർച്ചയായി 7 ദിവസം നീണ്ടു നില്ക്കുന്ന ഇന്റർനാഷണൽ ആയുർവേദ കോൺഫറൻസ് നടക്കുന്നു.രാജ്യത്തെ നാനാഭാഗത്തു നിന്നും ധാരാളം ഡെലിഗേറ്റുകൾ വരും. ഭക്ഷണ സംവിധാനം ഒരുക്കുന്നതിന് പറ്റിയ ഒരാൾ വേണം. അന്വേഷണം നീണ്ടു. അത് എത്തിച്ചേർന്നത് ഈ നമ്പൂതിരിയിൽ. അതങ്ങ് ഏറ്റെടുത്തു നടത്തി.അതിഭംഗിയായിത്തന്നെ.

ഇത്തരം അന്താരാഷ്ട്ര കോൺഫറൻസിലെത്തുക വി.ഐ.പികളെങ്കിൽ നാട്ടിൻപുറങ്ങളിലെ ഉത്സവങ്ങളിൽ സാധാരണക്കാരാവും. ആയിരക്കണക്കിന് ആളുകളെ തുടർച്ചയായി തീറ്റിപ്പോറ്റുക, സോറി ഊട്ടിപ്പോറ്റുക എളുപ്പമല്ല. എടപ്പാൾ പെരുമ്പറമ്പ് ശിവക്ഷേത്രത്തിൽ തുടർച്ചയായി 19 ദിവസമായിരുന്നു ഉത്സവം. ഓരോ നേരവും 2000 ത്തോളം പേർ. നല്ല നളനെങ്കിൽ തീയില്ലാതെപ്പോലും പാചകം ചെയ്യാലോ. ആ ഉത്സവത്തിലെ ഭക്ഷണവും ഉത്സവമായി.

20 വർഷമായി പാചക മേഖലയിൽ പ്രവർത്തിക്കുന്നു. അടുപ്പിൽ നിന്ന് കൈക്കില കൂട്ടാതെ പാത്രം വാങ്ങാനുള്ള കാലമായി. 2002-2003 കാലം മുതൽ 25 പേർ അടങ്ങുന്ന നാലുദേശം കാറ്ററിങ്ങ് ഗ്രൂപ്പുമായി പ്രവർത്തിച്ച് പോരുന്നു. അങ്ങനെയാണ് തുടക്കം. 2015 ൽ കുന്നംകുളത്ത് സ്വന്തമായി സ്ഥാപനം തുടങ്ങി. സാത്വിക് ഫുഡ്സ്.



**ഉണ്ണുന്നവരോട് ഉണ്ണിക്കുട്ടന് പറയാനുള്ളത് ഇതാണ്.**

**താൻ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുന്നവന് ഊർജ്ജമാവട്ടെ. ഊർജം മാത്രമേ ആകാവൂ എന്ന പ്രാർത്ഥനയോടെ. ഓണാശംസകളുമായ്. പഴേടം ഉണ്ണിക്കുട്ടൻ**



*ശബരിമല ഉത്രാടസദ്യയ്ക്ക് മുമ്പ് തന്ത്രിയുമൊത്തുള്ള പ്രാർത്ഥന*

ഗുരുവായൂരിൽ കിഴക്കേ നടയിൽ ഒരു ഓഫീസും. വെറുതെയായില്ല അത്. നാനാഭാഗത്തു നിന്നു ഗുരുവായൂരെത്തുന്നവർ അതുകണ്ടു. ഫോൺ നമ്പർ നോട്ടു ചെയ്തു. ആവശ്യം വന്നാൽ വിളിക്കാൻ തുടങ്ങി. മൂന്ന് വർഷം പാലക്കാട് ജില്ലാ യൂത്ത് ഫെസ്റ്റിവെൽ. 8 പ്രാവശ്യം സബ് ജില്ലാ യൂത്ത് ഫെസ്റ്റിവെൽ. ( പാലക്കാട്, മലപ്പുറം). 2 തവണ സംസ്ഥാന യൂത്ത് ഫെസ്റ്റിന്റെ ഭക്ഷണം പാകം ചെയ്യുന്നതിലും പങ്കെടുത്തു.

2003 - 2004 കാലത്ത് അമ്മാമൻ മേക്കാട് നാരായണൻ നമ്പൂതിരിയുടെ ശിക്ഷണത്തിലാണ് ഈ രംഗത്തേക്കിറങ്ങിയത്. ഇന്നും കൂടെ പ്രവർത്തിക്കുന്നു. 50 വർഷത്തിലധികം പ്രവൃത്തി പരിചയമുള്ള അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്നത് വലിയ അനുഗ്രഹമായി കരുതുന്നു. ഓരോ വേദിയും പുതിയ പുതിയ അറിവുകൾ ലഭിക്കുന്നു. കഴിഞ്ഞ ഏതാനും മാസങ്ങളായി ഈ രംഗം പ്രതിസന്ധിയിലാണെങ്കിലും ശുഭാപ്തി വിശ്വാസത്തോടെ ●

ഉണ്ണിക്കുട്ടൻ.പി.എം
പഴേടത്തു മന, കർക്കിടാംകുന്ന്,
അലനല്ലൂർ,പാലക്കാട്,പിൻ:678601
മൊബൈൽ:9447900297

# ചട്ടി

മിനി പി എസ്




*മിനി പി എസ്*
*മണാട്ടുപൊയിൽ*
*ഇല്ലം, കരുമല,*
*കോഴിക്കോട് ജില്ല*
*മൊബൈൽ:*
*9605317136*


എണ്ണപുരട്ടി പുതിയ മൺചട്ടിയെ
നന്നായരിക്കാടി വെള്ളം നിറച്ചു ഞാൻ
എന്റെ വിറകടുപ്പിൻ ചെറുചൂടിലായ്
നന്നേ മയങ്ങി പതം വന്നിരിക്കുന്നു.
ഏറെ മിനുങ്ങാത്ത നിന്നെ മയക്കുവാ
നേറെ പണിപ്പെട്ടുവെങ്കിലുമോമനേ,
ഓരോ രസക്കൂട്ടു ചേരും കറിയായി
യൂണിൽ നിൻ കയ്യൊപ്പു മായാതെ ചാർത്തിയും
എൻറെയടുക്കളത്തിണ്ണയിലിന്നലെ
നിന്നെ കഴുകിക്കമിഴ്ത്തിക്കിടക്കവേ,
ഏതൊരു കുന്നിന്റെ ഹൃത്തായിരുന്നതും
ഏതോ കുലാലന്റെ തല്ലേറ്റമർന്നതും
ചൂളയിൽ വെന്തു പാകം വന്നു പിന്നെയെ
ന്നുണ്ണി തൻ കഞ്ഞിക്കു സ്വാദായ്പ്പിറന്നതും
ഇന്നു മയക്കിയതെന്തിന്നു നിന്നെ ഞാൻ
നിന്നിൽ നീയല്ലാതെ മറ്റൊന്നുമില്ലല്ലോ.

# ഒതളൂർ മനയിൽ

## താമസവുമാവാം, ചികിത്സയുമാവാം



*ഡോ.ഒ.എസ്.കൃഷ്ണൻ നമ്പൂതിരി*

ഒട്ടും മുഷിയില്ല. തേച്ചു കുളീം തേവാരോം എല്ലാമായി ഒരില്ലത്ത് അതിഥിയായങ്ങനെ കൂടുക. ഇപ്പഴത്തെ ഭാഷയിൽ പറഞ്ഞാൽ ഹോം സ്റ്റേ. അതിന്റെകൂടെ അത്യാവശ്യം ചികിത്സ കൂടി ആവാമെന്നു വച്ചാലോ. 45 വർഷമായി ഇത്തരമൊരു ചികിത്സാ പദ്ധതിയിലാണ് ഡോ.ഒ.എസ്.കൃഷ്ണൻ നമ്പൂതിരി. എഴുപതാം വയസ്സിലും അതിനു മുടക്കമില്ല.

തൃശൂർ തോന്നല്ലൂരിലെ വെള്ളറക്കാട്ടാണ് ഒതളൂർ മന. വലിയ ആശുപത്രിയൊന്നുമല്ല. ഒരു രണ്ടു പേർക്ക് കിടത്തി ചികിത്സക്ക് സംവിധാനമുള്ള സ്വഗൃഹം. അവിടെയാണ് പ്രാക്ടീസ് ചെയ്യുന്നത്. ഷൊർണ്ണൂർ ആയുർവേദ സമാജം കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി. പ്രഗല്ഭരായ വൈദ്യമഠം വലിയ നാരായണൻ നമ്പൂതിരിയുടെയും തൈക്കാട്ട് നീലകണ്ഠൻമൂസ്സിന്റെയും ശിക്ഷണത്തിൽ പരിശീലിച്ചു.

ഡി.എ.എം കഴിഞ്ഞു. ഇല്ലത്ത് വച്ചു തന്നെ ചികിത്സയും തുടങ്ങി. ഒ.പി. ഐ.പി ചികിത്സകൾ ഉണ്ട്. കിഡ്നി സംബന്ധമായ അസുഖങ്ങൾ, വെള്ളപ്പാണ്ട്, വന്ധ്യത, നട്ടെല്ലുമായി ബന്ധപ്പെട്ട ക്ഷതം പോലുള്ളവ. ഇതിലൊക്കെയാണ് പ്രത്യേക ശ്രദ്ധ. ആശുപത്രിയിൽ കിടക്കുകയാണെന്ന തോന്നലില്ലാതെ ഒരില്ലത്ത് കഴിഞ്ഞു കൊണ്ട് ചികിത്സയാവാം എന്നതാണ് ഒതളൂരിലെ പ്രത്യേകത.വിളിക്കാം ഈ നമ്പറിൽ

മൊബൈൽ: 9207806973

ഓണം ഓൺലൈനിലോ ഫോൺ ലൈനിലോ പരീക്ഷിച്ചു നോക്കൂ.

# ഫോണിലെത്തും 'ഇല്ലം'

ഇല്ലം
ILLAM
TRADITIONAL STORE

ILLAM Store,
1st Mile,
Koombara Road,
Perimbadari .PO,
MANNARKKAD
Palakkad - 678762

ഇന്ത്യയിലെവിടെയായാലും പ്രശ്നമില്ല.ഒന്ന് ഫോൺ ചെയ്താൽ മാത്രം മതി 'ഇല്ല'ത്തെ ഉത്പന്നങ്ങൾ നിങ്ങളുടെ മുന്നിലെത്തും. നാലുകെട്ടല്ല വലിയൊരു രുചിക്കൂട്ടാണ് ഇല്ലം. ഇല്ലമെന്നത് പാരമ്പര്യ പഴമയുടെ ബ്രാൻഡ്. രുചി വൈഭവത്തിന്റെ തനതു പേര്.

മലയാളികളുടെ ഊൺമേശയിൽ വിവിധ ഇനം ആന്ധ്രാ ബ്രാഹ്മിൺസ് അച്ചാറുകളെ പരിചയപ്പെടുത്തി കൊണ്ടായിരുന്നു പ്രാരംഭം കുറിച്ചത്. 'ഇല്ലം' സ്റ്റോറിന്റെ കഥ സ്വസ്തിയുടെ 2021 ലെ വാർഷിക പതിപ്പിലൂടെയും മറ്റ് ഫേയ്സ്ബുക്കു പോലുള്ള മാദ്ധ്യമങ്ങളിലൂടെയും വായിച്ചറിഞ്ഞ് ഉത്പന്നങ്ങളുടെ സ്വാദ് അനുഭവിച്ചറിയാൻ ഈ 'ഇല്ല'ത്തിന്റെ കലവറ തേടി എത്തിയവർക്ക് ഒട്ടും നിരാശപ്പെടേണ്ടി വന്നില്ല.

അതുകൊണ്ടു തന്നെയാവണം ചുരുങ്ങിയ കാലം കൊണ്ട് മണ്ണാർക്കാട്ടെ 'ഇല്ലം' സ്റ്റോർ ഓരോരുത്തരുടേയും സ്വന്തം ഇല്ലം തന്നെയായി മാറി കഴിഞ്ഞതും.

കളറില്ല, കലർപ്പില്ല. രാസമിശ്രിതങ്ങളുമില്ല. ആന്ധ്രാവിഭവങ്ങൾക്കു പുറമെ കടുമാങ്ങ, ഉലുവായ മാങ്ങ, വറുത്ത നെല്ലിയ്ക്ക- നാരങ്ങ ഉപ്പിലിട്ടതുകൾ ,ഉണക്ക മാങ്ങ, തൈര് മുളക്, വിവിധ ഇനം കൊണ്ടാട്ടങ്ങൾ, വറവുകൾ, മാങ്ങ ഇല്ലാത്ത കാലത്തുപോലും മാമ്പഴം കൊണ്ട് കറികൾ ഉണ്ടാക്കാവുന്ന മാമ്പഴം വരട്ടി, ചക്കവരട്ടി, ശുദ്ധമായ വെളിച്ചെണ്ണ, പശുവിൻ നെയ്യ്, നാടൻ തേൻ, കുരു നീക്കി ഇടിച്ചെടുത്ത പുളി, പുളി ഇഞ്ചി കറി, കുറുക്കു കാളൻ എന്നു വേണ്ട സ്പെഷ്യൽ ചുക്കുവെള്ളപൊടിയും ,പാലട പ്രഥമനും, ബ്രാഹ്മിൺസ് സദ്യവട്ടവുമടക്കം പലതും ഇന്ന് 'ഇല്ല'ത്തിന്റെ കലവറയിലുണ്ട്.'ഇല്ല'ത്തെ സ്വാദ് രുചിച്ചറിയാൻ വിളിച്ചോളു ●

രാമപ്രസാദ് നമ്പൂതിരി
നരിക്കാട്ടിരി മന
മൊബൈൽ: 9496234515

തൃശൂരിലെ ദേവി ഫാസ്നേഴ്സ് തുടങ്ങിയത് ഇങ്ങനെ:

# ജോലി രാജിവെച്ച് വ്യവസായിയായി



1983 ൽ ദേവി ഫാസ്നേഴ്സ് പണിക്കത്ത് നാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു

തലശ്ശേരി എൻ.ടി.ടി.എഫ് ട്രെയിനിങ് സെൻററിൽ നിന്ന് നാലു വർഷത്തെ ടൂൾ ആൻഡ് ഡൈ മേക്കിങ് പഠനത്തിനു ശേഷം ബാംഗ്ലൂരിൽ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിൽ അഞ്ചുകൊല്ലം ജോലി ചെയ്തു.1979 ൽ ബാംഗ്ലൂരിൽ നിന്ന് ജോലി രാജിവെച്ച് തിരുവനന്തപുരത്ത് കെ.ടി.ടി.എഫ് ഇൻഡസ്ട്രിയൽ ട്രെയിനിങ് സെന്ററിൽ പ്രിൻസിപ്പാളായി മൂന്നു വർഷത്തോളം സേവനം അനുഷ്ഠിച്ചതിന് ശേഷം1982ൽ നാട്ടിൽ (കാട്ടകാമ്പാൽ) തിരിച്ചെത്തി. സ്വന്തമായി ഒരു വ്യവസായ സ്ഥാപനം തുടങ്ങുന്നതിനായി പ്രവർത്തനം ആരംഭിച്ചു.1983 മാർച്ചിൽ തൃശ്ശൂർ ജില്ലയിൽ അത്താണി ഫങ്ക്ഷണൽ ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ ദേവി ഫാസ്നേഴ്സ് എന്ന പേരിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിച്ചു. പ്രധാനമായും മെഷീൻ സ്ക്രൂകളും റിവറ്റുകളുമാണ് നിർമ്മിക്കുന്നത്.

2001 ജനുവരിയിൽ തൃശൂർ കല്ലിങ്കൽ ലൈനിലുള്ള യോഗക്ഷേമം അപ്പാർട്ട്മെൻറ്സിൽ സ്വന്തമായി സ്ഥലം വാങ്ങി സെയിൽസ് ഓഫീസ് പ്രവർത്തനം ആരംഭിച്ച്, മെഷീൻ സ്ക്രൂകൾക്ക് പുറമേ നട്ടുകൾ, ബോൾട്ടുകൾ, വാഷറുകൾ, സ്പ്രിംഗ് വാഷറുകൾ, സെൽഫ് ടാപ്പിംഗ് സ്ക്രൂകൾ, മുതലായവയും വിപണനം തുടങ്ങി.കേരളത്തിൽ, കാംകോ, സുപ്ര ഹൈടെക്, വിഡിയോൺ, മുതലായ കമ്പനികളിലേക്ക് ഓർഡർ അനുസരിച്ച് ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നു. ദേവി ഫാസ്നേഴ്സ് അതിന്റെ ഉൽപ്പന്നങ്ങളുടെ ക്വാളിറ്റിയിൽ ഉന്നതനിലവാരം നിലനിർത്തുന്നതിനാൽ ആവശ്യക്കാർ ധാരാളം വരുന്നുണ്ട്.●



പശുപതി.പി.എൻ, പണിക്കത്ത് മന,
പി.ഒ.കാട്ടകമ്പാൽ,തൃശൂർ,
പിൻ:680544,ഫോൺ:04885274350.
മൊബൈൽ:9387100625.







# അന്യോന്യം തൃപ്പൂണിത്തുറ നാലുകെട്ട്

നമ്പൂതിരിമാരുടെ കുലധർമ്മമനുസരിച്ചുള്ള ഷോഡശകർമ്മങ്ങൾ നടത്തുന്നതിനും വേദപഠനത്തിനുമുള്ള സൌകര്യങ്ങൾ ഇല്ലങ്ങളിലും മറ്റും കുറഞ്ഞു വരുന്നതിനാൽ അത്തരത്തിലുള്ള കർമ്മങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു സ്ഥാപനമായിട്ടാണ് അന്യോന്യം നാലുകെട്ട് വിഭാവനം ചെയ്തിട്ടുള്ളത്. പിതൃകർമ്മങ്ങളായ ശ്രാദ്ധം, പിണ്ഡം എന്നിവ ചെയ്യുന്നതിന് കുളത്തിൽ കുളിക്കാനുള്ള സൌകര്യത്തോടു കൂടി ഇന്നുള്ളവർക്കും ഭാവി തലമുറക്കും ഉപയോഗപ്രദമാക്കുകയാണ് നാലുകെട്ടിന്റെ പ്രധാന ഉദ്ദേശം.

കോവിഡ് മൂലം നിലച്ചുപോയ പ്രവർത്തനങ്ങൾ 2020 ആഗസ്റ്റ് മുതൽ പുനരാരംഭിച്ചു. എല്ലാ ഷോഡശകർമ്മങ്ങളും ഭംഗിയായും ചിട്ടയായും നടത്തി വരുന്നു.

ബുക്ക് ചെയ്യാനും വിശദാംശങ്ങൾക്കും മാനേജരുമായി ബന്ധപ്പെടുക

മാനേജർ –ശ്രീ ജനാർദ്ദനൻ നടുവിലേടത്ത് 04842774099, 9495594281

നാലുകെട്ട് കൺവീനർ –ശ്രീ. തോട്ടക്കാട്ട് കൃഷ്ണകുമാർ 9847167667

സെക്രട്ടറി – ശ്രീ രാജൻ ബാബു പൊതിയിൽ 9447900181

(അന്യോന്യം നാലുകെട്ടിൽ ക്രിയകൾ നടത്താൻ ഈ നമ്പറുകളിൽ മാത്രം വിളിക്കുക)




**അനുഭവക്കുറിപ്പ്**

**കൃഷ്ണപ്രസാദ് വന്നതിൽപ്പിന്നെ ഇത് ഡിജിറ്റൽ അമ്പലം ആയെന്ന് പലരും കളിയാക്കും. ദീപാരാധന കഴിഞ്ഞുള്ള ഗ്യാപ്പിലൊക്കെ പ്രോഗ്രാമിങ് പഠനവും അതിനോടനുബന്ധിച്ചുള്ള സി.ഡി.റൈറ്റിംഗും ഒക്കെയായിരിക്കും. പരീക്ഷ അടുക്കുമ്പോൾ അമ്പലത്തിനോട് ചേർന്നുള്ള മുറി സ്റ്റഡിറൂമായി മാറും.**

# ഐ.ഐ.എമ്മിലെത്തിയ ശാന്തിക്കാരൻ

**ഇന്ത്യയിലെ ഏറ്റവും മികച്ച ബിസിനസ് ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയ കോഴിക്കോട് അത്തോളി കിഴക്കേടം കൃഷ്ണപ്രസാദിന്റെ അനുഭവം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ**



ചെറിയ നഷ്ടങ്ങൾ ചിലർക്ക് ഉയിർത്തെഴുന്നേൽക്കാനുള്ള വലിയ ചവിട്ടുപടികളാവും. കടലാസിലെഴുതുന്ന വെറും അക്ഷരങ്ങളല്ല; ജീവിതം പഠിപ്പിച്ച പാഠങ്ങൾ. പകുതിയും കാടുമൂടിയ ഇല്ലപ്പറമ്പ്. സർപ്പക്കാവും കുളവും മൂന്ന് കിണറുകളും. വേട്ടേക്കരന്റെയും ദേവിയുടെയും അമ്പലവും.പറമ്പിന്റെ ഒരു കോണിൽ ഇല്ലം. അവിടെയായിരുന്നു ജനനം.

അച്ഛനായിരുന്നു കൃഷി നോക്കിയിരുന്നത്. തെങ്ങായിരുന്നു പ്രധാനം. കൂടാതെ പറമ്പിലെ ചെങ്കല്ല് വെട്ടാനും കൊടുക്കും. അച്ഛൻ നടന്ന് തീർത്ത ദൂരങ്ങൾ അളക്കാനാവില്ല! വെയിലെന്നോ മഴയെന്നോ വ്യത്യാസമില്ലാതെ അമ്പലത്തിലേക്കും ഇല്ലത്തേക്കും. മുപ്പതു കൊല്ലത്തെ പഴക്കമുണ്ട് ആ ദിനചര്യക്ക് .

മക്കൾ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാവണമെന്നായിരുന്നു അച്ഛന്റെ കാഴ്ചപ്പാട്. അച്ഛന്റെ വരുമാനം കൊണ്ടു മാത്രം പിടിച്ചു നിൽക്കാൻ കഴിയില്ല എന്ന അവസ്ഥയുമായി. അപ്പോൾ പന്ത്രണ്ടാം വയസിൽ ഞാനും ശാന്തിക്കാരനായി; അത്തോളിക്കാവിലെ ശിവക്ഷേത്രത്തിൽ. ശാന്തിപ്പണി മാത്രമല്ല, അത്യാവശ്യം മറ്റ് ക്ഷേത്രകാര്യങ്ങളും കൈകാര്യം ചെയ്യേണ്ടി വന്നു. ക്ഷേത്രം ഭാരവാഹികൾ എന്ന് പറയാൻ ആരുമുണ്ടായിരുന്നില്ല അക്കാലത്ത്. എന്തായാലും ആ അനുഭവം ഒരുപാട് സഹായകമായി. മാനേജ്മെന്റ് വിഷയത്തിന്റെ പ്രായോഗിക പരിശീലനം എന്ന് വേണമെങ്കിൽ പറയാം.

ശാന്തി കഴിഞ്ഞ് 9 മണി ആകുമ്പോൾ നേരെ സ്കൂളിലേക്ക് ഒരോട്ടം. എട്ടാം ക്ലാസിലെത്തിയതോടെ രാവിലെ ട്യൂഷനും കൂടി സമയം കണ്ടെത്തേണ്ടിവന്നു. ഒന്നര വർഷം അങ്ങനെ. പിന്നെ ചാലിയ സമുദായക്കാരുടെ കുനിയിൽ തെരു ഗണപതി ക്ഷേത്രത്തിലേക്ക് പ്രൊമോഷനായി. വരോടി ഇല്ലത്തെ പുരുഷോത്തമൻ മാഷിന്റെ ട്യൂഷൻ സെന്ററിലെത്താൻ അതായിരുന്നു എളുപ്പം. പ്ലസ് ടു എത്തിയപ്പോൾ മൂന്നു മാസം ദൈർഘ്യമുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസിന് ചേർന്നു. അതിനുള്ള ഫീസേ കയ്യിൽ ഉണ്ടായിരുന്നുള്ളൂ.

ചിലപ്പോൾ അപ്ഫൻറേം അച്ഛന്റെയും കൂടെ, കുന്നത്തറ, കുളത്തൂർ ,കൂമുള്ളി ഭാഗങ്ങളിൽ ഉണ്ടായിരുന്ന കോട്ടക്കൽ (പുത്തഞ്ചേരി), കരിമ്പാത്തു, പുതുക്കൊട്ടുശാല, മാട്ടകുളങ്ങര മുത

ലായ ക്ഷേത്രങ്ങളിൽ സഹായത്തിനും പോകും. അങ്ങനെ ഫീസിനുള്ള വക ഒപ്പിക്കാനായി. കുറുവാളൂർ, മാട്ടകുളങ്ങര-കുളത്തൂർ, കൂമുള്ളി ക്ഷേത്രങ്ങളിലെ പൂജയും പ്ലസ് ടു പഠനവും എൻട്രൻസ് കോച്ചിംഗും എല്ലാം കഴിഞ്ഞ് രാത്രിയാകും ഇല്ലത്തെത്തുമ്പോൾ. പിന്നൊരു ഉറക്കമാണ്. പലപ്പോഴും ഇക്വേഷനുകൾ ഭയങ്കര ശബ്ദത്തിൽ സ്വപ്നങ്ങളിൽ തായമ്പക കൊട്ടിക്കളിച്ചു.

കഷ്ടപ്പാടിന് ഫലമുണ്ടായി. എഞ്ചിനീയറിംഗിന് പ്രവേശനം കിട്ടി. ഉറപ്പായും കിട്ടുമെന്ന് പ്രതീക്ഷയുണ്ടായിരുന്ന മെഡിക്കൽ പ്രവേശനം നിർഭാഗ്യം കൊണ്ടു മാത്രമാണ് ലഭിക്കാതിരുന്നത്. അപ്പോഴും കോഴ്സിന്റെ ചെലവുകൾക്ക് വഴിയില്ലായിരുന്നു. ശാന്തിപ്പണിയിലൂടെ അതുവരെ സ്വരൂപിച്ചതും, അച്ഛന്റെ സമ്പാദ്യവും ഒക്കെ ചേർത്ത് ആദ്യ വർഷത്തെ ഫീസടച്ചു. തികയാതെ വന്നപ്പോൾ വിദ്യാഭ്യാസ ലോണായിരുന്നു ആശ്രയം.

പിന്നീട് ഹയർ ഓപ്ഷൻ കിട്ടി. കുസാറ്റിന് കീഴിൽ കടത്തനാട്ടെ എഞ്ചിനീയറിംഗ് കോളേജിലേക്ക് മാറി. സാമ്പത്തികം പിന്നെയും പ്രശ്നമായി.2004ലായിരുന്നു അത്. അപ്പോൾ അടുത്തുള്ള അയ്യപ്പ ക്ഷേത്രത്തിൽ പൂജക്ക് നിന്നു. അന്ന് മൂന്നാം സെമസ്റ്റർ ആയിരുന്നു. രാവിലെ4.45 മുതൽ കുറച്ചു നേരം പഠനം. സമയത്തിന്റെ വില മനസിലായ ദിവസങ്ങൾ. ഒരു നിമിഷം പോലും പാഴാക്കാനില്ല. നിവേദ്യം ഉണ്ടാക്കുന്നതിനിടയിലും പ്രസാദം കൊടുക്കുന്നതിനിടയിലും ഉള്ള ചെറിയ ഇടവേളകളിൽ പാഠഭാഗങ്ങൾ ഓർത്തെടുത്തു.

ടാനെൻബാം മുതൽ കമ്പ്യൂട്ടർ നെറ്റ്വർക്ക്, ഓപ്പറേറ്റിംഗ് സിസ്റ്റം മുതൽ നിരവധി സങ്കീർണമായ അൽഗോരിതങ്ങൾ! മൾട്ടി ടാസ്കിന്റെ പാഠഭേദങ്ങൾ! വിശ്വാസവും ശാസ്ത്രവും! രണ്ട് വൈരുദ്ധ്യങ്ങളെ ബാലൻസ് ചെയ്തു പോകുന്ന ശരാശരി നമ്പൂതരിയുടെ നേർക്കാഴ്ച. ക്ലാസുകളുടെ ദൈർഘ്യം കൂടിയതോടെ ക്ഷേത്രം തുറക്കുന്നതും അടക്കുന്നതും ഒരു പ്രശ്നമായി. അടുത്തുള്ള വിഷ്ണു ക്ഷേത്രത്തിലെ ശാന്തിക്കാരൻ ഈശ്വരനായി അവിടെയും തുണച്ചു. വൈകുന്ന ദിവസങ്ങളിൽ അദ്ദേഹം നട തുറന്നിടുകയും അടയ്ക്കുകയും ചെയ്തു. ക്ഷേത്രത്തിൽ നിന്ന് കോളേജിലേക്കുള്ള പോക്കുവരവ് വലിയൊരു പ്രശ്നമാണ്. നട അടച്ചയുടനെ ബസ്റ്റോപ്പിലേക്ക് ഓടും. 9 മണിക്കുള്ള ഫ്രണ്ട്സ് ബസ് കിട്ടിയില്ലെങ്കിൽ പണിയായി. പിന്നെ അട്ടക്കുണ്ട് കടവ് പാലം ( കുറ്റ്യാടി പുഴ ) വരെ നടന്നുപോയി അവിടുന്ന് ഓട്ടോയ്ക്കോ ജീപ്പിനോ കയറണം. കുറുന്തോടിയിൽ ഇറങ്ങി മലകയറണം. പിന്നെ ക്ലാസുകൾ! സെമിനാറുകൾ! പ്രോജക്ടുകൾ! കൂട്ടുകാർ വിനോദ യാത്രകൾക്കും മറ്റും പോകുമ്പോൾ മനസിലൊരു ചാഞ്ചാട്ടം. കണ്ണിലൊരു നനവും ഉണ്ടാവാറുണ്ട്. ഒ



*ഏഴുവർഷം മുമ്പ് മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നടന്ന കോൺവക്കേഷനിൽ എം എസ് എഞ്ചിനീയിംഗ് ബിരുദം സ്വീകരിക്കുന്നു*

**സാമ്പത്തികം പ്രശ്നമായപ്പോൾ അടുത്തുള്ള അയ്യപ്പ ക്ഷേത്രത്തിൽ പൂജക്ക് നിന്നു. അന്ന് മൂന്നാം സെമസ്റ്റർ ആയിരുന്നു. രാവിലെ 4.45 മുതൽ കുറച്ചു നേരം പഠനം. സമയത്തിന്റെ വില മനസിലായ ദിവസങ്ങൾ. ഒരു നിമിഷം പോലും പാഴാക്കാൻ ഇല്ലായിരുന്നു. നിവേദ്യം ഉണ്ടാക്കുന്നതിനിടയിലും പ്രസാദം കൊടുക്കുന്നതിനിടയിലും ഉള്ള ചെറിയ ഇടവേളകളിൽ പാഠഭാഗങ്ങൾ ഓർത്തെടുത്തു.**

രു ദിവസം പോലും അവധിയില്ലാത്ത ജോലിയുമായി സമരസപ്പെട്ട നാളുകൾ. ആ ക്ഷീണമൊക്കെ മറികടക്കാൻ സഹായിച്ചത് സുഹൃത്തുക്കളുടെയും അമ്പലത്തിൽ വരുന്ന നാട്ടുകാരുടെയും പിന്തുണയാണ്.

'കൃഷ്ണപ്രസാദ് വന്നതിൽപ്പിന്നെ ഇത് ഡിജിറ്റൽ അമ്പലം' ആയെന്ന് പലരും കളിയാക്കും. ദീപാരാധന കഴിഞ്ഞുള്ള ഗ്യാപ്പിലൊക്കെ പ്രോഗ്രാമിങ് പഠനവും അതിനോടനുബന്ധിച്ചുള്ള സി.ഡി റൈറ്റിംഗും ഒക്കെയായിരിക്കും. പരീക്ഷ അടുക്കുമ്പോൾ അമ്പലത്തിനോട് ചേർന്നുള്ള മുറി സ്റ്റഡിറൂമായി മാറും. ഗ്രൂപ്പ് സ്റ്റഡിക്കായി കൂട്ടുകാർ എത്തിച്ചേരും. മിക്കവാറും മണ്ഡലക്കാലത്തായിരിക്കും സെമസ്റ്റർ പരീക്ഷകൾ വരുന്നത്.

കഠിനമായ പരീക്ഷണങ്ങളുടെ മാസമായിരുന്നു അത്. ആ സമയത്ത് അത്താഴപൂജക്ക് പതിവ് നിവേദ്യം കൂടാതെ ഒറ്റനിവേദ്യവും ഉണ്ടാക്കണം. ഇടയ്ക്ക് അഞ്ച് മിനിട്ട് സമയം കിട്ടുമ്പോഴുള്ള പതിവ് പഠിത്തവും നടക്കില്ല. 'നട.. നട ... നടായോ നടപ്പെ!' വിളിച്ചോതുന്ന അയ്യപ്പ സ്വാമികളുടെ ബഹളവും കീർത്തനങ്ങളും !മാരാരുടെ ചെണ്ടക്കൊപ്പം വാളും പിടിച്ചു 3 റൌണ്ട് എഴുന്നള്ളത്തു പ്രദക്ഷിണം. ദിവസേന പ്രദക്ഷിണം എല്ലാം കഴിഞ്ഞു വരുമ്പോഴേക്കും സമയം 9 മണി കഴിയും. അങ്ങനെ മൂന്ന് മണ്ഡലക്കാലം കഴിച്ചു കൂട്ടി.

കേരളത്തിലെ അവസാന ശാന്തിക്കാലം! 2007ൽ കോഴ്സ് കഴിഞ്ഞു. ഇനിയെന്ത് ? വിദ്യാഭ്യാസ ലോൺ അടച്ചു തീർക്കണം. ഒരു ജോലി അത്യാവശ്യമാണ്. ഒന്ന് ആഞ്ഞുപിടിച്ചാൽ കടം തീരുമായിരുന്നു. പക്ഷേ അച്ഛന്റെ കാഴ്ചപ്പാട് വ്യത്യസ്തമായിരുന്നു. ഒറ്റയ്ക്ക് അധ്വാനിച്ചു ജീവിച്ചു കഴിവ് തെളിയിക്കണം! കടം വാങ്ങിയത് നീയെങ്കിൽ നീ തന്നെ വീട്ടണം! അച്ഛന്റെ ആ കാഴ്ചപ്പാട് തുടക്കത്തിൽ കല്ലുകടി ആയെങ്കിലും പിന്നീട് തുണയായി.

നേരെ ബാംഗ്ലൂർക്കു വച്ച് പിടിച്ചു. മണ്ഡലക്കാലമായിരുന്നു. വിജയനഗര അയ്യപ്പ ക്ഷേത്രത്തിൽ സഹായിയായി. അത്യാവശ്യം കന്നഡ കൈകാര്യം ചെയ്യാം എന്നായപ്പോൾ ഒരു എൻ.ഐ.ടി ചേർന്നു. ജാവ പഠിക്കുകയാണ് ലക്ഷ്യം. ജാവ സിംപിൾ ആന്റ് പവർഫുൾ എന്നൊക്കെയാണല്ലോ കേട്ടിരിക്കുന്നത്. എന്നാൽ സിമ്പിൾ എന്നത് ഡയലോഗിൽ മാത്രമാണെന്ന് ക്ലാസ് തുടങ്ങി രണ്ട് ദിവസം കഴിഞ്ഞപ്പോൾ തന്നെ മനസിലായി. തുടർന്ന് കെമ്പഗൗഡ റയിൽവേ അയ്യപ്പക്ഷേത്രത്തിലെ മേൽശാന്തിയായി. കുറെ ഇന്റർവ്യൂ അറ്റൻഡ് ചെയ്തു. സാമ്പത്തിക മാന്ദ്യം രൂക്ഷമായ കാലം. അത് തൊഴിലവസരങ്ങളെയും ബാധിച്ചു തുടങ്ങി.

തുടക്കക്കാർക്ക് അവസരങ്ങൾ ഒട്ടുമേ ഇല്ല. കിട്ടിയ അവസരങ്ങളാകട്ടെ തുടക്കക്കാരന്റെ ബുദ്ധിമോശത്തിൽ വേണ്ടെന്നും വച്ചു. പഠിച്ച മേഖലയിൽത്തന്നെ ജോലി വേണമെന്നായിരുന്നു ആഗ്രഹം. അന്വേഷണത്തിനിടയിലും ശാന്തിപ്പണി തുടർന്നു. അയ്യപ്പന്റെ അമ്പലത്തിലെ വ

രുമാനം. അതോടൊപ്പം ഒരുപാട് ഭക്തരുടെ അനുഗ്രഹവും. ഗുരുസ്വാമി ആയില്ലെങ്കിലും 500 ഓളം പേർക്ക് ഇരുമുടി നിറച്ചു കൊടുത്തു. വിദ്യാഭ്യാസ ലോൺ തീർക്കാൻ അത് സഹായമായി.

ആയിടക്കാണ് അച്ഛന്റെ വേർപാട്. എപ്പോഴും കൂടെയുള്ള താങ്ങ് പോയെങ്കിലും അച്ഛന്റെ വാക്കുകൾ വഴികാട്ടിയായി കൂടെയുണ്ടായിരുന്നു .'പഠിച്ച ജോലി കിട്ടീല്ല്യാച്ച, ശാന്തിയോ പറമ്പിലെ കൃഷിയോ ചെയ്തായാലും ജീവിക്കണം. ഒരാളെ പോലും ശുപാർശക്കോ, മറ്റോ വേണ്ടി ബുദ്ധിമുട്ടിക്കാൻ പോകരുത് ! നമുക്ക് വരാനുള്ളത് വന്നോളും! എല്ലാ ജോലിക്കും അതിന്റെതായ വിലയുണ്ട്.' അച്ഛൻ മുമ്പെങ്ങോ പറഞ്ഞ വാക്കുകളാണ്.! എന്തും ക്ഷമിക്കാനുള്ള കഴിവുണ്ടായിരിക്കണം.പരമമായ സത്യത്തെ അറിഞ്ഞിരിക്കണം.മനസ്സും ശരീരവും ശൗചമായിരിക്കണം.ഇന്ദ്രിയങ്ങൾക്ക് നിയന്ത്രണം വേണം.ഇല്ലായ്മയിലും ഉള്ളത് ദാനം ചെയ്യണം.ഒരു ബ്രാഹ്മണന് വേണ്ട ഗുണങ്ങൾ....

വിനയമാണ് ഏറ്റവും വിലയുള്ള ഇൻടാഞ്ജ്യബിൾ അസെറ്റ് എന്ന് പറഞ്ഞു തന്നതും അച്ഛനായിരുന്നു. നിനക്ക് ശരിയെന്ന് തോന്നുന്ന കാര്യം നേരിട്ട് പറയുക, ഒന്നിനേയും ഭയപ്പെടേണ്ട കാര്യമില്ല.പണത്തേക്കാൾ മൂല്യമുള്ളത് നൽകിയാണ് അച്ഛൻ യാത്രയായത്. അന്ന് തുടങ്ങിയതാണ് പഠിത്തം തുടരാനുള്ള മോഹം. അതിന്നും തുടർന്ന് കൊണ്ടേയിരിക്കുന്നു.

തുടർന്ന് സിക്സ്ഡീ ടെക്നോളോജിസ് എന്ന ഐ.ടി കമ്പനിയിൽ ടെക്കിയുടെ റോളിലേക്ക് ! ആദ്യ കാലത്ത് ജോലി എളുപ്പമായിരുന്നു. എന്നാൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷന്റെ സാദ്ധ്യതകൾ കുതിച്ചുയർന്ന മുറക്ക് കൂടുതൽ പഠനവും അധ്വാനവും ആവശ്യമായി വന്നു. ഈ മേഖലയിലെ പുതിയ സങ്കേതങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കണമെന്ന് തോന്നിത്തുടങ്ങി.

പഠിക്കണം നാമോരോന്നും ,
ബാല്യം തൊട്ടു നിരന്തരം,
പഠിത്തം മതിയാക്കീടാം
പ്രാണൻ മേനി വിടുന്ന നാൾ!

കവി പാടിയ പോലെ. അച്ഛൻ പറഞ്ഞ പോലെ. കുറച്ചു കാലം കൂടി വിജയനഗറിലെ അയ്യപ്പക്ഷേത്രത്തിൽ. ജോലിയോ? പഠനമോ ? പിടിവലികൾക്കൊടുവിൽ രണ്ടും ഒന്നിച്ചു കൊണ്ട് പോകാമെന്നുള്ള തീരുമാനത്തിൽ വിജയം നേടി. മണിപ്പാൽ യൂണിവേഴ്സിറ്റിക്ക് കീഴിൽ എംടെക്കിന് ചേർന്നു. എല്ലാ ശനിയാഴ്ചകളും ഞായറാഴ്ചകളും പഠിത്തത്തിനു വേണ്ടി മാറ്റി വച്ചു. അങ്ങനെ രണ്ടരവർഷം. 2014ൽ പഠനം പൂർത്തിയായി. അപ്പോഴേക്കും ടീം ലീഡർ റോൾ ടെക്കിയുടെ റോളിലേക്ക് മാറിയിരുന്നു. ഫോർ ജി, ഫൈവ് ജി, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് തുടങ്ങി ഡാറ്റാഅനാലിസിസിൽ വരെ

അച്ഛന്റെ എട്ടാമത്തെ ശ്രാദ്ധം ഗയയിൽ പോയി ഊട്ടിവന്നു. ഗയാശ്രാദ്ധം ഏറ്റവും വിശുദ്ധമാണ്. പിറ്റേന്ന് ഞായറാഴ്ച. എന്നെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടൊരു ദിവസം. കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റിൽ ഇന്റർവ്യൂ. ഇത്തവണ വിജയം തേടിയെത്തി. പിതൃക്കളും ദേവന്മാരും വേട്ടേക്കരനും അനുഗ്രഹിച്ചു.

അനന്തമായി പരന്നു കിടക്കുന്ന സാങ്കേതികവിദ്യ ! ഒരു സന്ദർഭത്തിൽ സെർവർ തകരാറായപ്പോൾ ഡാറ്റ സെന്ററിൽ തണുപ്പിൽ 40 മണിക്കൂർ വരെ തുടർച്ചയായി പണിയെടുത്തിട്ടുണ്ട്.

അതിനിടയിലും വിദ്യാർത്ഥി ജീവിതത്തിനിടയിൽ പഠിച്ച മാനേജ്മെന്റ് തത്ത്വങ്ങൾ മാടി വിളിക്കുന്നു. കൂടുതലറിയാൻ വല്ലാത്തൊരു മോഹം. ആഗ്രഹം തോന്നിത്തുടങ്ങിയാൽ പിന്നെ വെറുതെ ഇരിക്കാനാവില്ല. ചില ശ്രമങ്ങൾ തുടങ്ങി.

'എനിക്കെന്ത് ചെയ്യാനാവും എന്റെയീ ഓർമ്മകളിലൂടെ അച്ഛനെ തിരയുകയല്ലാതെ...' അതിനിടയിൽ അച്ഛന്റെ എട്ടാമത്തെ ശ്രാദ്ധം ഗയയിൽ പോയി ഊട്ടിവന്നു. ഗയാശ്രാദ്ധം ഏറ്റവും വിശുദ്ധമാണ്. പിറ്റേന്ന് ഞായറാഴ്ച. എന്നെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടൊരു ദിവസം.കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റിൽ ഇന്റർവ്യൂ. ഇന്ത്യയിലെ ഏറ്റവും മുന്തിയ മാനേജ്മെന്റ് ഇൻസ്റ്റിട്ട്യൂട്ട്. മുൻപൊരു ശ്രമം നടത്തിയിരുന്നെങ്കിലും ആദ്യ ഘട്ടം മറികടക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, ഇത്തവണ വിജയം തേടിയെത്തി. പിതൃക്കളും ദേവന്മാരും അനുഗ്രഹിച്ചു.

അങ്ങനെ ഐ.ഐ.എമ്മിൽ എം.ബി.എ വിദ്യാർത്ഥിയായി.അതികഠിനമായ പരീക്ഷണങ്ങൾ!.ആദ്യകാലം അച്ഛനായിരുന്നു മാനേജ്മന്റ് ഗുരു. പിന്നെ ആ റോൾ അമ്മ ഏറ്റെടുത്തു. കൃഷിയായാലും പറമ്പിലെ പണിയായാലും പണിക്കാരെ വിളിച്ചു ഫോളോ അപ്പ് ചെയ്യുന്ന പ്രൊജക്റ്റ് മാനേജ്മന്റ്. റിസ്ക് ട്രാൻസ്ഫർ പോളിസിയുടെയും ക്രൈസിസ് മാനേജ്മന്റിന്റെയും ബാലപാഠങ്ങൾ മുമ്പേ അനുഭവിച്ച് പഠിച്ചത് പിൽക്കാലത്ത് എം.ബി.എ പഠനത്തിന് ഒട്ടേറെ സഹായകമായി.

പഠിക്കുക, ജോലി ചെയ്യുക, പഠിക്കുക. വരുമാനം അടുത്തപഠനത്തിന് ഇൻവെസ്ററ് ചെയ്യുക ! ഇതുവരെ അങ്ങനെയായിരുന്നു ജീവിതം. ഒരു ബിസിനസ്സ് മാനേജ്മന്റ് സ്ഥാപനം ബാഡ് ഡെബിറ്റ് ആണ് സത്യത്തിൽ. അതായത് കിട്ടാക്കടം. ഇർറിക്കവറബിൾ ഡെബിറ്റ് ആണ് കക്ഷി. അങ്ങനെ മൈക്രോ മുതൽ മാക്രോ എക്കണോമിക്സ് വരെ നീണ്ടുകിടക്കുന്ന 40 ൽ അധികം വിഷയങ്ങൾ. ഫിനാൻസ്, എൻവിറോണ്മെന്റൽ, സ്ട്രാറ്റജി, ഐ.ടി ,ഓപ്പറേഷൻ... അങ്ങനെ നീളുന്നു പട്ടിക .

രാവിലെ 10 മണിക്ക് ഓഫീസിലെത്തും. മിക്കവാറും ദിവസം രാത്രി 8 വരെ പണിയുണ്ടാകും. ചില ദിവസങ്ങളിൽ ജോലിപാതിരാ വരെ നീളും. അതിനിടക്ക് ചില പ്രവൃത്തിദിനങ്ങളിൽ സന്ധ്യക്ക് തുടങ്ങി 10 മണി വരെ ക്ലാസ് നീളും. രാവിലെ ആകുമ്പോഴേക്കും അസൈൻമെന്റ് സബ്മിറ്റ് വിന്റോ വന്നിട്ടുണ്ടാകും. ആ മണിക്കൂർ കഴിഞ്ഞാൽ പിന്നെ അപ്ലോഡ് ചെയ്യാൻ പറ്റില്ല. വളരെ ചുരുക്കം പ്രൊഫസർമാർ ചെറിയ കരുണ കാണിക്കും. വാരാന്ത്യ ക്ലാസും ഒഴിവാക്കാൻ പറ്റില്ല. ദിവസവും 4-5 മണിക്കൂർ ഉറങ്ങാൻ പറ്റിയാൽ ഭാഗ്യം . അങ്ങനെ 2 വർഷവും 5 മാസവും. 8 സെമസ്റ്റർ, 40 ലധികം കോഴ്സുകൾ. 250ലധികം മണിക്കൂർ പ്രഭാഷണങ്ങൾ, 70ലധികം അസൈൻമെന്റുകൾ 100ലധികം ക്വിസുകളും. രാത്രി ക്ലാസുകൾക്കും പരീക്ഷകൾക്കുമായി ഉറക്കമൊഴിക്കലും. പ്രൊജക്റ്റ് മാനേജർ ജോലിയും മാനേജ്മന്റ് പഠനവും അങ്ങനെവിജയകരമായി കഴിച്ചു കൂട്ടി.

തിരിഞ്ഞു നോക്കുമ്പോൾ എന്തു നേടി? വലിയ പട്ടികകളൊന്നും നിരത്താനില്ല. എങ്കിലും ആത്മസംതൃപ്തി തോന്നുന്നു. ഏഴാംക്ലാസ് മുതൽ സാമ്പത്തികമായും അല്ലാതെയും സ്വന്തം കാലിൽ നിൽക്കാൻ സാധിച്ചു. അധികം ആരെയും ബുദ്ധിമുട്ടിക്കേണ്ടി വന്നിട്ടില്ല.

ആഗ്രഹങ്ങളും ശ്രമങ്ങളും അവസാനിച്ചിട്ടില്ല. അടുത്ത പഠനം തുടങ്ങി. 'പ്രോഡക്റ്റ് മാനേജ്മന്റ്'. വലിയ കാര്യങ്ങൾ മുന്നോട്ടു ചെയ്യാനുണ്ട്, നന്നായി അറിയാം. ഇതുപോലെ വിടരും മുൻപ് വാടിപ്പോയ ഒരുപാട് സ്വപ്നങ്ങൾ എല്ലാവർക്കും ഉണ്ടാകാം. ആകാശത്തോളം സ്വപ്നം കാണുക. അതുപോലെ പരിശ്രമിക്കുക. ഒരു നാൾ ആ സ്വപ്നങ്ങളുടെ ചിറകിലേറി നിങ്ങൾക്കും ആ വിജയതീരത്തെത്താം.സഹോദരൻ കൃഷ്ണദാസും ഇതേ വഴി താണ്ടി തന്നെ വളർന്നു. ഇപ്പോൾ വായുസേനയിൽ സേവനമനുഷ്ഠിക്കുന്നു ●

(ബെംഗളൂരുവിൽ സിക്സ് ഡി ടെക്നോളജീസ് കമ്പനിയിൽ പ്രൊജക്ട് മാനേജർ ആയി പ്രവർത്തിക്കുകയാണ് കൃഷ്ണപ്രസാദ് കോഴിക്കോട് അത്തോളി കിഴേടത്താണ് ഇല്ലം. താമരശ്ശേരി പാക്കത്ത് അമ്മാത്തും. മൊബൈൽ 9739342061)

**അനുഭവക്കുറിപ്പ്**



# ഇലക്ഷൻ ഡ്യൂട്ടിക്കിടയിലെ വെജിറ്റേറിയൻ ഫുഡ്

പുരുഷോത്തമ ശർമ്മ ഇ.



ഇപ്രാവശ്യത്തെയും ഇലകഷൻ ഡ്യൂട്ടിക്കുള്ള ഓർഡർ കൈപ്പറ്റുമ്പോൾ ആശങ്ക പഴയതുതന്നെ; ഭക്ഷണം. മലബാറിലെ സസ്യാഹാരി നേരിടുന്ന വലിയ പ്രശ്നം. തിരഞ്ഞെടുപ്പുകൾ ഒരുപാട് കഴിഞ്ഞു. തോറ്റ ചരിത്രം കേട്ടിട്ടില്ല എന്നതുതന്നെയാണ് എന്റെയും മുദ്രാവാക്യം. ഭക്ഷണം കഴിച്ചിട്ടും കഴിക്കാതെയും ഒക്കെ ഈ തിരഞ്ഞെടുപ്പും നേരിടും എന്ന ഉറപ്പോടെ തന്നെയാണ് കലക്ടറുടെ ഈ ഉത്തരവും ഏറ്റുവാങ്ങിയത്.

അമാന്തക്കാരനായ അച്ഛന്റെ നക്ഷത്രഹോമം, ഉപനയനം, വ്രതംകൊള്ളൽ, വ്രതം അഴിയൽ.... എല്ലാ നക്ഷത്രങ്ങളും എണ്ണിക്കഴിഞ്ഞ് ഒരു മണിക്കും രണ്ടു മണിക്കും ചിലപ്പോൾ അതും കഴിഞ്ഞ് ഭക്ഷണം കഴിച്ചുപഴകിയ നമ്മോടാണോ കളി?!

ബിരിയാണിയിൽ നിന്നും ഇറച്ചിക്കഷണം മാറ്റിയാൽ വെജിറ്റേറിയനായി എന്ന് ആത്മാർത്ഥമായി വിശ്വസിച്ച എത്രയോ പേരുടെ കല്യാണത്തിനു പോയി 'കരിങ്കാലി'യായ വയറുമായി മടങ്ങിയിട്ടുണ്ട്. എങ്കിലും ഭക്ഷണം വല്ലാതെ വൈകുമ്പോൾ തലവേദന വരുന്നതാണ് അടുത്ത കാലത്തായി നേരിടുന്ന പ്രശ്നം.

തിരഞ്ഞെടുപ്പ് ക്ലാസ്സുകളും ചാനൽ ചർച്ചകളും പുറത്തെ കനലാട്ടവും എല്ലാം കഴിഞ്ഞ് ഏപ്രിൽ 4 രാത്രി. ഡ്യൂട്ടിക്കുള്ള കെട്ടുമുറുക്കൽ ആരംഭിച്ചു. പിറ്റേന്ന് കാലത്ത് 5 മണിക്ക് എഴുന്നേറ്റ് കുളിച്ച് പാചകം ആരംഭിച്ചു. അന്ന് ഉച്ചക്ക് കഴിക്കാൻ ചോറ് പൊതി, രാത്രിക്ക് ചപ്പാത്തി, രണ്ടു പൊതികൾ ശരിയാക്കി. ഇലക്ഷൻ ടീമിലെ മറ്റുള്ളവരുടെ വിവരം തിരക്കാൻ വാട്സ്ആപ്പ് നോക്കുമ്പോളാണ് കോഴിക്കോട് ജില്ലാ യോഗക്ഷേമസഭയുടെ ഗ്രൂപ്പിൽ ചില ആളനക്കം കണ്ടത്.

ഇലക്ഷൻ ഡ്യൂട്ടിയിലുള്ള സഭാ അംഗങ്ങൾക്ക് സഹായം (പ്രത്യേകിച്ച് ഭക്ഷണം) എത്തിക്കണം എന്ന് ആരോ വെടിപൊട്ടിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അനുകൂലമായ തീരുമാന




കോൽപ്പുറം ശ്രീകുമാർ നമ്പൂതിരി

ങ്ങളിലേക്ക് കാര്യങ്ങൾ എത്തുന്നുണ്ട്. ഇലക്ഷന്റെ അന്ന് എന്തു ചെയ്യുമെന്നായി അകത്തുള്ളാളുടെ ആശങ്ക. കുറച്ച് അവിൽ പൊതിഞ്ഞെടുക്കാം. ഒരു പായ്ക്കറ്റ് തൈര് സംഘടിപ്പിച്ചാൽ തൈരിൽ അവിൽ കുതിർത്ത് ഊണു പോലെ കഴിക്കാം. ഉപ്പിലിട്ടതും മറ്റും കൂടെ പ്രയോഗിക്കുകയുമാവാം. അച്ഛന്റെ ഉപദേശമാണ്. പല തിരഞ്ഞെടുപ്പ് കാലത്തും പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. അന്തർജനം ചിരിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല. അവിൽപ്പൊതി എടുത്തതുമില്ല.

അതിനിടെ ഒരു ഫോൺകാൾ വന്നു. താമരശ്ശേരി കളം കൃഷ്ണകുമാറാണ്. അദ്ദേഹത്തിന് എന്റെ ഇല്ലത്തിനടുത്ത് ഒരു സ്കൂളിലാണ് ഇലക്ഷൻ ഡ്യൂട്ടി എന്നു പറഞ്ഞു. ഞാൻ എന്റെ സ്ഥിതി പറഞ്ഞു. എങ്കിലും പ്രശ്നമില്ല; ഇല്ലത്ത് അനിയനോടു പറഞ്ഞ് ഭക്ഷണകാര്യം ഏർപ്പാടാക്കാം എന്ന് അറിയിക്കുകയും ചെയ്തു.

എന്റെ പോളിംഗ് സ്റ്റേഷൻ കുന്ദമംഗലത്തിനടുത്ത് പയമ്പ്ര എൽ.പി. സ്കൂളിലാണെന്ന് അറിയിപ്പ് വന്നു. എന്തായാലും ഞാൻ ജില്ലാ ഗ്രൂപ്പിൽ ഒരു വോയ്സ് ഇട്ടു. താമസിച്ചില്ല; 'കാതിൽ തേൻമഴയായി'ശ്രീ കോൽപ്പുറം ശ്രീകുമാർ നമ്പൂതിരിയുടെ വിളി എത്തി. പയമ്പ്ര അടുത്താണ് ഇല്ലം; സഹായിക്കാൻ തയ്യാറാണ് എന്നു പറഞ്ഞപ്പോൾ വലിയ സന്തോഷം! ആശ്വാസം!!

പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രമായ കോഴിക്കോട് വെസ്റ്റ്ഹിൽ പോളിടെക്നിക്കിൽ പോയി. ഇലക്ഷൻ ടീമിനൊപ്പം വോട്ടിംഗ് മെഷീനുമായി പയമ്പ്ര എൽ.പി. സ്കൂളിൽ എത്തിയപ്പോൾ ഉച്ചക്ക് ഒരു മണി കഴിഞ്ഞു. വെള്ളവും വെളിച്ചവുമുണ്ട്. ആശ്വാസം. മറ്റൊന്നും ചോദിക്കരുത്. പൊതിഞ്ഞെടുത്ത ചോറ് ഉണ്ടതിനു ശേഷം പണികൾ ആരംഭിച്ചു. അതിനിടെ കോൽപ്പുറം ശ്രീകുമാർ വൈകുന്നേരം വീണ്ടും വിളിച്ച് കാര്യങ്ങൾ തിരക്കിയിരുന്നു.

സ്കൂളിനടുത്തുള്ള ചായക്കടക്കാരൻ വന്ന് പിറ്റേന്ന് ഭക്ഷണം വേണ്ടവരുടെ ലിസ്റ്റ് എടുത്തു പോവുന്നതും കണ്ടു. രാത്രി10 മണിയോടെ പണികൾ തീർത്തു. മിക്കവരും ഭക്ഷണം കഴിച്ച് കിടക്കാൻ തുടങ്ങിയിരിക്കുന്നു.വേഗം കുളിച്ച് സന്ധ്യാവന്ദനം കഴിച്ചു; ചപ്പാത്തി കൊണ്ട് അത്താഴവും. നാളെ പുലർച്ചെ മൂന്നു മണിക്ക് എണീക്കണം. അലാറം വെക്കാൻ മൊബൈൽ ഫോൺ നോക്കിയപ്പോഴേക്കും അത് പണിമുടക്കിയിരിക്കുന്നു. ഇനി എന്തു ചെയ്യും?

ഇലക്ഷൻ ദിനമായി. മൂന്നര മണിക്ക് ഉണർന്നു. എല്ലാവരും ഉറക്കമാണ്. വേഗം കുളിയും സന്ധ്യാവന്ദനവും കഴിച്ചു വന്ന് മറ്റുള്ളവരെ വിളിച്ചു. അഞ്ചരക്ക് ഇലക്ഷൻ പണികൾ തുടങ്ങി. കനത്ത പോളിംഗ്.8 മണി, 9 മണി, 10 മണി.... ഇടക്ക് പത്തിരിയും ഇറച്ചിക്കറിയുമായി പ്രഭാതഭക്ഷണം വരുന്നു. എല്ലാവരും പോയി കഴിക്കുന്നു.

എപ്പോഴോ എനിക്കുനേരെ ഒരു പൊതി നീണ്ടുവന്നു. സെക്യൂരിറ്റിയാണ്. 'ഒരാൾ മാഷ്ക്ക് തരാനായി ഏൽപ്പിച്ചതാണ്. വേഗം പോവുകയും ചെയ്തു' എന്നു പറഞ്ഞു. കോൽപ്പുറം ശ്രീകുമാറിനെ ഓർത്തു. തിരക്ക് ശമിച്ചപ്പോൾ മരച്ചുവട്ടിൽ നിന്ന് പൊതിയഴിച്ചു. ഇഡ്ഡലിയും ചട്ണിയുമാണ്. ചായ കഴിച്ച് വീണ്ടും ജോലി തുടർന്നു.

വീണ്ടും തിരക്കുതന്നെ. ഉച്ചക്കും ഭക്ഷണപ്പൊതിയുമായി അദ്ദേഹം വന്നിരുന്നു. സെക്യൂരിറ്റിക്കാരൻ പൊതി ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു. 'തിരക്കിൽ ഇങ്ങളെ ആള് കുറച്ചു കാത്തുനിന്നതിനു ശേഷമാണ് ഞാൻ കണ്ടത്.' തിരക്കൊഴിഞ്ഞപ്പോൾ രണ്ടു മണി കഴിഞ്ഞു. മരത്തണലിലേക്ക് പോയി. ചക്കമെഴുക്കുപുരട്ടിയും കടുമാങ്ങയും ചോറുമാണ് പൊതിയിൽ. സാമ്പാറും മോരും കുപ്പിയിൽ. നല്ല വിശപ്പ്, നല്ല സ്വാദ്.

ഇലക്ഷൻ തിരക്കിനിടയിൽ കോൽപ്പുറം ശ്രീകുമാർ നമ്പൂതിരിയെ കാണാനോ ഫോൺ കേടായതു കാരണം വിളിക്കാനോ പറ്റിയില്ല. ഇല്ലത്തേക്കും വിളിച്ചിട്ടില്ല. രാത്രി ഒന്നര മണിയായി ഇല്ലത്ത് തിരിച്ചുവരാൻ. കുളിച്ച് സ്വല്പം ഭക്ഷണം കഴിച്ച് കിടന്നതു മാത്രം ഓർമ്മയുണ്ട്.

പിറ്റേന്ന് കാലത്ത് വൈകിയാണ് എണീറ്റത്. കോൽപ്പുറം ശ്രീകുമാറിനെ വിളിക്കുകയാണ് ആദ്യം ചെയ്തത്. അദ്ദേഹത്തെ നേരിൽ പരിചയം പോലുമില്ല. ഒരു നമ്പൂതിരി ആയതിന്റെ പേരിൽ മാത്രം എനിക്കായി ചെയ്ത് സഹായങ്ങൾക്ക് നന്ദി; അങ്ങേയ്ക്കും ഇല്ലത്തുള്ളവർക്കും ദീർഘകാലത്തെ സർവ്വീസിനിടക്ക് ഇങ്ങനെ ഒരനുഭവം ആദ്യമാണ്. ചോദിച്ചപ്പോൾ അദ്ദേഹവും ഒരു ഉദ്യോഗസ്ഥനായി സമാന സാഹചര്യങ്ങൾ തരണം ചെയ്തുവന്നതാണ് എന്നറിഞ്ഞു. അന്ന് തന്നെ മറ്റു രണ്ടു പേർക്കുകൂടി ഭക്ഷണം എത്തിച്ചിട്ടുണ്ടത്രേ.

എന്റെ അനുഭവങ്ങൾ സൂചിപ്പിച്ചുകൊണ്ട് കോഴിക്കോട് ജില്ലാ സഭയുടെ ഗ്രൂപ്പിൽ ഞാനൊരു ചെറു കുറിപ്പിട്ടു. അതിലാണല്ലോ ഇങ്ങനെ ഒരു ചർച്ച ഉയർന്നുവന്നത്. ജില്ലാ സഭക്ക് ഒരു സല്യൂട്ട്. സമയോചിതമായ ഇടപെടലിന്. സമാനമായ അനുഭവങ്ങളുമായി പലരും പ്രതികരിച്ചതും കണ്ടു.

കേരളത്തിലെ അഗണ്യ ന്യൂനപക്ഷമായ നമ്പൂതിരിമാർക്ക് മുമ്പിൽ പരസ്പര സഹകരണമാണ് ഭാവിയിലേക്കുള്ള വഴി എന്ന വലിയ പാഠമായിത്തന്നെയാണ് ഞാൻ ഈ അനുഭവത്തെ വിലയിരുത്തുന്നത്. ●


പുരുഷോത്തമ ശർമ്മ ഇ.
എടവല്യത്ത് ഇല്ലം,മേലൂർ.പി.ഒ.
കൊയിലാണ്ടി-673306,കോഴിക്കോട്
ജില്ല,ഫോൺ: 9496163475



## Swasthi Classifieds



### ഭക്തിഗാനങ്ങൾ

ക്ഷേത്രങ്ങളുടെ ഐതിഹ്യത്തിനനുസരിച്ച് ഭക്തിഗാനങ്ങൾ തയ്യാറാക്കി കൊടുക്കുന്നു.ശ്രീധരൻ നമ്പൂതിരി മാടമന, തിരുവണ്ണൂർ
**കോഴിക്കോട് 94462 58509**

### തിരുവാതിരപ്പാട്ടുകൾ

150 തിരുവാതിരപ്പാട്ടുകളുടെ പുസ്തകം 150.00, അക്ഷരശ്ലോക സമാഹാരം250.00,അന്തർജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ . മലമേൽ ശാരദ അന്തർജനം,
**കിടങ്ങൂർ 94001 96322**



### ശ്രീകോവിലിനുള്ളിൽ

ശ്രീകോവിലിനുള്ളിലെ എല്ലാ മെയിൻറനൻസ് ജോലികളും ഉത്തരവാദിത്വത്തോടെ നടത്തുവാൻ. നീർവേലി ശ്രീകുമാർ നമ്പൂതിരി
**കോഴിക്കോട് 94955 70706**



### കാറ്ററിംഗിന്

ചെറുതും വലുതുമായ വെജിറ്റേറിയൻ കാറ്ററിംഗിന്.സമീപിക്കുക പൊയിലിൽ ഹരി നമ്പൂതിരി, ഓമശ്ശേരി
**കോഴിക്കോട് 99471 01063**

### കാറ്ററിംഗിന്

വെജ്. കാറ്ററിംഗ് /സദ്യ
സതീശൻ പടിഞ്ഞാറ്റിരി
അച്ചിപ്ര കാറ്ററിംഗ് സർവീസ്,
**കാടാമ്പുഴ 9447116305**

### ഭക്ഷണമുണ്ടാക്കുവാൻ

എത്ര പേർക്കും ഭക്ഷണമുണ്ടാക്കുവാനും കാറ്ററിംഗിനും ഇവൻറ് മാനേജ്മെന്റിനും വർഷങ്ങളുടെ സൽപേരുമായി ഒ.ടി. വിനോദ് നമ്പൂതിരി നീലേശ്വരം
**കോഴിക്കോട് 99471 66663**

### പാചകസംബന്ധമായ

ഏതു ആവശ്യത്തിനും,നോർത്ത് ഇന്ത്യൻ ഭക്ഷണം ഉൾപ്പെടെ. വിശേഷദിവസങ്ങളിൽ എല്ലാതരം കറികളും പായസങ്ങളും ലഭിക്കും.**ശ്രീലക്ഷ്മി കേറ്ററിംഗ് സർവീസ് തൃശൂർ പുറനാട്ടുകര** പ്രൊ കെ.പി.ഗിരിജൻ നമ്പൂതിരി
**മൊബൈൽ 9447308970/ 9495552656**



### ആയുർവേദ മരുന്നുകൾക്ക്

**ആര്യാ ഔഷധശാല വട്ടക്കിണർ, കോഴിക്കോട്- 673018**
ആയുർവ്വേദ മരുന്നുകൾക്ക് സമീപിക്കുക.35 വർഷത്തെ സേവനപാരമ്പര്യം. **8089441634**

# പ്രധാന വേദമന്ത്രങ്ങൾ

YouTube യുട്യൂബിലൂടെ പഠിക്കുക

വേദമന്ത്രങ്ങൾ (ടെക്സ്റ്റ് +ഓഡിയോ )ഫയൽ കാണാൻ ബന്ധപ്പെട്ട ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

| | | | | | | |
|---|---|---|---|---|---|---|
| വിവാഹ സൂക്ത മന്ത്രങ്ങൾ | ഭാഗ്യസൂക്തം | ആയുസ്സൂക്തം | സപ്തശുദ്ധി | ശിവസങ്കല്പം | മംഗളസൂക്തം | സ്വസ്തി സൂക്തം |
| പുരുഷസൂക്തം – ഭാഗം–1 | പുരുഷസൂക്തം –ഭാഗം–2 | ഋഗ് വേദിയ പുണ്യാഹം മുഴുവൻ സ്വരത്തോടെ | ഋഗ് വേദിയ പുണ്യാഹം 1 | ഋഗ് വേദിയ പുണ്യാഹം 2 | ഐകമത്യ സൂക്തം | പ്രധാനഋഗ്വേദമന്ത്രങ്ങൾ പദം പാദം , അന്തം സ്വരം |

മന്ത്രങ്ങൾ പഠിപ്പിക്കുന്ന വാട്സാപ് ഗ്രൂപ്പിൽ ചേരാൻ പേര് സഹിതം ബന്ധപ്പെടുക.

കിഴുമുണ്ടയൂർ നീലകണ്ഠൻ 9744184434



BizproutX

**Want to Achieve Freedom**

from
Labour Law Compliance
Worries?



Bizprout[x] Labour
Law Compliance
tool helps you

Track your Labour Law Compliance status
Generate Compliance Registers and Returns
Keep a scorecard of your filing status across branches
And much more...

And say Goodbye to the constant fear of being
on the wrong side of labour law!

Contact for a demo today suma@bizproutx.com

# വൈറലായ രണ്ടു നമ്പൂതിരിമാർ 1

**ഒരാൾ മരണത്തെക്കുറിച്ച് സംസാരിച്ചു. മറ്റേയാൾ ജീവിതത്തെക്കുറിച്ചും. അറിയാം, വീഡിയോ ക്ളിപ്പുകളിലൂടെ വൈറലായ രണ്ടു നമ്പൂതിരിമാരെ.**

# 'വേഷം കൊണ്ട് ആരേയും അളക്കരുത്'

## അതായിരുന്നു തലക്കെട്ട് ട്രൗസർ മാത്രമായിരുന്നു വേഷം



വാസുദേവൻ നമ്പൂതിരി
കോതമംഗലത്തു മന,ആനായ്ക്കൽ,
പിൻ.680503 കുന്ദംകുളം,
ഫോൺ 04885210191

**ദീപു വിശ്വനാഥൻ**



ഗുരുക്കന്മാരിൽ നിന്നോ ഈശ്വര കടാക്ഷം കൊണ്ടോ ഉണ്ടായിട്ടുള്ള അറിവുകൾ കൊണ്ടും ഭൗതിക സാഹചര്യങ്ങൾ കൊണ്ടും നമ്മളിൽ പലരും അഹങ്കരിക്കുന്നുണ്ട്. എന്നാൽ നമ്മളൊക്കെ വെറും വട്ടപൂജ്യമാണെന്നു മനസ്സിലാക്കുവാൻ ഈശ്വരൻ ഒരു അവസരമുണ്ടാക്കി തന്നു.

സംഭവം ഇങ്ങനെയാണ് :

കുറച്ചു ദിവസം മുൻപ് സോഷ്യൽ മീഡിയയിൽ വലിയൊരു ചർച്ചക്ക് തന്നെ വഴി വച്ച ഒരു ദൃശ്യം കാണാൻ ഇടയായി .ഒരാൾ ഒരു ട്രൗസർ മാത്രമിട്ടു കൊണ്ട് സംസാരിച്ചു നിൽക്കുന്നു .ആരോ ഒരാൾ അദ്ദേഹം അറിയാതെ എടുത്ത വീഡിയോ ആണെന്ന് തോന്നുന്നു .പക്ഷെ അദ്ദേഹം സംസാരിച്ച വിഷയങ്ങൾ കേട്ടപ്പോൾ ആളു നിസ്സാരനല്ല എന്നു മനസ്സിലായി .വേഷം കൊണ്ടാരേയും അളക്കരുത് എന്ന ആ വീഡിയോയുടെ തലക്കെട്ട് അന്വർത്ഥമാക്കുന്നത് തന്നെയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

5 മിനിട്ടു മാത്രമേ ഉള്ളുവെങ്കിലും അത് കേട്ടവരെയെല്ലാവരെയും അത് നന്നായി സ്വാധീനിച്ചു .അപ്പോൾ മുതൽ അദ്ദേഹത്തെ ഒന്ന് കാണണമെന്നുള്ള ആഗ്രഹമുണ്ടായി . പലരോടും അന്വേഷിച്ചെങ്കിലും

വ്യക്തമായ ഒരു ധാരണ ഉണ്ടായില്ല. അങ്ങനെ കുറച്ചു ദിവസത്തെ അന്വേഷണങ്ങൾക്കൊടുവിൽ അവിടുത്തെ ഫോൺ നമ്പർ കിട്ടി. അപ്പോഴാണ് കുന്ദംകുളത്തിനടുത്ത് കോതമംഗലം ഇല്ലത്തെയാണെന്നും സംസാരിച്ച ആൾ വാസുദേവൻ നമ്പൂതിരി ആണെന്നും മനസ്സിലായത് .എനിക്ക് അദ്ദേഹത്തെ ഒന്നു കാണണം എന്ന് പറഞ്ഞപ്പോൾ ഉച്ച കഴിഞ്ഞു എത്തിക്കൊളൂ എന്നു മറുപടിയും കിട്ടി.

അങ്ങനെ ഞാൻ കുറച്ചു ദിവസങ്ങൾക്കു മുൻപ് അവിടെ പോവുകയും ചെയ്തു. കോതമംഗലത്ത് ഇല്ലം കുന്നംകുളത്തിനടുത്തു ആനാക്കൽ എന്ന സ്ഥലത്താണ്. ഈ കുടുംബം ആലത്തിയൂർ ഗ്രാമക്കാരാണ് ഇവർ കുന്നംകുളത്താണു താമസമെങ്കിലും ഒരു ശാഖ ഇപ്പോഴുമവിടെയുണ്ട്. ആലത്തിയൂർ ഗ്രാമത്തിൽ രണ്ടു വൈദികന്മാർ ഉള്ളതിൽ ഒന്നു കോതമംഗലം ആണ്. കുന്നംകുളത്ത് പ്രദേശത്തും പൗരോഹിത്യമുണ്ട്. പ്രധാനമായും നാല് രാജ കുടുംബങ്ങൾ പുന്നത്തൂർ കോവിലകം, കക്കാട് കോവിലകം, ചെറളയം കോവിലകം, മണക്കുളം കോവിലകം ഇവിടെയും പൗരോഹിത്യമുണ്ട്. പിന്നെ കുറച്ചു ഇല്ലങ്ങളിലും പൗരോഹിത്യമുണ്ട്. അങ്ങനെയാണ് ഒരു ശാഖ കുന്നംകുളത്ത് താമസമാക്കിയത്.

ഇദ്ദേഹത്തിന് 84 വയസ്സായി .പത്താം ക്ലാസ് വരെയാണ് പ്രാഥമിക വിദ്യാഭ്യാസം. വേളിയും കഴിച്ചിട്ടില്ല. പ്രായത്തിന്റെ ചില അസ്വസ്ഥതകൾ ഒഴിച്ചാൽ മറ്റു ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. ഒരു വാഹനാപകടത്തെ തുടർന്ന് കൈവിരലുകൾക്ക് ചെറിയൊരു സ്വാധീനക്കുറവ് ഉണ്ട് .അതിനാൽ മുണ്ട് ഉടുക്കുന്നതിനും മറ്റും ചെറിയൊരു ബുദ്ധിമുട്ടുണ്ട്. അക്കാരണം കൊണ്ട് ട്രൗസർ ആണ് മിക്കവാറും ധരിക്കുക. വിശേഷാവസരങ്ങളിലും മറ്റും പുറത്തു പോവുമ്പോൾ മുണ്ടുടുത്ത് തന്നെ പോവും.

ഇവിടെ അദ്ദേഹത്തെ കൂടാതെ അദ്ദേഹത്തിന്റെ സഹോദര പുത്രനായ വാസുദേവൻ നമ്പൂതിരിയും കുടുംബവുമാണ് ഉള്ളത്. ഈ കോതമംഗലത്ത് ഇല്ലക്കാർ യഥാർത്ഥത്തിൽ ആലത്തിയൂർ ഗ്രാമക്കാരാണ് .

ഇനി കഥാനായകനിലേക്കു തന്നെ വരാം ഏതു വിഷയത്തെ കുറിച്ചും അദ്ദേഹം ധാരാളം സംസാരിക്കും . സന്ന്യാസ തുല്യമായ ജീവിതം. ചെറുപ്പം മുതൽ തന്നെ ആദ്ധ്യാത്മിക വിഷയങ്ങളിലാണ് താത്പര്യം .വേദ പഠനവും പൂർത്തിയാക്കിയിട്ടുണ്ട് .ഭഗവദ്ഗീത ,മഹാഭാരതം, അരുൾ മൊഴികൾ വിവേകാനന്ദ സാഹിത്യം അങ്ങനെയുള്ള ഗ്രന്ഥങ്ങൾ ഏറെക്കുറെ വ്യാഖ്യാന സഹിതം സംസാരിക്കും.

ഇതൊക്കെ വായിച്ചിട്ടും സ്വയം ഉള്ളിൽ നിന്നും വരുന്ന ചില ജ്ഞാനവും ഒക്കെ ചേർന്നു നന്നായി സംസാരിക്കും. താത്പര്യമുള്ളവർ വന്നാൽ ഇങ്ങനെ സംസാരിച്ചു കൊണ്ടേയിരിക്കും . നമ്മൾ ചോദിക്കുന്ന ചോദ്യത്തിനുള്ള ഉത്തരമാവില്ല ചിലപ്പോൾ തിരിച്ചു കിട്ടുക. പക്ഷെ എത്തിച്ചേരുന്നത് ആ വിഷയത്തിൽ തന്നയായിരിക്കും. അദ്ദേഹത്തിന്റെ വാക്കുകളിൽ ധാരാളം ഗുണഫലമുണ്ട്. പക്ഷെ പറയുന്ന കാര്യങ്ങളുടെ യഥാർത്ഥ സാരാംശം നമ്മൾ മനസ്സിലാക്കണമെന്നു മാത്രം.

*ഈ ക്യു ആർ കോഡ് സ്കാൻ ചെയ്താൽ കേൾക്കാം കാണാം അദ്ദേഹത്തിന്റെ വാക്കുകൾ*

**വേഷ വിധാനം പോലെ തന്നെ പൂണൂലും ഇല്ല. അതിനും കാരണമുണ്ട് .1997 ൽ ഒരു അപകടം ഉണ്ടായി. കുന്നംകുളത്ത് വച്ചു ഒരു ബസ് തട്ടിയാണ് അപകടമുണ്ടായത് . അപ്പോൾ പൂണൂലും പൊട്ടിപ്പോയിരുന്നു. പിന്നെ പൂണൂൽ ഇട്ടില്ല.**

മുന്നിലിരുന്നാൽ സമയം പോവുന്നതറിയില്ല എന്നതാണ് സത്യം.രാവിലെ കുളിയും തേവാരവുമൊക്കെ കഴിഞ്ഞാൽ കാപ്പികുടിച്ചു കഴിഞ്ഞാൽ നേരെ തൊടിയിലേക്കിറങ്ങും. എത്ര വെയിലാണെങ്കിലും അതൊന്നും ഒരു പ്രശ്നവുമല്ല. ഉച്ചയൂണ് കഴിഞ്ഞാൽ ഒരു മണിക്കൂർ വിശ്രമം. വീണ്ടും ഓരോ ജോലികളായി ഇറങ്ങുകയും ചെയ്യും. ഈ വിശ്രമ സമയം ഒഴികെ ഒരു സമയത്തും വെറുതെ ഇരിക്കുന്നത് ഇഷ്ടമല്ല. ഇതൊക്കെയാണ് അദ്ദേഹത്തിന്റെ ഒരു രീതി.

പിന്നെ അദ്ദേഹത്തിന്റെ വേഷ വിധാനത്തിന്റെ കാര്യം മുൻപേ പറഞ്ഞുവല്ലോ അതു പോലെ തന്നെ പൂണൂലും ഇല്ല. അതിനും കാരണമുണ്ട് .1997 ലാണ് ഈ അപകടം ഉണ്ടാവുന്നത് കുന്നംകുളത്ത് വച്ചു ഒരു ബസ് വന്നു തട്ടിയാണ് അപകടമുണ്ടായത് . അപ്പോൾ പൂണൂലും പൊട്ടിപ്പോയിരുന്നു. മാസങ്ങളോളം ആശുപത്രിവാസം വേണ്ടിവന്നു. ആ കാലയളവിൽ സന്ധ്യാവന്ദനാദികളും മറ്റും മുടങ്ങുകയും ചെയ്തു. ചെറുപ്പകാലം മുതൽക്കു തന്നെ സന്ന്യാസ തുല്യമായ ഒരു ജീവിതമാണെന്നു മുൻപേ പറഞ്ഞുവല്ലോ.സന്ന്യാസിമാർക്കു പൂണൂലോ മറ്റു വേഷവിധാനങ്ങളോ ഒന്നും ബാധകമല്ലല്ലോ യാദൃശ്ചികമായിട്ടാണെങ്കിലും പൂണൂലും പൊട്ടി സന്ധ്യാവന്ദനം മുടങ്ങുകയും ചെയ്തു. ഈശ്വരേച്ഛ അങ്ങനെയാണെങ്കിൽ ഇനി അങ്ങനെ തന്നെ മതി എന്ന് തീരുമാനിച്ചു. പൊട്ടിയ പൂണൂൽ പിരിച്ചിട്ടില്ല, സന്ധ്യാവന്ദനം ആവർത്തിക്കുകയും ചെയ്തില്ല. മറ്റു ചടങ്ങുകളൊന്നും ഉണ്ടായില്ലെങ്കിലും ഒരു മുഴുവൻ സമയ സന്ന്യാസ ജീവിതത്തിലേക്ക് അങ്ങനെ സ്വയം പ്രവേശിച്ചു. ഇപ്പോൾ രാവിലെയും വൈകുന്നേരവും പ്രണവമാണ് തേവാരം.

ഞങ്ങൾ ചെന്നപ്പോൾ ഏകദേശം ഉച്ചകഴിഞ്ഞു 2.30 മണി ആയിരുന്നു. അദ്ദേഹം നാലുകെട്ടിൽ അങ്ങനെ ഇരിപ്പുണ്ട് . ഞങ്ങൾ സ്വയം പരിചയപ്പെടുത്തി. അദ്ദേഹം മെല്ലെ സംസാരിച്ചു തുടങ്ങി. അത് പല മേഖലകളിലേക്കും നീണ്ടു. കൂടാതെ നല്ല നർമ്മബോധം ഉള്ളയാളു കൂടിയാണ് . അങ്ങനെ കുറച്ചു സമയം കൊണ്ട് തന്നെ നിരവധി കാര്യങ്ങൾ പറഞ്ഞു തന്നു.

ജീവിതത്തിൽ ഒരുപാട് ആളുകളെ കണ്ടിട്ടുണ്ടെങ്കിലും ഇദ്ദേഹം ശരിക്കും എന്നെ അത്ഭുതപ്പെടുത്തി ഞാനെന്ന അഹങ്കാരം ആ മഹാത്മാവിന്റെ മുൻപിൽ ഉരുകിയൊലിച്ചു പോവുന്നതറിഞ്ഞു. നമ്മുടെ സമൂഹത്തിൽ ഇദ്ദേഹത്തെ പോലെ ധാരാളം മഹാത്മാക്കൾ വസിക്കുന്നുണ്ട്. പക്ഷെ അവരാരും പ്രശസ്തിയോ തങ്ങളുടെ കേമത്തം നാലാളറിയണമെന്നോ ഭൗതിക സുഖങ്ങളോ ആഗ്രഹിക്കാറില്ല.

ഈശ്വര തുല്യനായി കാഴ്ചയിൽ കുചേലനായി തോന്നുന്ന വാക്കുകളിൽ സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെയായ അദ്ദേഹത്തെ പരിചയപ്പെട്ടപ്പോൾ ഉണ്ടായ അനുഭൂതി പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. ആ അവധൂതനെ ഒന്നു കാണുവാനും സംസാരിക്കുവാനും നമസ്കരിക്കുവാനും സാക്ഷാൽ വൈക്കത്തപ്പനും ഗുരുവായൂരപ്പനും ഒരു അവസരം നൽകി.വളരെ കുറച്ചു സമയം മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളുവെങ്കിലും അത്രയധികം മാനസിക അടുപ്പം അദ്ദേഹത്തോടുണ്ടായി.

നേരം സന്ധ്യയായതിനാൽ വീണ്ടും കാണാമെന്ന വാക്കോടെ അദ്ദേഹത്തോടും കുടുംബത്തോടും യാത്ര പറഞ്ഞു ഞങ്ങൾ അവിടെ നിന്നും ഇറങ്ങി.

ദീപു വിശ്വനാഥൻ,മണപ്പിള്ളി ഇല്ലം
വൈക്കം, കോട്ടയം ജില്ല
മൊബൈൽ +91 94474 03695

## വൈറലായ രണ്ടു നമ്പൂതിരിമാർ 2



ഒരു സുഹൃത്തിന്റെ മകൻ അകാലത്തിൽ മരിച്ചപ്പോൾ ആശ്വസിപ്പിക്കാൻ തയാറാക്കിയ വീഡിയോ തന്റെ മരണത്തിൽ തന്റെതന്നെ കുടുംബത്തിന് ആശ്വാസവാക്കുകളായി മാറുക! അപൂർവമായി മാത്രം സംഭവിക്കുന്ന ഒന്നാണത്.
സോഷ്യൽ മീഡിയയിൽ അത് വൈറലായി.

# മരണത്തെക്കുറിച്ചുള്ള ആ വീഡിയോ എന്റെ ഏട്ടന്റേതാണ്

ആ വീഡിയോ ചെയ്യാൻ ഇടയായ സാഹചര്യത്തെക്കുറിച്ചും പിന്നീട് ഏട്ടൻ മരിച്ചപ്പോൾ ഞങ്ങളെ ആശ്വസിപ്പിക്കാൻ അതേ വീഡിയോ ഉപകരിച്ചതിനെപ്പറ്റിയുമാണ് ഈ കുറിപ്പ്.

**കെ.എൻ.കെ.നമ്പൂതിരി**



തൃശൂരിലെ പേരാമംഗലത്താണ് കിഴുമുണ്ടയൂർ മന. താന്ത്രിക കുടുംബം. വേദപാരമ്പര്യവുമുണ്ട്. പത്തു വയസ്സായപ്പോഴേക്കും ഏട്ടൻ പരമേശ്വരൻ നമ്പൂതിരി വേദം ഹൃദിസ്ഥമാക്കി. സംഹിത കഴിഞ്ഞതുകൊണ്ട് ഉപരി പഠനത്തിനും ആധുനിക വിദ്യാഭ്യാസത്തിനുമായി അച്ഛൻ നമ്പ്യാത്തൻ നമ്പൂതിരി തൃശൂരിലെ ബ്രഹ്മസ്വം മഠത്തിൽ കൊണ്ടുചെന്നാക്കി. പിന്നെ 25-ാമത്തെ വയസ്സിൽ വേളി കഴിയും വരെ അവിടെത്തന്നെ.

അതിനുശേഷം, ആദ്യം തിരുന്നാവായയിലും പിന്നെ തിരൂരിലും അദ്ധ്യാപകനായി. തിരൂരിൽ വഞ്ഞേരി ഇല്ലം കോമ്പൗണ്ടിലെ വാടക വീട്ടിലായിരുന്നു താമസം. 25 കൊല്ലത്തോളം അവിടെ കഴിഞ്ഞതിനാൽ വഞ്ഞേരി അപ്പുവേട്ടനും അവരുടെ കുടുംബവുമായി വലിയ അടുപ്പമായിരുന്നു. അപ്പുവേട്ടന്റെ മക്കളായ ശ്യാമും മണിയുമെല്ലാം ഏട്ടന്റെ ട്യൂഷൻ ക്ലാസിലെ കുട്ടികളുമായിരുന്നു. ഏട്ടന്റെ മകൾ സ്വപ്നയാണെങ്കിൽ അപ്പുവേട്ടന്റെ മകൾ മണിയുടെ സമപ്രായം. എല്ലാം കൊണ്ടും ആ കുടുംബങ്ങൾ തമ്മിലുള്ള അടുപ്പം വളർന്നു. പിന്നീട് സ്വപ്നയാണെങ്കിൽ അവിടെത്തന്നെ സ്ഥലം വാങ്ങി താമസമാക്കി തിരൂർക്കാരിയായി മാറുകയും ചെയ്തു.

2002ൽ ഏട്ടൻ റിട്ടയറായി. അതോടെ, പാരമ്പര്യമായി ലഭിച്ച താന്ത്രികവൃത്തിയിലേക്കിറങ്ങി. നെല്ലുവായ ധന്വന്തരീ ക്ഷേത്രം,ചൊവ്വല്ലൂർ ശിവക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്രങ്ങളിൽ താന്ത്രിക വൃത്തിയിൽ ഏർപ്പെട്ടു വരികയായിരുന്നു. ജീവിതപ്രശ്നങ്ങളെ ലാഘവബുദ്ധിയോടെ കാണാനും മറ്റുള്ളവർക്ക് നല്ല വാക്കുകൾകൊണ്ട് ആശ്വാസം പകരാനും ഏട്ടന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. എന്തു ചെയ്യുമ്പോഴും അതിൽ ഒരു സാന്ത്വനസ്പർശം അടക്കിവച്ചിട്ടുണ്ടാവും.

1974ൽ ആത്മീയഗുരുവായ ശ്രീരമാദേവി മാതാവിൽ നിന്നും മന്ത്രദീക്ഷസ്വീകരിച്ചു. ശ്രീവിദ്യോപാസകനും

വേദപണ്ഡിതനുമായ ജ്യേഷ്ഠൻ കൃഷ്ണൻ നമ്പൂതിരിയിൽനിന്നും ശ്രീവിദ്യാ മന്ത്രവും ഉപദേശമായി ലഭിച്ചിട്ടുമുണ്ട്. അതെല്ലാം നല്ല വാക്കുകൾ കൊണ്ട് കൊണ്ട് സാന്ത്വനം നൽകാൻ ഏട്ടനെ പ്രാപ്തനാക്കിയിട്ടുണ്ട്. നെല്ലുവായിലെ ധന്വന്തരീ ഹോമത്തിന്റെ അവസാനം ഏട്ടൻ ഫലശ്രുതി പറയാറുണ്ട്. മാനസികമായി തളർന്നു വരുവർക്ക് അത് ഉത്തേജനൗഷധമായി മാറാറുണ്ടെന്നു അനുഭവസ്ഥർ പറയാറുമുണ്ട്. ഏതാണ്ട് അതുപോലൊരു ഉത്തേജന ഔഷധമായി മാറി മരിക്കുന്നതിനു ഏതാനും മാസം മുമ്പ് നടത്തിയ ആ വീഡിയോ സന്ദേശം.

കഴിഞ്ഞ നവംബറിലാണ് ഏട്ടന്റെ ചിരകാലസുഹൃത്തായിരുന്ന വഞ്ഞേരി അപ്പുവേട്ടന്റെ മകൻ ശ്യാം മരിച്ചത്. അവിചാരിതമായി മസ്തിഷ്കാഘാതം വന്നു പെട്ടെന്നായിരുന്നു മരണം. ബെംഗളൂരുവിൽ ഐ.ടി എഞ്ചിനീയറായിരുന്നു ശ്യാം.സുഹൃത്തിന്റെ മകൻ മരിച്ചത് ഏട്ടനെയും വേദനിപ്പിച്ചു. ബെംഗളൂരുവിൽ പോയി ആ കുടുംബത്തെ ആശ്വസിപ്പിക്കണമെന്നുണ്ടായിരുന്നു. തിരൂരിൽ താമസക്കാക്കിയ കാലം മുതലുള്ള അടുപ്പമാണ്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ അവിടെ പോവാനായില്ല. എന്നാലും ആ കുടുംബത്തെ എങ്ങനെയെങ്കിലും ആശ്വസിപ്പിക്കണം. എന്താണൊരു വഴി. അങ്ങനെയാണ് മകൾ സ്വപ്നയുടെ സഹായത്തോടെ ആ വീഡിയോ സന്ദേശം തയ്യാറാക്കിയത്. ഭർത്താവും മകനും നഷ്ടപ്പെട്ട ഒരമ്മയെ ആശ്വസിപ്പിക്കാനുള്ള വാക്കുകൾ. മകൾ സ്വപ്ന അത് വാട്ട്സ് അപ്പിലൂടെ ബെംഗളൂരിലേക്ക് അയക്കുകയും

*ഈ ക്യു ആർ കോഡ് സ്കാൻ ചെയ്താൽ കേൾക്കാം മരിക്കുന്നതിനു ഏതാനും മാസം മുമ്പ് മരണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ*

ചെയ്തു. അതിപ്രകാരമാണ്.

'ഏറ്റവും ഭയം മരിച്ചു പോകുമോ എന്നതാണ്. മരണത്തെ പേടിയോടെ മാത്രമേ നമുക്കു കാണാൻ കഴിയൂ. ചെറിയ കുട്ടി പോലും മരിക്കുന്നു. അതേസമയം 106 വയസ്സായ ഒരാൾ സുഖമായി ജീവിക്കുന്നു. മദ്ധ്യവയസ്കന്മാർ മരിക്കുന്നു. മരണത്തിനു നിശ്ചിതമായ ഒരു സമയക്രമമില്ല. ദേവകീ ദേവിയുടെ എട്ടാമത്തെ പുത്രൻ തന്നെ വധിക്കുമെന്നു അശരീരി കേട്ടപ്പോൾ കംസൻ ദേവകീദേവിയെ വധിക്കാൻ ഒരുമ്പെട്ടതായി ഭാഗവതത്തിലുണ്ട് . അപ്പോൾ വസുദേവർ കംസനോടു ചോദിക്കുന്നു, 'എന്തിനാണ് അങ്ങ് ഈ അധർമ്മം കാണിക്കുത്. 'മൃത്യുർ ജന്മവതാം വീരദേഹേന സഹജായതേ,അദ്യ വാബ്ദശതാന്തേ വാ മൃത്യുർവൈ പ്രാണിനാം ധ്രുവഃ.'(ഭാഗവതം അധ്യായം 1,ശ്ളോകം 38) നമ്മൾ ജനിക്കുന്ന സമയത്ത് നമ്മുടെ ഒപ്പം ജനിക്കുതാണ് മരണം. അത് എപ്പോഴാണ് എന്നറിഞ്ഞാൽ നമുക്കു തയ്യാറായി ഇരിക്കാമല്ലോ എന്നാണെങ്കിൽ അതുമാത്രം അറിയില്ല. അതറിഞ്ഞാൽ നമുക്കു ജീവിക്കാൻ സാധിക്കുകയില്ല. ഇന്ന സമയത്തു മരിക്കും എന്നറിഞ്ഞാൽ പിന്നെ നമുക്കു ജീവിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് അതു ഈശ്വരൻ നമ്മിൽ നിന്നു മറച്ചു വെച്ചിരിക്കുകയാണ്.

എന്നാണ് മരിക്കുക, 'അദ്യ വാ' ഇന്നു മരിക്കാം 'അബ്ദ ശതാന്തേ വാ', ഒരു നൂറുകൊല്ലം കഴിഞ്ഞിട്ടും മരിക്കാം. 'മൃത്യുർവൈ പ്രാണിനാം ധ്രുവഃ' ജനിച്ചാൽ ജീവജാലങ്ങൾക്കു തീർച്ചയായിട്ടുള്ള കാര്യം മരണം മാത്രമേ ഉള്ളു. ജോലി കിട്ടുമെന്ന് ഉറപ്പുണ്ടോ?,ഇല്ല. വിദ്യാഭ്യാസം കാര്യമായിട്ടു കിട്ടുമെന്നുറപ്പുണ്ടോ?,ഇല്ല. നല്ല കുടുംബത്തിൽനിന്നും വിവാഹം കഴിക്കാം, സന്താന സൗഭാഗ്യമുണ്ടാകും. ഇതെല്ലാം ഉറപ്പുള്ള കാര്യമാണോ? അതും അല്ല. ഉറപ്പുള്ള ഒരു കാര്യമേയുള്ളു. 'മൃത്യുർവൈ പ്രാണിനാം ധ്രുവഃ' മരണം എന്നു പറയുന്നതു മാത്രം. ജനിച്ചു കഴിഞ്ഞാൽ ഏതു പ്രാണിക്കും നിർബന്ധമായ ഒരു കാര്യമാണ് മരണം. 'ജന്മനാ ജായതേ മൃത്യുഃ' ജനിക്കുന്നതോടൊപ്പം ജനിക്കുന്നതാണ് മരണം. അതുകൊണ്ട് മരണത്തെ നമ്മൾ പേടിക്കുന്നതിന് അർത്ഥമൊന്നുമില്ല. പെട്ടെന്നു ചെറിയ പ്രായത്തിൽ മരിച്ചുപോകുമ്പോൾ ബന്ധുക്കളായ നമുക്ക് വിഷമമൊക്കെ ഉണ്ടാവും. പക്ഷേ നമ്മൾ ആലോചിക്കേണ്ടത് ഈ മരിച്ചുപോയ വ്യക്തിയും നമ്മളും തമ്മിലുള്ള ബന്ധം ഈ ഭൂമിയിൽ വന്നതിനു ശേഷം മാത്രമേ ഉള്ളൂ. മകനാണ്,മകളാണ്, ഭാര്യയാണ് എന്നു പറയുന്നതൊക്കെ ഈ ഭൂമിയിൽ വന്നതിനുശേഷമുള്ള ബന്ധങ്ങളാണ്.

ഭാഗവതത്തിൽത്തന്നെ നമുക്കിതൊക്കെ മനസ്സിലാക്കിത്തരാൻവേണ്ടി മറ്റൊരു ഭാഗത്തു പറയുന്നു, മരിച്ചുപോയ ഒരു കുട്ടിയുടെ മാതാപിതാക്കൾ ആ കുട്ടിക്കു ജീവൻ ഉണ്ടാക്കിത്തരണമെന്നു ഒരു മഹർഷിയോടു പറഞ്ഞപ്പോൾ ആ മഹർഷി തന്റെ തപശ്ശക്തികൊണ്ട് ആ കുട്ടിക്കു ജീവനുണ്ടാക്കി. മഹർഷി ആ കുട്ടിയോടു പറഞ്ഞു, 'ഇതാ അച്ഛനും അമ്മയുമൊക്കെ വിഷമിച്ചിരിക്കുന്നു.'അപ്പോൾ ആ കുട്ടി ചോദിക്കുന്നു, 'ഏതു ജന്മത്തിലെ അച്ഛനും അമ്മയുമാണ് വിഷമിച്ചിരിക്കുന്നത് എന്ന്. അനവധി ജന്മങ്ങൾ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജന്മത്തിലും അച്ഛനമ്മമാർ ഉണ്ടായിട്ടുണ്ട്. ഇത് ഏതു ജന്മത്തിലെ അച്ഛനും അമ്മയും ആണ് വിഷമിച്ചിരിക്കത് എന്നാണ് കുട്ടി ചോദിക്കുന്നത്. അതിൽനിന്നും മനസ്സിലാക്കേണ്ടത്, ഈ ബന്ധങ്ങളൊക്കെ നശ്വരമാണെന്നും നൈമിഷികമാണെന്നുമാണ്. അവ, ഒരു പക്ഷേ നൂറു വർഷമോ അല്ലെങ്കിൽ



*കിഴുമുണ്ടയൂർ പരമേശ്വരൻ നമ്പൂതിരി പത്നിയോടൊപ്പം*

കുറച്ചു വർഷങ്ങൾ മാത്രമോ ആകാം. പക്ഷേ എല്ലാ ബന്ധങ്ങളും നശ്വരങ്ങളാണ് എന്നത് സത്യമാണ്. 'എന്റെ മകൾ, എന്റെ മകൻ, എന്റെ ഭാര്യ, ഇവരെല്ലാം ശാശ്വതമാണ്, എന്റെ ജീവിതത്തിൽ ഇവരെല്ലാം എന്നുമുണ്ടാകും' എന്നു വിചാരിക്കുതാണ് ലോകത്തിലെ ഏറ്റവും വലിയ വിഢ്ഢിത്തം. ഒരിക്കലും ഇവരൊന്നും ശാശ്വതമായി ഉണ്ടാവുകയില്ല. ഉള്ള കാലത്തോളം നന്നായി എന്നു കരുതാമെന്നുമാത്രം. വണ്ടിയിൽ യാത്ര ചെയ്യുകയാണെു വിചാരിക്കുക. കൂടെ യാത്രചെയ്യുന്നവരുമായി വർത്തമാനം പറഞ്ഞും മറ്റും സ്നേഹം പങ്കിടാറുണ്ട്. അവർക്കു ചായ വാങ്ങിക്കൊടുക്കുന്നു. അവർ തന്ന ചായ നമ്മൾ കുടിക്കുന്നു, അവരുടെ കടുംബസ്ഥിതി അന്വേഷിക്കുന്നു. പക്ഷേ അവർക്കു ഇറങ്ങിപ്പോകാറായാൽ അവർ ഇറങ്ങിപ്പോകും. നമുക്കാണ് ആദ്യം ഇറങ്ങേണ്ടതെന്നു വിചാരിക്കുക. അവരെ കാത്തുനിൽക്കാതെ നമ്മളും ഇറങ്ങിപ്പോകും. ഇതാണ് നമ്മുടെ ജീവിതം. ജീവിതത്തിന്റെ ശരിയായ ഈ സത്യം മനസ്സിലാക്കിക്കഴിഞ്ഞാൽ മനോവിഷമം വലിയ ഒരു പരിധി വരെ കുറക്കാൻ കഴിയും അതിനാണ് നാം ശ്രമിക്കേണ്ടത്.'

ഈ സന്ദേശം ആ സമയത്ത് വല്ലാത്ത സാന്ത്വനമായതിനാൽ അപ്പുവേട്ടന്റെ മകൾ മണി ആ വീഡിയോ സൂക്ഷിച്ചു വച്ചു. എന്നാൽ സ്വപ്നയാകട്ടെ അതു സൂക്ഷിക്കുകയുണ്ടായില്ല. അത്ര പ്രാധാന്യമൊന്നും തോന്നിക്കാണില്ല. എന്നാൽ ഏറെ കഴിയും മുമ്പ് ഏട്ടന് ചെറിയൊരു ജല ദോഷം. അതു പനിയായി. പാരസെറ്റമോൾ കഴിച്ചു. മാറിയില്ല. അല്പം ശ്വാസതടസ്സമായി. ആശുപത്രിയിലാക്ക

**ബെംഗളൂരുവിൽ പോയി ആ കുടുംബത്തെ ആശ്വസിപ്പിക്കണമെന്നുണ്ടായിരുന്നു. തിരൂരിൽ താമസക്കാക്കിയ കാലം മുതലുള്ള അടുപ്പമാണ്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ അവിടെ പോവാനായില്ല. എന്നാലും ആ കുടുംബത്തെ എങ്ങനെയെങ്കിലും ആശ്വസിപ്പിക്കണം. എന്താണൊരു വഴി. അങ്ങനെയാണ് മകൾ സ്വപ്നയുടെ സഹായത്തോടെ ആ വീഡിയോ സന്ദേശം തയ്യാറാക്കിയത്. ഭർത്താവും മകനും നഷ്ടപ്പെട്ട ഒരമ്മയെ ആശ്വസിപ്പിക്കാനുള്ള വാക്കുകൾ. മകൾ സ്വപ്ന അത് വാട്ട്സ് അപ്പിലൂടെ ബെംഗളൂരിലേക്ക് അയക്കുകയും ചെയ്തു.**

ണമെന്നായി ഡോക്ടർമാർ. എഴുപത്തഞ്ചു വയസ്സിനിടയിൽ അതു വരെ ഒരു ദിവസം പോലും ആശുപത്രി വാസം ഉണ്ടായിട്ടില്ല. അതു കൊണ്ട് ഏറെ മടിച്ചാണ് ആശുപത്രിക്ക് പോയത്.

രണ്ടു ദിവസം. അത്രയേ വേണ്ടി വന്നുള്ളൂ. മരിക്കുമെന്ന് ഞങ്ങളാരും നിനച്ചിരിക്കാത്തപ്പോൾ ഏട്ടൻ മോക്ഷപ്രപ്തി നേടി.2021 മാർച്ച് 21ന്. പ്രിയപ്പെട്ടവർ അപ്രതീക്ഷിതമായി മരിക്കുന്നതിന്റെ വിഷമം. അതായിരുന്നു ഞങ്ങളെ സംബന്ധിച്ച് ആ വിയോഗം. വാക്കുകൾ കൊണ്ട് സാന്ത്വനിപ്പിക്കാൻ പറ്റാത്ത ഒന്ന്.

അപ്പോഴാണ് നാലഞ്ചുമാസം മുമ്പ് ഏട്ടൻ തയ്യാറാക്കി ബെംഗളൂരുവിലേക്ക് അയച്ചു കൊടുത്ത ആ വീഡിയോ അവർ ഞങ്ങൾക്ക് അയച്ചു തന്നത്. പല വട്ടം അതു കേട്ടു. അപ്പോഴാണ് അതിന്റെ പ്രസക്തി ഏറിയത്. മറ്റൊരാൾക്കു വേണ്ടി നൽകിയ സന്ദേശമാണെങ്കിലും കറങ്ങിത്തിരിഞ്ഞ് തന്റെ മരണശേഷം തന്റെ സന്തപ്തകുടുംബാംഗങ്ങൾക്കു ആശ്വാസം പകരാൻ അതേ സന്ദേശം ഉപകരിച്ചു എത് അദ്ദേഹത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

സഹധർമ്മിണി പാർവ്വതി അന്തർജനത്തിനും മക്കൾ സ്വപ്നക്കും,സുജിത്തിനും മരുമക്കളായ ഡോ.വാസുദേവൻ, മീരഎന്നിവർക്കും അതൊരു ദിവ്യൗഷധമായി. ചിലർ അത് ഫേസ് ബുക്കിലിട്ടു. ആ ഫേസ് ബുക്ക് പോസ്റ്റ് പിന്നെ വാട്ട്സ് അപ്പിലൂടെ പരക്കെ പ്രചരിക്കപ്പെട്ടു. മരണത്തിന്റെ മുന്നിൽ നിർഭയനായി നിന്ന ഒരാൾ. അദ്ദേഹത്തിന്റെ പാവനസ്മരണക്കുമുമ്പിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊണ്ട് നിർത്തുന്നു. സഹോദരൻ നമ്പ്യാത്തൻ എന്ന കുഞ്ഞുക്കുട്ടൻ. ●


കെ.എൻ.കെ.നമ്പൂതിരി
കിഴുമുണ്ടയൂർ മന
പേരാമംഗലം തൃശൂർ.
മൊബൈൽ: 9446323355



ഇനി മുട്ടില്ല, മുട്ടുശാന്തി മുടങ്ങില്ല,

**വിളിച്ചോളൂ 9947392424**



മുട്ടുശാന്തിക്ക് ആളെക്കിട്ടാതെ ഇനി ശാന്തി മുടങ്ങില്ല. ശാന്തി മാത്രമല്ല ക്ഷേത്രസംബന്ധമായ ഏതു ജോലിക്കും നമുക്കിടയിൽ തന്നെ ഒരാളുണ്ട്. ചെറുപ്രായത്തിൽ തന്നെ ഈ വക കാര്യങ്ങളോട് താൽപര്യമുള്ള ഒരാൾ.

പട്ടാമ്പി അണ്ടലാടി മനക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റെ ശിഷ്യനും പരികർമിയുമായി തുടരുന്ന രാജേഷ് എമ്പ്രാന്തിരി. ചെറുപ്പത്തിൽ കുന്നക്കാട്ടു സുരോത്തമൻ നമ്പൂതിരിയ്ക്കൊപ്പം കൂടിയതാണ് ഈ പ്രവർത്തനങ്ങൾക്കെല്ലാം വഴി കാട്ടിയായത്.

പുതിയ ക്ഷേത്രനിർമ്മാണഘട്ടത്തിലെ ആവശ്യങ്ങൾ, പൂജാതാന്തിക ക്രിയകൾക്ക് ആചാര്യനെ ഏർപ്പാടാക്കൽ, സ്ഥിരംശാന്തിക്കാരനേയോ അത്യാവശ്യഘട്ടങ്ങളിൽ മുട്ട് ശാന്തിക്കാരനേയോ ഏർപ്പാടാക്കൽ, കേരളത്തിലും കേരളത്തിനു പുറത്തും. കലശം-ഉത്സവാദിക്രിയകൾ ഏറ്റെടുത്ത് നടത്തൽ എന്നു വേണ്ട, പൊതുവെ ആളെക്കിട്ടാത്ത ആനപ്പുറം ഡ്യൂട്ടിക്കും ആളുണ്ട്. ചുരുക്കത്തിൽ ദേഹണ്ഡം മുതൽ വിവാഹം വരെയുള്ള ഏതാവശ്യങ്ങൾക്കും വിളിക്കാം. എല്ലാപ്രവൃത്തികളും ഏറ്റെടുത്തു നടത്തിത്തരും. ഇവന്റ് മാനേജ്മെന്റ് എന്നൊക്കെ പറയാറില്ലേ അതുപോലെ.'എല്ലാം ഒരു കുടകീഴിൽ'. ●

രാജേഷ് എമ്പ്രാന്തിരി
വാസുദേവപുരം മഠം,വാടാനം
കുറിശ്ശി,പാലക്കാട് ജില്ല,
മൊബൈൽ 9947392424

# ഗാന്ധി ചിരിക്കുന്നു!

**ഇരവിമംഗലം കൃഷ്ണൻ നമ്പൂതിരി**

(സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടക്കുന്ന രാഷ്ട്രീയ
പേക്കൂത്തുകൾ കണ്ട് മഹാത്മജിയുടെ ആത്മാവ്
ദുഃഖിക്കുക മാത്രമല്ല രോഷം കൊള്ളുകകൂടി ചെയ്യുന്നു!
അനുയായികളുടെ ദുഷ്പ്രവൃത്തികൾ കണ്ടുമടുത്ത
ബാപ്പു തന്റെ വടി ഭാരതാംബയ്ക്കു നൽകുന്നു,
അവരെ  നേരെയാക്കാൻ ഇതു ആവശ്യം
വരുമെന്ന പ്രസ്താവനയോടെ.)

ഗാന്ധി ചിരിക്കുന്നു കുഞ്ഞിളം പൈതലിൻ
ശാന്തതയാർന്നു തൻ മോണ കാട്ടി
നീരദ കാളിമയാളുന്നോരംബരം
വാർമഴവില്ലാലൊളി തൂകും പോൽ
തെല്ലിട നിന്നു ഞാനാ വിശ്വജേതാവിൻ
ഫുല്ല ഹസിതാനനത്തിൽ നോക്കി
ലോക നന്മയ്ക്കായ് അഹിംസ തൻ മന്ത്രമ-
ന്നോതിയ നാവു ചലിച്ചു ചെമ്മേ
'എന്തിതു കുഞ്ഞേ മറന്നിതോ മദ്രൂപം
ഇന്ത്യയിൽ ഞാനിന്നൊരന്യനല്ലോ
ആംഗല സാമ്രാജ്യ ദുഷ്പ്രഭുത്വത്തിനെ
അമ്പേ പരാജിതമാക്കീടുവാൻ
ഏകമനസ്സാൽ സമ്പൂർണ്ണ ജനതതി
സ്വീകരിച്ചന്നെൻ സമരതന്ത്രം
അഗ്നിവർഷിച്ചോരിരുമ്പിന്റെ ഗോലികൾ
നിശ്ചേതനമാക്കിയെന്റെ ദേഹം
പല്ലെഴാ മോണകൾ കാട്ടിച്ചിരിക്കുന്നോ-
രെല്ലിച്ചോരെൻരൂപമെത്ര വേഗം
നിർദ്ദയരാഷ്ട്ര ഭരണവ്യവസ്ഥിതി -
യ്ക്കുത്തമാലങ്കാരമായി മാറി
എത്ര പ്രതിമകൾ തീർത്തു വച്ചോരോരോ
മുക്കിലുമാദരപൂർവ്വമവർ
നിശ്ചയം കാകനും പ്രാവിനും നല്ലൊരു
വിശ്രമകേന്ദ്രമായ് തീർന്നു ഞാനും
നിർണ്ണയമെന്നെ ബഹുമാനപൂർവ്വമാ
വർണ്ണക്കറൻസിയിൽ ചേർത്തുവച്ചു
ആയതു കൊവർ ഹാരങ്ങൾ തീർക്കുന്നു
കോമരം തുള്ളാനഴിമതിയിൽ
ഇന്നെന്റെ രാഷ്ട്രം മത, വർഗ്ഗ, ഭാഷകൾ
ചിന്നിത്തെറിക്കുന്നൊരഗ്നി ശൈലം
ചിന്തിപ്പതില്ല നാം വൈദേശികമാകും
അന്ധകാരത്തിൽ കഴിഞ്ഞ കാലം
ലക്ഷങ്ങളല്ലെത്ര കോടി യോദ്ധാക്കൾ തൻ
നിശ്ചയദാർഢ്യം തുടിച്ച കാലം
പാരതന്ത്ര്യത്തിന്റെ ശൃംഘലക്കുള്ളിലായ്
ഭാരതം ഞെങ്ങിയമർന്ന കാലം.
സ്വാതന്ത്ര്യമാർന്നതിൻ ലക്ഷ്യം മറന്നു ഹാ!
പായുന്നു സ്വാർത്ഥരായിന്നു നമ്മൾ.
ആഴി തൊട്ടംബരപ്രാന്തവും നേടുവാൻ
കോഴയിൽ മുങ്ങിക്കുളിച്ചിടുന്നു
കഷ്ടം! അന്നുള്ളവർ ക സ്വപ്നങ്ങളീ
മട്ടിൽ വികൃതമായ് തീർന്നുവല്ലോ
ആവതില്ലീ വിധം കു നിൽക്കാൻ, മമ
ജീവിതം തീർന്നതന്നെത്ര ഭാഗ്യം!
പോകുന്നു ഞാനെന്റെയാത്മദു:ഖങ്ങൾ തൻ
ഭാരവും പേറിയെൻ സൂക്ഷ്മ ലോകേ
വയ്യെനിക്കിന്നിയുമീയൂന്നു ദണ്ഡെന്റെ
കൈയിൽ പിടിച്ചു മിഴിച്ചു നിൽക്കാൻ
ഏകുന്നു ഞാനെന്റെ ജന്മഭൂവിന്നൊരു
കാണിക്കയായിതു പ്രേമപൂർവ്വം
എന്നെങ്കിലും തവപുത്രർ നന്നാകുവാൻ
ഒന്നിതാവശ്യമായ് തീരുമമ്മേ.
ബാപ്പുവിൻ നേത്രം സജലമോ, മാമക
മൂർദ്ധാവിൽ വീണു രണ്ടശ്രു കണം
അക്കരമേന്തിയോരൂന്നു ദണ്ഡക്ഷണം
ദൃഷ്ടിയിൽ നിന്നും മറഞ്ഞു പോയി.



*വിലാസം*
*കൃഷ്ണൻ നമ്പൂതിരി*
*ഇരവിമംഗലം മന,*
*പി ഒ നെല്ലായി*
*തൃശൂർ ജില്ലപിൻ:680305*
*മൊബൈൽ:9895891428*

# മഹൻമൂസ് ദ മഹാകേമൻ

**എൻ.ബി.കൃഷ്ണൻ നമ്പൂതിരിപ്പാട്**



അഗ്നിശർമൻ നമ്പൂരിപ്പാട് മഹാകേമൻ! അഷ്ട്ഗൃഹത്തിൽ ആഡ്യൻ അല്ല ഡൈമൻ തന്നെയാണ്, ഈ പുരുഷരത്നം. മൊട്ടത്തല. ടൺ കണക്കിന് കുമ്പ. നാട്ടുകാർക്കൊക്കെ പ്രിയംകരൻ. ഉടുമുണ്ട് വരെ അഴിച്ചു ദാനം ചെയ്തു കളയും. ദാനദയാലു. അത് കഴിഞ്ഞു കോണകം മാത്രമുടുത്തു നടക്കുന്നത് കണ്ടവരുണ്ട്.

അദ്ദേഹത്തിന്റെ അച്ഛൻ ബഹുകേമൻ, അതിൽ കേമൻ ന ഭൂതലേ എന്ന് പ്രമാണം. ലക്ഷവും പിന്നെ കൊറേ പറയും പാട്ടം വരും. നാഴിക്കകത്ത് ഇടനാഴി കേറും കാലമായിരുന്നു. നമത് വാഴും കാലം. ബസ് സർവീസ്, ഇസ്കൂൾ ഒക്കെ തുടങ്ങി...

അഗ്നിയുടെ ഇഷ്ടതാരം കുംഭകർണനായിരുന്നു. അത് കഴിഞ്ഞാൽ വെറും കർണൻ. രണ്ടു പേരെയും എപ്പോഴും സേവിക്കും. മറ്റേ സേവ ഇല്ല. ഒളിസേവ ഉണ്ടോന്ന് രേഖപ്പെടുത്തി കാണാൻല്യ. പിന്നെയുള്ളത് പത്രം വായന, അതും വിസ്തരിച്ചു, പ്രിന്റഡ് ആൻഡ് പബ്ലിഷ്ഡ് ബൈ വരെ വായിക്കും. കേരളത്തിലുള്ള എല്ലാം സിൽമഹാളുകളുടെ പേരും ഹൃദിസ്ഥം. തൃശൂർ നിന്ന് പത്രം എത്തുമ്പോൾ 3 ദിവസം കഴിയും. വായിക്കുന്നതിന്നു മുമ്പേ കാര്യസ്ഥൻ നാണു വാർത്തകൾ ഒക്കെ ഒന്നു അടുപ്പത്ത് വെച്ചു ചൂടാക്കും.

ഭൂപരിഷ്ക്കരണം വരുന്നെന്നൊക്കെ തിരുമേനി കേട്ടിരുന്നു. ഞെട്ടിയതൊന്നുമില്ല.

സ്ത്രൈണമായ നെഞ്ച് കുലുക്കിചിരിച്ചു, എന്നിട്ട് പറഞ്ഞു : 'ഈ ഈയെമ്മിന്റെ ഓരോ തമാശോള് 'ചാരു കസേലയിൽ ഇരുന്നു. നോക്കെത്താ ദൂരത്തോളം പരന്നു കിടക്കുന്ന പാടവും, അതിനപ്പുറം പുഴയും കണ്ടു മയക്കം. ഉച്ചക്ക് പോലും പൂമുഖത്തു കുളിർകാറ്റ്.

ഏതായാലും ഭൂപരിഷ്ക്കരണം വന്നു. വരാനുള്ളത് വഴിയിൽ തങ്ങില്ലല്ലൊ,ഇല്ലത്ത് കൊണ്ട് തരും. കുടിയാൻ ചന്ദ്രമോഹൻ വന്നു, തൃക്കൺ പാർക്കാൻ :

'ന്താ?'

'അടിയന് ഒരു കാര്യം ഉണർത്തിക്കാൻ ഉണ്ട്'

'ന്താ...'

'തിരുവായുസ്സു ഇനി അടിയങ്ങളുടെ ഭൂമിയിൽ പ്രവേശിച്ചാൽ, ആ തൃക്കാല് രണ്ടും അടിയൻ വെട്ടും' ??

'അപ്പൊ പാട്ടം?'

പോടാ പട്ടീ (ആത്മഗതം )

'അടിയങ്ങള് ന്നാ പോണൂ' (പ്രകാശം )

'നിൽക്ക്വ,' ന്ന് പറഞ്ഞ് ഓരോണപ്പുടവയും കൊടുത്തു, ജന്മി കുടിയാന് അൽവിദാ ചൊല്ലി.

അതില്പിന്നെ ഇല്ലപ്പറമ്പ് കഴിഞ്ഞാൽ ആകാശമാർഗത്തിലായി സഞ്ചാരം. കുടിയാന്മാർ നെലം



തൊടീയ്ച്ചില്ല.

സഹധർമിണി, ദീർഘായൂരസ്തു മേ പതി, ജീവാതു ശരതശ്ശതമാണ് ഇട്ടിച്ചിരി. നന്മയുടെ ആൾ രൂപം.

അമ്പതു കൊല്ലം മുമ്പേ അവരുടെ ഇല്ലത്തുണ്ടാ

യിരുന്നത്, മാത്രം ശരി എന്ന വിശ്വാസത്തിൽ ആയിരുന്നു അതിജീവനം. വേളി കഴിഞ്ഞു വന്ന കാലത്ത് പണിക്കാരുടെ കഞ്ഞിയിൽ, അമ്മായിഅമ്മ അറിയാതെ, ചിരട്ട കയ്യിൽ കൊണ്ട് കൂടുതൽ ചോറ് വാരിയിട്ട് കൊടുത്ത കഥയൊക്കെ ഇപ്പോഴും പറയും.

അതി സുന്ദരി, ഇല്ലത്ത് ആനയും, പത്തായപ്പുരയിൽ ലഹളക്കാലത്ത് ശീമപ്പട്ടാളത്തിന്റെ ക്യാമ്പും ഒക്കെ ആയിരുന്നു.അഛൻ കോൺഗ്രസ്സ് ആയിരുന്നു. ഇട്ടിച്ചിരിക്ക് സായിപ്പിനെ തന്നെ യായിരുന്നു പഥ്യം.

അന്ന് പത്തായപ്പുരയിൽ താമസിക്കുന്ന സായിപ്പിനെ കണ്ട ഓർമയിൽ പറയും..

‘എന്താ നെറം! പൂവമ്പഴം തന്നെ..ഒരു ദിവസം ഞാൻ കുളി കഴിഞ്ഞു വരുമ്പോ വിദ്വാൻ ന്നെ നോക്കി ഇളിക്കുന്നു. കൊടുത്തൂ, ഞാൻ ഒരൊന്നര നോട്ടം. പിന്നെ വിദ്വാന്റെ പൊടി കാണാനില്ല.അപ്പളേക്കും ലഹള ഒതുങ്ങി, സായിപ്പ് ലെഫ്റ്റ് റൈറ്റ് അടിച്ചു സ്ഥലം വിട്ടു.’ ന്നാലും, എവിടെയോ, ഒരു തേങ്ങൽ..

കളഞ്ഞു, പരിണാമഗുസ്തി.ഇട്ടിച്ചിരി ഇടക്കിടക്ക് പറയും.

‘സ്വാതന്ത്ര്യം കിട്ടിയതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. ഈ കൊണ്ഗ്രെസ്സ് കാര്ക്കു, തൂക്കവും ദൂരവും ഒരു പോലെയാ. കുട്ടിക്കാട്ടൂർ നിന്നു കോഴിക്കോട്ടേക്ക്ള്ള ദൂരം കിലോ.അരിയെത്ര...?അതും കിലോ.ഇവർക്ക് ഒരു കഥയുമില്ല.ഈ നാട് നന്നാവാൻ ഒറ്റ വഴിയേ ഉള്ളു. ഒരു സായപ്പിനെ ഇങ്ങ് കൊണ്ടോന്നാൽ മതി.’

ഇട്ടിച്ചിരി നാല് പെറ്റു. മൂന്നാണും ഒരുപെണ്ണും. അപ്പോഴേക്കും ഇല്ലപ്പറമ്പിനു പുറത്തുള്ള ഭൂമിയൊക്കെ വിറ്റു. ഒരു കൊയിലിനു മുപ്പതിനായിരം തേങ്ങ വലിച്ചിരുന്നത് മുവ്വായിരം ആയി. തേങ്ങയൊക്കെ ഇമ്പിച്ചമ്മത് കൊണ്ടു പോകും. ഉണ്ടറുതി പാട്ടം. പണം മുൻകൂർ വാങ്ങിക്കാണും. നാലു രൂപ വിലയുള്ള തേങ്ങക്ക് അയാൾ ഒന്നേകാൽ ഉറുപ്പിക വെച്ച് കൂട്ടി,കടത്തിലേക്കു വരവ് വെക്കും.

കടം കൂടും. മദ്ധ്യസ്ഥനും മുൻകുടിയാനും പ്രമാണിയുമായ കോരുക്കുട്ടി നായർ വരും. കൊല്ലം തോറും സ്ഥലം വിൽക്കും.ക്ലീൻ സ്ലേറ്റിൽ പിന്നെയും തുടങ്ങും. ഇമ്പിച്ചമ്മത്, കടം, കോരുക്കുട്ടി, കോൽക്കാരൻ രാമൻ, സ്ഥലം അളവ്, എഴുത്തുകാരൻ ചാത്തു, രജിസ്ട്രാപ്പീസ്... ക്ലീൻ സ്ലേറ്റ്....

ഇതിന്റെ നിർത്താതെയുള്ള, ചാക്രികമായ ആവർത്തനത്തിൽ, ജീവിതം പൊലിഞ്ഞു.പുകഞ്ഞു, കട്ടപ്പുഗ.

ഇട്ടിച്ചിരി ഇടക്കിടെ പറയും..

‘കൂടഞ്ഞാൽ കഴിയുമോ?’ഇതൂടി അല്ലെ ഉള്ളൂ.എല്ലാ ചിലവുകൾക്കും മുൻഗണന. മാറ്റി വെക്കാൻ പറ്റിയ ഒന്നും കാണില്ല.ശാന്തി ഏറുന്തോറും ദാരിദ്ര്യം; ദാരിദ്ര്യം ഏറുന്തോറും ശാന്തി. കാലക്രമേണ ജഗദീശ്വര ശക്തി ശാന്തി..

ഇമ്പിച്ചമ്മതിനെ മാറ്റി പിടിച്ചു. പകരം വന്ന മൂസ്സാജി പറമ്പിന്റെ വിസ്തൃതി കണ്ടമ്പരന്നു. അള്ളോ,ഇത്രേം സലള്ള നമ്പൂരിശനു കടമോ?

തലേക്കെട്ടഴിച്ച ഹാജ്യാർ താണ് തൊഴുതു. ഇരിക്കാൻ കൂട്ടാക്കാതെ മടിക്കെട്ടിൽ നിന്നും കാശെടുത്തു താഴെ വെച്ചു : ‘ങ്ങക്ക് എത്ര പൈശാ ബെണെങ്കിലും മ്മള് തരും.’

തിരുമേനി, ചാരുകസേലയിൽ ഇളകിയിരുന്നു. ചിരിച്ചു. ഹാജ്യാരെ നല്ലോണം ഇഷ്ട്ടായി.

ഉപനയനം, ഉത്സവം ഒക്കെ പൊടി പൊടിച്ചു. കുട്ടികൾ നല്ലോണം പഠിക്കും. മൂന്നാമനൊഴിച്ചു. മൂത്തവൻ അമേരിക്കയിലെത്തി. ഒരു മദാമ്മയെ കെട്ടി. അവസാന കാലത്താണ് അയാൾക്ക് ആരൂഢം ഒരു ക്രേയ്സ് ആയത്, മദാമ്മ വേറെ കെട്ടിയും പോയി. പിന്നെ പുരുഷ സൂക്തമായി, ലളിതാസഹസ്രനാമമായി, സപരിവാരം പൂജയായി, ഓൺലൈൻ പഠനമായി, വാധ്യാർക്കും നാട്ടിലുള്ള അനിയൻ ഉണ്ണിക്കും ഇരിക്കപ്പൊറുതിയില്ലാതെയും ആയി. ഗണിതശാസ്ത്രത്തിൽ പ്രിൻസ്റ്റൻ ഡോക്ടർ, ഇപ്പൊ ഗണിതശാസ്ത്രവും, മന്ത്രങ്ങളുമായുള്ള അടിയോഴുക്കുകളിൽ ആകൃഷ്ടനായി പോസ്റ്റ് ഡോക്ടറൽ റിസേർച്ചിലുമായി.

രണ്ടാമനെ നമുക്ക് വിടാം.ബാങ്കിൽ പണി. അവന് കഥയില്ല. കഥയില്ലായ്മയും ട്രാൻസ്ഫറുകളും മാത്രമേ ഉള്ളൂ. നാട്ടിലെ സ്ഥലമൊക്കെ വിറ്റ് ഫ്ളാറ്റ് വാങ്ങി.അച്ഛൻ വിലപിക്കും.

‘ഒരിഞ്ച് സ്ഥലമില്ല ഭൂമിയിൽ, ആകാശത്തുണ്ടെന്നു കേൾക്ക്ണൂ’

മൂന്നാമൻ, ഉണ്ണി ഇല്ലത്ത് തന്നെ കൂടി, ഒരു വേളിയും കഴിച്ചു. പെണ്ണിന്, ഇല്ലത്തെ സ്കൂളിൽ തന്നെ ജോലിയും. മകളെ വേട്ട നമ്പൂരി, പറ പറക്കുന്നവൻ. ഫ്രാങ്ക്ഫർട്ടിൽ ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞു മുങ്ങുന്ന ടിയാൻ പൊങ്ങുന്നത് പാരിസിൽ ലഞ്ചിനാണ്. മീറ്റിംഗ് ഒക്കെ കഴിഞ്ഞു ഡിന്നർ ഹോങ്കോങ്ങിൽ. വർഷത്തിലൊരിക്കൽ നാട്ടിൽ...

പാരിസ് ഈഫൽ ടവറിലിരുന്നു, ജന്മദിനമാഘോഷിക്കുന്ന ഓപ്പോൾ ഉണ്ണിയെ വിളിച്ചു :

‘ഉണ്ണീ, ഞാൻ എവിടെയാണെന്നറിയുമോ?’

‘ഇല്ലല്ലോ’

‘ ഒരിക്കലും ഉറങ്ങാത്ത നഗരത്തിന്റെ, മാനത്തു, കറങ്ങുന്ന റെസ്റ്റെറന്റിൽ ഇരുന്നു ഭക്ഷണം കഴിക്കുകയാണ് ഞാൻ,

നീയോ?...’

‘ഞാൻ അമ്മയെ ആസ്പത്രിയിൽ നിന്നു ഡിസ്ചാർജ് ചെയ്ത് വന്നപ്പോ വൈകി. പിന്നെ ഒറങ്ങാൻ നേരല്ല...

പ്പോ..... ഞാനും വിക്രമേട്ടനും കൂടി ഒപ്പോൾടെ പിറന്നാളിനുള്ള ഗണോത്യോമത്തിന് തേങ്ങ പൂളുകയാ....’ ●

(എൻ.ബി.കൃഷ്ണൻ നമ്പൂതിരിപ്പാട് ബാണത്തൂർ, പി.ഒ.ചാലപ്പുറം കോഴിക്കോട് പിൻ:673002 കേരള ഗ്രാമീൺ ബാങ്കിലെ റിട്ട. എ.ജി.എം ആണ് .മൊബൈൽ:9447338016 )

Vineeth P. N. 9946655810
email : pn.vineeth@gmail.com
പയ്യൂർ മന ഫുഡ് പ്രൊഡക്റ്റ്സ്
Payyoor Mana, Near Vedakkad Temple
Porkulam P.O.,Thrissur - 680 542
fssai NO : 21320194000308

കടുമാങ്ങ, പുളിഞ്ചി, ചമ്മന്തിപൊടി,
ശർക്കര ഉപ്പേരി, കായ വറവ്, സാമ്പാർ
പൊടി, രസപൊടി, ചട്ണിപൊടി etc

Payyoor Mana Events &
Traditional Sadya

**കഥാവശേഷയായ കഥാകാരി സുമംഗല മുത്തശ്ശിയെ വസതിയിൽ ചെന്ന് നേരിൽ കണ്ട അനുഭവം പങ്കു വയ്ക്കുന്നു ആറാം ക്ളാസുകാരിയായ ആര്യകൃഷ്ണ**

# സുമംഗല മുത്തശ്ശിയും ഒരു സംഭാരക്കഥയും

## ആര്യകൃഷ്ണ പി

കഥകളുടെ മുത്തശ്ശിയായ സുമംഗല മുത്തശ്ശിയെ കാണാൻ പോയ പോയ അനുഭവം ഇന്നും മനസ്സിലുണ്ട്. അതിൽ രസകരമായ ഒരു അനുഭവം സംഭാരം കുടിച്ചപ്പോഴുണ്ടായതാണ്. അത് വഴിയെ പറയാം.

അതിരാവിലെ അഞ്ചുമണിക്ക് ഞാനും അച്ഛനും അമ്മയും കൂടി തൊഴുതിറങ്ങി. ബൈക്കിൽ ഫറോക്ക് വരെ പോയി. പിന്നീട് ഞങ്ങൾ തീവണ്ടിയിൽ കയറി.

എനിക്ക് ഏറെ ഇഷ്ടമാണ് തീവണ്ടിയാത്ര. ഞാനങ്ങനെ കാഴ്ചകൾ കണ്ടിരുന്നു. അപ്പോഴേക്കും ഞങ്ങൾക്ക് ഇറങ്ങേണ്ട സ്ഥലം എത്തി. അവിടെ നിന്ന് മുത്തശ്ശിക്ക് സമ്മാനിക്കാനായി ഒരു പുതുവസ്ത്രവും വാങ്ങ. ഏറെ പരിചയമുള്ള ഒരു ഇല്ലത്തേക്ക് കയറിയ അനുഭവമായിരുന്നു എനിക്ക് തോന്നിയത് . മുത്തശ്ശിയാവട്ടെ സ്വന്തം പേരക്കുട്ടികളെ പോലെയാണ് ഞങ്ങളെ സ്വീകരിച്ചത്. മുത്തശ്ശിയുടെ കയ്യിൽ ഒരു കഥച്ചെപ്പ് ഉണ്ടെന്ന് ഞാൻ കേട്ടിരുന്നു. അത് നേരിൽ കണ്ടപ്പോൾ മനസ്സിലായി.

വീടിനുചുറ്റും നിറയെ പൂക്കളും ചെടികളും.തൂവെള്ള നിറത്തിലുള്ള തലമുടി. അതേ നിറത്തിലുള്ള വസ്ത്രം. .ഞങ്ങൾ മുത്തശിക്ക് പുതുവസ്ത്രം കൊടുത്ത് നമസ്കരിച്ചു. മുത്തശ്ശീടെ കഥാചെപ്പ് എനിക്ക് മുന്നിൽ തുറന്നു. എങ്ങനെ കഥാകാരിയായി എന്ന എന്റെ ചോദ്യത്തിന് കുട്ടിയെ ഉറക്കാൻ കഥ പറയുകയല്ലാതെ നിവർത്തിയില്ല. അങ്ങനെ കഥ പറയാൻ തുടങ്ങി എന്നാണ് പറഞ്ഞത്.

ഒരിക്കൽ കേട്ട കഥകൾ വീണ്ടും പറയാൻ സമ്മതിക്കാത്തതിനാൽ ഓരോ ദിവസവും പുതിയ പുതിയ കഥകൾ നിർമ്മിക്കാൻ തുടങ്ങിയെന്നും. അതെനിക്ക് രസകരമായി തോന്നി.മകളുടെ പ്രായമുണ്ട് കഥ എഴുത്തിന് എന്നാണ് പറഞ്ഞത്. മുത്തശിക്ക് സമ്മാനമായി ഞാൻ സ്വസ്തി മാസികയും നൽകി. അത് മറിച്ചു നോക്കുന്ന സമയത്ത് അച്ഛനും അമ്മയും മുത്തശിയോട് ബന്ധങ്ങൾ പറയാൻ തുടങ്ങി. ഞാൻ അപ്പോൾ മുത്തശ്ശിക്ക് കിട്ടിയ സമ്മാനങ്ങൾ കണ്ടു. ഞാൻ അതിന്റെയെല്ലാം ചിത്രം ക്യാമറയിൽ പകർത്തി.

മുത്തശ്ശി എനിക്ക് ഒരു കഥ പറഞ്ഞു തന്നു. അപ്പുക്കുട്ടനും കുട്ടിച്ചാത്തൻമാരും. എനിക്ക് ആ കഥ വളരെയേറെ ഇഷ്ടമായി. അപ്പോഴേക്കും മുത്തശ്ശിയുടെ മരുമകൾ തണുത്ത സംഭാരം കൊണ്ടുവന്നു. ഞാനത് മോന്തിക്കുടിക്കാതെ ഗ്ളാസ് ഉയർത്തി കുടിച്ചു. ഇത് കണ്ടപ്പോൾ മുത്തശ്ശി എനിക്ക് ഒരു ശുദ്ധത്തിന്റെ കഥപറഞ്ഞു തന്നു. കഥയല്ല മുത്തശ്ശീടെ അനുഭവം.

പുറത്ത് പോയാൽ മുങ്ങിക്കുളിച്ച് മാത്രം ഇല്ലത്തേക്ക് കയറിയിരുന്ന കാലം. കുട്ടിക്കാലത്ത് ഒരിക്കൽ മഴയത്ത് അമ്മാത്ത്ന്ന് വന്നപ്പോൾ കുളിക്കാൻ മടിച്ച് അച്ഛനോട് കുളിച്ചു എന്ന് നുണ പറഞ്ഞു. അതോടെ വല്ലാത്ത വിഷമമായി. പിന്നീട് അച്ഛനോട് സത്യം തുറന്ന് പറയുന്നത് വരെ മനസ്സിന് സ്വസ്ഥത ഉണ്ടായിരുന്നില്ലത്രെ. ഒരിക്കലും കളവു പറയരുതെന്ന് കഥക്കു ശേഷം എന്നെഓർമ്മപ്പെടുത്തി. മുത്തശ്ശിയുടെ നമ്പൂതിരിയുടെ മരണമാണ് ഏറെ വേദനയോടെ പറഞ്ഞത്. അത് കേട്ടപ്പോൾ എനിക്കും സങ്കടമായി. മരണം എല്ലാവർക്കും ഉണ്ടാകും. അത് തടുക്കാൻ പറ്റില്ലല്ലോ എന്നാണ് മുത്തശ്ശി പറഞ്ഞത്. ഇപ്പോഴിതാ മുത്തശ്ശിയും... മുത്തശ്ശിയുടെ മരണം അറിഞ്ഞപ്പോൾ മുത്തശ്ശീടെ ഈ വാക്കുകൾ എന്റെ ഓർമ്മയിലെത്തി. മുത്തശ്ശീടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.



*ആര്യകൃഷ്ണ സുമംഗല മുത്തശ്ശിയോടൊപ്പം*

### സുമംഗല

*ബാലസാഹിത്യകാരി. പാലക്കാട് ജില്ലയിലെ പ്രശസ്തമായ വെള്ളിനേഴി ഒളപ്പമണ്ണ മനയിൽ ജനനം. ചെറുകഥകൾക്കും നോവലുകൾക്കും പുറമേ കുട്ടികൾക്കുവേണ്ടി അമ്പതോളം കഥകളും ലഘുനോവലുകളും രചിച്ചിട്ടുണ്ട്. പച്ചമലയാളം നിഘണ്ടു (രണ്ടു ഭാഗം), കടമകൾ, ചതുരംഗം, ത്രയ്യംബകം, അക്ഷഹൃദയം (നോവലുകൾ), നുണക്കുഴികൾ(ചെറുകഥാസമാഹാരം), കേരളകലാമണ്ഡലം ചരിത്രം (ചരിത്രം) തുടങ്ങിയാണ് പ്രധാനപ്പെട്ട കൃതികൾ. സ്മിത്സോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി ആശ്ചര്യചൂഡാമണി, കൂടിയാട്ടത്തിന്റെ ക്രമദീപികയും ആട്ടപ്രകാരവും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.*

(പഴങ്ങോട്ടു പൊറ്റ ഇല്ലത്തെ ജയന്റെയും ഉമയുടെയും മകളായ ആര്യകൃഷ്ണ പി കിഴിശ്ശേരി എ.യു.പി ഗണപത് സ്കൂളിലെ ആറാം ക്ളാസ വിദ്യാർത്ഥിയാണ്. മൊബൈൽ :8086721402 )

**കുട്ടികൾക്ക് മാത്രമല്ല മുത്തശ്ശിക്കും ബോറടിക്കാൻ തുടങ്ങി. അപ്പോൾ ഈ മുത്തശ്ശിയും ഒരു വഴി കണ്ടു പിടിച്ചു. യൂട്യൂബറാവുക. നിരവധി കവിതകളും കീർത്തനങ്ങളും തുള്ളൽ കവിതകളും എഴുതിയ ഇവർ അവ ആലപിക്കുകയും യൂടൂബിൽ പ്രകാശനം ചെയ്തും ഈ കോവിഡ് കാലത്ത് വ്യത്യസ്തയാവുകയാണ്.**

# യൂട്യൂബറായ മുത്തശ്ശി

**സ്കൂ**ളിൽ പോവാനാവാതെ ഇല്ലത്തു നിന്ന് പുറത്തിറങ്ങാനാവാതെ മൊബൈലിലും കമ്പ്യൂട്ടറിലുമായി ഓൺലൈനിൽ കഴിയുന്ന കുട്ടികൾ. ബോറടിക്കാൻ വേറെന്തു വേണം. കുട്ടികൾക്ക് മാത്രമല്ല മുത്തശ്ശിക്കും ബോറടിക്കാൻ തുടങ്ങി. അപ്പോൾ ഈ മുത്തശ്ശിയും ഒരു വഴി കണ്ടു പിടിച്ചു. യൂട്യൂബറാവുക. എറണാകുളത്ത് പെരുമ്പാവൂരിനടുത്ത് പരേതനായ പുളിക്കാമഠം ഈശ്വരൻ നമ്പൂതിരിയുടെ പത്നിയായ ഗംഗാദേവി അന്തർജനമാണ് ഈ യൂട്യൂബർ.

നിരവധി കവിതകളും കീർത്തനങ്ങളും തുള്ളൽ കവിതകളും എഴുതിയിട്ടുണ്ട്.ചിലത് പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എന്നാൽ അവ ആലപിക്കുകയും യൂടൂബിൽ പ്രകാശനം ചെയ്തും ഈ കോവിഡ് 19 മഹാമാരി കാലത്ത് വ്യത്യസ്തയാവുകയാണ് ഇവർ. ലോക്ഡൗൺ പരിമിതികളെ മറികടക്കാനൊരു വഴി. കുട്ടികൾക്കു മുതിർന്നവർക്കും ഇഷ്ട താരമായി മാറുകയും ചെയ്തു.പേരക്കുട്ടികളായ ശ്രീഹരിയും അരവിന്ദുമാണ് മുത്തശ്ശിയെഴുതിയ വരികൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യുന്നത്.

എഴുപത്തിയഞ്ചാം വയസ്സിലും സാഹിത്യ രംഗത്ത് ഏറെ സജീവമാണ്. ഭർതൃഗൃഹത്തിൽ നിന്നു അധികം അകലെയല്ലാത്ത അശുമന്നൂർ പുന്നയത്തെ പ്രസിദ്ധമായ ചന്ദ്രമന ഇല്ലത്തായിരുന്നു ജനനം.അച്ഛൻ ഗോവിന്ദൻ നമ്പൂതിരി, അമ്മ ദേവകി അന്തർജനം.സംഗീതം കഥകളി കലാരംഗങ്ങളിൽ ഏറെ പ്രശസ്തമാണ് ചന്ദ്രമനയില്ലം. അതിപ്രശസ്തരായ നിരവധി പേരെ സംഭാവന ചെയ്ത ഇല്ലം. ആ പാരമ്പര്യമാണ് ഈ മുത്തശ്ശിയിലും.

അന്നത്തെ സാമൂഹിക പരിമിതികളാൽ എട്ടാം ക്ലാസ്സ് വരെ മാത്രമേ അക്കാദമിക പഠനം പൂർത്തീകരിക്കാനായുള്ളൂ. പതിനഞ്ചാം വയസ്സിൽ വിവാഹിതയാവേണ്ടി വന്നു. തുടർന്ന് പഠനമെന്ന മോഹം താൽക്കാലികമായെങ്കിലും അവസാനിപ്പിക്കേണ്ടിവന്നു. എങ്കിലും അഞ്ച് മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകി അത് സഫലീകരിക്കാൻ കഴിഞ്ഞുവെന്നതാണ് ചാരിതാർത്ഥ്യം.




*പുളിക്കാമഠം ഗംഗാദേവി അന്തർജനം*

കോട്ടപ്പടി തോട്ടം ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെ പത്നി,പരേതയായ പ്രഭാവതി അന്തർജനം, പവർഗ്രിഡ് കോർപ്പറേഷനിലെ ജനറൽ മാനേജരായ ഈശ്വരൻ നമ്പൂതിരി, പരേതനായ ഗോവിന്ദൻ നമ്പൂതിരി, കോയമ്പത്തൂർ കെ.എം.സി.എച് ആശുപത്രിയിലെ പ്രസിദ്ധ സ്പൈൻ സർജൻ ഡോ. ശ്രീധരൻ നമ്പൂതിരി, തിരുവനന്തപുരം കോസ്മോയിലെ പ്രസിദ്ധ കാർഡിയോളജിസ്റ്റ് ഡോ. ബിജുവിന്റെ പത്നി ശ്രീദേവി അന്തർജനം എന്നിവർ മക്കളാണ്. തനിക്ക് കിട്ടാതെ പോയ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ഇപ്പോൾ ഒട്ടും ആകുലതയില്ലാത്തത് ഇവരെല്ലാം കാരണമാണ്.

ഡോ. ശ്രീധരൻ നമ്പൂതിരി
കോവൈ,ഫോൺ: 9488458713



ഇല്ലപ്പെരുമ

# ഗാന്ധി മൂസദിന്റെ ഇല്ലം

## ഗാന്ധിജിയുടെ ആശ്രമത്തിലെ ഋഷിവര്യൻ മുതൽ ന്യൂയോർക്കിലെ ന്യൂക്ളിയാർ എഞ്ചിനീയർ വരെ



### പെരുമയേറ്റിയ ചിലർ

**ഗാന്ധി മൂസ് :** ഗാന്ധിജിയോടൊപ്പം വാർധയിലെ ആശ്രമത്തിൽ  താമസിച്ച ആൾ

**കുമാരൻ മൂസ്:** ദേശീയ ആര്യവൈദ്യശാല സ്ഥാപകൻ പി കെ നമ്പീശന്റെ പിതാവ്

**കൃഷ്ണൻ മൂസ്:** നമ്പൂതിരിമാരിലെ ആദ്യത്തെ ജില്ലാ ജഡ്ജി.

**ബാലകൃഷ്ണൻ ഏറാടി:** (കൃഷ്ണൻ മൂസിന്റെ മകൻ) സുപ്രീം കോടതി ജസ്റ്റീസ്

**പ്രൊഫ. സി കെ മൂസത്:** ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി: ഡയറക്ടർ

**ശിവകുമാർ:** രാമൻ മൂസതിന്റെ മകൻ  (ന്യൂക്ലിയർ എഞ്ചിനീയർ ന്യൂയോർക്ക്)

**സി കൃഷ്ണൻ മൂസ്:** 75 വർഷം പിന്നിടുന്ന എം ബി പാരലൽ കോളേജ് പ്രിൻസിപ്പാൾ

**പ്രൊഫ. ബലരാം മൂസ്:** ലക്ഷക്കണക്കിന് കോപ്പികൾ ഉള്ള ഇംഗ്ലീഷ് ഗൈഡുകളുടെ ഓതർ

**ശ്രീധരൻ മൂസ്:** അമ്മാത്ത് ചണ്ണഴി ഇല്ലം കോഴിക്കോട് കേരളാ സോപ്പ് മേധാവി .

**ഡോക്ടർ കൃഷ്ണൻമൂസ്:** അമ്മാത്ത് ചണ്ണഴി ഇല്ലം.  ഹോമിയോ ഡോക്ടർ

പൊന്മള ചണ്ണഴി ഇല്ലം, ആദ്യകാല ചിത്രം

**വിനോദ് മങ്ങത്തായ**



മലബാറിലെ ആദ്യത്തെ വ്യവസ്ഥാപിത ട്യൂഷൻ സെന്ററും പാരലൽ കോളേജും 1947 ൽ പാലക്കാട്ടാണ് തുടങ്ങിയത് .എം.ബി ട്യൂട്ടോറിയൽസ് എന്നായിരുന്നു സ്ഥാപനത്തിന്റെ പേര്. ഗതാഗത സൗകര്യങ്ങൾ നന്നേ കുറവായിരുന്ന അക്കാലത്ത് കുട്ടികൾക്കു താമസിച്ചു പഠിക്കാൻ ഹോസ്റ്റലുകൾ എം ബി ക്കുണ്ടായിരുന്നു .സ്കൂൾ ,കോളേജ് ക്ലാസുകൾക്ക് പ്രത്യേകം ട്യൂഷൻ ബാച്ചുകൾ .ഇതിനു പുറമെ പ്രൈവറ്റ് ആയി സർവ്വകലാശാലാ ബിരുദം നേടാൻ സമാന്തരമായ സൗകര്യങ്ങൾ സ്ഥാപനം ഏർപ്പെടുത്തി.ഒന്നും ഒട്ടും ഒപായത്തിലായിരുന്നില്ല. പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിലാണ്  ക്ലാസുകൾ. സാക്ഷാൽ എം.ടി വാസുദേവൻ നായർ തന്റെ ഒന്നാമൂഴത്തിൽ എം ബി യിലെ മലയാളം അധ്യാപകനായിരുന്നു. ശാസ്ത്രവിഷയങ്ങൾക്ക് വിപുലമായ ലാബറട്ടറി സൗകര്യങ്ങൾ എം ബി ട്യൂട്ടോറിയൽസിന്റെ മാത്രം പ്രത്യേകതയായി .പാലക്കാടിന്റെ കൂടെ  കോഴിക്കോട്ടും തലശ്ശേരിയിലും ശാഖകൾ തുടങ്ങി .മലബാറിന്റെ വിദ്യാഭ്യാസരംഗത്ത്  മുന്നോക്കത്തിന്റെ ദിശാ സൂചകമായി എം ബി ട്യൂട്ടോറിയലിനെ അടയാളപ്പെടുത്താം . മലപ്പുറം ജില്ലയിലെ ഏറനാട്ടിൽ കോട്ടക്കലിനടുത്താണ് പൊന്മള ഗ്രാമം . പ്രാദേശിക ഭരണാവകാശങ്ങളുള്ള ചണ്ണഴി  മൂസുമാരുടെ ഇല്ലം ഇവിടെയാണ് .പാരമ്പര്യമായി അംശം അധികാരിമാരായിരുന്നു ചണ്ണഴിക്കാർ ..കടലുണ്ടിയിലെ പ്രശസ്തമായ മനഴി ഇല്ലവുമായി (നമ്പൂതിരി സമുദായത്തിൽ ആദ്യമായി ഘോഷ ബഹിഷ്ക്കരിച്ച് പുറത്തിറങ്ങിയത് മനഴി പാർവ്വതി അന്തർജനമായിരുന്നു.) ധാരാളം ചാർച്ചവേഴ്ചകൾ ഇവർക്കുണ്ടായിരുന്നു .വളരെ പണ്ട് ,ചണ്ണഴി സന്താനങ്ങൾ ഇല്ലാതെ വന്നപ്പോൾ മനഴിയിൽ നിന്നും കൃഷ്ണൻ മൂസിനെയും കുമാരൻ മൂസിനെയും  ദത്തെടുക്കുകയായിരുന്നു . ഏറ്റവും നല്ല വിദ്യാഭ്യാസം നേടി  ജ്ഞാനവ്യാപനത്തിനും സാമൂഹ്യ പരിഷ്ക്കരണത്തിനും ചണ്ണഴിക്കാർ ഏറെ പ്രയത്നിച്ചു. ഇവർ എന്നും സമൂഹത്തിന്റെ മുന്നിൽ നടന്നവരാണ് . കേരളത്തിന്റെ നവോത്ഥാന പരിശ്രമങ്ങ




സി കൃഷ്ണൻ മൂസ് കുടുംബം .. മക്കൾ ,മരുമക്കൾ, പേരക്കുട്ടികൾ . ഇരിക്കുന്നവർ (ഇടത്തു നിന്ന് ) രാജേന്ദ്രൻ ,ആനന്ദ് ,കൃഷ്ണൻ മൂസ് ,പാർവ്വതി ,ശ്രുതി ,ജ്യോതി.. നിൽക്കുന്നവർ വി എസ് എസ് നമ്പൂതിരി ,ഇന്ദിര ,ഗായത്രി ,സുരേഷ് കുമാർ ,സഞ്ജയ്

സി കൃഷ്ണൻ മൂസ് എഴുതിയ സ്വാമിരാമ പുസ്തക പ്രകാശനത്തിൽ അക്കിത്തം ,എം ടി വാസുദേവൻ നായർ ,സി കൃഷ്ണൻ മൂസ് ,മാതൃഭൂമി പീരിയോഡിക്കൽസ് മുൻ എഡിറ്റർ ശ്രീധരൻ നായർ എന്നിവർ

സി കെ മൂസതിന്റെ മക്കളും മരുമക്കളും .. ഇരിക്കുന്നവർ (ഇടത്തു നിന്ന്) രവിവർമ്മ രാജ ,ശൈലജ രാജ, ഡോ :ശശി പണിക്കർ ,ഡോ :സുചേതാ പണിക്കർ , പത്മജ ഉണ്ണിക്കൃഷ്ണൻ , ഉണ്ണികൃഷ്ണൻ നമ്പൂതിരി . നിൽക്കുന്നത് :ഉദയകുമാർ ,ഗീതാ ഉദയകുമാർ ,പാർവ്വതി ഗോപാലകൃഷ്ണൻ ,ഗോപാലകൃഷ്ണൻ



**എനിക്ക് ഏറ്റവും വേണ്ടപ്പെട്ടയാളാണ് എം ബി മൂസ് മാഷ്. ദീർഘകാല സൗഹൃദം ഞങ്ങൾ തമ്മിലുണ്ട്. എനിക്ക് ആദ്യം ജോലി തന്ന ആൾ കൂടിയാണ് അദ്ദേഹം.**
**-എം. ടി.വാസുദേവൻ നായർ**
**സിതാര, കോഴിക്കോട്**

**ഗാന്ധിജിയോടൊപ്പം വാർധയിലെ ആശ്രമത്തിൽ വർഷങ്ങളോളം താമസിച്ചിട്ടുണ്ട് ഗാന്ധിയനായ ഈ ഋഷിവര്യൻ. മകൾ ദേവകിയുമായി ഇദ്ദേഹം ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തത് അന്ന് വലിയ വാർത്തയായിരുന്നു. പൊതുവേദിയിൽ സമരരംഗത്ത് വന്ന നമ്പൂതിരിപ്പെൺകുട്ടി എന്നായിരുന്നു തലക്കെട്ട്.**

ളുമായി ചേർത്ത് വെക്കേണ്ടതാണ് ചണ്ണഴി മനയുടെ ചരിത്രം .

ചണ്ണഴി കൃഷ്ണൻ മൂസിന് കുമാരൻ ,നാരായണൻ ,കൃഷ്ണൻ ,രാമൻ എന്നീ 4 ആൺമക്കളും ദേവകി അന്തർജനം (വെള്ളിമുറ്റം) ,നങ്ങേലി അന്തർജനം (നേമം) എന്നീ 2 പെൺമക്കളും ആയിരുന്നു .

60 വർഷം പൊന്മള അധികാരിയായിരുന്ന കുമാരൻ മൂസത് മയറുകര ഇല്ലത്തു നിന്ന് വേളി കഴിച്ചു.ഇവർക്ക് 4 പുരുഷ സന്താനങ്ങൾ ഉണ്ടായി . നാരായണൻ മൂസ് ,കുമാരൻ മൂസ്, കൃഷ്ണൻ മൂസ്, ബലരാമൻ മൂസ് എന്നിവരാണ് ആ സഹോദരങ്ങൾ അഥവാ മൂസദ് ബ്രദേഴ്സ്

കുമാരൻ മൂസിന്റെ സഹോദരൻ നാരായണൻ മൂസ് (മൂസദ് ബ്രദേഴ്സിന്റെ അഫൻ) ഗാന്ധി മൂസ് എന്നറിയപ്പെട്ടു .ഗാന്ധിജിയോടൊപ്പം വാർധയിലെ ആശ്രമത്തിൽ വർഷങ്ങളോളം താമസിച്ചിട്ടുണ്ട് ഗാന്ധിയനായ ഈ ഋഷിവര്യൻ .മകൾ ദേവകിയുമായി ഇദ്ദേഹം ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തത് അന്ന് വലിയ വാർത്തയായിരുന്നു .പൊതുവേദിയിൽ സമരരംഗത്ത് വന്ന നമ്പൂതിരിപ്പെൺകുട്ടി എന്നായിരുന്നു തലക്കെട്ട് .

ചണ്ണഴി ഇല്ലത്തിന്റെ പാരമ്പര്യത്തിനും മഹിമക്കും ഇന്ത്യൻ നീതിന്യായമണ്ഡലത്തിൽ സമുജ്ജ്വലമായ മാതൃകകളുണ്ട് . അക്കാലം മലബാർ ബ്രാഹ്മണരിൽ അത്യപൂർവ്വം ന്യായാധിപരേ ഉണ്ടായിരുന്നുള്ളൂ. ഗാന്ധി മൂസിന്റെ സഹോദരനായ കൃഷ്ണൻ മൂസ് മംഗലാപുരം ജില്ലാ ജഡ്ജിയായാണ് വിരമിച്ചത് .മൂത്ത മകൻ ജസ്റ്റീസ് വി ബാലകൃഷ്ണൻ ഏറാടി കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റീസും പിന്നീട് സുപ്രീം കോടതി ജഡ്ജിയുമായി .ഉപഭോക്തൃ സംരക്ഷണ നിയമങ്ങളുടെ രൂപരേഖ തയ്യാറാക്കിയ ഇദ്ദേഹമാണ് രാജ്യത്തെ കൺസ്യൂമർ കോടതികളുടെ ജനയിതാവ് .സത്യസായി ട്രസ്റ്റ് മെമ്പറുമായിരുന്നു .രണ്ടാമത്തെ മകൻ വി കെ ഏറാടി കോമൺവെൽത്ത്, നെടുങ്ങാടി ബാങ്ക് എന്നിവയുടെ ഡയറക്ടർ ആയി .കോഴിക്കോട്ട് ഭാരതീയ വിദ്യാഭവൻ സ്ഥാപിക്കാൻ നേതൃത്വം നൽകി. രാധ, അമ്മു, ഇന്ദിര, വിമല, ഹരിദാസ് എന്നിവർ സഹോദരങ്ങൾ .

ഗാന്ധി മൂസിന്റെ ഇളയ അനുജനായ ചണ്ണഴി രാമൻ മൂസദ് (മൂസദ് ബ്രദേഴ്സിന്റെ അഫൻ)കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ആയാണ് വിരമിച്ചത് .താമസം കോയമ്പത്തൂരിലായിരുന്നു .സഹധർമ്മിണി മുച്ചിലോട്ട് മീനാക്ഷിയമ്മ .ഇവർക്ക് 4 മക്കൾ . മദ്രാസിൽ പ്രൊഫസർ ആയിരുന്ന മകൾ ഇന്ദിരാരാജയും സുപ്രീം കോടതി അഡ്വക്കറ്റായിരുന്ന രാജഗോപാലും നിര്യാതരായി . മകൾ ഡോക്ടർ

വിജയലക്ഷ്മി യു എസിൽ പ്രഫസ റായി വിരമിച്ചു .ഇളയ മകൻ ശിവകുമാർ ന്യൂക്ലിയർ എഞ്ചിനീയറാണ് .ന്യൂയോർ ക്കിൽ താമസം .ദേശീയ വൈദ്യശാല സ്ഥാപകൻ ,കേളി കേട്ട ആര്യവൈദ്യൻ പി കെ നമ്പീശൻ ചണ്ണഴി കുമാരൻ മൂസ തിന്റെ (മൂസദ് ബ്രദേഴ്സിന്റെ മുത്തഫൻ) മകനായിരുന്നു.

ചണ്ണഴി മരുമകനായ വെളിമുറ്റത്ത് ശ്രീധരൻ മൂസ് (വെള്ളിമുറ്റത്ത് ദേവകി അന്തർജനത്തിന്റെ മകൻ) കോഴിക്കോട് കേരളാ സോപ്സ് മേധാവിയായിരുന്നു .ശാസ്ത്ര പ്രതിഭയായിരുന്ന ഇദ്ദേഹം കോ ട്ടക്കൽ ആര്യവൈദ്യശാല കെമിക്കൽ വി ഭാഗം ഹെഡ് ആയും സേവനമനുഷ്ഠിച്ചു . ടാബ്ലറ്റുകൾക്കും കാപ്സ്യൂളുകൾക്കും രൂപം നൽകി ആര്യവൈദ്യശാലയെ ആ ധുനികമാക്കിയത് ഇദ്ദേഹമാണ്.കെ എസ് ഇ ബി എക്സിക്യൂട്ടീവ് എഞ്ചിനീയറാ യി വിരമിച്ച രാജാറാം മൂസദ് ശ്രീധരൻ മൂസിന്റെ മകനാണ് .ശ്രീധരൻ മൂസിന്റെ അനുജൻ കൃഷ്ണൻ മൂസ് പോളി ടെ ക്ക്നിക് പ്രിൻസിപ്പാളായാണ് വിരമിച്ചത് .ഇദ്ദേഹത്തിന്റെ മകനാണ് റിട്ടയേർഡ് ജ ഡ്ജ് ജയറാം.

ചണ്ണഴി മകൾ നേമത്ത് നങ്ങേലി അന്തർജനത്തിന്റെ മൂത്ത മകൻ പരമേ ശ്വരൻ മൂസ് മലപ്പുറം എം എസ് പി ഓ ഫീസിൽ നിന്നും. വിരമിച്ചു .അനുജൻ കോഴിക്കോട്ടെ പ്രശസ്തനായ ഹോമിയോ ഡോക്ടർ കൃഷ്ണൻ മൂസ്.( ഇദ്ദേഹത്തിന്റെ നാലു മക്കളും ഹോമിയോ ഡോക്ടർമാ രാണ് ) . ഇവർക്ക് രണ്ട് സഹോദരിമാ രുമുണ്ട് .

## ആദിശങ്കരയോഗ ക്ഷേമകേന്ദ്രം

സമ്മേളനച്ചിലവു കഴിഞ്ഞ് മിച്ചം പി ടിച്ച തുക ഉപയോഗിച്ച് നമ്പൂതിരിമാർക്ക് ഉപകാരപ്രദമായ എന്തെങ്കിലും ചെയ്യണ മെന്ന് സ്വാഗത സംഘം തീരുമാനിച്ചു .

അങ്ങിനെയാണ് യോഗക്ഷേമസഭയു ടെ പങ്കാളിത്തത്തോടെ ആദിശങ്കരയോഗ ക്ഷേമകേന്ദ്രം രൂപപ്പെടുന്നത് .സി .കൃ ഷ്ണൻ മൂസ് പ്രധാന ഭാരവാഹിയായി. ഭാവിയിലേക്കുള്ള ഒരസറ്റായി കോഴിക്കോട് നഗരത്തിലെ കോവൂരിൽ 18 സെന്റ് സ്ഥലം വാങ്ങാൻ പദ്ധതിയിട്ടു . ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയിലധികം വേണം .ജില്ലാ സഭയുടെ കൈയ്യിലുള്ള മിച്ചം 42000 രൂപ . സിറ്റി ഉപസഭ 10000/ നൽകി .ഒപ്പം സമു ദായത്തിലെ സുമനസ്സുകൾ നൽകിയ സംഭാവനയും ഷെയറുകളും പിന്നെ വാ യ്പകളും കൂട്ടിയപ്പോൾ ലക്ഷ്യം കണ്ടു . കോവൂർ വിഷ്ണു ക്ഷേത്രത്തിനടുത്ത് ആദിശങ്കരകേന്ദ്രം പതിനെട്ടു സെന്റ് സ്ഥ ലം വാങ്ങി .പ്ളാൻ ചെയ്തിരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ,ഫ്ലാറ്റ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ മാറിയ ബിൽഡിം ഗ് റൂളിന്റെ സാങ്കേതികതകളിൽ കുടുങ്ങി നിന്നു . നഗരത്തിലെ കണ്ണായ സ്ഥലം ദശാബ്ദങ്ങളായിട്ടും അന്യാധീനപ്പെടാതെ സംരക്ഷിച്ചുനിർത്താൻ കഴിഞ്ഞു എന്നത് ചില്ലറക്കാര്യമല്ല .സ്ഥലം ലവൽ ചെയ്യാനും വലിയ സംരക്ഷണ മതിൽ കെട്ടാനും വലി യ തുക ചിലവു വന്നു .ഇങ്ങിനെ വന്ന ബാധ്യതകൾ തീർത്ത് , റോഡിന് വേണ്ടി വിട്ട 2 സെന്റും കഴിച്ച് ബാക്കി 10 സെൻറ് കോഴിക്കോട് ജില്ലാസഭക്ക് റജിസ്റ്റർ ചെയ്തു . ഇവിടെയാണ് യോഗക്ഷേമസഭയുടെ പു തിയ ഓഫീസ് കോംപ്ളക്സ് ഉയരുന്നത് .

## ശ്രീ ശങ്കരാ ട്രസ്റ്റ്

അമ്പലപ്പുഴ വെച്ച് നടന്ന യോഗ ക്ഷേമസഭാ സംസ്ഥാന സമ്മേളനം ആ വർഷത്തെ പ്രസിഡണ്ടായി തെരഞ്ഞെ ടുത്തത് സി. കൃഷ്ണൻ മൂസിനെയാ യിരുന്നു. ഒപ്പം ശങ്കരാ ട്രസ്റ്റിന്റെ വൈസ് ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടിരുന്നു.



സി.കെ. മൂസ്സദിന്റെ മക്കൾ പാർവതി ഗോപാലകൃഷ്ണൻ, ഡോ സുചേ താ പണിക്കർ, ഉദയ് കുമാർ, പദ്മജ ഉണ്ണികൃഷ്ണൻ, ശൈലജ രാജാ

# എം.ബി.യുടെ സ്ഥാപകൻ

**ഉണ്ണികൃഷ്ണൻ നമ്പൂതിരി**



1991 ഏപ്രിൽ 9 വൈകീട്ട് ശാസ്ത്രസാഹിത്യകാരനും ഗാന്ധിയനും നിസ്വാർത്ഥ സേവകനുമായ പ്രൊഫസർ സി .കെ .മൂസദ് കാലയവനികക്കുള്ളിൽ മറഞ്ഞപ്പോൾ ,ഉറ്റ സുഹൃത്തായ കവി വിഷ്ണു നാരായണൻ നമ്പൂതിരി പറഞ്ഞ വാക്കുകൾ ഓർത്തു പോവുകയാ ണ് .'മൂസദ് സാർ ഒരു ചന്ദനമുട്ടി പോലെ എങ്ങും പരിമളം പരത്തി ലോകത്തിനോട് ഒരഞ്ഞരഞ്ഞ് മറ ഞ്ഞു പോയി'.

ഫിസിക്സിൽ രണ്ടാം റാങ്കോടെ മദ്രാസ് സ്റ്റേറ്റിൽ BSc ഓണേഴ്സ് (1940 - 1950) നേടിയ അസാമാന്യ നായിരുന്നു സി കെ മൂസദ് .ഔദ്യോ ഗിക പദവികൾക്കൊപ്പം മലയാളകവി തക്കും നിരൂപണ സാഹിത്യത്തിനും ജീവചരിത്രശാഖക്കും അദ്ദേഹം നൽ കിയത് അതുല്യ സംഭാവനകളാണ് .

1941 ൽ ശ്രീരാമകൃഷ്ണാശ്രമം സ്കൂളിൽ അധ്യാപകനായി തുട ക്കം .പിന്നീട് ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിൽ ലക്ചറർ .തന്നേക്കാൾ ജൂനിയർ ആയ ആൾ ക്ക് ഡിപ്പാർട്ട്മെന്റ് തലവന്റെ പദവി നൽകിയതിൽ പ്രതിഷേധിച്ച് കോ ളേജിലെ ജോലി രാജി വെച്ചു മൂ സദ് സാർ .

പഠിക്കുന്ന കാലത്ത് തന്നെ മഹാ ത്മാഗാന്ധിയുടെ എളിയ ജീവിതം ,സ ത്യം ,സമത്വം ,സമാധാനം തുടങ്ങിയ വിശ്വാസങ്ങൾ തന്റെ ജീവിതത്തിൽ പകർത്തി. സത്യം സത്യമായി പറയാൻ ഒരാളോടും മടിയോ പേടിയോ ഇല്ലാത്ത ചങ്കൂറ്റം. ട്രിച്ചിയിലെ കോളേജിൽ ജോ ലി ചെയ്യുമ്പോൾ chemistry is my favourite Subject എന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതി നൽകി മൂസദ് സാർ .ഒരു ഫിസിക്സ് വിദ്യാർത്ഥി കെമിസ് ട്രിയെ ഇഷ്ടവിഷയമാക്കിയതിൽ പരി ഭവിച്ച HOD കലശൽ കൂട്ടി . ലേഖനം പിൻവലിക്കാൻ സി കെ മൂസദിനോട് ആവശ്യപ്പെട്ടു .I Cannot write against my conscience എന്നായിരുന്നു സി കെ യുടെ മറുപടി .

1947 മെയ് 17 നായിരുന്നു സി കെ മൂസദിന്റെ വിവാഹം .സഹധർമ്മിണി കട ത്തനാട് ആയഞ്ചേരി കോവിലകം ഉദയ വർമ്മ രാജയുടെ ഏകമകൾ രാജലക്ഷ്മി. അന്നത്തെ ബി എ ക്കാരി കൂടിയായിരുന്ന അവർ സി കെ മൂസദിന്റെ സാഹിത്യജീവി തത്തെ സമ്പൂർണമാക്കി .കോളേജ് ജോലി രാജി വെച്ച സി.കെ ക്ക് തന്റെ അക്കാദമിക കഴിവുകളിൽ ഉറച്ച ആത്മവിശ്വമുണ്ടായിരു ന്നു .സഹോദരങ്ങളായ കൃഷ്ണൻ മൂസ് ,ബലരാമൻ മൂസ് എന്നിവരോട് ചേർന്ന് എം ബി കോളേജ് എന്ന ട്യൂട്ടോറിയൽ സ്ഥാപനം 1947 കാലത്ത് തന്നെ പാലക്കാട് തുടങ്ങുന്ന തങ്ങിനെയാണ് .മലബാറിലെ ട്യൂട്ടോറിയൽ പ്രസ്ഥാനത്തിന്റെ പിതാവാ

യി സി കെ മൂസദിനെ വിശേഷിപിക്കാം .1966ൽ കേളപ്പജിയുടെ നിർദ്ദേശപ്രകാരം എം ബി കോളജ് അനുജൻ കൃഷ്ണൻ മൂസിനെ ഏൽപ്പിച്ച് സി കെ ഒറ്റപ്പാലം NSS കോളേജിൽ ലക്ചററായി ചേർന്നു .സമുദായാചാര്യൻ മന്നത്ത് പദ്മനാഭൻ നേരിട്ട് ഇടപെട്ടാണ് നമ്പൂതിരിമാരിൽ ഒരാളെ നായർ സർവ്വീസ് സൊസൈറ്റിയുടെ കോളേജിൽ നിയമിച്ചത് .പിന്നീട് നെന്മാറയിൽ തുടങ്ങിയ പുതിയ NSS കോളേജിന്റെ പ്രിൻസിപ്പാൾ ആയി മൂസദ് സാറിനെ ഉയർത്തി .വെറും ഒന്നരക്കൊല്ലം കൊണ്ട് പ്രാദേശികമായി ധനം സ്വരൂപിച്ച് കോളേജിന് സ്വന്തമായി മൂന്നു നില കെട്ടിടം പണിയാനും യു.ജി സി അപ്രൂവൽ വാങ്ങാനും സി കെ മൂസദിന്റെ നേതൃത്വത്തിന് കഴിഞ്ഞു .കോളേജ് കെട്ടിടം ഉൽഘാടനം ചെയ്തത് സി കെ യുടെ ഉറ്റസുഹൃത്തായ അന്നത്തെ കേരളാ നിയമസഭാ സ്പീക്കർ ഡി ദാമോദരൻ പോറ്റിയായിരുന്നു .

അക്കാലത്താണ് വിദ്യാഭ്യാസമന്ത്രി സി എച്ച് മുഹമ്മദ്കോയ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം കുറിക്കുന്നത് .സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് ഗവേണിങ് ബോഡി അംഗങ്ങളായി പ്രൊഫ: ജോസഫ് മുണ്ടശ്ശേരിയെയും പ്രൊഫ: സി കെ മൂസദിനെയും നിയമിച്ചു .മുഖ്യമന്ത്രിയായിരുന്നു ഗവേണിങ്ങ് ബോഡി ചെയർമാൻ .അൽപ്പകാലത്തിനുള്ളിൽ സി കെ മൂസദ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റൻറ് ഡയറക്ടർ ആയി .അന്ന് ഡയറക്ടർ തന്റെ സുഹൃത്ത് കൂടിയായ പ്രശസ്ത കവി എൻ വി കൃഷ്ണവാരിയർ ആയിരുന്നു എന്നത് മൂസദ് സാറിന്റെ ഉത്സാഹം ഇരട്ടിയാക്കി .ധാരാളം ലേഖനങ്ങളും പഠന ഗ്രന്ഥങ്ങളും സി കെ എഴുതുന്നത് അക്കാലത്താണ് .ലേഖനങ്ങളടക്കം മൂസദ് സാറിന്റെ പല സൃഷ്ടികളുടെയും ആദ്യത്തെ വായനക്കാരിയും ഇൻഹൗസ് നിരൂപകയും സഹധർമ്മിണി രാജലക്ഷ്മിയായിരുന്നു .

1968 മുതൽ 1985 വരെ തിരുവനന്തപുരത്ത് ഔദ്യോഗികജീവിതകാലത്ത് 'ഭാഷ' എന്നു പേരിട്ട വാടകവീട്ടിലാണ് മൂസദ് കുടുംബമായി താമസിച്ചിരുന്നത് . ശാസ്ത്രപഠനത്തിന് അക്കാലം ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളു. സാധാരണക്കാർക്കും കോളേജ് വിദ്യാഭ്യാസം സാധ്യമാക്കാൻ ശാസ്ത്രപുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലാക്കുന്ന യജ്ഞം മൂസദിന്റെ നേതൃത്വത്തിൽ തുടങ്ങി .ധാരാളം ടെക്സ്റ്റ് പുസ്തകങ്ങളും റെഫറൻസ് പുസ്തകങ്ങളും മലയാളത്തിൽ പുറത്തു വരുന്നത് അന്നാണ് .വരേണ്യരിൽ തളച്ചിട്ടിരുന്ന വിദ്യാഭ്യാസം ജനകീയമാക്കാൻ ഈ പ്രവർത്തനങ്ങൾ ഏറെ സഹായകമായി . പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിൽ ശാസ്ത്രപഠനത്തിന് ഇന്നും നിലവിലുള്ള മലയാള പുസ്തകങ്ങളിൽ മിക്കതും സി.കെ മൂസദിന്റെ നേതൃത്വത്തിൽ അന്ന് തയ്യാറാക്കിയവയാണ് എന്നറിയുമ്പോഴേ ആ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാവൂ .സാഹിത്യ-സാമൂഹ്യ വേദികളിൽ സി.കെ.മൂസ്സദ് നിറസാന്നിദ്ധ്യമായിരുന്നു . 'ഭാഷ'യിൽ പ്രഗത്ഭരായ അതിഥികളെ അക്കാലത്ത് മൂസദ് കുടുംബം വിരുന്നൂട്ടി. സി അച്യുതമേനോൻ , സ്പീക്കർ ഡി ദാമോദരൻ പോറ്റി ,സാഹിത്യകാരായ പി. കുഞ്ഞിരാമൻ നായർ , ലളിതാംബിക അന്തർജ്ജനം, എസ്. ഗുപ്തൻ നായർ, വിഷ്ണുനാരായണൻ നമ്പൂതിരി, എം. പി. മന്മഥൻ, സുഗതകുമാരി, എ.ശ്രീധരമേനോൻ ,പി ടി.ഭാസ്കരപണി ക്കർ, ആർ.രാമചന്ദ്രൻ നായർ എന്നിവരെല്ലാം അടങ്ങിയ മൂസ്സദ് മാഷിന്റെ സൗഹൃദവലയം അതിവിപുലമായിരുന്നു.

സാഹിത്യത്തിൽ സി കെ മൂസദിന്റെ എറ്റവും വലിയ സംഭാവന ജീവചരിത്രരചനകളിലായിരുന്നു .പത്തിലധികം ബൃഹദ്ഗ്രന്ഥങ്ങൾ ഈ രംഗത്ത് മൂസദ് സാർ രചിച്ചു . മഹാകവി വള്ളത്തോളിന്റെ 1500 പേജുകളുള്ള ജീവചരിത്രം കേവലം മൂന്നു മാസം കൊണ്ടാണ് സി കെ മൂസദ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത് . തുടർന്ന് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, വൈക്കത്ത് പാച്ചുമൂത്തത് എന്നിവരുടേയും ജീവചരിത്രങ്ങൾ പ്രകാശനം ചെയ്തു .കോട്ടക്കൽ ആര്യവൈദ്യശാല മാനേജിങ് ട്രസ്റ്റി പി.കെ, വാരിയരുടെ സഹോദരൻ കവികുലഗുരു പി.വി കൃഷ്ണവാരിയരുടെ ജീവചരിത്രം മൂസദ് സാർ എഴുതിയത് ആര്യവൈദ്യശാല പ്രസിദ്ധീകരിച്ചു. മാതൃഭൂമി സ്ഥാപകനായ കെ.മാധവൻ നായരുടെ ജീവചരിത്രം മാതൃഭൂമിക്കു വേണ്ടി തയ്യാറാക്കിയതും സി കെ മൂസത് ആയിരുന്നു . കേളപ്പന്റെ മരണാനന്തരം 1971 ൽ 'കേളപ്പൻ എന്ന മഹാമനുഷ്യൻ' എന്ന ഗ്രന്ഥം തയ്യാറാക്കി പുറത്തിറക്കിയത് സി കെ മൂസദ് സാറാണ് .

ജീവിതം മുഴുവൻ കേളപ്പന്റെ വത്സല ശിഷ്യനായി ,തികഞ്ഞ ഗാന്ധിയനായി സി കെ മൂസദ് പ്രവർത്തിച്ചു . സർവ്വോദയ പ്രസ്ഥാനം ഭൂദാനപ്രസ്ഥാനം, തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി എല്ലാ കാര്യങ്ങൾക്കും ഗുരുവായ കേളപ്പന്റെ കൂടെ സി കെ മൂസദുമുണ്ടായി .പാലക്കാട്ട് മൂസദ് ബ്രദേഴ്സ് നടത്തിയിരുന്ന 'മലയാളി പ്രസ്സ്' കേളപ്പന്റെ പ്രവർത്തനങ്ങൾക്കായി 'സമദർശി'ക്ക് വേണ്ടി വിട്ടു നൽകിയത് വിനീത ശിഷ്യനായ സി.കെ മൂസദ് ആയിരുന്നു. ശാസ്ത്രചിന്തകൾ, പ്രാചീനഗണിതം മലയാളത്തിൽ, പരമാണുലോകം തുടങ്ങി വേറെയും പുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട് .വിശ്രമമില്ലാത്ത തന്റെ കർമ്മസപര്യയിൽ തപസ്യയുടെ അധ്യക്ഷ സ്ഥാനത്ത് പ്രവർത്തിക്കാൻ സി കെ മൂസതിന് കഴിഞ്ഞു . തപസ്യക്കൊപ്പം മറ്റു ഹൈന്ദവ പ്രസ്ഥാനങ്ങളിലും സി കെ മൂസദ് സജീവമായി . മഹാകവി അക്കിത്തം ,പരമേശ്വർജി തുടങ്ങിയവരുമായി ഗാഢസൗഹൃദത്തിലാവുന്നത് അക്കാലത്താണ് . 1985 മുതൽ പാലക്കാട്ടെ സ്വന്തം വീടായ 'സുദർശൻ' ആയി കർമ്മരംഗം.1991 ഏപ്രിൽ 9 ന് സംഭവബഹുലമായ ആ സാർത്ഥകജീവിതത്തിന് വിരാമമായി.



*സി കെ മൂസദ് ,സഹധർമ്മിണി രാജലക്ഷ്മി*

കേരളത്തിൽ കിളിമാനൂരും പെരുമ്പാവൂരും ശ്രീകൃഷ്ണപുരത്തും ട്രസ്റ്റിന് കോളേജുകൾ ഉണ്ടായിരുന്നു . ട്രസ്റ്റ് ഉത്തരമേഖലയുടെ ചുമതലക്കാരൻ എന്ന നിലയിൽ മൂന്നു കൊല്ലം ശ്രീകൃഷ്ണപുരം വി ടി ബി കോളേജിന്റെ ഗവേണിംഗ് ബോഡി ചെയർമാനായി മൂസ് മാഷ് പ്രവർത്തിച്ചു . കോളേജിന്റെ വളർച്ചയിൽ പ്രത്യേകം ശ്രദ്ധ നൽകാനും മൂസ് മാഷിന് കഴിഞ്ഞു സമുദായ സംഘടനകൾക്കപ്പുറത്തുള്ള മൂസ് മാസ്റ്ററുടെ വ്യക്തിത്വം സഭക്ക് പൊതുസമൂഹത്തിൽ കൂടിയ സ്വീകാര്യത ഉണ്ടാക്കി .

## ഗായത്രി കല്യാണമണ്ഡപം

കോഴിക്കോട് തളിയിൽ നമ്പൂതിരിമാരുടെ ഉടമസ്ഥതയിൽ ഗായത്രി ഹാൾ പ്രവർത്തിച്ചിരുന്നു .15 വർഷങ്ങൾ മക്കാട് മാധവൻ നമ്പൂതിരിയായിരുന്നു ഉത്തരവാദിത്തം വഹിച്ചിരുന്നത് .അദ്ദേഹം നഗരത്തിൽ നിന്ന് ദൂരെയുള്ള സ്വന്തം നാട്ടിലേക്ക് (മാനിപുരം) താമസം മാറ്റിയ ശേഷം ഗായത്രിയുടെ മാനേജ്മെന്റ്

## ഇവിടെ തുടങ്ങുന്നു ചരിത്രം



*മൂസദ് ബ്രദേഴ്സ്: കുടുംബം .. പഴയ ചിത്രം ഇരിക്കുന്നവർ :ഇടത്തു നിന്ന് :) മൂത്ത മകൻ നാരായണൻ മൂസ് ,സഹധർമ്മിണി ഭാമാദേവി അന്തർജനം , കുമാരൻ മൂസ് (പിതാവ്) , പാർവ്വതി അന്തർജനം (മാതാവ്) . നിൽക്കുന്നവർ: മക്കളായ പ്രൊഫ :ബലരാം മൂസദ്, പ്രൊഫ: സി കെ മൂസദ് ,സി കൃഷ്ണൻ മൂസ്*

നിർവ്വഹിച്ചിച്ചത് സി കൃഷ്ണൻ മൂസാണ്. യോഗക്ഷേമസഭയുടെ ചെറുതും വലുതുമായ യോഗങ്ങളെല്ലാം അവിടെയാണ് നടന്നിരുന്നത് . യോഗക്ഷേമസഭയോട് ഗായത്രി മാനേജ്മെൻറ് കാണിച്ചിരുന്ന അടുപ്പവും താൽപ്പര്യവും എടുത്തു പറയേണ്ടതാണ് .

### ഗാന്ധി പീസ് ഫൗണ്ടേഷൻ

ഗാന്ധി തത്വ പ്രചരണത്തിനായി കേളപ്പജി സ്ഥാപിച്ചതാണ് ഗാന്ധിപീസ് ഫൗണ്ടേഷൻ. കേളപ്പജിയുടെ വത്സലശിഷ്യനായ ഏട്ടൻ സി.കെ. മൂസാണ് കൃഷ്ണൻ മൂസിനേയും സർവോദയ പ്രസ്ഥാനത്തിലെത്തിക്കുന്നത്. ഫൗണ്ടേഷന്റെ ആസ്ഥാനം കോഴിക്കോട് ഗാന്ധിഗൃഹം. ഭരണച്ചുമതല തെരഞ്ഞെടുക്കുന്ന സർവോദയ പ്രവർത്തകർക്കാണ് .2011 മുതൽ പത്തു വർഷങ്ങളായി സി കൃഷ്ണൻ മൂസാണ് അധ്യക്ഷൻ .ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടന്ന ഗാന്ധിസ്മൃതി ജ്യോതിയാത്ര എന്നും തിളങ്ങുന്ന ഓർമ്മയാണെന്ന് ചുമതലക്കാരനായിരുന്ന മൂസ് മാഷ് പറഞ്ഞു . പയ്യന്നൂർ മുതൽ വൈക്കം വരെ 'മാതൃഭൂമി' നൽകിയ അലംകൃതവാഹനത്തിലായിരുന്നു യാത്ര .ഉടനീളം ഗംഭീര സ്വീകരണങ്ങൾ . യാത്രാവാഹനം പിന്നീട് രാജ്ഘട്ട് വരെ സഞ്ചരിച്ചു.

### മാറാട് കലാപം

2003 ഡിസമ്പർ മാസത്തിൽ കോഴിക്കോട്ടെ മാറാട് കടപ്പുറത്ത് വിശ്രമിക്കുകയായിരുന്ന അരയസമുദായക്കാരെ ഇരുട്ടിൽ ഒരു സംഘം ബോട്ടിൽ വന്ന് ആക്രമിച്ചു . 10 പേർക്ക് ജീവൻ നഷ്ടമായി . നിരവധി പേർക്ക് അംഗഭംഗങ്ങളും മാരകമായ മുറിവുകളും ഉണ്ടായി. ഇതാണ് മാറാട് കലാപം എന്നറിയപെട്ടത്. പ്രതികാരം ഭയന്ന് അന്നു രാത്രി തന്നെ അനവധി കുടുംബങ്ങൾ ഒളിച്ചു പോകുകയുണ്ടായി. എന്തും സംഭവിക്കാം എന്നായിരുന്നു സ്ഥിതി. സ്നേഹം കൊണ്ടു മാത്രമേ നഷ്ടപ്പെട്ട സമാധാനവും ശാന്തതയും നില നിർത്താൻ കഴിയുമായിരുന്നുള്ളൂ .രാഷ്ട്രീയ പാർട്ടി നേതാക്കളെ അങ്ങ് അടുപ്പിക്കാൻ പോലും സങ്കടക്കടലിൽ അകപ്പെട്ട സമൂഹം തയ്യാറായില്ല . എ കെ ആന്റണിയായിരുന്നു അന്ന് കേരളാ മുഖ്യമന്ത്രി . ആയുധങ്ങൾ സൂക്ഷിച്ച കലാപത്തിന്റെ ഒളിവിടങ്ങളിൽ അഹിംസയുടെ വെളിച്ചം എത്തിക്കാൻ മുഖ്യമന്ത്രി തീരുമാനിച്ചു .ഗാന്ധിയനായ ഗോപിനാഥൻ നായരെയാണ് ഈ ദൗത്യം ഏൽപ്പിച്ചത് .സംസ്ഥാനത്തിന്റെ നാനാഭാഗത്തുമുള്ള സർവോദയ പ്രവർത്തകർ കോഴിക്കോട്ടെത്തി .തായാട്ട് ബാലൻ ,ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ ,കെ പി എ റഹീം എന്നിങ്ങനെ ഒട്ടേറെ പ്രമുഖവ്യക്തിത്വങ്ങൾ സമാധാനശ്രമങ്ങളിൽ കണ്ണികളായി .

കടലിനെ ആശ്രയിച്ച് വർഷങ്ങളായി ഒന്നിച്ചു താമസിച്ചിരുന്ന സമൂഹം മതത്തിന്റെ പേരിൽ കൃത്യമായി വിഭജിക്കപ്പെട്ടിരുന്നു. ശാന്തി പകരേണ്ട ആരാധനാലയം അശാന്തിയുടെ ആയുധപ്പുരയായി മാറിയിരുന്നു . അകാരണമായി കൊലക്കിരയായ ഹിന്ദുക്കളുടെ കുടുംബങ്ങളിൽ കണ്ണീർ വറ്റിയിരുന്നില്ല .ഉണ്ടാവാൻ സാധ്യതയുള്ള പ്രതികാരത്തെ ഭയന്ന് ചുറ്റുമുള്ള നൂറിലധി

## എം.ടിയും കക്കാടുമെല്ലാം

**പ്രശസ്ത കവികളായിരുന്ന എൻ എൻ കക്കാട്, പ്രൊ ആർ രാമചന്ദ്രൻ എന്നിവരും എം ബി യുടെ അധ്യാപകരായി. ഊണുമുറക്കവും ട്യൂട്ടോറിയൽസിൽ തന്നെയായിരുന്നു. ജോലിയിലും താമസത്തിലും ഉറ്റ ചങ്ങാതിയായിയിരുന്നു എം.ടി.വാസുദേവൻ നായർ**

തുടക്കത്തിൽ ഊണുമുറക്കവും ട്യൂട്ടോറിയൽസിൽ തന്നെയായിരുന്നു. ജോലിയിലും താമസത്തിലും ഉറ്റ ചങ്ങാതിയായിയിരുന്നു എം.ടി.വാസുദേവൻ നായർ . കോഴിക്കോട്ട് ശാഖയിലേക്കു മാറിയപ്പോഴും എം.ടി കൂടെത്തന്നെ ഉണ്ടായി.

സഹോദരങ്ങളായ കുമാരൻ മൂസും ബലരാമൻ മൂസും ട്യൂട്ടോറിയൽസ് വിട്ടപ്പോഴും കൃഷ്ണൻ മുസും എം ബി യും ഇണപിരിയാത്ത ആത്മസുഹൃത്തുക്കളായി നിന്നു .

എം ബി യുടെ അധ്യാപക പാനൽ എല്ലാ അർത്ഥത്തിലും 'ദ ബെസ്റ്റ്' ആയിരുന്നു. ഗുരുവായൂരപ്പൻ കോളേജിലെ റിട്ട. ഇംഗ്ലീഷ് മേധാവി പ്രൊ എം പി ശിവദാസമേനോൻ, പ്രൊ ഈശ്വരവാരിയർ , ബിരുദാനന്തര ബിരുദം കഴിഞ്ഞെത്തിയ ബലരാ മൻ മൂസദ് എന്നിവർ എം ബി യെ മികവിന്റെ കേന്ദ്രമാക്കി മാറ്റി .

പ്രൊഫസർമാരായി റിട്ടയർ ചെയ്ത കെ.എസ് കൃഷ്ണയ്യരും വാഞ്ചീശ്വരയ്യരും എം ബി യുടെ പാനലിൽ സ്ഥാനം പിടിച്ചു , പ്രശസ്ത കവികളായിരുന്ന എൻ എൻ കക്കാട്, പ്രൊ ആർ രാമചന്ദ്രൻ എന്നിവരും എം ബി യുടെ അധ്യാപകരായി. സി കെ മൂസ് , ബലരാമൻ മൂസ് എന്നിവർ ജോലികളുമായി മറ്റു സ്ഥലങ്ങളിൽ പോയതോടെ പാലക്കാട് പ്രവർത്തനം നിർത്തിയെങ്കിലും കോഴിക്കോട് എംബി ട്യൂട്ടോറിയൽസ് 60 വർഷങ്ങളോളം ഉണ്ടായി.. ഇപ്പോൾ എം ബി തലശ്ശേരി മാത്രമേ പ്രവർത്തിക്കുന്നുള്ളു .

ചണ്ണഴി മൂസദ് ബ്രദേഴ്സിൽ രണ്ടാമൻ. മട്ടന്നൂർ മധുസൂദനൻ തങ്ങളുടെ പൗത്രിയും കല്ലൂർ നാരായണൻ



*പ്രൊഫ: ബലറാം മൂസത്, സഹധർമ്മിണി പാർവ്വതി, കുട്ടികളായ സുഷമ, സുധീർ, സൂരജ് (വർഷങ്ങൾക്ക് മുമ്പുള്ള ചിത്രം )*

കം മുസ്ളീം വീട്ടുകാർ തങ്ങളുടെ സകല സ്വത്തുക്കളും ഉപേക്ഷിച്ച് രായ്ക്കുരാമാനം നാടുവിട്ടിരുന്നു . ഒരു ചെറുവിഭാഗത്തിന്റെ ക്രൂരതക്ക് ഒട്ടനവധി നിരപരാധികളും ബലിയാടായ അവസ്ഥ .ഈ സ്ഥിതി സ്ഫോടനാത്മകമായിരുന്നു .സമാധാനവും ശാന്തതയും തിരിച്ചു കൊണ്ടുവന്നില്ലെങ്കിൽ നാടും നഗരവും ഏതു നിമിഷവും ചാമ്പലായേക്കാം .

സർവോദയ പ്രവർത്തകർ ഒത്തുചേർന്നു. സർവമതപ്രാർത്ഥനകൾ ആലപിച്ചു. വെടിവെപ്പുകൾക്കും വാളുകളുടെ സീൽക്കാരങ്ങൾക്കുമപ്പുറത്ത് രഘുപതിരാഘവ രാജാറാം അറബിക്കടലോരത്ത് മുഴങ്ങി . മൂന്നു മാസക്കാലം അവിടെ സർവോദയ ക്യാമ്പ് നടന്നു .സർക്കാറിന്റെ അഭ്യർത്ഥനയനുസരിച്ചാണ് ഈ ഭാരിച്ച പ്രവർത്തനം ഗാന്ധിയന്മാർ ഏറ്റെടുത്തത് .മതത്തിനും കക്ഷിരാഷ്ട്രീയത്തിനും അതീതമായി ചിന്തിക്കുന്നവരുടെ കൂട്ടായ്മയായി മാറാട് മൈത്രി കർമ്മസമിതി രൂപീകരിച്ചു . പ്രവർത്തനങ്ങൾക്കാവശ്യമായ പണം സ്വരൂപിച്ച് നൽകാൻ സംഘടനകളുടെ പങ്കാളിത്തത്തോടെ മാറാട് മൈത്രി സഹായ സമിതിയും നിലവിൽ വന്നു .മൈത്രി കർമ്മസമിതിയുടെ ക്യാമ്പിന്റെയും സഹായ സമിതിയുടെയും കോർഡിനേറ്റർ സി .കൃഷ്ണൻ മൂസായിരുന്നു. ഒരു ജോലിയേക്കാൾ ശുഷ്ക്കാന്തിയോടെ രാവിലെകളിൽ മൂസ് മാഷ് മാറാട് കടപ്പുറത്തെത്തി .കണക്കുകളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു . സർവോദയ പ്രവർത്തകർ മാറാട്ട് സാന്ത്വനത്തിന്റെ സന്ദേശവാഹകരായി .കലാപത്തിൽ എല്ലാം നഷ്ടപ്പെട്ട ഹൈന്ദവ കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നുള്ള ധനസഹായം പെട്ടെന്ന് തന്നെ ലഭ്യമാക്കി .അതോടൊപ്പം വീടുകളൊഴിഞ്ഞു പോയ മുസ്ളീം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് തുടക്കമിട്ടു .പേടി മൂലം സ്വന്തം വീടുകളിലേക്ക് പോവാൻ പറ്റാതിരുന്ന പലരുടെയും കൂടെ ചെന്ന് അത്യാവശ്യ സാധനങ്ങളുടെ കിറ്റ് നൽകി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നത് ഏറ്റവും വലിയ സേവനമായാണ് മൂസ് മാഷും സർവോദയ പ്രവർത്തകരും കണ്ടത് .

# ഇവിടെ മാഷായി



*സി കൃഷ്ണൻ മൂസ്, സഹധർമ്മിണി പാർവ്വതി അന്തർജനം*

തങ്ങളുടെ പുത്രിയുമായ പാർവ്വതി അന്തർജനമാണ് സഹധർമ്മിണി . മൂന്ന് മക്കൾ. അധ്യാപികയായ മൂത്തമകൾ ജ്യോതിയെ വിവാഹം കഴിച്ചത് കണ്ണഞ്ചേരി പന്നിക്കാട്ട് ഇല്ലം രാജേന്ദ്രനാണ് .ചാർട്ടേർഡ് എക്കൗണ്ടന്റ് ആയിരുന്ന ഇദ്ദേഹം സി എ ഇൻസ്റ്റിറ്റ്യൂട്ടിലെ അധ്യാപകനുമായിരുന്നു .ഒപ്പം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറി (IIM) ലും നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ( NIT ) യിലും കോഴിക്കോട് സർവ്വകലാശാലയിലും ഫിനാൻഷ്യൽ മാനേജ്മെന്റിൽ ഗസ്റ്റ് ഫാക്കൽട്ടി ആയി രാജേന്ദ്രൻ സാർ പ്രവർത്തിച്ചു .കുടുംബമായി വർഷങ്ങളോളം വിദേശത്തും ഉണ്ടായിരുന്നു. കോഴിക്കോട്ട് എരഞ്ഞിപ്പാലത്താണ് ജ്യോതിയുടെ വസതി.

കൃഷ്ണൻ മൂസിന്റെ മകൻ സുരേഷ് കുമാർ. തളിപ്പറമ്പ് എളേടത്ത് കോളശ്ശേരി ഗായത്രിയാണ് സുരേഷ് കുമാറിന്റെ സഹധർമ്മിണി . പാരമ്പര്യ ബിസിനസ്സിൽ മൂസ് സാറിനെ സഹായിച്ചു കൊണ്ട് മലാപ്പറമ്പ് 'തുളസി'യിൽ ഒന്നിച്ച് താമസിക്കുന്നു .ഒട്ടേറെ ക്ലോക്കുകളും വാച്ചുകളും ഉൾപ്പെട്ട ആന്റിക് കലക്ഷൻ സുരേഷ് കുമാറിനുണ്ട് . സുരേഷ് കുമാർ - ഗായത്രി ദമ്പതിമാരുടെ മകൻ ആനന്ദ് ബി.കോം ഫൈനൽ വിദ്യാർത്ഥി.

മൂസ് മാഷിന്റെ ഇളയ മകളായ ഇന്ദിര ആലുവ വള്ളോപ്പള്ളി ഇല്ലത്തെ വി.എസ്. എസ് നമ്പൂതിരി (റിട്ട. ചീഫ് ജനറൽ മാനേജർ ഒ എൻ ജി സി) യുടെ പത്നിയാണ്.ഇവർക്ക് 2 മക്കൾ . മകൻ സഞ്ജയ് ബാംഗളൂരിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നു. പ്രശസ്ത മജിഷ്യനും മെന്റലിസ്റ്റുമാണ്. മകൾ ശ്രുതി ചെന്നൈയിൽ എൻജിനീയറിംഗ് ബിരുദം പൂർത്തിയാക്കി .

ശബരിമല യാത്ര, ഗാന്ധിസന്ദേശം, സ്വാമി രാമ, കുടുംബമിത്രം, ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം, ശരീരശാസ്ത്രവും പ്രകൃതി ജീവനവും, ആദി ശങ്കരനും ഹിമാലയൻ യോഗികളും, സാംസ്കാരിക പൈതൃകത്തിലേക്ക് ഒരെത്തിനോട്ടം..

കോട്ടക്കൽ രാജാസ് ഹൈസ്കൂളിലും തലശ്ശേരി ബ്രണ്ണൻ, പാലക്കാട് വിക്ടോറിയ കോളജിലുമായിരുന്നു കൃഷ്ണൻ മൂസിന്റെ വിദ്യാഭ്യാസം .

ചുളിവീഴാത്ത ഖദർ മുണ്ടും ഷർട്ടും. ഗാന്ധിയനെന്നടയാളപ്പെടുത്താൻ മൂസ് മാഷെ ഒരു പ്രാവശ്യം കണ്ടാൽ മതി . വാക്കിൽ മിതത്വം .കൃത്യതയും കൃതകൃത്യതയും സി കൃഷ്ണൻ മൂസ് എന്ന ആൾരൂപമായി മാറി.



മൂസദ് സഹോദരങ്ങളിൽ മൂത്തയാൾ നാരായണൻ മൂസ് ,സഹധർമ്മിണി ഭാമാദേവി അന്തർജനം



ജസ്റ്റീസ് വി ബാലകൃഷ്ണൻ ഏറാടി, സഹധർമ്മിണി സരസ്വതി.. ഡൽഹിയിലെ വസതിയിൽ




പ്രൊഫ: ബലരാം മൂസദിനെ പ്പറ്റി കൊല്ലം ഫാത്തിമ്മ മാതാ കോളേജ് സുവനീറിൽ

മാറാട് കലാപത്തിന് പ്രതികാരങ്ങളുടെ തുടർച്ചകൾ ഉണ്ടായില്ല എന്നതു തന്നെയാണ് ഇവരുടെ സേവനങ്ങൾക്കുണ്ടായ വിജയം . വിദ്വേഷത്തിന്റെ തീക്കനലുകൾ നീക്കി നാട്ടിൽ സമാധാനം പുന:സ്ഥാപിച്ച സർവോദയ നേതാക്കളെ പൊതുസമൂഹം ആദരവോടെയാണ് നോക്കിക്കണ്ടത് .ഇവരെ ആദരിക്കാൻ കോഴിക്കോട്ടുകാർ ടൗൺ ഹാളിൽ വിളിച്ചു ചേർത്ത പൊതുസമ്മേളനം ഉൽഘാടനം ചെയ്തത് സുരേഷ് ഗോപിയായിരുന്നു .

സി കൃഷ്ണൻ മൂസിന്റെ കാഴ്ചകൾക്ക് മങ്ങലേ ഇല്ല .കണ്ട് മടുത്തിട്ടുമില്ല .എല്ലാം സുവ്യക്തം .മൂസ് മാഷിന്റെ വീടായ കോഴിക്കോട് മലാപ്പറമ്പിലെ തുളസിയിൽ ഇന്നും കണ്ണട പടിക്ക് പുറത്താണ് .

തൊണ്ണൂറ്റഞ്ച് പിന്നിടുമ്പോഴും മാഷിന്റെ കണക്കു പുസ്തകത്തിൽ കടബാധ്യതകളുടെ ചുവപ്പു മഷി ഇന്നു വരെ പുരണ്ടിട്ടില്ല. ഭക്ഷണത്തിൽ ചുവന്ന മുളക് തൊടാറുമില്ല.പ്രകൃതിചികിത്സയുടെ വക്താവും പ്രയോക്താവുമാണ് മൂസ് മാസ്റ്റർ. ആത്മസുഹൃത്ത് പ്രശസ്തനായ സി ആർ ആർ വർമ്മയുടെ കൂടെ ഒട്ടനവധി പ്രകൃതിചികിത്സാ ക്യാമ്പുകൾക്ക് മാസ്റ്റർ നേതൃത്വം നൽകി. നേത്രവ്യായാമവും യോഗയും മാഷിന്റെ നിത്യകർമ്മങ്ങൾ.

മങ്ങത്തായ കൃഷ്ണൻ നമ്പൂതിരിയും എൻ ആർ നമ്പൂതിരിയും ജില്ലാ ഭാരവാഹികളായിരിക്കുമ്പോഴാണ് കൃഷ്ണൻ മൂസ് യോഗക്ഷേമസഭ യുമായി ബന്ധപ്പെടുന്നത് . യോഗക്ഷേമസഭയുടെ പത്താമത്തെ സംസ്ഥാന സമ്മേളനം 1987 ൽ കോഴിക്കോട്ട് വെച്ചാണ് നടന്നത്. സാമൂതിരി ഹൈസ്ക്കൂളും ഗായത്രി കല്യാണമണ്ഡപവുമായിരുന്നു വേദികൾ .കൃഷ്ണൻ മൂസദ് ,മക്കാട് മാധവൻ നമ്പൂതിരി ,എം സി വാസുദേവൻ നമ്പൂതിരി ,മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ,എ പി നമ്പൂതിരി എന്നിവരടങ്ങുന്ന ടീം ആണ് സമ്മേളനത്തിന് നേതൃത്വം നൽകിയത് .കൃഷ്ണൻ മൂസദിന്റെ സംഘടനാപാടവം സംസ്ഥാന സമ്മേളനത്തെ അവിസ്മരണീയമാക്കി .എല്ലാ ചിലവും കഴിഞ്ഞ് നാല്പതിനായിരത്തിലധികം രൂപ മിച്ചം പിടിക്കാൻ അന്നത്തെ കമ്മിറ്റിക്കു കഴിഞ്ഞു .ഇതിനെപ്പറ്റി കൃഷ്ണൻ മൂസദ് ഇങ്ങിനെ പറഞ്ഞു  ഒന്നും എന്റെ മിടുക്കല്ല .സംസ്ഥാന സമ്മേളനം നടത്തിപ്പിന് നല്ലൊരു ടീം ഉണ്ടായി .അന്നത്തെ സ്വാഗത സംഘം ചെയർമാനായിരുന്നു ഞാൻ.ജനറൽ കൺവീനർ മക്കാട് മാധവൻ നമ്പൂതിരി .രക്ഷാധികാരിമാർ എ കെ ടി കെ എം ഗുപ്തൻ നമ്പൂതിരിപ്പാടും ഒ എം സി നാരായണൻ നമ്പൂതിരിപ്പാടും . പ്രഗത്ഭരായ പല നമ്പൂതിരിമാരും അന്ന് ഞങ്ങളുടെ കൂടെ ഇറങ്ങി .ഡി വി (ദേശമംഗലം) നമ്പൂതിരിപ്പാട് ,ഡോക്ടർ ഒ എൻ (ഒളപ്പമണ്ണ ) വാസുദേവൻ ,മക്കാട് മാധവൻ നമ്പൂതിരി എന്നിവർക്കൊക്കെ മലബാറിലും പുറത്തും നല്ല സ്വാധീനവും സ്വീകാര്യതയും ഉണ്ടായിരുന്നു . സൽപ്പേരുള്ള ബിസിനസ്സുകാരായ ഇവരൊക്കെ ചോദിക്കുമ്പോൾ എങ്ങിനെ സംഭാവന കിട്ടാതിരിക്കും? .ജനറൽ കൺവീനർ മക്കാട് മാധവൻ നമ്പൂതിരിയുടെയും ഫിനാൻസ് കൺവീനർ ആയിരുന്ന ഡോക്ടർ ഒ എൻ വാസുദേവന്റെയും നിഷ്ക്കർഷ തന്നെയാണ് കാരണം . അതുപോലെ ഫുഡ് കമ്മിറ്റിയെ നിയന്ത്രിച്ച പരേതനായ എം സി വാസുദേവൻ നമ്പൂതിരിയെയും പ്രത്യേകം റഫർ ചെയ്യണം .

## ഇംഗ്ലീഷ് ഗൈഡുകളുടെ അവസാന വാക്ക്

The man we call the Best professor and the beacon of Many.

മൂസദ് ബ്രദേഴ്സിലെ ഇളയ ആളാണ് ബലരാമൻ മൂസത് .അതിസമർത്ഥനായ വിദ്യാർത്ഥിയായിരുന്നു ബലരാമൻ. പഠനശേഷം ഏട്ടന്മാരുടെ കൂടെ പാലക്കാട് എം ബി യിൽ പേരുകേട്ട അധ്യാപകനായി .അക്കാലത്ത് 'മലയാളി' എന്ന മാസികയും ബലരാമൻ മൂസത് നടത്തിയിരുന്നു .എം ടി സ്ഥിരമായി 'മലയാളി'യിൽ എഴുതുമായിരുന്നു ജോലിയായി ഒറീസയിൽ ആയിരുന്ന ബലരാമിനെ ,അദ്ദേഹത്തിന്റെ കഴിവുകൾ തിരിച്ചറിഞ്ഞ ഒരു മലയാളി കേരളത്തിലേക്കു ക്ഷണിച്ചു . കൊല്ലം ഫാത്തിമ്മാമാതാ കോളേജിലെ അധ്യാപകനായി വരാനായിരുന്നു ആ ക്ഷണം . അവിടെ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറും ഡിപാർട്ട്മെന്റ് തലവനും ആയി വർഷങ്ങളോളം സേവനമനുഷ്ഠിച്ചു ബലരാം സാർ . ആയിരക്കണക്കിന് ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായി .സുരേഷ് ഗോപിയും മുകേഷും എല്ലാം അന്നവിടെ സാറിന്റെ വിദ്യാർത്ഥികളായിരുന്നു .

പ്രീ ഡിഗ്രി ,ഡിഗ്രി ഇംഗ്ലീഷ് ക്ലാസുകൾക്ക് സഹായകമായ ഗൈഡുകളിൽ ഏറ്റവും പോപ്പുലർ ബലരാമൻ സാറിന്റെ പുസ്തകങ്ങളായിരുന്നു .

ഇംഗ്ലീഷിന്റെ എല്ലാ സൗന്ദര്യങ്ങളും നിറയുന്ന ഗംഭീര ക്ലാസുകളായിരുന്നു ബലരാമൻ സാറിന്റേതെന്ന് വിദ്യാർത്ഥികൾ ഒന്നടങ്കം പറയുമായിരുന്നു .God Sent as a great and natural Teacher എന്നാണ് ബലരാം സാറെപ്പറ്റി ഫാത്തിമ്മമാതാ കോളേജ് അധികൃതർ രേഖപ്പെടുത്തിയത് . മൂസദ് ബ്രദേഴ്സിലെ മൂത്ത സഹോദരനായ നാരായണൻ മൂസ് കൃഷിയും അംശം അധികാരിയുമായി നാട്ടിൽ തന്നെയായിരുന്നു .കുറച്ചു കാലം അധ്യാപകനായി ജോലി നോക്കി . മട്ടന്നൂർ മധുസൂദനൻ തങ്ങളുടെ മകളാണ് നാരായണൻ മൂസദിന്റെ സഹധർമ്മിണി ഭാമാദേവി.സുമതി ,സുകുമാരൻ, മധുസൂദനൻ, ഭാരതി ,മീര എന്നിവരാണ് മക്കൾ .

കടപ്പാട്: സി.കെ. മൂസദിന്റെ വിവരങ്ങൾ ലേഖനമായി സ്വസ്തിക്ക് നൽകിയത് അദ്ദേഹത്തിന്റെ മകനായ ഉദയകുമാറും, മരുമകൻ ഉണ്ണിക്കൃഷ്ണൻ നമ്പൂതിരിയും. ഫീച്ചറിലെ മറ്റു വിവരങ്ങൾ നൽകിയത് സി കൃഷ്ണൻ മൂസ്, മകൻ സുരേഷ് കുമാർ.

**സി കൃഷ്ണൻ മൂസ്: 04952371212,സുരേഷ് കുമാർ: 9847259334**
**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി 9446791722**

## ആ ഇല്ലപ്പെരുമ വല്ലാത്തൊരു പെരുമ തന്നെ !

# രണ്ടു കളത്രങ്ങളുണ്ടായിട്ടും...

ഇല്ലപ്പെരുമ വായിച്ചിട്ട് മതിയായില്ല. ഉണ്ണിയായിരുന്ന സമയത്ത് അമ്മാത്ത് ധാരാളം പോവുമായിരുന്നു .മുത്തച്ഛൻ ഉണ്ടാക്കുന്ന പൊടിയരിക്കഞ്ഞി കുറച്ച് ബാക്കി ഉണ്ടാവും .അത് കുട്ടികളായ ഞങ്ങൾക്കും കിട്ടും .ആ കഞ്ഞിയുടെ സ്വാദ് പിന്നെയും പകർന്നു തന്നതിന് നന്ദി. ഇല്ലപ്പെരുമ വായിച്ചപ്പോഴാണ് ഞങ്ങളുടെ മുത്തച്ഛന്റെ വലിപ്പം ശരിക്കും മനസ്സിലായത് .

**പാടേരി നവീൻ നമ്പൂതിരിപ്പാട്.** (മുണ്ടക്കാശ്ശീരി നീലകണ്ഠൻ നമ്പൂതിരിയുടെ പൗത്രൻ) മൊബൈൽ:9496462078



*കഴിഞ്ഞ ലക്കത്തിൽ വന്ന മുണ്ടക്കാശ്ശീരി നീലകണ്ഠൻ നമ്പൂതിരിയും രണ്ടു കളത്രങ്ങളും*

ലോക്ഡൗണിൽ അടച്ചിടപ്പെടുമ്പോൾ വായിക്കാൻ സമൃദ്ധമായ വിഭവങ്ങളോടെയാണ് ഈ വിഷുപ്പതിപ്പ് തപാലിൽ എത്തിയത്.

വാഴയൂർ മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ. ഇല്ലപ്പെരുമ- വിനോദ് മങ്ങത്തായയുടെ സുദീർഘമായ ലേഖനം. സർവ്വശ്രീ രുദ്രൻ, നീലകണ്ഠൻ, നാരായണൻ, കേശവൻ എന്നിവരെക്കുറിച്ച് അവർ തങ്ങളുടെ ഇല്ലത്തിന്റെ യശസ്സുയർത്തുന്നതിൽ ഏറെ പങ്ക് വഹിച്ചവരാണ്. ഗുരുവായൂരപ്പ ഭക്തനും, ഭാഗവത പാരായണക്കാരനുമായിരുന്ന നീലകണ്ഠൻ നമ്പൂതിരിയുടെ ഗാർഹസ്ഥ്യം, ആദ്യത്തേത് ജാനകി മാരാരസ്യാരായും രണ്ടാമത് സ്വസമുദായത്തിൽ നിന്ന് സാവിത്രിയുമായും വിവാഹജീവിതം. കളത്രങ്ങൾ ഇരുവരുടെയും മക്കളെല്ലാവരും ഏകോദര സഹോദരന്മാരെപ്പോലെയാണ് ജീവിച്ചിരുന്നതെന്നറിഞ്ഞപ്പോൾ ഏറെ കൗതുകവും അത്ഭുതവും തോന്നി. 'രണ്ടു കളത്രത്തെയുണ്ടാക്കി വെക്കുന്ന തണ്ടുതപ്പിക്ക് സുഖമില്ല ഒരിക്കലും' എന്ന് കുഞ്ചൻ നമ്പ്യാർ. എന്നാലതിന് വിപരീതമായി സംബന്ധത്തിലും വേളിയിലുമുള്ള സന്തതികളെ യഥോചിതം വളർത്തി വലുതാക്കാൻ കാണിച്ച അദ്ദേഹത്തിന്റെ മഹാമനസ്കത ശ്ലാഘനീയം തന്നെ.



*കാവനാടിന്റെ കപ്പൽയാത്രയെക്കുറിച്ചുള്ള കുറിപ്പ്*

ആദ്യം വായിച്ചത് ഭൂമിയുടെ അതിർത്തി തൊട്ട കാവനാടിന്റെ കപ്പൽയാത്രയായിരുന്നു. കേട്ടാൽ അവിശ്വസനീയം. വായിച്ചപ്പോൾ അത്ഭുതവും അഭിമാനവും തോന്നി. കരകാണാ കടലിലൂടെ ഭൂമിയുടെ അതിർത്തിയിലേക്ക് ദീർഘനാളത്തെ നീണ്ട ദൂരയാത്ര. കാവനാട് ശങ്കരനാരായണൻ-രജനി ദമ്പതികൾ നടത്തിയ അന്റാർട്ടിക്ക യാത്രയെക്കുറിച്ച് പത്മനാഭൻ തയ്യാറാക്കിയ ഫീച്ചർ നല്ലൊരനുഭവമായി. സാഹസികമായ കൈലാസ പരിക്രമണത്തിനുശേഷം ദുഷ്കരമായ- ആൾതാമസമില്ലാത്ത, ജലം ഉറച്ചു മഞ്ഞുമൂടിക്കിടക്കുന്ന അന്റാർട്ടിക്ക ദ്വീപുകളിലേക്കുള്ള യാത്ര- ദിവസങ്ങളോളം കപ്പലിൽ. ചുറ്റും ആർത്തിരമ്പുന്ന കടൽ. എത്തിപ്പെടുന്ന സ്ഥലമോ കൊടും തണുപ്പ്. യാത്രാനുഭവങ്ങൾ വായനക്കാരുമായി പങ്കുവെച്ചത് നന്നായി.



*കഴിഞ്ഞ ലക്കത്തിൽ വന്ന മോഴികുന്നം കുറിപ്പ്*

1921 ലെ ഖിലാഫത്ത് (മാപ്പിളലഹള) പ്രസ്ഥാനത്തിൽ കലാപത്തിൽ പങ്കാളിയായെന്നതിന്റെ പേരിൽ ബ്രിട്ടീഷ് പട്ടാളക്കാരാൽ ക്രൂരമായ ശിക്ഷാനടപടികൾക്ക് വിധേയമായ ശ്രീ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയെക്കുറിച്ച് (എന്റെ പൊറോത്തപ്ഫൻ) ജയിൽവാസവും തീണ്ടിത്തിന്നലും മൂലം സമുദായത്തിൽ നിന്ന് ഭ്രഷ്ഠാക്കപ്പെട്ട അപ്ഫന്റെ ഓർമ്മക്ക് ഒരു നൂറ്റാണ്ട്. ജയിൽമോചിതനായി, കുറ്റവിമുക്തനായി വന്നതിനു ശേഷം പട്ടാമ്പിയിലായിരുന്നു താമസം. അക്കാലത്ത് അമ്പതുകളിൽ ഞാൻ അമ്മയോടൊപ്പം ഗുരുവായൂർ ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ പുഴയോരത്തെ അദ്ദേഹത്തിന്റെ താമസസ്ഥലത്തു പോയി കാണാറുണ്ടായിരുന്നു. തറവാട്ടിൽ നിന്നും പുറത്താക്കപ്പെട്ടശേഷം, ക്രിയാദികൾക്ക് കാറൽമണ്ണ ഇല്ലക്കാർ സഹകരിക്കില്ലെന്ന് പറഞ്ഞപ്പോൾ മുത്തശ്ശൻ അപ്ഫനോട്.... പൊറോത്താ നീയിനി ഇവിടെ ഇങ്ങനെ താമസിച്ചാൽ പറ്റില്ല. അങ്ങിനെ അപ്ഫൻ പോയി. പിന്നീട് പുത്തനാൽക്കൽ ഉച്ചാറൽ വേല ദിവസം അമ്മയെ തൊഴുകാൻ അദ്ദേഹം വരാറുണ്ടായിരുന്നു. ഒത്ത തടിയും ഉയരവുമുള്ള, ആജാനുബാഹുവായ അദ്ദേഹത്തിന്റെ തലയെടുപ്പും തീക്ഷ്ണമായ കൺകളും, കാര്യപ്രാപ്തിയും. ഇതിനെക്കുറിച്ച് മുത്തശ്ശിമാർ പറഞ്ഞു കേട്ടിട്ടുണ്ട്.



*പുതുവായ അഷ്ടമൂർത്തി നമ്പൂതിരിയെ കുറിച്ച് വന്നത്*

കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പേരിലുള്ള പുരസ്കാരം ലഭിച്ച പുതുവായ അഷ്ടമൂർത്തിയുടെ ചിരിക്കുന്ന മുഖത്തോടെയുള്ള ചിത്രവും, വിവരവും കണ്ടപ്പോൾ സന്തോഷം തോന്നി. കൈപ്പറമ്പ് കുറൂരെ മരുമകനായ അദ്ദേഹത്തെ അവിടെവെച്ച് കണ്ടിട്ടുണ്ട്. ആറു പതിറ്റാണ്ടിലധികം കാലമായി സാമൂഹ്യരംഗത്ത് വായനശാല, സഹകരണ ബാങ്ക്, ശാസ്ത്രസാഹിത്യ പരിഷത്ത്, ജൈവകൃഷി എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തനനിരതനായ പുരസ്കൃതന് അനുമോദനം.

നമ്മുടെ സമുദായത്തിലെ വിവിധ മേഖലകളിലെ വ്യക്തികളുടെ ജീവിതാനുഭവങ്ങളുടെ നേർച്ചിത്രങ്ങൾ പരാമർശിക്കുന്ന വായനാ വിഭവങ്ങൾ നൽകിയ സ്വസ്തിയുടെ അണിയറ ശില്പികൾക്ക് അഭിനന്ദനം.

**മോഴികുന്നം ദാമോദരൻ**
ചെർപ്പുളശ്ശേരി പിൻ: 679503
മൊബൈൽ: 8547428630

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"

**ആദ്യകാലകമ്യൂണിസ്റ്റു പ്രവർത്തകൻ. പിൽക്കാലത്ത് എത്തിപ്പെട്ടത് ആർ.എസ്.എസ്സിൽ. നിഷ്ഠയായി ഡയറിയെഴുതുന്ന ആൾ. എന്നാൽ എഴുതിയ സാഹിത്യകൃതികളൊന്നും സമാഹരിക്കാത്ത ആൾ. ചെറുകാടും ഉറൂബുമൊക്കെ സുഹൃത്തുക്കൾ. അതേ സൗഹൃദം സാധാരണക്കാരുമായും. നാട്ടുകാർക്ക് തമ്പാൻ ബന്ധുക്കൾക്കിടയിൽ നമ്പിയും നമ്പിയേട്ടനും.**

# കരിക്കാടിന്റെ വിസ്മയം!

ഔദ്യോഗികവിദ്യാഭ്യാസം പൂജ്യമായിരുന്നു. എന്നാൽ പത്നിയോ ടി.ടി.സിയുടെ സംസ്ഥാന റാങ്ക് ഹോൾഡർ. ഈ വൈരുദ്ധ്യം യശശ്ശരീരനായ മാങ്ങോട്ടശ്ശേരി ശാസ്ത്രശർമ്മൻ നമ്പൂതിരിപ്പാടിന്റെ ജീവിതത്തിലുടനീളം കാണാം. ആദ്യകാലകമ്യൂണിസ്റ്റു പ്രവർത്തകൻ. പിൽക്കാലത്ത് എത്തിപ്പെട്ടത് ആർ.എസ്.എസ്സിൽ. നിഷ്ഠയായി ഡയറിയെഴുതുന്ന ആൾ. എന്നാൽ എഴുതിയ സാഹിത്യകൃതികളൊന്നും സമാഹരിക്കാത്ത ആൾ. പ്രശസ്തിയുടെ വഴിയേ പോവാൻ ശ്രമിക്കാത്ത ആൾ. ചെറുകാടും ഉറൂബുമൊക്കെ സുഹൃത്തുക്കായിരുന്നു. അതേ സൗഹൃദം സാധാരണക്കാരുമായും.നാട്ടുകാർക്ക് തമ്പാൻ ബന്ധുക്കൾക്കിടയിൽ നമ്പിയും നമ്പിയേട്ടനും.



*മാങ്ങോട്ടശ്ശേരി ശാസ്ത്രശർമ്മൻ നമ്പൂതിരിപ്പാടും പത്നി ലീലാ അന്തർജനവും*

കരിക്കാടിന്റെ ചരിത്രത്തിലും ഏറനാടിന്റെ രാഷ്ട്രീയസാമൂഹ്യഭൂപടത്തിലും മലയാളസാഹിത്യത്തിന്റെ ഇതിഹാസപരാമർശങ്ങളിലും വളരെയേറെ ചർച്ചചെയ്യപ്പെട്ട ഒരു പേരാണ് ശാസ്ത്രശർമ്മൻ നമ്പൂതിരിപ്പാടിന്റേത്.

മാങ്ങോട്ടശ്ശേരി നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെയും സാവിത്രിഅന്തർജനത്തിന്റെയും നാലാമത്തെ മകനായി 1918 ഒക്ടോബർ 16- ആം തീയതി ജനനം. ഔദ്യോഗികവിദ്യാഭ്യാസം നേടിയിരുന്നില്ലെങ്കിലും നല്ലൂർ വാസുനമ്പീശൻ, കരിക്കാട് നാരായണൻ മാസ്റ്റർ എന്നിവരുടെ ശിക്ഷണത്തിൽ അദ്ദേഹം മലയാളവും ഇംഗ്ലീഷും ഹിന്ദിയും ഭംഗിയായി കൈകാര്യം ചെയ്തിരുന്നു.

വി.ടി, എം.ആർ.ബി, ഇ.എം.എസ്. എന്നിവർക്കൊപ്പം യോഗക്ഷേമസഭയിലും കമ്യൂണിസ്റ്റുപ്രസ്ഥാനത്തിലും. ആദ്യകാലപ്രവർത്തനമണ്ഡലം മുഖ്യമായും തൃശ്ശൂരായിരുന്നു.അവിടെ വെച്ചാണ് അക്കിത്തവുമായി പരിചയപ്പെടുന്നത്. സാഹിത്യാഭിരുചിയെ വികസിപ്പിച്ചതും അതാണ്. അവരുടെ സൗഹൃദസന്ദർശനങ്ങളും സാഹിത്യചർച്ചകളും ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം എന്ന തലക്കെട്ട് ഉറപ്പിക്കുന്നതുവരെ എത്തിയിരുന്നു.

ആദ്യകാലകമ്യൂണിസ്റ്റുപ്രവർത്തനത്തിൽ സഖാവ് പി.എൻ.കരിക്കാട്, സഖാവ് അനന്തൻചെട്ടിയാർ എന്നിവർക്കൊപ്പം പ്രവർത്തിക്കുകയും അറസ്റ്റു വരിക്കുകയുമുണ്ടായി. അതിനുള്ള പ്രായശ്ചിത്തം ചെയ്താണ് ഭ്രഷ്ടിൽനിന്ന് രക്ഷപ്പെട്ടത്. കരിക്കാട് ഗ്രന്ഥശാല, ഗ്രാമസേവാസമിതി എന്നിവയുടെ പ്രവർത്തനങ്ങളിൽ മുൻ നിരയിലുണ്ടായിരുന്നു. 1965 ലെ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ കരിക്കാടിനെ പ്രതിനിധീകരിക്കാൻ നാട്ടുകാർ ആവശ്യപ്പെട്ടെങ്കിലും സ്ഥാനാർത്ഥിയാവാൻ സുഹൃത്തായ പി.എൻ.കരിക്കാടിന്റെ പേര് നിർദ്ദേശിച്ച് പിൻവാങ്ങുകയാണുണ്ടായത്.

ശാസ്ത്രശർമ്മൻ കരിക്കാട് എന്ന പേരിൽ കഥകളും ലേഖനങ്ങളും എഴുതിത്തുടങ്ങിയ നമ്പൂതിരിപ്പാട്, ഏറനാടിനു പുറത്തേയ്ക്കും ശ്രദ്ധിക്കപ്പെട്ടു.ദേശാഭിമാനി, ജയകേരളം തുടങ്ങിയ പത്രമാസികകളിൽ എഴുതിയിരുന്ന അദ്ദേഹം ചെറുകാട്,എ.പി.പി നമ്പൂതിരി, ഉറൂബ് എന്നിവരുമായി സൗഹാർദ്ദം സ്ഥാപിച്ചു. ഒരു ചുവന്നതോൾസഞ്ചിയും തൂക്കി കയറിവന്ന് പൂമുഖത്തിരുന്ന് മണിക്കൂറുകളോളം സൊറപറയാറുള്ള ചെറുകാടിന്റെ ചിത്രം ശാസ്ത്രശർമ്മന്റെ മകനും കഥാകൃത്തും ആയ അനിയൻ മാങ്ങോട്ടിരിയുടെ ബാല്യകാലസ്മരണകളിൽ ഉണ്ട്.

സമുദായത്തിലെ അംഗീകൃതവ്യക്തിത്വം എന്നനിലയിൽ ഏറ്റെടുക്കേണ്ടിവന്ന കർത്തവ്യങ്ങൾ നിരവധിയാണ്. നടുവത്ത് മനയിലും കിടങ്ങഴിമനയിലും കാര്യസ്ഥത, കുടുംബവ്യവഹാരങ്ങളിൽ മധ്യസ്ഥത, ക്ഷേത്രകാര്യങ്ങളിൽ നേതൃത്വം. കരിക്കാട് ദേവസ്വം സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചു.

പൊതുപ്രവർത്തനത്തിന്റെ ഉത്തരാർദ്ധത്തിൽ, രാഷ്ട്രീയനിലപാടിൽ പ്രകടമായദിശാമാറ്റം സംഭവിച്ചു. ശേഷം തപസ്യ, ആർ.എസ്.എസ് എന്നീ സംഘടനകളോടായി അനുഭാവം. പരമേശ്വർജിയെപ്പോലുള്ള പ്രശസ്തർ അദ്ദേഹത്തെ സന്ദർശിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ വസതിയിൽവെച്ച് സംഘടിപ്പിച്ച യോഗത്തിലും പങ്കെടുത്തിട്ടുണ്ട്. അത് മലപ്പുറം ജില്ലയുടെ രൂപീകരണചർച്ചകൾ നടക്കുന്നകാലത്ത് അതിനെതിരെയുള്ള ഒരു നീക്കമായിരുന്നു. മാത്രമല്ല, ശ്രീരാമകൃഷ്ണാശ്രമത്തിൽ നിന്നും സന്യാസം സ്വീകരിച്ച പ്രകാശാനന്ദസ്വാമികൾ അദ്ദേഹത്തിന്റെ ആത്മീയ മാർഗ്ഗദർശിയുമായിരുന്നു.

ഡയറിഎഴുതുന്ന ശീലമുണ്ടായിരുന്ന നമ്പൂതിരിപ്പാട് സ്വന്തം കഥകളും ലേഖനങ്ങളും കുറിപ്പുകളും സമാഹരിച്ചിട്ടില്ല.1999 ഒക്ടോബർ 5നു സ്വന്തം കർമ്മക്ഷേത്രത്തിൽ നിന്ന് വിടപറഞ്ഞു.നമ്പൂതിരിപ്പാടിന്റെ പത്നി പരേതയായ ലീലാഅന്തർജനം പുന്നപ്പാലപാതിരിശ്ശേരി നാരായണൻ നമ്പൂതിരിപ്പാടിന്റെ മകളാണ്. ഗ്രാമത്തിലെ വിദ്യാസമ്പന്നയായ പ്രഥമഅന്തർജനവും ടി.ടി.സി- യിൽ സംസ്ഥാന റാങ്ക് ജേതാവും ആയ ശ്രീമതി ലീലാ അന്തർജനം പ്രധാനാദ്ധ്യാപികയായി സേവനത്തിൽ നിന്നു പിരിഞ്ഞു.

ലീലാശാസ്ത്രശർമ്മൻ ദമ്പതികളുടെ മകൾ സാവിത്രി വിവാഹശേഷം കുടുംബിനിയായിരിക്കെ അകാലത്തിൽ യാത്രപറഞ്ഞു. മൂത്തമകൻ ദേവൻനമ്പൂതിരിപ്പാട് സർക്കാർ സേവനത്തിൽ നിന്നുവിരമിച്ചു. രണ്ടാമത്തെ മകൻ നാരായണൻ നമ്പൂതിരിപ്പാട് തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ (VSSC) ഡെപ്യൂട്ടി ഡയറക്ടർ ആണ്. ●

***പി. എൻ. വിജയൻ***

## നമ്പൂതിരിപ്പഴമയിൽ നിന്ന്

# ഒരു വടക്കൻ വേളിഗാഥ

**എം.പി.നങ്ങേലി അന്തർജനം**

- **വേളിക്ക് ജാതകം നോക്കാത്ത ഗ്രാമം**
- **വടക്കിനിയിൽ കയറാൻ മെതിയടി വേണം**
- **വേളിവരെ കന്യകമാർ സ്വർണ്ണം ധരിക്കാറില്ല.**
- **വേളി കഴിഞ്ഞാൽ ഗ്രാമക്ഷേത്രത്തിൽ അന്തർജനങ്ങൾക്ക് പ്രവേശനമില്ല**

നമ്പൂതിരി ഗ്രാമങ്ങളിൽ പ്രഥമ ഗണനീയമായ പെരിഞ്ചെല്ലൂരിന് പല പ്രത്യേകതകളുമുണ്ട്. കണ്ണൂരിലെ തളിപ്പറമ്പിലാണ് ഇത്. രാജരാജേശ്വര ക്ഷേത്രം, തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം, കാഞ്ഞിരങ്ങാട് വൈദ്യനാഥ ക്ഷേത്രം എന്നീ മഹാക്ഷേത്രങ്ങൾ ഈ ഗ്രാമത്തിലാണ്. അഞ്ചു വയസ്സു തികഞ്ഞാൽ ആൺകുട്ടികളോടൊപ്പം പെൺകുട്ടികളെയും തളിപ്പറമ്പിൽ തൊഴീക്കും. പെൺകുട്ടികൾ തിരണ്ടാലും വേളി കഴിഞ്ഞാലും രാജരാജേശ്വര ക്ഷേത്രത്തിൽ പോവില്ല. തിരളുന്നതിനു മുമ്പ് വേളി കഴിയണം എന്നാണ് നിശ്ചയം.

വേളിക്ക് ജാതകം നോക്കാറില്ല. ഗ്രാമത്തിലുള്ളവർക്ക് മാത്രമേ പെണ്ണിനെ കൊടുക്കൂ.ഗ്രാമത്തിന് അതിർത്തി നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീകൾ അതിർത്തി കടന്നാൽ ഭ്രഷ്ടാവും. വേളി നിശ്ചയം തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിന്റെ കൊട്ടുംപുറത്ത് വെച്ചാണ് നടക്കുക. തുടർന്ന് വരന്റെ ഭാഗത്തുനിന്ന് പൊന്നിൻകുടവും വധുവിന്റെ ഭാഗത്തുനിന്ന് വെള്ളിക്കുടവും വെച്ചു തൊഴും.

വിവാഹപ്രായമെത്തിയ പെൺകുട്ടികൾ വടക്കിനിയിൽ കയറുമ്പോഴും നടുമുറ്റത്ത് ചവിട്ടുമ്പോഴും മെതിയടി ധരിച്ചിരിക്കണം. അവരുടെ കണ്ണീരും കാലിലെ പൊടിയും നിലത്തുവീഴാൻ പാടില്ലെന്നാണ് സങ്കല്പം. വേളി നിശ്ചയിച്ചുകഴിഞ്ഞാൽ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച ഗണപതിക്ക് പ്രത്യേകം നേദിക്കും. വേളിയുടെ അടുത്തുള്ള തിങ്കളാഴ്ച വധു തിങ്കളാഴ്ച നോമ്പെടുക്കും. സന്ധ്യക്ക് കാൽ കഴുകിച്ച് ഊട്ട് നടത്തും.

വേളി ദിവസം രാവിലെ കുളി കഴിഞ്ഞു അലക്കിയ വസ്ത്രങ്ങൾ ധരിച്ച് വടക്കിനിയിൽ അരിമാവു കൊണ്ട് അണിഞ്ഞ പലകയിൽ കിഴക്കോട്ട് തിരിഞ്ഞിരിക്കും. മുമ്പിൽ ചതുരത്തിലും വട്ടത്തിലുമുള്ള പത്മങ്ങൾ ഉണ്ടാക്കി നെയ്‌വിളക്ക് വെക്കും. മെതിയടി വടക്കിനിയുടെ ഇറങ്കല്ലിൽ അഴിച്ചു വെക്കും. വരൻ വടക്കിനിയിലേക്ക് കടക്കുമ്പോൾ മെതിയടികൾ കാൽ കൊണ്ട് തട്ടി നിലത്തിടും. പെൺകുട്ടിക്ക് അമ്മ വാൽക്കണ്ണാടി കൊടുക്കും. ബന്ധുക്കൾ പുടവ സമ്മാനിക്കും. അമ്മാത്തുനിന്ന് ഇണപ്പുടവയാണ് നൽകുക. അമ്മാവൻ മൂടാനുള്ള വസ്ത്രവും കൊടുക്കും.

കായും കുലയും വെക്കൽ എന്നൊരു ചടങ്ങുണ്ട്. ചേരിക്കാരൻ എന്നു വിളിക്കുന്ന തീയ്യൻ തെങ്ങിൻപൂക്കുല മുറിച്ചുകൊണ്ടുവരും. ഇരിക്കണമ്മയെന്ന (മേമടത്തി) നായർ സ്ത്രീ ഈ കുല കുരവയിട്ടു വടക്കിനിയിൽ വിളക്കിനു മുമ്പിൽ വെക്കും. മുമ്പിൽ കളം വരച്ചിരിക്കും. രാമായണം, കൃഷ്ണപ്പാട്ട് തുടങ്ങി ഏതെങ്കിലും ഒരു ഗ്രന്ഥവും അലക്കിയ പുടവയും കളത്തിൽ വെക്കും. മംഗല്യ സത്രീകൾ ഒരു കലത്തിൽ അരിയിടും. വധു ഉടുത്ത വസ്ത്രത്തിന്റെ തല കൂട്ടി കലംപിടിച്ചിരിക്കും. ആ സമയത്ത് പാപ്പിനിയമ്മ ബ്രാഹ്മണിപ്പാട്ടുകൾ പാടും. പാപ്പിനിയമ്മക്ക് കൊടുക്കാനുള്ള പണവും വെറ്റില അടക്കയും അച്ഛൻ കുട്ടിയുടെ കൈയിൽ കൊടുക്കും. കളം കാണുക എന്നാണ് ഇതിന് പറയുക.

നാഴിയും നിറനാഴിയും വെക്കലാണ് വേറൊന്ന്. നാഴിയിൽ അരിയും ഇടങ്ങഴിയിൽ നെല്ലും പാപ്പിനി* നടുമുറ്റത്തു കൊണ്ടുവെക്കും. നടുമുറ്റത്തും കളംവരച്ചിരിക്കും. പാപ്പിനി ഇവിടെ വെച്ചും പാട്ടുകൾ പാടും.

നാഴിയിലെ അരിയിൽ തുമ്പപ്പൂവിട്ട് വെള്ളമൊഴിച്ച് വധുവിന്റെ തലയിൽ ഒഴിക്കുന്ന ചടങ്ങാണ് തിണ്ണംവീഴ്ത്തൽ. കുരുത്തോല കൊണ്ട് വള, കാശുമാല എന്നിവ പാപ്പിനി ഉണ്ടാക്കി കുട്ടിക്ക് കൊടുക്കും. അവളത് കഴുത്തിലും കൈയിലും ധരിക്കും. പെൺകുട്ടികൾ വേളി വരെ പൊന്നാഭരണങ്ങൾ ധരിക്കാറില്ല.

കുലതല്ലലാണ് മറ്റൊരു ചടങ്ങ്. തെങ്ങിൻപൂക്കുല തല്ലിപ്പൊട്ടിച്ച് അതിൽ എത്ര കായ (വെളിച്ചിങ്ങ/മച്ചിങ്ങ) ഉണ്ടോ എന്നു നോക്കും. കുട്ടികൾ ഉണ്ടാവുന്നതിന്റെ ലക്ഷണമാണ് ഇങ്ങനെ നോക്കുന്നത്. പിന്നീട് ഓല ആഭരണങ്ങൾ അഴിച്ചുകളയും.

വരന്റെ പുറപ്പാടിനും പല ചടങ്ങുകളുണ്ട്. പുറപ്പെടുമ്പോൾ വരന് വെണ്ണ കൊടുക്കുക എന്ന ചടങ്ങുണ്ട്. കൊടിയിലയിൽ വെണ്ണ നെയ്യെടുത്ത് മരുമക്കളോ പെങ്ങന്മാരോ വരന്റെ വായിൽ കൊടുക്കും. വെണ്ണ പോലെ മനസ്സാവണം എന്നാണ് സങ്കല്പം. പതിനൊന്ന് ചെറിയ ഉരുളൻകല്ലുകൾ ഒരു ഉരുളിയിലിട്ട് വായ്പ്പൊതി കെട്ടി അതും വധൂഗൃഹത്തിലേക്ക് എടുക്കും. കിണ്ടിയിൽ നെയ്യും ദർഭപ്പുല്ലും മരുമകൻ എടുക്കും. വാര്യർ മുമ്പിൽ കുത്തുവിളക്ക് പിടിക്കും. ദണ്ഡും കുടയുമായി വരൻ പുറപ്പെടും.

വധുവിന്റെ ഇല്ലത്ത് വരനെ വധുവിന്റെ അച്ഛൻ എതിരേൽക്കും. വരന്റെ അമ്മയും അടുത്ത ബന്ധുക്കളും ഒപ്പം പോവാറില്ല. വേളി കഴിഞ്ഞാൽ നാലു ദിവസം ഔവ്വാസനം ഉണ്ടായിരിക്കും. നാലു ദിവസവും പെണ്ണിന്റെ മുത്തശ്ശി, ചിറ്റമ്മ, അമ്മായി എന്നിവർ ഇല്ലത്തുണ്ടായിരിക്കണം.

വൈകുന്നേരം ഔവ്വാസന ക്രിയകൾ കഴിഞ്ഞാൽ വരൻ വടക്കിനിയിൽ വിരിച്ച കരിമ്പടത്തിൽ ഇരിക്കും. വധുവും അടുത്തിരിക്കും. വധുവിന്റെ അമ്മ ഒരു മരവിയിൽ കുറച്ചു മോരെടുത്തു കൊണ്ടുവരും. വരൻ വധുവിന്റെ കൈപിടിച്ച് ആ മോരിൽ മുക്കും.

അതിനുശേഷം അന്തിനീരുഴിയുക എന്ന ചടങ്ങുണ്ട്. 'കാളകാട്, കാട്ടുമാട്, പുല്ലഞ്ചേരി, പുതുശ്ശേരി പത്തില്ലം പുടവർ കുറിയിട്ട ഫലം' എന്നു ചൊല്ലിക്കൊണ്ടാണ് അന്തിനീരുഴിയുക. അതു കഴിഞ്ഞാൽ നീരും മരവിയിലെ മോരും വടക്കോട്ട് മറിക്കും. നല്ല ദിവസം നോക്കി വരൻ വധുവിനോടൊപ്പം സ്വന്തം ഇല്ലത്തേക്ക് പുറപ്പെടും. വേളിക്കുടിയോൽ എന്നാണ് ഇതിന് പറയുക.

വരന്റെ അമ്മയും മറ്റും ചേർന്ന്




**പെരുഞ്ചെല്ലൂർ ഗ്രാമത്തിലെ (ഇന്നത്തെ തളിപ്പറമ്പു പ്രദേശം) നമ്പൂതിരിമാരുടെ നാലുകെട്ടിൽ വടക്കിണിയുടെ വടക്കേ ചുമരുകൾ അന്തർജ്ജനങ്ങളുടെ കരവിരുതിനുള്ള പ്രതലമാണ്. കേവലമൊരു ചിത്രമെഴുത്തല്ല; ഒരു സാംസ്കാരിക തനിമയും, പൗരാണികമായി തുടർന്ന് വരുന്ന ഒരു ആചാരവും അതിന്റെ തലമുറ കൈമാറ്റം കൂടിയുമാണ്. തറവാട്ടിൽ ഒരു കുഞ്ഞ് ജനിച്ചാൽ ജാതകർമ്മം മുതൽ മരണ ശേഷം സംസ്കാര ക്രിയയ്ക്ക് മുമ്പ് കിടത്തുന്നയിടം വരെ വടക്കിണി തന്നെ. ഐശ്വര്യത്തിനായുള്ള ചിത്രങ്ങൾ വരയ്ക്കാൻ വടക്കിണിയെ തെരഞ്ഞെടുത്തതും അതുകൊണ്ടാവാം.**

വിളക്കും തളികയിലരിയുമായി വരനെയും വധുവിനെയും എതിരേൽക്കും. രണ്ടു പേരും നടുമുറ്റത്തിറങ്ങി നിൽക്കും. മുറ്റത്ത് ഒരു നെൽപ്പൊതി വെച്ചിരിക്കും. അതിനു മുകളിലാണ് വധു നിൽക്കുക. ഈ നെൽപ്പൊതി കെട്ടുന്നത് ഇരിക്കണമ്മ (മേമടത്തി)* യാണ്. ഏഴ്, പന്ത്രണ്ട്, പതിനാറ് ഇടങ്ങഴി എന്ന കണക്കിനാണ് പൊതിയുണ്ടാക്കുക. കൊണ്ട കെട്ടുക എന്നാണ് ഇതിന് പറയുക. എല്ലാവരും വരനെയും വധുവിനെയും തലയിലരിയിട്ട് അനുഗ്രഹിക്കും.

വധുവും മറ്റുള്ളവരും കൂടി ചേർന്ന് നിലവിളക്ക് പിടിച്ചുകൊണ്ട് വടക്കിനിയിൽ പ്രവേശിക്കും. അരിമാവുകൊണ്ട് മനോഹരമായി അണിഞ്ഞതിന്റെ മുമ്പിൽ വെച്ച പലകമേൽ വധുവും വരനും ഇരിക്കും. എല്ലാവരും പാരിതോഷികങ്ങൾ നൽകും. വരന്റെ ഇല്ലത്തുനിന്ന് കൊടുക്കുന്നതിന് വളയിടുക എന്നാണ് പറയുക. വധുവിന്റെ ഇല്ലത്ത് ഇതിന് കുരിയയിൽ വെക്കുക എന്നാണ് പറയുക.

വടക്കിനിയിൽ ഒരു പുതിയ മുറത്തിൽ ഉണക്കലരിയും രണ്ടു കായും വെച്ചിരിക്കും. കൂടാതെ രണ്ടു മൺപാനിയും ഉണ്ടായിരിക്കും. വരന്റെ അമ്മ മൂന്നു പ്രാവശ്യം അരി വാരി വധുവിന്റെ കൈയിൽ കൊടുക്കും. അവൾ അത് ഒരു പാനിയിലിട്ട് അതിൽ വെള്ളമൊഴിക്കും. ആ പാനി വടക്കിനിയിൽ പ്രത്യേകമായി കെട്ടിയ മൂന്ന് ഉറികളിലൊന്നിൽ വെക്കും. രണ്ടാമത്തെ പാനിയിൽ അരി മാത്രം ഇടും.

കുടിവെപ്പ് കഴിഞ്ഞാലുള്ള ഒരു ചടങ്ങാണ് കിണർ കാണുക. വധുവിന്റെ അമ്മ, മുത്തശ്ശി, അമ്മായിമാർ ഇവരൊക്കെ ഓരോ കിണ്ടി എടുത്ത് വരന്റെ അമ്മയോടൊപ്പം അടുക്കളയിൽ കിണറിനടുത്തു ചെല്ലും. വരന്റെ അമ്മ കിണറിൽ നിന്ന് വെള്ളമെടുത്ത് എല്ലാ കിണ്ടിയിലും നിറച്ചുകൊടുക്കും. ഈ വെള്ളം നിറച്ച കിണ്ടികൾ വടക്കിനിയിൽ കൊണ്ടുവെച്ചതിനു ശേഷം എല്ലാവരും വെള്ളം കുടിക്കും. വെള്ളത്തിന് നല്ല മധുരമുണ്ടെന്ന് പറയും. വരന്റെ ഇല്ലത്തെ അമ്പലത്തിൽ അപ്പം വാർത്തു തൊഴും.

ദശമേനി കഴിഞ്ഞാൽ ഒരു ദിവസം വരന്റെ അമ്മ,അച്ഛൻ,അടുത്ത ബന്ധുക്കൾ ഇവരോടൊപ്പം വധൂഗൃഹത്തിലേക്ക് പോകും. വാവലൂൺ അഥവാ മൊതക്കുടി എന്നാണ് ഇതിന് പറയുക. വരന്റെ അമ്മാത്ത് ആദ്യം പോയതിനുശേഷമേ മറ്റു ബന്ധുഗൃഹങ്ങളിലേക്ക് വിരുന്ന് പോവുകയുള്ളൂ. കാലം മാറിയതോടുകൂടി ഇതിനെല്ലാം കാര്യമായ മാറ്റങ്ങൾ വന്നു. ക്രിയകൾ പോലും പേരിന് മാത്രമായി. എങ്കിലും പഴയകാലത്ത് ഇങ്ങനെയൊക്കെ ഉണ്ടായിരുന്നു എന്ന് ഇപ്പോഴത്തെ ആളുകൾ ധരിക്കേണ്ടതാണ്. ●

*മേമടത്തി- പ്രത്യേക വിഭാഗം നായർ സ്ത്രീ (ഇരിക്കണമ്മ)

*പാപ്പിനി- ബ്രാഹ്മണി അമ്മ



**എം.പി.നങ്ങേലി അന്തർജ്ജനം (1937/2019)**

എരിഞ്ഞിക്കടവത്ത് അച്ചൂറ ഇല്ലത്തെ മകളും ചവനപ്പുഴ മുണ്ടോട്ട് പുളിയപ്പടമ്പ് ഹരിദാസൻ നമ്പൂതിരിയുടെ പത്നിയും. വിദ്യാഭ്യാസം അഞ്ചാം തരം മാത്രം. ഭാഗവതം, നാരായണീയം ഭഗവദ് ഗീത തുടങ്ങിയ ഗ്രന്ഥങ്ങൾ പതിവായി പാരായണം ചെയ്യും. മാതൃഭൂമി പത്രവും വാരികയും മുടങ്ങാതെ വായിക്കും. വായനയിൽക്കൂടി എഴുതാനുള്ള കഴിവു വളർത്തിയെടുത്തു. ഭക്തപ്രിയയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മരിക്കുന്നതിനു മുമ്പ് സഹോദരനായ കുബേരൻ നമ്പൂതിരിക്കു നൽകിയ കുറിപ്പുകളാണ് ഇത്. സാവിത്രി (റിട്ട - ഹെഡ് മിസ്ട്രസ്) ശങ്കരദാസൻ (ചീഫ് എഞ്ചിനീയർ, നാഷനൽ പവർ ഗ്രിഡ്) നാരായണൻ (സീനിയർ മാനേജർ - എൻ.എച്ച്.പി.സി) കുബേരൻ (അഡ്വക്കറ്റ് -തളിപ്പറമ്പ്) എന്നിവർ മക്കൾ. സഹോദരൻ കുബേരൻ നമ്പൂതിരി മൊബൈൽ:7559904469

NAMBOOS
THE NAMBOOTHIRI'S STORE




അടുക്കളയിൽ നിന്ന് അരങ്ങത്തേക്കായിരുന്നു ആദ്യവിപ്ളവം. പിന്നെ അരങ്ങിൽ നിന്ന് അമരത്തേക്ക്. ഇപ്പോഴിതാ നാലുകെട്ടിൽ നിന്ന് നാടൊട്ടുക്ക്. അങ്ങനെ നാടൊട്ടുക്ക് എത്താനിരിക്കുന്ന ഒരു നമ്പൂതിരി സംരംഭത്തെ കുറിച്ചാണ് ഈ കുറിപ്പ്.

# നാലുകെട്ടിൽ നിന്ന് നാടൊട്ടുക്ക്

പേരിലറിയാം പെരുമ. നമ്പൂസ് എന്നാണ് പേര്. സൂപ്പർമാർക്കറ്റുകളുടെ വലിയൊരുശൃംഖല. പിന്നെ കുറെ മിനി മാർക്കറ്റും. കേരളത്തിന്റെ ബിസിനസ് കാപ്പിറ്റലായ എറണാകുളത്ത് പിറന്ന നമ്പൂസ് എല്ലാ ജില്ലകളിലേക്കും വ്യാപിക്കാനിരിക്കുന്നു. കോടികൾ മുതൽ മുടക്കുള്ള അസാദ്ധ്യമെന്ന് തോന്നിയേക്കാവുന്ന വൻ സംരംഭമാണ് യാഥാർത്ഥ്യമായിരിക്കുന്നത്. നമ്പൂതിരിമാരുടെ ഉല്പന്നങ്ങൾ! നമ്പൂതിരിമാരായ ഷെയറുടമകൾ!! നമ്പൂതിരിമാരായ ജീവനക്കാർ!!!

ആരൊക്കെയാണ് ഇതിനു പിന്നിൽ?. എങ്ങനെയാണ് ഇത്തരമൊരു ആശയം ഉരുത്തിരിഞ്ഞത്?പ്രവർത്തനരീതി എന്താണ്? എറണാകുളത്തിനുപുറത്തുള്ള നമ്പൂതിരിമാർക്ക് എങ്ങനെ ഇതിന്റെ പ്രയോജനംകിട്ടും? നൂറു കൂട്ടം ചോദ്യങ്ങളുണ്ടാവും ഇതേപ്പറ്റി. അറിയാം അതിന്റെയെല്ലാം ഉത്തരങ്ങൾ. പിന്നിട്ട വഴികളെപ്പറ്റി നമ്പൂസിന്റെ മാനേജിംഗ് ഡയറക്ടർ മാങ്കുളം സുരേഷ് സ്വസ്തിയോട് സംസാരിക്കുന്നു.

ഒരു സൂപ്പർ മാർക്കറ്റ് ശൃംഖലയാണ് നമ്പൂസ്.14 ജില്ലകളിൽ 14 സൂപ്പർ മാർക്കറ്റും ഓരോ ജില്ലയിലും 12 മിനി സൂപ്പർ മാർക്കറ്റും. അങ്ങനെ കേരളമാകെ 182 സൂപ്പർ മാർക്കറ്റുകൾ. അതിൽ ആയിരക്കണക്കിന് സമുദായ അംഗങ്ങൾക്ക് തൊഴിൽ. ഷെയർ എടുക്കുക വഴി ബിസിനസ് ലാഭത്തിൽ പങ്കാളിത്തവും. ഉത്പന്നങ്ങൾ ഉണ്ടാക്കുക വഴി നിരവധി പേർക്ക് ഉത്പാദന രംഗത്ത് മുന്നേറ്റവും. ഇങ്ങനെയെല്ലാമുള്ള പദ്ധതിയുടെ ആദ്യഘട്ടമാണ് എറണാകുളത്തെ സൂപ്പർ മാർക്കറ്റ്.

**മാങ്കുളം സുരേഷ്, രവി പന്തൽ മന, ഹരി ആമല്ലൂർ മന, സജീവ് ചന്ദ്രമന, ജ്യോതിഷ് സി കൃഷ്ണ ചെങ്ങഴശ്ശേരി മന, അഡ്വക്കറ്റ് എടമന നാരായണൻ, സജി നമ്പൂതിരി പരിയാരത്ത് ഇല്ലം എന്നിവർ ഡയറക്ടർ ബോർഡ് അംഗങ്ങളായ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് നമ്പൂസ്.**

എറണാകുളം എളമക്കരയിൽ ഭവൻസ് സ്കൂളിനും പുന്നക്കൽ ദേവി ക്ഷേത്രത്തിനും അടുത്തുള്ള കെട്ടിടത്തിലാണ് സൂപ്പർ മാർക്കറ്റ്. കോർപ്പറേറ്റ് ഓഫീസ് എറണാകുളം ചങ്ങമ്പുഴ മെട്രോ സ്റ്റേഷന് എതിർവശത്തും.എറണാകുളം ജില്ല മൊത്തം കവർ ചെയ്യുന്ന രീതിയിൽ ഹോം ഡെലിവറി സിസ്റ്റവും ഇതോടൊപ്പമുണ്ട്.

?എന്താണ് ഇങ്ങനെയൊരു ആശയത്തിലെത്താൻ കാരണം?

>സൂപ്പർമാർക്കറ്റിന് എന്നും ഡിമാന്റുള്ള ബിസിനസാണ്. കാരണം, നിത്യോപയോഗ സാധനങ്ങൾ എന്നും ആവശ്യമുള്ളതാണല്ലൊ.അഞ്ച് വർഷം മുമ്പ് കുറച്ച് സൂപ്പർമാർക്കറ്റുകളേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ നമുക്ക് ചുറ്റും എത്ര സൂപ്പർമാർക്കറ്റുകളുണ്ടെന്നു നോക്കൂ, ഈ ബിസിനസിന്റെ സാദ്ധ്യതകൾ ബോദ്ധ്യമാകും. എല്ലാ സൂപ്പർമാർക്കറ്റുകളും നല്ല രീതിയിൽ തന്നെ നടക്കുന്നുമുണ്ട്. വ്യക്തിപരമായ കാരണം കൊണ്ടല്ലാതെ ഒരു സൂപ്പർമാർക്കറ്റും പൂട്ടിപ്പോയിട്ടില്ല. നമ്പൂസ് എന്ന ബ്രാൻഡിന്റെ പ്രവർത്തന മേഖലയായി സൂപ്പർമാർക്കറ്റ് തിരഞ്ഞെടുക്കാൻ കാരണം അതാണ്.

?മുമ്പ് ഈ മേഖലയിൽ പരിചയമുണ്ടോ.?

>ഇപ്പോൾ സമൃദ്ധി എന്നൊരു സൂപ്പർ മാർക്കറ്റ് നടത്തുന്നുണ്ട്. ഈ സൂപ്പർമാർക്കറ്റിന്റെ വിജയം കണ്ടപ്പോഴാണ് ഇതു പോലൊന്ന് സമുദായത്തിന് വേണ്ടി എന്തു കൊണ്ട് തുടങ്ങിക്കൂടാ എന്ന ചിന്ത ഉണ്ടായത്. അങ്ങനെയാണ് നമ്പൂസ് നമ്പൂതിരി സ്റ്റോർ എന്ന ആശയം ഉയർന്നു വന്നത്. അതെങ്ങനെ

നടപ്പാക്കാം എന്നായി പിന്നീടുള്ള ചിന്ത. നിസ്വാർത്ഥരായ കുറച്ചു സേവക്കരെ കണ്ടെത്തുകയാണ് ആദ്യം ചെയ്തത്. ഇപ്പോൾ ഏഴ് പേരുണ്ട് നമ്പൂസിനെ ജീവശ്വാസം പോലെ കൊണ്ടു നടക്കുന്ന സാരഥികൾ.

നിലവിലുള്ള സാമൂഹിക സാഹചര്യത്തിൽ നമ്പൂതിരി സമുദായത്തിന് യാതൊരു വിധത്തിലുമുള്ള പിന്തുണയും സർക്കാരിൽ നിന്നോ മറ്റ് സമുദായങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ലഭ്യമല്ല. കുലത്തൊഴിലായ ശാന്തി പോലും ഇപ്പോൾ ആർക്കും ചെയ്യാം. സമുദായത്തെ സംബന്ധിച്ച് ഇനി മുന്നോട്ടുള്ള ജീവിതം ദുഷ്കരമാണെന്ന ആശങ്കയുണ്ട്.

ഇവിടെ വലിയൊരു തിരിച്ചറിവിൽ നാം എത്തേണ്ടതുണ്ട്. ബ്രാഹ്മണൻ സമൂഹത്തിൽ ഒറ്റപ്പെട്ടവനായി മാറിയിരിക്കുന്നു. അവനെ രക്ഷിക്കാൻ അവനേ ഉള്ളു. ഭഗവദ് ഗീത മുന്നോട്ട് വെക്കുന്ന 'ഉദ്ധരേത് ആത്മനാത്മാനം' എന്ന പ്രമാണപ്രകാരം ബ്രാഹ്മണൻ പ്രവർത്തിച്ചാലേ ഇനി രക്ഷയുള്ളു. അതിന് ആദ്യം വേണ്ടത് സാമ്പത്തിക ശക്തിയായും സാമൂഹിക ശക്തിയായും മാറുകയാണ്. ഈ ആശയത്തിലൂന്നിയാണ് നമ്പൂസിനെ വിഭാവനം ചെയ്തിരിക്കുന്നത്.

നമ്പൂസിലൂടെ ഒരു സമൂഹം എന്ന നിലയിൽ കൂടുതൽ ഇഴയടുപ്പമുള്ളവരായും ദൃഢതയുള്ളവരായും മാറുകയാണ്. ഇതൊരു നിശ്ശബ്ദവിപ്ളവമാണ്. ബിസിനസ് മേഖലയിൽ സംവരണമോ മറ്റ് ആനുകൂല്യങ്ങളുടെ ഭീഷണിയോ ഇല്ല. നന്നായി ബിസിനസ് ചെയ്യുന്നവന് ഒരു സീറ്റ് എപ്പോഴുമുണ്ട്. അതിനാണ് ശ്രമിക്കേണ്ടത്. അതാണ് നമ്പൂസിലൂടെ തുടങ്ങി വയ്ക്കുന്നത്.

നമ്പൂസ് മുന്നോട്ട് വെക്കുന്ന സാദ്ധ്യതകൾ വളരെ വലുതാണ്! സമുദായത്തിലെ ഇരുനൂറ് പേർ ഷെയർഎടുക്കുന്നു. അഞ്ഞൂറോളം കുടുംബങ്ങൾ വിവിധ സാധനങ്ങൾ ഉണ്ടാക്കി നമ്പൂസിലൂടെ വിൽക്കുന്നു. ഏകദേശം മുന്നൂറ് സമുദായാംഗങ്ങൾ നേരിട്ടും അല്ലാതെയും നമ്പൂസിൽ തൊഴിൽ ചെയ്യുന്നു. അത് ക്രമേണ വർദ്ധിച്ച് എല്ലാ ജില്ലകളിലും വലിയൊരു ശതമാനം സമുദായാംഗങ്ങൾക്ക് പ്രയോജനമുള്ള ഒന്നായി മാറും.

നമ്മുടെ പ്ളസ് പോയിന്റുകളിലൊന്നാണ് ബ്രാഹ്മണവിഭവങ്ങൾ. അത് സ്വാദിഷ്ഠമാണെന്നത് പ്രചുരപ്രചാരമുള്ളതാണ്. നമ്മുടെ ഇടയിൽ വ്യവസായിക അടിസ്ഥാനത്തിൽ കടുമാങ്ങയും സാമ്പാർ പൊടിയും ചട്ണിപ്പൊടിയും മറ്റും നിർമ്മിക്കുന്നവരുണ്ട്. ഏതാണ്ട് അഞ്ഞൂറോളം ബ്രാഹ്മണ കുടുംബങ്ങൾ ഇത്തരത്തിൽ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ അവർക്ക് വലിയൊരു വിപണിയിലേക്ക് ഇറങ്ങാൻ സാധിച്ചിട്ടില്ല. അവരെ ഒരു ബ്രാൻഡ് ആക്കുകയാണ് നമ്പൂസ് ചെയ്യുന്നത്. അത്തരക്കാർക്ക് നമ്പൂസ് വഴി വലിയൊരു മാർക്കറ്റാണ് തുറന്ന് കിട്ടുന്നത്.

വേറെയും നേട്ടങ്ങളുണ്ട്.നമ്പൂസിലെ പല തരത്തിലുള്ള ജോലി ചെയ്യുന്നതിലൂടെയുള്ള സാമൂഹ്യബന്ധങ്ങൾ, ഷെയർ എടുക്കുന്നതിലൂടെയുള്ള സാമ്പത്തിക നേട്ടങ്ങൾ, അങ്ങോട്ടുമിങ്ങോട്ടുമുള്ള പരസ്പര സഹകരണം കൊണ്ട് ഓരോരുത്തരും കണക്ക് ചെയ്യപ്പെടുകയും ചെയ്യുന്നു. സാധനം വാങ്ങാൻ വരുന്നവരും ജോലിക്കാരും തമ്മിലും ജോലിക്കാരും നിർമ്മാതാക്കളും തമ്മിലും ഇവരെല്ലാവരുമായി നമ്പൂസ് ടീമിനും ഒരു ബന്ധം വരുന്നു. നമ്പൂതിരിമാരുടെ വിഭവങ്ങൾക്കുള്ള മാർക്കറ്റ് പരമാവധി ഉപയോഗിക്കുക വഴി കേരളത്തിലെ ഒന്നാംകിട സൂപ്പർ മാർക്കറ്റാവാനും സാധിക്കും.

?ബ്രാഹ്മണധർമ്മമല്ല ബിസിനസ്. അത് വൈശ്യധർമ്മമാണെന്ന് പറയാറുണ്ടല്ലൊ.?

>ബിസിനസ് എന്നത് കാലദേശാവസ്ഥകൾക്കനുസരിച്ച് മാറിച്ചിന്തിച്ച് പ്രവർത്തിക്കേണ്ട മേഖലയാണ്. അതിന് നാം തയ്യാറാവുകയേ വേണ്ടൂ. നമ്പൂതിരിമാർക്ക് ബിസിനസ് പറ്റില്ല എന്നത് തികച്ചും മിഥ്യാധാരണയാണ്. ബിസിനസ് രംഗത്ത് ശോഭിച്ചിട്ടുള്ള അനവധി നമ്പൂതിരിമാരുണ്ട്. പക്ഷേ, കാലോചിതമായി

## ശാന്തിക്കാരന്റെ കുടുംബത്തിൽ നിന്ന്

സാമ്പത്തികമായി ഇടത്തരത്തിലും താഴെ ഉള്ള ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. അച്ഛൻ ശാന്തി ചെയ്ത് കിട്ടുന്ന വരുമാനം മാത്രമായിരുന്നു ആശ്രയം. കുട്ടിക്കാലത്ത് തന്നെ സ്വന്തം കാലിൽ നിൽക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു. പത്താം ക്ളാസിന് ശേഷം ഐ.ടി.ഐ പഠനം പൂർത്തിയാക്കി. പിന്നീട് തിരുവനന്തപുരത്ത് ഒരു ക്ഷേത്രത്തിൽ കുറച്ച് കാലം സഹായിയായി.

എന്നാൽ ഇനിയും ഉയരണമെന്ന ആഗ്രഹം ശക്തമായി ഉള്ളിൽ നിന്നും നിരന്തരമായി എന്നെത്തന്നെ ശല്യം ചെയ്യാൻ തുടങ്ങി. അതിനുള്ള വഴികളെക്കുറിച്ച് അന്വേഷിച്ചപ്പോൾ മുംബയ് എനിക്ക് പറ്റിയ സ്ഥലമാണെന്ന് തോന്നി. മുബയിൽ എന്റെ മൂത്ത ജ്യേഷ്ഠനുണ്ട് എന്നത് ധൈര്യം തരുന്ന ഘടകവുമായിരുന്നു. അങ്ങനെ മുംബൈയിൽ ജ്യേഷ്ഠനോടൊപ്പം ബാച്ചിലർ ജീവിതം തുടങ്ങി.


മാങ്കുളം സുരേഷ്

അന്നൊക്കെ മുംബൈയിൽ ജോലി കിട്ടണമെങ്കിൽ ടൈപ്പ് റൈറ്റിംഗും ഷോർട്ട് ഹാന്റും അറിയണം.അതും പഠിച്ചു. അത് കഴിഞ്ഞ ഉടനെ ഒരുജോലി കിട്ടി. എന്നാൽ മുംബൈയിലെ ജീവിതം നമ്മുടെ ഒരു സംസ്കാരത്തിന് യോജിക്കാത്തതായി തോന്നുകയും തിരിച്ച് നാട്ടിലേക്ക് പോരുകയുമാണുണ്ടായത്. നാട്ടിലെത്തിയ ശേഷം നാട്ടിൽ നിന്നിട്ട് വലിയ ഗുണമില്ലെന്ന് താമസിയാതെ മനസ്സിലായി. അങ്ങനെ വീണ്ടും മുംബൈയിലേക്ക് പോയി.

എന്നാൽ ഇത്തവണ അവിടെ ഒരു ക്ഷേത്രത്തിലെ പൂജാരിയായാണ് പോയത്. പിന്നീടവടന്ന് സാമ്പത്തികമായി ഉയർച്ച നേടാനായി. ഇന്ത്യയുടെ ബിസിനസ് കാപ്പിറ്റലാണല്ലൊ മുംബയ്. പതുക്കെപ്പതുക്കെ ബിസിനസ് രംഗത്തേക്ക് തിരിഞ്ഞു. അവിടെ നല്ല രീതിയിൽ ഒരു ടെക്സ്റ്റൈൽ ബിസിനസ് നടത്തി. ഇതിനിടക്ക് വിവാഹം കഴിഞ്ഞു.നാട്ടിൽ വന്ന് സെറ്റിൽ ചെയ്യേണ്ട ആവശ്യമുണ്ടായി. അങ്ങനെ ബിസിനസുമായി നാട്ടിലേക്ക്.

സഹകാർഭാരതിയുടെ കോതമംഗലം താലൂക്ക് പ്രസിഡണ്ടായി. സേവാകിരൺ ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡണ്ടുമായി. തൃക്കാരിയൂർ യോഗക്ഷേമസഭയുടെ പ്രസിഡണ്ട്, കോതമംഗലം ഹോം സ്റ്റേ അസോസിയേഷൻ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചു. ഇപ്പോഴും പൊതുപ്രവർത്തനം തുടരുന്നു. കോതമംഗലത്തിനടുത്ത് തൃക്കാരിയൂരിൽ കുടജാദ്രി ഹോംസ് എന്ന പേരിൽ ഒരു റിസോർട്ട് നടത്തുന്നുണ്ട്. ഇപ്പോൾ സഹകാർ ഭാരതി നടത്തുന്ന സമൃദ്ധി സ്റ്റോർ എന്ന പേരിലുള്ള സൂപ്പർ മാർക്കറ്റിന്റെ പ്രസിഡണ്ട് എന്ന നിലയിലും പ്രവൃത്തിക്കുന്നുണ്ട്.


ജ്യോതിഷ് സി കൃഷ്ണ


ഹരി ആമല്ലൂർ മന


സജി നമ്പൂതിരി


അഡ്വ.എടമന നാരായണൻ


രവി പന്തൽ മന


സജീവ് ചന്ദ്രമന

ബിസിനസ് രംഗത്ത് മുന്നേറാനായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. വടക്കേ ഇന്ത്യയിലെ പല വലിയ ബിസിനസ് സ്ഥാപനങ്ങളും നടത്തുന്നത് ബ്രാഹ്മണരാണ്. എറണാകുളത്ത് സ്വർണക്കടകളും മറ്റും നടത്തുന്ന ബ്രാഹ്മണരുണ്ട്. നമ്പൂതിരീസ് പൽപ്പൊടിയുടേയും മറ്റും പ്രചോദനം തരുന്ന ചരിത്രം നമുക്കു മുന്നിലുണ്ട്. ബ്രാഹ്മിൻസ് എന്ന ബ്രാന്റിന്റെ വൻ വിജയം മറ്റൊരു ഉദാഹരണമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഈ സ്വധർമ്മം കൊണ്ട് മാത്രം നമുക്ക് രക്ഷയില്ല. അതു കൊണ്ട് നമ്മുടെ സ്വധർമ്മം വിടാതെത്തന്നെ നമുക്ക് ബിസിനസ് ചെയ്യാം. ഇക്കാര്യത്തിൽ തമിഴ് ബ്രാഹ്മണൻമാരെ മാതൃകയാക്കാം. ഒരു തമിഴ് ബ്രാഹ്മണൻ എത്ര ഉയർന്ന ഉദ്യോഗസ്ഥനാണെങ്കിലും അയാൾ സ്വന്തം സംസ്കാരത്തെ മറക്കുന്നില്ല.

?എറണാകുളത്തിനു പുറത്തുള്ള ഒരന്തർജനം കടുമാങ്ങ ഉണ്ടാക്കുന്നുവെന്ന് വയ്ക്കുക.അത് നമ്പൂസ് വഴി വിറ്റഴിക്കാൻ അവരെന്താണ് ചെയ്യേണ്ടത് ?

>കേരളത്തിൽ എവിടെയുമുള്ള നമ്പൂതിരി കുടുംബാംഗങ്ങൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ നമ്പൂസ് വഴി വിൽക്കാവുന്നതാണ്. നമ്മുടെ സ്റ്റോറിൽ ഹോം മെയ്ഡ് സാധനങ്ങൾ സമുദായത്തിന്റെ മാത്രമേ ഉണ്ടായിരിക്കുകയുള്ളു, പുതിയതായി ഉത്പന്നങ്ങൾ ഉണ്ടാക്കാൻ താല്പര്യമുള്ള കൂട്ടായ്മകളെയും സ്വാഗതം ചെയ്യുന്നു. അവർക്ക് ആവശ്യമുള്ള അറിവ് നൽകാനുള്ള ടീമും ഉണ്ടായിരിക്കും

?ഷെയർ എടുക്കുന്ന ഒരാൾക്ക് എത്ര ശതമാനം വരെ പ്രതീക്ഷിക്കാം.?

>ശതമാനം പറയാൻ ആകില്ല.അതിന്റെ ലാഭവിഹിതം എല്ലാവർക്കും തുല്യമായിനൽകുന്നു

?നമ്പൂസ് എന്ന ബ്രാൻഡുമായി സഹകരിക്കാൻ തയ്യാറുള്ളവർ എന്താണ് ചെയ്യേണ്ടത്?

>നമ്പൂസ് എല്ലാ ജില്ലകളിലും ആരംഭിക്കുന്ന സൂപ്പർ മാർക്കറ്റ്, മിനി സ്റ്റോർ ഇവയുടെ ഷെയർ എടുക്കുക, ഉത്പന്നങ്ങൾ നിർമിക്കാൻ സാധിക്കുന്നവർ അത് ചെയ്യുക, ഇതിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ രംഗത്ത് പ്രവർത്തിക്കുക. വിപണന മേഖലയിൽ സഹകരിക്കാൻ കഴിയുന്നവർ അതു ചെയ്യുക.

?കേവലം 5 ശതമാനം പലിശക്ക് പണം ബാങ്കിൽ നിക്ഷേപിച്ച എത്രയോ നമ്പൂതിരിമാരുണ്ട്. ബിസിനസ് അറിയാത്തതു കൊണ്ടും റിസ്കിന് തയ്യാറല്ലാത്തതു കൊണ്ടും. സമുദായാംഗങ്ങളുടെ അത്തരം പണം നമ്പൂസിലേക്ക് ചാനലൈസ് ചെയ്യാൻ എന്തെങ്കിലും പദ്ധതി?

>പണം നിക്ഷേപിക്കുന്ന അംഗങ്ങൾക്ക് ഒരു സ്ഥിര വരുമാനം നൽകുകയാണ് ലക്ഷ്യം. ഷെയർ എടുക്കുന്നവർക്ക് ലാഭവിഹിതം ലഭിക്കും. അവർക്ക് റിസ്ക് ഇല്ലാതെ അവരെ വലിയ ബിസിനസ്സുകാർ ആക്കുകയാണ് ലക്ഷ്യം. നമ്പൂസിന്റെ കീഴിൽ അനവധി സംരഭങ്ങൾ ഇനിയും ഉണ്ടാകും. നമ്പൂസിൽ ഷെയർ എടുക്കുന്നവർക്കായിരിക്കും അതിലൊക്കെ മുൻഗണന.

?ഉല്പന്നങ്ങൾ ശേഖരിക്കാൻ / വിതരണം ചെയ്യാൻ തയ്യാറുള്ള ചെറുപ്പക്കാരെ പ്രതിനിധികൾ ആക്കിക്കൂടെ ?

*>തീർച്ചയായും സമുദായത്തിലെ ചെറുപ്പക്കാർക്ക് ഫുൾ ടൈം പാർട്ട് ടൈം ആയി ജോലിചെയ്യാം. ഹോം ഡെലിവറി, കാൾ സെന്റർ എന്നിവക്ക് അവർക്ക് പങ്കാളികൾ ആകാം. നിലവിൽ മറ്റു തൊഴിൽ ചെയ്യുന്നവർക്കും പാർട്ട് ടൈം ജോലി സാധ്യതകളുമുണ്ട്.*

?നമ്പൂതിരിമാരുടെതല്ലാത്ത ഉല്പന്നങ്ങളും നമ്പൂസിൽ വില്പനക്ക് വെക്കുമോ ?

>ഹോം മെയ്ഡ് സാധനങ്ങൾ നമ്പൂതിരിമാരുടെ മാത്രമായിരിക്കും. ഇതിനു പുറമെ മറ്റു ബ്രാൻഡ്സ് കമ്പനികളുടെ സാധനങ്ങളും ലഭിക്കും. മറ്റു സൂപ്പർ മാർക്കറ്റുകളിൽ ലഭിക്കുന്ന എല്ലാം തന്നെ ഉണ്ടായിരിക്കും

?യോഗക്ഷേമസഭയുമായി നമ്പൂസിനു ഏതെങ്കിലും തരത്തിൽ സമ്പർക്കമുണ്ടോ ?

>തീർച്ചയായും. നേരിട്ടല്ലെങ്കിൽ കൂടി യോഗക്ഷേമസഭയിൽ പ്രവർത്തിക്കുന്നവർ തന്നെയാണ് ഇതിന്റെ അമരത്തുള്ളവർ എല്ലാവരും. കൂടാതെ നമ്പൂസ് സ്റ്റോറിന്റെ കമ്പനി ഉദ്ഘാടനം നിർവഹിച്ചത് സഭ സംസ്ഥാന പ്രസിഡണ്ട് വല്ലഭൻ നമ്പൂതിരിപ്പാടാണ്. അദ്ദേഹത്തിന്റ പിന്തുണ തന്നെയാണ് ഇതിൽ പ്രവർത്തിക്കുന്നവരുടെ ഊർജ്ജം.

കൂടാതെ സെക്രട്ടറി സുബ്രഹ്മണ്യൻ നമ്പൂതിരിയും ആശംസകൾ നൽകി അനുഗ്രഹിച്ചിട്ടുണ്ട്.

?ഉപസഭാ മീറ്റിംഗുകളിൽ നമ്പൂസ് പ്രതിനിധികളെ അയച്ച് ബിസിനസ് മോഡ് സംബന്ധിച്ച ക്ലാസ് നടത്തിക്കൂടേ?

>അത് ഞങ്ങൾ ഉദ്ദേശിച്ചിരുന്നു, പക്ഷെ കൊറോണ കാലം ആയതിനാൽ ഉപസഭകൾ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല. അതിനാൽ ഒരു വേദിയില്ല. പക്ഷെ കൊറോണ പ്രശ്നം തീർന്നാൽ എല്ലാ ഉപസഭകളിലും താല്പര്യം ഉള്ള സ്ത്രീകൾക്ക് ട്രെയിനിങ് നൽകി അവരെ ഉത്പാദകർ ആക്കും.സ്റ്റോറിലേക്കു വേണ്ട പാക്കിംഗ് അവരെ ഏൽപിക്കുവാനും ഉദ്ദേശ്യമുണ്ട്.

?ഓൺലൈൻ പ്ലാറ്റ്ഫോമിൽ നമ്പൂസിന്റെ ഇടമെന്ത്?

>വെബ് സൈറ്റും ഹോം ഡെലിവറി ആപ്പുമുണ്ട്. ഇതുവഴി ലോകത്തെവിടെയുള്ളവർക്കും നമ്പൂസിന്റെ ഉത്പന്നങ്ങൾ ലഭ്യമാകും.

?ഒരു ഉൽപന്നമുണ്ടാക്കിയ അന്തർജനം വാട്ട്സ് അപ്പിൽ വിവരം നൽകിയാൽ അത് ശേഖരിച്ച് നമ്പൂസ് വഴി വിതരണം ചെയ്യാൻ സംവിധാനമുണ്ടോ ?

>നേരിട്ട് ഫോൺ വഴി ഞങ്ങളുടെ സ്റ്റോർ മാനേജർ ആയിട്ടാണ് സംസാരിക്കേണ്ടത്. ഉത്പണം അവർ എത്തിക്കുകയാണ് നിലവിൽ. പിന്നീട് അവരിൽ നിന്നും ശേഖരിക്കാനുള്ള സംവിധാനം ഉണ്ടാവും.

?മറ്റു ജില്ലകളിൽ ശാഖകൾ എന്നേക്ക് തുറക്കാനാവും. ?

>2025 ആകുമ്പോളേക്കും കേരളത്തിൽ എല്ലാ ജില്ലയിലും നമ്പൂസ് എത്തുന്നതാണ്.

?നമ്പൂസിന് സ്വസ്തിയുടെ എല്ലാ ആശംസകളും. നല്ല രീതിയിൽ വളരാനും സമുദായത്തിന്റെ ബ്രാൻഡായി മാറാനും ഇടവരട്ടെ. ●



# അദ്വൈതം

(ആചാര്യ സ്വാമികളുടെ തൃപ്പാദങ്ങളിൽ  സമർപ്പിക്കുന്നു)

**ശ്രീധർ കടമ്പനാൽ**

ജഗത്തിലെങ്ങുമേ പെരുത്തു സ്വാർത്ഥചിന്ത നാൾക്കുനാൾ
തമസ്സിലാണ്ടു ക്ഷോണിയും ക്ഷയിച്ചു ലോക ശാന്തിയും
ദുഷിച്ച ഭാരമൊക്കെയും തമസ്കരിച്ചു ഭാരതം
ജയിക്ക ഭാരതാംബയിൽ പിറന്നൊരാർഷ സംസ്കൃതി
യുഗങ്ങളായ് തപോധനർ കറന്നെടുത്ത ചിന്തകൾ
കടഞ്ഞെടുത്ത ഹവ്യമായ് ജഗദ്ഗുരൂ സമാനമായ്
ജനിച്ചു ഭൂസുരാലയത്തിലർക്കശോഭയെന്ന പോൽ
ജയിക്ക ഭാരതാംബയിൽപിറന്നൊരാർഷ സംസ്കൃതി
ധരിത്രി പാദമൂല*മായ്  ധരിച്ചു ശൈവ** നാമവും
സരിത്തിലമ്മയൊത്തു ചേർന്നിറങ്ങി സ്നാന ഹേതുവായ്
കടിച്ചു, ദൈവ ലിഖിതമോ കുരുന്നു കാലിൽ നക്രവും
ജയിക്ക ഭാരതാംബയിൽ പിറന്നൊരാർഷ സംസ്കൃതി
നമിച്ചു, സമ്മതിച്ചു സന്യസിച്ചിടാൻ കുരുന്നിനെ
യയച്ചു,.... ദേശമെമ്പൊടും നടന്നവൻ പ്രദക്ഷിണം
സമസ്തമേകമെന്ന സത്യമോതി നിത്യ പൂജ്യനായ്
ജയിക്ക ഭാരതാംബയിൽ പിറന്നൊരാർഷ സംസ്കൃതി
എരിഞ്ഞു തീർന്നിടും വരെ ജ്വലിച്ചൊരാത്മ പൌരുഷം
വരും കുരുന്നുകൾക്കുണർവ്വ് നൽകിടുന്ന സത്ഗുരു
വിരിഞ്ഞുമന്ദലത്തിലുല്ലസിച്ചിടാൻ നയിക്ക നീ
ജയിക്ക ഭാരതാംബയിൽ പിറന്നൊരാർഷ സംസ്കൃതി.
*കാലടി  / **ശങ്കരൻ




*ശ്രീധർ കടമ്പനാൽ*
കിഴക്കമ്പലം, എറണാകുളം
മൊബൈൽ: 9946405671


# കോവിദമുക്തകങ്ങൾ






**കുറുങ്ങോട് മോഹനൻ**
മോഹനൻ നമ്പൂതിരി
(കുറുങ്ങോട്ടില്ലം)മന്ദന്തരം,
പി.ഒ.നീലേശ്വരം
കാസർഗോഡ് ജില്ല.പിൻ:671314.
മൊബൈൽ 9496846640


### ആരോഗ്യപരിപാലനം

നാൾക്കുനാളെ വളരുന്നു കോവിഡുമതീവശ്രദ്ധയതു ചെയ്കിലും
വേൾക്കണം പ്രബലമാസ്കിനേ വദനനാസികാമുപരി സൂക്ഷ്മമായ്
കേൾക്കണം ഭരണനായക പ്രമുഖ ഭാഷണങ്ങളതിശ്രദ്ധയാ-
ലുൾക്കരുത്തിനെ സമാഹരിച്ചു മഹമാരിയോടു പടവെട്ടണം.

### പ്രാണവായുവിനായി

പ്രാണൻ പോകുന്ന രോഗിക്കഭയമരുളുവാനോക്സിജൻ ലഭ്യമാക്കാൻ
കേണങ്ങേറേ വണങ്ങും പതിതസഹജരങ്ങേറിടും രാജ്യമാകേ
വേണം സോത്സാഹപൂർവ്വം കളയണമകലം ഭിന്നവർഗ്ഗങ്ങൾ തമ്മിൽ
നാണം കൈവിട്ടു പോകാമവശരെയനിശം ചെന്നു സേവിച്ചിടേണം.



*പൂന്താനം ഉപസഭാ പ്രസിഡന്റായിരുന്ന വെട്ടിക്കാട്ട് കൃഷ്ണൻ നമ്പൂതിരിക്ക് ആദരാഞ്ജലികളോടെ*

# തീർത്തീടാനാവതല്ലീ വിടവിനി

നിർത്തീടാൻ പാടുപെട്ടെൻ കവിളുകൾ നിറയും കണ്ണുനീർധാര, ധൈര്യം
ചോർത്തീടും വാർത്ത കേട്ടൂ മരണമതു കവർന്നത്രെ കൃഷ്ണേട്ടനേയും
ഓർത്തീടും നേരമുള്ളിൽത്തെളിവതു പലനാൾ മാഷുമൊത്തുള്ളടുപ്പം
തീർത്തീടാനാവതല്ലീ വിടവിനിയൊരു വന്നെന്നതും തീർച്ചതന്നെ

ദേഹത്തിന്റെ വയസ്സിനെച്ചുറുചുറുക്കാകുന്ന ബാല്യത്തിനാൽ
മോഹം കൊണ്ടു ജയിച്ചിടാൻ പൊരുതിടും കൃഷ്ണേട്ടനില്ലാതെയായ്
യോഗക്ഷേമസഭാ തലത്തിലിവനേ ചേർത്തോരു  നാൾ തൊട്ടു ഞാൻ
യോഗാദ്ധ്യക്ഷനൊടൊപ്പമാണിനി തനിച്ചായെന്നു തോന്നീടവേ

വെട്ടിക്കാടു മരിച്ചുവെന്നിനിയുമുൾകൊള്ളാതെ പറ്റില്ലയീ
വെട്ടികൂട്ടിയ പച്ചമാവെരിയുമീ നേരത്തതെന്നാകിലും
കിട്ടില്ലീവിധമാരെയും സഭയിലെ കാര്യത്തിനെല്ലാരെയും
കൂട്ടികൊണ്ടു നടത്തിടാൻ പരിഭവം ചൊല്ലാതെ സന്നദ്ധനായ്

**തേവർക്കാട് നാരായണൻ**
യുവജനസഭ സംസ്ഥാന ട്രഷറർ, മൊബൈൽ: 9495035901

# യോഗക്ഷേമസഭ ആതുരശുശ്രൂഷാനിധി

2009ലാണ് ആതുരസഹായനിധി രൂപീകരിക്കാൻ യോഗക്ഷേമസഭ തീരുമാനിച്ചത്. രോഗാതുരരും പരാശ്രയമില്ലാത്തവരുമായ നമ്മുടെ നിരവധി സഹോദരങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായിക്കഴിഞ്ഞു. ഡോക്ടർമാർ സർട്ടിഫൈ ചെയ്ത് തരുന്ന റിപ്പോർട്ട് സഹിതം, 5000രൂപയ്ക്ക് മേലുള്ള മെഡിക്കൽ ബില്ലും ഉപസഭാ,ജില്ലാ സെക്രട്ടറിമാരുടെ ശുപാർശയും ചേർത്ത് ഹാജരാക്കുന്ന അപേക്ഷകർക്കാണ് അർഹത.പരമാവധി 5000രൂപ വരെ ചികിത്സാ സഹായം നൽകും

2017ൽ ഒരു'കോടി നിധി' എന്ന പുതിയൊരാശയം സഭ മുന്നോട്ട് വെച്ചു. ഏറ്റവും ഗുരുതര രോഗം ബാധിച്ചവർക്കും കൂടുതൽ സാമ്പത്തികസഹായം അനിവാര്യമായവർക്കും 5000രൂപയെന്ന പരിധി നീതിനിഷേധമാവുമെന്ന തിരിച്ചറിവാണ് ഒരു കോടി നിധിയെന്ന ആശയത്തിലേക്ക് നയിച്ചത്. നിങ്ങളുടെ വിഹിതം Yogakshema sabha,State Bank Of India,East Nada,Guruvayur,Mobile:67083444001,IFSC SBIN00070257ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാം. തുക അയച്ചതിന്റെ സ്ക്രീൻ ഷോട്ടെടുത്ത് 9447352488എന്ന നമ്പറിലേക്ക യക്കുക.

ചെമ്മരംനാരായണൻ (തൃശ്ശൂർ)
കോ ഓർഡിനേറ്റർ,ആതുര ശുശ്രൂഷാനിധി,ദാമോദരൻ പി.എൻ (കണ്ണൂർ) കൺവീനർ.


ഓണാശംസകൾ
ഇല്ലത്തിരുന്നു തന്നെ
മൊബൈൽ/ഡി.ടി.എച്ച്
റീചാർജ് ചെയ്യാം
1% ഡിസ്കൗണ്ടും
മാസത്തിൽ രണ്ടു പേർക്ക്
നറുക്കെടുപ്പിലൂടെ
100രൂപ സമ്മാനവും
ഈ നമ്പറിൽ  വിളിച്ചാൽ മതി
7021855225
9322180403
പുതിയ കണക്ഷൻ, നമ്പർ സെലക്ഷൻ,പോർട്ടിംഗ് (MNP), ഡ്യൂപ്ലിക്കേറ്റ് സിം ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ലഭിക്കുന്നു
5G CONNECTION
& RECHARGE
JIO
VI
BSNL
AIRTEL
SUN
TATASKY
AIRTEL TV
VIDEOCN D2h

ഉന്മേഷ് പി, പുത്തൂർ ഇല്ലം,
കോവിലകം കുണ്ട്,
മഞ്ചേരി 676121.




*ബ്രഹ്മശ്രീ അഴകത്തില്ലത്ത് (വിജയമന്ദിരം, മട്ടനൂർ) പദ്മനാഭൻ നമ്പൂതിരിയുടെ കാവ്യസമാഹാരം 'സ്മൃതി പഥങ്ങളിലൂടെ' പ്രകാശനകർമം പദ്മശ്രീ മട്ടനൂർ ശങ്കരൻകുട്ടി മാരാർ നിർവഹിച്ചു*



വൈക്കം
ഉദയനാപുരത്ത്
കണ്ണി കുളത്ത്
ഇല്ലത്ത് അനിൽ
കുമാറിന്റെയും
സജിത അനിൽ
കുമാറിന്റെയും
മകൻ

**റിഷഭ് ദേവിന്**

**ഉപനയനാശംസകൾ**

നേരുന്നു
അമ്മാത്ത് മുത്തശ്ശൻ ജ
നാർദ്ദനൻ നമ്പൂതിരി
അമ്മാത്ത് മുത്തശ്ശി
സതി അന്തർജനം
അമ്മാവൻ
സജിത്ത് പുതുമന
അമ്മായി
ആര്യ സജിത്ത്
അനിയൻ
ആദിഷ്ശങ്കർ
മൊബൈൽ :
9400668183



കോഴിക്കോട്
തായാട്ട് ഇല്ലത്ത്
സന്തോഷിന്റെ മകൻ
**പ്രണവിന്**
**ഉപനയനാശംസകൾ**
ചേവായൂർ ഉപസഭ.



2021 ഏപ്രിൽ 29
1196 മേടം 16
വ്യാഴാഴ്ച
സമാവർത്തനം
കഴിഞ്ഞ

**മാധവ് മങ്ങത്തായ**

വിഷ്ണു സജിത്
(മാനേജർ,
എം.ഡി.സി ബാങ്ക്,
എടവണ്ണപ്പാറ)
ഡോക്ടർ യമുന
ദമ്പതിമാരുടെ
മകൻ.
ഓതിക്കൻ:
വയപ്പുറം
നാരായണൻ
നമ്പൂതിരി



തിരുവനന്തപുരം
കൊഞ്ചിറവിള
നത്തിക്കാട്ട് ഇല്ലത്ത്
**ഹരിശങ്കറിന്റെയും**
(S/o Late.ശങ്കരൻ
നമ്പൂതിരി & സുഭദ്ര
അന്തർജനം)
**എൻ.ഉമയുടെയും**
(D/o അച്യുതൻ
നമ്പൂതിരി & മല്ലിക പി.
നാറണിയാട്ട് ഇല്ലം,
ഫറോക്ക് ഉപസഭ)
മകൻ
**എൻ.എസ്. മാധവ്**
**നമ്പൂതിരിയുടെ**
ഉപനയനം ജൂൺ 13 ന്
കിഴക്കേക്കോട്ട
അനന്തപുരി അന്യോന്യം
ഓഡിറ്റോറിയത്തിൽ
വച്ച് നടന്നു.

**ആശംസകൾ...!**

അനിരുദ്ധ് നമ്പൂതിരി എൻ.എസ്. (Brother)
അനു.എൻ, ശ്യാമ.എം.എസ്,
ഉണ്ണികൃഷ്ണൻ, ശ്രീഭദ്ര,
ശ്രീശങ്കർ.എൻ & ഐശ്വര്യ മാലിനി.



# വൈക്കത്തുണ്ട് വടകരക്കാർ

**വൈക്കം മഹാദേവക്ഷേത്രത്തിൽ മേൽശാന്തി വടകരക്കാരാണ്. പ്രസാദം നൽകുന്നത് വടകരക്കാരാണ്. വെള്ളം കോരുന്നത് വടകരക്കാരാണ്. നേദ്യം വെയ്ക്കുന്നത് വടകരക്കാരാണ്. എന്തിനേറെ തന്ത്രിക്ക് പുലയോ വാലായ്മയോ വന്നാൽ മുടക്കം കൂടാതെ അതു നിർവഹിക്കുന്നതും വടകരക്കാരാണ്. തച്ചോളി ഒതേനന്റെയും ടി.പി.ചന്ദ്രശേഖരന്റെയും ദേശമായ കടത്തനാട്ടിൽ നിന്ന് ഇത്രയേറെ നമ്പൂതിരിമാർ എങ്ങനെ വൈക്കത്തെത്തി. ?**

## അതേപ്പറ്റി എഴുതുന്നു കടത്തനാട്ടെ കുനിയില്ലം

### കേശവൻ നമ്പൂതിരി



കഴിഞ്ഞ വർഷമാണ്. കൊറോണയുടെ മൂർധന്യസമയത്ത്. വൈക്കം മഹാദേവക്ഷേത്രത്തിലെ മേശാന്തിയായിരുന്ന തരണി ദാമോദരൻ നമ്പൂതിരി കോട്ടയത്തെ ആശുപത്രിയിൽ വച്ച് മരിച്ചു. മേശാന്തി കുടുംബക്കാർക്കും ചില കീഴ്ശാന്തിക്കാർക്കും പുലയായതിനാൽ പെട്ടെന്ന് പകരക്കാരൻ വേണം. ആ സമയത്ത് ഷൊർണ്ണൂരിലെ ഒരാശുപത്രയിൽ ഹൗസ് സർജൻസി ചെയ്യുകയായിരുന്നു എന്റെ മകൻ ഡോക്ടർ ശ്യാം പുരുഷോത്തമൻ. ഉടനെ കാറെടുത്ത് വൈക്കത്തേക്ക്. വൈക്കത്തപ്പന്റെ പൂജ മുടങ്ങാതെ നോക്കാൻ.

ഡോക്ടറായാലും എഞ്ചിനീയറായാലും ആദ്യം വൈക്കത്തെ കീഴ്ശാന്തിമാരാണ് ഞങ്ങൾ. വൈക്കത്തെ ശാന്തിപ്പണിക്ക് അർഹതയും അവകാശവുമുള്ള നമ്പൂതിരി കുടുംബാംഗങ്ങൾ. ഡോക്ടറും എഞ്ചിനീയറും ബാങ്ക് മാനേജറും കോളേജ് പ്രിൻസിപ്പലും ഹയർസെക്കൻഡറി അധ്യാപകരും സംഗീതജ്ഞരും ജ്യോതിഷിയും അമേരിക്കയിൽ ഉദ്യോഗം ചെയ്യുന്നവരും എന്നു വേണ്ട എല്ലാ വിഭാഗക്കാരുമുണ്ട് ഞങ്ങളിൽ.

തെക്ക് കോട്ടയം ജില്ലയിലെ വൈക്കത്ത് ശാന്തി ചെയ്യാൻ വടക്ക് വടകരയിലെ നമ്പൂതിരിമാർക്ക് എങ്ങനെ അവകാശം കിട്ടി. പയ്യന്നൂരിലെ നമ്പൂതിരിമാർ ഉത്തരേന്ത്യയിലെ ക്ഷേത്രത്തിൽ റാവൽജിയാവുന്ന പോലെത്തന്നെ. അപൂർവമായ ഒരു നിയോഗം. തിടപ്പള്ളി മുതൽ ഗർഭഗൃഹം വരെയുള്ള എല്ലാചുമതലകളും കടത്തനാട്ടെ നാലുദേശത്തിൽപ്പെട്ട പതിനൊന്നില്ലക്കാർ. മേശാന്തിയും കീഴ്ശാന്തിക്കാരുമുൾപ്പെടെ എല്ലാം.

ഉത്സവം കഴിഞ്ഞാൽ നൽകുന്ന പ്രസാദമായ മുക്കുടി നിർമ്മിക്കുന്നതും ഞങ്ങളാണ്. തന്ത്രിമാർക്ക് മുടക്കം വന്നാൽ മണ്ഡപത്തിലെ നവകം പഞ്ചഗവ്യം എന്നിവയും. മൂന്നു വർഷം മുമ്പു വരെ കിണറ്റിൽ നിന്ന് രണ്ടു കീഴ്ശാന്തിക്കാർ കുണ്ഡലിയിൽ കയറു കെട്ടി കോരിയെടുക്കുകയായിരുന്നു വെള്ളം. ഏതാണ്ട് ആയിരത്തിലേറെ ലിറ്റർ വെള്ളം വേണം ദിവസം. ഇപ്പോൾ മോട്ടോറായി.

പാട്ടിനോടനുബന്ധിച്ചുള്ള ത്രികാലപൂജയുടെ മുഴുവൻ ചുമതലയും, ഉച്ചപ്പാട്ടിന്റെ പൂജയുടെ ചുമതലയും വടക്കുപുറത്ത് പാട്ടുമായി ബന്ധ

പ്പെട്ട പൂജകളും കീഴ്ശാന്തിമാർക്കവകാശപ്പെട്ടതാണ്. എല്ലാ വർഷവും ധനുമാസത്തിൽ അതതു കാലത്തെ തിരുവിതാംകൂർ മഹാരാജാവിന്റെ ജന്മനക്ഷത്രത്തിൽ തുടങ്ങുകയോ കഴിയുകയോ ചെയ്യുന്ന തരത്തിൽ നടക്കുന്ന സഹസ്രകലശത്തിൽ തന്ത്രിയുടെ ചുമതലയിൽ നടക്കുന്ന കലശപൂജയുടെ പരികലശപൂജയും കീഴ്ശാന്തിമാരാണ്.

കാലാകാലങ്ങളിൽ നടക്കുന്ന കോടി അച്ചനയുടെ 41 ദിവസം മുമ്പ് കാൽ നാട്ട് കർമ്മം എന്നത് ഒരു വിശേഷതയാണ്. അതിന്റെ പൂജ, കോടി അർച്ചന കഴിയുന്ന കാലം വരെയും (ഒരു മാസം) കീഴ്ശാന്തിമാരിൽ നിക്ഷിപ്തമാണ്. എന്തിനേറെ, തന്ത്രിക്കു പുലയോ വാലായ്മയോ വന്നാൽ പകരക്കാരാവുന്നതു പോലും ഞങ്ങളാണ്. അത്രക്കുണ്ട് പ്രത്യേകതകൾ. കേരളത്തിൽ മറ്റൊരു ക്ഷേത്രത്തിലും കാണാത്ത തരത്തിൽ ഒരു പ്രത്യേകദേശക്കാർക്ക് പരമ്പരാഗതമായി സിദ്ധിച്ച അവകാശം.

ഉഷപൂജ, എതിർത്ത് പൂജ, പന്തീരടി പൂജ, ഉച്ചപൂജ, അത്താഴപൂജ, ഇങ്ങനെ പുലർച്ചെ നാലു മണി മുതൽ രാത്രി 11 വരെക്കും പൂജകൾ. രാവിലെ ദക്ഷിണാമൂർത്തിയെന്ന ഭാവത്തിലാണ് വൈക്കത്തപ്പൻ. ഉച്ചക്ക് കിരാതൻ. അത്താഴപൂജ സമയമാവുമ്പോൾ ഉമാമഹേശ്വരഭാവം. ഇങ്ങനെ ദേവനുമുണ്ട് പ്രത്യേകതകൾ. ഒറ്റനോട്ടത്തിൽ വട്ടശ്രീകോവിലെന്ന് തോന്നും. എന്നാൽ അണ്ഡാകൃതിയിലാണ് ശ്രീകോവിൽ. അത് വാസ്തുവിലെ പ്രത്യേകത.

അഷ്ടമിയുടെ ആറാട്ട് എഴുന്നള്ളിപ്പ് നടക്കുക ഉദയാനാപുരത്താണ്. സുബ്രഹ്മണ്യക്ഷേത്രത്തിലേക്ക്. ആറാട്ട് കഴിഞ്ഞ് തിരിച്ചു വരുമ്പോൾ അച്ഛനായ ശിവനെ മകനായ സുബ്രഹ്മണ്യൻ വൈക്കത്തേക്ക് അനുയാത്ര ചെയ്യും. വൈക്കത്തെത്തിയാൽ കൂടിപ്പൂജ എന്നൊരു ചടങ്ങുണ്ട്. അതു കഴിഞ്ഞ് അവർ ഉപചാരം ചൊല്ലിപിരിയും. ഈ ചടങ്ങുകളിലെല്ലാം മുഖ്യചുമതലകൾ കീഴ്ശാന്തിമാർക്കാണ്.



*വൈക്കത്തെ കൂടിപ്പൂജക്ക് ശേഷം വൈക്കത്തപ്പനും പുത്രൻ സുബ്രഹ്മണ്യനും ഉപചാരം ചൊല്ലിപിരിയുന്നു*

**എന്തിനേറെ, തന്ത്രിക്കു പുലയോ വാലായ്മയോ വന്നാൽ പകരക്കാരാവുന്നതു പോലും കടത്തനാട്ടുകാരാണ്. അത്രക്കുണ്ട് പ്രത്യേകതകൾ. കേരളത്തിൽ മറ്റൊരു ക്ഷേത്രത്തിലും കാണാത്ത തരത്തിൽ ഒരു പ്രത്യേകദേശക്കാർക്ക് പരമ്പരാഗതമായി സിദ്ധിച്ച അവകാശം.**

വൃശ്ചികത്തിലെ അഷ്ടമി പോലെത്തന്നെ പ്രധാനമാണ് കംഭത്തിലെ അഷ്ടമി.വൈക്കത്തപ്പന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം കാണാൻ ദേവൻ എഴുന്നള്ളുകയെന്നതാണ് അതിന്റെ സങ്കല്പം. വാഴമന കള്ളാട്ടുശേരി എന്നിവിടങ്ങളിലേക്ക്. അവിടെ കൊണ്ടു പോയി അവിടെഇറക്കി പൂജയുണ്ട്.വിസ്തരിച്ച് നേദ്യമൊക്കെയാട്ടാണ് ആ പൂജ. അന്ന് എഴുന്നള്ളിപ്പിനുള്ള അവകാശവും കീഴ്ശാന്തിമാർക്കാണ്. വൈക്കത്തെ വലിയ അടുക്കള, ഉള്ളിലെ തിടപ്പള്ളിയല്ല ഉദ്ദേശിക്കുന്നത് . പണ്ട് പന്തീരായിരം പറ വച്ച് സദ്യ ഉണ്ടാരിക്കുന്നു നിത്യം. ഇപ്പഴും നമസ്കാര സദ്യയെന്ന പേരിൽ സദ്യയുണ്ട്. ആ



*തന്ത്രിമാരായ ഭദ്രകാളി മറ്റപ്പള്ളി കൊച്ചനിയൻ നമ്പൂതിരിയും പരേതനായ മേക്കാട് നാരായണൻ നമ്പൂതിരിയും*



*മേശാന്തിസ്ഥാനം വഹിക്കുന്ന തരണി ശ്രീധരൻ നമ്പൂതിരി, തരണി അനൂപ് നമ്പൂതിരി, എന്നിവർ*



*കീഴ്ശാന്തിമാരായ പാറോളി ഉണ്ണികൃഷ്ണൻ നമ്പൂതിരി, കൊളായ അർജ്ജുൻ നമ്പൂതിരി, എറാഞ്ചേരി ദേവൻ നാരായണൻ നമ്പൂതിരി, എറാഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി, ആഴാട് ഉമേഷ് നമ്പൂതിരി, ആഴാട് ചെറിയ നാരായണൻ നമ്പൂതിരി എന്നിവർ*

വടക്കു ഭാഗത്തെ വലിയടുക്കളയിലെ വിറകിന്റെ ചാരമാണ് തീർത്ഥം കീട്ടിക്കുഴച്ചിട്ട് വൈക്കത്തെ ഭസ്മമെന്ന പേരിൽ പ്രസിദ്ധമായ ഔഷധഗുണമുള്ള ഭസ്മം. അതാണ് ഏറ്റവും പ്രധാന പ്രസാദം. ഏറ്റവും വലിയ വിഷഹാരിയാണ് അത്. മുട്ടസ് നമ്പൂതിരിക്കാണ് ആ അടുക്കളയുടെ ചുമതല. ദേഹണ്ഡത്തിന് വൈക്കത്തപ്പനും പങ്കെടുക്കുമെന്നാണ് ഐതിഹ്യം.

വൈക്കം മഹാദേവന്റെ മകനായ സുബ്രഹ്മണ്യന്റെ ക്ഷേത്രമായ ഉദയനാപുരം ക്ഷേത്രത്തിലും ശാന്തിക്ക് അവകാശം വടകര നാലുദേശത്തിൽപ്പെട്ട 11 ഇല്ലക്കാർക്കാണ്. കുനി, പാറോളി, ആഴാട്, നല്ലൂർക്കണ്ടി, രയരമംഗലം, എറാഞ്ചേരി, ആറങ്ങോട്, തയ്യ്, കൊളായ, മേലേടം എന്നീ പത്ത് ഇല്ലക്കാർ കീഴ്ശാന്തി സ്ഥാനവും തരണി ഇല്ലക്കാർ മേൽശാന്തി സ്ഥാനവും വഹിയ്ക്കുന്നു. നൂറുകൂട്ടം ചുമതലകളും ഉത്തരവാദിത്തങ്ങളുമുള്ളതിനാൽ ആവശ്യമനുസരച്ച് ചുമതലക്കാരെയഥാസമയം വൈക്കത്തേക്ക് നിയോഗിക്കുന്നത് കീഴ്ശാന്തി സമാജമാണ്. അതേ, വടകരയിൽ വൈക്കം കീഴ്ശാന്തി സമാജം എന്നൊരു സംഘടന തന്നെയുണ്ട്.

ഇന്ന് തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിലാണ് ഈ ക്ഷേത്രങ്ങളെങ്കിലും പഴയ കാലത്ത് രാജാവിന്റെ കീഴിലായിരുന്നു. അങ്ങനെയൊരു പഴയകാലത്ത് മഹാരാജാവിന് വൈക്കം ഉദയനാപുരം ക്ഷേത്രങ്ങളിൽ കർമ്മങ്ങൾ ചെയ്തു വന്നിരുന്ന ബ്രാഹ്മണരുടെ അനുഷ്ഠാനങ്ങളിൽ അതൃപ്തി തോന്നി. കുറച്ചു കൂടി ശ്രേഷ്ഠമായ രീതിയിൽ പൂജാകാര്യങ്ങൾ നടത്തണമെന്നും തോന്നി. അതിനു പറ്റിയ ബ്രാഹ്മണ ശ്രേഷ്ഠന്മാർ എവിടെയുണ്ട് എന്ന അന്വേഷണത്തിനൊടുവിൽ കടത്തനാട്ടെത്തി. അവിടെ നിന്ന് നാലുദേശത്തിൽപ്പെട്ട 11 ഇല്ലക്കാരെ കണ്ടെത്തി. അവരെ കാരായ്മ ശാന്തിക്കാരായി നിയമിക്കുകയും ചെയ്തു. ശാന്തിക്കാർക്ക് താമസിയ്ക്കാനായി രണ്ട് മഠങ്ങളും സ്ഥലവും ആ കാലത്ത്

> **കുറച്ചു കൂടി ശ്രേഷ്ഠമായ രീതിയിൽ പൂജാകാര്യങ്ങൾ നടത്തണമെന്നു തോന്നി. അതിനു പറ്റിയ ബ്രാഹ്മണ ശ്രേഷ്ഠന്മാർ എവിടെയുണ്ട് എന്ന അന്വേഷണത്തിനൊടുവിൽ കടത്തനാട്ടെത്തി. അവിടെ നിന്ന് നാലുദേശത്തിൽപ്പെട്ട 11 ഇല്ലക്കാരെ കണ്ടെത്തി.**

തന്നെ കൽപിച്ചു നൽകുകയും ചെയ്തു. ആ മഠങ്ങളും സ്ഥലങ്ങളും ഇന്നും ശാന്തിക്കാരുടെ കൈവശം തന്നെയാണ്. അങ്ങനെ കടത്തനാട്ടെ നമ്പൂതിരിമാർ വൈക്കത്ത് ശാന്തിക്കാരായി.

തന്ത്രാവകാശം രണ്ടു കുടുംബങ്ങൾക്ക് അവകാശപ്പെട്ടതാണ്. പ്രസിദ്ധമായ ഭദ്രകാളി മറ്റപ്പള്ളിയും മേയ്ക്കാടുമാണ് ഈ തന്ത്രി കുടുംബങ്ങൾ. തന്ത്രാവകാശം പോലും രാജവാഴ്ചക്കാലത്ത് മാറ്റപ്പെട്ടിട്ടുണ്ടെങ്കിലും ശാന്തിക്കാരുടെ കാരായ്മ അവകാശം ഇതുവരെയും മാറ്റിയിട്ടില്ല.

മറ്റു ക്ഷേത്രങ്ങളിൽ നിന്നും വിഭിന്നമാണ് വൈക്കം. ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങളിൽ കീഴ്ശാന്തിമാർക്ക് ഗർഭഗൃഹത്തിൽ കടക്കാനോ വിഗ്രഹം സ്പർശിയ്ക്കാനോ അവകാശമില്ല എന്നാണറിവ്. എന്നാൽ ഇവിടെ ഒട്ടനവധി പൂജാ വിശേഷങ്ങൾക്ക് ചുക്കാൻ പിടിയ്ക്കേണ്ട ഉത്തരവാദിത്വം കീഴ്ശാന്തിമാർക്കാണ്. നിത്യനിദാനങ്ങളിലെ വിശേഷങ്ങളായ ശതകലശം, ആയിരക്കുടം അഭിഷേകം മുതലായ കർമ്മാനുഷ്ഠാനങ്ങൾ കീഴ്ശാന്തിമാരുടെ ഉത്തരവാദിത്വമാണ്.

ഇത്രയും പ്രാധാന്യമുള്ള താന്ത്രിക കാര്യങ്ങളിൽ തന്ത്രി കുടുംബങ്ങൾക്ക് പുല തുടങ്ങിയ ഏതു തരത്തിലുള്ള മുടക്കങ്ങൾ വന്നാലും താന്ത്രികമായ ചുമതലകൾ മുഴുവൻ വഹിയ്ക്കേണ്ടതും കലശാദി കാര്യങ്ങളിൽ പരികലശപൂജ ചെയ്യേണ്ടതും കീഴ്ശാന്തിമാരാണെന്നതും ഒരു പക്ഷേ വൈക്കം മഹാദേവ ക്ഷേത്രത്തിലെ മാത്രം പ്രത്യേകതയാവാം.

ഇവിടെ ക്ഷേത്രേശനുമായി പ്രത്യക്ഷത്തിൽ ബന്ധപ്പെടാത്തതും അതേസമയം ഉത്സവത്തോളം തന്നെ പ്രാധാന്യമേറിയതുമാണ് 12 വർഷത്തിലൊരിയ്ക്കൽ 12 ദിവസം നടക്കാറുള്ള വടക്കുപുറത്തു പാട്ട്. പണ്ട് വടക്കുംകൂർ രാജാവിന്റെ ഭരണകാലത്ത് വൈക്കത്ത് വസൂരി പടർന്ന് പിടിച്ച് അനേകം പേർ മരിച്ചു. ദൈവജ്ഞ ചിന്തയിൽ കുജന്റെ ദേവത ഭദ്രകാളിയാണെന്നതിനാൽ കൊടുങ്ങല്ലൂർ ഭഗവതിയെ 41 ദിവസം ഭജിച്ച് പ്രീതിപ്പെടുത്തുവാൻ രാജാവിനെ ഉപദേശിയ്ക്കുകയും ചെയ്തു. 41 ദിവസത്തെ ഭജനത്തിനൊടുവിൽ രാജാവിന് ഉറക്കത്തിൽ ദർശനമുണ്ടാകുകയും വൈക്കത്ത് മതിൽക്കകത്ത് വടക്കുപുറത്ത് 12 ദിവസം കളമെഴുത്തു പാട്ടും പന്ത്രണ്ടാം ദിവസം കുരുതിയും നടത്തണമെന്നും അറിയിച്ചു. അങ്ങനെ ആരംഭിച്ചതാണ് പാട്ട്.

കടത്തനാട് എന്ന് പൊതുവേ പറയാമെങ്കിലും ഈ പതിനൊന്ന് ഇല്ലങ്ങൾ വടകരയുടെ പല ഭാഗങ്ങളിലാണ്. കക്കട്ടിലാണ് തരണി ഇല്ലം. കുനിയും പാറോളിയും ഓർക്കാട്ടേരിയിൽ. ആഴാട്, നല്ലൂർക്കണ്ടി എന്നീ ഇല്ലങ്ങൾ വൈക്കിലശേരിയിൽ. രയരമംഗലം, എറാഞ്ചേരി എന്നീ ഇല്ലങ്ങൾ വില്ല്യാപ്പള്ളിയിൽ. ആറങ്ങോട്, തയ്യ്, കൊളായ, മേലേടം എന്നിവയാകട്ടെ കുട്ടോത്തും.

ഈ ഇല്ലങ്ങളിലെല്ലാം കൂടി ഇരുനൂറോളം അംഗങ്ങൾ. നിത്യനിദാനങ്ങൾ നിർവ്വഹിയ്ക്കുവാനും ഉത്സവാദി വിശേഷങ്ങൾ നിർവ്വഹിയ്ക്കാനും അതത് കാലങ്ങളിലെ കാരണവന്മാർ ഇല്ലങ്ങളിലെ അംഗങ്ങളെ അയയ്ക്കാറായിരുന്നു പതിവ്. തറവാടുകൾ ഭാഗം വെയ്ക്കുകയും അണുകുടുംബങ്ങളായി മാറുകയും ചെയ്തതോടെ കാരണവന്മാരുടെ അവകാശങ്ങൾക്ക് കുറവു വന്നു. അപ്പോൾ

ശാന്തിക്കാരുടെ ക്ഷേമവിഷയങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിയ്ക്കുവാനുതകുന്ന തരത്തിൽ ഒരു സംഘടന അനിവാര്യമായി.

അന്നത്തെ കാരണവന്മാരിൽ പ്രമുഖനായിരുന്ന ആഴാട് നാരായണൻ നമ്പൂതിരി, തയ്യ് നാരായണൻ നമ്പൂതിരി എന്നിവർ അംഗങ്ങളുമായി കൂടിയാലോചിച്ചു. അങ്ങനെ1998 ആഗസ്റ്റ് 30ന് കടത്തനാട്ടിലെ □മേലേടം□ ഇല്ലത്തുവെച്ച് മുഴുവൻ അംഗങ്ങളുടെയും ജനറൽ ബോഡി ചേർന്ന് രൂപീകരിച്ചതാണ് വൈക്കം കീഴ്ശാന്തി സമാജം. യോഗത്തിൽ □കുനി കേശവൻ നമ്പൂതിരി□ പ്രസിഡണ്ടായും □ആറങ്ങോട് വാസുദേവൻ നമ്പൂതിരി□ സെക്രട്ടറിയായും 1860-ലെ 21 നമ്പർ ആക്റ്റിന് വിധേയമായി സംഘടനയെ റജിസ്റ്റർ ചെയ്തു. കഴിഞ്ഞ 22 വർഷങ്ങളായി കീഴ്ശാന്തിമാരുടെ ഉത്തരവാദിത്വങ്ങൾ നിയന്ത്രിക്കുന്നതും ഏകോപിപ്പിക്കുന്നതും സമാജമാണ്. കീഴ്ശാന്തിമാരുടെ പൊതുപ്രശ്നങ്ങൾ പരിഹരിക്കുന്നതും സമാജം വഴിയാണ് .റിട്ട. ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകനായ കൊളായ പത്മനാഭൻ നമ്പൂതിരി പ്രസിഡന്റും പാറോളി പുരുഷോത്തമൻ നമ്പൂതിരി സെക്രട്ടറിയായുമുള്ള കമ്മിറ്റിയാണ് ഇപ്പോൾ.

ഇപ്പോൾ വൈക്കത്ത് രേഖപ്രകാരം കീഴ്ശാന്തി പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത് എറാഞ്ചേരി ദേവൻ നമ്പൂതിരി, ആഴാട് ചെറിയ നാരായണൻ നമ്പൂതിരി, പാറോളി ഉണ്ണികൃഷ്ണൻ നമ്പൂതിരി കൊളായ അർജുൻ നമ്പൂതിരി എന്നിവരും, ഉദയനാപുരം ക്ഷേത്രത്തിൽ മേൽശാന്തി കീഴ്ശാന്തി ജോലി നിർവ്വഹിയ്ക്കുന്നത് ആഴാട് ഉമേഷ് നമ്പൂതിരി, എറാഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവരുമാണ്. എങ്കിലും ആവശ്യമായ സന്ദർഭങ്ങളിൽ കീഴ്ശാന്തി കുടുംബങ്ങളിലെ ബാങ്ക് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ഡോക്ടർമാർ തുടങ്ങി



*കീഴ്ശാന്തി സമാജത്തിന്റെ സ്ഥാപക സെക്രട്ടറിയും അമരക്കാരനും ഗ്രാമീൺ ബാങ്ക് സീനിയർ മാനേജറുമായിരുന്ന ആറങ്ങോട് വാസുദേവൻ നമ്പൂതിരി ഇപ്പോഴത്തെ ഭാരവാഹികളായ കൊളായ പത്മനാഭൻ നമ്പൂതിരി (പ്രസിഡന്റ്) പാറോളി പുരുഷോത്തമൻ നമ്പൂതിരി (സെക്രട്ടറി ) എന്നിവർ*

**ശാന്തിയിൽ മാത്രം ഒതുങ്ങുന്നവരല്ല ഇവർ. സിനിമാ സംഗീതസംവസധായകനാണ് ഹരികുമാർ ഹരേറാം എന്ന ഹരി കൊളായ. ശ്രീകൃഷ്ണപുരം വി.ടി.ബി കോളേജ് പ്രിൻസിപ്പലാണ് ഏറാഞ്ചേരി ജയൻ നമ്പൂതിരി. കൃഷ്ണദേവും ശ്യാം പുരുഷോത്തമനും ശ്രീദേവി പ്രസീദയും ശരണ്യയും അഞ്ജലിയുമൊക്കെ ഡോക്ടർമാർ.**

സമൂഹത്തിന്റെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവർ ക്ഷേത്രങ്ങളിൽ എത്തി തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്. കാരണം മറ്റെല്ലാ ജോലികൾക്കും അപ്പുറമാണ് ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തങ്ങളുടെ ആത്മബന്ധം എന്ന ബോധമുണ്ട്.

ശാന്തിക്കാരായ ഈ പതിനൊന്ന് ഇല്ലക്കാർ ശാന്തിയിൽ മാത്രം ഒതുങ്ങിക്കൂടുന്നവരല്ല. സിനിമാ സംഗീതസംവസധായകനാണ് ഹരികുമാർ ഹരേറാം എന്ന ഹരി കൊളായ. ശ്രീകൃഷ്ണപുരം വി.ടി.ബി കോളേജ് പ്രിൻസിപ്പാലാണ് ഏറാഞ്ചേരി ജയൻ നമ്പൂതിരി. ഇദ്ദേഹംപി.എച്ച്.ഡിക്കാരൻ. കൃഷ്ണദേവും ശ്യാം പുരുഷോത്തമനും ശ്രീദേവി പ്രസീദയും ശരണ്യയും അഞ്ജലിയുമൊക്കെ ഡോക്ടർമാർ. ആറങ്ങോട്ടെ പ്രവീണും പ്രശാന്തിയും മറ്റും അമേരിക്കയിൽ ഐ. ടി എഞ്ചിനീയർമാർ.

കൊളായ ഇല്ലത്ത് പാർവതി അന്തർജനം ജ്യോതിഷിയാണ്. കേരളത്തിൽ ഏറ്റവുമധികം കാവ്യകേളി ജേതാക്കളെ സമ്മാനിച്ച മേലേടം വാമനൻ നമ്പൂതിരിയും വൈക്കം കീഴ്ശാന്തി സമാജത്തിൽ അംഗമാണ്. പ്രമുഖ റിയാലിറ്റി ഷോ ആയ മഞ്ച് സ്റ്റാർ സിംഗർ സീസൺ വണ്ണിലെ ജേതാവ് ശ്വേതാഅശോക് ടി. ആർ രാമചന്ദ്രൻ നമ്പൂതിരിയുടെ ശിഷ്യയാണ്. ഇവിടത്തെ മേൽശാന്തിയായിരുന്നു പ്രസിദ്ധ സംഗീതജ്ഞനായ ടി. ആർ ശങ്കരൻ നമ്പൂതിരി. സംസ്കൃതപണ്ഡിതനും നിരവധി ശ്ലോകങ്ങളുടെയും ഭക്തിഗാനങ്ങളുടെയും രചയിതാവുമായിരുന്ന തരണി ദാമോദരൻ നമ്പൂതിരി ( പരേതൻ), വലിയ ശങ്കരൻ നമ്പൂതിരി (പരേതൻ), ചെറിയ ശങ്കരൻ നമ്പൂതിരി എന്നിവർ ഈ കഴിഞ്ഞ തലമുറയിലെ മേൽശാന്തിമാരിൽ പ്രമുഖരായിരുന്നു. പൊതുവിൽ കടത്തനാട്ടെയും കോഴിക്കോട്ടെയും ഇല്ലങ്ങൾ യജുർവേദികളാണെങ്കിലും ഈ ഇല്ലക്കാർ ഋഗ്വേദികളാണ്. തയ്യ് ഇല്ലക്കാർ തൃശൂർ യോഗക്കാരും മറ്റ് ഇല്ലക്കാർ തിരുന്നാവായ യോഗക്കാരും.

കുനികേശവൻ നമ്പൂതിരി
മൊബൈൽ: 7012935016



*ശീവേലി എഴുന്നള്ളിപ്പ്*

# പുളിയശ്ശേരി മന
# നമ്പൂതിരീസ് ആർക്കേഡ്
## മണ്ണാർക്കാട് Ph: 04924 222351

കോട്ടക്കൽ ആര്യവൈദ്യശാല(അംഗീകൃത ഡീലർ)
മെയിൻ റോഡ് മണ്ണാർക്കാട് Ph.04924 222351

ഹോസ്പിറ്റൽ ജങ്ഷൻ,
മണ്ണാർക്കാട്
Ph.04924 222561

കരിങ്കല്ലത്താണി
ഡോ. എം. വി. സൂരജ്
04933 251670

രശ്മി ക്ലിനിക്
മണ്ണാർക്കാട്
Ph.04924 222032
8156946906

ആര്യ ക്ലിനിക്കൽ ലബോറട്ടറി
(കമ്പ്യൂട്ടറൈസ്ഡ്)
മണ്ണാർക്കാട്.
Ph.04924 222351
7736959906

ആരോഗ്യ
ആയുർവേദിക്സ്,
ഹോസ്പിറ്റൽ
ജങ്ഷൻ,
മണ്ണാർക്കാട്
Ph.04924 222561

സൂര്യ മെഡിക്കൽസ്
മണ്ണാർക്കാട്
Ph.04924 223067

സൂര്യ സർജിക്കൽസ്
മണ്ണാർക്കാട്
Ph.04924 223067



അഞ്ജനം
കമ്മ്യൂണിക്കേഷൻസ്
ഫോട്ടോസ്റ്റാറ്റ്
STD& FAX
Ph.04924 225791
9447162450

ആര്യവൈദ്യൻ
പി.എം.നമ്പൂതിരി
1918 - 2004

സൂര്യ ക്ലിനിക്ക്
സ്പെഷ്യലിറ്റി ക്ലിനിക്ക്
ജനറൽ മെഡിസിൻ
ത്വക്ക് രോഗവിദഗ്ധൻ
മനോരോഗ വിദഗ്ധൻ
Ph.7025750727

## പ്രാണ ആയുർവേദിക്സ്,
ചട്ടിപ്പറമ്പ് , മലപ്പുറം ജില്ല
ഡോ.പി.എം പ്രകാശൻ നമ്പൂതിരി (റിട്ട: സീനിയർ ഫിസിഷ്യൻ, ആര്യവൈദ്യശാല)
ഡോ. പ്രണിത കേശവൻ MD (Ay) Ph.889110107 / 9745650446

## ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന അശോകേട്ടന് (നാരായണൻ മൂസ്സത്)

# ആശംസകളോടെ




ഗിരിജ മരുതാട്ട്,
രഞ്ജിത്ത് എം നാരായണൻ,
രേഷ്മ സജിത്ത് ,
ആതിര രഞ്ജിത്ത്,
സജിത്ത് മോഴിയോട്,
കിഴക്കേ പേരിക മന,
പേരക്കുട്ടികൾ:ദ്യുതി,ധ്യാൻ
ബന്ധുമിത്രാദികൾ,
സുഹൃത്തുക്കൾ.
മരുതാട്ട് ഇല്ലം,
പി.ഒ വെള്ളിപറമ്പ്
കോഴിക്കോട് ജില്ല
മൊബൈൽ:
7994701274;
9447886694;
949757 6792

ചേവായൂർ ഉപസഭയുടെ സ്നേഹോപഹാരം യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരിയിൽ നിന്ന് സ്വീകരിക്കുന്നു





# പഴയ ഭൂമിയിലെ പുതിയ യജ്ഞം

**പൂർവസൂരികളായ ഈ യാജ്ഞികർക്ക് ശ്രദ്ധാഞ്ജലിയർപ്പിച്ചായിരുന്നു കാറൽമണ്ണ വേദഗുരുകുലത്തിൽ മേയ് 26,27 തിയതികളിൽ ശ്രൗത ഇഷ്ടിക്ക് തുടക്കം കുറിച്ചത്**

*കാറൽമണ്ണ വേദഗുരുകുലത്തിലെ യാഗശാലയിൽ നടന്ന ഇഷ്ടിയജ്ഞത്തിലെ യജമാനൻ കുന്നം രാജൻ നമ്പൂതിരിയേയും സഹധർമ്മിണിലതാ അന്തർജ്ജനത്തേയും ഋത്വിക്കുകൾ ആശീർവ്വദിക്കുന്നു. (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു ചടങ്ങുകൾ.)*



കുന്നം ത്രിവിക്രമൻ സോമയാജിപ്പാട് | കൊയ്ത്തൊടി പരമേശ്വരൻ സോമയാജിപ്പാട് | കുന്നം നാരായണൻ സോമയാജിപ്പാട് | തെക്കുമ്പറമ്പ് സുബ്രഎണ്യൻ സോമയാജിപ്പാട് | നരിപ്പറ്റ വാസുദേവൻ സോമയാജിപ്പാട്, | തൃക്കടീരി വാസുദേവൻ അടിതിരിപ്പാട്

## നരിപ്പറ്റ നാരായണൻ നമ്പൂതിരി



കൊയ്ത്തടി, തെക്കുമ്പറമ്പ്, കുന്നം.അങ്ങനെ ധാരാളം യാഗങ്ങൾ നടന്ന ഭൂമിയാണ് കാറൽമണ്ണ. ഏറ്റവും അവസാനമുണ്ടായത് കിഴേനരിപ്പറ്റ. 1965നു ശേഷം കാറൽമണ്ണയിൽ യാഗമുണ്ടായിട്ടില്ല. കുത്തനൂർ സഭാമഠത്തിന്റെ പഴുതിയെന്ന സാമ്പത്തിക സഹായം ലഭിയ്ക്കാൻ സാദ്ധ്യതയില്ലാതായി എന്നതു മാത്രമാണോ കാരണം? അതൊരു സത്യമായിരിയ്ക്കാം.

അതെന്തായാലും 2021 മെയ് 26,27 തിയ്യതികളിൽ കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് കാത്ത്യായനഗൃഹ്യസൂത്രവിധിപ്രകാരം വൈദികയജ്ഞം അനുഷ്ഠിക്കുകയുണ്ടായി. ബ്രഹ്മശ്രീ കുന്നം രാമശർമ്മൻ നമ്പൂതിരിയും (കെ.എം.രാജൻ) സഹധർമ്മിണി ലതാ അന്തർജ്ജനവും. വിശ്വദേവകളുടെ സ്ഥാനത്തുനിന്ന് ചെറുമുക്ക് അത്യാശ്രമി രാഘവാനന്ദമുനിയുടേയും തൃക്കടീരിയിലെ സ്വാമിയാർമാരുടേയും ആശീർവ്വാദവും.

പിതൃപിതാമഹ കുലപരമ്പരയിലെ (ഫോട്ടോവിൽ ഇല്ലാത്ത) കീഴേനരിപ്പറ്റ വാസുദേവൻ അക്കിത്തർ, ശ്രീധരൻ സോമയാജി, മേലേനരിപ്പറ്റ ശ്രീധരൻ സോമയാജി, നാരായണൻ സോമയാജി, പാണ്ടം സുബ്രഹ്മണ്യൻ സോമയാജി, പാവുട്ടി നാരായണൻ സോമയാജി, കൊയ്ത്തൊടി ചെറുമുക്കു വലിയ നീലകണ്ഠൻ സോമയാജി, മകൻ വലിയ പരമേശ്വരൻ സോമയാജി, മകൻ നീലകണ്ഠൻ സോമയാജി, പൗത്രൻ ചെറിയ നീലകണ്ഠൻ സോമയാജി ,മുത്തശ്ശൻ കുന്നം രാമൻ നമ്പൂതിരി. ഇവരുടെയെല്ലാം സഹധർമ്മിണികളായ പത്തിനാടിമാരുടേയും മുത്തശ്ശിയുടേയും അനുഗ്രഹത്തിനു പ്രാർത്ഥിച്ചുകൊണ്ടാണ് യാജമാന്യം ചെയ്തത്.

പെരണ്ടമണ്ണക്കടവു മുതൽ ആരിയൻമാക്ക വരേയുള്ള പവിത്രയാഗഭൂമികളിൽ ശതക്കണക്കിൽ ഋത്വിക്കുകൾ സാമസ്തുതികളും ഋഗ്വേദാലാപനങ്ങളും യാജുഷസ്വരത്തോടെയുള്ള ക്രിയാകലാപങ്ങളും കൊണ്ട് യാഗവേദികളെ ധന്യമാക്കിയിട്ടുണ്ട്. ആർഷ പരമ്പരയുടെ ആ ഊർജ്ജസ്രോതസ്സിനെ പുനരാവാഹിക്കാനുള്ള ഉദ്യമങ്ങളിൽ വേദബന്ധുക്കളായ ധാരാളം പേർ ഭാഗഭാക്കായി. അവർക്കെല്ലാം സാഷ്ടാംഗനമസ്കാരം.

തെക്കുമ്പറമ്പത്തേയും കുന്നത്തേയും ചൊമാരിമാരെ നല്ല ഓർമയുണ്ട്.കൊയ്ത്തൊടി വലിയ ചൊമാരിയെ, അവിടെ ചെന്നപ്പോൾ മാത്രമെ കണ്ടിട്ടുള്ളു. ജീവിതം ഹ്രസ്വമായിപ്പോയ മഹൻ ചൊമാരിയെക്കുറിച്ച് പിൽക്കാ

ലത്തെ കേട്ടറിവുകളും.കുന്നത്തിന്റെയും കൊയ്ത്തടിയുടേയും യാഗങ്ങളെക്കുറിച്ച് കാര്യമായ ഓർമകളൊന്നുമില്ല, യാഗശാലപോലും മനസ്സിലില്ല. കുന്നത്തെ തറവാടിന്റെ മുന്നിലെ പള്ള്യാലായിരുന്നു അന്ന് യാഗഭൂമി എന്നു മാത്രമറിയാം.

തെക്കുമ്പറമ്പത്താണ് യാഗശാല ആദ്യമായി കാണുന്നത്. ഇല്ലത്തെവളപ്പിൽനിന്ന് നോക്കിയാൽ കാണാവുന്ന ദൂരം. അന്ന് ഒട്ടും വിശ്വസിയ്ക്കാൻ കഴിഞ്ഞിരുന്നില്ല, ആടിനെ ശ്വാസം മുട്ടിച്ച് കൊല്ലുമത്രെ! ശാലയിലാകെ മൺപാത്രങ്ങളും മരപ്പാത്രങ്ങളും പുല്ലും മാത്രം. ഒരു ഉന്തുവണ്ടിയും. അന്ന് യാഗശാലയിൽ നിന്നു തുടർച്ചയായി കേട്ട "ഓ...ശ്രാവയാ....ഷ ദ്...."കാതിൽ തങ്ങി നിന്നിരുന്നു. വല്യേട്ടന്റെ യാഗത്തിനും തുടർന്ന് ഇഷ്ടിയ്ക്കും കേട്ടുവെങ്കിലും തെക്കുമ്പറമ്പത്തുനിന്നു കേട്ടതാണ് മനസ്സിൽ.

യാഗശാല കത്തിയമരുന്ന തീയും പുകയും നേരിയ ഓർമയുണ്ട്. ശാല അഗ്നിദേവനു ആഹാരമായി. സുബ്രഹ്മണ്യൻ നമ്പൂതിരി സുബ്രഹ്മണ്യൻ സോമയാജിപ്പാടായി. സോമയാജി ലോപിച്ചപ്പോൾ ചൊമാരിയൊ ചെമാരിയൊ ആയി. സോമയാജി എന്ന ശബ്ദം രേഖകളിൽ മാത്രം. പേരിലെ മാറ്റത്തിന്റെ വിവരം ഔദ്യോഗികമായി സർക്കാർ വക ഗസറ്റിൽ രേഖപ്പെടുത്തുകയും വേണം. യാഗശേഷവും നമ്പൂതിരി എന്നു സംബോധന ചെയ്താൽ ഒരു ഇഷ്ടിയ്ക്കുള്ള നെയ്യ് ഫൈൻ അടയ്ക്കണമത്രെ!

തെക്കുമ്പറമ്പത്തെ ചൊമാരി യാഗത്തിനു ശേഷം കുപ്പായം ഇടാറില്ല. ഒരു വസ്ത്രം മാത്രം. പുഴവക്കത്തുള്ള കൃഷിസ്ഥലത്തേയ്ക്കായാലും പുറത്തു പോയാൽ കുളിച്ചിട്ടേ ആഹാരാദികളുള്ളു. നേരം വൈകിയെങ്കിൽ സന്ധ്യാവന്ദനാദികളും അഗ്നിഹോത്രവും കഴിഞ്ഞേ ജലപാനമുള്ളു. രണ്ടുനേരത്തെ അഗ്നിഹോത്രവും യഥാവിധി ഇഷ്ടിയും നിഷ്കർഷയോടെ ചെയ്തു പോന്നു.

ഞങ്ങളുടെ കഥകളി അരങ്ങേറ്റത്തിന് അണിയറ തെക്കുമ്പറമ്പത്തെപൂമുഖത്തായിരുന്നു. കാരണം അരങ്ങ് തൊട്ടു തെക്കേ ഭാഗത്ത് കിഴേനരിപ്പറ്റപറമ്പിലായിരുന്നു. അവിടെയാണത്രെ യോഗക്ഷേമസഭയുടെ കാറൽമണ്ണ സമ്മേളനം അച്ഛന്റെ നേതൃത്വത്തിൽ നടന്നത്. അവിടെത്തന്നെയാവണം അരങ്ങേറ്റമെന്നത് അച്ഛന് നിർബന്ധമായിരുന്നുവത്രെ! അങ്ങനെ തെക്കുമ്പറമ്പിന് മനസ്സിലൊരു അധികം സ്ഥാനം.ഇപ്പോഴിതാ മറ്റൊരു യജ്ഞം കൊണ്ടു കൂടി ഈ ദേശം ധന്യമായി.●

(കുഞ്ഞുകുട്ടേൻ എന്ന കീഴേ നരിപ്പറ്റ നാരായണൻ നമ്പൂതിരി കഥകളി ആശാനാണ്. കാറൽമണ്ണ തറവാട്ടിലാണ് താമസം. പേരൂർ ഗാന്ധി സേവാസദനത്തിൽ കഥകളി പഠിച്ചു അദ്ധ്യാപകനായി. പി.ഒ. കാറൽമണ്ണ - 679506, പാലക്കാട് ജില്ല ഫോൺ 9605017233)

# യാഗം നടത്താൻ കോടികളൊന്നും വേണ്ട

കെ.എം.രാജൻ

പ്രശസ്തമായ 1976 ലെ പാഞ്ഞാൾ അതിരാത്രത്തിലൂടെ യാഗങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ് തന്നെ ഉണ്ടായി. വിദേശികളുടെ ഉത്സാഹത്തിലാണ് മുഖ്യമായും അത് നടന്നത്. യാഗങ്ങളുടെ വാണിജ്യവൽക്കരണവും ധൂർത്തും ആരംഭിക്കാനും അത് കാരണമായെന്നതും സത്യം. വൻ ധനസമാഹരണം ലക്ഷ്യമിട്ട് യാഗത്തിന്റെ ക്രിയാപദ്ധതികളിൽ വരാത്ത പല ആചാരങ്ങളും ചടങ്ങുകളും കൂട്ടിച്ചേർക്കപ്പെട്ടു. അതോടെ യാഗം നടത്തുക എന്നത് കോടിക്കണക്കിനു രൂപ ചെലവുള്ള ഒരു സംഭവമാ യി . ജിജ്ഞാസക്കളും സാമ്പത്തികമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും ക്രമേണ ഈ ശ്രൗതയജ്ഞങ്ങളിൽ നിന്ന് പിന്മാറാനും ഇത് കാരണമായി എന്ന് തോന്നുന്നു.

എന്നാൽ യഥാർത്ഥത്തിൽ പണ്ട് ഇത്രയൊന്നും ധനസമാഹരണവും പിരിവും ഉണ്ടായിരുന്നില്ല. നാട്ടുകാരായ വിവിധ കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ആശാരിമാർ, മൺപാത്രനിർമ്മാണക്കാർ, തെങ്ങും പട്ടയും കവുങ്ങും മറ്റുമുപയോഗിച്ച് യാഗശാലയും മറ്റും ഉണ്ടാക്കുന്നവർ, യാഗത്തിന് അന്നദാനത്തിന് സ്വയം മുന്നോട്ട് വന്നിരുന്ന പാചകക്കാർ തുടങ്ങി വിവിധ തുറയിൽപ്പെട്ടിരുന്ന എല്ലാവരും വർണ്ണ വ്യത്യാസമില്ലാതെ യാഗം നടത്തുന്നതിന് മുൻപന്തിയിൽ ഉണ്ടായിരുന്നു. നാടിന്റെ ഒരു ഉത്സവം പോലെയായിരുന്നു വൈദിക യാഗങ്ങൾ.

ഋത്വിക്മാർ കർമ്മകാണ്ഡങ്ങൾ വിധിയാം വണ്ണം പഠിച്ചവരും വൈദിക നിത്യകർമ്മാനുഷ്ഠാനങ്ങൾ ശ്രദ്ധയോടെ പാലിച്ചിരുന്നവരും ദക്ഷിണക്ക് പിറകെ പോകാത്തവരും ആയിരുന്നു. ദക്ഷിണക്ക് വളരെ മഹത്തായ ഒരു സ്ഥാനമാണ് വൈദിക യജ്ഞങ്ങളിൽ ഉള്ളത്. അവ എന്തൊക്കെ ആവാം എന്നും എത്ര ആവാം എന്നും ശാസ്ത്രങ്ങളിൽ പറയുന്നുണ്ട്. ഉചിതമായ ദക്ഷിണ നൽകിയാൽ മാത്രമേ യാഗത്തിന് ഫലപ്രാപ്തിയുണ്ടാവുകയുള്ളുവെന്ന് ശതപഥ ബ്രഹ്മണത്തിലും മറ്റും വ്യക്തമായി പറയുന്നുണ്ട്.

ഇത്രയും സൂചിപ്പിച്ചത് ഭാരിച്ച ചെലവില്ലാതെ ക്രിയാപദ്ധതിക്ക് പ്രാധാന്യം നൽകി ഇക്കാലത്തും യാഗങ്ങൾ നടത്താമെന്ന് ചൂണ്ടിക്കാണിക്കാനാണ്.മെയ് 26,27 തിയ്യതികളിൽ കാറൽമണ്ണയിൽ നടന്ന ഇഷ്ടി ഇപ്രകാരത്തിൽ ആയിരുന്നു. ലോകനന്മക്കായി നിസ്വാർത്ഥ ഭാവനയോടെ തുടർന്നും ഇത്തരം യാഗങ്ങൾ നമുക്ക് നടത്താൻ സാധിക്കട്ടെ.

ശുകപുരം വൈദിക ഗ്രാമത്തിലെ പവിത്രമായ യാഗഭൂമികളിൽ ഒന്നായ കാറൽമണ്ണയിലെ വേദഗുരുകുലത്തിലാണ് അരണി കടഞ്ഞ് അഗ്ന്യാധാനത്തോടെ വിധിയാം വണ്ണം കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാത്യായന ശ്രൗതസൂത്രത്തെ അടിസ്ഥാനമാക്കിയ ഇഷ്ടി നടന്നത്. കാറൽമണ്ണ കുന്നം രാമശർമ്മനും (കെ. എം. രാജൻ) സഹധർമ്മിണി ലത രാജനും ആയിരുന്നു യജ്ഞത്തിന്റെ യജമാനൻ. സാംഗോപാങ്ഗം വേദപഠനം നടത്തുന്നവരും ശ്രൗതയജ്ഞങ്ങൾ നടത്താൻ പരിശീലനം ലഭിച്ചവരുമായ വേദഗുരുകുലത്തിലെ ബ്രഹ്മചാരികളായ വിഷ്ണു ആര്യ (അധ്വര്യു), അനന്ദു ആര്യ (ബ്രഹ്മൻ), മിഥുൻ ആര്യ (ഹോതൻ), അഭിജിത് ആര്യ(ആഗ്നീധ്രൻ) എന്നിവരായിരുന്നു ഇഷ്ടിയിലെ ഋത്വിക്കുകൾ.

ആര്യസമാജ സ്ഥാപകനും വേദഭാഷ്യകാരനും നവോത്ഥാന നായകനുമായ മഹർഷി ദയാനന്ദ സരസ്വതിയാണ് ശുദ്ധമായ യജ്ഞസംസ്കാരത്തെ പത്തൊമ്പതാം നൂറ്റാണ്ടിൽ വീണ്ടെടുത്തത്. അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിലൂടെ വന്ന പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക് അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ള ശ്രൗത യാഗങ്ങളുടെ ശുദ്ധമായ പദ്ധതി അന്വേഷിച്ചു കണ്ടെത്തി. കേരളത്തിലെ വൈദികരുമായും അദ്ദേഹം ഇക്കാര്യത്തിൽ ബന്ധപ്പെട്ടിരുന്നു. അത്തരമൊരു പാരമ്പര്യത്തിന്റെ അഗ്നിയാണ് കാറൽമണ്ണയിൽ ജ്വലിച്ചത്.



പശു ഒരു നല്ല ബിസിനസ്സായില്ല

# എന്നാൽ, പാചകം അന്നം മുടക്കിയില്ല

## വെടിക്കെട്ടിന്റെ നൂറു മീറ്റർ അകലെ കിടന്നാണ് ഒന്നും അറിയാത്ത ഉറക്കം

പാലേലി മോഹൻ



നമ്പൂരിമാരെല്ലാം സുഖലോലുപന്മാരാണെന്നും വയറു നിറയെ ഭക്ഷണം കഴിച്ച് അകത്തളങ്ങളിൽ ഒന്നുമറിയാതെ കഴിയുകയാണെന്നുമാണ് പലരുടേയും ധാരണ. എന്നാൽ പല ഇല്ലങ്ങളിലേയും അവസ്ഥ ഇതൊന്നുമല്ല. അധ്വാനിച്ച് ജീവിതം കരുപ്പിടിപ്പിച്ച ഒരു വേദജ്ഞനെ പരിചയപ്പെടുത്താം.

തൃശ്ശൂർ പൂരം വെടിക്കെട്ടിന് ലോകം സാക്ഷ്യം വഹിക്കുമ്പോൾ സുഖനിദ്ര. വെടിക്കെട്ടിന്റെ പടക്കപ്പന്തലിന്റെ നൂറു മീറ്റർ അകലെ കിടന്നാണ് ഒന്നുമറിയാത്ത ഉറക്കം. പൂരം കാണാൻ വരുന്ന ആയിരങ്ങൾക്ക് ഭക്ഷണം കൊടുത്തതിന്റെ ക്ഷീണത്താൽ ഉറങ്ങുന്നത് പതിനെട്ടു വയസിൽ. അക്കൂരം നീലകണ്ഠൻ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ ഋഗ്വേദം കമ്പോട് കമ്പ് അഭ്യസിച്ചിട്ട് അതിന്റെ പരിസമാപ്തി ചങ്ങത കഴിഞ്ഞ് ചാങ്ങലിയോട് വാധ്യാനെ അഭിവാദ്യം വേണം.

അപ്പോഴേ ഓത്തനാവൂ. ഇതെല്ലാം കഴിഞ്ഞ് സ്കൂളിൽ പഠിക്കാൻ കാശില്ല, അതിനാൽ അവിടെ പാചകത്തിന് കൂടി.പൂരം കാണാൻ ലോകരെല്ലാം വന്ന് കൂടുമ്പോൾ അത് കണ്ടില്ലെങ്കിൽ മോശം. അതോർത്തു മാത്രം കൂട്ടുകാരനായ തേവർകാടു നാരായണനുമായി പൂരപ്പറമ്പ് ഒന്ന് വീക്ഷിച്ചുവരും. ആന, പടക്കം, മേളം, കുടമാറ്റം, തിരക്ക് ഇതിലൊന്നിലും ഒരു കമ്പവും ഇല്ലാത്തതാണ് പൂരപ്പറമ്പിനോട് ശ്രദ്ധ വിട്ടത് .

കൊടിയ ദാരിദ്ര്യം. രണ്ടാം ക്ലാസുവരെ പെരിഞ്ചേരി സ്കൂളിൽ പഠിച്ച ശേഷം ഉപനയനം. മുതലോറ കഴിഞ്ഞപ്പോൾ ബ്രഹ്മസ്വം മഠത്തിൽ. അമ്മയിൽ നിന്ന് അകന്ന് നിൽക്കാനാവാത്ത പ്രായം. അച്ഛനെ ഭയന്ന് ഗുരുവിന്റെ അടിയും കൊണ്ട് കടിച്ചാൽ പൊട്ടാത്ത വേദം ഉരുവിട്ടു. മറക്കാതിരിക്കാൻ ചൊല്ലി നമസ്കരിച്ച് നാലുവർഷം പിന്നിട്ടു. നമ്പൂതിരി വിദ്യാലയത്തിൽ ഏഴാം ക്ലാസിലെ പരീക്ഷ എഴുതി. ഹൈസ്കൂൾ പഠനം 58 ശതമാനം മാർക്കു നേടി വിജയിച്ചു. കോളേജിൽ പഠിക്കാൻ കാശില്ല.

മഠത്തിൽ കലവറക്കാരൻ, ക്ലാർക്ക്, ദേഹണ്ഡക്കാരൻ എന്നീ വേഷങ്ങൾ കെട്ടിയാടി. ഇതിനിടെ ഹിന്ദി പ്രവീൺവരെ പഠിച്ചു. അതിനിടെ ഒരുപശുവിനെ സ്വന്തമാക്കി. ആലങ്കോട് കക്കാട്, മഠത്തിലെ മാനേജർ കപ്പിയൂർ, തന്ത്രി പുലിയന്നൂർ അനുജൻ നമ്പൂതിരിപ്പാട് എന്നിവരുടെ സഹായം മറക്കാനാവാത്ത ഒന്നാണ്.

ആദ്യത്തെ കറവക്കാലം കഴിഞ്ഞപ്പോഴേക്കും പശുവിനെ വാങ്ങിയ കടം തീർന്നു. ഇരുപത്തിഅഞ്ചു വയസ്സിലാണ് പശുവിനെ പരിപാലിക്കാൻ തുടങ്ങിയത്. 1970 ആയതോടെ ആറു പശു, നാല്എരുമ എന്നിവയോടെ സംഗതികൾ പുരോഗമിച്ചു. ഒരു സഹായിയെ നിർത്തിയിരുന്നു. തൃശൂർ നഗരത്തിൽ അക്കൂരത്തിന്റെ പശുക്കൾ ചർച്ചാവിഷയമായതോടെ ധാരളം പേർ പാലിന് ആവശ്യക്കാരായി. അക്കാലത്ത് മഠത്തിൽ അസൂയാലുക്കൾ പശുവിനൊപ്പം പെറ്റുപെ

രുകി. മഠത്തിൽ കെട്ടിത്തീർത്ത തൊഴുത്ത് പൊളിച്ച് ഇല്ലത്തേക്ക് നാൽക്കാലികളെ ആട്ടികൊണ്ടു പോന്നു. ഒരു തൊഴുത്ത് നിർമിച്ചു. പാല് തൃശൂർക്ക് സൈക്കിളിൽ കൊണ്ടുപോകും. 7 കിലോമീറ്റർ സൈക്കിൾ ചവിട്ടും. കുറച്ച് കഴിഞ്ഞപ്പോൾ അനിയനും പാല് കൊണ്ടുപോകാൻ സഹായിച്ചു.

മുപ്പതാമത്തെ വയസിൽ വേളി. മൂന്ന് കുട്ടികൾ. അച്ഛനും അമ്മയും എല്ലാവരും കൂടി താമസിച്ചു. അച്ഛൻ കുടുംബ ക്ഷേത്രത്തിൽ ശാന്തി നോക്കിയിരുന്നു. നാലഞ്ചു വർഷത്തിനു ശേഷം വാങ്ങിയ ഒരു പശുവിന് എന്ന അസുഖം വന്നു ചത്തു. അതോടെ ഡോക്ടറുടെ നിർദ്ദേശപ്രകാരം ബാക്കി പശുക്കളെ കിട്ടിയ വിലക്കുവിൽക്കേണ്ടി വന്നു.

രണ്ടു കൊല്ലം വെറുതെ ഇരുന്നു. ഇതിനിടെ തൈക്കാട് മൂസിന്റെ ഏജൻസി നേടി. മരുന്ന് അത്യാവശ്യത്തിന് മാത്രമുള്ളത് കൊണ്ടുവരും. തൈക്കാട്ടുശ്ശേരി അത്ര അകലെയല്ല. സൈക്കിൾ യാത്രയാണ് പതിവ്. പശുവിനോടുള്ള സ്നേഹത്തിന് കുറവ് വന്നില്ല. മൂന്ന് വർഷം കഴിഞ്ഞപ്പോൾ രണ്ടു പശുവിനെ വാങ്ങി. ഗോരസ ഗന്ധം അത്രയ്ക്ക് ഇഷ്ടമായി. തൃ

**ആദ്യത്തെ കറവക്കാലം കഴിഞ്ഞപ്പോഴേക്കും പശുവിനെ വാങ്ങിയ കടം തീർന്നു. ഇരുപത്തിഅഞ്ചു വയസ്സിലാണ് പശുവിനെ പരിപാലിക്കാൻ തുടങ്ങിയത്. 1970 ആയതോടെ ആറു പശു, നാല് എരുമ എന്നിവയോടെ സംഗതികൾ പുരോഗമിച്ചു.**

ശൂർ വാഴ്ചക്കാലത്ത് ഒരു നമ്പൂതിരി പറഞ്ഞു. ങ്ങനെ അധ്വാനിക്കല്ലേ. പശുവിനെക്കാലും നല്ലത് ഒരാനയെ വാങ്ങിക്കൂ ഇനി കമ്പം തീർന്ന് അതിനെകൊടുത്താലും നല്ല വില കിട്ടും. ഇതിലൊന്നും നീലകണ്ഠൻ വീണില്ല. അറിയാവുന്ന പണി ചെയ്യണം. അറിയാത്ത പണി അബദ്ധത്തിൽ ചാടുമെന്ന് പലരുടേയും അനുഭവം.

ഒരു സ്ക്കൂൾ മാഷ് ബസ് വാങ്ങി. സംഗതി രസമായി ഒരു വർഷം കഴിഞ്ഞപ്പോൾ നമ്പൂരിയോട് പറഞ്ഞു. അതേ പയ്യിന്റെ പിന്നിൽ നടക്കുന്നതിലും ഭേദം ഇതാണ് നിത്യവരുമാനം കിട്ടും. വട്ട ചിലവും സമ്പാദ്യവും. രണ്ട് വർഷം കഴിഞ്ഞപ്പോൾ ബസ് രണ്ടായി. നാട്ടുകാരായ ശിഷ്യന്മാർക്ക് പണി കൊടുത്തു. ബസ്സ്മൂന്നും നാലും വരെയെത്തി. ഒപ്പം ചതി കൂടു വച്ചത് അറിഞ്ഞില്ല. പണിക്കാരും ബസ് വാങ്ങി. ക്രമേണ മാഷ് പാപ്പരായി. അക്കൂരം മാഷോടു പറഞ്ഞു അതേ അറിയാവുന്ന പണിയുമായി പോയാൽ രക്ഷപ്പെടാം. അല്ലെങ്കിൽ കുത്തുപാളയെടുക്കും. ഒരാളേം വിശ്വസിക്കരുത്.

പറമ്പിൽ വാഴ തുടങ്ങിയ കൃഷികൾ സമയമനുസരിപ്പ് തീർക്കും. വെറുതെ ഉറങ്ങിയൊന്നും സമയം കളയാറില്ല. അധ്വാനിച്ച് ജീവിതം കരുപ്പിടിപ്പിച്ച അക്കൂര ത്തിന്റെ ജീവിതം ഒരു വേദപുസ്തകം തന്നെയാണ്. സ്വന്തമായി ഒരു പുര, കുട്ടികളുടെ വിവാഹം എന്നിങ്ങനെ നിരവധി കർമാനുഷ്ഠാനങ്ങൾ യഥാവിധി ചെയ്തു. കടം എന്ന വിഷയം തന്നെ ജീവിതത്തിൽ വേണ്ടി വന്നില്ല. പണിയെടുക്കാനുള്ള പ്രാപ്തി ജഗദീശൻ കൊടുത്തു.


നീലകണ്ഠൻ നമ്പൂതിരി.
വെങ്ങല്ലൂർ മന അശ്വതി.പാലിശ്ശേരി
തൃശൂർ മൊബൈൽ 9895264814
പാലേലി മോഹൻ8304909076,



കുട്ടിയുടെ ഈ ആഫ്രിക്കൻ ഹെയർ സ്റ്റൈലാണ് വിമാനത്താവളത്തിൽ സംശയം ജനിപ്പിച്ചത്

## കുട്ടിയെ തട്ടിക്കൊണ്ടു പോവൽ കുറ്റത്തിന് ജയിലിൽ അകപ്പെടാതെ ആഫ്രിക്കയിൽ നിന്ന് രക്ഷപ്പെട്ട അനുഭവം

# ഹെയർ സ്റ്റൈൽ വരുത്തി വച്ച വിന


**ജിഷ യു സി**


പകുതി സങ്കടവും പകുതി സന്തോഷവും നിറഞ്ഞ അവസ്ഥയിലായിരുന്നു അന്ന് ഞങ്ങൾ രണ്ടു സഹോദരിമാർ. എന്നാൽ അനിയത്തി ദിവ്യക്ക് വിഷമം മാത്രമേഉണ്ടായുള്ളൂ. വർഷങ്ങൾക്കപ്പുറം ഞങ്ങളുടെ വിദേശ യാത്രയുടെ പര്യവസാനരംഗങ്ങളാണ് പറഞ്ഞു വരുന്നത്.കുട്ടിക്കടത്തിന് ഞങ്ങൾ അറസ്റ്റിലായി ജയിലിൽ പോവാതെ രക്ഷപ്പെട്ടത് ഭാഗ്യം.

ദിവ്യ ,വിനീതയും ഞാനും.ഞങ്ങൾ ത്രീ സിസ്റ്റഷഴ്സ് .ഇതിൽ രണ്ടാമത്തെയാൾ ദിവ്യ പടിഞ്ഞാറേടത്തെ ആത്തേമാർ,വർഷങ്ങളായി ആഫ്രിക്കൻ രാജ്യമായ ബോട്സ്വാനയിലാണ്. ഓരോ വർഷവും ഞങ്ങൾ ബോട്സ്വാനയിലേക്ക് പോകാനൊരുങ്ങും. പക്ഷേ, എന്തെങ്കിലും കാരണം കൊണ്ട് അതു മുടങ്ങും.അങ്ങനെ ഒരുങ്ങിയൊരുങ്ങി ചെറിയ അനിയത്തി വിനീതയുടെ (ചെമ്മങ്ങാട് ആത്തേമാർ)

വിവാഹവും കഴിഞ്ഞ് ഞങ്ങൾ മൂന്നു പേരും അമ്മമാരായതിനു ശേഷമേ ആ യാത്ര തരപ്പെട്ടുള്ളൂ.ഏതാണ്ട് രണ്ടു മാസം ഞങ്ങൾ അവിടെ ചെലവഴിച്ചു.

നാട്ടിലേക്കുള്ള മടക്കം.അതാണിപ്പോൾ പങ്കു വയ്ക്കുന്നത്.മൂടിക്കെട്ടിയ ആകാശം പോലെ കരച്ചിലടക്കി ദിവ്യയും മക്കളും കുട്ടേട്ടനും ഞങ്ങളെ യാത്രയാക്കാൻ ഗാബറോൺ എയർ പോർട്ടിലെത്തി. ഏറെ നാൾ നാട്ടിൽനിന്ന്



*സഹോദരിമാരായ ദിവ്യ ജിഷ വിനീത എന്നിവർ ആഫ്രക്കൻ യാത്രക്കിടയിൽ*

വിട്ടുനിന്ന ഞങ്ങൾക്കും (എന്റെ നമ്പൂരി പോന്നിട്ടില്ലെയ്) നാട്ടിലെത്താൻ വൈകി. വിനീതയുടെ നമ്പൂതിരി ഞങ്ങടെ കൂടെ അങ്ങോട്ട് വന്നിരുന്നു. എന്നാൽ പതിനഞ്ചു ദിവസം കഴിഞ്ഞ് തിരിച്ച് പോയി .മടക്കസമയത്ത് ഞാനും എന്റെ രണ്ട് ആൺമക്കളും,വിനീതയും മകളും മാത്രം .

യാത്ര പറച്ചിലിനിടയിൽ വെരിഫിക്കേഷൻ കൗണ്ടറിൽ.പാസ്പോർട്ട് ,ലഗേജ് ഡി റ്റൈൽസ് പിന്നെ എന്നെയും മക്കളെയും ആഫ്രിക്കൻ യാത്രക്ക് സമ്മതിച്ചു കൊണ്ടുള്ള എന്റെ നമ്പൂതിരിയുടെ സമ്മതപത്രം ഇവ പരിശോധിച്ചു. എനിക്കും മക്കൾക്കും ബോഡിംഗ് പാസ് കിട്ടി. എന്റെ കാര്യം ഓകെയായി.

അപ്പൊ ദേ അനിയത്തിക്ക് ഒരു പ്രശ്നം. ഇങ്ങോട്ട് പോരുമ്പോൾ ഭർത്താവുണ്ടായിരുന്നു കൂടെ. തിരിച്ച് പോരുമ്പോൾ ഇല്ല. ഭർത്താവ് നേരത്തെ മടങ്ങിയിരുന്നല്ലൊ.

'എന്റെ ഭാര്യയെയും മകളെയും ഇവിടെ ഒരു മാസം തങ്ങാൻ ഞാൻ സമ്മതിക്കുന്നു '

എന്ന് എഴുതിയ ഒരു സമ്മതപത്രം അനിയത്തിയുടെ ഭർത്താവിനോട് എഴുതി വച്ച് പോകാൻ ദിവ്യയുടെ നമ്പൂതിരി പറഞ്ഞിരുന്നു. സാധാരണ ചോദിക്കാറില്ല .

എന്നാലും കയ്യിൽ വയ്ക്കാം എന്നു കരുതി കയ്യിൽ വച്ച അതും കാണിച്ചു

അപ്പോൾ ആ സ്ത്രീ

'വൈ വേർ ഈസ് ഹി'

'ഹി വെന്റ്'

അല്ലാതെ അനിയത്തി എന്തു പറയും

അപ്പൊ പറയാ, കൂടെയുള്ളത് മകളല്ല,അനിയത്തി ആ കുട്ടിയെ തട്ടിക്കൊണ്ടുപോവാണെന്ന്.കുട്ടിക്കടത്ത് അഥവാ ചൈൽഡ് ട്രാഫിക്കിംഗ്.

ചിന്തിക്കുകകൂടിചെയ്യാത്ത ഒരു ആരോപണം.സ്വന്തം കുട്ടി തന്നെയെന്ന് എങ്ങനെ തെളിയിക്കും.

അവരുടെ മറ്റൊരു കണ്ടുപിടുത്തം.അനിയത്തിയുടെ മകളാണെങ്കിൽ അവിടത്തെ കുട്ടികളുടെ പോലെ ഹെയർ ഡ്രസ്സിംഗ് ചെയ്തിരുന്നു.

*ഇത് നിങ്ങളുടെ ഹെയർസെറ്റിൽ അല്ലല്ലോ കൗണ്ടറിലെ കാര്യക്കാരി വിടാനുള്ള മട്ടല്ല.*

*നിങ്ങളെ വിടാൻ ഞങ്ങൾക്ക് പറ്റില്ല അവർ കട്ടായം പറഞ്ഞു.*

*ഇല്ലെങ്കിൽ 'Parent Affidavit' വേണം എന്ന്. അല്ലെങ്കിൽ 'Your husband has to come and give authorisation' നാട്ടിൽ പോയ ഭർത്താവ് മടങ്ങി വന്ന് സമ്മതപത്രം നൽകണമത്രെ.*

'ഈയമ്മക്ക് എന്താ വട്ടാ' ?

'അതാപ്പൊ നന്നായത്

രണ്ടു ഭൂഖണ്ഡം അപ്പുറത്തു നിന്ന് ഭർത്താവ് വന്ന് പറഞ്ഞതു തന്നെ '

ഞങ്ങൾ മനസ്സിൽ പറഞ്ഞു. പല്ലു ഞെരിച്ചു.അവരും ഞങ്ങളും മാറി മാറിപ്പറഞ്ഞു നോക്കി ,ഫോണിലെ ഫോട്ടോകൾ കാണിച്ചു നോക്കി.ഒരു രക്ഷേം ഇല്ല,അവർ കടുകിട ഇളകുന്നില്ല.ഇതിനിടയിൽ ഞങ്ങളെ ചെക്കിൻ ചെയ്യാൻ പറഞ്ഞ് വിളി തുടങ്ങി .ഞങ്ങടെ ലഗേജൊക്കെ നേരത്തെ ക്ലിയറായി വിമാനത്തിൽ എത്തിയിരുന്നു.

ഞങ്ങളോട് ഉദ്യോഗസ്ഥർ പറഞ്ഞു .'ത്രീ ഓഫ് യു കം ഇൻസൈഡ് ' ഞാനും മക്കളും അകത്തു ചെല്ലണമെന്ന്. അനിതത്തിയും മകളും പുറത്തും.ഞങ്ങൾ എങ്ങനെ കയറും ?

'ഇവരെ വിടാതെ ഞങ്ങൾ കയറില്ല എന്ന് വാശിയിൽ ഞങ്ങളും'

'നിങ്ങൾക്ക് പാസ് കിട്ടിയതാ നിങ്ങൾ കയറിയേ ഒക്കൂ' എന്നായി അവർ..

അപ്പോഴും,അനിയത്തിയുടെ കൗണ്ടറിലെ ആ സ്ത്രീ അയഞ്ഞിട്ടില്ല. കരച്ചിലായി ,ബഹളമായി ,പലരെയും വിളിച്ചു. ഒരു രക്ഷയുമില്ല.ആയമ്മ പാറപോലെ ഉറച്ചിരിക്കയാണ് അവസാനം ഒരു വഴി പറഞ്ഞു. പോലീസ് സ്റ്റേഷനിൽ നിന്ന് സമ്മതപത്രം എഴുതി വാങ്ങിക്കൊണ്ടു വരിക. എന്നാൽ അടുത്ത വിമാനത്തിന് വിടാം. എന്നായി. പാവം അനിയത്തിയും മകളും,ഒറ്റക്ക്..

അതു വേണ്ട ,ഞങ്ങൾക്ക് ഇതിൽ തന്നെ പോകണം. ഞങ്ങൾ തനിയെയാവും

എന്നൊക്കെ പറഞ്ഞു. എന്നാലും അവർക്ക് കൂസലില്ല. അവസാനം നേരെ പോലീസ് സ്റ്റേഷനിലേക്ക്. അവിടെ ചെന്നപ്പോൾ അവിടെ ഗംഭീര ക്ലീനിംഗാണ്. അപ്പോൾ ആരെയും കയറ്റിവിടില്ലെന്ന്.

എല്ലാവരും കരഞ്ഞുപറഞ്ഞ് എങ്ങനെയൊക്കെയോ കാര്യം സാധിച്ചു. അങ്ങനെ പാരന്റ് അഫിഡാവിറ്റ് അറ്റസ്റ്റ് ചെയ്തു കിട്ടി .ഭാഷ ഒരു പ്രശ്നമാണ്. ഇവിടെ റിയൽ ഇംഗ്ലീഷ് അല്ല ,സെറ്റ്സ്വാന എന്ന ഭാഷയാണ് .എങ്ങനെയൊക്കെയോപറഞ്ഞു മനസ്സിലാക്കി കാര്യം സാധിച്ചു എന്ന് പറഞ്ഞാൽ മതീലൊ.വീണ്ടും എയർപോർട്ടിൽ ലെറ്ററുമായി ആ ലേഡിയുടെ അടുത്ത്

'സോറി'.. പ്രത്യേകിച്ചൊന്നും നടന്നിട്ടില്ലാത്ത മട്ടിൽ ആ സ്ത്രീ കൂളായി പറഞ്ഞു. എന്നിട്ട് ഒരു പുഞ്ചിരിയും. ഇത്രയും നേരം വട്ടം കറക്കിയിട്ട് ഇനി പുഞ്ചിരിച്ചിട്ടെന്ത് കാര്യം

ഹിയർ ചൈൽഡ് ട്രാഫിക്കിംഗ് ഈസ് എ സീരിയസ് ഒഫൻസ്. സോ വീ ടെയ്ക്ക് സ്ട്രിക്ട് മെഷേർസ് ആൻഡ് ചെക്കിംഗ്.

'ഉം .. സോറി' ..

'ഇത്ര നേരം വിഷമിച്ചതിന് ഒരു രണ്ട് വാക്ക് .'..

മുറുമുറുത്ത് ഞങ്ങൾ ഓടി വിമാനത്തിൽ കയറി.

അതെ ശരിക്കും ഞങ്ങളെ കാത്തു നിൽക്കുകയായിരുന്നു ആ യന്ത്രപ്പക്ഷിയും യാത്രക്കാരും. നേരെ ജോഹനാസ്ബർഗിലേക്ക് പറക്കുമ്പോൾ പെയ്തത് മഴയല്ല മൂടിക്കെട്ടിയ മനസാണ്. 'എന്തായാലും നിന്നെ അവർ ആഫ്രിക്കക്കാരിയാണെന്ന് കരുതീലോ'

എന്റെ മക്കൾ അനിയത്തിക്കുട്ടിയെ കളിയാക്കിക്കൊണ്ട് പറഞ്ഞു. അപ്പോൾ ആദ്യമായി ഞങ്ങളേവരും നിറഞ്ഞു ചിരിച്ചു .●

ജിഷ യു സി ,നാരായണമംഗലത്ത് മന, മങ്കട പിൻ:679324 ,മലപ്പുറം ജില്ല ,മൊബൈൽ 9387827948

# അറുപതിന്റെ നിറവിൽ



## വി.ഇ നാരായണൻ നമ്പൂതിരി

(റിട്ട. സീനിയർ ലക്ചറർ, ഡയറ്റ് പാലക്കാട്
S/o വി.ഇ രാമൻ നമ്പൂതിരി റിട്ട. ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വളയന്നൂർ )

**വൈത്തല എടക്കാട്ട് ഇല്ലം, ചെറുകുളത്തൂർ, മൊബൈൽ: 8078063381**

മാതാവ്: ശ്രീദേവി അന്തർജനം ഒഴുകൂർ മന, മലപ്പുറം.

പത്നി : പി.ശ്രീദേവി അന്തർജനം പേരൂർ ഇല്ലം, കോഴിക്കോട്.
(അദ്ധ്യാപിക, എ.യു.പി.എസ് തിരുത്തി പരപ്പനങ്ങാടി)

മക്കൾ : ശ്രീരാജ്.വി.എൻ (ലക്ചറർ, എം.വി. ഷെട്ടി കോളെജ് ഓഫ് സ്പീച്ച് & ഹിയറിങ്ങ്, കാവൂര്,മംഗലാപുരം)
സാന്ദ്ര വി.എൻ (പത്താം ക്ലാസ് വിദ്യാർത്ഥിനി, കർണാടക സംഗീതം, കേരള കലാമണ്ഡലം ചെറുതുരുത്തി.)

*ആശംസകളോടെ: കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും ശിഷ്യസമാജവും.*

## ചെമ്പൈ വൈദ്യനാഥഭാഗവതരുടെ

# മൃദംഗക്കാരന് നവതി

ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ശിഷ്യനും സന്തതസഹചാരിയും. കൊങ്ങോർപ്പള്ളി പരമേശ്വരൻ നമ്പൂതിരിയുടെ വിശേഷണങ്ങളിൽ ഇത്രയും പോര. ഗുരുവായൂർ ഏകാദശി സംഗീതോൽസവത്തെ ചെമ്പൈ സംഗീതോത്സവമായി രൂപപ്പെടുത്തിയ മൃദംഗവിദ്വാൻ. മാത്രമല്ല, സംഗീതോത്സവം ആകാശവാണിയുടെ തൽസമയപ്രക്ഷേപണത്തിലൂടെ ലോകമെങ്ങുമെത്തിച്ചതിൽ മുഖ്യ പങ്കു വഹിച്ച ആൾ. ചെമ്പൈയുടെ സ്വന്തം മൃദംഗവാദകൻ.



1931 ഏപ്രിൽ 14 ( 1106 മേടം1) വിഷു ദിവസം ചതയം നക്ഷത്രത്തിൽ ഗുരുവായൂരിനടുത്ത കോട്ടപ്പടിയിൽ ജനനം. അച്ഛൻ പരമേശ്വരൻ നമ്പൂതിരി. അമ്മ പാർവതി അന്തർജനം. ഉപനയനത്തിനു ശേഷം തൃശൂർ ബ്രഹ്മസ്വം മഠത്തിൽ രണ്ടു വർഷം വേദാഭ്യാസം. സ്കൂൾ പഠനത്തിനു ശേഷം മനസ്സ് നിറയെ സംഗീതവുമായി മണക്കുളം കോവിലകത്തെ മുകുന്ദരാജാവിന്റെ സമീപത്തെത്തി. അവിടത്തെ കുഞ്ചുണ്ണി രാജയുടെ നിർദ്ദേശ പ്രകാരം സരോജിനി നേത്യാരമ്മയുടെ ശിക്ഷണത്തിൽ കർണ്ണാടക സംഗീതാഭ്യാസനം. ശിഷ്യന്റെ താളപ്പെരുമയിൽ അത്ഭുതം കണ്ട അവർ 'പാട്ടിനേക്കാൾ മൃദംഗം പഠിക്കൂ എന്ന് പരമേശ്വരനെ ഉപദേശിച്ചു. തുടർന്ന് എരനെല്ലൂർ നാരായണപ്പിഷാരടി, മൂത്തിരിങ്ങോട് നാരായണൻ നമ്പൂതിരിപ്പാട്, പാലക്കാട് അപ്പു അയ്യർ എന്നീ വിദ്വാന്മാരുടെ കീഴിൽ മൃദംഗപഠനം .

ശബ്ദം നഷ്ടപ്പെട്ട് ചികിൽസക്കായി പൂമുള്ളിയിൽ എത്തിയ ഭാഗവതരുടെ ശുശ്രൂഷാചുമതല കൊങ്ങോർപ്പിള്ളിക്കായിരുന്നു.മരുന്ന് തയ്യാറാക്കണം. ആത്മബന്ധത്തിന്റെ നാളുകളായിരുന്നു അത്. ചെമ്പൈയുടെ കീഴിൽ മൃദംഗത്തെ ആഴത്തിൽ അറിയാനുള്ള പഠനം ഭാഗവതരുടെ ചികിത്സാ വിശ്രമത്തിന്റെ കൂടെ നടന്നുകൊണ്ടിരുന്നു. ശിഷ്യസ്നേഹത്തിന്റെ നിറകുടമായിരുന്ന ചെമ്പൈ പ്രശസ്ത മൃദംഗവിദ്വാനായ കൊടുന്തിരപ്പിള്ളി മഹാദേവ അയ്യരെ പൂമുള്ളി കൊണ്ടുവന്ന് താമസിപ്പിച്ച് കൊങ്ങോർപ്പിള്ളിയെ മൃദംഗം പഠിപ്പിച്ചു.

ചെമ്പൈയോടൊപ്പം നിരവധി കച്ചേരികൾക്ക് മൃദംഗം വായിച്ചു.1958 ൽ ചെമ്പൈക്ക് കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ചു. ആ വേദിയിൽ ഉപരാഷ്ട്രപതിയായിരുന്ന ഡോ.രാധാകൃഷ്ണനു മുന്നിൽ ചെമ്പൈ നടത്തിയ കച്ചേരിയിൽ മൃദംഗം കൊങ്ങോർപ്പിള്ളി ആയിരുന്നു.

*തൃശൂർ റോഡിയോ നിലയം ഉദ്ഘാടനത്തിനു ചെമ്പൈയുടെ കച്ചേരിക്ക് മൃദംഗം വായിച്ചതും കൊങ്ങോർപ്പിള്ളി ആയിരുന്നു. ഭാഗവതരുടെ ചെന്നൈ വാസക്കാലത്തും ഒപ്പമുണ്ടായിരുന്നു . ഗുരുവിന്റെ അനുഗ്രഹപുണ്യം കൊങ്ങോർപ്പിള്ളിയുടെ കുട്ടികളിലേക്കും നീളുന്നു . മകൻ ബാബു പരമേശ്വരനും ചെമ്പൈയുടെ ശിഷ്യനാവാൻ കഴിഞ്ഞു. ഭാഗവതരോടൊപ്പം നിരവധി കച്ചേരികളിൽ പാടാനും ബാബുവിന് ഭാഗ്യമുണ്ടായി. ചെമ്പൈയുടെ അവസാനത്തെ കച്ചേരി ഒറ്റപ്പാലം പൂഴിക്കുന്ന് ക്ഷേത്രത്തിലായിരുന്നു. തന്റെ മകൻ ബാബു പരമേശ്വരന് അന്നും സ്വാമിയുടെ കൂടെ പാടാൻ പറ്റി എന്ന് കൊങ്ങോർപ്പിള്ളി അനുസ്മരിക്കുന്നു.*

പതിനാറാമത്തെ വയസു മുതൽ ഗുരുവായൂർ ഏകാദശി ഉത്സവത്തിന് ചെമ്പൈ ഭജനമിരുന്ന് പാടുമായിരുന്നു. സംഗീതോത്സവമൊന്നും അന്നില്ല. പക്ഷേ ഗുരുവായൂരപ്പനു മുന്നിൽ ചെമ്പൈ പാടും. ഭാഗവതർ പ്രസിദ്ധി നേടിയ ശേഷവും പതിവു തെറ്റിക്കാറില്ല . നേരത്തെ ഏറ്റ കച്ചേരിയുണ്ടായിരുന്നതിനാൽ ഒരേകാദശി ദിവസം ചെമ്പൈക്ക് ഗുരുവായൂർ എത്താനായില്ല .അന്ന് പാട്ടു തുടങ്ങാൻ പറ്റാത്ത വിധം ഭാഗവതരുടെ തൊണ്ട അടഞ്ഞു. ഗുരുവായൂരപ്പൻ അവിടെ കാത്തിരിക്കുകയല്ലേ. ഒരുവരി പോലും ചെമ്പൈക്ക് അവിടെ പാടാനായില്ല. സങ്കടത്തോടെ ഗുരുവായൂരപ്പനോട് ക്ഷമ യാചിച്ചു ഭാഗവതർ. പിന്നെ ഏകാദശി നാളിൽ ഗുരുവായൂരിൽ വന്ന് പാടി ഭഗവാനെ ഭജിക്കുക ചെമ്പൈക്ക് കഠിനവ്രതമായി. അങ്ങനെ സംഗീതാർച്ചന മൂന്ന് ദിവസത്തോളം നീണ്ടു. എല്ലാർക്കും താമസസൗകര്യം ഏർപ്പെടുത്താനും ഗുരുവായൂരപ്പന്റെ പ്രസാദം എത്തിക്കാനും കൊങ്ങോർപ്പിള്ളി മുന്നിൽ നിന്നു.

ഒരേകാദശിക്ക് എല്ലാ സംഗീതജ്ഞരോടും 'നമുക്ക് പഞ്ചരത്നം പാടിയാലോ ' എന്ന് കൊങ്ങോർപ്പിള്ളി ചോദിച്ചു. എ



*ചെമ്പൈക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് കിട്ടിയപ്പോൾ ഉപരാഷ്ട്രപതി ഡോക്ടർ എസ് രാധാകൃഷ്ണനു മുമ്പിൽ അവതരിപ്പിച്ച കച്ചേരി .മൃദംഗം :കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരി*



ല്ലാവരും ഭാഗവതരെ സമീപിച്ച് ആവശ്യം അറിയിച്ചു. ഭാഗവതർ കൊങ്ങോർപ്പിള്ളിയോട് ഇങ്ങിനെ ചോദിച്ചത്രെ . -'ഇത് തന്റെ പണിയാണ് ല്ലേ? ഇത് തിരുവയ്യാറൊന്നുമല്ല' ആദ്യം ഇങ്ങിനെ പറഞ്ഞെങ്കിലും ഭാഗവതർക്ക് ഉള്ളാലെ സന്തോഷമായി. ചെമ്പൈയുടെ നേതൃത്വത്തിൽ തന്നെ എല്ലാവരും കൂടി കൊടിമരത്തിനു സമീപത്തിരുന്ന് പഞ്ചരത്നം പാടി. പിന്നീടത് മുടങ്ങാതെ തുടർന്നു.

1974 -ൽ ചെമ്പൈയുടെ നിര്യാണത്തിനു ശേഷം ഏകാദശി സംഗീതോത്സവം ചെമ്പൈ സംഗീതോത്സവമായി . ഗണപതിമാഷെക്കൊണ്ട് ഭാഗവതരുടെ ഛായാചിത്രം വരപ്പിച്ച് വെച്ചത് കൊങ്ങോർപ്പിള്ളി. സംഗീതോത്സവം ആകാശവാണിയിൽ ലൈവ് ആക്കണമെന്ന് കൊങ്ങോർപ്പിള്ളി വല്ലാതെ മോഹിച്ചു. ചന്ദ്രിക സോപ്പ് ഉടമസ്ഥൻ കേശവൻ വൈദ്യരും ദേവസ്വം മാനേജരായിരുന്ന പി.ടി. മോഹനകൃഷ്ണനും കൂടെ നിന്നു. മുഖ്യമന്ത്രി കരുണാകരന്റെ ശുപാർശയോടെ ഡൽഹിക്ക് 3000 പേർ ഒപ്പ്വച്ച ബഹുജന നിവേദനം പോയി. കച്ചേരി തുടങ്ങുന്നതിന് നിമിഷങ്ങൾക്കു മുമ്പാണ് പ്രക്ഷേപണത്തിനുള്ള അനുമതി തൃശ്ശൂർ നിലയത്തിനു കിട്ടിയത്. എല്ലാ സംവിധാനങ്ങളും മുൻപേ ഒരുക്കിയിരുന്നതിനാൽ സംഗീതോത്സവം ലൈവായി പ്രക്ഷേപണം നടന്നു . ഗുരുവായൂർ ഏകാദശി സംഗീതോൽസവം ചെമ്പൈ സംഗീതോൽസവമായി മാറി.ഏകാദശി ദിവസം ചെമ്പൈ തുടങ്ങിവച്ച പതിവാണ് ശിഷ്യരെല്ലാം ഒത്തുചേർന്ന് ഇഷ്ടകൃതികളായ വാതാപി , പാവനഗുരു, കരുണ ചെയ്വാനെന്തു താമസം മുതലായവ പാടുക എന്നത്. ആ പതിവ് ഇന്നും തുടരുന്നു. സംഘാടകനായി നിന്ന് തുടക്കം കുറിച്ച കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരിയെ ഇന്നാ വേദിയിൽ കണ്ടെന്ന് വരില്ല.ആരും ഓർത്തെന്നും വരില്ല ;ഗുരുവായൂരപ്പനല്ലാതെ.

കൊങ്ങോർപ്പിള്ളി തുടങ്ങി വെച്ച മറ്റൊരു സംഗീതോത്സവമുണ്ട് തൃശൂർ തിരുവമ്പാടി ക്ഷേത്രത്തിലെ ഏകാദശി സംഗീതാർച്ചന.എല്ലാ വർഷവും ശിഷ്യന്മാർ ഗംഭീരമായിത്തന്നെ നടത്തുന്നു .നവതിയാഘോഷിച്ച കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരിക്ക് മുമ്പിൽ സാഷ്ടാംഗനമസ്ക്കാരം .

പരേതയായ നന്ദിനിയാണ് സഹധർമ്മിണി. രണ്ടു മക്കളാണ് ഈ ദമ്പതിമാർക്ക്. സംഗീതജ്ഞനും ചെമ്പൈയുടെ ശിഷ്യനുമായ മകൻ ബാബു പരമേശ്വരൻ യു എസിൽ. മകൾ ഡോക്ടർ പാർവ്വതി പാലക്കാട് ശ്രീകൃഷ്ണപുരം വി.ടി.ഭട്ടതിരിപ്പാട് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ. മകളുടെ ഒപ്പം പറളിയിയിലാണ് ഇപ്പോൾ താമസം. ●

കൊങ്ങോർപ്പിള്ളി
പരമേശ്വരൻ നമ്പൂതിരി
മകൾ ഡോക്ടർ പാർവ്വതി
**മൊബൈൽ:** 884888524



# ഏദത്ത ഉദകം

ഇന്ന് 30.5.2021എന്റെ (അല്ല ഞങ്ങളുടെ) കൃഷ്ണേട്ടൻ ഈ ലോകത്തോട് വിട പറഞ്ഞിട്ട് പത്താം ദിവസം. കുട്ടിക്കാലത്ത് കുഞ്ഞേട്ടനായും കാലങ്ങൾക്ക് ശേഷം കൃഷ്ണേട്ടനായും ഇപ്പോൾ വല്യേട്ടനായും മാറിയ പാഴിയോട് കൃഷ്ണൻ എനിക്ക് (ഞങ്ങൾക്ക് ) താങ്ങും തണലുമായിരുന്നു.

വളരെ ചെറുപ്പത്തിൽതന്നെ കുടുംബ ഭരണം ഏറ്റെടുക്കേണ്ടി വന്നപ്പോഴും തളരാതെ പതറാതെ കാര്യങ്ങൾ ചെയ്തു ശീലിച്ച പരിചയസമ്പന്നത. ചെയ്ത ബിസിനസ്സുകളെല്ലാം പരാജയപ്പെട്ടപ്പോഴും, വീഴ്ചകളും ആശുപത്രിവാസവും സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയപ്പോഴും ആരോടും പരിഭവം പറയാതെ മുന്നോട്ടുപോയ വ്യക്തി. പാഴിയോട്ട് മന സംഭാരം എന്ന പുതിയ സംരംഭം തുടങ്ങി പടിപടിയായി ഉയർന്നുവന്നു. സംഭാരത്തിന്റെ പേരിൽ ഒരു കുടുംബത്തിന്റെ പേര് മറ്റുള്ളവരിൽ എത്തിച്ച പ്രവർത്തന നൈപുണ്യം. എല്ലാ വീഴ്ചകളേയും മനോധൈര്യം കൊണ്ട് കീഴടക്കിയപ്പോഴും,13 ദിവസം പൊരുതി നിന്നിട്ടും ആ കുഞ്ഞൻ വൈറസിന് കീഴ്പ്പെടേണ്ടി വന്നത് വിധി വൈപരീത്യം തന്നെ.

എന്റെ അച്ഛനെ പെരിന്തൽമണ്ണ ഇ.എം.എസ് ഹോസ്പിറ്റലിൽ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്ത സമയം. കാര്യങ്ങൾ വളരെ മോശമാണെന്നും തിരിച്ചുവരവ് അസാധ്യമാണെന്നും ഡോക്ടർ പറഞ്ഞപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ തളർന്നു പോയ നിമിഷം. എന്നെ അടക്കിപിടിച്ച് മനസ്സ് തളരരുത് ഞാനുണ്ട് കൂടെ എന്നുപറഞ്ഞപ്പോൾ എനിക്ക് കിട്ടിയ ഊർജം പറഞ്ഞറിയിക്കാവുന്നതല്ല.

അതുപോലെ കൃഷ്ണേട്ടന്റെ മകൾ സ്വാതിയുടെ വിവാഹം. ഓരോ ചുമതലകൾ ഓരോരുത്തരെ ഏല്പിച്ചപ്പോൾ എനിക്ക് കിട്ടിയത് ഭക്ഷണത്തിന്റെ ചുമതലയായിരുന്നു. പാചകപ്രവൃത്തിയിൽ പ്രഗത്ഭരെ സംഭാവന ചെയ്ത മേഴത്തൂർ നാട്ടിൽ വലിയ ഒരു സദ്യ ഏറ്റെടുത്തു നടത്തുക.അതിനെപ്പറ്റി ആലോചിച്ചപ്പോൾത്തന്നെ ഭയമായി. പാളിപ്പോയാൽ സ്വന്തക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും എല്ലാകാലവും പഴി കേൾക്കേണ്ടിവരും. എന്റെ ഉള്ളിലുണ്ടായ ഭയം കാരണം ഒന്നും പറയാനാവാതെ നിന്നു പരുങ്ങി. അപ്പോൾ നിന്നെക്കൊണ്ട് പറ്റും എന്തായാലും സദ്യ താൻ നടത്തണം എന്നുപറഞ്ഞു ധൈര്യം തന്നു. ഞങ്ങളുടെ ഇഷ്ടദേവനായ വേട്ടേക്കരനെ തൊഴുതു നമസ്കരിച്ച് ആ സാഹസം ഏറ്റെടുത്തു. സദ്യ കഴിഞ്ഞ് തറവാട്ടിൽ തിരിച്ചെത്തി വീണ്ടും വേട്ടേക്കരനെ തൊഴുതു നമസ്കരിച്ചു. എഴുന്നേറ്റപ്പോൾ എന്നെ അടക്കിപിടിച്ച് ഗംഭീരായി-സന്തോഷായി എന്നു പറഞ്ഞ് പുറത്ത് തട്ടി അനുമോദിച്ചു. മുഖം തിരിച്ചപ്പോൾ സന്തോഷത്താൽ കണ്ണുകൾ നിറയുന്നു. അത് നോക്കിനിന്ന എനിക്ക് അദ്ദേഹം തന്ന ആ അംഗീകാരം എന്നും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

മരണം ഒരു യാഥാർത്ഥ്യമാണെന്നറിയാമെങ്കിലും ഞങ്ങളുടെ മനസ്സിൽ എക്കാലവും ജീവിച്ചിരിക്കും. തിരിച്ചു നൽകുവാനൊന്നുമില്ല. ഒരുപിടി എള്ളും, ചെറൂളയും, മഞ്ഞളും, ഒരുകൈകുടന്ന വെള്ളവും മാത്രം......... എഴുതുവാൻ ഒരുപാടുണ്ട് പക്ഷേ കൈകൾ വിറയ്ക്കുന്നു കണ്ണുകൾ നിറയുന്നു. നിർത്തട്ടെ. ബിന്ദു ഭാര്യ . സ്വാതി മകൾ. അനൂപ് കാണിപ്പയ്യൂർ മരുമകൻ.

**പാഴിയോട് രാമൻ മൊബൈൽ: 9447945174**

# ആ പ്രാർത്ഥന വെറുതെയായില്ല

ശ്രീകൃഷ്ണശ്ലോകങ്ങളും അഷ്ടപദിയുമെല്ലാം നിരന്തരം അലയടിക്കുന്ന ഇല്ലത്താണ് ജനിച്ചത്. അതിനാൽ ഉണ്ണിക്കണ്ണൻ കളിക്കൂട്ടുകാരനായി വരണമെന്ന മോഹമുദിച്ചതിൽ അത്ഭുതമില്ല. അമ്മയുടെ വയറ്റിൽ കുഞ്ഞുവാവയുണ്ടെന്നറിഞ്ഞപ്പോൾ ആ മോഹം ഒരുപടി കൂടി വളർന്നു. കണ്ണൻ അനിയനായി വരണമെന്നായി. അനിയത്തി ചിന്നുവാണ് കളിയ്ക്കാനുള്ള കൂട്ട്. അനിയൻ വേണമെന്ന മോഹത്തിന് പിന്നെയുമുണ്ടൊരു കാരണം. മുത്തശ്ശന്റെ ഏകമകനാണ് അച്ഛൻ. അച്ഛന്റെ പുത്രനാണ് കുടുംബം നിലനിർത്തേണ്ടതെന്ന് പലരും പറയുന്നത് അവൾ കേട്ടിട്ടുണ്ട്.

കാവ്യ സംസ്കാരത്തിൽ വളർന്നതു കൊണ്ടാവാം ആഗ്രഹം പ്രാർത്ഥനാ വരികളായുതിർന്നു. ആരും കാണാതെ അതൊരു കടലാസിൽ പകർത്തി. അമ്മയ്ക്കു പെയിൻ തുടങ്ങി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത വേളയിലാണ് അത് അച്ഛനേയും കൂടെയുള്ളവരെയും കാണിച്ചത്. വായിച്ചറിഞ്ഞവരും കേട്ടറിഞ്ഞവരും അതിശയിച്ചു. പലരും കരഞ്ഞു പോയി. ഒരു പന്ത്രണ്ടു വയസ്സുകാരിയുടെ രചനാവൈഭവത്തേക്കാൾ മോഹത്തിന്റെ തീവ്രതയാണവരെ കരയിച്ചത്. മഹാകവി അക്കിത്തത്തെപ്പോലും വിസ്മയിപ്പിച്ച, ഛന്ദോബദ്ധമായി ദ്വിതീയാക്ഷരപ്രാസത്തിലൊഴുകിവന്ന ആ ശ്ലോകം ഇങ്ങനെയാണ്.

*ഉണ്ണാൻ തൂവെണ്ണയുണ്ടേ, മധുരഭരിതമാം പാലുമുണ്ടേ,കളിപ്പാ-*
*നുണ്ണിച്ചങ്ങാതിമാരു ,ണ്ടിടയിലിടയുവാൻചിന്നുവും ഞാനുമുണ്ടേ!*
*കണ്ണാ! മുത്തശ്ശിയുണ്ടേ, കളികൾ ചിരിയുമായമ്മയുണ്ടച്ഛനുണ്ടേ,*
*കണ്ണായ് മുത്തശ്ശനുണ്ടേ, വരികയനുജനാ,യെന്റെ മോഹങ്ങൾ തീർക്കാൻ!*



യു.എൻ. മിഹിര, ഊമമ്പിള്ളി മന,

അമ്മയ്ക്കു പെയിൻ തുടങ്ങി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത വേളയിലാണ് അത് അച്ഛനേയും കൂടെയുള്ളവരെയും കാണിച്ചത്. വായിച്ചറിഞ്ഞവരും കേട്ടറിഞ്ഞവരും അതിശയിച്ചു. പലരും കരഞ്ഞു പോയി. ഒരു പന്ത്രണ്ടു വയസ്സുകാരിയുടെ രചനാവൈഭവത്തേക്കാൾ മോഹത്തിന്റെ തീവ്രതയാണവരെ കരയിച്ചത്. മഹാകവി അക്കിത്തത്തെപ്പോലും വിസ്മയിപ്പിച്ച, ഛന്ദോബദ്ധമായി ദ്വിതീയാക്ഷരപ്രാസത്തിലൊഴുകിവന്ന ആ ശ്ലോകം ഇങ്ങനെയാണ്.

*ഉണ്ണാൻ തൂവെണ്ണയുണ്ടേ, മധുരഭരിതമാം പാലുമുണ്ടേ,കളിപ്പാ-*
*നുണ്ണിച്ചങ്ങാതിമാരു,ണ്ടിടയിലിടയുവാൻചിന്നുവും ഞാനുമുണ്ടേ!*
*കണ്ണാ! മുത്തശ്ശിയുണ്ടേ, കളികൾ ചിരിയുമായമ്മയുണ്ടച്ഛനുണ്ടേ,*
*കണ്ണായ് മുത്തശ്ശനുണ്ടേ, വരികയനുജനാ,യെന്റെ മോഹങ്ങൾ തീർക്കാൻ!*

ഊമമ്പിള്ളി ഇല്ലത്തെ യു.എസ് നാരായണന്റെയും അമ്പാട്ടെ മഹൾ സംഗീതയുടെയും സീമന്തപുത്രി യു. എൻ മിഹിരയാണ് കേവലം പന്ത്രണ്ടാം വയസ്സിൽ ഇത്ര ചാരുതയാർന്ന ശ്ലോകം ചമച്ചത്. വി.കെ.ജിയുടേയും കെ. എൻ.ഡി യുടേയുമെല്ലാം ശ്ലോകങ്ങൾ മുത്തശ്ശനും അച്ഛനും ഭംഗിയായി ചൊല്ലുന്നത് കേട്ടുവളർന്ന കുട്ടി ശ്ലോകക്കമ്പക്കാരിയാവാതെ വയ്യല്ലോ.

അച്ഛൻ പിന്നീട് ചെറിയ രൂപാന്തരം വരുത്തി ഈ രചന അമ്മാവനായ അക്കിത്തത്തെ കാണിച്ചു. ഒരു തിരുത്തലും വരുത്തരുതെന്നാണ് മഹാകവി നിഷ്കർഷിച്ചത്. അന്നത്തെ പന്ത്രണ്ടുകാരിയ്ക്കിപ്പോൾ വയസ്സ് പതിനെട്ട് . തൃശൂർ സെന്റ് തോമസ് കോളേജിൽ ഒന്നാം വർഷ ബി.എസ്.സി ഫിസിക്സ് വിദ്യാർത്ഥിനിയാണ്. ശ്ലോകത്തിനും, കവിതാപാരായണത്തിനുമെല്ലാം സംസ്ഥാന തലത്തിൽ ധാരാളം സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഒഴിവുവേളകളിൽ ഇപ്പോഴും ചിലപ്പോൾ കവിത വിരിയാറുണ്ട്. സൃഷ്ടികൾ അധികവും ഇംഗ്ലീഷിലാണെന്നു മാത്രം.

ആ പ്രാർത്ഥന വെറുതെയായില്ല, ഉണ്ണിക്കണ്ണൻ അനിയനായി പിറക്കുക തന്നെ ചെയ്തു മിഹിരയുടെ അനിയനെ വിളിക്കുന്നത് കണ്ണനെന്ന് തന്നെയാണ്

യു.എൻ. മിഹിര, ഊമമ്പിള്ളി
മന, കടലാശ്ശേരി, പി.ഒ.വല്ലച്ചിറ,
തൃശൂർ, പിൻ: 680562
മൊബൈൽ: 9048847587



# പത്മനാഭൻ ഭട്ടതിരിപ്പാട്

കുന്നത്തു മന ,കൊലൊളമ്പ് ,എടപ്പാൾ, മലപ്പുറം ജില്ല

## (1966 - 2020 )

കുന്നത്തു മനയിൽ ശങ്കരനാരായണൻ ഭട്ടതിരിപ്പാടിന്റേയും ശ്രീദേവി അന്തർജ്ജനത്തിന്റേയും ഏഴു മക്കളിൽ ആറാമനായി ജനനം. സിവിൽ എഞ്ചിനീയറിംഗ് ഡിപ്ളോമ .1996 ൽ വേളി. സഹധർമ്മിണി പെരിന്തൽമണ്ണ ചെറുകര ആറ്റുപുറത്ത് മനയിൽ മോഹനൻ ഭട്ടതിരിപ്പാടിന്റേയും സാവിത്രി അന്തർജ്ജനത്തിന്റേയും മകൾ സോജ. 1997-2001വർഷങ്ങളിൽ യു. എ ഇ യിൽ പ്രവാസി ജീവിതം. 2001 എടപ്പാൾ സെൻറർ സിറ്റി ഫേസ് കോംപ്ളക്സിൽ ശ്രീ ശങ്കരാ പൂജാ സ്റ്റോറിനു തുടക്കം. കൂടെ എല്ലാറ്റിനും ഓപ്പോളുടെ മകൻ തിയ്യന്നൂർ പ്രമോദ്. (ഇപ്പോഴത്തേ ഗുരുവായൂർ മേൽശാന്തി).

സാധനങ്ങൾ സംഭരിക്കാൻ ഇല്ലത്ത് സ്വന്തം ഗോഡൗൺ. അതീവ നിഷ്ക്കർഷയോടെ പ്രത്യേകം നിർമ്മിച്ച് പരിശുദ്ധമായി പരിപാലിക്കുന്ന പൂജാദ്രവ്യങ്ങൾ ശ്രീശങ്കരാ പൂജാ സ്റ്റോറിന്റെ ട്രേഡ് മാർക്കായി .

കേരളത്തിലും പുറത്തുമായി നൂറുകണക്കിന് നവീകരണ കലശങ്ങൾക്കും സങ്കീർണമായ യാഗങ്ങൾക്കും മുഴുവൻ ചുമതലകളും ഏറ്റെടുത്ത് ഉത്തരവാദിത്വത്തോടെ നടത്തുന്ന സ്ഥാപനമായി ഇന്ന് ശ്രീശങ്കരാ പൂജാ സ്റ്റോർ വളർന്നു.

പിന്നെ ,പിന്നെ എല്ലാം ഞങ്ങളെ ഏൽപ്പിച്ച് ഞങ്ങളുടെ പ്രിയപ്പെട്ട പപ്പ ,പത്മനാഭൻ ഭട്ടതിരി ,വൈകുണ്ഠലോകത്തേക്ക് യാത്രയായി.പപ്പ തുടങ്ങി വളർത്തിയെടുത്ത ശ്രീ ശങ്കരാ പൂജാ സ്റ്റോർ ഞങ്ങൾ സഹോദരങ്ങളുടെ മേൽനോട്ടത്തിൽ ,വിശ്വസ്തരായ സ്വന്തം ജീവനക്കാരുമായി, പ്രവർത്തനം തുടരുന്നു.

**പപ്പയുടെ ദീപ്തസ്മരണകൾക്കു മുമ്പിൽ പ്രണാമങ്ങളോടെ**

കേശവൻ ഭട്ടതിരിപ്പാട് , നാരായണൻ ഭട്ടതിരിപ്പാട് , ശാസ്തൃശർമ്മൻ ഭട്ടതിരിപ്പാട് ,
ശിവകരൻ ഭട്ടതിരിപ്പാട്, തിയ്യന്നൂർ ശാന്ത അന്തർജനം, അവുഞ്ഞിക്കാട്ട് സാവിത്രി അന്തർജനം.
ബന്ധുമിത്രാദികളും നാട്ടുകാരും ഒപ്പം കുന്നത്തു മനയിലെ എല്ലാവരും.

*പപ്പയുടെ സ്വന്തം സോജ, മേധ, മനു ശങ്കർ.*

**കൊല്ലവർഷം 1196 കർക്കിടകം മുതൽ 1197 തുലാം കൂടിയ കാലത്ത്**
**പിറന്നാളാഘോഷിക്കുന്ന ഏതാനും ബന്ധുജനങ്ങൾക്ക്**

# പിറന്നാളാശംസകൾ

ജൂലായ് 21 തൃക്കേട്ട സുദേവ് കുറൂർ
ജൂലായ് 28 ഉത്രട്ടാതി കൃഷ്ണാനന്ദ് കൈപ്പിള്ളി
ആഗസ്റ്റ് 1 ഭരണി ആശാദേവി ഏർണ്ണൂർ
ആഗസ്റ്റ് 3 രോഹിണി രോഹിത് കിണറ്റാമിറ്റം
ആഗസ്റ്റ് 9 ആയില്യം അംജു തോട്ടക്കാട്
ആഗസ്റ്റ് 10 മകം നവീൻ ഏർണ്ണൂർ
ആഗസ്റ്റ് 12 ഉത്രം നീരദ കൊയ്ത്തടി
ആഗസ്റ്റ് 21 ഓണത്തിരുവോണം നിഖിൽ പുന്നപ്പുറം
ആഗസ്റ്റ് 21 കാവിൽ അവുഞ്ഞിക്കാട് ഭവദാസൻ ഭട്ടതിരിപ്പാട്
ആഗസ്റ്റ് 21 കുറൂർ അഷ്ടമൂർത്തി (കുഞ്ഞുണ്ണി) നമ്പൂതിരിപ്പാട്
ആഗസ്റ്റ് 23 ചതയം ആലമ്പിള്ളി ശങ്കരൻ നമ്പൂതിരി
ആഗസ്റ്റ് 24 പൂരോരുട്ടാതി ഡോ.മനസ്വിതമധു
സെപ്തം. 2 തിരുവാതിര നവനീത് ആദീശമംഗലം
സെപ്തം. 2 തിരുവാതിര അഭിനവ് പഴയത്തു മന
സെപ്തം. 4 പൂയ്യം വിദ്യ കൊയ്ത്തടി
സെപ്തം. 7 പൂരം രമ കിണറ്റാമിറ്റം
സെപ്തം. 11 ചോതി സ്വപ്ന ഏർണ്ണൂർ
സെപ്തം. 15 പൂരാടം ഗൗരി ഓട്ടൂർ
സെപ്തം. 19 ചതയം ദിയ ഏർണ്ണൂർ,
സെപ്തം. 19 ചതയം സാവിത്രി കുറൂർ
സെപ്തം. 20 പൂരോരുട്ടാതി അഭിജിത് പുന്നപ്പുറം
സെപ്തം. 25 ഭരണി പ്രിയദത്ത അച്ഛൻപെങ്ങൾ കുറൂർ
സെപ്തം. 28 മകീര്യം സാരംഗ് അരീപ്പുറത്ത്
സെപ്തം. 29 തിരുവാതിര നാരായണൻ ഓട്ടൂർ
ഒക്ടോ. 2 ആയില്യം സുജ പുന്നപ്പുറം/
ഒക്ടോ. 10 അനിഴം പ്രമൽ തിയ്യനൂർ,സാകേത് അരീപ്പുറത്ത്
ഒക്ടോ. 16 അവിട്ടം ഗൗതം പുന്നപ്പുറത്ത്,
ഒക്ടോ. 16 അവിട്ടം വന്ദന ആദീശമംഗലം
ഒക്ടോ. 25 മകീര്യം വിഷ്ണു ഭട്ടതിരിപ്പാട് ആര്യമ്പിള്ളി
ഒക്ടോ. 28 പുണർതം ഗൗരി കാർത്ത്യേടത്തു മന
ഒക്ടോ. 31 മകം മധു കൊയ്ത്തടി
നവംബർ 4 ചോതി സ്വാതി പുന്നപ്പുറം
നവംബർ 11 തിരുവോണം ഭവത്രാതൻ (ഉണ്ണി)കാർത്യേടത്തു മന
നവംബർ 11 തിരുവോണം മയൂഖ് നാരായണൻ മംഗലത്തേരി മന

ഹാപ്പി ബർത്ത് ഡെ ടു യു എന്നു പറഞ്ഞു വിളിക്കലും സന്ദേശമയക്കലും കേക്കുമുറിക്കലും സാർവ്വത്രികമായിക്കഴിഞ്ഞ കാലത്ത് പിറന്നാളാശംസകൾ നേരുന്നത് പഴഞ്ചനാണ്. എന്നാൽ പിറന്നാൾ സത്യവും ഡിഒബി മിഥ്യയുമായ എന്റെ തലമുറക്ക് പിറന്നാളാണ് ആചരണീയം.കൊയത്തൊടി എന്റെ ഇല്ലം എന്നു പറയുന്നവർ വെറും 13. അച്ഛന്റെ, മുത്തശ്ശന്റെ ,അമ്മയുടെ, മുത്തശ്ശീടെ ഇല്ലമെന്നു പറയുന്നവരേക്കാൾ എത്രയോ കൂടുതലാണ് അവരുടെയൊക്കെ അമ്മാത്താണെന്നു അറിയുന്നവരുടേയും പറയുന്നവരുടേയും സംഖ്യ27 നക്ഷത്രങ്ങളിൽ, ഏറെക്കുറെ കൊല്ലത്തിൽ എല്ലാ മാസങ്ങളിലും പിറന്നാളാശംസ നേരാനുള്ള ബന്ധുമിത്രാദികൾ ഓരോരുത്തർക്കും ഉണ്ടാവും എന്നുറപ്പ്.



ആണ്ടു പിറന്നാൾ കഴിഞ്ഞതോടെ അച്ഛനമ്മമാർ കൂശ്മാണ്ടി ഹോമവും അഗ്ന്യാധാനവും സോമയാഗവും അനുഷ്ഠിച്ച് അവരുടെ ഔപാസനാഗ്നിയെ ത്രേതാഗ്നിയാക്കി സൂര്യോദയത്തിലും അസ്തമനവേളയിലും അഗ്നിഹോത്രം ചെയ്ത് പക്കങ്ങളിൽ ഇഷ്ടികൾ ചെയ്ത് ജീവിതം ധന്യമാക്കി.

ഉണ്ണിയുടെ അഞ്ചാം പിറന്നാൾ കഴിഞ്ഞ് നാലു മാസം കഴിഞ്ഞപ്പോൾ അച്ഛൻ അഗ്നിഹോത്രാഗ്നിയിൽ സ്വദേഹം തന്നെ ഹോമദ്രവ്യമാക്കി. എന്നാൽ ആ ശിശുവിന് അനാഥ ബോധമുണ്ടാക്കാതെ കുടുംബാംഗങ്ങൾ സ്നേഹലാളനകൾ നൽകി വളർത്തി.

അച്ഛന്റെ സംവത്സരദീക്ഷ കഴിഞ്ഞ കാലത്ത് 'പുന്നപ്പുറത്തെ മുത്തശ്ശി മരിച്ചു പത്തു പുലയാണ് ' എന്നു കേട്ടപ്പോൾ 'പുന്നപ്പുറത്തെ മുത്തശ്ശി മരിച്ചാൽ നമുക്കെന്തിനാ പത്തുപുല? ' എന്നു ചോദിച്ച ഉണ്ണിക്ക് മുത്തപ്ഫന്റെ മക്കളേയും ചെറിയമ്മമാരേയും അച്ഛൻപെങ്ങളേയും അവരുടെ മക്കളായ അനുജന്മാരേയും അനുജത്തിമാരേയും കാണാനായത് പതിനഞ്ചാം വയസ്സിൽ! ഉപനയനം കഴിഞ്ഞ മൂന്ന് അനിയന്മാർക്ക് സന്ധ്യാവന്ദനാദികൾ പഠിപ്പിക്കുന്ന ആചാര്യന്റെ റോളിൽ മദ്ധ്യവേനലവധിക്കാലം അച്ഛിപ്രദേശത്തെ പുന്നപ്പുറത്തു മനയിൽ താമസിച്ചപ്പോൾ പുതുതായി ഒരു ഡസൻ സഹോദരങ്ങളെനിക്കുണ്ടായി.

അതിനു ശേഷം ഞാനായി വല്യേട്ടൻ. ഇപ്പോൾ വല്യച്ഛനും വല്യമ്മാമനും ഒക്കെയായി. കുലബലി ശ്രാദ്ധത്തിലൂടെ പിതൃഗണങ്ങളുടെ കൂട്ടായ്മയുണ്ടാക്കിയ ശേഷം ശിഷ്ടരുടെ തറവാട്ടു കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, പ്രത്യേകിച്ചും കൊയത്തൊടി ചെറുമുക്കു ബന്ധുക്കൾക്ക് പരസ്പരം പിറന്നാളുകൾ അറിയുമാറാക്കുക എന്ന സ്വാർത്ഥോദ്ദേശ്യത്തോടെ എല്ലാവർക്കും ആയുരാരോഗ്യസൗഖ്യം നേരുന്നു.

കൊയത്തൊടി ചെറുമുക്ക് പരമേശ്വരൻ ആര്യശ്രീ -അരക്കിണർ, പിൻ: 673028 മൊബൈൽ: 9072383651







**കർമ്മ വഴിയിൽ ഞങ്ങൾക്ക് താങ്ങായിരുന്ന പ്രിയപ്പെട്ട അച്ഛൻ പാലാഞ്ചീരി ശങ്കരൻ നമ്പൂതിരിക്ക് ആദരാഞ്ജലികൾ**

**പാലാഞ്ചേരി തറവാട്ടു മുത്തശ്ശി ഉമാദേവി അന്തർജ്ജനത്തിന് നവതി പൂർവ്വ പിറന്നാളാശംസകൾ**

നൂറു കൊല്ലം മുമ്പ് മലബാറിലെ കുപ്രസിദ്ധമായ മാപ്പിളലഹളക്കു (ഖിലാഫത്ത്) ശേഷം അരക്ഷിതരും അശരണരുമായ ജനങ്ങളെ സേവിക്കാനും സംഘടിപ്പിക്കാനുമായി ആര്യസമാജത്തിന്റെ പ്രവർത്തകർ കോഴിക്കോട്ട് എത്തുകയുണ്ടായി. ബുദ്ധസിംഹനും സഹധർമ്മിണി സുഗന്ധീബായി ആര്യയും അവരിൽ രണ്ടു പേർ.

സമാവർത്തനം കഴിഞ്ഞ് ഉപരിപഠനത്തിനു മോഹിച്ച പാലാഞ്ചീരി ശങ്കരൻ,കുഴിപ്രം നാരായണൻ, കോൽപ്പുറം കേശവൻ എന്നിവരെ ബുദ്ധസിംഹൻ ആര്യസമാജത്തിന്റെ ആസ്ഥാനമുണ്ടായിരുന്ന അവിഭക്തപഞ്ചാബിലെ ലാഹോറിലേക്കു കൂട്ടിക്കൊണ്ടുപോയി.ഇപ്പോൾ പാകിസ്ഥാനിലാണ് ലാഹോർ. ഭാരതവിഭജനം ഉറപ്പായ ഘട്ടത്തിലാണ് അനേകം അഭയാർത്ഥികൾക്കൊപ്പം പലായനം ചെയ്യേണ്ടി വന്നത്.

സംസ്കൃതത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലും വൈദികചര്യകളിലും അറിവു നേടിയാണ് മടങ്ങിയത്. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ ബിരുദവും അദ്ധ്യാപന യോഗ്യതാ ബിരുദവുമെടുത്തു. കേരളത്തിൽ വന്നശേഷം ശങ്കരൻ പാലാഞ്ചീരി കോടഞ്ചേരി ഹൈസ്കൂളിലും കേശവൻ കോൽപ്രം പയിമ്പ്ര സ്കൂളിലും ഹിന്ദി അദ്ധ്യാപകരായി. .നാരായണൻ കുഴിപ്രമാകട്ടെ സംസ്കൃതം ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപകനും പ്രിൻസിപ്പലുമായി പ്രശസ്തസേവനമനുഷ്ഠിച്ചു.

പ്രതികൂല കാലാവസ്ഥയോടും പ്രകൃതിയോടും മല്ലടിച്ചും ഇണങ്ങിയും തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റ നമ്പൂതിരിമാരുടേയും 'ചേട്ട'ന്മാരുടേയും ഒപ്പം മുറംപാത്തിയിലേക്ക് കുടുംബജീവിതം പറിച്ചുനടാൻ ചങ്കൂറ്റം കാണിച്ച പാലാഞ്ചിരി ഹിന്ദിമാഷാകട്ടെ അതിവേഗം കോടഞ്ചേരിക്കാരുടെ പ്രിയങ്കരനായി. കേരളാ കോൺഗ്രസ് കമ്മറ്റിയുടെ പ്രാദേശിക യൂനിറ്റ് പ്രസിഡണ്ടായിരിക്കെ നാടിന്റെ വികസനത്തിനായി നിവേദനവുമായി സെക്രട്ടേറിയറ്റിൽ പോവാനും മുൻപന്തിയിലുണ്ടായിരുന്നു. കോഴിക്കോടു കലക്ട്രേറ്റിൽ ഏതു സെക്ഷനിൽ ചെന്നാലും നമ്പൂരിമാഷുടെ ശിഷ്യരോ പരിചയക്കാരോ ഒരു കാലത്ത് ഉണ്ടായിരുന്നത്രെ.! ●

*മക്കൾ പി എസ്.ശ്രീധരൻ,*
*പി.എസ്.മിനി. പാലാഞ്ചേരി ഇല്ലം,*
*മുറംപാത്തി PO, കോടഞ്ചേരി*

## ഏവർക്കും ഓണാശംസകൾ

പി എസ്.ശ്രീധരന്റെയും മണാട്ടുവയൽ സാവിത്രിയുടേയും (കരുമല ) മക്കൾ: അരുൺ പാലാഞ്ചേരി ,വരുൺ പാലാഞ്ചേരി
പി.എസ്.മിനിയുടേയും യശശ്ശരീരനായ എൻ.ബി.കേശവൻ നമ്പൂതിരിപ്പാടിന്റേയും മക്കൾ:
വിനീത ജയൻ ഉഷക്കാമ്പ്രം, പ്രസീദ ആദർശ് തേവലശ്ശേരി, സംഗീത.
അരുൺ പാലാഞ്ചേരിയുടേയും ശ്യാമ തിരുവമ്പാടി കൊറ്റിവട്ടത്തിന്റേയും മക്കൾ:ഗായത്രി,ഗൗരിക.







ഗായത്രി പാലാഞ്ചേരി, ഗൗരിക പാലാഞ്ചേരി, ആരാധ്യ തേവലശ്ശേരി, ദേവിക ഉഷക്കാമ്പ്രം, കാർത്തിക് പരമേശ്വരൻ ഉഷക്കാമ്പ്രം

# പ്രതിഭകൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ



### കേശവൻ വെളുത്താട്ട്

കൊൽക്കത്ത ആസ്ഥാനമായ ഏഷ്യാറ്റിക് സൊസൈറ്റിയുടെ 2020 ലെ പ്രൊഫ. ഹേംചന്ദ്ര റായ് ചൗധരി ജന്മവാർഷിക സ്വർണ മെഡലിന് അർഹനായ പ്രൊഫ. കേശവൻ വെളുത്താട്ട്. അക്കാദമിക് മേഖലയിലെ സംഭാവന പരിഗണിച്ചാണ് പുരസ്കാരം. കോളേജ് അദ്ധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. മംഗലാപുരം, ഡൽഹി സർവ്വകലാശാലകളിൽ സേവനമനുഷ്ഠിച്ചു. ബഹുഭാഷാ പണ്ഡിതനായ ഇദ്ദേഹം പ്രമുഖ സർവ്വകലാശാലകളിലെ ഉന്നത സമിതികളിൽ അംഗമാണ്.



### രഞ്ജിനി ഭട്ടതിരിപ്പാട്

2021 ജൂൺ ഒന്നു മുതൽ തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളായി നിയമിതയായ ഡോക്ടർ രഞ്ജിനി ഭട്ടതിരിപ്പാട്. പ്രമുഖ ആർക്കിടെക്ട് കൂടിയായ രഞ്ജിനി തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ സ്കൂൾ ഓഫ് ആർക്കിടെക്ചറിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് വയനാട് ഗവ. എഞ്ചിനീയറിംഗ് കോളേജ് , കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്.



### ശ്രീദ് ശർമ്മ

ഡോക്ടറേറ്റ് നേടി: രാമനാട്ടുകര കണക്കില്ലത്ത് (ഫറോക്ക് ഉപസഭ) പരേതനായ കൃഷ്ണൻ എമ്പ്രാന്തിരിയുടെയും സരസ്വതി അന്തർജനത്തിന്റെയും(റിട്ട. കാലിക്കറ്റ് യൂണിവേഴ്സിറ്റി) മകൻ ശ്രീദ് ശർമ്മ, മെക്സിക്കോയിലെ നുവോ ലിയോൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് മെക്സിക്കൻ ഗവണ്മെന്റ് സ്റ്റൈപ്പൻഡോടെ മെറ്റീരിയൽ സയൻസിൽ ഡോക്ടറേറ്റ് നേടി. നാനോ ടെക്നോളജിയിൽ എംടെക്കും എം.എസ് .സിയും(ഫിസിക്സ്) മുമ്പ് ചെയ്തിട്ടുണ്ട്.



### ഡോ. വി.സൂര്യഗായത്രി

കേരള ആരോഗ്യ സർവകലാശാലയിൽ നിന്ന് എം.ഡി. പതോളജിയിൽ ഒന്നാം റാങ്ക് നേടിയ ഡോ. വി.സൂര്യഗായത്രി. (കോട്ടയം ഗവ.മെഡിക്കൽ കോളേജ്). നരിയാപുരം കുറ്റിയാനിപ്പുറത്തില്ലത്ത് ഡോ. കെ എസ്.അരവിന്ദിന്റെ ഭാര്യയും കീരുകുഴി ചെമ്പകശ്ശേരി മഠത്തിൽ വേണുഗോപാലിന്റെയും (കെ.എസ്.ഇ.ബി മുൻ ഡയറക്ടർ) കെ.എസ്.ഇ.ബി എഞ്ചിനീയർ അനിതയുടെയും മകളുമാണ് . എല്ലാവരും പന്തളം ഉപസഭ അംഗങ്ങളാണ്. വേണുഗോപാൽ മൊബൈൽ 9447207195



### രേവതി

യോഗക്ഷേമസഭയുവജനസഭയുടെഅദ്ധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട ജില്ലയിലെ തിരുവല്ല ഉപസഭയിൽ നിന്നുള്ള നിർവാഹക സമിതി അംഗമായ രേവതിയയ്ക്ക് സ്വസ്തിയുടെ ആശംസകൾ



### സ്നേഹ

കോഴിക്കോട് കേന്ദ്രീയ വിദ്യാലയത്തിൽ നിന്ന് മികച്ച വിദ്യാർത്ഥിക്കുള്ള ഗാർഗി അവാർഡ് നേടിയ സ്നേഹ എം.എ. അച്ഛൻ മോണ്ടമ്പലം ഇല്ലത്ത് പ്രശാന്ത് ആർമിയിലാണ്.അമ്മ സ്മിത ഭവൻസ് സ്കൂൾ അധ്യാപികയാണ്. മൊബൈൽ : 9744952784



### ശ്രീദത്ത് പാനാട്ട്

## സ്റ്റാർട്ട് അപ് മത്സരത്തിൽ അഞ്ച് ലക്ഷം ഡോളർ സമ്മാനം

ടെക്സാസിലെ റൈസ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി നടത്തുന്ന അന്താരാഷ്ട്ര സ്റ്റാർട്ട് അപ് മത്സരത്തിൽ അഞ്ച് ലക്ഷം ഡോളറിന്റെ സമ്മാനം നേടിയ ഗവേഷക സംഘത്തിലെ അംഗമായ ശ്രീദത്ത് പാനാട്ട്. മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ ഗവേഷണ വിദ്യാർത്ഥിയാണ്. മലപ്പുറം വിളയിൽ പാനാട്ട് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരിയുടെയും (അസോസിയേറ്റ് എഡിറ്റർ സ്വസ്തി) തളിപ്പറമ്പ് കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്ത് ലളിതയുടെയും (കേരള ഗ്രാമീൺ ബാങ്ക് മാനേജർ) പുത്രനാണ് മൊബൈൽ: +18572539055




ശ്രീവത്സം (വടക്കത്തില്ലം)
ചെങ്ങളം സൗത്ത് പി.ഒ.,
കോട്ടയം–22.
തിടമ്പ്, നെറ്റിപ്പട്ടം,
ആലവട്ടം, വെൺചാമരം,
കൊടിക്കൂറകൾ, കൊടിക്കയർ,
മുത്തുക്കുടകൾ,ഗോളക



## കൈമുക്ക് വൈദികൻ രാമൻ അക്കിത്തിരിപ്പാട്

കൊടകര : മൂന്നു യാഗങ്ങളുടെ യജമാനനും അഗ്നിഹോത്രിയും വേദ, ജ്യോതിഷ പണ്ഡിതനുമായ മറ്റത്തൂർക്കുന്ന് കൈമുക്ക് വൈദികൻ രാമൻ അക്കിത്തിരിപ്പാട് (68 ) വിഷ്ണുപാദം പൂകി.

കോവിഡ് മുക്തനായെങ്കിലും ന്യൂമോണിയ ബാധിച്ചതിനെത്തുടർന്നായിരുന്നു അന്ത്യം. സംസ്കാരം കൈമുക്ക് മനയിൽ നടത്തി. ഗുരുവായൂർ, ചോറ്റാനിക്കര ,ശബരിമല തുടങ്ങിയ പ്രശസ്ത ക്ഷേത്രങ്ങളിലും അഷ്ടമംഗലപ്രശ്നങ്ങൾക്ക് നേതൃത്വം നൽകുകയും വൈദിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തു.

പല ഘട്ടങ്ങളിലും ക്ഷേത്ര ചടങ്ങുകളുടെ കാര്യത്തിൽ അവസാന വാക്ക് ഇദ്ദേഹത്തിന്റേതായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം സംസ്കൃതത്തിലും മലയാളത്തിലും പാണ്ഡിത്യം നേടി. ജ്യോതിഷ, വേദ പഠനത്തിലും ഗുരുവായിരുന്നു.

ജ്യോതിഷത്തിന്റെ ശാസ്ത്രീയ പഠന നിരീക്ഷണങ്ങളിലും ഏറെ സംഭാവനകൾ നൽകി.പത്നി ആര്യ പത്തനടി കുറ്റിപ്പുറം തിരൂർ മുല്ലപ്പള്ളി മന കുടുംബാംഗമാണ്. മക്കൾ: അപർണ, സുവർണ, അരുണ, ഹരിണൻ.മരുമക്കൾ: ഹരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, പ്രസാദ് (അധ്യാപകൻ) , അഞ്ജലി.



## ദേവകി തിരുമുമ്പ്

പയ്യന്നൂർ കുന്നത്ത് മനയിൽ ദേവകി തിരുമുമ്പ് (92 വയസ്സ്) വിഷ്ണുപാദം പൂകി. യശ:ശ്ശരീരനായ പ്രമുഖ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകനും അഭിനേതാവുമായിരുന്ന ബാലകൃഷ്ണൻ തിരുമുൻപിന്റെ ധർമ്മപത്നിയും തൃപ്പൂണിത്തുറ പശ്ചിമത്തെ മഹളും ആണ്. പയ്യന്നൂർ സൗത്ത് എ. എൽ.പി സ്കൂൾ മാനേജർ ആയിരുന്നു.

ശോഭന നാരായണൻ(കണ്ണൂർ), ജയകൃഷ്ണൻ(റിട്ട. IOB), ഗിരീശൻ(LIC), ശ്രീനാഥ്(SBI), ജയശ്രീ (റിട്ട. ടീച്ചർ), രാജശ്രീ(ടീച്ചർ), രഘുനാഥ്(CISF/BEML) എന്നിവർ മക്കളും നാരായണൻ(റിട്ട. കനറാ ബാങ്ക് - താഴക്കാട്ട് മന), വൃന്ദാദേവി ജയകൃഷ്ണൻ(മാത്തൂർ മഠം), ദേവകി(റിട്ട. ടീച്ചർ, ആലമ്പാടി ഇല്ലം) ശ്യാമ ശ്രീനാഥ്(പിലാക്കുടി മന), രാമനാഥൻ(റിട്ട.DIET, താവത്ത് മന), നാരായണൻ(റിട്ട. എയർഫോഴ്സ്, കൈപ്പള്ളി ഇല്ലം), ജ്യോതി രഘുനാഥ്(മലമേൽ മഠം) എന്നിവർ മരുമക്കളുമാണ്.



## നാരായണൻ മൂസത്

കോഴിക്കോട്: ബേപ്പൂർ ബി.സി. റോഡ് വെസ്റ്റിൽ മനേഴി ഇല്ലത്ത് നാരായണൻ മൂസത് (90) വിഷ്ണു പാദം പൂകി. വി.ടി.യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം ആദ്യമായി അരങ്ങേറിയത് തൃശൂർ വടക്കുന്നിയിലെ വടക്കിനിയേടത്ത് ശ്രീധരൻ നമ്പൂതിരിപ്പാടിലെ ഇല്ലത്ത് വെച്ചു നടന്ന യോഗക്ഷേമസഭയുടെ വാർഷികത്തിലായിരുന്നു. അന്നു തന്നെയായിരുന്നു ആളുകളെ ഞെട്ടിച്ചു കൊണ്ട് ഘോഷയും മറക്കുടയും ബഹിഷ്ക്കരിച്ച് ആദ്യമായി ഒരു അന്തർജ്ജനം സഭാഹാളിൽ പ്രവേശിച്ചത്. എൻ.എം. മനേഴിയുടെ പത്നി പാർവ്വതി മനേഴിയായിരുന്നു ആ വനിത. അവരുടെ പുത്രൻ അദ്ധ്യാപകനും ഗ്രന്ഥകർത്താവുമായിരുന്ന മനേഴി നാരായണൻ മൂസത് വിഷ്ണുപാദം പൂകി. സ്വസ്തിയുടെ ഈ ലക്കത്തിനു വേണ്ടി അമ്മയുടെ കഥ വിശദമായി എഴുതിത്തന്നിരുന്നു. അത് അച്ചടിച്ചു വരും മുമ്പാണ് അന്ത്യം. ഭാര്യ ദേവകി. മക്കൾ ബൈജു, ബിപിൻ. ആസ്ട്രേലിയ ബിമൽ ദുബായ്. മരുമക്കൾ റാണി മോൾ, രസ്ന, ധന്യ



## ഉമാദേവി അന്തർജനം

പെരുവ പാഴൂർ ഇല്ലത്ത് പി എൻ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ഉമാദേവി അന്തർജനം (80) വിഷ്ണുപാദം പൂകി.

മക്കൾ: നാരായണൻ നമ്പൂതിരി, ഉഷ അന്തർജനം, പ്രകാശ് നമ്പൂതിരി, സുരേഷ് പാഴൂർ, ശ്രീദേവി അന്തർജനം. മരുമക്കൾ: ആത്രശ്ശേരി രാമൻ നമ്പൂതിരി (മുൻ ശബരിമല മേൽശാന്തി), നെല്ലൃക്കാട് കൃഷ്ണൻ നമ്പൂതിരി.



## മണി അന്തർജനം

പയ്യോളി: മുചുകുന്ന് കൊടക്കാട്ട് മുറിയിൽ താമസിക്കുന്ന ചൂരക്കാട്ടില്ലം നാരായണൻ നമ്പൂതിരിയുടെ ഭാര്യ മണി അന്തർജനം വിഷ്ണുപാദം പൂകി.



## ആര്യൻ നമ്പൂതിരി

ഗുരുവായൂർ മുൻ മേൽശാന്തി തൃശൂർ ഇടകുന്നി കുർശ്ശാരൂർ ആര്യൻ നമ്പൂതിരി വിഷ്ണുപാദം പൂകി. തൃശ്ശൂർ സി എം എസ്സിൽ അദ്ധ്യാപകനായിരുന്നു.



## ഉമാദേവി അന്തർജനം

മുട്ടത്തുകാട്ടിൽ മാമണ്ണ് ഉമാദേവി അന്തർജനം വിഷ്ണുപാദം പൂകി. പയ്യപ്പിള്ളി മഹളുംതുപ്പേട്ടന്റെ സഹധർമ്മിണിയുമാണ്.



## വാമനൻ നമ്പൂതിരി

മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭയിലെ എടവണ്ണപ്പാറ മുതുവല്ലൂർ ഇരുപ്പമണ്ണ വാമനൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



### വി.എം.ബി.നമ്പൂതിരിപ്പാട്

മേഴത്തോൾ അഗ്നിഹോത്രിയുടെ തലമുറയിലെ ഇപ്പോഴത്തെ കാരണവരും കടമ്പൂർ BVLP സ്കൂൾ മാനേജരും, കടമ്പൂർ പനയൂർ കാവ് പാരമ്പര്യ ട്രാസ്റ്റിയും മുൻ അധ്യാപകനും ആയ VMB നമ്പൂതിരിപ്പാട്(87) (ബ്രഹ്മദത്തൻ മാഷ് ) വിഷ്ണു പാദം പൂകി.



### സൗമിനി അന്തർജനം

ചേമഞ്ചേരി മഠത്തിൽ ശങ്കര നാരായണൻ നമ്പൂതിരിയുടെ (റിട്ട. AI R ) ഭാര്യ സൗമിനി അന്തർജനം വിഷ്ണു പാദം പൂകി.

മക്കൾ - ഏട.നാരായണൻ നമ്പൂതിരി (റിട്ട. പ്രൊഫ. ഫിഷറീസ് ), സുധീർ.



### ശ്രീധരൻ നമ്പൂതിരി

പ്രശസ്ത സിനിമാ/സീരിയൽ നടനും, തന്ത്രിമണ്ഡലം തിരുവനന്തപുരം ജില്ലാ ഉപസമിതി അംഗവുമായ ശ്രീധരൻ നമ്പൂതിരി (കാഞ്ഞങ്ങാട് പെരികമന) വിഷ്ണു പാദം പൂകി.



### പാർവ്വതി (തങ്കം) അന്തർജനം

മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭ വിളയിൽ തലേതൊടിക ഇല്ലത്ത് പാർവ്വതി (തങ്കം) അന്തർജനം നിര്യാതയായി .ഭർത്താവ് പരേതനായ ശ്രീകുമാരൻ നമ്പൂതിരി .ഉഷ ,ശോഭ ,മനോജ് ,രാജേഷ് എന്നിവർ മക്കൾ.



### വാസുദേവൻ നമ്പൂതിരി

മഞ്ചേരി: മഞ്ചേരിയിലെ വ്യവസായ പ്രമുഖനും ദീർഘകാലം വ്യാപാരി വ്യവസായി സംഘടന ഭാരവാഹിയുമായ പട്ടലൂർ വാസുദേവൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



### ഉമാദേവി അന്തർജ്ജനം

തൃശ്ശൂർ: അന്തിക്കാട് ഉപസഭയിലെപഴങ്ങാപ്പാറമ്പ് ബിന്ദു കൃഷ്ണന്റെ അമ്മ ശ്രീകൃഷ്ണപുരം കിഴിയേടത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ പത്നി ഉമാദേവി അന്തർജ്ജനം (83) അന്തരിച്ചു.



### സാവിത്രി അന്തർജ്ജനം

ചേവരമ്പലം: പരേതനായ തായാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (65) അന്തരിച്ചു. തൃശൂർ മഴമംഗലത്ത് തരണനെല്ലൂർ മന കുടുംബാംഗമാണ്. മക്കൾ: സിന്ധു, സന്തോഷ്, സതീഷ്.



### പാർവ്വതി അന്തർജ്ജനം

കോഴിക്കോട് പരേതനായ ദേശമംഗലം ഡി വി നമ്പൂതിരിപ്പാടിന്റ പത്നി പാർവ്വതി അന്തർജ്ജനം(93 കാണിപ്പയ്യൂർ കുടുംബാംഗം) നിര്യാതയായി ..



### ഉമാദേവി അന്തർജനം

പരേതനായ വെള്ളിയോട്ടില്ലം കുഞ്ഞികൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ഉമാദേവി അന്തർജ്ജനം (86) അന്തരിച്ചു. മക്കൾ രാധ, ബാലചന്ദ്രൻ, ഉഷ, പ്രസന്ന ത്രിണേഷ്.



### സരള അന്തർജ്ജനം

പെരിങ്ങോടിന്റെ ഹെഡ് മാഷ് എന്നറിയപ്പെടുന്ന പരേതനായ കാടമ്പറ്റ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പത്നി സരള അന്തർജ്ജനം (83) വിഷ്ണു പാദം പൂകി.



### കൃഷ്ണൻ തങ്ങൾ

കണ്ണൂർ: പരിയാരം ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ ഊരാളൻ മാനാട്ടില്ലത്ത് കൃഷ്ണൻ തങ്ങൾ വിഷ്ണു പദം പൂകി..



### ശിവദാസൻ നമ്പൂതിരി

എൻ. എം. ശിവദാസൻ നമ്പൂതിരി (68) വിഷ്ണുപദം പൂകി.. ശ്രീമതി. ശ്രീദേവി നമ്പൂതിരിയാണ് ഭാര്യ. ദിവ്യയും ദീപ്തിയും ദീപകും മക്കളാണ് .



**കൃഷ്ണൻ നമ്പൂതിരി**

കൂഴക്കോട് പാണ്ടിക്കടവ് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (റിട്ട. ഹിന്ദി ടീച്ചർ, കൂഴക്കോട് എ.യു.പി സ്കൂൾ) വിഷ്ണുപദം പൂകി. സഹധർമ്മിണി സാവിത്രി അന്തർജനം( ഒഴലൂർ പാതിരിശ്ശേരി ഇല്ലം). മക്കൾ നിർമ്മല, ചന്ദ്രിക, തങ്കമണി, ശുഭ, മരുമക്കൾ മണി പുൽപറമ്പിൽ , രാജേന്ദ്രൻ, കശ്യപൻ പടിഞ്ഞാറേപ്പാട്, സന്തോഷ് വീട്ടിക്കാട്



**വാസുദേവൻ നമ്പൂതിരി**

കാഞ്ഞിരത്തോട്ടം (പള്ളിയാളി ) വാസുദേവൻ നമ്പൂതിരി (51) വിഷ്ണു പാദം പൂകി. ഭാര്യ അനിത അന്തർജനം.

മകൾ കൃഷ്ണപ്രിയ അമ്മ ദേവകി അന്തർജനം, അച്ഛൻ പരേതനായ നാരായണൻ നമ്പൂതിരി സഹോദരങ്ങൾ നാരായണൻ നമ്പൂതിരി ,ഗീത, ശ്രീജ, പരേതനായ ശ്രീകുമാരൻ നമ്പൂതിരി.



**സതി അന്തർജ്ജനം**

ഒല്ലൂക്കര ഉപസഭ കാർക്കോട്ടിരി പുരുഷോത്തമൻ നമ്പൂതിരിയുടെ പത്നി സതി അന്തർജ്ജനം വിഷ്ണു പാദം പൂകി. (ഉപസഭ കോ കോർഡിനേറ്റർ ജയകൃഷ്ണൻകാർക്കോട്ടിരിയുടെ മാതാവ്) വനിതാ വിഭാഗം ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. വനിതാ സഭാ പ്രവർത്തനങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്നു



**ശ്രീദേവി അന്തർജനം**

വണ്ടൂർ: കരുമാരപ്പറ്റ മന പരേതനായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ശ്രീദേവി അന്തർജനം(88) അന്തരിച്ചു. വെള്ളക്കാട്ട് മഹളാണ്. മക്കൾ: നാരായണൻ, മാധവൻ, ഗിരിജ, ലീല. മരുമക്കൾ: നിർമല (ചാങ്ങല്യോട്ട് മന), ലീല (വരിക്കശ്ശേരി മന), പരമേശ്വരൻ (പടിഞ്ഞാറെപ്പാട്ട് മന), നാരായണൻ (പുല്ലാനിക്കാട് മന).



**മഞ്ജു മണി അന്തർജ്ജനം**

അടൂർ ഇടമനമഠത്തിൽ മഞ്ജു മണി അന്തർജ്ജനം (51) അന്തരിച്ചു. ബ്രഹ്മശ്രീ ശ്രീ നാരായാണൻ പണ്ടാരത്തിലിന്റെ പത്നിയാണ്. മക്കൾ: കൃഷ്ണപ്രിയ, കൃഷ്ണ ദത്ത്



**ശങ്കരൻ നമ്പൂതിരി**

കോഴിക്കോട് ഭാഗവതസമിതിയുടെഎക്സിക്യൂട്ടീവ് മെമ്പറായ തിരുവണ്ണൂർ പയ്യൂർ ശങ്കരൻ നമ്പൂതിരി (54) വിഷ്ണു പാദം പൂകി. ഭാര്യ സുധ (ചാങ്ങിലിയോട് ഇല്ലം) മകൾ ആതിര.



**ദേവകി അന്തർജ്ജനം**

കുഞ്ഞിമംഗലം മഞ്ചക്കൽ ഇല്ലത്ത് ദേവകി അന്തർജ്ജനം (102) അന്തരിച്ചു കോഴിക്കോട് സിറ്റി ഉപസഭയിലെ മഞ്ചക്കൽ നാരായണ ശർമ്മയുടെ അമ്മയാണ്.



**നീതു**

പറമ്പിടി പുതുശ്ശേരി നീലകണ്ഠൻ നമ്പൂതിരിയുടെ മകളും നാടുകാണി പെരിക മന ശ്രീകേഷ് നമ്പൂതിരി (മേഴത്തൂർ ) ഭാര്യയുമായ നീതു (32) വിഷ്ണു പദം പൂകി.



**വാമദേവൻ നമ്പൂതിരി**

അടിയലത്തില്ലത്ത് (പുതിയേടം) വാമദേവൻ നമ്പൂതിരി (അപ്പുണ്ണി) വിഷ്ണുപാദം പൂകി.



**പ്രൊഫ: വാസുദേവൻ പോറ്റി**

പ്രമുഖ സംസ്കൃത പണ്ഡിതനും വാഗ്മിയുമായ ഋ. പ്രൊഫ: വാസുദേവൻ പോറ്റി (92) വിഷ്ണു പാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

എടക്കര കാരക്കാട്ട് ഇല്ലം (പുല്ലങ്കോട്) വാസുദേവൻ നമ്പൂതിരി (83) വിഷ്ണുപാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

കോഴിക്കോട് നരിക്കുനി ബ്രഹ്മശ്രീ ചോണാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



**ദേവകി അന്തർജ്ജനം**

മണ്ണാർക്കാട്: പുളിയശ്ശേരി മന ആര്യവൈദ്യൻ മാധവൻ നമ്പൂതിരിയുടെ (കോട്ടക്കൻ ആര്യവൈദ്യശാല,മണ്ണാർക്കാട് )സഹധർമ്മിണി ദേവകി അന്തർജനം (87) വിഷ്ണുപദം പൂകി. മക്കൾ: ഡോ.പി.സതീശൻ, പി.ഹരിദാസൻ,ഡോ.പി.എം. പ്രകാശൻ, പി.എം.സുരേശൻ (സൂര്യ മെഡിക്കൽസ്), അഡ്വ.പി.എം.രമേശൻ, ഡോ.പി.എം.ദിനേശൻ, അഡ്വ.പി.എം.ജയകുമാർ, പി.എം.സുമംഗല.പി.പരിമള,പി.എം.സുജാത (റിട്ട. അധ്യാപിക) മരുമക്കൾ : ഗീത, സാവിത്രി,ദേവകി, ബിന്ദു, രേഖ,ആശ,ശുഭ, എം.വിഷ്ണു,ടി.എം. പരമേശ്വരൻ,പരേതനായ വി.പി.ശങ്കരൻ നമ്പൂതിരി



**പാർവ്വതി അന്തർജനം**

കണ്ണൂർ ചാല വെള്ളൂരില്ലത്ത് പരേതനായ കേശവൻ നമ്പൂതിരിയുടെ പത്നി പാർവ്വതി അന്തർജനം വിഷ്ണു പാദം പൂകി.



**ഉമാദേവി അന്തർജനം**

തളിപ്പറമ്പ്: മൂത്തേടത്ത് മല്ലിശ്ശേരി മാധവൻ നമ്പൂതിരിയുടെ പത്നി ഉമാദേവി അന്തർജനം വിഷ്ണു പാദം പൂകി.



**പാർവ്വതി അന്തർജനം**

നാദാപുരം :നരിക്കാട്ടേരി തരണി ഇല്ലത്ത് പാർവ്വതി അന്തർജനം (84) നിര്യാതയായി. ഭർത്താവ് വൈക്കം മുൻ മേൽശാന്തി പരേതനായ ശങ്കരൻ നമ്പൂതിരി (കുഞ്ചു). മക്കൾ: കണ്ണംവെള്ളി ഇല്ലത്ത് സാവിത്രി അന്തർജനം, മുക്കാളി പാലക്കാട്ട് ഇല്ലത്ത് രേണുക അന്തർജനം. മരുമക്കൾ : കണ്ണംവെള്ളി മോഹനൻ നമ്പൂതിരി (റിട്ട. അധ്യാപകൻ), പരേതനായ മുക്കാളി പാലക്കാട്ട് ഇല്ലത്ത് നാരായണൻ നമ്പൂതിരി.



**ഡോക്ടർ ഹരികുമാർ**

പെരുമണ്ണ ഉപസഭാംഗം നിടുവപ്പുറത്ത് കല്ലംവള്ളി ഡോക്ടർ ഹരികുമാർ വിഷ്ണുപാദം പൂകി. കൃഷ്ണൻ നമ്പൂതിരിയുടെ മകനാണ്.



**നങ്ങേലി അന്തർജനം**

തളിപ്പറമ്പ്: കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്ത് പരേതനായ വാമനൻ നമ്പൂതിരിയുടെ പത്നി നങ്ങേലി അന്തർജനം (88) വിഷ്ണുപാദം പൂകി. ശാന്ത, കുഞ്ഞികൃഷ്ണൻ നമ്പൂതിരി, പരമേശ്വരൻ നമ്പൂതിരി, കല എന്നിവർ മക്കളും എളയിടത്ത് മല്ലിശ്ശേരി വാസുദേവൻ നമ്പൂതിരി സി.എം.പി കമല, എം.ലീലാമണി, പഴയിടം കൃഷ്ണൻ നമ്പൂതിരി എന്നിവർ മക്കളുമാണ്.



**ശ്രീധരൻ നമ്പൂതിരി**

കോഴിക്കോട് തളിമഹാദേവ ക്ഷേത്രം മേൽശാന്തിയായിരുന്ന കോഴിക്കോട് നടുകിൽകുണ്ടിൽ കുളത്തില്ലത്ത് ശ്രീധരൻ നമ്പൂതിരി വിഷ്ണുപദം പൂകി.പത്നി: മാധവി അന്തർജനംമക്കൾ : മാധവി അന്തർജനം, ശ്രീധരൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി , രത്നം അന്തർജനം, നാരായണൻ നമ്പൂ തിരി, ജയകൃഷ്ണൻ നമ്പൂതിരി .മരുമക്കൾ: താമരക്കുളം ടി.വി. ശ്രീധരൻ നമ്പൂതിരി, ശ്രീകൃഷ്ണപുരം തെക്കാട് ആര്യ അന്തർജനം, വടകര മേലേടം സത്യഭാമ അന്തർജനം, പൊയിലൂർ ശംബരകുമാരൻ നമ്പൂതിരി, വേളവന രശ്മി അന്തർജനം, കരിപ്പത്തില്ലത്ത് വനജ അന്തർജനം.



**വാസുദേവൻ നമ്പൂതിരി**

യോഗക്ഷേമസഭയുടെ മുൻ സാരഥി പുലിയന്നൂർ വാസുദേവൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

അരീക്കോട്: മലപ്പുറം ജില്ലയിലെ അരീക്കോട് ഉപസഭയിലെ വിളയിൽ മഠം ഉണ്ണികൃഷ്ണൻ നമ്പൂതിരി വിഷ്ണു പാദം പൂകി



**കേശവൻ നമ്പൂതിരി**

കോഴിക്കോട്: ഓമശ്ശേരി എളമന ഇല്ലത്ത് കേശവൻ നമ്പൂതിരി (69)വിഷ്ണുപാദം പൂകി.

പ്രശസ്ത വൈദികനായിരുന്ന എളമന നാരായണൻ നമ്പൂതിരിയുടെ അനിയനാണ്. മാനാംകുന്ന് ശിവക്ഷേത്രം മേൽശാന്തി ശ്രീധരനുണ്ണി (മണിക്കുട്ടൻ ) മകനാണ്.

ഭാര്യ പ്രസന്ന അന്തർജനം. മരുമകൾ ഗായത്രി.



**ചന്ദ്രിക ദേവി അന്തർജ്ജനം**

മടവൂർ : കൃഷ്ണൻ കുന്ന് തുറുവല്ലൂർ മഠത്തിൽ പരേതനായ വാസുദേവൻ ഭട്ടതിരിയുടെ പത്നി ചന്ദ്രിക ദേവി അന്തർജ്ജനം (85) വിഷ്ണുപാദം പൂകി. മക്കൾ: പുരുഷോത്തമൻ ഭട്ടതിരി, പരമേശ്വരൻ ഭട്ടതിരി, രമാദേവി അന്തർജ്ജനം, വാസുദേവൻ ഭട്ടതിരി, ജയദേവൻ ഭട്ടതിരി, ഉഷാദേവി അന്തർജ്ജനം.മരുമക്കൾ:- സരസ്വതി അന്തർജ്ജനം, സരസ്വതി അന്തർജ്ജനം, പ്രസന്നകുമാർ, ഉഷാദേവി, അനിലാദേവി വാസുദേവൻ നമ്പൂതിരി.

**സ്വസ്തിയിൽ വരേണ്ട ചരമ വാർത്തകൾ ഈ വാട്ട്സ് അപ് നമ്പറിൽ അയക്കൂ 9400992823**

## ആദരാഞ്ജലികൾ



**സാവിത്രി അന്തർജനം**

(മഴമംഗലത്ത് തരണനല്ലൂർ മന കുടുംബാംഗം, തൃശൂർ)

**W/o, Late: വാസുദേവൻ നമ്പൂതിരി**

(ജില്ലാ സഹകരണ ബാങ്ക് മാനേജർ)

**തായാട്ടില്ലം,ചേവരമ്പലം, കോഴിക്കോട്**

**മക്കൾ:** *സിന്ധു, സന്തോഷ്, (കേരളബാങ്ക് മെഡിക്കൽ കോളേജ് ശാഖ) സതീഷ് (മ്യൂറൽ പെയിന്റിംഗ് ആർട്ടിസ്റ്റ്)*

**മരുമക്കൾ:** *രാമൻ നമ്പൂതിരി,(നകർണ്ണ് മന, ഇരിങ്ങാലക്കുട) ദിവ്യ(പഴങ്ങോട്ടുപറ്റ ഇല്ലം.അരീക്കോട്)*

## സ്മരണാഞ്ജലി



നീലി അന്തർജനം / ശ്രാദ്ധദിനം 13 7 1983

ദാമോദരൻ നമ്പൂതിരി /ശ്രാദ്ധദിനം 25 4 1993

**നാറണിയാട്ട് ഇല്ലം, പി.ഒഫാറൂക്ക് കോളേജ് ,**

**കോഴിക്കോട് 673632**

## ശ്രദ്ധാഞ്ജലി



**കുനി ഇല്ലത്ത് പുരുഷോത്തമൻ നമ്പൂതിരി**

(കുനി ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും മകൻ)

**ജനനം 26.11.1915 (1091 വൃശ്ചികം11)**

**മരണം 11.8.2005 (1180 കർക്കിടകം 26)**

16ാം ശ്രാദ്ധനക്ഷത്രം 18.7.2021 (1196 കർക്കിടകം 2)

**കുനി ഇല്ലത്ത് ദേവകി അന്തർജ്ജനം**

(കൊഴുവിൽ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും നങ്ങുനീലി അന്തർജ്ജനത്തിന്റെയും മകൾ)

**ജനനം 9.2.1930 (1105മകരം 27)**

**മരണം 1.7.2020 (1195 മിഥുനം 17)**

ഒന്നാം ശ്രാദ്ധനക്ഷത്രം: 21.6.2021 (1196 മിഥുനം 7)

*മക്കൾ പേരമക്കൾ*

# അന്നം തൊട്ടിട്ടും അന്ന് വറ്റായില്ല

ജയൻ പുതുമന



> ഉണ്ണി നമ്പൂതിരിയായിരിക്കെ പൂജ പഠിക്കുമ്പോൾ വറ്റായിട്ടും കൈ കഴുകാത്തതിന് എത്രയോ വട്ടം ചീത്തകേട്ടതാണ് , ഇപ്പോഴിതാ അന്നം തൊട്ടിട്ടും കൈ വറ്റാവുന്നില്ല. നാലു പതിറ്റാണ്ടു മുമ്പത്തെ ഒരു ശാന്തിക്കാരന്റെ അനുഭവം

ഉപനയനം കഴിഞ്ഞു, ഉണ്ണിനമ്പൂതിരിയായി. വിശപ്പ് എന്തെന്ന് അതിനു മുമ്പു തന്നെ അറിയാമായിരുന്നെങ്കിലും എച്ചിലും വറ്റും വേർതിരിച്ചറിയാറായി. വറ്റ് തൊട്ടാൽ കൈ കഴുകണം.നഖം കടിച്ചാൽ എച്ചിലാവും. ദാരിദ്ര്യം സമൃദ്ധമായിരുന്ന അക്കാലത്ത് വയറു നിറഞ്ഞിരുന്നത് ചീത്ത കേട്ടായിരുന്നു. ഒരു വറ്റ് മതിയായിരുന്നു ചീത്ത കേൾക്കാൻ. പൂജ പഠിപ്പിക്കുന്ന കാരണവന്മാരുടെ ശ്രദ്ധ വറ്റിലായിരുന്നു. പഠിക്കുന്ന ഉണ്ണിയുടെ ശ്രദ്ധ വയറ്റിലും. വറ്റ് കിട്ടാനായിരുന്നു പ്രയാസം.

അങ്ങനെ, വിശപ്പു മാറ്റാനുള്ള വഴിതേടിയാണ് പന്ത്രണ്ടാമത്തെ വയസ്സിൽ ഫറോക്കിൽ നിന്ന് പാലക്കാട്ടെത്തിയത്. ജീവിതം പട്ടിണിയിൽ. പഠനം പരുങ്ങലിൽ. തമിഴ് ബ്രാഹ്മണരുടെ ഒരു അഗ്രഹാരത്തിലായിരുന്നു താമസം. അവിടത്തെ ചമയൽക്കാരൻ (പാചകക്കാരൻ) കല്യാണസുന്ദരം. ആ അയ്യരുമായി സൗഹൃദത്തിലായി. അയാൾക്കും ഒരു പയ്യനെ കിട്ടിയാൽ ഗുണമുണ്ട്.

തേങ്ങ ചിരകണം, അമ്മിയിൽ അരക്കണം. ഒരുപാട് വെയ്ക്കാനുണ്ട്. കാളൻ, അവിയൽ, സാമ്പാർ തുടങ്ങി ചിരവാനും അരയ്ക്കാനും ധാരാളം. അക്കാലത്ത് വൈദ്യുതിയില്ലാത്തതിനാൽ എല്ലാത്തിനും സഹായിയായി ആളു വേണം. പോരാത്തതിന് വലിയ അണ്ഡാവ് ഒഴിയുന്നതനുസരിച്ച് വെള്ളം കോരി നിറയ്ക്കണം. അങ്ങനെ ആ ദേഹണ്ഡക്കാരന്റെ സഹായിയായി. കുറേശ്ശേ വറ്റ് അകത്ത് ചെല്ലുമെന്നായി.

അങ്ങനയിരിക്കെ ഒരുദിവസം. കല്യാണസുന്ദരം ഇപ്പടി പേശുകിറത്.

'ജനാർദ്ദനാ, നീ നാളെയ്ക്ക് മൂത്താന്തറ കർണ്ണകിയമ്മൻ കോവിലിൽ വന്തിട്. കാലൈ അഞ്ച് മണിക്ക്. നാളെയ്ക്ക് പൗർണ്ണമിയാകും. അന്നാഭിഷേകം ഇരുക്ക്. അഞ്ച് കാതം പച്ചരി നിവേദ്യം വേണം.'

അപ്പോൾ അതാണ് കാര്യം. കുറെ വെള്ളം കോരി നിറയ്ക്കാനുണ്ടാവും. അഞ്ചു കാതം അരികൊണ്ട് നേദ്യം വയ്ക്കണമല്ലൊ. അല്പം പണിയെടുത്താലും വിശപ്പുമാറും.

എന്നാൽ, വെള്ളം കോരി നിറയ്ക്കുന്ന ആ പ്രയാസത്തേക്കാൾ മനസ്സിൽ നിറഞ്ഞത് ആ പുതിയ പേരാണ്. അന്നാഭിഷേകം! പാലഭിഷേകം, നെയ്യഭിഷേകം, ഇളനീർ അഭിഷേകം തുടങ്ങി പലതും മുമ്പ് കേട്ടിട്ടുണ്ട്. ഇതു പക്ഷേ, ആദ്യം കേൾക്കുകയാണ്. ത

മിഴന്മാർക്ക് ഇങ്ങനെ പലതുമുണ്ടെന്നറിയാം. നമ്പൂതിരിമാരിൽ നിന്ന് പലതിലും വ്യത്യാസമുണ്ട്.

ഉദാഹരണത്തിന് നിർമ്മാല്യത്തിന്റെ കാര്യമെടുക്കാം. ഒരു ദേവന് നിവേദിച്ചു കഴിഞ്ഞാൽ നിവേദ്യം നിർമാല്യമായി. അത്പിന്നെ മറ്റൊരു ദേവന് നിവേദിക്കാനാവില്ല. അതാണ് നമ്പൂതിരിയുടെ സമ്പ്രദായം. എന്നാൽ അയ്യർക്ക് ഒരേ പാത്രം നിവേദ്യം കൊണ്ട് എത്ര ദേവന്മാർക്കും നേദിക്കാം. നിർമ്മാല്യമാവുന്ന പ്രശ്നമില്ല. ഈ അന്നാഭിഷേകവും അങ്ങനെയെന്തെങ്കിലുമാവും, എന്തായാലും ഭക്ഷണം കിട്ടുമെന്നുറപ്പ്.

അങ്ങനെ പുലർച്ചെ മൂത്താൻതറയിലെത്തി. രണ്ടുപ്രാവശ്യം അന്നാഭിഷേകമുണ്ടത്രെ. രാവിലെയും ഉച്ചയ്ക്കും. ആദ്യപൂജയ്ക്ക് പ്രധാന പുരോഹിതർ. രണ്ടാമത്തേത് ശിഷ്യന്മാരും. മറ്റുള്ളവർക്ക് അകത്തു പ്രവേശനമില്ല. എങ്ങനെയെങ്കിലും ശ്രീകോവിലിൽ കടന്നു കിട്ടണമെന്ന് മനസ്സ് പറഞ്ഞു. എന്നാൽ മുതിർന്ന പൂജാരിമാർ സമ്മതിക്കില്ല.

അയ്യരിലെ അല്പം കരുണയുള്ള മാണിക്കഗുരുക്കളോട് ചോദിച്ചു. തഞ്ചാവൂരിലെ ഒരു ബ്രാഹ്മണൻ കുട്ടികളുണ്ടാവാൻ വേണ്ടി നേർന്നതാണത്രെ അന്നാഭിഷേകം. തന്റെ വയലിലെ നെല്ല് മുഴുവൻ അരിയാക്കി ഭഗവാന് അന്നാഭിഷേകം നടത്താമെന്ന്. അദ്ദേഹത്തിന് സന്താനഭാഗ്യമുണ്ടായി. അതോടെ ആ വഴിപാട് പ്രസിദ്ധമായി. തഞ്ചാവൂരിന്റെ ഈ പാരമ്പര്യമാണ് പാലക്കാട്ടെ അഗ്രഹാരങ്ങളിലെ ശിവക്ഷേത്രങ്ങളിൽ പിന്തുടരുന്നത്.

അന്നം കൊണ്ട് ഭഗവാനെ മൂടിപ്പൊതിയുന്നതാണ് ഈ ചടങ്ങ്. സാധാരണ നിലയിൽ അന്നം തൊട്ടാൽ കൈ വറ്റായി. പിന്നെ കൈ കഴുകിയിട്ടു വേണം മറ്റെന്തെങ്കിലും തൊടാൻ. എന്നാൽ ഇവിടെയിതാ അന്നം കൊണ്ട് ഭഗവാനെ മൂടിപ്പൊതിയുന്നു. പൂജ പഠിക്കുമ്പോൾ കൈ വറ്റായതിന് ചീത്ത കേട്ടതും കുട്ടിക്കാലത്ത് അന്നം കൊണ്ട് കളിച്ചതിന് ഓപ്പോൾമാർ വഴക്കു പറഞ്ഞതും ഓർമ്മവന്നു.

മുതിർന്ന ഗുരുക്കന്മാർ പോയ ശേഷം രണ്ടാമത്തെ പൂജ സമയത്ത് ശ്രീകോവിലിലേക്ക് കയറാൻ മാണിക്കഗുരുക്കൾ സമ്മതം തന്നു. ഞാനും അകത്തു കയറി. ശിഷ്യന്മാർ ചോറു കൊണ്ട് കളിക്കുന്നു! ഒരു പരന്ന പാത്രത്തിൽ പാലും വെള്ളം. കൈ അതിൽ കഴുകി. വെണ്ണ ചേർത്ത് നിവേദ്യച്ചോർ കുഴയ്ക്കണം. അതു ഉരുളയാക്കണം.



*അന്നാഭിഷേകം ഒരു ഫയൽ ഫോട്ടൊ*

**ശിവലിംഗത്തിന് പപ്പടം കൊണ്ട് ചെവി. എള്ളുണ്ട കൊണ്ട് കണ്ണ്. നെയ്യപ്പം കൊണ്ട് പൊക്കിൾ. നാളികേരപ്പൂളു കൊണ്ട് ചന്ദ്രക്കല. അന്ന് ഞാനൊരു സൂത്രം പ്രയോഗിച്ചു.**

ശ്രീരുദ്രത്തിന്റെ അകമ്പടിയോടെ അത് ശിവലിംഗത്തിൽ അമർത്തി വയ്ക്കുക. ഇതെന്ത് കഥ. വറ്റ് തൊട്ടാൽ കൈ കഴുകണമെന്ന് പഠിച്ചതിനാൽ എന്തോ ഒരു പ്രയാസം. അവർക്ക് ഒന്നും തോന്നുന്നില്ല. പൂജാപഠനകാലത്ത് നിവേദ്യം കഴിഞ്ഞ് കൈ കഴുകാത്തതിന് എത്ര ചീത്ത കേട്ടിരിക്കുന്നു. ഇതിപ്പോൾ ഒരു പറ അരി വേവിച്ചത് മുഴുവൻ ശിവലിംഗത്തിൽ പൊതിയുന്നു.

തീർന്നില്ല,വിഗ്രഹത്തിനു മുന്നിൽ അന്നം കൊണ്ട് സോപാനം പോലെ പടി കെട്ടുന്നു. അതിൽ പച്ചടി, കൂട്ട്, പൊരിയൽ, പരിപ്പ്, പപ്പടം, അപ്പം, വട, തുടങ്ങിയവ നിരത്തി വയ്ക്കുന്നു. ശിവലിംഗത്തിന് പപ്പടം കൊണ്ട് ചെവി. എള്ളുണ്ട കൊണ്ട് കണ്ണ്. നെയ്യപ്പം കൊണ്ട് പൊക്കിൾ. നാളികേരപ്പൂളു കൊണ്ട് ചന്ദ്രക്കല. അന്ന് ഞാനൊരു സൂത്രം പ്രയോഗിച്ചു. വിളക്കിലെ കരിമഷി വിരലു കൊണ്ട് തോണ്ടി എള്ളുണ്ടയുടെ കണ്ണിനു മുകളിൽ പുകിരം വരച്ചു. കുങ്കുമം എടുത്ത് ശിവന്റെ നെറ്റിയിൽ മുകളിലേക്ക് ഒരു വര വരച്ചു.

ഗുരുക്കന്മാർ ബലേ ഭേഷ് എന്നു പറഞ്ഞു. അതു കൊണ്ട് വേറെയും ഗുണമുണ്ടായി. അക്കാലത്ത് വേറെ എവിടെയെല്ലാം അന്നാഭിഷേകമുണ്ടായാലും എന്നെയും വിളിക്കാൻ തുടങ്ങി. അലങ്കാരപ്പണികൾ കഴിഞ്ഞ് നട തുറക്കുമ്പോൾ ശിവൻ മഞ്ഞുമലയിൽ ഇരിക്കുന്ന പോലെ ഭക്തർക്ക് തോന്നാൻ തുടങ്ങി. കരവിരുതു കൊണ്ട് വിഗ്രഹത്തിനു കൂടുതൽ മോടി ചേർത്തു. അന്നത്തിന് മുടക്കമില്ലാതായി. അല്പം അധികദക്ഷിണയും കിട്ടാൻ തുടങ്ങി.

അന്നാഭിഷേകം കഴിഞ്ഞാൽ ദീപാരാധന. അതിനു ശേഷം ശിവലിംഗത്തിൽ നിന്നു ശിരസ്സിന്റെ ഭാഗത്തെ അന്നം അടർത്തിയെടുത്ത് എഴുന്നള്ളത്തോടെ അടുത്തുള്ള ജലാശയത്തിൽ ഒഴുക്കണം. മറ്റുഭാഗങ്ങൾ വിഗ്രഹത്തിൽ നിന്ന് അടർത്തിയെടുത്ത് ഉപദംശങ്ങൾ എല്ലാം ചേർത്ത് വീണ്ടും കുഴച്ചാണ് പ്രസാദമായി നൽകുന്നത്. അത്ര രുചിയുള്ളൊരു പ്രസാദം അതിനു മുമ്പോ പിമ്പോ കഴിച്ചിട്ടില്ല. കഠിനമായ വിശപ്പിന്റെ കാലത്തായിരുന്നല്ലോ ആ അന്നാഭിഷേകം. മൂന്നു പതിറ്റാണ്ടിലേറെ പാലക്കാട് കുന്നത്തൂർമേട്ടിലെ വെണ്ണക്കണ്ണന്റെ ശാന്തിക്കാരനായിരുന്നു. ഇപ്പോൾ വൈക്കത്തപ്പന്റെ നാട്ടിൽ. എവിടെയായാലും അന്നത്തിന് മുട്ടു വന്നിട്ടില്ല, പിന്നീടൊരിക്കലും. നല്ല മുഹൂർത്തത്തിൽ അന്നപ്രാശനം ചെയ്താൽ അന്നത്തിനു മുട്ടുണ്ടാവില്ലത്രെ. ●

*ജയൻ പുതുമന*

*മൊബൈൽ* :8330086062



# പരമേശ്വർജിയ്ക്ക് തിലോദകം

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കത്തിനും മുഹമ്മക്കും ഇടയിൽ കായിപ്പുറം താമരശ്ശേരി ഇല്ലത്ത് ഒരേയൊരു തവണ ഞാൻ പോയി. എന്റെ ഗുരുഭൂതന്റെ പിണ്ഡവേളയിൽ ഭാഗഭാക്കായി നമസ്കരിക്കാനും ശേഷം കൊള്ളാനും. അഞ്ചു ദശകങ്ങൾക്കപ്പുറം എന്റെ ജീവിതത്തിന് രാഷ്ട്രസ്നേഹദിശ കാട്ടിത്തന്നവരിൽ അദ്ദേഹം മുൻപന്തിയിൽ തന്നെ .അദ്ദേഹമെഴുതിയതും ഞാൻ കാണാപ്പാമാക്കിയതുമായ ഒരു 'മന്ത്രസമാന കവിത'ചൊല്ലി തിലോദകമർപ്പിക്കുന്നു.

പാലക്കാടു ജില്ലയിലെ പാലപ്പുറത്തിനും തൃശ്ശൂർ ജില്ലയിലെ മായന്നൂരിനും അതിരിട്ടുകൊണ്ട് നിളാദേവി (ഭാരതപ്പുഴ) വടക്കോട്ടൊഴുകുന്ന പുണ്യതീർത്ഥക്കരയിലാണ് നവതികഴിഞ്ഞ പ്രായത്തിൽ ആയുരാരോഗ്യസൗഖ്യത്തിനായി അദ്ദേഹമെത്തിയത്. അതു നേടുകയുമുണ്ടായി.പാലപ്പുറത്തു ചികിത്സയും മായന്നൂരിൽ നല്ലരിക്കയും. നിത്യവും മായന്നൂർ പാലത്തിലൂടെയാത്ര.രോഗശയ്യയിൽ ഒട്ടും കിടക്കാതെയുള്ള ആത്മ മുക്തി.മഹാസുകൃതവാനായ പരമേശ്വർജിയ്ക്ക്

അമരമാവണമെന്റെ രാഷ്ട്രം വിശ്വവിശ്രുതി നേടണം
നിഖിലവൈഭവ പൂർണ്ണമാവണമെവിടെയും ജനജീവിതം
അരുതനീതികളാർത്തർ, അറിയരുതംബ ദു:ഖമൊരല്പവും,
വിശ്വശാന്തി വളർത്തുവാനവൾ ശക്തിശാലിനിയാവണം

ശ്രീസരസ്വതിതന്നുപാസന ധർമ്മമാക്കിയ ഭൂമിയിൽ
അജ്ഞതാതിമിരം പടർന്നുകിടപ്പതെന്തു വിപര്യയം
അർത്ഥതൃഷ്ണ ശമിപ്പതിന്നുലകുറ്റുനോക്കിയ സ്വർണ്ണഭൂ
പിച്ചതെണ്ടുവതെന്തു ദുസ്സഹമീയധോഗതി മാറണം

കർമ്മമേ  പുരുഷാർത്ഥമാക്കിയ സിംഹവിക്രമശാലികൾ
കർമ്മയോഗികൾ, കർമ്മധീരർ മഹാപരിശ്രമശാലികൾ
ചോരകൊണ്ടു വിയർപ്പു കൊണ്ടു സമൃദ്ധമാക്കിയ ഭൂമിയിൽ
എന്തു ജാഡ്യമിതെന്തു നിഷ്ക്രിയഭാവമീ സ്ഥിതി മാറണം

സ്വാർത്ഥഭാവനയെന്തു കൊണ്ടീ യജ്ഞഭൂവിലുയർന്നിടാൻ
ഇവിടെയല്ലി പിറന്നു പണ്ടേ ത്യാഗശീലരകിഞ്ചനർ
ആത്മബലിചെയ്യുമ്പൊഴും ഞാനെന്ന മത്സരബുദ്ധികൾ
വീണ്ടുമുൽക്കട രാഷ്ട്രസേവാ ഭവ്യഭാവന വളരണം.

**കൊയ്ത്തടി ചെറുമുക്കു കുടുംബാംഗങ്ങളുടെ ശ്രദ്ധാഞ്ജലികൾ**
**ആര്യാ ഔഷധശാല, വട്ടക്കിണർ - 673018**

# കാശിയിൽ ആത്മപിണ്ഡം ഗുരുവായൂരിൽ അന്ത്യം

ഏറെ ബന്ധുക്കളും ബന്ധങ്ങളുമുള്ളവർക്ക് ബന്ധനങ്ങളുമുണ്ടാവും. ജീവിതം പോലെത്തന്നെ മരണവും ബന്ധനത്തിന്റേതാവും.എന്നാൽ ബന്ധനങ്ങൾ ഒന്നുമില്ലാതെ യാത്രയായ ഒരാളാണ് തറയിൽ മുല്ലപ്പള്ളി ശ്രീധരൻ നമ്പൂതിരി. എന്റെ അച്ഛൻപെങ്ങളുടെ മകൻ.തറേലെ ഏട്ടൻ.

എല്ലാമുണ്ടായിരുന്ന ഒരില്ലത്ത് നിന്ന് ഇല്ലം പോലുമില്ലാത്ത അവസ്ഥയിലേക്ക്. പക്ഷേ ഗുരുവായൂരപ്പനുണ്ടായിരുന്നു.

ഭാര്യയില്ല,മക്കളില്ല.താമസിക്കാൻ ഇല്ലവുമില്ലാത്ത അവസ്ഥ. പക്ഷേ ഗുരുവായൂരപ്പനിൽ വിലയം പ്രാപിക്കാൻ കഴിഞ്ഞ പുണ്യാത്മാവ്. സ്വന്തം ഇല്ലം ഇല്ലാതായതു കൊണ്ടു മാത്രമാണ് ഗുരുവായൂരിൽ എത്തിപ്പെട്ടത്. മരുമകൾ ചൊല്ലിയ വിഷ്ണു ഭുജംഗപ്രയാതം ശ്രവിച്ചു കൊണ്ടുള്ള ഭഗവദ്പാദം പൂകൽ. അതിനു മുമ്പ് കാശിയിൽ പോയി ഗംഗാസ്നാനം ചെയ്തു. കാരണവന്മാർക്കും പത്നിമാർക്കും ഗയാ ശ്രാദ്ധമൂട്ടി. അവസാനം തനിക്കായി ആത്മപിണ്ഡവും സമർപ്പിച്ചായിരുന്നു മടക്കം. ആ ആത്മപിണ്ഡത്തിനും ആത്മാവിനും ശാന്തി. ഒട്ടും കഷ്ടപ്പെടാതെ 2015 ഏപ്രിൽ ആറാം തീയതി ഉച്ചക്ക് രണ്ടരയോടെയായിരുന്നു ആ വിയോഗം.

വൈരുദ്ധ്യങ്ങളായിരുന്നു ജീവിതം മുഴുവനും. സമ്പത്തിന്റെ മടിത്തട്ടിൽ ജനനം. നാലുകെട്ടും പത്തായപ്പുരയും പടിപ്പുരയും പരിവാരങ്ങളുമായി പ്രൗഢിയോടെ പരിലസിച്ചിരുന്ന ജന്മി ഗൃഹം.അമൃതമംഗലം ശിവക്ഷേത്രത്തിന്റെ ഊരായ്മക്കാരിൽ പ്രഥമസ്ഥാനക്കാർ.അമൃതമംഗലത്ത് ശാന്തി ചെയ്യാനായി ചെല്ലും ചെലവും കൊടുത്ത് നമ്പൂതിരിമാരെ താമസിപ്പിച്ചിരുന്ന ചരിത്രം.

അച്ഛൻ അച്ചുതൻ നമ്പൂതിരി വേദപണ്ഡിതൻ. അമ്മ സുഭദ്ര അന്തർജനം,പഴങ്ങോട്ടുപറ്റ മകൾ. അപ്ഫൻ ഗോവിന്ദൻ നമ്പൂതിരിയാകട്ടെ കേരളത്തിലെ പ്രശസ്ത വേദപണ്ഡിതനെന്ന ബഹുമതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽ നിന്ന് ഏറ്റുവാങ്ങിയ ആൾ. സാമൂതിരി കോവിലകത്തായിരുന്നു സംബന്ധം.അത്രക്ക് പ്രൗഢി.

എന്നാൽ പിൽക്കാലത്ത് തികച്ചും ദുരിതപൂർണ്ണമായ ജീവിതത്തിലൂടെയാണ് കടന്നുപോയത്. ആ ഇല്ലത്തെ അവസാന കണ്ണിയായി ഇല്ലത്തോടൊപ്പം തന്നെ ഇല്ലാതായ ആൾ .അതിന്റെ



തറയിൽ മുല്ലപ്പള്ളി ശ്രീധരൻ നമ്പൂതിരി.

പരിസമാപ്തിയായിരുന്നു ഭഗവത് സ്മരണ മാത്രമായി കഴിച്ചു കൂട്ടിയ അന്ത്യനാളുകൾ.

1937 എടവ മാസത്തിൽ അശ്വതിനക്ഷത്രത്തിൽ ജനനം. ഇല്ലത്തെ മുത്തശ്ശി നരിയങ്ങൽ തലപ്പണ മകൾ. അമ്മാത്തെ മുത്തശ്ശൻ പഴങ്ങോട്ടുപറ്റ ശ്രീധരൻ നമ്പൂതിരി. അമ്മാത്തെ മുത്തശ്ശി പാലശ്ശേരി മുല്ലപ്പള്ളി മകൾ സാവിത്രി അന്തർജനം.അച്ഛോളായിട്ട് ഒരാൾ മാത്രം. കക്കാട്ടക്ക് വേളി കഴിച്ചു കൊടുത്തു. സഹോദരിമാർ മൂന്നുപേർ. മൂത്ത സഹോദരി പാർവതിയെ കക്കാട് വേളി കഴിച്ചു.അവർ ആദ്യ പ്രസവത്തോടെ മരിച്ചു. രണ്ടാമത്തെ ഓപ്പോളായ സാവിത്രി ബുദ്ധി സ്ഥിരതയില്ലാതെ വന്ന് യൗവനത്തിൽത്തന്നെ കന്യകയായി തന്നെ മരിച്ചു. ഇളയ സഹോദരി സുഭദ്ര ക്ഷയരോഗ ബാധിതയായിരുന്നു. എങ്കിലും തിരുമംഗലം വാസുദേവൻ നമ്പൂതിരി വേളി കഴിച്ചു. വാസുദേവൻ നമ്പൂതിരിയുടെ സഹോദരി ശ്രീദേവിയെ തറയിൽ മുല്ലപ്പള്ളി ശ്രീധരൻ നമ്പൂതിരിയും മാറ്റമായി വേളികഴിച്ചു.

ദാമ്പത്യം ഏകദേശം ആറ് മാസം മാത്രമേ ഉണ്ടായുള്ളു. പനി വന്ന് ഏടത്തി മരിച്ചു. ഇടവേളക്കുശേഷം ചെത്തല്ലൂർ കറുത്തേടത്തു നിന്ന് സുഭദ്രയെ രണ്ടാം വേളി കഴിച്ചു. ആവേളിയിലും കുട്ടികളൊന്നുമുണ്ടായില്ല. ഒരു ദിവസം കുളക്കടവിൽ വെച്ച് അച്ഛൻ അവശനായി. തുടർന്ന് മൂന്നാം നാൾ മരിക്കച്ചു. വൈകാതെ അമ്മയും.

ഇതിനിടെ അപ്ഫനും മരിച്ചു. പിന്നെ ആ വലിയ ഇല്ലത്ത് ഏട്ടനും ഏടത്തിയും മാത്രമായി. അമ്മ മരിച്ച് നാരദൻ സ്വതന്ത്രനായി എന്ന് പറഞ്ഞതുപോലെ, രണ്ടാം വേളി കഴിച്ച സുഭദ്രയും വൈകാതെ മരിച്ചു. എല്ലാവരും പോയതോടെ ഏകനായി. ഇല്ലത്തിന്റെ മൂലക്കല്ലുകൾ ഒന്നൊന്നായി വീണു. അഷ്ടകയും സ്ഥാലീപാകവും ചടങ്ങിനാൽ ശ്രാദ്ധവും ഒക്കെയായി വളരെ വിപുലവുമായി എല്ലാ വർഷവും നടന്നിരുന്ന ഇല്ലം.

തികച്ചും ഒറ്റക്കായതോടെ അടുത്തുള്ള ഇല്ലങ്ങളായ എടക്കുന്ന്, പാലശ്ശേരി, പുളിയപ്പിലാശ്ശേരി, കരുമകൻ കാവ്, ആദ്യ വേളിയുടെ ഇല്ലമായ തിരുമംഗലം എന്നിവിടങ്ങളിലായി അഭയം. എല്ലായിടത്തും മാറി മാറി താമസിച്ചു പോന്നു. കൂടാതെ താല്പര്യമുള്ള ഇല്ലങ്ങളിലെല്ലാം പോവുമായിരുന്നു. ഗുരുവായൂരപ്പന്റെ കാരുണ്യം കൊണ്ടാവാം, എവിടെയും നല്ല സ്വീകരണമായിരുന്നു ലഭിച്ചിരുന്നത്.

ഇവിടമെല്ലാം മടുക്കുമ്പോൾ മരുമകളുടെ കൂടെ ഗുരുവായൂരിൽ പോയി കുറെ ദിവസം താമസിക്കും. തറയിലെ മരുമകൾ മാളു എന്ന സാവിത്രിയെ ഗുരുവായൂരിൽ താമസമാക്കിയ പയ്യന്നൂർ സ്വദേശി മരഞ്ഞാട് പരമേശ്വരനാണ് വേളികഴിച്ചത്. അങ്ങനെയാരിരുന്നു അവസാനനാളിൽ ഗുരുവായൂരിലെത്തിയത്.

നടക്കാൻ ബുദ്ധിമുട്ടായതോടെ സ്ഥിര താമസം ഗുരുവായൂരിൽ തന്നെയായി. അവിടന്നങ്ങോട്ട് ഗുരുവായൂരപ്പനെ ഭജിക്കാൻ കിട്ടിയ സമയം ഒട്ടുംതന്നെ പാഴാക്കിയില്ല. രണ്ടുനേരവും പോയി തൊഴും. കൃത്യനിഷ്ഠയോടെ കൃഷ്ണനാട്ടം കളിക്ക് വിളക്ക് വെക്കാനെത്തും. നാമജപവും കീർത്തനാലാപനവുമായി അല്ലലില്ലാതെ. ഒരു ദിവസം കാലിടറി വീണു, തുടയെല്ലിനു പരിക്ക്. അതോടെ കിടപ്പിലായി. മരുമകളുടെയും കുട്ടികളുടെയും പരിചരണത്തിൽ പരാതികളൊന്നുമില്ലാതെ കുറച്ചു ദിവസം കൂടി. അധികം കിടന്നു കഷ്ടപ്പെടാതെ 2015 ഏപ്രിൽ ആറാം തീയതി ഉച്ചക്ക് രണ്ടരയോടെ ആ പുണ്യാത്മാവ് ഭഗവത്പദം പൂകി. ഗുരുവായൂരപ്പനിൽ വിലയം പ്രാപിച്ച ആ പരിശുദ്ധാത്മാവിന് പ്രണാമം. സ്മരണാഞ്ജലികൾ. ●

സാവിത്രി അന്തർജനം
പുളിയപ്പിലാശേരി മുല്ലപ്പള്ളി

## യോഗക്ഷേമസഭ കോഴിക്കോട് ജില്ലാകമ്മിറ്റി റിപ്പോർട്ട്

# ഇനി സ്വന്തം മന്ദിരത്തിൽ

കോഴിക്കോട് ജില്ലയിലെ മുഴുവൻ ഉപകളിലേയും മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ലിസ്റ്റും സംസ്ഥാന വിഹിതമായ 67364 രൂപയും മേയ് മാസം 21ന് തന്നെ ട്രഷറർക്ക് അയച്ചു. ജില്ലയിൽ 3159 മെമ്പർമാരുള്ളതിൽ 1559 പേർ വനിതകളും 758 പേർ യുവജനങ്ങളുമാണ്. കഴിഞ്ഞവർഷത്തേപ്പോലെ ഈ വർഷവും ആദ്യമായി മെമ്പർഷിപ് പൂർത്തീകരിച്ചതും സംസ്ഥാന വിഹിതം അടച്ചതും കോഴിക്കോട് ജില്ലയാണ്. ഈ മാസം 15ന് മുൻപായി ഉപസഭകളിലെ ജനറൽ ബോഡി നടത്തി റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും ഭാരവാഹിലിസ്റ്റും ജില്ലക്ക് കൈമാറുന്നതും ജൂലൈമാസം ആദ്യ പകുതിയിൽ ജില്ലാ കൗൺസിൽ യോഗം നടത്തുന്നതുമാണ്.

### ഇനി സ്വന്തം മന്ദിരം

തികച്ചും വിപരീത പരിതസ്ഥിതികളിൽ സാക്ഷാത്കരിക്കപ്പെട്ട നമ്മുടെ മന്ദിരം അവസാന മിനു ക്കുപണികളിലേക്ക്. വിപുലമായ ഉദ്ഘാടനം കോവിഡാനന്തരം .

### ഞങ്ങൾ ഒറ്റക്കെട്ടാണ്

കോഴിക്കോട് ജില്ലയുടെ അവലോകന യോഗം 10-05-2021 ന് നടന്നു. ആകെ 68 ഓളം പേരാണ് യോഗത്തിൽ പങ്കെടുത്തത്. കോഴിക്കോട്ടെ 15 ഉപസഭകൾ, വനിതാ -യുവജന സഭ, സ്വസ്തി ത്രൈമാസിക എന്നിവരുടെയെല്ലാം പ്രതിനിധികൾ പങ്കെടുത്തു.

മെമ്പർഷിപ്പ് പൂർത്തീകരിച്ച് ലിസ്റ്റ് സംസ്ഥാനത്തിനയച്ചതിന്റേയും , കോവിഡിന്റെ പ്രതികൂല സാ ഹചര്യത്തിലും ജില്ലാ മന്ദിരത്തിന്റെ പണി പൂർത്തിയാക്കുവാൻ കഴിഞ്ഞതിന്റേയും സന്തോഷവും സംതൃപ്തിയും ജില്ലാസെക്രട്ടറി പങ്കുവെച്ചു.

സംസ്ഥാന സഭയിൽ നിന്നും പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, ഐ ടി കോ ഓർഡിനേറ്റർ എന്നിവരും കോഴിക്കോട് ജില്ലാ , ഉപസഭാ ,ഭാരവാഹികളും , മേഖലാ ഭാരവാഹികളും ചർച്ചയിൽ പങ്കെടുത്തു. എല്ലാ ഉപസഭകളും അവലോകന യോഗത്തിൽ പങ്കെടുത്ത ജില്ലയാണ് നമ്മുടേത്.

### ഞങ്ങളുടെ മാടമ്പ്

മാടമ്പ് കുഞ്ഞുകുട്ടൻ അനുസ്മരണം ഓൺലൈനായി മേയ് 15 ന് നടന്നു. ജില്ലാ പ്രസിഡന്റ്മധു അരീക്കര അധ്യക്ഷം വഹിച്ചു.

40വർഷമായി പരിചയമുള്ള, മാടമ്പ് കുഞ്ഞുകുട്ടൻ ഒരു അവധൂതൻ കൂടിയായിരുന്നെന്നു കൈതപ്രം ദാമോദരൻ നമ്പൂതിരി മുഖ്യപ്രഭാഷണത്തിൽ അനുസ്മരിച്ചു.

ജന്മസിദ്ധമായ കഴിവ് ഏതൊരു വിദ്യാഭ്യാസ യോഗ്യതയേക്കാളും മുകളിലെന്ന് തന്നെ പഠിപ്പിച്ച സുഹൃത്താണ് മാടമ്പെന്ന് കൊച്ചിൻ സർ വകലാശാല മുൻ വൈസ്ചാൻസലർ രാമചന്ദ്രൻ തെക്കേടത്ത് അഭിപ്രായപ്പെട്ടു.

സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി അസോസിയേറ്റ് എഡിറ്റർ പാനാട് പദ്മനാഭൻ നമ്പൂതിരി എന്നിവർ മാടമ്പിനോടൊപ്പം ചിലവിട്ട മുഹൂർത്തങ്ങൾ പങ്കുവച്ചു.

എഴുത്തുകാരൻ വിജയൻ പുളിക്കത്തൊടി എഴുത്തിന്റെ വഴികളിൽ മാടമ്പുമായി ഉണ്ടായ കൂടിക്കാഴ്ചകളും തന്റെ പുസ്തക പ്രകാശന വേളയിൽ അദ്ദേഹം സന്നിഹിതനായതിനെ കുറിച്ചും സംസാരിച്ചു. ജില്ലാ യുവജനസഭയെ പ്രതിനിധീകരിച്ച് ശ്രീ കണക്കില്ലം ശുഭദ് ശർമ്മ ആദരാഞ്ജലി അർപ്പിച്ചു.

താമരശ്ശേരി ഉപസഭാ സെക്രട്ടറി ഉണ്ണികൃഷ്ണൻ നമ്പൂതിരി എഴുത്തുകാരനായ മാടമ്പിനെക്കുറിച്ച് അനുസ്മരിച്ചു. സ്വസ്തി മാനേജിംഗ് എഡിറ്റർ വിനോദ് മങ്ങത്തായ മാടമ്പും പ്രശസ്ത എഴുത്തുകാരി തസ്ലീമ നസ്ലിന നസ്റീനും ഒരുമിച്ചുള്ള ഫോട്ടോ സ്വസ്തിയിൽ വന്നതടക്കമുള്ള വിവരങ്ങൾ പങ്കുവച്ചു.

ജില്ലാ സെകട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി ജില്ലാ യോഗക്ഷേമ സഭയുടെ ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിച്ചു. വിവിധ ഉപസ ഭകളിൽ നിന്നായി മുണ്ടോട്ട ഉണ്ണികൃഷ്ണൻ നമ്പൂതിരി, തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി, സതീഷ് കുമാർ നമ്പൂതിരി, വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി, ജില്ലാ വനിതാസഭയെ പ്രതിനിധീകരിച്ച് സജിത മങ്ങത്തായ എന്നിവരും മാടമ്പിന് ആദരാഞ്ജലികൾ നേർന്നുകൊണ്ട് സംസാരിച്ചു.

യോഗത്തിന് ജില്ലാ യോഗ ക്ഷേമസഭ സെക്രട്ടറി ശ്രീ താമരക്കുളം ദിവാകരൻ നമ്പൂതിരി നന്ദി പറഞ്ഞു.

### പി.പി.ഇ കിറ്റ് ചാലഞ്ച്

കോവിഡ് രക്ഷാപ്രവർത്തന ത്തിന്റെ ഭാഗമായി മുക്കം നഗരസഭയുടെ പി.പി.ഇ കിറ്റ് ചാലഞ്ചിൽ 50 പി പി ഇ കിറ്റും ഓക്സി മീറ്ററുകളും നൽകി യോഗക്ഷേമ സഭയുടെ മുക്കം ഉപസഭയും പങ്കാളികൾ ആയി.നഗരസഭ ആസ്ഥാനത്തു വെച്ചു നടന്ന ചടങ്ങിൽ നഗരസഭാ ചെയർമാൻ പി ടി ബാബു മുക്കം ഉപസഭ സെക്രട്ടറി കൃഷ്ണകുമാർ താമരക്കുളം, ജോയിന്റ് സെക്രട്ടറി ലിനേഷ് താമരക്കുളം, വൈസ് പ്ര സിഡന്റ് സന്തോഷ് മൂത്തേടം നഗ രസഭാ കൗൺസിലർമാരായ രജ നി .ബിന്ദു, ആർ.ഐ. സുരേഷ്, എച് ഐ അജിത് എന്നിവർ പങ്കെടുത്തു. ലോക് ഡൗൺ കാലത്ത് ഉപസഭ എല്ലാ ഇല്ലങ്ങളിലും പച്ചക്കറി കിറ്റുകൾ

*മോഴികുന്നം ജയൻ - ജയശ്രീ ദമ്പതിമാർ ആസ്ഥാന മന്ദിരം ഷെയർ സംഖ്യ ജില്ലാ പ്രസിഡണ്ട് മധു അരീക്കരയെ ഏൽപ്പിക്കുന്നു.*



*ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള ഷെയർ സംഖ്യ ലത തായട കിഴിനിപ്പുറം തിരുമംഗലം കൃഷ്ണൻ നമ്പൂതിരിക്ക് കൈമാറുന്നു.*



*എടക്കുന്നത്ത് സുഭാഷ് നമ്പൂതിരിയിൽ നിന്നും ഷെയർ സംഖ്യ കൈപ്പറ്റുന്നു*





ഉച്ചക്കാവ് ഉപസഭാ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ കമ്യൂണിറ്റി കിച്ചനിലേക്ക് നൽകുന്ന പച്ചക്കറികളും പലവ്യഞ്ജനങ്ങളും ഉപസഭാ സെക്രട്ടറി ചെറുവക്കാട് കേശവൻ നമ്പൂതിരി, പഞ്ചായത്ത് അംഗം ബാബു പൊലുകുന്നത്തിന് കൈമാറുന്നു



മുക്കംഉപസഭയുടെ കിറ്റുകളും ഓക്സിമീറ്ററുകളും നഗരസഭാ ചെയർമാൻപി.ടി. ബാബു ഏറ്റുവാങ്ങി. മുക്കം ഉപസഭ സെക്രട്ടറി കൃഷ്ണകുമാർ താമരക്കുളം, ജോയിന്റ് സെക്രട്ടറി ലിനേഷ് താമരക്കുളം, വൈസ് പ്രസിഡന്റ് സന്തോഷ് മൂത്തേടം എന്നിവർ പങ്കെടുത്തു.

വിതരണം ചെയ്തു.

## ശിവദം കലാ സംഗമം

താമരശ്ശേരി ഉപസഭ ശിവരാത്രിയോടനുബന്ധിച്ച് ശിവദം എന്ന കലാസംഗമം നടത്തി. ശിവഭജൻസ് അരങ്ങേറി.ശിവരാത്രി ദിനമായ മാർച്ച്11 ന് രാവിലെ 9-30 മുതൽ ഓരോ മണിക്കൂർ ഇടവിട്ട്, പരിപാടികൾ അവതരിപ്പിച്ചു.

അക്കിത്തം അനുസ്മരണ പരിപാടി മികവുറ്റതായി. താമരശ്ശേരി ഉപസഭക്ക് പാചക സാമഗ്രികൾ, പബ്ളിക് അഡ്രസ് സിസ്റ്റം, മേശ കസേരകൾ എന്നിവ സ്വന്തമായുണ്ട്.

## പലവ്യഞ്ജന കിറ്റ്

മാർച്ച് 31 ന് മുൻപുതന്നെ മെമ്പർഷിപ് പ്രവർത്തനം പൂർത്തിയാക്കി വിഹിതം അടച്ച ചാത്തമംഗലം ഉപസഭ ലോക് ഡൌൺ കാലത്ത് ഉപസഭയിലെ എല്ലാ ഇല്ലങ്ങളിലും പലവ്യഞ്ന കിറ്റുകളെത്തിച്ച് പ്രവർത്തന മാതൃക കാണിച്ചു.

## പുതുതലമുറ

കൊയിലാണ്ടി ഉപസഭക്ക് വേണ്ടി ആർഷവിദ്യാ സമാജത്തിന്റെ നേതൃത്വത്തിൽ കുമാരി ശ്രുതിയുടെ ഓൺലൈൻ ക്ലാസിൽ 45 പേർ പങ്കെടുത്തു. വളരെ പ്രസക്തിയുള്ള, ഈ ക്ലാസിന്റെപ്രവർത്തനങ്ങൾ നടത്തിയത് എടവല്യം ത്രിവിക്രമ ശർമ്മയാണ്.

### പൂണൂലിട്ടവരുടെ മുഖപുസ്തകം

ഏതൊരു മലയാള പ്രസിദ്ധീകരണത്തോടും കിടപിടിക്കാവുന്ന ഒന്നാണ് കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന സ്വസ്തി ത്രൈമാസിക. വിഭവ സമൃദ്ധമായ ഓണപ്പതിപ്പ് ഇതാ നിങ്ങളുടെ കയ്യിൽ. ജില്ലാ കമ്മറ്റിക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കിയില്ലെന്ന് മാത്രമല്ല ബിൽഡിംഗ് ഫണ്ടിലേക്ക് 4 ലക്ഷത്തോളം രൂപ നൽകുകയും ചെയ്തു സ്വസ്തി.



ഉദ്ഘാടനത്തിന് തയ്യാറായ ജില്ലാകമ്മിറ്റി ആസ്ഥാനമന്ദിരം. കോഴിക്കോട് കോർപറേഷൻ പരിധിയിൽ മെഡിക്കൽ കോളേജിന് സമീപമാണ് ഈ ഇരുനില കെട്ടിടം

## മുതിർന്നവരെ ആദരിക്കൽ

പെരുമണ്ണ ഉപസഭ വനിതാ ദിനത്തിൽ മുതിർന്ന വനിതകളായ പാടേരി ഉമാദേവി അന്തർജനം, പാട്ടത്തിൽ ഉമാദേവി അന്തർജനം, എടക്രമഞ്ചേരി ദേവകി അന്തർജനം, കൂടല്ലൂർ ഉമാദേവി അന്തർജനം,പുനരിട്ടമഠത്തിൽ ഗംഗാദേവി അന്തർജനം, വെള്ളാട്ടില്ലത്ത് പാർവ്വതി അന്തർജനം, കൂടല്ലൂർ ഗംഗാദേവി അന്തർജനം എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

## ഞങ്ങളുണ്ട് ഹെൽപിനായി

യുവജന സഭ കോഴിക്കോട് ജില്ലയിലെ പ്ലസ്ടു, ഡിഗ്രി, പി.ജി അഡ്മിഷൻ രജിസ്ട്രേഷനും കോവിഡ് വാക്സിൻ രജിസ്ട്രേഷനും സഹായിക്കുന്നതിനായി ഹെല്പ് ഡെസ്ക്കുകൾ രൂപീകരിച്ചിരിച്ച് മാതൃകാപരമായ പ്രവർത്തനം നടത്തി.

## വനിതകൾ നേതൃത്വത്തിലേക്ക്

ജില്ലാ വനിതാസഭയുടേയും ജില്ലാ ശങ്കരായണത്തിന്റേയും സംയുക്ത യോഗം 2021 മേയ് 25 ന് ഓൺലൈനായി നടന്നു.കോവിഡ് പരിരക്ഷയും ബോധവല്ക്കരണവും ആയുർവേദത്തിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വെബിനാർ മേയ് 23ന് നടത്തി.

ഉപസഭകളെ മേഖലകളായി തിരിച്ച് കോർഡിനേറ്റർമാരെ കണ്ടെത്തി പ്രവർത്തനം മെച്ചപ്പെടുത്തുക, ശങ്കരായണം പ്രവർത്തനം വിപുലപ്പെടുത്തുക, എന്നീ തീരുമാനങ്ങളെടുത്തു.

താമരക്കുളം ദിവാകരൻ
ജില്ലാ സെക്രടറി ,
യോഗക്ഷേമസഭ , കോഴിക്കോട്

# അന്ന്,ആ കണ്ണുകൾ നനയുന്നതു കണ്ടു



**കഴിഞ്ഞമാസം വിഷ്ണു പാദം പൂകിയ മഞ്ചേരി പട്ടലൂർ വാസുദേവൻ നമ്പൂതിരിയെപ്പറ്റി മരുമകൾ ശ്രീജ പട്ടലൂർ അനുസ്മരിക്കുന്നു**



ഇരുപത്തേഴുവർഷം മുമ്പ് ഞാൻ പട്ടലൂരെ മരുമകളായി എത്തുമ്പോൾ അച്ഛൻ എങ്ങനെയായിരിക്കും എന്ന പേടിയായിരുന്നു. സർവ്വസ്വാതന്ത്ര്യങ്ങളും അനുഭവിച്ച സ്വന്തം ഇല്ലത്തുനിന്നുള്ള പറിച്ചുനടലിന്റെ ആശങ്ക. ഇവിടത്തെ അച്ഛനോട് എന്റെഅച്ഛൻ പറഞ്ഞതിങ്ങനെ: 'പഞ്ചസാരയേതാ ഉപ്പേതാ എന്നറിയാത്ത കുട്ടിയാണ്, പഠിക്കാൻ താൽപര്യമുണ്ട്. തുടർന്ന് പഠിപ്പിക്കണം. ജോലിക്ക് വിടണം.' പറഞ്ഞതെല്ലാം അദ്ദേഹം സമ്മതിച്ചു. ഇവിടെ എത്തിയ ശേഷമാണ് ഡിഗ്രിയെടുത്തത്. പിന്നെ ബി.എഡ് , എം.എ. കുറച്ചുകാലം സി. എയും. അതിനുശേഷമാണം ജോലി കിട്ടിയത്.

രാവിലെ 4 മണിക്ക് എഴുന്നേൽക്കുന്ന അച്ഛൻ ഞാൻ പഠിക്കാൻ വേണ്ടിഎഴുന്നേറ്റിട്ടുണ്ടെങ്കിൽ എനിക്കും ഒരുക്ലാസ് ചായ ഉണ്ടാക്കിത്തന്നിരുന്നു. അവിടുന്നിങ്ങോട്ട് എല്ലാ സുഖദുഃഖങ്ങളിലും എന്നോടൊപ്പം നിന്നു. എന്റെ അച്ഛന്റെ മരണസമയത്ത് എന്നെ ചേർത്തുനിർത്തി സമാധാനിപ്പിച്ചപ്പോഴാണ് ആ കണ്ണുകൾ ആദ്യമായി നനയുന്നത് കണ്ടത്. അന്നു മുതൽ എന്നും എന്റെ അമ്മയുടെ വിവരങ്ങൾ അന്വേഷിച്ചിരുന്നു. പാലക്കാട് പി.എസ്.സി കിട്ടിയപ്പോൾ ചേരാനുള്ള ഏർപ്പാടുകളൊക്കെ ചെയ്തതും അച്ഛൻ തന്നെ.

അച്ഛനിൽനിന്നു തന്നെയാണ് ഞാൻ അദ്ദേഹത്തിന്റെ ജീവിതം അറിഞ്ഞത്.

**അവിടെനിന്ന് ആരോടും പറയാതെ കേരളം വിട്ടു.പലസ്ഥലങ്ങളിലായി നാലു വർഷത്തോളം ഹോട്ടൽ ജോലിയടക്കം പല പണികളും ചെയ്തു. പിന്നീട് അവിടെവെച്ച് വണ്ടൂരിൽ നിന്ന് പരിചയമുള്ള ഒരാൾ അച്ഛനെ കാണുകയും തിരിച്ച് മഞ്ചേരി എത്തുകയും ചെയ്തു.**

ധാരാളം ഭൂസ്വത്തും ആനയും പ്രതാപവുമൊക്കെയുള്ള അലനല്ലൂരിലെ പട്ടല്ലൂർ മനയിൽ 1931 ൽ ജനിച്ചു. മേലഴിയത്തെ മഹളായ മുത്തശ്ശിയുടെ കുടിവെപ്പിന് അലനല്ലൂർ അയ്യപ്പൻകാവ് മുതൽ ഇല്ലംവരെ നിലവിളക്കും നിറപറയും ഉണ്ടായിരുന്നുവത്രെ. എന്നാൽ, ഒരു സന്ദർഭത്തിൽ ഇല്ലത്തെ മുഴുവൻഭൂസ്വത്തുക്കളും, ഇല്ലവും പത്തായപ്പുരയും ജപ്തിയിൽ അന്യാധീനമായി.

അച്ഛനന്ന് അഞ്ച് വയസ്സ്. വഴിയാധാരമായ ഒരു നമ്പൂതിരികുടുംബത്തെ തെരുവിലേക്ക് ഇറക്കിവിടേണ്ട സന്ദർഭം. ജപ്തിചെയ്ത ആൾക്ക് അതിന് ധൈര്യം വന്നില്ല. താമസിക്കാൻ ഇല്ലവും ഇല്ലവളപ്പിന്റെ പകുതിയും കുളത്തിന്റെപകുതിയും കൊടുത്തു. മൂന്നുകുട്ടികളുള്ള കുടുംബത്തിന്റെ പട്ടിണിയോർത്ത് കൊല്ലത്തിൽ 300 പറനെല്ല് പാട്ടംകിട്ടാവുന്ന നെൽവയലും മൂന്നുകുട്ടികളുടെപേരിൽ ദാനം തീര് നൽകി. തലമുറകളായി പ്രതാപത്തിൽ കഴിഞ്ഞിരുന്ന പട്ടല്ലൂർതറവാടിന്റെ ആകെയുള്ള കുടുംബസ്വത്ത് അന്ന് ദാനംകിട്ടിയത് മാത്രമായി ചുരുങ്ങി.

ജ്യേഷ്ഠനും അനിയനും അച്ഛനും അമ്മയും അടക്കമുള്ള ഈ കുടുംബത്തിന് പല ദിവസങ്ങളിലും പട്ടിണി കിടക്കേണ്ടി വന്നു.1944 ൽ പന്ത്രണ്ടാംവയസ്സിൽ അന്നത്തെ ഇ.എസ്.എൽ.സി പാസായി. സമീപത്തൊന്നും ഹൈസ്ക്കൂൾ ഇല്ലാത്തതിനാൽ തുടർന്ന് പഠിക്കാനായില്ല. 2 കൊല്ലം

കുടുംബക്ഷേത്രത്തിൽ ശാന്തിക്കാരനായി. പിന്നീട് വണ്ടൂർ നടുവത്തുള്ള അച്ഛൻ പെങ്ങൾ അങ്ങോട്ട് കൊണ്ടുപോകയും അവർ നടത്തുന്ന കടയിൽ ജോലി കൊടുക്കുകയും ചെയ്തു. മൂന്നുകൊല്ലം ജോലി ചെയ്ത ശേഷം അവിടെനിന്ന് ആരോടും പറയാതെ കേരളം വിട്ടു.

പലസ്ഥലങ്ങളിലായി നാലു വർഷത്തോളം ഹോട്ടൽ ജോലിയടക്കം പലപണികളും ചെയ്തു. പിന്നീട് അവിടെവെച്ച് വണ്ടൂരിൽ നിന്ന് പരിചയമുള്ള ഒരാൾ അച്ഛനെ കാണുകയും തിരിച്ച് മഞ്ചേരി എത്തുകയും ചെയ്തു. ആ നാലു വർഷത്തെ അനുഭവങ്ങൾ പിന്നീടുള്ള ജീവിതത്തിനുള്ള ഒരു പാഠമായി. 'ഇത് ആർക്കും അപഹരിക്കാൻ പറ്റാത്ത ഒരു സമ്പത്താണ്' എന്ന് അച്ഛൻ പലപ്പോഴും പറയാറുണ്ട്. പതിമൂന്നുവർഷത്തോളം മഞ്ചേരികോവിലകത്തെ സ്ഥാപനങ്ങളിൽ ജോലി ചെയ്തു.1962 ൽ പട്ടിലകത്തുനിന്ന് വേളികഴിച്ചു.1965 ൽ തമ്പ്രാക്കന്മാരുടെ അനുമതിയും അനുഗ്രഹവും വാങ്ങി സ്വന്തമായി ഒരു ചെറിയവ്യാപാരം തുടങ്ങി. മകൾ ഉമാദേവിയുടെ പേരിന്റ രണ്ടക്ഷരമെടുത്ത് 'ഉമാട്രേഡേഴ്സ്' എന്ന് സ്ഥാപനത്തിന് പേരിട്ടു. പിന്നെ 'ഉമ ട്രാൻസ്പോർട്ട്' എന്ന പേരിൽ ലോറിസർവ്വീസും','ഉമാ ഫൈനാൻസ്' എന്ന ധനകാര്യസ്ഥാപനവും തുടങ്ങി. മഞ്ചേരിക്കാരുടെ ഇടയിൽ 'ഉമ നമ്പൂതിരി ' എന്ന് അറിയപ്പെട്ടു. പടിപടിയായി വ്യാപാരം അഭിവൃദ്ധിപ്പെട്ടു.

മകളുടെപേരിൽ ബാക്കിയുള്ള രണ്ടക്ഷരവും ചേർത്ത് 'ദേവീ ട്രേഡേഴ്സ്'എന്ന സ്ഥാപനവും തുടങ്ങി.1970 മുതൽ 1975 വരെ സർക്കാർ കോൺട്രക്റ്ററുകൾ ഏറ്റെടുത്ത് നടത്തി. എന്നാൽ മനസ്സാക്ഷിക്കു നിരക്കാത്തതുകൊണ്ട് കരാർപണിയിൽ നിന്ന് പിന്മാറി. കുട്ടിക്കാലം മുതൽ അനുഭവിച്ചറിഞ്ഞ പാഠങ്ങൾ മനസ്സിലുള്ളതുകൊണ്ട് ജീവിതത്തിൽ അത്യാഗ്രഹം ഇല്ലായിരുന്നു. തുടങ്ങിയ എല്ലാസംരംഭങ്ങളിലും പരമാവധി സത്യവും നീതിയും പുലർത്തി.

വ്യാപാരിവ്യവസായി ഏകോപനസമിതിയുടെ ജില്ലാട്രഷറർ, മലപ്പുറംജില്ലാ ലോറിഓണേഴ്സ് അസോസിയേഷൻ, സിമൻറ് സ്റ്റോക്കിസ്റ്റ് അസോസിയേഷൻ എന്നീ സംഘടനകളിൽ ദീർഘകാലം ഭാരവാഹിയായിരുന്നു. വ്യാപാരവ്യവസായ ഏകോപനസമിതിയുടെ മഞ്ചേരിയിലെ വ്യാപാരഭവനും മലപ്പുറത്തെ ജില്ലാവ്യാപാരഭവനവും അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനത്തിന്റെ അഭിമാനസ്തംഭങ്ങളാണ്.മലപ്പുറംജില്ലയിൽ യോഗക്ഷേമസഭ കെട്ടിപ്പടുക്കാൻ മുന്നിൽ നിന്നു പ്രവർത്തിച്ചിരുന്നു. ദീർഘകാലം മലപ്പുറംജില്ലാ ട്രഷററുമായിരുന്നു.



*84 ാം പിറന്നാൾ വേളയിൽ മന്ത്രി എ. പി. അനിൽകുമാർ പട്ടലൂർ വാസുദേവൻ നമ്പൂതിരിയെ പൊന്നാട അണിയിക്കുന്നു*

**മലപ്പുറംജില്ലയിൽ യോഗക്ഷേമസഭ കെട്ടിപ്പടുക്കാൻ മുന്നിൽ നിന്നു പ്രവർത്തിച്ചിരുന്നു. ദീർഘകാലം മലപ്പുറംജില്ലാ ട്രഷററുമായിരുന്നു.**

ഉത്തരവാദിത്തങ്ങൾ മക്കളെ ഏൽപ്പിച്ച് ഇന്ത്യയിലെ മിക്കസംസ്ഥാനങ്ങളിലും ഹിമാലയത്തിലുള്ള മിക്ക ക്ഷേത്രങ്ങളും സന്ദർശിച്ചു. പലവിദേശരാജ്യങ്ങളും സന്ദർശിച്ചു. 2005 ൽ തന്റെ എഴുപത്തിയഞ്ചാം വയസ്സിൽ വിവേകാനന്ദാട്രാവൽസിന്റെ ആദ്യകൈലാസയാത്രയിലും പങ്കാളിയായി.

അമ്പതുവർഷങ്ങൾക്ക് മുമ്പേ, മഞ്ചേരി ശാന്തിഗ്രാമിൽ നിർമ്മിച്ച ചെറിയവീട്ടിൽ വിശ്രമജീവിതം നയിച്ച അദ്ദേഹം, 2015ൽ ശതാഭിഷിക്തനായി. തൊണ്ണൂറ്റിരണ്ടാം വയസ്സിൽമരിച്ച അമ്മയായിരുന്നു കാണപ്പെട്ട ദൈവം.'ആയിരം പേർ വിഡ്ഢി എന്നു വിളിച്ചാലും ഒരാൾപോലും കള്ളൻ എന്ന് വിളിക്കാൻ ഇടവരുത്തരുതേ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. ആത്മാർത്ഥത , കൃത്യനിഷ്ഠ, ലാളിത്യം, കഠിനപ്രയത്നം ഇവയാണ് അച്ഛന്റെ വിജയരഹസ്യം.അച്ഛന്റെ ജീവിതരീതി - വസ്ത്രം, ഭക്ഷണം, യാത്ര...... വളരെ ലളിതമായിരുന്നു .മരിക്കുന്നതുവരെ എല്ലാ ലോക കാര്യങ്ങളും അദ്ദേഹം അറിഞ്ഞിരുന്നു. ഈ കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ട് വഴി തന്റെ സമ്മതിദാനാവകാശം രേഖപ്പെടുത്തുകയും ചെയ്തു

സ്വന്തം മക്കളെപ്പോലെതന്നെ സഹോദരന്മാരേയും അവരുടെ മക്കളേയും പരിഗണിച്ച അച്ഛൻ ഒരു ജന്മത്തിൽ ചെയ്യേണ്ടതെല്ലാം ചെയ്തു എന്ന ഒരു ചാരിതാർത്ഥ്യത്തോടെയാണ് യാത്രയായത്. അമ്പത് വർഷത്തോളം അച്ഛൻ ഇരുന്നിരുന്ന ആ പൂമുഖത്ത് അദ്ദേഹത്തെ കിടത്തിയപ്പോൾ ആ മുഖത്ത് ഒരു ചാരിതാർത്ഥ്യത്തിന്റെ ഭാവമാണ് എനിക്ക് തോന്നിയത്, അതെ മറ്റുള്ളവർക്കായ് എല്ലാം കൊടുത്ത് ആഗ്രഹങ്ങളെല്ലാം പൂർത്തീകരിച്ച് ഒരു യാത്ര. ഒരായുസ്സു മുഴുവൻ കർമ്മനിരതനായ സൂര്യതേജസ്സ് ഇനി ഞങ്ങൾക്കു വഴികാട്ടിയായി എന്നെന്നും ഞങ്ങളുടെ കൂടെ ഉണ്ടാവുമെന്ന ആശ്വാസം മാത്രമാണ് ഇപ്പോൾ.

'സ്വർഗ്ഗദ്വാരം, പ്രജാദ്വാരം, മോക്ഷദ്വാരം, ത്രിവിഷ്ടപം' എന്നാണത്രെ ശിവ സഹസ്രനാമത്തിൽ. ത്രിവിഷ്ടപം എന്നാൽ 'കൈലാസം' അതെ സ്വർഗ്ഗമെന്നൊരു സങ്കൽപ്പമുണ്ടെങ്കിൽ അച്ഛൻ അവിടെ വിരാചിക്കുമെന്ന വിശ്വാസത്തിൽ ഞങ്ങൾ സമാധാനിക്കട്ടെ

**ശ്രീജ പട്ടലൂർ, 9946188670**


**പവിത്രം**

യോഗക്ഷേമസഭ എറണാകുളം ജില്ല **മാസിക**

**മികച്ച നിലവാരമുള്ള ഒരു സാഹിത്യ-സാംസ്കാരിക പ്രസിദ്ധീകരണം**

എല്ലാമാസവും മുടങ്ങാതെ വരിക്കാർക്ക് തപാലിൽ എത്തിക്കുന്നു.വരിക്കാരാവുന്നതിന് ബന്ധപ്പെടുക:9447174500

**വാർഷിക വരിസംഖ്യ 200**

Ac no: 00000057044488302 / IFSC:SBIN0070147

സൃഷ്ടികൾ pavithrammagazine2@gmail.com എന്ന മെയിൽ ഐഡിയിലേയ്ക്കോ, പി വി കൃഷ്ണൻ കുറൂർ, കുറുമൂർ മന, സംഗമം ലെയ്ൻ, പാടിവട്ടം, കൊച്ചി-682024 എന്ന മേൽവിലാസത്തിലോ അയയ്ക്കുക

**ദേവകി നരിക്കാട്ടിരി: അന്തർജനങ്ങൾ മറക്കരുതാത്ത വിപ്ളവ നായിക**

# ഋതു പകർച്ചകളുടെ ധന്യത

**ജയൻ പഴങ്ങോട്ടുപൊറ്റ**



നമ്പൂതിരി സമുദായത്തിന്റെ സാമൂഹിക പരിഷ്കരണത്തിന് നിർണായകമായ പങ്ക് വഹിച്ചവരാണ് ദേവകി നരിക്കാട്ടിരി, ആര്യപള്ളം, പാർവതി നെൻമിനിമംഗലം എന്നിവർ. 1908 ൽ രൂപം കൊണ്ട യോഗക്ഷേമസഭയുടെവലിയ സ്വാധീനം ഇവരിലുണ്ട്. നമ്പൂതിരി സമുദായത്തിന്റെ വീരനായികയായി പാർവതി നെൻമിനി മംഗലം വിശേഷിക്കപ്പെട്ടു. പരമ്പരാഗത വസ്ത്രധാരണ സങ്കൽപങ്ങളെയാകെ വകഞ്ഞ് മാറ്റി ആധുനിക രീതിയിലുള്ള വസ്ത്രം ധരിച്ച് യോഗക്ഷേമസഭ സമ്മേളനത്തിൽ ആദ്യമായി ഒരു സ്ത്രീ പങ്കെടുത്തത് പാർവതി മനഴിയായിരുന്നു.

ഈ പാത പിന്തുടർന്ന് ഒട്ടനവധി വനിതകൾ ആധുനിക വസ്ത്രധാരണ രീതിയിലേക്ക് കടന്ന് വന്നു. യോഗക്ഷേമസഭയുടെ ഇടക്കുന്നിയിൽ ചേർന്ന ഇരുപത്തിരണ്ടാം വാർഷിക സമ്മേളനത്തിൽ ഒരേയൊരു വനിത മാത്രമേ പങ്കെടുത്തുരുന്നു എന്നാൽ ഇരുപത്തി അഞ്ചാം വാർഷികം നടന്ന കാറൽമണ്ണ സമ്മേളനത്തിൽ എഴുപത്തിഅഞ്ചോളം വനിതകൾ പങ്കെടുത്തത് ശ്രദ്ധേയമാണ്. നമ്പൂതിരി യുവജന സംഘത്തിലൂടെയാണ് സഭാ പ്രവർത്തനത്തിലേക്ക് എത്തി ചേർന്നത്.1930 കളിൽ ആര്യപള്ളം, പാർവതി നെൻമിനിമംഗലം, ദേവകി നരിക്കാട്ടിരി എന്നിവർ അക്കാലത്ത് അന്തർജനങ്ങൾക്ക് സഹിക്കേണ്ടിവന്ന നിയന്ത്രങ്ങളെയും അസ്വാതന്ത്ര്യങ്ങളെയും തള്ളി മാറ്റി സമുദായ പ്രവർത്തനത്തിലൂടെ പൊതുപ്രവർത്തകരായി മാറി. മറക്കുടയും ഘോഷയും ബഹിഷ്കരിച്ച് ആധുനിക രീതിയിൽ വസ്ത്രം ധരിക്കാനും സ്വതന്ത്രമായി യാത്ര ചെയ്യാനും പൊതുവേദികളിൽ പ്രസംഗിക്കാനുമൊക്കെ പ്രാപ്തിയുള്ളന്നായി വളർന്നു. 1940 ലെ പാലിയം സത്യാഗ്രഹത്തിലും രാഷ്ട്രീയ സമരങ്ങളിലും ഇവരുടെ പങ്കാളിത്തം ഏറെ ശ്രദ്ധിക്കപ്പെട്ടു.

എടുത്ത് പറയെണ്ട മറൊരു പേരാണ് ലളിതാംബിക അന്തർജനത്തിന്റെത്. അക്കാലമായപ്പൊഴെക്കും അവർ ആധുനിക കേരളീയ സാഹിത്യ രംഗത്ത് തന്റെതായ കീർത്തിമുദ്ര പതിപ്പിച്ചിരുന്നു. അഗ്നിസാക്ഷിയെന്ന ഒരൊറ്റ കൃതിയിലൂടെ തന്നെ നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കേണ്ടിവന്നിരുന്ന യാതനകൾ വളരെ സ്വാഭാവികമായി പ്രതിഫലിപ്പിച്ചു.



**ഗാന്ധിജിയുടെ വാർധ ആശ്രമത്തിൽ രണ്ട് വർഷത്തോളം താമസിച്ച് പഠിച്ചു. ഭർത്താവ് നരിക്കാട്ടിരി വാമദേവൻ നമ്പൂതിരി ദില്ലിയിൽ ഹരിജൻ സേവാസംഘത്തിൽ ഉദ്യോഗസ്ഥനായിരുന്നു. കേരളത്തിൽ എത്തുമ്പോഴെല്ലാം താമസിച്ചിരുന്നത് ആര്യാപള്ളത്തിന്റെ മനയിലായിരുന്നു. ഇവിടെ വെച്ച് ഈ.എം.എസ്, പി.കൃഷ്ണപ്പിള്ള, എ.കെ.ജി, എന്നിവരെ പരിചയപ്പെടാനും ഇട വന്നു. കമ്യൂണിസ്റ് പാർട്ടിയിലും പ്രവർത്തിച്ചു.ദേശാഭിമാനിയിലും കർഷക സംഘത്തിലുമായിരുന്നു പ്രധാന മേഖല. ഭർത്താവിന്റെ വിയോഗാനന്തരം സജീവ രാഷ്ട്രീയം വിട്ടു.രണ്ടായിരം ജൂലൈ പതിനാലിന് ആ താരകയണഞ്ഞു.**

1912 ൽ കൊപ്പം നിറയൂർ കേശവൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകളായാണ് ദേവകി നരിക്കാട്ടിരിയുടെ ജനനം. നാലുകെട്ടിൽ അടച്ചിടക്കപ്പെട്ടവരുടെ ഇടയിൽ നിന്ന് ഉദിച്ചുയർന്ന പൊൻ താരകമായിരുന്നു അവർ. കൂരിരുളിനകത്ത് ഉഴലുന്നവർക്ക് വലിയൊരു പ്രകാശഗോപുരം.

അക്കാലത്ത് തന്നെ നമ്പൂതിരി സമുദായം സാമൂഹിക നവോത്ഥാന പരിഷ്കരണം ആരംഭിച്ചിരുന്നു. എന്നാൽ ഒരു വനിതയെ ആരംഗത്ത് പ്രതീക്ഷിക്കാത്ത സമയത്താണ് ദേവകി നരിക്കാട്ടിരി ഘോഷ ബഹിഷ്കരിച്ചത്.സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലും അവർ പങ്കാളിയായിരുന്നു. മിശ്രഭോജനത്തിലും അവർ സജീവമായി രംഗത്തുണ്ടായിരുന്നു. അങ്ങനെ അവരുടെ സുധാർണവത്തിനും വളരെയെറെ ഓർമകൾ പങ്ക് വെക്കാനുണ്ട്.

അതിനിടയിൽ ഗാന്ധിജിയെ വാർധയിലെ ആശ്രമത്തിൽ രണ്ട് വർഷത്തോളം താമസിച്ച് പഠിച്ചിരുന്നു. ഭർത്താവ് നരിക്കാട്ടിരി വാമദേവൻ നമ്പൂതിരി ദില്ലിയിൽ ഹരിജൻ സേവാ സംഘത്തിൽ ഉദ്യോഗസ്ഥനായിരുന്നു. അവർ ദില്ലിയിൽ നിന്ന് കേരളത്തിൽ തിരിച്ചെത്തുമ്പോഴെല്ലാം താമസിച്ചിരുന്നത് ആര്യാപള്ളത്തിന്റെ മനയിലായിരുന്നു. ഇവിടെ വെച്ച് ഈ.എം.എസ്, പി.കൃഷ്ണപ്പിള്ള , ഏ.കെ.ജി, എന്നിവരെ പരിചയപ്പെടാനും ഇട വന്നു.

കമ്യൂണിസ്റ് പാർട്ടിയുടെ നേതൃത്വത്തിലെക്ക് ഉയർന്ന് വരാനും കാരണമായി. ദേശാഭിമാനിയിലും കർഷക സംഘത്തിലുമായിരുന്നു പ്രധാന പ്രവർത്തന മേഖല. ഭർത്താവിന്റെ വിയോഗാനന്തരം സജീവ രാഷ്ട്രീയം വിട്ടു.രണ്ടായിരം ജൂലൈ പതിനാലിന് ഇവരുടെ വിയോഗം സംഭവിച്ചു.

അഗ്നിസാക്ഷിയിലെ ദേവകി ബെൻ ഈ അന്തർജനത്തിന്റെ ജീവിത യാത്രകളും കഷ്ടപ്പാടുകളും ലളിതാംബിക അന്തർജനം രേഖപ്പെടുത്തിയിരിക്കുന്നു. പലരും വിശേഷിപ്പിക്കപ്പെട്ടത് പോലെ മറക്കുടക്ക് പിന്നിലെ തലമുറകളുടെ മൗനങ്ങൾക്ക് വിരാമമിടാൻ ജീവിതം കൊണ്ട് സമരം ചെയ്ത മനസിനിയായിരുന്നു ഇവർ. സ്വാതന്ത്ര്യത്തിന്റെ അമൃത് നുകരാൻ അടിമത്തത്തിന്റെ കടൽ കടയാൻ ഇറങ്ങിപുറപ്പെട്ട ദേശീയ നായിക. കിഴക്കിന്റെ ചക്രവാളത്തിൽ ഒരു നാൾ ഒരു ചുവന്ന സൂര്യൻ ഉദിക്കുമെന്ന് കിനാവ് കണ്ട വിപ്ലവനായിക. 'വീടാം കൂടിനുള്ളിൽ കുടുംങ്ങും തത്തമ്മ'യും'നരന് ഗർഭാധാന പാത്ര'മായും മാറാതെ ഘോഷയിൽ നിന്ന് ഇറങ്ങി നടന്ന് ലോകത്തിന്റെ ഹൃദയത്തിലൂടെ നടക്കാൻ കഴിഞ്ഞ ധന്യ ജീവിതത്തിന് ,ധീര വനിതാ രത്നത്തിന് പ്രണാമം.... സഫലമീയാത്ര ●

ജയൻ പഴങ്ങോട്ടുപൊറ്റ
മൊബൈൽ 9745137987

# ദു:ഖം....!



മൊബൈൽ:  9447629839

**ആമുഖം:** 1970. ശ്രീ ഗുരുവായുരപ്പൻ കോളേജിലെ പടിഞ്ഞാറെ അററത്ത് പോസ്ററ് ഓഫീസിനടുത്തുള്ള ക്ളാസ്മുറി. മൊഹിയുദ്ദീൻ കാരശ്ശേരി (ഇന്നത്തെ എം എൻ. കാരശ്ശേരി) ഉൾപ്പെടെയുള്ള മലയാള സാഹിത്യ വിദ്യാർത്ഥികളുടെ കൂടെ ബി.കോം വിദ്യാർത്ഥിയായിരുന്ന സേതുമാധവനും കവിതാമത്സരത്തിന് കൂടി. പാക്കിസ്ഥാനുമായുള്ള യുദ്ധത്തിൽ പാക്അധീന കാശ്മീരിൽ വെച്ച് വലതുകാൽ നഷ്ടപ്പെട്ട ഭടൻ. ഭാരതസൈന്യം പിടിച്ചെടുത്ത സ്ഥലം തിരിച്ചു കൊടുക്കേണ്ടി വന്നതിലെ ദു:ഖവും അമർഷവും....ഓരോ ഭാരതീയന്റേയും ! അന്ന് ഒന്നാംസമ്മാനം ലഭിച്ചത് ഈ കവിതക്ക് !!

(കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാടിന്റെ ആദ്യകാല കവിത )

കിടക്കുന്നേകനായീ ഞാൻ,
തുരുമ്പിച്ചുള്ള കട്ടിലിൽ;
നാറീടുന്ന കിടക്കയിൽ.

മന്ദമാരുതനും ചൂടും
തമ്മിൽ യുദ്ധം കഴിഞ്ഞു പോയ്,
ജയിച്ചൂ മന്ദമാരുതൻ.

പേടിച്ചൂ വൃദ്ധനാം സൂര്യൻ
അസ്തമിക്കാനൊരുങ്ങവേ
ഉദിച്ചൂ മുന്നിലെൻ ഗൃഹം.

മുററത്തോടിക്കളിക്കുന്നൂ
തേൻമൊഴിക്കാരനെൻ സുതൻ,
നാൽവയസ്സു തികഞ്ഞവൻ.

നെടുവീർപ്പോടെ നോക്കുന്നൂ
സുതനെ ചിന്തയാർന്നവൾ
മിഴി രണ്ടും നനഞ്ഞവൾ.

(എനിക്കു പററുകില്ലല്ലോ
ആമുററത്തോടുവാനിനി
വിധി ! ആരോടു ചൊല്ലുവാൻ)

ഓർക്കവേ കൺകളിൽ നിന്നും
വിരിപ്പിൽ രണ്ടു തുള്ളികൾ
വീണു, ഞാൻ കരയുന്നുവോ ?

രാജ്യം വെട്ടിമുറിച്ചിട്ടും
ശത്രു കയ്യേറി വെച്ചൊരാ
ഭൂമി, നാം വീണ്ടെടുത്തു .... ഹാ !

ആ ഭൂമി വീണ്ടെടുക്കാനായ്
നഷ്ടപ്പെട്ടു വലത്തു കാൽ
എന്നാൽ നൊന്തില്ല തെല്ലുമേ.

സാഭിമാനമുണർന്നപ്പോൾ
കേട്ടൂ 'ശാസ്ത്രിജിതൻ വിധി'
ഭൂമി പോയ് ! ജീവനും തഥാ !

അപ്പോൾ നൊന്തൂ....!ലോകമദ്ധ്യ -
സ്ഥർതൻ അധമമാം വിധി,
നെറികെട്ടൊരു മുൻ വിധി !

സേനാതുരാലയം മുങ്ങീ
ദേഷ്യ സങ്കട സാഗരേ
രാജനീതി ഭയങ്കരം !

എത്ര സേനാഭടന്മാർ ത -
ന്നുടലും ഉയിരും തൃണം
കണക്കെ കരുതുന്നിവർ.

ആ ഭൂമി വീണ്ടെടുത്തീടാൻ
മുറിവേററവർ ചത്തവർ,
ജീവശ്ശവങ്ങൾ വേറെയും !

ഇവരെപ്പററിയോർക്കാത്ത
ഭരണാധിപരേ സലാം
മന്ത്രിപുംഗവരേ  തൊഴാം.

ഇവരെപ്പററിയോർക്കുന്നോർ
ധീരദേശാഭിമാനികൾ
ഭരണാധിപരാകണം

അന്നേ ഈ നാടു നന്നാകൂ,
ദേശസ്നേഹികളേ  വരൂ...
അന്നീ നാടിന്റെ വാക്കിന്നു
കാതോർക്കും ഭുവനം സദാ.

ഭാരതാംബേ നിന്റെ മക്കൾ
ഉണരും, ഉയരും ദൃഢം,
സൂര്യോദയം വൈകുകില്ലാ
അമ്മേ ദു:ഖിച്ചിടായ്ക നീ....! ●

---

# കുചേല വൃത്തം



മൊബൈൽ9447672726

ശാരദ ആനന്ദൻ,
C/o ആനന്ദൻ നമ്പൂതിരി,
കക്കാട്ട് മന,(നികുഞ്ജ്ജം )
ഔട്ടർ റിങ്ങ് റോഡ്,
നോർത്ത് ഗുരുവായൂർ
തൃശൂർ ജില്ല, പിൻ: 680101.

**ശാരദ ആനന്ദൻ**

കല്ലും മണ്ണും നിറഞ്ഞോരവിലൊരു കിഴിയായ് കെട്ടി, കാന്തന്നു നൽകീ -
ട്ടെല്ലാം ചൊല്ലാതെ ചൊല്ലീ കവിളിണ നനയും കണ്ണുനീരൊപ്പി മെല്ലെ,
കുട്ടിത്തക്കുമ്പകൾക്കായരവയർനിറയാൻ പ്രാർത്ഥനാ ചിത്തമോടെ ,
കാന്തൻ തൻ പോക്കുനോക്കി കരുണയരുളുവാൻ കൂപ്പി നിന്നാളൊരമ്മ.

പണ്ടേ കൂട്ടായിരുന്നാക്കരിമുകിലൊളിവർണ്ണന്റെ കൊട്ടാരവാതിൽ,
ദൂരെക്കണ്ടൊട്ടു മോഹിച്ചടിമുടി വിറയാർന്നന്തണൻ നിന്നു പോയി.
കഞ്ഞിക്കായ് കേണിടുന്നോരവശതനിറയും പിഞ്ചു ബാല്യങ്ങളോർക്കെ
പാദം മുന്നോട്ടു വെച്ചു പൊളി കുട മറയായ് ശ്രേഷ്ഠനങ്ങെത്തി നിന്നു .

തെല്ലേറെ നേരമായി വിരവൊടു കണികണ്ടീടുവാനെന്ന പോലെ
ചൊല്ലേറും മാളികക്കെട്ടവിടെയിവിടെയും കാത്തിരിപ്പാണു കണ്ണൻ,
ദൂരെയങ്ങൊട്ടു പൊട്ടായ് , ദ്വിജവരനെയതാ കണ്ടു ! താനെന്ന മട്ടായ്
പെട്ടെന്നോടുന്നു താഴേക്കവിടെ  വിടരുമാ 'രംഗമേ' കൂപ്പിടാം ഞാൻ .

മൂലാകം മുഗ്ദ്ധമായീ  കനിവു കിനിയുമാ കണ്ണിലശ്രുക്കൾ മിന്നി
കാരുണ്യത്തേൻ കടാക്ഷം, ചൊരിയുമലകളായ് ഭക്തവാത്സല്യ ലോലൻ
ഭക്തന്റെ പാദതീർത്ഥം അണിയുമളവിലാ രുഗ്മിണീഭാമമാരും
നൽകീടുന്നേറെ ഭാഗ്യം, ധരണിയിലിതു പോലെങ്ങുമേ കണ്ടതുണ്ടോ ?

ചൊല്ലും നർമ്മോക്തികൾക്കങ്ങിടയിലവിലതാ മാധവൻ മോദമോടെ
തെല്ലേറെ തിന്നിടുന്നുഅതുമതിയിനിവ യ്യെന്നു ശ്രീദേവിയോതി .
കല്ലുണ്ടെന്നാകിലെന്താ?കനിവൊടു കരുണാസാഗരൻ സർവ്വ മേകി
ചൊല്ലാമീ സച്ചരിത്രം സകലഗുണ നിയന്താവിനയോർത്തു നിത്യം. ●

ര കു മ

ശു ശി

| | | | |
|---|---|---|---|
| ച ശി | മാ | | |
| മ ശു | | | ല |
| ര കു | | | |
| ബു ഗു | | | സ |

ഗു മാ ച

ബു ല സ

**നീരദ,** ജനനം: 24.01.1996, (1171 മകരം 10) സമയം: 6 pm, നക്ഷത്രം: ഉത്രട്ടാതി. വിദ്യാഭ്യാസം: എം.സി.എ, ജോലി: സിസ്റ്റം എൻജി നീയർ, ഇൻഫോസിസ്, അച്ഛൻ: കേശവൻ നമ്പൂതിരി, വിലാസം: ചാത്ത നാട്ടില്ലം (ചാരുത), ചേളന്നൂർ പി.ഒ, കോഴിക്കോട് ഫോൺ: 9995405223

കു

ബു ച

| | | | |
|---|---|---|---|
| ല | കു | | ര ബു ശു ശി |
| | | | |
| മ മാ | | | ഗു |
| സ | ച | | |

ഗു മ മാ

ശി ല ര ശു

**നമിത,** ജനനം: 15.06.1992. (1167 എടവം 32) സമയം: 1.22 a.m., നക്ഷത്രം: തൃക്കേട്ട. ഉയരം: 164 സെ.മീ. വസിഷ്ഠ ഗോത്രം. വിദ്യാഭ്യാസം: എം.എസ്.സി (ബോട്ടണി), ബി.എഡ്, സെറ്റ്, ജോലി: മാനേജ്മെന്റ് സ്കൂളിൽ താൽക്കാലിക ജോലി (കോഴിക്കോട്), അച്ഛൻ: കേശവൻ നമ്പൂതിരി. വിലാസം: ചാത്തനാട്ട് ഇല്ലം (ചാരുത), ചേളന്നൂർ പി.ഒ, കോഴിക്കോട് ഫോൺ: 9995405223

ച സ ശു മാ ല ര കു

ബു

| | | | |
|---|---|---|---|
| | ച | കു | |
| ല | | | ശി ഗു |
| സ | | | |
| മ | | മാ | ബു ശു ര |

ഗു മ ശി

**ഡോ. വാസുദേവൻ എൻ,** ജനനം: 05.10.1990. സമയം: 3.19 pm. അശ്വതി. ജനന സ്ഥലം: തിരുവനന്തപുരം. ഉയരം: 168 സെ.മീ., വിദ്യാഭ്യാസം: പി.എച്ച്.ഡി. (സിവിൽ എൻജിനീയറിംഗ്), ജോലി. അസിസ്റ്റന്റ് മാനേജർ, സ്മാർട്ട് സിറ്റി (തിരുവനന്തപുരം), ഇല്ലം: ഇടമന ഇല്ലം, പെരുന്ന, ചങ്ങനാശ്ശേരി. അച്ഛൻ: ജി. നാരായണൻ നമ്പൂതിരി (റിട്ട. കേന്ദ്ര സർക്കാർ), അമ്മ: ഇ.വി.സാവിത്രി അന്തർജനം, സഹോദരൻ: ഡോ. ഗോവിന്ദൻ (സർക്കാർ ജോലി). ജനന ശിഷ്ടം- 6 വർഷം 9 മാസം 23 ദിവസം വിലാസം: ഫ്ളാറ്റ് നമ്പർ എ.എസ്-1, സി.ആർ.കോംപ്ലക്സ്, ബ്ലോക്ക്-എ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം. അമ്മാത്ത്: എലമ്പലാശ്ശേരി ഇല്ലം, കല്ലൂർക്കാട്, മൂവാറ്റുപുഴ, ഫോൺ: 9400563870, 8347740118.

ബു കു മ

ബു

| | | | |
|---|---|---|---|
| മാ | | സ | |
| | | | |
| ല കു | | | |
| ബു ഗു ശു ച | ര ശി | മ | |

സ മാ ശി ഗു

ര ച ശു

**ഡോ. ഹാരിഷ് പി.എൻ.** ജനനം: 26.11.1984 സമയം: 10.38 am, പൂരാടം, ജനന സ്ഥലം: തൃശൂർ, ഉയരം: 172 സെ.മീ, ഗോത്രം: ആൻഗിറാസ്, വിദ്യാഭ്യാസം: എം.എ, എം.ഫിൽ, സംസ്കൃതത്തിൽ പി.എച്ച്.ഡി. ജോലി: ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അച്ഛൻ: നീലകണ്ഠൻ നമ്പൂതിരി, അമ്മ: രാധ അന്തർജനം, ഒരു സഹോദരി: വിവാഹിത. വിലാസം: പൂരാടത്ത് മന, പി.ഒ. ചേർപ്പ്, പെരുമ്പിള്ളിശ്ശേരി, തൃശൂർ, ഫോൺ: 9400665858, 7034307779.ഗർഭശിഷ്ട ശുക്രദശ

സ മാ

ല ബു

| | | | |
|---|---|---|---|
| | കു മാ | | ല ശു |
| | | | ര ച ബു ഗു ശി |
| സ | | | |
| മ | | | |

ര ച കു ഗു

ശു മ ശി

**ആനന്ദ്.** ജനനം: 22.07.1990. സമയം: 4.45 am, നക്ഷത്രം: പുണർതം, വിദ്യാഭ്യാസം: ബി.കോം, എൽ.എൽ.ബി, ജോലി: അഡ്വക്കറ്റ്, പാലക്കാട് ജില്ലാ കോടതി. മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള പെൺകുട്ടി. അച്ഛൻ: ഈശ്വരൻ നമ്പൂതിരി, പയ്യന്നൂർ, അമ്മ: രാധ, മലപ്പുറം. സഹോദരൻ: ഒരാൾ (വിവാഹിതൻ), സഹോദരി ഇല്ല. വിലാസം: ഐശ്വര്യ, കുപ്പോട്, മരുതറോഡ്, പാലക്കാട്-7, ഫോൺ: 9847032985

0-3-5 ഗുരുശിഷ്ട ദശ

കു ബു ശി മാ

ശു

| | | | |
|---|---|---|---|
| | മാ | ശി | |
| | | | |
| മ | | | ല ച |
| | സ | കു ബു ഗു | ര ശു |

ര

ഗു സ ല ച മ

**അജയ് നാരായണൻ,** 12.10.1993 (1169 കന്നി 26) ചൊവ്വാഴ്ച അസ്തമിച്ച് 24 നാഴികയും 13 വിനാഴികയും ചെന്നപ്പോൾ ജനനം. നക്ഷത്രം: പൂരം. ബി.ടെക് കളമശ്ശേരി, പ്രൈവറ്റ് കമ്പനി, അസി.മാനേജർ, അച്ഛൻ: നീലകണ്ഠൻ നമ്പൂതിരി, അമ്മ: ഇന്ദിര കെ.ഇ. വിലാസം: കൊങ്ങോർപ്പള്ളി ഇല്ലം, കിടങ്ങൂർ സൗത്ത്, പി.ഒ, കോട്ടയം ജില്ല. ഫോൺ: 9744939697

10-8-12 ശുക്രശിഷ്ട ദശ



നന്മണ്ട പന്ന്യംവള്ളി ഇല്ലത്ത് ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാടിന്റേയും ജയശ്രീ അന്തർജനത്തിന്റെയും മകൻ കൃഷ്ണപ്രസാദും കോഴിക്കോട് ചേവരമ്പലം തായാട്ട് വാസുദേവൻ നമ്പൂതിരിയുടെയും വല്ലി അന്തർജനത്തിന്റേയും മകൾ അനഘയും 2021 മേയ് 8ന് തായാട്ട് ഇല്ലത്ത് വച്ച് വിവാഹിതരായി.



പട്ടാമ്പി അക്കൂരത്ത് ശാസ്ത്രശർമൻ നിഷ ദമ്പതിമാരുടെ മകൾ അപർണയും കുറ്റിപ്പുറം  അരീക്കര കിഴക്കേ ഇല്ലം നീലകണ്ഠൻ ഊർമിള ദമ്പതിമാരുടെ മകൻ ശരത്തും കുറ്റിപ്പുറം ഫ്യുജൈറാ പാലസ് ഓഡിറ്റോറിയത്തിൽ വെച്ച് 2021 മേയ് 7 വെള്ളിയാഴ്ച വിവാഹിതരായി.



തളിപ്പറമ്പ് ചവനപ്പുഴ മുണ്ടോട്ട് ഇല്ലത്ത് ശങ്കരദാസന്റെയും മിനിയുടെയും മകൻ ഡോക്ടർ ഹരിദാസും കോട്ടയം വയസ്ക്കര ഇല്ലത്ത് പരേതനായ ശങ്കരൻ മൂസ്സിന്റെയും ലതയുടെയും മകൾഡോക്ടർ വിദ്യയും മേയ് 9ന് വയസ്ക്കര ഇല്ലത്ത് വച്ച് വിവാഹിതരായി



കോഴിക്കോട് ജില്ല ഫറോക്ക് നീലമന ശങ്കരൻ ഇന്ദിര ദമ്പതികളുടെ മകൾ പൂർണിമയും ഒറ്റപ്പാലം കണ്ണിയാംപുറം പാറക്കാട്ട് മന നാരായണൻ ഷീലദേവി ദമ്പതികളുടെ മകൻ സുജിത്തും തമ്മിലുള്ള വേളി പാറക്കാട്ട് മനയിൽ വെച്ചു 2021 ഏപ്രിൽ 29ന് സമംഗളം നടന്നു.



കോട്ടയം കുമാരനെല്ലൂർ വടക്കുമ്യാൽ (ചന്ദ്രികാലയം) ഇല്ലത്ത് പരേതനായ ശങ്കര രാമൻ ഗീതാദേവി ദമ്പതിമാരുടെ പുത്രൻ ശങ്കരനും (ശ്രീ ശങ്കരാ കോളേജ് ,പെരുമ്പാവൂർ) തിരുവല്ല കാവുംഭാഗം പടിഞ്ഞാറെ മംഗലത്തില്ലം നാരായണൻ നമ്പൂതിരി (മേൽശാന്തി,ശ്രീവല്ലഭ ക്ഷേത്രം) ചിത്ര.സി.കൃഷ്ണൻ ദമ്പതിമാരുടെ മകൾ ഗൗരീകൃഷ്ണയും 2021 മാർച്ച് 20 ശനിയാഴ്ച വധൂഗൃഹത്തിൽ വച്ച് വിവാഹിതരായി.



ഓമശ്ശേരി പുത്തൂർ മുതുമന ഇല്ലത്ത് എ.പി.പ്രേമലതയുടെയും പി.എം സതീഷ് കുമാറിന്റെയും മകൾ അപർണയും കോഴിക്കോട് കക്കോടി മമ്മിളി ഇല്ലത്ത് ഷൈലജ അന്തർജനത്തിന്റെയും പരേതനായ കൃഷ്ണൻ മൂസ്സതിന്റെയും മകൻ ജ്യോതിഷും ഏപ്രിൽ 17ന് അരീക്കുളങ്ങര ദേവീക്ഷേത്രത്തിൽ വച്ചു വിവാഹിതരായി.



വാഴകുന്നം മനയ്ക്കൽ വാസുദേവൻ ശ്രീദേവി ദമ്പതി മാരുടെ പുത്രൻ വിഷ്ണുവും പാലക്കാട് കുണ്ടൂർക്കുന്ന് തേവർക്കാട് മനയിൽ അജിത് കുമാർ അരുണ ദമ്പതിമാ രുടെ പുത്രി ആതിരയും തിരുവേഗപ്പുറ വൈറ്റ് ലില്ലീസ് ഓഡിറ്റോറിയത്തിൽ വച്ച് ഏപ്രിൽ 25 ന് വിവാഹിതരായി



കുറുങ്ങോട്ടില്ലത്ത് രാജൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൻ ശ്രീരാഗും, കടന്നപ്പള്ളി മണ്ണംകുളം ഇല്ലത്ത് ശങ്കരനാരായണൻ നമ്പൂതിരിയുടെ യും ഗിരിജ അന്തർജനത്തിന്റെയും മകൾ രാധികയും വധൂഗൃഹത്തിൽ വച്ച് വിവാഹിതരായി



അരീക്കോട് ആറ്റുപുറത്ത് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയു ടെയും രമണിയുടെയും മകൻ രാഹുലും പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെയും രമണിയുടെയും (ശ്രീകൃഷ്ണ അപ്പാർ ട്ട്മെന്റ്സ്, പടിഞ്ഞാറെ നട, ഗുരുവായൂർ) മകൾ ഗൗരിയും ഏപ്രിൽ 17 (1196 മേടം 4)ന് ശനിയാഴ്ച ആറ്റുപുറത്ത് ഇല്ലത്ത് വെച്ച് വിവാഹിതരായി. ഫോൺ: 9995308939 / 9769940140



കാലടി കളത്തിൽ ഇല്ലത്ത് കെ.ശങ്കരൻ നമ്പൂതിരിയുടെയും പി.കെ.മാധുരിയുടെയും മകൻ ശ്രീരാജ് നമ്പൂതിരിയും തൃപ്പൂ ണിത്തുറ കോമന മൂത്തേടത്ത് മന ജയന്തൻ നമ്പൂതിരിപ്പാടി ന്റെയും ആശ ജയന്തന്റെയും മകൾ ശ്വേതയും തമ്മിൽ മേയ് 22 ശനിയാഴ്ച (1196 ഇടവം 8) തൃപ്പൂണിത്തുറ കളിക്കോട്ട പാല സിൽ വച്ചു വിവാഹിതരായി.ഫോൺ: 9447049036, 9445464570



തൃശൂർ പേരാമംഗലം തെക്കേടത്തു മനയിൽ കൃഷ്ണൻ ഭട്ടതിരി പ്പാടിന്റെയും, ലീല അന്തർജ്ജനത്തിന്റെയും മകൻ ശ്രീഹരിയും കോട്ടയം പാല പുലിയന്നൂർ തിരുത്തിപ്പിള്ളിൽ ഇല്ലത്ത് പരമേശ്വ രൻ നമ്പൂതിരിയുടെയും സുജാത അന്തർജ്ജനത്തിന്റെയും മകൾ ശ്രീദേവിയും തൃശൂർ പുഴയ്ക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്രം പ്രസാദ മണ്ഡപത്തിൽ വച്ച് 2021 മെയ് 9 ന് വിവാഹിതരായി.



കാസർഗോഡ് കാവ് മഠം ശിവ പ്രസാദ് & ശശി പ്രഭ എന്നിവരുടെ മകൻ പ്രണവ് വാസുദേവും കരിവെള്ളൂർ മാടമന ഇല്ലം ശങ്കരൻ നമ്പൂതിരി & ശുഭ എന്നിവരുടെ മകൾ ശർമദയും തമ്മിലുള്ള വിവാഹം ഏപ്രിൽ 25ന് വധു ഗൃഹത്തിൽ വെച്ച് സമംഗളം നടന്നു.

ഗു ശു ശി   ര
മാ   ച ബു   ല
മ സ   കു

| | | | |
|---|---|---|---|
| | ച | ശു ശി | ര |
| മ | | | ബു |
| | | | കു |
| | സ | മാ | ലഗ്നം ഗു |

**രൂപേഷ് വി. നമ്പൂതിരി,** ജനനം: 13.07.1993, (1168 മിഥുനം 29) സമയം: 10.40 am, നക്ഷത്രം: അശ്വതി, ഉയരം: 165 സെ.മീ, വെളുത്ത നിറം, അച്ഛൻ: വാസുദേവൻ നമ്പൂതിരി, വിലാസം: പാക്കത്ത് മന, ഓങ്ങല്ലൂർ, പട്ടാമ്പി, പാലക്കാട്, ഫോൺ: 9496837778, Email: vasupakkath@gmail.com

1 വർഷം 1 മാസം 28 ദിവസം 57 നാഴിക കേതു ദശ

| | | | |
|---|---|---|---|
| മ ശി മാ | | | |
| ച | | | ശു കു |
| | | | ബു |
| ഗു | | | ര സ ല |

**നീരജ പി,** ജനനം: 25.09.1996. സമയം: 5.55 am, ജനനസ്ഥലം: മഞ്ചേരി. ഉയരം: 162 cm, നക്ഷത്രം: ചതയം, ഗോത്രം: ഭാർഗ്ഗവ ഗോത്രം, വിദ്യാഭ്യാസം: എം.ടെക്ക് (NIT കോഴിക്കോട്). ബാംഗ്ലൂർ മീഡിയാടെക്കിൽ എൻജിനീയർ ആയി ജോലി ചെയ്യുന്നു. ഏക പെൺകുട്ടി. മുൻഗണന: നല്ല വിദ്യാഭ്യാസവും ബാംഗ്ലൂരിൽ ജോലിയുമുള്ള ആൺകുട്ടികൾ. അമ്മ: ശ്രീജ (ഗവ. സ്കൂൾ ടീച്ചർ), അച്ഛൻ: ദിവാകരൻ (ബിസിനസ്),അമ്മാത്ത്: അഴകത്ത് മന, പട്ടാമ്പി. വിലാസം: പട്ടലൂർ മന, ശാന്തിഗ്രാമം, മഞ്ചേരി -676121. ഫോൺ: 9847255441.

ജന്മശിഷ്ട ദശ- രാഹു
13 വർഷം, 11 മാസം, 9 ദിവസം

| | | | |
|---|---|---|---|
| | കേ | ല മാ | |
| ശ | | | |
| | | | കു |
| ര ബു | ഗു | ശു രാ | ച |

**സഞ്ജയ് കൃഷ്ണൻ സി,** ജനനം: 25.12.1994 (1170 ധനു 10) സമയം: 05.08 pm, നക്ഷത്രം: ഉത്രം, ഗോത്രം: വസിഷ്ഠഗോത്രം. വിദ്യാഭ്യാസം: എം.ടെക് (മെക്കാനിക്കൽ), ജോലി: എൻജിനീയർ (Kohler India Corporation Pvt. Ltd.). അച്ഛൻ: സി.കേശവൻ നമ്പൂതിരി (Ret. HM), അമ്മ: ഗീത വി.പി. (പ്രധാനാധ്യാപിക), മുൻഗണന: Professionaly Qualified, വിലാസം: ചെറുക്കാട്ടില്ലം, പന്നിക്കോട്, മുക്കം (വഴി), പിൻ- 673602, ഫോൺ: 9495565195.

ജനനം മുതൽ 01 കൊല്ലം 10 മാസം 25 ദിവസം വരെ രവിഃ ശിഷ്ടദശ

ഗു   ര
ശി   കു ച മ   സ
ലബു   ശുമാ

| | | | |
|---|---|---|---|
| ചശു | | ശി | ല |
| രകു ബുമ | | | മാ |
| | | | |
| | സ | ഗു | |

**പേര്:നിഖിൽ.എൻ**(27)ജനനത്തിയ്യതി:14.3.94,(ഉദയാൽപരം15നാ.2വി.പകൽ ചെന്നപ്പോൾ)നക്ഷത്രം: രേവതി,ജനനസ്ഥലം:കോഴിക്കോട്,ജാതി: നമ്പൂതിരി,വിദ്യാഭ്യാസം:ബി.ടെക്,പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്,എം.ബി.എഇൻഫർമേഷൻ സിസ്റ്റം,ജോലി: എസ്.എ.പികൺസൾട്ടന്റ് കൊഗ്നിസെന്റ്(സി.ടി.എസ്)ബാഗ്ളൂർ,ഉയരം:164 സെമി.മുൻഗണന: ഉയർന്ന വിദ്യാഭ്യാസം (ജോലി,). പിതാവ്:നീലകണ്ഠൻ നമ്പൂതിരി.(റിട്ട. അധ്യാപകൻ)മാതാവ്:ഗീത പി.എം.(അധ്യാപിക)സഹോദരി:നീതു(വിവാഹിത)ഗോത്രം: വസിഷ്ഠഗോത്രം,അമ്മാത്ത്: മുതുമന ഇല്ലം.മേൽവിലാസം: പറമ്പിടി പുതുശ്ശേരി ഇല്ലം,സപര്യ,പി.ഒ. കിഴക്കുംമുറി, കക്കോടി, പിൻ 673611, കോഴിക്കോട്. 10വർഷം 5 മാസം 14ദിവസം ബുധശിഷ്ടദശ.
**മൊബൈൽ നമ്പർ: 9744468023.**

ച ല   മ ബു   ര കു മാ
ശു ശി ഗു   സ

| | | | |
|---|---|---|---|
| ഗു സ | | ല മാ | |
| | | | |
| ശു | | | കു |
| ര മ ബു | ച | കു | ശി |

**ദിലീപ് കെ.യു.** ജനനം: 20.12.1987, സമയം 4.15 pm. നക്ഷത്രം: തൃക്കേട്ട, വിദ്യാഭ്യാസം: Master in Fine Arts (MFA), ജോലി: ഡ്രോയിംഗ് സ്കൂൾ (എയ്ഡഡ് സ്കൂൾ), അച്ഛൻ: കെ.ആർ. ഉണ്ണികൃഷ്ണൻ (Late), അമ്മ: ലത എൻ.ബി, സഹോദരൻ: ദീപക് കെ.യു, വിലാസം: കുറിയേടത്ത് മന, കൊമ്പൊടിഞ്ഞാമാക്കൽ, താഴെക്കാട്, പി.ഒ. തൃശൂർ, 680697, ഫോൺ: 9895347654.

ബുദ്ധ ദശ: 0 – 1 –17

മ   സ   കു
ബു മാ   ഗു   ര   ച
ല ശി   ശു

| | | | |
|---|---|---|---|
| | ശി | കു | ബു |
| മ | | | ര |
| | | | ശു |
| ല ച | | ഗു സ | മാ |

**അതുൽ സി.ആർ.** ജനനം: 21.07.1994, സമയം: 6.10 pm, ജനനസ്ഥലം: ആലുവ.അസ്തമയം: 6.46, ഉദയം: 6.15.25., നക്ഷത്രം: പൂരാടം, വിദ്യാഭ്യാസം: ബി.ടെക് (മെക്കാനിക്കൽ). ജോലി: അസി. ലോക്കോ പൈലറ്റ് (സേലം, സതേൺ റെയിൽവേ). മുൻഗണന: സർക്കാർ/ബാങ്ക് മേഖലകളിൽ ജോലിയുള്ള ബിരുദധാരികളായ യുവതികൾ. അച്ഛൻ: സി.വി.രാജീവ് (പ്രൈവറ്റ് സ്ഥാപനം), അമ്മ: ബിന്ദു പി.കെ. (ഹയർ സെക്കൻഡറി അദ്ധ്യാപിക). ഒരു സഹോദരി. വിലാസം: ചെത്യാട്ട് മന, പാല റോഡ്, ഏറ്റുമാനൂർ, കോട്ടയം: 686631. മൊബൈൽ: 9495315359, 9495558842. അമ്മാത്ത്: പെരുംതിടമ്പിൽ കടലായിൽ, പൂപ്പാത്തി.

ഗർഭശിഷ്ട ശുക്രദശ 13.7.29

വിവാഹാലോചന, വേളി/ പെൺകൊട,വിവാഹ വാർഷികം, ഉപനയനം, സമാവർത്തനം, ശ്രദ്ധാഞ്ജലി, ആശംസകൾ, യാത്രയയപ്പ്, പിറന്നാളുകൾ, നമ്പൂതിരി ഉല്പന്നങ്ങൾ, തുടങ്ങി സ്വസ്തി ത്രൈമാസികയിൽ പരസ്യം ചെയ്യാൻ താല്പര്യമുള്ളവർ ഈ നമ്പറുകളിൽ വിളിക്കുക
9745137987 / 9495369337

## സഭയുടെ പ്രസിദ്ധീകരണങ്ങളിൽ

# ഏറ്റവും നല്ലത് സ്വസ്തി



ഓരോ പേജും കേമം. ഒന്നും ഒഴിവാക്കാൻല്യ. ശ്രീഭ എന്റെ ബന്ധു കൂടിയാണ്.അവളുടെ ലേഖനം അസ്സലായി എന്നു പറഞ്ഞു. ഡോക്ടർ ഉമാദേവിയെയും വിളിച്ചു. പാൽ എന്ന ഒന്നാന്തരം കവിത എഴുതിയ മിനിയെ ഫോണിൽ അഭിനന്ദിച്ചു . വേട്ടാളനെ എന്തു വിളിക്കും?നമ്മൾ നമ്പൂരാര് നല്ലോണം ശ്രദ്ധിക്കേണ്ട വിഷയമാണിത്. സുനന്ദയെ ഫോൺ ചെയ്തു. ആശ്വസിപ്പിച്ചു. ഇല്ലപ്പെരുമ ഒന്നാന്തരം പംക്തിയാണ് .പണിക്കം അപ്പുവേട്ടന്റെ ഫീച്ചറും കേമായി. സഭയുടെ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും നല്ലത് സ്വസ്തി തന്നെ.സ്വസ്തി പ്രവർത്തകർക്ക് നിറഞ്ഞ മനസ്സോടെ അഭിനന്ദനങ്ങൾ .വേഗം മാസികയാക്കണം എന്നൂടെ പറയട്ടെ .

**ആർത്രശ്ശേരി രാമൻ**
നമ്പൂതിരിപ്പാട്, മൂവാറ്റുപുഴ
മൊബൈൽ 9447065431



## ഞാനും വരിക്കാരനായി

ജനുവരി ലക്കത്തിൽ പത്മനാഭൻ നമ്പൂതിരി എഴുതിയ ആറാം വേളിയിലെ മകൻ വളരെ നന്നായി . ഞാനും ആ കുടുംബത്തിലെ ഒരംഗമാണ്. വാസുദേവൻ നമ്പൂതിരി എന്റെ അഫനും ആറുവേളി കഴിച്ച രാമൻ നമ്പൂതിരി മുത്തച്ഛനും.വായിച്ചപ്പോൾ തോന്നിയ ചില കാര്യങ്ങൾ കുറിക്കട്ടെ. മാറ്റക്കച്ചവടം എന്ന പദം ഒഴിവാക്കാമായിരുന്നില്ലെ. മുത്തച്ഛന് ഒമ്പതു സഹോദരിമാരുണ്ടെന്നും വടക്കിണിയേടത്തേക്കും മാറ്റമായിരുന്നു എന്നും കണ്ടു. 2003 മുതൽ ഞങ്ങൾ നടത്തിയ അഞ്ചു കുടുംബ സംഗമങ്ങളിലും ഈ കാര്യം ആരും പറഞ്ഞിട്ടില്ല. മുത്തച്ഛന് 8 സഹോദരിമാർ, വടക്കിണിയേടത്തു നിന്നും മാറ്റമായല്ലാതെ വേളി. അപ്പോൾ ഈ ഒമ്പതാമത്തെ സഹോദരി എവിടുത്തെ മരുമഹളാണെന്ന് വ്യക്തമാക്കാമോ. വടക്കിണിയേടത്ത് ഇവിടത്തെ മരുമക്കൾ ഉണ്ടോ. തെറ്റുണ്ടെങ്കിൽ ഞങ്ങൾക്കും തിരുത്തണമല്ലൊ.

മുത്തശ്ശന്റെ ആദ്യവേളി 1898 ൽ. നാലാമത്തെ വേളി (മൂന്നാമത്തെ എന്നാണ് എന്റെ അറിവ്) തെക്കണിയേടത്തു നിന്നും. അതിലെ ആദ്യ സന്താനം 1899ൽ (മകരം) ജനിച്ചു. സഹോദരിമാരുടെ വിവാഹം നടക്കാൻ വേളി കഴിച്ചതു മനസ്സിലാക്കാം. സന്താനങ്ങളുണ്ടാകാത്തതിനാൽ എന്നു പറയുന്നത് ശരിയാണോ. ഈ ത്രൈമാസികക്ക് എല്ലാ ഭാവുകങ്ങളും.

**കൃഷ്ണൻ നമ്പൂതിരിപ്പാട്**
പരിയാനംപറ്റ മന മുളയങ്കാവ്,
കുലുക്കല്ലൂർ, പാലക്കാട് ജില്ല
പിൻ:679337,മൊബൈൽ:9446153129

## വായിച്ചില്ലെങ്കിൽ നഷ്ടം

മാസികയിൽ വായിക്കുവാൻ അനവധിയുണ്ട്. നമുക്ക് അറിയാത്തതും അറിയുന്നതുമായ പല നല്ല കാര്യങ്ങളും. വായിച്ചില്ലെങ്കിൽ നഷ്ടം തന്നെ.

രമണി കെ നമ്പൂതിരിപ്പാട്
കാഞ്ഞിരപ്പിള്ളി മന
കാക്കൂർ,കുത്താട്ടുകുളം
പിൻ:686662 മൊബൈൽ: 9074662416

## വിശ്വസിക്കാൻ പ്രയാസം

ഇതൊരു ജില്ലാസഭ പ്രസിദ്ധീകരണം ആണെന്ന് വിശ്വസിക്കുവാൻ പ്രയാസം, അത്ര ഉത്തമം.അഭിനന്ദനങ്ങൾ..

കാർത്തിക് എം കുമാർ, കിഴക്കേമൂല
ഇല്ലം, തിരുവഞ്ചൂർ കോട്ടയം 686019

## നന്നായി വരുന്നു

സ്വസ്തി കിട്ടി.സന്തോഷം.ഓരോ ഇഷ്യുവും നന്നായി വരുന്നു.

വെൺമണി രാധാ മാധവൻ
മൊബൈൽ 8779545162

## ധാരാളം വിഭവം

എന്നാൽ എല്ലാം കൂടി കുത്തിനിറച്ചതു പോലെ.നമ്പൂതിരിയുടെ പിശുക്ക്!

വി.ടി.വാസുദേവൻ,മേഴത്തൂർ,
തൃത്താല,മൊബൈൽ:9447837902

## അന്റാർട്ടിക്ക യാത്ര

ശങ്കരനാരായണൻ ഭട്ടതിരിപ്പാടിന്റെ അന്റാർട്ടിക്കയാത്ര വിവരണം ഗംഭീരം. അനുഭവക്കുറിപ്പുകൾ ത്രില്ലിങ് .നേരിട്ട് യാത്ര ചെയ്യുമ്പോഴത്തെ അനുഭവം.തണുത്തു വിറക്കുന്നുണ്ടോ ,കപ്പൽ ചരിയുന്നല്ലൊ, നേരെ നിൽക്കാൻ കഴിയുന്നില്ല എന്നൊക്കെ മനസ്സിൽ തോന്നി. അഭിനന്ദനങ്ങൾ ഭട്ടതിരിപ്പാടിന് ലേഖകന് സ്വസ്തിക്ക്.

**അച്ചൂറ കുബേരൻ നമ്പൂതിരി,** പാർവതിനിവാസ് കയറളം മയ്യിൽ കണ്ണൂർ
മൊബൈൽ 7559904469

## ഓരോ ലക്കവും

ഒന്നിനൊന്ന് മെച്ചപ്പെട്ടുവരുന്നതിൽ അതിയായ സന്തോഷം അറിയിക്കട്ടെ.

എം എസ്സ് നാരായണൻ, മുണ്ടനാട്ടു മന, കുന്നത്തൂർമേട്,പാലക്കാട്
678913, മൊബൈൽ: 9447324057

## സോഫ്റ്റ് കോപ്പികൾ

സ്വസ്തി വായിച്ചു. നന്നായിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമായുള്ള നമ്പൂതിരി സമുദായ അംഗങ്ങളിലെക്ക് സ്വസ്തി കൂടുതൽ പ്രചാരത്തിലെത്തട്ടെ. നമ്പൂതിരി സമുദായ അംഗങ്ങളെ കുറിച്ചും അവരുടെ പലവിധസംരംഭങ്ങളെ കുറിച്ചും അവർ നൽകുന്ന സേവനങ്ങളെ കുറിച്ചും വരും ലക്കങ്ങളിൽ ഉൾപ്പെടുത്തിയാൽ നന്നാവും.

ഐടി തുടങ്ങിയ മറ്റു പ്രൊഫഷണൽ സിനിടയിലേക്ക് സ്വസ്തിയുടെ സോഫ്റ്റ് കോപ്പികൾ എത്തിച്ച് അവരുടെ കൂടെ പിന്തുണയും സഹായവും ഉറപ്പാക്കിയാൽ അത് ഏറെ മുതൽ കൂട്ടാവും.

**കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്,**
പി.ഒ. കാണിപ്പയ്യൂർ,തൃശൂർ ജില്ല
680503, മൊബൈൽ: 9495967246

## നല്ല നിലയിൽ

സ്വസ്തി. നല്ല നിലയിൽ പ്രചരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം, അഭിമാനം.

കെ.എസ് ഉണ്ണികൃഷ്ണൻ നമ്പൂതിരി,
കല്ലമ്പിള്ളി ഇല്ലം, P NO 16, PHASE II,
VENKUSA ESTATES, KOWKUR,
BOLARUM,SECUNDERABAD
TELENGANA Pin:500 10Mob: 9550045994



# ആ അമ്മയുടെ വിഷമത്തെപ്പറ്റി

അച്ഛൻ മരിച്ച ശേഷം ചടങ്ങുകളൊക്കെ കഴിഞ്ഞ് ഇല്ലത്തു ഞാനും അമ്മയും ഉള്ളപ്പോൾ ആണ് ഒരു ദിവസം അമ്മ വന്ന് ചോദിച്ചു. ഈ ഫേസ്ബുക്കിൽ എങ്ങിനെ ആണ് ഒരു പോസ്റ്റ് എഴുതി ഇടുന്നത് എന്ന്. എന്താണ് സംഭവമെന്ന് മനസ്സിലായില്ല. ഞാൻ നോട്ട്പാഡ് ഉപയോഗിക്കാനും അത് കോപ്പി പേസ്റ്റ് ചെയ്ത് പോസ്റ്റ് ചെയ്യാനും ഒക്കെ കാണിച്ചു കൊടുത്തു.

കുറച്ച് കഴിഞ്ഞ് നോക്കുമ്പോൾ അമ്മ ഫോണിൽ കാര്യമായി എഴുതുന്നത് കണ്ടു. പോസ്റ്റ് ചെയ്യുന്നതിന് മുൻപ് എനിക്ക് വായിക്കാനും തന്നു. അച്ഛനെ അവസാനമായി ആശുപത്രിയിൽ കൊണ്ട് പോയ ദിവസം, ഞാൻ ബില്ല് അടക്കാൻ പോയ ചുരുങ്ങിയ സമയത്തു നടന്ന ഒരു കാര്യം ആയിരുന്നു എഴുതിയത്. അമ്മ അതിനെ കുറിച്ച് നേരെത്തെ പറഞ്ഞിട്ടുണ്ടെങ്കിലും ഇത്രക്ക് ഗൗരവത്തിൽ ഞാൻ എടുത്തില്ലായിരുന്നു.




നമ്പൂതിരിമാരുടെ എഫ് ബി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാനാണ് അമ്മ അത് എഴുതിയത്. ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയും ധാരാളം കമന്റുകൾ വരുകയും ചെയ്തു. ഭൂരിഭാഗം പേരും അമ്മ എഴുതിയതിനെ അനുകൂലിച്ചും തങ്ങൾക്കോ പരിചയമുള്ളവർക്കോ ഇതേ അനുഭവങ്ങൾ ഉണ്ടായതിനെ പറ്റിയും പറഞ്ഞു. അമ്മ മാറ്റം എന്നൊരു വാക്ക് ഉപയോഗിച്ചത് കൊണ്ടാണെന്നു തോന്നുന്നു പല ആഢ്യൻ നമ്പൂതിരിമാരും കമന്റ് ബോക്സിൽ കലിതുള്ളുന്നതും കണ്ടു.

ആ പോസ്റ്റ് സംസാര വിഷയമായി. അപ്പോൾ ചെറിയമ്മയും അമ്മയും പണ്ട് അവർ കല്യാണം കഴിഞ്ഞ് ഇല്ലത്തെത്തിയപ്പോൾ കർന്നോന്മാരുടെ അടുത്തുനിന്ന് കിട്ടിയ ക്ലാസുകളെയും ട്രൈനിങ്ങുകളെയും പറ്റി പറഞ്ഞു. എങ്ങനെ ഒരു നല്ല അന്തർജനമാവാം എന്ന ക്ലാസ്. ഇവിടെ ഉണ്ടായിരുന്ന രീതികളൊക്കെ എന്നോടും ഉണ്ണിയോടും ഒക്കെ പറഞ്ഞു .

ഇവിടെ മൂത്ത ആൾ അച്ഛൻ ആയിരുന്നു, അതു കൊണ്ട് ആദ്യം വന്ന അമ്മക്ക് കിട്ടിയ അത്രക്ക് തീവ്രതയിൽ ചെറിയമ്മക്ക് ട്രെയിനിങ് കിട്ടിയില്ല. പിന്നെ പിന്നെ പതുക്കെ അത്തരം ആചാരങ്ങൾ ഒക്കെ ഇല്ലത്തു നിന്നിട്ടുണ്ട് (പ്രത്യക്ഷത്തിൽ ആർക്കും ഇല്ലെങ്കിലും മനസ്സിൽ ഇതൊക്കെ കൊണ്ട് നടക്കുന്നവർ ഉണ്ട്). എന്തായാലും ആ പോസ്റ്റ് പിന്നെ കോഴിക്കോട് 'സ്വസ്തി'യിലെ ആരോ കാണുകയും ജയന്തൻ വല്യച്ഛൻ വഴി അമ്മയെ ബന്ധപ്പെടുകയും ചെയ്തു. അതാണ് സ്വസ്തിയിൽ വന്നത്.

*'സ്വസ്തി'യിൽ നിന്ന് വിളിച്ചു എന്ന് ഞാൻ ഓപ്പോളോട് പറഞ്ഞിരുന്നു.അപ്പോഴാണ് എഴുതുന്നതിനെപ്പറ്റി അമ്മ ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞതായി ഓപ്പോളും പറഞ്ഞത്.. ഒരുപാട് വായിക്കുന്ന വ്യക്തിയാണ് അമ്മ. ഗോർക്കി, ഷേക്സ്പിയർ, ബിഭൂതിഭൂഷൻ, എം.ടി, തകഴി അങ്ങിനെ ഒരുവിധം എല്ലാവരെയും വായിച്ചിട്ടുള്ള ഒരാൾക്ക് എഴുതുന്നതുവാനും കഴിയും.*

അതിലുമുപരി അസാധ്യമായ ഫൈറ്ററാണ് അമ്മ. അമ്മയനുഭവിച്ച ബുദ്ധിമുട്ടുകളും ഇപ്പോളത്തെ പ്രശ്നങ്ങളും ഒക്കെ ആലോചിക്കുമ്പോൾത്തന്നെ ഞാൻ തളരാറുണ്ട്. എന്നാൽ അതിലൊന്നും തളർന്ന് വീഴാതെ, ഇപ്പോളും നാളെ എന്നത് വല്ലാത്തൊരു അനിശ്ചിതത്വത്തിൽ നിൽക്കുമ്പോഴും തളരാതെ പോരാടുന്നു അമ്മ. ആശുപത്രിയിൽ അച്ഛന്റെ അടുത്ത്നിൽക്കുമ്പോഴും ഇനി അച്ഛൻ തിരിച്ചു വരില്ല എന്ന ഡോക്ടർമാർ പറയാതെ പറഞ്ഞപ്പോഴും, പലപ്പോഴും പതറിപോകേണ്ടിരുന്ന എനിക്ക് നിൽക്കാൻ ഒരു ശക്തി തന്നത് അമ്മ തന്നെ ആയിരുന്നു. അങ്ങിനെത്തെ ഒരാൾ എഴുതിയത് എല്ലാവരുടെയും മുന്നിൽ പങ്കുവെച്ചു എന്നെ ഉള്ളു.


**മിഥു രാമൻ കെ.വി, കല്ലൂർ ഇല്ലം ,**
പി.ഒ വെള്ളിനേഴി, ചെർപ്പുളശ്ശേരി വഴി,
പാലക്കാട് ജില്ലമൊബൈൽ 8547079451


# മുത്തശ്ശി പറഞ്ഞ കാര്യം

മാപ്പിള കലാപത്തെ വായിച്ചപ്പോൾ പണ്ട് എന്റെ മുത്തശ്ശി പറഞ്ഞറിഞ്ഞ കാര്യം ഞാനിവിടെ പങ്കുവെക്കട്ടെ.മലപ്പുറം ജില്ലയിൽ മഞ്ചേരി പെരിന്തൽമണ്ണ വഴിയിൽ വള്ളിക്കാപ്പറ്റ എന്ന ദേശത്താണ് എന്റെ ഇല്ലം. പ്രശസ്തമായ മാനസിക രോഗചികിത്സാ കേന്ദ്രമായ പൂങ്കുടിൽ മന.പാരമ്പര്യമായി മന്ത്രവാദവും, അപ്സമാര രോഗചികിത്സയും ഉണ്ട്.അന്ന് കലാപ കാലത്ത് ഇല്ലത്ത് അടുത്തുള്ള ഇല്ലങ്ങളിൽ അക്രമങ്ങൾ ഉണ്ടായിരുന്നത്രെ.

നാരായണ മംഗലത്ത്, കല്ലിൽ, പെരുമ്പള്ളി, മുഞ്ഞുർലി, കടക്കോട്ടുതല, മൊടപ്പിലാപ്പള്ളി, തുടങ്ങിയ ഇല്ലങ്ങളിൽ എവിടെയൊക്കെ കലാപകാരികൾ കടന്നിരുന്നു എന്ന് എനിക്കോർമ്മയില്യ. അന്ന് ഇല്ലത്തെ ഒരു മുത്തശ്ശന് കുറച്ചകലെ ഉഴിഞ്ഞെടുക്കാൻ പോകാനുണ്ടായിരുന്നു.നമ്പൂര്യച്ഛൻ ധൈര്യമായിട്ടു പൊയ്ക്കോളി.. ബ്ടെ ഞങ്ങളുണ്ട്.. ആരും വരുലാ ന്ന് പറഞ്ഞ് അയല്പക്കത്തെ മുസ്ലിംകുടുംബക്കാർ കാവൽ നിന്നുവത്രെ.മുത്തശ്ശൻ പോകാൻ ഇറങ്ങുന്നതിന് മുൻപ് അകത്തേക്ക് നോക്കി ഒരു പറ നെല്ലെടുത്തു തെക്കിണിയിൽ ഭഗവതിയുടെ വിളക്കിനടുത്തുവെക്കാൻ പറഞ്ഞ് ഉഴിഞ്ഞെടുക്കേണ്ട മുസ്ലീം വീട്ടിലേക്കുപോയീത്രെ.മതസൗഹാർദ്ദം അന്നും ഇന്നും ഒരുപോലെ നിലനിൽക്കുന്ന ഇല്ലമാണ് നാട്ടുകാർ പൂങ്കള എന്ന് സ്നേഹബഹുമാനത്തോടെ പറയുന്ന പൂങ്കുടിൽ മന.

നല്ലവരായ നാട്ടുകാരുടെ അകമഴിഞ്ഞ സേവനംഇല്ലത്തു നടക്കാറുള്ള ഉത്സവങ്ങളിലും, മാനസികാരോഗ സെമിനാറുകളിലും, മറ്റെന്തു പരിപാടികളിലും നിറഞ്ഞു കാണാം.

അതുപോലെ റംസാൻ നോമ്പ് തുറയും ഇല്ലത്തുവെച്ചു നടത്താറുണ്ട്.ഇല്ലത്തെ പരദേവതയായ തിരുമാന്ധാ കുന്നിലമ്മയുംവിഘ്നനാശകൻ ശ്രീ ഗണനാഥനും എന്നും കാത്തരുളട്ടെ എന്ന പ്രാർത്ഥനയോടെ...


**ഗീത നാരായണൻ നമ്പൂതിരി**
ശ്രീഹരി ,അരീക്കര മന,
നടുവട്ടം ( പോസ്റ്റ് ),കുറ്റിപ്പുറം.
മൊബൈൽ: 8593972928



## ഉപനയനം ആശംസകൾ

വല്ലാത്ത ശ്രമമാണ് സ്വസ്തിക്കു പിന്നിൽ .സമ്മതിക്കാതെ വയ്യ . അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു .മലയാളത്തിൽ നഷ്ടമാവുന്ന നമ്പൂതിരി വാക്കുകൾ ഫീച്ചറുകളിൽ നിറയുന്നു.1921 കലാപത്തിൽ തെക്കൻ മലബാറുകാർ അനുഭവിച്ച ദുരന്തങ്ങൾ ഞങ്ങൾ തൃശൂർക്കാരെ ഞെട്ടിക്കുന്നു .അതു പോലെ സ്വസ്തി ഉപനയനം ആശംസകൾ .ഓതിക്കന്റെ പേരുമുണ്ട് .പൂണൂലണിഞ്ഞ തേജസ്വികളായ ഉണ്ണികൾ .നമ്മളുടെ വേറൊരു പ്രസിദ്ധീകരണത്തിലും ഉപനയനാശംസകൾ കാണാറില്ല .സ്വസ്തി വേറിട്ട വഴിയിൽ തന്നെ. അന്നമനട ഉപസഭയിൽ എല്ലാവരോടും സ്വസ്തി വാങ്ങാൻ പറഞ്ഞു.

**രവി അന്നമനട** :98471 98518

## മുടങ്ങാതെ കിട്ടണം ട്ടൊ

ഇരുന്ന ഇരിപ്പിൽ വായിച്ചു.ഇനി ഓരോന്നായി വിസ്തരിക്ക് വായിക്കും.എന്തെല്ലാം ആരെയെല്ലാം പറ്റി അറിയാനുണ്ട് ഈ ത്രൈമാസികയിൽ.മുടങ്ങാതെ കിട്ടണം ട്ടൊ.

സാവിത്രി മുരിയമംഗലത്ത് മന
പുലാമന്തോൾ, പിൻ :679323
മൊബൈൽ: 7306231332

## Received the magazine

It is becoming better and more valuable issue by issue. My father in law late pillanezhi narayanan Namboodiri has acted as young Namboodiri girl in VTs famous drama "adukkalayil ninnu,,,,,,,, ". I will try to make a write up with available details with me,my relatives.If space permits and the write up happens to be up to standard,you may consider publishing in next issue.

Neelakantan Namboodiri
Kizhumundayoor mana
Green field road
P.O.Peramangalam
680565 Mob:9744184434

## ഇത്രയും മിടുക്കുള്ളവർ

സ്വസ്തിയുടെ പഴയ ലക്കങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ ഞാൻ.ഇത്രയും ചങ്കൂറ്റം ഉള്ള ബ്രാഹ്മണർ ഉണ്ടെന്നറിഞ്ഞപ്പോൾ കോരിത്തരിച്ചുപോയി! നമ്മൾ ബ്രാഹ്മണർ ഇത്രയും മിടുക്കുള്ളവർ ആണെന്ന് ഇപ്പൊൾ ആണ് അറിഞ്ഞത്! സ്വസ്തിക്കു സ്വസ്തി.

**ഡോ: പി.ഇ. ശ്രീധരൻ നമ്പൂതിരി**,21,ഫ്ളഷിംഗ് മെഡോസ്,
കൈക്കോളം പാളയം
കോയമ്പത്തൂർ പിൻ:641062
മൊബൈൽ: 94884 58713

## സ്വസ്തിയ്ക്കു മംഗളം

സ്നേഹത്തിൻ ദൂതുമായെത്തി
സാനന്ദം പുല്കുമൊരമ്മയെ
ആദരിച്ചാ നയിക്കുന്നേൻ
ആനന്ദമാർന്നിടുന്നുതേ
അറിവും നിറവും നല്കി
അക്ഷരജ്ഞാനമേകിയോൾ
ആനനം തന്നിലുണരും
ആമോദം എന്തു ചൊൽവൂ ഞാൻ
അടി വെച്ചമ്മയ്ക്കൊപ്പം
പടി കൾ താണ്ടിടുമ്പോഴും
പിടയും മനോരാജ്യം
വെറുതെയാണെന്നതോർക്കുക
കരുതൽ ഏറെയുള്ളപ്പോൾ
കര കേറുന്നതെളുപ്പമാം
കനിവേറുന്നൊരമ്മയായ്
കരുതട്ടെ മംഗളം
അസ്വസ്ഥമാം ജീവിതം
സ്വസ്ഥമായിരിയ്ക്കുവാൻ
സ്വസ്തിയാം ത്രൈമാസികയ്ക്ക്
സ്വസ്തി, മംഗളം സ്വസ്തി...

**ആര്യാദേവി (ലളിത)**
മലപ്പാട്ടില്ലം തൃക്കാക്കര,
എറണാകുളം,94475 79621

## വേർതിരിവ് പാടില്ല

എന്റെ അമ്മാത്തെ കുറിച്ചുള്ള സ്വസ്തിയിലെ ലേഖനം കണ്ടപ്പോൾ സന്തോഷവും അഭിമാനവും തോന്നി. അതോടൊപ്പം ഒരു കാര്യം കൂടി പറയട്ടെ.മുണ്ടകാശ്ശേരിയിൽ നിന്നും വിവാഹം കഴിച്ച് കൊടുത്ത കുട്ടികളെ കുറിച്ചും അവരുടെ കുട്ടികളെയും ഭർത്താക്കന്മാരെ പറ്റിയുമെല്ലാം വളരെ കേമായിട്ടു പ്രതിപാദിച്ചപ്പോൾ നമ്മളെ മാത്രം ഒഴിവാക്കിയല്ലോ. അത് ഒട്ടും ശരിയായില്ല. ഇങ്ങനെ ഒരു സാമുദായിക മാസികയിൽ എഴുതുമ്പോൾ എല്ലാവരേയും ഉൾപ്പെടുത്തുക. അല്ലെങ്കിൽ ആരെയും ശ്പ്പെടുത്താതിരിക്കുക. അല്ലാതെ ഈ വേർതിരിവ് പാടില്ലായിരുന്നു. വേദനയോടെ.

**പ്രസാദ് മേൽപ്പള്ളി** 9846236092

## നമ്പർ ശരിയല്ല

ഏപ്രിൽ ലക്കം സ്വസ്തി പേജ് 68ൽ നമ്പൂതിരി സർവ്വസ്വത്തിന്റെ പ്രകാശനച്ചടങ്ങിന്റെ ചിത്രത്തോടൊപ്പം കൊടുത്ത ഗ്രന്ഥകാരൻ പണിക്കം അപ്പു നമ്പൂതിരി ഫോൺ നമ്പറിൽ വിളിച്ചപ്പോൾ നമ്പർ ശരിയല്ലെന്ന് ബോദ്ധ്യമായി.

പിന്നീട് നമ്പർ കിട്ടാൻ പല പരിചയക്കാരോടും അന്വേഷിക്കലായി.അത്ഭുതം അതേ സ്വസ്തിയുടെ പേജ് 36 ൽ ഉദകക്രിയ എന്ന സ്വസ്തി എക്സ്ക്ളൂസീവ് വായിച്ചു കഴിഞ്ഞപ്പോൾ അതെഴുതിയ പണിക്കത്തിന്റെ ഫോൺ നമ്പർ അതിൽ കൊടുത്തിരിക്കുന്നു.

ആ നമ്പർ ശരിയാണ്. അതിൽ വിളിച്ചു സംസാരിച്ചു. എനിക്കു പറ്റിയതു പോലെ പറ്റാതിരിക്കാൻ ഇതൊന്ന് എഴുതിയെന്നു മാത്രം.

**ഈശാനൻ നമ്പൂതിരി,**
വേമണ്ണ മുല്ലപ്പള്ളി മന,
പി ഒ വെട്ടം,പിൻ: 676102,തിരൂർ

## കുള്യാശുദ്ധം മുതൽ

1921 ഓർമ്മപ്പെടുത്തി. ഡയറിക്കുറിപ്പ്. ാക്കി വായിച്ചു കൊണ്ടിരിക്കുന്നു. കൈതപ്രമാണ് കവിതയിലും സിനിമയിലും കുള്യാശുദ്ധം മുതൽ സപ്തശുദ്ധി വരെ എല്ലാംവരച്ചിട്ടത്. ഇക്കാലമത്രയും ഇടത്തോട്ട് പൂണൂല് ഇട്ട ബഹദൂറോ, ഭാസിയോ ആയിരുന്നു സിനിമയിലെ നമ്പൂതിരി.

പി എം നാരായണൻ ന്യൂഡൽഹി
മൊബൈൽ: 9899146665


## ഗുരുവായൂർ അതിഥി മന്ദിരം
## ഫോൺ നമ്പർ 04872962443

യോഗക്ഷേമസഭ ഗുരുവായൂർ അതിഥി മന്ദിരത്തിൽ വൈഫൈ ഇൻസ്റ്റാൾ ചെയ്തപ്പോൾ ലഭിച്ച പുതിയ ലാൻഡ് ഫോൺ നമ്പർ ആണ് മേലെ കൊടുത്തത്.ഈ നമ്പറിൽ വിളിച്ച് ബുക്കിങ്,റൂം എവൈലബിലിറ്റി അന്വേഷണം മുതലായ എല്ലാ കാര്യങ്ങളും ഇനി മുതൽ ചെയ്യാവുന്നതാണ്.



എഡിറ്റർ, സ്വസ്തി,
യോഗക്ഷേമസഭ ആസ്ഥാന
മന്ദിരം, കോവൂർ വിഷ്ണു
ക്ഷേത്രത്തിനു സമീപം,
പി.ഒ ചേവായൂർ, കോഴി
ക്കോട് പിൻ: 673017
വാട്ട്സ് അപ്പ്
ഈ നമ്പറിൽ
**9400992823**

## ബോദ്ധ്യം വരാതിരുന്ന ഒരു ചോദ്യത്തിന് ന്യായമായ ഉത്തരം

ശരിയ്ക്കും സവിശേഷമായ ,പ്രൗഢവും ഗംഭീരവുമായ ,സൂക്ഷിച്ചു വെയ്ക്കേണ്ട ഒരു മാസികയാണെന്നതിൽ സംശയമില്ല ....! കഴിഞ്ഞ കുറേ വർഷങ്ങളായി കുറേ വൈദിന്മാരോട് ചോദിച്ചിട്ടും ഉത്തരം കിട്ടാതിരുന്ന അല്ലെങ്കിൽ എനിയ്ക്ക് ബോദ്ധ്യം വരാതിരുന്ന ഒരു ഒരു ചോദ്യത്തിന് വളരെ ന്യായമായ ഉത്തരം പണിക്കത്ത് അപ്പു നമ്പൂതിരിയുടെ 'അച്ഛൻ താലി കെട്ടിയാൽ മംഗല്യസൂത്രമാവില്ല' എന്ന ലേഖനം വായിച്ചപ്പോൾ ഉണ്ടായ സന്തോഷം പറയാൻ വാക്കുകളില്ല.അത്രയും സൂക്ഷ്മതയോടുള്ള വിവരണം, നിർദ്ദേശം. അത് പ്രവർത്തികമായിക്കണ്ടാൽ വളരെ സന്തോഷം .അതിന് സ്വസ്തി മാസിക ഒരു നിമിത്തമായതിൽ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം ഒരു വർഷത്തേക്കുള്ള വരി സംഖ്യയും അയക്കുന്നു.

Dr. N.K.Sarmma, Dhanwanthari Hall, 22,6th street, NGO Colony, Melagaram, Pin: 627818, Via Thenkasi, മൊബൈൽ 7845572562

# കാലത്തിനനുസരിച്ചു മാറാൻ തയ്യാറാവണം

സവർണ്ണരെന്ന ആക്ഷേപം ഇപ്പോഴത്തെ ശൈലിയാണല്ലോ. ഇത് നമ്മൾ അർഹിക്കുന്നതാണോ? അറിയില്ല, ചരിത്ര ബോധത്തിന്റെ കുറവ് തന്നെ ആയിരിക്കാം. കുറ്റപ്പെടുത്തലുകൾ കേൾക്കുമ്പോൾ പക്ഷെ വിഷമം തോന്നുന്നുണ്ട്. ഇതിനെ പ്രതിരോധിക്കാൻ അറിവുള്ളവർ ആരെങ്കിലും മുന്നോട്ടു വരുമെന്ന് കരുതാം.

ശരിയല്ലാത്ത ആക്ഷേപം ആണെങ്കിൽ (എന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു) അത് പ്രതിരോധിക്കാതിരുന്നാൽ നമ്മളും സമ്മതിക്കുന്നതായി വ്യാഖാനിക്കപ്പെടുമല്ലോ. കാലം സത്യം തെളിയിക്കും എന്നും പ്രതീക്ഷിക്കാം.

ഈ കുറിപ്പ് മറ്റൊരു കാര്യം ഉദ്ദേശിച്ചു കൊണ്ടാണ്. കാലത്തിനനുസരിച്ചു മാറാൻ തയ്യാറായി വിദ്യാഭ്യാസം കൊണ്ടും ഏതു ജോലിയും ചെയ്യാൻ തയ്യാറായതുകൊണ്ടും നിരവധി കുടുംബങ്ങൾ സാമ്പത്തികമായി മെച്ചപ്പെട്ടിട്ടുണ്ട് . എന്നാലും മെച്ചപ്പെടാൻ സാധിക്കാത്ത ധാരാളം കുടുംബങ്ങൾ, ഓരോ തറവാടിനോടും ബന്ധപ്പെട്ടവരായി, ഇപ്പോളും ഉണ്ടാകും.സഹായം ആവശ്യമാണെങ്കിലും സ്വന്തക്കാരോട് ചോദിയ്ക്കാൻ മടിയുള്ളവർ, സഹായിക്കുവാൻ സാധിക്കുമെങ്കിലും, ആവശ്യം അറിഞ്ഞു സഹായിക്കാൻ സാധിക്കാത്തവരും അറിയാത്തവരും, അതെങ്ങനെ 'ഒരാൾക്ക് മാത്രമായി' എന്ന് സംശയിക്കുന്നവരും. ഒരു പരിഹാരം തോന്നുന്നത് ഇവിടെ കുറിക്കുന്നു.

ഓരോ തറവാടും അടിസ്ഥാനമാക്കി നിയമാനുസൃതമായി ട്രസ്റ്റുകൾ രൂപീകരിക്കുക. ആവശ്യ ഘട്ടങ്ങളിൽ ചോദിക്കാതെ തന്നെ അറിഞ്ഞു സഹായിക്കുക എന്ന ഉദ്ദേശത്തിൽ. ഏറ്റവും പ്രാഥമികമായ രൂപരേഖ താഴെ:

ട്രസ്റ്റ് പരിധി: തറവാടും, വിവാഹിതരായ പെണ്മക്കളുടെ തറവാട് താവഴിയും.

അംഗങ്ങൾ: തറവാട്ടിലെ എല്ലാവരും, മഹളേരും മരുമക്കളും.

പേര്: തറവാടിന്റെ പേരിൽത്തന്നെ. (താവഴികൾ കൂടുതലുള്ള തറവാടിന് താവഴി അടിസ്ഥാനമാക്കി ഒന്നിലധികം ട്രസ്റ്റുകളും പരിഗണിക്കാം)

മാനേജിങ് കമ്മിറ്റി : തറവാട്ടിലെ പ്രായം കൂടിയ അംഗം, (കിടപ്പിലാണെങ്കിൽ സർവസമ്മതത്തോടെ അടുത്ത പ്രായം കൂടിയ അംഗം) - ചെയർമാൻ(വുമൺ). ഓരോ താവഴിയിലേയും പ്രായം കൂടിയ മകൻ (അവിവാഹിതയായി കൂടെ താമസിക്കുന്ന മകൾ), മഹൾ അല്ലെങ്കിൽ പ്രായം കൂടിയ മരുമകൻ (അവിവാഹിതയായ മരുമകൾ).

ട്രസ്റ്റ് ധനരൂപീകരണം : സംഭാവന,ജോലിയെടുക്കുന്ന എല്ലാ മെമ്പർമാരും, വരുമാനങ്ങളുള്ള മറ്റുള്ളവരും, സ്വകുടുംബത്തിലെ രക്തബന്ധമുള്ളവർക്കു വേണ്ടി ആണെന്നുള്ള ബോധം സ്വീകാര്യമായവരെല്ലാവരും . സംഭാവനക്ക് പരിധിയില്ല, അവനവനു കഴിയുന്നത്, ഒരു പ്രാവശ്യം കൊണ്ട് അവസാനിക്കാത്തത്, ഓരോ വർഷവും സാധിക്കേണ്ടതാണ്.

സാമ്പത്തിക സഹായം ആവശ്യമായി വരുന്ന ഏതു സന്ദർഭത്തിലും ഇത് ഉപകരിക്കണം, അറിഞ്ഞു നൽകണം - വിവാഹം, ചികിത്സ, അപകടങ്ങൾ, വീടുപണി ..... സ്വീകരിച്ച സഹായം പിന്നീട് സാധിക്കുമെങ്കിൽ ട്രസ്റ്റിലേക്ക് തിരിച്ചു നൽകുകയും ആവാം.

കാലാകാലം നിലനിൽക്കുന്ന ഈ സംവിധാനം എല്ലാവർക്കും ഉപകാരപ്രദം ആവും

നിയമവശങ്ങൾ അറിയുന്നവർ ഒരു പൊതു നിയമാവലിയും നടപടിക്രമങ്ങളും ഇവിടെ തന്നെ ചേർക്കുകയാണെങ്കിൽ ഉപകാരപ്രദമാകും എന്ന് തോന്നുന്നു.മുകളിൽ കൊടുത്തതെല്ലാം തന്നെ യുക്തം പോലെ തിരുത്താവുന്നതാണ്.ആശയം അവതരിപ്പിക്കുക മാത്രം. ഉദ്ദേശം തള്ളാം, കൊള്ളാം .

**കെ.എൻ.വി.നമ്പൂതിരി** ,കീഴേ നരിപ്പറ്റ മന, കാറൽമണ്ണ - 679506 മൊബൈൽ: 9947621026

## വേദപഠനത്തിന് അപേക്ഷ ക്ഷണിച്ചു

തൃശ്ശൂർ ബ്രഹ്മസ്വം മഠം വേദപാഠശാലയിലേയ്ക്ക് 2021 വർഷത്തെ ഋഗ്വേദ/ യജുർവേദ പഠനത്തിനുള്ള അഡ്മിഷന് അർഹരായ വി ദ്യാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്രഹ്മസ്വം മഠം ഓഫീസുമായി 10 am മുതൽ 4 pm വരെയുള്ള സമയത്ത് ബന്ധപ്പെടുക.

ഫോൺ: 0487-2440877, 9400138118.

E-Mail: brahmaswammadham@gmail.com

## സ്വസ്തി സുന്ദരം

ഹൃത്തിനുത്തമ ഗുണങ്ങളേറ്റിടാൻ
ശക്തമാം രചനയേറെയുണ്ടിതിൽ
വൃത്തിയോടെ, വടിവോ,ടിറങ്ങിടും
സ്വസ്തി കാൺകിലുമതെത്ര സുന്ദരം!

മധു കുട്ടംപേരൂർ, ശ്രീ മന,
ഇടപ്പള്ളി.പി.ഒ,എറണാകുളം-682024.

## നമ്മുടെ കുട്ടികൾ പല മേഖലകളിലും മികവ് പുലർത്തുന്നുണ്ട്. എന്നാൽ പലതും നമ്മൾ പോലും അറിയുന്നില്ല. വിവിധ മേഖലകളിൽ

# മിടുക്കരായ പത്തു കുട്ടികൾ

## സ്വസ്തി കുട്ടിക്കൂട്ടത്തിലെ ഓണസദ്യയൊരുക്കുന്നു.

# ആകാശവാണിയിലെ ജൂനിയർ ആർട്ടിസ്റ്റാണ് നിരഞ്ജന



കോഴിക്കോട് ആകാശവാണിയിൽ
ജൂനിയർ ഡ്രാമ ആർട്ടിസ്റ്റാ
ണ് മലപ്പുറം ജില്ലയിലെ പന്തല്ലൂർ ഹയർ
സെക്കന്ററി സ്കൂളിലെ പത്താം ക്ലാസു
കാരിയായ നിരഞ്ജന. ശബ്ദം കൊണ്ട്
മാത്രമല്ല അഭിനയം. വിദ്യാരംഗം കലസാഹി
ത്യ വേദിയുടെ സംസ്ഥാന തല ക്യാമ്പിൽ
തുടർച്ചയായി 3വർഷം മലപ്പുറം ജില്ലയെ
പ്രതിനിധീകരിച്ചിട്ടുണ്ട്. അഞ്ചു വയസ്സ് മു
തൽ ശാസ്ത്രീയ സംഗീതവും നൃത്ത ഇന
ങ്ങളും അഭ്യസിച്ചു വരുന്നു.

ഭരത നാട്യം, കുച്ചുപ്പുടി, മോഹിനിയാ
ട്ടം, നാടോടി നൃത്തം തുടങ്ങിയ ഡാൻസ്
ഇനങ്ങളിലും പ്രവീണയാണ്. അക്ഷരശ്ലോ
കം, കാവ്യാലാപനം, ശാസ്ത്രീയ സംഗീതം,
അഷ്ടപദി, കഥകളി സംഗീതം തുടങ്ങിയ
ഇനങ്ങളിൽ ജില്ലാസംസ്ഥാന തലങ്ങളിൽ
സമ്മാനർഹയായിട്ടുണ്ട്. ശാസ്ത്രീയ സം
ഗീതത്തിൽ സതി വെള്ളേക്കാടും കഥകളി
സംഗീതത്തിൽ ദീപ പാലനാടും അഷ്ടപ
ദിയിൽ ജ്യോതിദാസ് ഗുരുവായൂരും ഭരത
നാട്യം, കുച്ചുപ്പുടി എന്നിവയിൽ അനിൽ
വെട്ടിക്കാട്ടിരിയും മോഹിനിയാട്ടത്തിൽ
പ്രമോദ് ദാസും ഗുരുനാഥന്മാരാണ്.

താഴെക്കോട് ഹയർ സെക്കന്ററി സ്കൂളിലെ
അധ്യാപകനായ മലപ്പുറം ജില്ലയിലെ ഒറവം
പുറം മനക്കൽ മനോജിന്റെയും എടയാറ്റൂർ
യു പി സ്കൂളിലെ അദ്ധ്യാപിക രഞ്ജുവി
ന്റെയും(കുഞ്ചരക്കാട്ടില്ലം,കൂത്താട്ടുകുളം)
മകളാണ്. പ്രശസ്ത പ്രഭാഷകനായിരുന്ന
ഒ.എം.വി.നമ്പൂതിരിയുടെ പൗത്രിയുമാണ്.

ഒറവംപുറം മന
പി.ഒ.തച്ചിങ്ങനാടം,വഴി പട്ടിക്കാട്,
മലപ്പുറം ജില്ല, പിൻ 679325
മൊബൈൽ: 99466 99131



# 40,000ത്തിൽ നിന്ന് 40ൽഎത്തി പ്രിയദത്തയുടെ വര

**കേരളം കണ്ട ഏറ്റവും മികച്ച കുരുന്നു ചിത്രകാരനായിരുന്നു അഞ്ചു വയസിനപ്പുറം ആയുസ്സില്ലാതിരുന്ന ക്ലിന്റ്. ആ പ്രായത്തിനിടെ ആയിരക്കണക്കിനു ചിത്രങ്ങൾ വരച്ച അതുല്യ പ്രതിഭ. ക്ലിന്റിന്റെ ഓർമ്മ നിലനിർത്തനായി കേരളാ ടൂറിസം വകുപ്പ് എല്ലാ കൊല്ലവും ക്ലിന്റ് സ്മാരക ചിത്രരചനാ മത്സരം അന്തർദേശീയ തലത്തിൽനടത്താറുണ്ട്. രണ്ടു കൊല്ലം നടത്തിയ ക്ലിന്റ് മെമ്മോറിയൽ ഇന്റർനാഷണൽ ചിൽഡ്രൻസ് ഓൺലൈൻ പെയിന്റിങ്ങ് കോംപിറ്റഷനിൽ 40,000 എൻട്രികളാണ് ഉണ്ടായിരുന്നത്. അതിൽ നിന്ന് പ്രാഥമിക റൗണ്ടിൽ 400 എണ്ണം തിരഞ്ഞെടുത്തു. പിന്നെ പ്രമുഖ ചിത്രകാരന്മാരടങ്ങിയ ഒരു പാനൽ അതിൽ നിന്ന് മികച്ച 40 എണ്ണം തിരഞ്ഞെടുത്തു. അതിൽ നമുക്കിടയിലെ ഒരു കുട്ടിയുടെ ചിത്രവും ഉൾപ്പെട്ടു.**

2019 സെപ്തംബർ 25ന് തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലായിരുന്നു അവാർഡ്ദാന ചടങ്ങ്. ആ വേദിയിൽ വച്ച് ടൂറിസംമന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്ന് ക്യാഷ് അവാർഡും ലഭിച്ചു. പാഞ്ഞാൾ മാത്തൂർ മനയിലെ സജിത്ത് കുമാറിന്റെയും കൂത്തുപറമ്പ് ആയിര പുതിയടത്തില്ലത്ത് സന്ധ്യയുടെയും മകളായ പ്രിയദത്ത പാലക്കാട് ജില്ലയിലെ പെരിങ്ങോട് സ്കൂളിലെ 10-ാം തരം വിദ്യാർത്ഥിനിയുമാണ്. സംഗീതം, നൃത്തം എന്നിവ അഭ്യസിയ്ക്കുന്നുണ്ട്.

സബ് ജില്ലാ സ്കൂൾ യുവജനമേളയിൽ വർക്ക് എക്സ്പീരിയൻസ് ന്യൂട്രീഷൻ ഫുഡ് ആൻഡ് പഴവർഗ്ഗസംസ്കരണ പാചകത്തിലും സംസ്കൃതം പദ്യത്തിലും അക്ഷരശ്ലോക മത്സരത്തിലും തിരുവാതിരകളിയിലും എ ഗ്രേഡോടെ സമ്മാനങ്ങളും നേടി ഈ കൊച്ചുമിടുക്കി.

ക്ളിന്റിനെപ്പോലെത്തന്നെ ചെറിയ കുട്ടിയായിരിയ്ക്കുമ്പോൾ മുതൽ വരയ്ക്കാറുണ്ട്. 2020ൽ ക്ഷേത്ര സംരക്ഷണസമിതി ,ബാലഗോകുലം എന്നീ സംഘടനകൾ രാമായണത്തെ ആസ്പദമാക്കി പാലക്കാട് ജില്ലാതലത്തിൽ നടത്തിയ ചിത്രരചനാ മത്സരത്തിലും ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. മദനനന്റെ വരകൾ ഏറെ ഇഷ്ടമാണ്. ഇന്ത്യനും പാശ്ചാത്യവുമായ ചിത്രരചനാ സമ്പ്രദായങ്ങൾ കൗതുക പൂർവം ശ്രദ്ധിക്കുന്ന വിദ്യാർത്ഥിയാണ്.


പ്രിയദത്ത എസ്.എം,മാത്തൂർ മന
പി.ഒ. പെരിങ്ങോട്,പാലക്കാട് ജില്ല.
ഫോൺ: 9656233333




*ക്ലിന്റ് സ്മാരക അന്തർദേശീയ ചിത്രരചനാ മത്സരത്തിൽ സമ്മാനം നേടിയ പ്രിയദത്ത ടൂറിസംമന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്ന് ക്യാഷ് അവാർഡ് സ്വീകരിക്കുന്നു*



*തൃപ്പൂണിത്തുറ അന്യോന്യത്തിൽ നടന്ന നിത്യ കർമ്മങ്ങളുടെ പഠനശിബിരത്തിൽ നിന്ന്*



**ഹൈക്കോടതിയിൽ മുതിർന്ന അഭിഭാഷകനായ അച്ഛൻ അഡ്വ.കെ.പി.രാമചന്ദ്രൻ  കോഴിക്കോട് കുനി ഇല്ലത്തെ അംഗമാണ്. അമ്മ മഞ്ജു കേരള ഗവ.സർവ്വീസിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയി എറണാകുളത്ത് ജോലി ചെയ്യുന്നു. തിരുവല്ല മതിൽ ഭാഗം കൊട്ടക്കാട്ട് മനയാണ് അമ്മാത്ത്.**

## ജഗന്നാഥ് രാമചന്ദ്രൻ

# നിത്യകർമ്മത്തിലെ മിടുമിടുക്കൻ

നമ്പൂതിരിമാരുടെ നിത്യകർമ്മങ്ങളിൽ ഒരു മത്സരം നടത്തിയാൽ നമ്മുടെ എത്ര കുട്ടികൾ ജേതാക്കളാവും. ജഗന്നാഥ് രാമചന്ദ്രൻ വിജയിക്കുമെന്നുറപ്പ്. അങ്ങനെ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റുമുണ്ട് കയ്യിൽ. തൃപ്പൂണിത്തുറ അന്യോന്യത്തിൽ നടന്ന നിത്യകർമ്മങ്ങളുടെ പഠനശിബിരത്തിൽ ഋഗ്വേദികളുടെ വിഭാഗത്തിൽ മികച്ച പഠിതാവായി ഒന്നാം സ്ഥാനവും നേടി. അതിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മശ്രീ മള്ളിയൂർ ശങ്കരൻ നമ്പൂതിരി സ്മാരക പുരസ്കാരത്തിനും അർഹനായി.

2019 ൽ 13 വയസ്സ് പ്രായമുള്ളപ്പോഴാണ് എട്ടാം ക്ലാസ് വിദ്യാർത്ഥി ആയ ജഗന്നാഥ് രാമചന്ദ്രനെ തിരഞ്ഞെടുത്തത്. തുടർന്ന്, രണ്ട് വർഷമായി മുടക്കം കൂടാതെ അനുഷ്ഠാനങ്ങൾ നിത്യകർമ്മമായി നിർവഹിക്കുകയും ചെയ്യുന്നു. ഋഗ്വേദിയും ഭരദ്വാജ ഗോത്രക്കാരനുമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ ഇരുപതോളം നമ്പൂതിരി കുട്ടികളാണ് 21.04.2019 മുതൽ 28.4.2019 വരെ ഒരാഴ്ച നീണ്ടുനിന്ന പഠന ശിബിരത്തിൽ ഗുരുകുല രീതിയിൽ, അന്യോന്യത്തിൽ താമസിച്ച് നിത്യകർമ്മ പരിശീലനം നടത്തിയത്. പുലർച്ചെ അഞ്ചര മുതൽ രാത്രി എട്ട് വരെയായിരുന്നു പഠനം. ഋഗ്വേദികളുടെ വിഭാഗത്തിൽ ഏറ്റവും മികച്ച പഠിതാവിനുള്ള സ്ഥാനമാണ് ജഗന്നാഥ് രാമചന്ദ്രൻ കരസ്ഥമാക്കിയത്.

തൃശൂർ ജില്ലയിലെ മാളക്കടുത്ത് പൂപ്പത്തി ഉപസഭാംഗമാണ്. ഇപ്പോൾ മാള ഹോളി ഗ്രേസ് സ്കൂളിൽ പത്താം ക്ലാസ്സ് വിദ്യാർഥി. കഴിഞ്ഞ പരീക്ഷകളിലെല്ലാം തന്നെ, സ്കൂളിൽ ഒന്നാം സ്ഥാനവും ഉയർന്ന മാർക്കും നേടി.

ബ്രാഹ്മണ്യത്തിന്റെ അടിസ്ഥാനമായ സന്ധ്യാവന്ദന ചിട്ടകളും, പുണ്യാഹം, പൂണൂൽ പിരിക്കൽ, കെട്ടൽ, മാറ്റൽ, ക്ഷേത്ര ദർശന രീതികൾ, സൂക്തങ്ങൾ, വിഷ്ണു സഹസ്രനാമ ജപം, സത്സംഗം, ഗണപതി ഹോമം, പൂജ, എന്നിവയും, ഇതിന് പുറമെ, ഉത്ഥാനം, ശൗചം, സ്നാനം, ആചമനം, അർഘ്യവിധി, ദേവതർപ്പണം, ഋഷി തർപ്പണം, പിതൃ തർപ്പണം, പ്രണവം ഛന്ദസ്സ്, മൂർത്തീ സങ്കല്പം, ദശപ്രണവം, ഗായത്രി ഛന്ദസ്സ്, സന്ധ്യമുടിക്കുക, ദിക് വന്ദനം, അഷ്ടാക്ഷരം, ഛന്ദസ്സ്, ഭസ്മം കുറിയിടൽ, ഉപസ്ഥാനം, കുടിക്കുനീർ വീഴ്ത്തുക, അഭിവാദ്യം, മാനസപൂജാമന്ത്രം, പൃഥിവി, ആകാശം, വായു, അഗ്നി, നിവേദ്യം, ഇവയും ശിബിരത്തിൽ പഠിപ്പിച്ചു.

ഋഗ്വേദികളുടെ ആശ്വലായന സൂത്രം -പകഴിയം ചടങ്ങനുസരിച്ചുള്ള നിത്യകർമ്മങ്ങളാണ് ഇവിടെ പരിശീലിപ്പിച്ചത്. ആചാര്യന്മാരായ, പാലിശ്ശേരി കൃഷ്ണൻ നമ്പൂതിരി, ചെപ്പണ്ണൂർ നാരായണൻ നമ്പൂതിരി, മല്ലിശ്ശേരി രാമൻ നമ്പൂതിരി, പണിക്കത്ത് അപ്പു നമ്പൂതിരി, തോട്ടയ്ക്കാട്ട് കുഞ്ഞുകുട്ടൻ ഓതിക്കോൻ, തോട്ടയ്ക്കാട്ട് കൃഷ്ണൻ നമ്പൂതിരി, എളമണ്ണ ദാമോദരൻ നമ്പൂതിരി, തുടങ്ങിയവരായിരുന്നു മേൽനോട്ടം.

ആചാര്യന്മാർ ഓതിക്കൊടുക്കുന്ന പാഠ്യവിഷയങ്ങൾ, പഠിച്ചെടുത്ത് അവർ മുമ്പാകെ ചൊല്ലിയും ചെയ്തും കാണിച്ചു കൊടുത്ത്, അവർ നിശ്ചയിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റുകളും സ്ഥാനവും നിശ്ചയിച്ചു പോന്നത്. ഈ കർമ്മാനുഷ്ഠാനങ്ങൾ യഥാവിധി പഠിച്ചശേഷം, ജീവിത ക്രിയകൾക്ക്, ശരിയായ ചിട്ടയും ക്രമവും താളവും രൂപപ്പെട്ടതായി ജഗന്നാഥിന്റെ രക്ഷിതാക്കൾ പറയുന്നു.

സംഗീതം, ചെസ്സ്, പ്രസംഗം, ക്രിക്കറ്റ്, ഫുട്ബോൾ, നീന്തൽ എന്നിവ നന്നായി അറിയാം. നീന്തലിൽ, ഇടപ്പള്ളി ലൈഫ് ലൈൻ സ്വിമ്മിങ് ആന്റ് ജിംനേഷ്യത്തിൽ നിന്നും എ ഗ്രേഡോടെ പരിശീലനം പൂർത്തിയാക്കി. പഠനത്തിന്റെ ഭാഗമായി, കണക്കിലെ അബാക്കസ്സിൽ ഉയർന്ന വിജയം കരസ്ഥമാക്കിയിട്ടുണ്ട്. സ്കൂളിൽ വെച്ച് നടന്ന സിനിമ ഷൂട്ടിംഗിൽ ചെറിയ റോളിൽ അഭിനയിച്ചിട്ടുമുണ്ട്. ●

അച്ഛൻ അഡ്വ.കെ.പി.രാമചന്ദ്രൻ
**മൊബൈൽ 9447799548**

# ആശംസകളോടെ



22.4.2021ന്
ഒന്നാം പിറന്നാൾ
ആഘോഷിച്ച കാശിനാഥ് ടി.കെ.(തായട കിഴിനിപ്പുറത്തില്ലം) അച്ഛൻ:അർജുൻ ടി.കെ അമ്മ:അശ്വതി എസ്.നമ്പൂതിരി എ.കെ, ലത തായട
മൊബൈൽ:9645455648



രോഹിത്തും അഭിജിത്തും. പെരുമണ്ണ ഉപസഭയിലെ പാലാഞ്ചേരി ജിതേഷിന്റെയും ശ്രുതിയുടെയും മക്കൾ.എല്ലാവർക്കും ഞങ്ങളുടെ
ഓണാശംസകൾ
9446095164



ടെക്സാസിലെ റൈസ് യൂണിവേഴ്സിറ്റിയുടെ സ്റ്റാർട്ട് അപ് മത്സരത്തിൽ അഞ്ച്ലക്ഷം ഡോളറിന്റെ സമ്മാനം നേടിയ ശ്രീദത്ത് പാനാട്ടിന് **ഓണാശംസകൾ** അനിൽ വർമ്മ,നിഷാവർമ്മ, ഗോകുൽനാഥ്, ശങ്കരാഭരണം. തൃപ്പൂണിത്തുറ: 9895005781



കഥകളിലൂടെ പാഠങ്ങളും കളികളിലൂടെ ശീലങ്ങളും വാസനകളും പകർന്നു തന്ന ഞങ്ങളുടെ പ്രിയപ്പെട്ട മുത്തശ്ശിക്ക് **ഓണാശംസകൾ.** ജയകൃഷ്ണൻ, കൃഷ്ണ പ്രിയ,വെള്ളയോട്ടില്ലം, കണ്ണൂക്കര,മടപ്പള്ളി കോളേജ്പോസ്റ്റ്, പിൻ: 673102 കോഴിക്കോട്



അവനിക (അക്കു) ശിഖ (അമ്മിണി) സിദ്ധാർത്ഥ് (സിദ്ധു) എല്ലാർക്കും ഞങ്ങടെ
**പുന്നാര ആശംസകൾ.**
'ദേവദയ' ടെമ്പിൾ റോഡ്കോടനാട്.പി.ഓ, പെരുമ്പാവൂർ,എറണാകുളം ജില്ല, പിൻ: 683544,ഫോൺ :9605741529/9400549814



ഓണാശംസകളോടെ
മേധ ശ്രീനാഥ്, അച്ഛൻ:ശ്രീനാഥ്.സി.ജെ, അമ്മ:ഹൃദ്യ ശ്രീനാഥ്, ചേറ്റൂർ ഇല്ലം (മേക്കാട്ട് ഇല്ലം)കാരാപ്പുഴ, കോട്ടയം, മൊബൈൽ: 944722984






11/5/2021 ന് മൂന്നാം പിറന്നാൾ ആഘോഷിച്ച കിങ്ങിണിക്കുട്ടിക്ക് അമ്മിണിയോപ്പോൾടെ
**ആശംസകൾ**
(ആര്യ, നാറണിയാട്ടില്ലം, ഫറോക്ക്)
മൊബൈൽ 8089885587



ഇല്ലത്തേയുംഅമ്മാത്തേയും മുത്തശ്ശിമുത്തശ്ശന്മാർക്ക് ഞങ്ങളുടെ സ്നേഹം നിറഞ്ഞ
**ഓണാശംസകൾ**
ആര്യ കൃഷ്ണ & അഞ്ജലി കൃഷ്ണ
പഴങ്ങോട്ടുപറ്റ
മൊബൈൽ:9745137987



മക്കൾക്കും കൊച്ചുമക്കൾക്കും ഹൃദയം നിറഞ്ഞ
**ഓണാശംസകൾ**
നേരുന്നു
ആലപ്പുഴ ബുധനൂർ അടിമുറ്റത്തു മഠത്തിലെ സുഭദ്രാദേവി അന്തർജ്ജനം



എല്ലാ ഉപഭോക്താക്കൾക്കും ഹൃദയം നിറഞ്ഞ
**ഓണാശംസകൾ**
ജനനി ഹോം പ്രോഡക്ട്സ് പെരുമ്പിള്ളിശ്ശേരി
തൃശൂർ പിൻ: 680561
ഫോൺ: 04872342850
മൊബൈൽ 9447055495
www.jananiproducts.com



ഇല്ലപ്പെരുമയും മറ്റുമായി എല്ലാവിഭാഗം സഭാംഗങ്ങൾക്കും ഉചിതമായ രചനകൾ സമ്മാനിക്കുന്ന സ്വസ്തിക്ക്
**ഓണാശംസകൾ**
അപർണ. എൻ.എസ്. പൂർണിമ. എൻ. എസ്, നീലമന ഇല്ലം,ഫറോക്ക്:
മൊബൈൽ: 9847324169



എല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ
**ഓണാശംസകൾ**
അരീക്കര ഹരീഷ് ദേവിക ദമ്പതിമാരുടെ പുത്രി.ശ്രീനിഭ'ശ്രീഹരി',അരീക്കര മന,പോസ്റ്റ് നടുവട്ടം,കുറ്റിപ്പുറം.
8593972928




## പതിനാലാം വയസ്സിൽ

# പ്രധാനമന്ത്രി




**എംബിബിഎസ് എടുത്ത് ഡോക്ടറായ ശേഷം സിവിൽ സർവീസിനു വേണ്ടി പ്രയത്നിക്കുക എന്നതാണ് പ്ലാൻ. സിവിൽ സർവീസിൽ ചേർന്ന ശേഷം സൗജന്യമായി ചികിത്സ നടത്തുകയും. സിവിൽ സർവീസ് നേടിയ കുറേ പേരെ പരിചയമുണ്ട്. ഏതുലെവലിൽ പരിശ്രമം വേണമെന്നതിനെപ്പറ്റിയും കുറച്ചൊക്കെ ധാരണയാക്കിയിട്ടുണ്ട്. കോച്ചിംഗ് സെന്ററുകൾ, സിലബസ്, മോക്ക് ഇന്റർവ്യൂ, തുടങ്ങി അടിസ്ഥാനവിവരങ്ങളും ഓരോ ദിവസവും പഠിച്ചു വരുന്നു.**

മത്സരിച്ച് കഴിവ് തെളിയിച്ച് പ്രധാനമന്ത്രിയായ ഒരു ഉണ്ണി നമ്പൂതിരി. ഇന്ത്യൻ പ്രധാനമന്ത്രിയല്ല, ആലപ്പുഴയുടെ പ്രധാനമന്ത്രി. ശിശുക്ഷേമസമിതിയാണ് ഒമ്പതാം ക്ലാസുകാരനായ സനൂപ് നമ്പൂതിരിയെ കുട്ടികളുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തത്. തുടർച്ചയായി രണ്ടു വർഷം ഉപപ്രധാനമന്ത്രിയുമായിരുന്നു.

നേതൃപാടവം, വാക്ചാതുരി മറ്റു കഴിവുകൾ തുടങ്ങി പല വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. ചർച്ചകളിലെ മികവ്, പ്രസംഗമത്സരത്തിലെ വിജയം, എതൊരു വിഷയത്തിലും തന്റേതായ അഭിപ്രായവും നിലപാടും ഉണ്ടാക്കാനുള്ള കഴിവ്. അങ്ങനെ പലതുണ്ട്. അങ്ങനെയെല്ലാം സാധിക്കണമെങ്കിൽ പരന്ന വായനയും അപഗ്രഥനശേഷിയും വേണം.

സനൂപിനെക്കുറിച്ച് ചിലതു പറയാം. ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന പരീക്ഷയാണ് യു.എസ്.എസ് സ്കോളർഷിപ്പ്. ആ പരീക്ഷയിൽ 2018ൽ 80% മാർക്ക് നേടി ഗിഫ്റ്റഡ് ചിൽഡ്രൻ എന്ന സ്ഥാനം ലഭിച്ചു. ഉയർന്ന മാർക്ക് നേടുന്ന എഴുപതിലധികം കുട്ടികളെയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ ആയി തിരഞ്ഞെടുക്കുന്നത്. അങ്ങനെവ്യക്തിത്വവികസന ക്ലാസുകളും മഹത് വ്യക്തികളുമായി അഭിമുഖത്തിനും അവസരമൊരുങ്ങി. തുടർന്ന് പ്രതിഭാ പോഷണ പരിപാടിയുടെ ഭാഗമായി ക്ലാസുകൾ നയിക്കാനും അവസരം ലഭിച്ചു. എട്ടാം ക്ലാസുകാരനായ ഒരു കുട്ടി മറ്റുള്ളവർക്ക് ക്ലാസെടുക്കുക. അങ്ങനെയാണ് നേതൃപാടവത്തിനു തുടക്കം.

മത്സരിച്ച് കഴിവുകൾ തെളിയിച്ച അവസരങ്ങൾ നിരവധിയാണ്. 2019ൽ മലയാള മനോരമയും അഖില കേരള ബാലജനസഖ്യവും നടത്തിയ പി.സി.അലക്സാണ്ടർ മെമ്മോറിയൽ സംസ്ഥാന പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം. 2020ൽ വിൻഡോ ക്ലാസ്സും അഖില കേരള ബാലജനസഖ്യവും ചേർ

*ഈ ക്യു ആർ കോഡ് സ്കാൻ ചെയ്താൽ കാണാം കേൾക്കാം സനൂപിനെ*

ന്ന് സംഘടിപ്പിച്ച പുതിയ ആശയങ്ങളുടെ മത്സരത്തിൽ ഫസ്റ്റ് റണ്ണർഅപ്പ് . 2021കേരളബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് സ്കോളർഷിപ്പ്. ഇന്ത്യൻ സ്പേയ്സ് റിസർച് ഓർഗനൈസേഷൻ നടത്തിയ പ്രസംഗമത്സരത്തിൽ റണ്ണർ അപ്പ്. അങ്ങനെയങ്ങനെ...

പുതിയ ആശയങ്ങൾക്കായുള്ള മത്സരം കേരളം മുഴുവനുമുള്ള കുട്ടികൾക്ക് വേണ്ടിയായിരുന്നു.അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നൂറോളം മികച്ച കുട്ടികൾ. അവരുടെ ക്രിയാത്മകമായ ചിന്തകളിൽ നിന്ന് പുതിയ ആശയമുണ്ടാവണം.അവയിൽ നന്നായി പ്രവർത്തിക്കുന്ന മോഡലുകൾ തിരഞ്ഞെടുത്തു. അങ്ങനെ 30 കുട്ടികളിലേക്ക്. പിന്നെ അഭിമുഖം. നല്ല ആശയങ്ങൾ അവതരിപ്പിച്ചവരെ ഇൻറർവ്യൂവിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുന്നു. അങ്ങനെ 5 മികച്ച വിദ്യാർത്ഥികളിൽ ഒരാളായി. പോക്കറ്റിൽ കൊണ്ടുനടക്കാവുന്ന ലൈറ്റർ ഉപയോഗിച്ച് സാനിറ്റൈസർ ഉണ്ടാക്കിയതായിരുന്നു മികവ്. അത് സ്വന്തം ആശയമായിരുന്നു.

കോവിഡിനു മുൻപ് രണ്ട് വേദികളിൽ പബ്ലിക് സ്പീക്കിങ്ങ് ക്ലാസ്സുകൾ അവതരിപ്പിച്ചിരുന്നു. ലോക്ഡൌൺ കാലത്ത് വിർചൽ പ്ളാറ്റ്ഫോമിലൂടെ ക്ലാസ് നടത്താനും അവസരം ലഭിച്ചു. അഖില കേരള ബാലജനസഖ്യത്തിൽ ആലപ്പുഴ ജില്ലയുടെ 8 നേതാക്കളിൽ ഒരാളായി ഇലക്ഷനിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. അതിന്റെ സേവനവിഭാഗം കൺവീനറായി. സ്വദേശമായ ഹരിപ്പാട് സംഘടനാ നേതൃത്വം വഹിച്ചുകൊണ്ട് മുന്നൂറിലധികം കുട്ടികൾക്ക് വ്യക്തിത്വ വികസന, പരീക്ഷാപഠന ക്ലാസുകൾ നൽകി. ചേപ്പാട് പ്രത്യാശ ദീപം ബാലഭവനിൽ കുട്ടികളുടെ പ്രധാനമന്ത്രിയായി സഹനേതാക്കളോടൊപ്പം കാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകി.

*ആലപ്പുഴയിൽ നടന്ന സ്റ്റേറ്റ് ചിൽഡ്രൻ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി ക്ളബ് എഫ്. എം ആർ.ജെകൾ നടത്തിയ പേഴ്സണാലിറ്റി ടാലന്റ് ഇന്റർവ്യൂവിലൂടെ കണ്ടത്തിയ3 കുട്ടികളിൽ ഒന്നാമനായി. ക്ലബ് എഫ്.എമ്മിന്റെ കയറിവരും ആലപ്പുഴ എന്ന പ്രോഗ്രാമിൽ അതിഥിയായും പങ്കെടുത്തു. ഇപ്പോൾ എന്റർട്യൂബർ എന്ന ചാനലിൽ പ്രോഗ്രാമുകൾ അപ്‌ലോഡ് ചെയ്യുന്നു. വിദ്യാർഥി, യൂട്യൂബർ, പബ്ളിക് സ്പീക്കർ...*

ഇപ്പോൾ മനസ്സിലുള്ള പ്ലാൻ എംബിബിഎസ് എടുത്ത് ഡോക്ടറായ ശേഷം സിവിൽ സർവീസിനു വേണ്ടി പ്രയത്നിക്കുക എന്നതാണ്. സിവിൽ സർവീസിൽ ചേർന്ന ശേഷം സൗജന്യമായി ചികിത്സ നടത്തുകയും. ഇത് എത്രമാത്രം വിജയകരമാവുമെന്ന് അറിയില്ല. സിവിൽ സർവീസ് നേടിയ കുറേ പേരെ പരിചയമുണ്ട്. അവരിൽ ജനറൽ കാറ്റഗറിയിലുള്ളവരെ പരിചയമുണ്ട്. ഏതുലെവലിൽ പരിശ്രമം വേണമെന്നതിനെപ്പറ്റിയും കുറച്ചൊക്കെ ധാരണയാക്കിയിട്ടുണ്ട്. കോച്ചിംഗ് സെന്ററുകൾ, സിലബസ്, മോക്ക് ഇന്റർവ്യൂ, തുടങ്ങി അടിസ്ഥാനവിവരങ്ങളും ഓരോ ദിവസവും പഠിച്ചു വരുന്നു.

മണ്ണാറശാല യു പി എസിലെ ഗണിത അധ്യാപകനായ എസ് ആര്യൻ നമ്പൂതിരിയുടെയും കൊല്ലം ശാസ്താംകോട്ട അടിമുറ്റത്ത് മഠത്തിൽ ശ്രീവിദ്യ എസ് ഭട്ടതിരിയുടെയും മകനാണ്.

അനുജൻ ശ്രീകേശ്.ഹരിപ്പാട് ഉപസഭയിൽ അംഗമാണ്. ഹോബി:വായന,വയലിൻ, സംഗീതം,എഴുത്ത്,ഗിറ്റാർ,ചിത്രരചന. ഹരിപ്പാട് ഗവൺമെൻറ് എച്ച് എസ് ഫോർ ബോയ്സിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ് ●

വിലാസം: കിഴികുളത്ത് ഇല്ലം,
മണ്ണാറശാല, പി.ഒ. ഹരിപ്പാട്,
ആലപ്പുഴ ജില്ല,
മൊബൈൽ 9446856106
email:skgiftedtalker1729@gmail.com

# ബാഡ്മിന്റനിലെ ദേവൻ




കഴിഞ്ഞ ജനുവരി 16 ന് തിരുവനന്തപുരം വെള്ളായണിയിലെ ജി.പി ബാഡ്മിന്റൻ അക്കാദമിയിൽ വെച്ച് ഓൾ കേരള അടിസ്ഥാനത്തിൽ ജൂനിയർ ബാഡ്മിന്റിൻ ടൂർണമെന്റ് നടത്തി. അണ്ടർ 11 വിഭാഗത്തിലെ കേരള ജൂനിയർ ബാഡ്മിന്റൻ ടൂർണമെന്റ്. അിന്റെ സിംഗിൾസ് കാറ്റഗറിയിൽ നമുക്കിടയിലെ ഒരു ഉണ്ണിയും പങ്കാളിയായി. സാധാരണ നിലയിൽ നമ്പൂതിരിമാരുടെ സാന്നിദ്ധ്യം കുറഞ്ഞ ഒരു കളിയിൽ.

ദേവ നാരായണൻ എന്നാണ് ഉണ്ണിയുടെ പേര്. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഉപസഭ അംഗമായ ഹരികൃഷ്ണന്റെയും ലക്ഷ്മി നമ്പൂതിരിയുടെയും മകൻ. വെള്ളനാട് ഗവണ്മെന്റ് എൽ.പി സ്കൂളിലെ നാലാം തരം വിദ്യാർഥിയാണ് ദേവൻ. ഇപ്പോൾ പത്തു വയസ്സുകാരൻ.

തന്റെ 4-ാം വയസ്സ് മുതൽ ബാഡ്മിന്റണിൽ അതീവ താത്പര്യം പ്രകടിപ്പിക്കുന്നു. ദേവന്റെ അതീവ താത്പര്യവും ബാഡ്മിന്റനോടുള്ള കെടാത്ത ആവേശവും മനസിലാക്കിയ അച്ഛൻ ഹരികൃഷ്ണൻ ദേവനെ പരിശീലനത്തിന് അയച്ചു. അങ്ങനെയാണ് കളിയുടെ സൂക്ഷ്മമായ ടെക്നിക്കുകൾ വശപ്പെടുത്തിയത്. അതുവഴി ദേവനിലെ പ്രതിഭയെ മൂർച്ചക്കൂട്ടി എടുക്കുകയും ചെയ്തു.

നാലാം വയസ്സിൽ തുടങ്ങിയ പരിശീലനം 6 വർഷത്തിന് ഇപ്പുറം ഇന്നും ഒരു മുടക്കവും കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നു. ഈ വർഷങ്ങൾക്കിടയിൽ പഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെയുള്ള നിരവധി മത്സരങ്ങളിൽ പങ്കെടുക്കുകയും പലതിലും സമ്മാനർഹനവുകയും ചെയ്തിട്ടുണ്ട്. കായികരംഗത്തു മാത്രമല്ല കലാരംഗത്തും തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. ഗവണ്മെന്റ് എൽ.പി.എസ് വെള്ളനാട് സ്കൂളിലെ റേഡിയോ ജോക്കി കൂടിയാണ് ദേവൻ. ●

ഹരി കൃഷ്ണൻ, തെക്കേ മഠം,
കുറിഞ്ഞിലക്കോട്, മണ്ടേല,
വെള്ളനാട് പി.ഒ. തിരുവനന്തപുരം
പിൻ : 695543 **ഫോൺ : 9746919063**

*ജി.പി ബാഡ്മിന്റൻ അക്കാദമി, വെള്ളായണിയിൽ വെച്ച് നടത്തിയ ഓൾ കേരള ജൂനിയർ ബാഡ്മിന്റിൻ ടൂർണമെന്റിൽ അണ്ടർ 11സിംഗിൾസ് കാറ്റഗറിയിൽ സമ്മാനിതനായപ്പോൾ.*

# സംഗീതത്തിലെ അഭിരാമി

തെക്കൻ കേരളത്തിൽ കർണ്ണാടക സംഗീതത്തിലെ മത്സരങ്ങൾ നടന്നാൽ പലപ്പോഴും അഭിരാമിയാവും ഒന്നാമത്. സി.ബി.എസ്.സിയുടെ സഹോദയ കലോത്സവത്തിൽ കഴിഞ്ഞ വർഷം പത്തനംതിട്ട, ആലപ്പുഴ, കൊല്ലം ജില്ലകളടങ്ങിയ മധ്യമേഖലയിൽ ഈ പത്താംക്ലാസുകാരിയാണ് ജേതാവായത്. ഇതിനകം നിരവധി വേദികളിൽ അരങ്ങേറിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷമായി കർണ്ണാടക സംഗീതം അഭ്യസിക്കുന്നു.

തപസ്യ കലാസാഹിത്യവേദി ആലപ്പുഴ ജില്ലാ വിജയി.നെയ്യാറ്റിൻകര മോഹനചന്ദ്രൻ സ്മാരക കർണാടക സംഗീത മത്സര വിജയി.അഖില കേരള രാമായണ മേളയിൽ ഒന്നാം സ്ഥാനം.അങ്ങനെ വേറെയും. ഇപ്പോൾ അമ്പലങ്ങളിൽ കർണാടക സംഗീത കച്ചേരികൾ അവതരിപ്പിക്കുന്നു. സംഗീത ഉത്സവങ്ങളിൽ പങ്കെടുക്കുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെ ലൈവ് കൺസേർട്ടും അവതരിപ്പിക്കുന്നു. സാത്വികം എന്ന യൂട്യൂബ് ചാനലിനു വേണ്ടി ആൽബം. പനച്ചിക്കാട് മൂകാംബിക ക്ഷേത്രത്തിൽ നടത്തിയ സംഗീതാരാധന ആകാശവാണിയും കൊട്ടാരക്കര ഗണപതി അമ്പലത്തിലെ കച്ചേരി എ.സി.വിയും എയർ ചെയ്തു. അമൃത ടിവി സന്ധ്യാദീപം പരിപാടിയിലും പങ്കെടുത്തു. സംഗീതസംവിധാനവും ചെയ്യാറുണ്ട്. ഇതോടൊപ്പം പഠനത്തിലും കായിക രംഗത്തും മികവുണ്ട്. സംസ്ഥാന ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ് പോലുള്ള കായിക ഇനങ്ങളിലും പങ്കെടുത്തു. സ്കോളർഷിപ്പ് പരീക്ഷകളിലും വിജയിയാണ്. ●



കുടുംബം: മാമ്പറ്റ ഇല്ലം, മാതാപിതാക്കൾ: രാജി അജയൻ ,അജയൻ പരമേശ്വരൻ ,സ്ഥലം: വനവാതുക്കര, ചെങ്ങന്നൂർ, ആലപ്പുഴ
ഫോൺ: 9496689240

# ചടങ്ങുകൾ കഴിപ്പിക്കും ഈ കൊച്ചു ഓതിക്കൻ



**കെ ശിവപ്രസാദ്**



രണ്ടു വർഷം മുമ്പ് ഓതിക്കനായ അച്ഛൻ കൃഷ്ണപ്രസാദിന്റെ കൂടെ ഒരു മഠത്തിൽ പോയതായിരുന്നു ശ്രീമാധവ്. ഒമ്പതു വയസുകാരൻ ശ്രീമാധവിനും ചടങ്ങുകളെല്ലാം അറിയുമെന്നു പറഞ്ഞപ്പോൾ അവർക്ക് അദ്ഭുതം. ഒടുവിൽ അവിടെ ആ ചടങ്ങിന് സമ്പൂർണ്ണകർമ്മിയായി ആ കുട്ടി! ഏവരും അദ്ഭുതപ്പെട്ടു പോയി !!

വേദം പഠിക്കണം എന്നു പറഞ്ഞ് ഒരു വിദ്യാലയത്തിൽ ചേർന്ന ഒരു കുട്ടിയെയും അടുത്ത കാലത്തൊന്നും കണ്ടിട്ടില്ല. അതും യജുർവേദം. മുതിർന്നവർ ആരെങ്കിലുമൊക്കെ പഠിക്കുന്നുണ്ടാവാം. എന്നാൽ ഇത്ര ചെറിയ പ്രായത്തിൽ ഒരു കുട്ടി സ്വന്തം താല്പര്യത്തിൽ ഇങ്ങനെ ചെയ്യുന്നത് അപൂർവമാണ്.

എട്ടാം വയസ്സിൽ ഉപനയനം കഴിഞ്ഞു എല്ലാ വ്രതങ്ങളോടും കൂടി സമാവർത്തനവും പൂർത്തിയാക്കി. ബ്രഹ്മചര്യാകാലത്ത് പുണ്യാഹവും വേദാദിയും അവശ്യ സൂക്തങ്ങളും പിന്നീട് തേവാരവും സ്വായത്തമാക്കി. കേരളക്കരയിൽ ശ്രൗതസമ്പ്രദായത്തിൽ പ്രധാന പരമ്പരയായി വർത്തിക്കുന്ന കൈമുക്ക് മനയിലെ ശിഷ്യൻ കീഴാനല്ലൂർ ഭവൻ നമ്പൂതിരിയുടെ ശിഷ്യൻ ആണ് ആമ്പാടി എന്ന വിളിപ്പേരുള്ള ശ്രീമാധവ്.

രാഘവപുരം സഭായോഗത്തിന്റെ ചെറുതാഴം രാമപാദം, അറത്തിൽ ചേറ്റൂർ, കൈമുക്ക് മന, കിളിമാനൂർ വൈയാസകി എന്നീ വേദപാഠശാലകളിൽ ഒന്നായ അറത്തിൽ ചേറ്റൂർ വേദപാഠശാലയിലെ വേദവിദ്യാർത്ഥിയാണ് ശ്രീമാധവ്. ഇപ്പോൾ കൃഷ്ണയജുർവേദത്തിലെ എട്ടാം പർച്ചം(അദ്ധ്യായം)പഠിച്ചു കൊണ്ടിരിക്കുന്നു. രണ്ടു തലമുറയ്ക്കിപ്പുറം തിരുവിതാംകൂർകാരനായ യജുർവേദ വിദ്യാർത്ഥിയാണ് ശ്രീമാധവ്.

ഗുരുകുല സമ്പ്രദായത്തിൽ വേദം അഭ്യസിക്കുന്നതോടൊപ്പം സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും തുടരുന്നു. നമ്മുടെ സംസ്കാരവും വേദ ഉപനിഷത്തുകളും അന്യം നിന്നു പോകില്ല എന്നതിന് ഉറപ്പാണ് ഈ കൊച്ചു മിടുക്കൻ. തിരുവനന്തപുരത്തെ കരകുളത്ത് കുന്നൂർശാല നീലമനയിൽ ഓതിക്കോൻ കൃഷ്ണപ്രസാദിന്റെയും ദുർഗ്ഗയുടേയും മകനാണ്. പ്രസിദ്ധജ്യോതിഷപണ്ഡിതനായിരുന്ന കരകുളം കൃഷ്ണൻ പോറ്റിയുടെ പ്രപൗത്രനുമാണ് ഈ പതിനൊന്നുകാരൻ. സഹോദരി സാവിത്രി.●

കെ ശിവപ്രസാദ്,സെക്രട്ടറി,
കരകുളം ഉപസഭ, തിരുവനന്തപുരം
മൊബൈൽ: 9447553833

*അച്ഛൻ: കെ. കൃഷ്ണപ്രസാദ്. കുന്നൂർശാല നീലമന,കാച്ചാണി, കരകുളം, തിരുവനന്തപുരം പിൻ: 695564മൊബൈൽ: 9447583117*

**ഇൻസ്പയർ ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ്**

# പാർവതി പഠിച്ചു നേടുന്നത് മാസം തോറും 5000 രൂപ



ബി.എസ്.സിക്ക് പഠിക്കാൻ മാസം തോറും ഇങ്ങോട്ടു കിട്ടുന്നത് 5000 രൂപ! പലർക്കും അറിയാത്തതാണ് ഇത്. പലർക്കും കിട്ടാത്തതും. നമുക്കിടയിലെ ഒരു മിടുക്കി ഈ സ്കോളർഷിപ്പ് പ്രകാരം മാസം തോറും 5000 നേടിക്കൊണ്ടിരുന്നു. വില്യാപ്പള്ളി രയരോത്ത് ഇല്ലത്തെ പാർവതി.

ബിരുദതലത്തിൽ ശാസ്ത്രവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രശാസ്ത്ര സാങ്കേതിക വകുപ്പ് നൽകുന്ന ആകർഷകമായ സ്കോളർഷിപ്പാണ് ഇൻസ്പയർ ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ്. ശാസ്ത്ര വിഷയങ്ങളിൽ പ്ലസ് ടുവിനും ബിരുദതലത്തിലും ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ആണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു പരീക്ഷയിൽ അതതു ബോർഡുകളിൽ മുന്നിലെത്തുന്ന ഒരു ശതമാനം വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. പ്രതിമാസം 5000 രൂപ നിരക്കിൽ ഒരു വർഷം 60000 രൂപ. അങ്ങനെ മൂന്നു വർഷം ലഭിക്കും. തുടർന്ന് പിജി തലത്തിൽ രണ്ടുവർഷവും ഈ സ്കോളർഷിപ്പ് ലഭിക്കും. ഇതിനു പുറമെ സമ്മർ ടൈം റിസർച്ച് പ്രൊജക്റ്റ് ചെയ്യുന്നതിനായി 20000 രൂപയും. പാർവതിക്ക് 2018-19 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.ഇപ്പോൾ മടപ്പള്ളി ഗവണ്മെന്റ് കോളേജിൽ മൂന്നാം വർഷ ബി.എസ്.സി ഫിസിക്സ് വിദ്യാർത്ഥിനിയാണ്.ഫിസിക്സിൽ ഉപരിപഠനം നടത്താനാണ് ആഗ്രഹം.

പ്ലസ് ടുവിന് വടകര ജി.എച്ച്.എസ്.എസിലായിരുന്നു. 98.75 ശതമാനം മാർക്ക്. പത്രങ്ങളിലൂടെയും പിന്നീട് കോളേജ് അധ്യാപകർ വഴിയുമാണ് ഇൻസ്പയറിനെക്കുറിച്ച് അറിഞ്ഞത് . ഉയർന്ന മാർക്കുണ്ടായിട്ടും മെഡിസിൻ/ ഐ.ഐ.ടി.പോലുള്ളതിൽ താല്പര്യം ഇല്ലായിരുന്നതുകൊണ്ട് അത്തരം എൻട്രൻസൊന്നും എഴുതിയില്ല. ബെംഗളൂരു ഐ.ഐ.എസ് സിയുടെ എൻട്രൻസും എഴുതിയിരുന്നില്ല. ഹൈദരാബാദ് യൂണിവേഴ്സിറ്റിയുടെ ഇന്റഗ്രേറ്റഡ് എൻട്രൻസ് എഴുതിയിരുന്നു. അതിൽ റാങ്ക് 40 ആയിരുന്നു. സെൻട്രൽ യൂണിവേഴ്സിറ്റികളിൽ പി.ജി ചെയ്യാനാണ് ആഗ്രഹം. വീട്ടിനടുത്തായത് കൊണ്ടും നല്ല ഡിപ്പാർട്മെന്റ് ആയതുകൊണ്ടും മടപ്പള്ളി കോളേജ് തിരഞ്ഞെടുത്തു. കൊയിലാണ്ടി കുറുവങ്ങാട് സെൻട്രൽ യു.പി സ്കൂൾ പ്രധാനഅധ്യാപകനാണ് അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂതിരി. രയരോത്താണ് ഇല്ലം. വടകര വില്യാപ്പള്ളിയിലെ അമ്മ എൻ ഇ ലതയും അധ്യാപികയാണ്. അനിയൻ അഭയ് കേശവ് പ്ലസ് ടു വിദ്യാർത്ഥിയാണ്. ●

മൊബൈൽ : 9446255290

## ഗൌതം ഇൻസ്പയർ ചെയ്യുന്നു



പൊരി വെയിലത്താണ് പാടത്തെ പണി മുഴുവനും.ആ വെയിലിനെ ഊർജമാക്കി മാറ്റിയാലോ. നിലമുഴാൻ ഉപയോഗിക്കുന്ന ടില്ലർ പ്രവർത്തിപ്പിക്കാൻ സോളാർ പവർ. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഇൻസ്പയർ അവാർഡിന് ഗൌതം വിഷ്ണുവിനെ അർഹനാക്കിയത് ഈ ചിന്തയാണ്.

കോഴിക്കോട് ചാത്തമംഗലം ഒഴലൂർ പാതിരിശ്ശേരി ഇല്ലത്തെ ശ്രീകുമാറിന്റെയും സ്മിതയുടെയും മകനാണ് ഈ മിടുക്കൻ.

ചാത്തമംഗലം എയുപി സ്കൂൾ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ ഗൌതം വിഷ്ണു സമർപ്പിച്ച പ്രൊജക്ട് ഇങ്ങനെയൊന്നായിരുന്നു. ചുറ്റുപാടുകളെ നിരീക്ഷിച്ച് പഠിച്ച കാര്യങ്ങൾ ഉപയോഗിച്ച് പുത്തൻ ആശയങ്ങൾ അവതരിപ്പിക്കുക. ഇങ്ങനെ ലഭിക്കുന്ന ആശയങ്ങളുടെ മികവ് നോക്കിയാണ് ഇൻസ്പയർ അവാർഡിന് തിരഞ്ഞെടുക്കുക. സോളാർ പവർ, റോബോട്ടിക്സ്, എൻവയോൺമെന്റ്, പൊല്യൂഷൻ തുടങ്ങി പല മേഖലകളും കൂട്ടിയിണക്കുന്നതാണ് ഗൌതം വിഷ്ണുവിന്റെ പ്രോജക്ട്.

എൽ.എസ്.എസ്, സംസ്കൃതം സ്കോളർഷിപ്പ് എന്നിവയും ലഭിച്ചിട്ടുണ്ട്. സ്കൂളിലെ സംസ്കൃത നാടകം, തെരുവുനാടകം ട്രൂപ്പിൽ അംഗമാണ് .അച്ഛൻ പി.വി.ശ്രീകുമാർ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ അസി. സെക്രട്ടറിയാണ്. അമ്മ ആർ.കെ സ്മിത എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റിൽ ക്ലാർക്ക്. ●

മൊബൈൽ 9846230753

# ഏറ്റവും പ്രായം കുറഞ്ഞ തന്ത്രി

ഒരു പക്ഷേ കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ തന്ത്രി കരുമാരത്തെ ശ്രീരാം.കെ നമ്പൂതിരിപ്പാട് ആയിരിക്കും. അമ്മ വഴിക്കും അച്ഛൻ വഴിക്കും ശ്രീരാമിന്റെ പാരമ്പര്യം വലുതാണ്. മലബാറിലെ പ്രശസ്തമായ താന്ത്രിക പരമ്പരയിലുള്ള ഇല്ലമാണ് കണ്ണൂർ കൊളച്ചേരിയിലെ കരുമാരത്തില്ലം. അമ്മാത്താണെങ്കിൽ പ്രമുഖ മനോരോഗ ചികിത്സാ കേന്ദ്രമായ മഞ്ചേരിയിലെ പൂങ്കുടിൽ മനയും.

നാലു വർഷം മുമ്പ് കണ്ണാടി പറമ്പിൽ നടന്ന മഹാരുദ്ര യജ്ഞത്തിൽ കാർമ്മികത്വം വഹിച്ച ഒമ്പതു വയസ്സുകാരൻ ശ്രീരാം.കെ നമ്പൂതിരിപ്പാട് ശ്രദ്ധേയനായിരുന്നു. ഇപ്പോഴത്തെ തന്ത്രിമുഖ്യൻ കരുമാരത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാടാണ്. ഈ പരമ്പരയിലെ ഇളയ തലമുറക്കാരനാണ് ശ്രീരാം.കെ നമ്പൂതിരിപ്പാട്.

പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ അനുജൻ രാമൻ നമ്പൂതിരിപ്പാടിന്റെ മകൻ കരുമാരത്തില്ലത്ത് കൃഷ്ണകുമാർ നമ്പൂതിരിപ്പാടിന്റെ മകനാണ് പെരുമാച്ചേരി എ.യു.പി. സ്കൂളിലെ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായ ശ്രീരാം. എട്ടാം വയസിൽ ഉപനയനം കഴിഞ്ഞ് ഒരു വർഷം കൊണ്ടു തന്നെ പൂജാദികർമങ്ങളും സൂക്തങ്ങളും ശ്രീരുദ്ര മന്ത്രങ്ങളുമൊക്കെ അഭ്യസിച്ചു കഴിഞ്ഞു. ഇരിങ്ങാലക്കുടയിലെ ആചാര്യന്മാരുടെ കീഴിൽ വേദപഠനം നടത്തിക്കൊണ്ടിരിക്കുന്നു. യജുർവേദത്തിലാണ് കൂടുതൽ ശ്രദ്ധ.

അസാമാന്യ പാടവമാണ് പൂജാദി തന്ത്രകർമ്മങ്ങളിൽ ശ്രീരാം പ്രകടിപ്പിക്കുന്നതെന്ന് ഗുരുസ്ഥാനത്ത് നിൽക്കുന്ന അച്ഛൻ കൃഷ്ണകുമാർ നമ്പൂതിരിപ്പാട് പറയുന്നു. കാലത്ത് 3 മണിക്ക് എഴുന്നേറ്റ് പ്രാതസന്ധ്യാവന്ദനം കഴിഞ്ഞ് ഇല്ലത്തെ പരദേവതാ ക്ഷേത്രത്തിലെ തേവാരവും പൂജാകർമങ്ങളും ചെയ്താണ് വിദ്യാലയപഠനങ്ങളും മിടുക്കനായ ശ്രീരാം നടത്തുന്നത്. ഇതിനൊക്കെ പുറമെ കാരാട്ടേയിൽ ഗ്രീൻ ബെൽറ്റ്കാരൻ കൂടിയാണ് ഈ പ്രതിഭ.

നാലാം ക്ളാസിൽ പഠിക്കുമ്പോൾ കണ്ണാടിപ്പറമ്പ് ധർമശാ ശിവക്ഷേത്രത്തിൽ നടന്ന മഹാരുദ്രത്തിൽ അച്ഛനൊപ്പം ശ്രീരാം പങ്കെടുത്തിരുന്നു. അന്ന് ഭഗവതി സേവാകർമ്മങ്ങൾക്കും ഈ ഉണ്ണിനമ്പൂരിയാണ് കാർമികത്വം വഹിച്ചത്. മഞ്ചേരി പൂങ്കുടിൽ മനക്കലെ ശ്രീദേവി അന്തർജ്ജനമാണ് അമ്മ. സാന്ദീപനി വിദ്യാലയത്തിലെ നാലാം ക്ലാസ് വിദ്യാർത്ഥിനി ശ്രീവേദി ഏക സഹോദരിയാണ്. ●

കൃഷ്ണകുമാർ നമ്പൂതിരിപ്പാട്,
*മൊബൈൽ:9995745899*



സ്പോർട്സ് രംഗത്ത് നമ്പൂതിരിമാർ പൊതുവേ കുറവാണ്. എന്നാലിതാ ഒരു നമ്പൂതിരി പെൺകിടാവ് 'അണ്ടർ16' കാറ്റഗറിയിൽ കേരള ക്രിക്കറ്റ് ടീമിൽ കളിക്കുന്നു. പ്രമുഖ തന്ത്രി കുടുംബമായ അണ്ടലാടി മനയിലെ ഭദ്ര. സ്കൈ ഈസ് ദ ലിമിറ്റ് അല്ല ബിയോണ്ട് ദ സ്കൈ ആണ് സിക്സറിനും ബൗണ്ടറികൾക്കുമപ്പുറത്തെ ലക്ഷ്യം. ഉത്സാഹത്തിന്റെ ഈ കളിപ്പന്ത് പരിധികളെല്ലാം കടന്ന് വിഹരിക്കട്ടെ.

# ഹൗ ഈസ് ദാറ്റ്...



## മാന്തിട്ട വിഷ്ണു



2018ലെ കടുത്ത വേനൽക്കാലം. പോണ്ടിച്ചേരിയിലെ പ്രശസ്തമായ സ്റ്റേഡിയത്തിൽ ഒരു ക്രിക്കറ്റ് മാച്ച് നടക്കുകയാണ്.അണ്ടർ 16കാറ്റഗറിയിൽ പെൺകുട്ടികൾക്കായുള്ള ഇന്റർസ്റ്റേറ്റ് മത്സരം.

നമ്മെ സംബന്ധിച്ച് ആ മത്സരത്തിനൊരു പ്രത്യേകതയുണ്ടായിരുന്നു. ഒരു നമ്പൂതിരി പെൺകിടാവിന്റെ വീറും വാശിയും നിറഞ്ഞ മത്സരമായിരുന്നു അത്. പട്ടാമ്പിയിലെ പ്രശസ്ത തന്ത്രി കുടുംബമായ അണ്ടലാടി മനയിലെ ഭദ്രയായിരുന്നു ആ കുട്ടി.

വാടാനംകുറിശ്ശി സ്കൂളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനി.വിക്കറ്റിനെ ഡിഫൻഡ് ചെയ്തും അക്രമണോത്സുകയായും നിന്നിരുന്ന ബാറ്റർക്കെതിരെ പന്തെറിഞ്ഞുകൊണ്ടിരുന്നത് അവളാണ്. ഫിസിക്കൽ ഫിറ്റ്നസ് ഒരു പ്രധാന ഘടകമായിവരുന്ന മത്സരരംഗത്ത് പോരാടുകയാണ് ഒരു നമ്പൂതിരി പെൺകിടാവ്. അതും ഇന്റർ സ്റ്റേറ്റ് ലെവലിൽ. കൗതുകം തോന്നുന്നില്ലെ.

അതെ, ക്രിക്കറ്റ് ഫീൽഡിൽ ഉയർന്നുവരുന്ന ഒരു താരത്തെ സ്വസ്തി വായനക്കാർക്ക് പരിചയപ്പെടുത്താനാണ് ഈ കുറിപ്പ്. അറിയാം ഭദ്ര പരമേശ്വരന്റെ വിശേഷങ്ങൾ.

ഇല്ലപ്പറമ്പിൽ ബന്ധുക്കളോടൊത്തും കൂട്ടുകാരോടൊത്തും കളികളിൽ ഏർപ്പെട്ടിരുന്ന ഭദ്രയ്ക്ക് ക്രിക്കറ്റ് കളിയോട് പ്രത്യേക താല്പര്യം തോന്നി. ബന്ധുക്കളും സുഹൃത്തുക്കളും ഭദ്രയിൽ ഒളിഞ്ഞിരിക്കുന്ന ഒരു ക്രിക്കറ്റ് താരത്തെ തിരിച്ചറിഞ്ഞു.

പട്ടാമ്പിക്കടുത്തുള്ള ചൂരക്കോട് മേയ്ക്കാട് മനയിലെ നാരായണൻ നമ്പൂതിരി (ഇപ്പോൾ ശ്രീകൃഷ്ണപുരത്ത് താമസം), ഭദ്ര ക്രിക്കറ്റ് കളിക്കാൻ തുടങ്ങിയ നാൾ മുതൽ ശ്രദ്ധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എൺപത്തിയാറ് വയസ്സിലെ ത്തിനിൽക്കുന്ന അദ്ദേഹം മുമ്പ് ഹൈദ്രബാദ് ക്രിക്കറ്റ് ടീമിനുവേണ്ടി കളിച്ചിട്ടുമുണ്ട്. ബ്രാഡ്മാൻ തുടങ്ങി പല പ്രശസ്തരായ ക്രിക്കറ്റ് താരങ്ങളുടെ പുസ്തകങ്ങൾ ഭദ്രയ്ക്ക് പരിചയപ്പെടുത്തികൊടുത്തതും അദ്ദേഹം തന്നെ. ഇപ്പോഴും ഭദ്രയുടെ ക്രിക്കറ്റ് വിശേഷങ്ങൾ അന്വേഷിച്ചറിയുന്നുമുണ്ട്. അതെ, ഭദ്രയുടെ മെന്റർ ആയിത്തന്നെ അദ്ദേഹത്തെ കണക്കാക്കാം.

കളിക്കമ്പം മൂത്തപ്പോൾ ചിട്ടയോടെയുള്ള പരിശീലനത്തിനായി ഷൊർണ്ണൂരിലുള്ള ഒരു ക്രിക്കറ്റ് ക്ലബ്ബിന്റെ കോച്ചിങ് സെന്ററിലെത്തി. അത് ആൺകുട്ടികൾ മാത്രമായിരുന്നു. കളി പഠിച്ചെടുക്കാനുള്ള തീവ്രമായ ആഗ്രഹം കാരണം പ്രത്യേകിച്ചൊരു ജാള്യതയും തോന്നിയില്ല. കേന്ദ്രത്തിലെ പരിശീലകനും ഭദ്രയിലെ പ്രതിഭയെ പെട്ടെന്നു തിരിച്ചറിഞ്ഞു. കൂടുതൽ നിഷ്ക്കർഷയോടെയുള്ള പരിശീലനത്തിനായി പാലക്കാട്ടെ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കോച്ചിങ് സെന്ററിൽ ചേർക്കാൻ രക്ഷിതാക്കളോട് നിർദ്ദേശിക്കുകയും ചെയ്തു.

അങ്ങനെ പാലക്കാട്ടെത്തി. ശനി, ഞായർ ദിവസങ്ങളിൽ പരിശീലനം തുടർന്നു. അവിടെ പെൺകുട്ടികൾക്ക് മാത്രമായി ഒരു വിഭാഗവും ഉണ്ടായിരുന്നു.2018 ലും 2019 ലും അണ്ടർ 16 കാറ്റഗറിയിൽ പെൺകുട്ടികൾക്കായുള്ള ഇന്റർ സ്റ്റേറ്റ് മത്സരങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഈ മിടുക്കി കളിച്ചിട്ടുണ്ട്. ബൗളിങ്ങിലും ബാറ്റിങ്ങിലും ഒരുപോലെ സാമർത്ഥ്യം കാണിക്കുന്നതിനാൽ ആൾ റൗണ്ടർ എന്ന നിലയ്ക്കാണ് ടീമിൽ ഇടം നേടിയത്. ഇപ്പോൾ ബൗളിങ്ങിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കളി കാരണം പഠനം മോശമായിട്ടില്ല. അക്കാഡമിക് വിഷയങ്ങളിലും ഉന്നത

നിലവാരം പുലർത്തി വരുന്നു. എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡോടെ വാടാനംകുറുശ്ശി ഗവണ്മെന്റ് ഹൈസ്ക്കൂളിൽ നിന്ന് എസ് എസ് എൽ സി വിജയിച്ച് പാലക്കാട്ടെ മോയൻസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ പ്ലസ് ടു തുടരുകയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ ആലപ്പുഴയിലെ എസ്.ഡി. കോളേജ് ഗ്രൗണ്ടിൽവെച്ചു നടത്തിയ പിങ്ക് ടി 20 ചാലഞ്ചേഴ്സ് മത്സരങ്ങൾ പ്ലസ് ടു പരീക്ഷക്കു തൊട്ടു മുമ്പായിരുന്നു.

ഷൊർണ്ണൂരിലെ കോച്ചിങ്ങ് സെന്ററിൽ നിന്ന് പരിശീലകരായ മുരളി, ലെനിൻ പാലക്കാട്ടെ ജയൻ, വേണു, അനീഷ് എന്നിവരുടെയെല്ലാം ശിക്ഷണം ക്രിക്കറ്റുകാരിയെ മോൾഡ് ചെയ്യാനുപകരിച്ചു. പാലക്കാട്ടെ വേണുവാണ് ഇപ്പോൾ പ്രധാനമായും പരിശീലിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് യാത്രാപ്രശ്നങ്ങൾ വന്നപ്പോൾ, ഇല്ലത്തിനടുത്ത് പട്ടാമ്പിയിലുള്ള ഒരു കോച്ചിങ്ങ് സെന്ററിലെ ഹൈദർ , അഡ്വ.ജയകൃഷ്ണൻ , നൗഫൽ എന്നിവരുടെ അടുത്താണ് ഭദ്ര പരിശീലനം തുടർന്നത്.

പ്ലസ് ടു പരീക്ഷയ്ക്ക് ശേഷം, ബാംഗ്ലൂരിലെ കോച്ച് കൃഷ്ണകുമാറിൽ നിന്ന് ഓൺലൈനായി കൂടുതൽ നിഷ്ക്കർഷയോടെ പരിശീലനം തുടരാനാണ് ഉദ്ദേശിക്കുന്നത്.

അച്ഛൻ പരമേശ്വരൻ നമ്പൂതിരിപ്പാട് കാടാമ്പുഴ ക്ഷേത്രം, പാലക്കാട്ടെ പുത്തൂർ ക്ഷേത്രം തുടങ്ങിയ ഒട്ടേറെ ക്ഷേത്രങ്ങളിലെ തന്ത്രിയാണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ബി എഡ് ഡിഗ്രിയുമുള്ള അമ്മ രാധ പാലക്കാട്ടെ വി എച്ച് എസ് സി സ്ക്കൂളിലെ അദ്ധ്യാപികയാണ്. പട്ടാമ്പിക്കടുത്തുള്ള പേരാങ്ങല്ലൂർ മനയാണ് അമ്മാത്ത് . അന്തരിച്ച പ്രമുഖ താന്ത്രികാചാര്യൻ അണ്ടലാടി നാരായണൻ നമ്പൂതിരിപ്പാട് മുത്തശ്ശനാണ്. തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങിലുള്ള മാന്തിട്ട മനയാണ് ഭദ്രയുടെ മുത്തശ്ശി ഉണിക്കാളി അന്തർജ്ജനത്തിന്റെ ജന്മഗൃഹം. ഏക സഹോദരി അഞ്ജന എട്ടാംക്ലാസ്സിൽ പഠിക്കുന്നു.

താന്ത്രിക കുടുംബത്തിലെ നിഷ്ഠകളെല്ലാം കർശനമായി പാലിച്ചുകൊണ്ടുതന്നെയാണ് ജീവിതം. അച്ഛന്റെ ഹോമാചാരങ്ങളിലും പൂജാരീതികളിലും താല്പര്യം തോന്നിയ ഭദ്ര ആ സമ്പ്രദായങ്ങളും നിഷ്ക്കർഷയോടെ പഠിച്ചിട്ടുണ്ട്.പരദേവതയും ഉപാസനാമൂർത്തിയുമായ കിരാതമൂർത്തിയുടേയും ഗുരുകാരണവന്മാരുടേയും അനുഗ്രഹമാണ് എല്ലാ ഐശ്വര്യങ്ങൾക്കും കാരണമെന്ന് ഉറച്ചുവിശ്വസിക്കുന്നവരാണ് ഭദ്രയും കുടുംബാംഗങ്ങളും.

സ്പോർട്സ് രംഗത്ത് നമ്പൂതിരിമാരുടെ സാന്നിദ്ധ്യം വളരെ കുറവാണ്. പ്രത്യേകിച്ച് ക്രിക്കറ്റ് രംഗത്ത് കേരള ടീമിലുള്ള സാന്നിദ്ധ്യം ഇതുവരെ ശ്രദ്ധയിൽ പെട്ടിട്ടില്ല. പെൺകിടാവായ ഭദ്ര അടിച്ചുപറത്തുന്ന ഉത്സാഹത്തിന്റെ ഈ കളിപ്പന്ത് പരിധികളെല്ലാം കടന്ന് വിഹരിക്കട്ടെ.

വളരെ കൃത്യതയോടെ എറിഞ്ഞ ഒരു ലഗ്കട്ടർ വഴി എതിർ ടീമിന്റെ അവസാന വിക്കറ്റും തെറിപ്പിച്ച്, തന്റെ ടീമിനെ വിജയത്തിലെത്തിച്ച് ആഹ്ലാദത്തോടെ കൈകളുയർത്തി ഭദ്രക്കുട്ടി ഗാലറിയിലുള്ള നമ്മളോട് ചോദിക്കുന്നു–

'ഹൗ ഈസ് ദാറ്റ്?'

എഴുന്നേറ്റുനിന്ന് കയ്യടിച്ചുകൊണ്ട് നമുക്ക് നിസ്സംശയം പറയാം

'വെൽ ഡൺ, ഭദ്ര. കീപ് ഇറ്റ് അപ്.വിഷ് യു ആൾ ദ വെരി ബസ്റ്റ്.' ●

*മാന്തിട്ട വിഷ്ണു, മാന്തിട്ട മന,*
*പോസ്റ്റ് വെങ്കിടങ്ങ്,തൃശ്ശൂർ ജില്ല,*
*മൊബൈൽ : 8714839298*
*അണ്ടലാടി പരമേശ്വരൻ നമ്പൂതിരിപ്പാട്.മൊബൈൽ:9495406362*

# ആശംസകളോടെ



30.05.2021 ന് അന്നപ്രാശനം കഴിഞ്ഞ
കൊളപ്പുറം ശ്രീജിത്തിന്റേയും,
സാധികയുടേയും മകൾ
**'ശ്രിയ'ക്കുട്ടിയ്ക്ക്**
**ആശംസകളോടെ**
അമ്മാത്തുള്ളവരും
(ചേരമ്പറ്റ തൃക്കാരമണ്ണ് മന)
ബന്ധുമിത്രാദികളും



**മാനവ് & മഹിത്ത്, പാർഥിവ് കൃഷ്ണൻ & പ്രാർത്ഥന , നവനീത് & നിവേദ്**

ഊർങ്ങാട്ടിരി വെണ്ണിലാപറമ്പത്ത് കരിപ്പത്തു രഞ്ജിത്ത് – അപർണ ദമ്പതിമാരുടെ മക്കളാണ് മാനവും മഹിത്തും
ഊർങ്ങാട്ടിരി വെണ്ണിലാപറമ്പത്ത് കരിപ്പം രാജീവ്–അനഘ ദമ്പതിമാരുടെ മക്കളാണ് പ്രാർത്ഥനയും
പാർത്ഥിവുംതേലക്കാട് പരുത്തി മന ഷാജു രഞ്ജിനി ദമ്പതികളുടെ മക്കളാണ് നവനീതും നിവേദും

**കരിപ്പത്ത് ഇല്ലം, മൈത്ര (പോസ്റ്റ് )**
**അരീക്കോട് മലപ്പുറം ജില്ല പിൻ –673639 Ph :9961467755**

**ഏവർക്കും തിരുവോണാശംസകൾ**

# ആശംസകളോടെ



ഓണാശംസകൾ
കീഴാറ്റുപുറം പെരുമ്പള്ളി ഇല്ലത്ത് പ്രതീഷ്-ദീപ ദമ്പതികളുടെ മകൾ
**കൃഷ്ണശ്രീ**
കൊയിലാണ്ടി ഉപസഭ
പെരുമ്പള്ളി ഇല്ലം
പി.ഒ.നടേരി, കൊയിലാണ്ടി
മൊബെൽ: 9447872242



ഉഷ കെ.എം,
പെരിന്തട്ട ഈറ്റിശ്ശേരി,
നന്ദീശ്വരം
ഉഷസ്സ്, കുപ്പം, തളിപ്പറമ്പ്,
കണ്ണൂർ, പിൻ: 670502
മൊബൈൽ: 9400506153
ആശംസകളോടെ
മുത്തച്ഛൻ, മുത്തശ്ശി,
അമ്മാമൻ.



അമ്മാത്ത് മുത്തശ്ശനും
മുത്തശ്ശിക്കും
ഓണാശംസകൾ
നേരുന്നു. ആദിഷ് ശങ്കർ
പുതുമന (സജിത്ത്,ആര്യ
പുതുമന ഇല്ലം
ഉദയനാപുരം പി.ഓ,
വൈക്കം, കോട്ടയം: 686143
മൊബൈൽ: 9495261702

## ഒന്നാം പിറന്നാൾ ആശംസകൾ

അച്യുത് ശങ്കർ (ശങ്കു) അനികേത് നാരായൺ (അങ്കു)



ആശംസകളോടെ
ടീം നാറാസ്
(അമ്മാത്ത്)
സഗരപുരം

അച്ഛൻ: ദിലീപ് ഉദിയന്നൂർ അമ്മ: നീതു നാരായണമംഗലം
ഫോൺ: 919895835950



ഏവർക്കും
ഹൃദ്യമായ
ഓണം
ആശംസകൾ

സാരംഗ്
സുബ്രഹ്മണ്യൻ
S/oകെ.ടി.ശങ്കരൻ
നമ്പൂതിരി &
ഗീത.ഇ.എം
കോടിത്തലപ്പണ
ഇല്ലം
കണ്ണിപറമ്പ് ഉപസഭ
കോഴിക്കോട് ജില്ല
മൊബൈൽ
9446948027



സ്വസ്തികുടുംബാംഗങ്ങൾക്ക് ഞങ്ങളുടെ
ഓണാശംസകൾ.
പ്രദീപ്.എൻ, ജോത്സന
പ്രദീപ്, നിവേദിത, നിവേദ്
നരിക്കാട്ടിരി മന, പി.ഒ:
കുറ്റാനശ്ശേരി, വഴി:തിരുവാഴിയോട്.,പാലക്കാട് ജില്ല,
പിൻ:679514,മൊബൈൽ:
9446497445



ഇല്ലത്ത്ള്ളോർക്കും
അമ്മാത്തുള്ളോർക്കും
അപ്പൂന്റെ
ഓണാശംസകൾ
മാസ്റ്റർ ദേവദത്ത്,
S/o നാരായണൻ,
ആലമ്പള്ളി മന,
കീഴായൂർ (P.o),
പട്ടാമ്പി - 679303
Ph: 9995155115



മഞ്ചേരി കാവുങ്ങൽ
മംഗലശേരി മന
സുബ്രഹ്മണ്യൻ ബീന
ദമ്പതിമാരുടെ
ഇളയമകൻ
ശ്രീരാം സുബ്രഹ്മണ്യന്
( 13-6 -2021 )
ഉപനയനം.
ഓതിക്കൻ:
ചെറുമുക്ക്
വൈദികൻ
കൃഷ്ണൻ
നമ്പൂതിരി
മൊബൈൽ:
9400344842

**ഉപനയനാശംസകൾ**



Ishan Mahesh &Ziya Parakote
മൈലുകളകലെ ഓണം
ആഘോഷിക്കുന്ന കൊച്ചുമക്കൾക്ക്
മുത്തച്ഛൻ & മുത്തശ്ശി
97449 76480
Gopiyettan&family.
VPG Nambudiri,
Ushass(Azheekote)
Perumanna P. O. CLT.673019



മുത്തശ്ശിമാർക്കും
മുത്തശ്ശൻമാർക്കും
ഓണാശംസകൾ!
കാറൽമണ്ണ കുന്നത്തു
മനയിലെ അദിനാഥ്
അച്ഛൻ: വിജയ് കെ.പി
അമ്മ: രമ്യ സി പി
ഫോൺ: 9986027824



ആഗസ്റ്റ്
26ന്
പിറന്നാൾ
ആഘോ
ഷിക്കുന്ന
**കൃഷ്ണ
വേണിക്ക്**
**പിറന്നാൾ
ആശംസകൾ**
ചന്ദ്രൻ എമ്പ്രാന്തിരി
നീലമന പിൻ673620
പി.ഒ നടുവത്തൂർ
കൊയിലാണ്ടി
മൊബൈൽ
9496386130

# ആശംസകളോടെ



**സ്വസ്തിക്ക് ആശംസകളോടെ**
പവിത്ര കരിപ്പത്ത്
കരിപ്പത്ത് ഇല്ലം
(ശ്രീസദൻ)
പോസ്റ്റ്:മൈത്ര,
വഴി:അരീക്കോട്, മല
പ്പുറം ജില്ല, പിൻ:673639
മൊബൈൽ:9895161042



**സ്വസ്തിക്ക് ആശംസകളോടെ**
പുരഞ്ജയ് കരിപ്പത്ത്
കരിപ്പത്ത് ഇല്ലം
(ശ്രീസദൻ)
പോസ്റ്റ്:മൈത്ര,
വഴി:അരീക്കോട്, മല
പ്പുറം ജില്ല, പിൻ:673639
മൊബൈൽ:9895161042



ദുബായിൽ വെച്ചു
നടന്ന ആറാമത്
ഇന്റർനാഷനൽ അ
ബാക്കസ് കോമ്പറ്റീ
ഷനിൽ ചാമ്പ്യനായ
ആഗ്നേയ് വാസുദേവ്.
പെരുമ്പള്ളി രഘുവി
ന്റേയും ധന്യയുടേയും
മകനാണ്.






സാമജ് ശർമൻ
s/o Srinath sarman&
Nithya Srinath,
Athrassery Mana,
Chalakkudy. 680307.
Mobi. 9446352998.
**ഓണാശംസകളോടെ**
മുത്തശ്ശനും
മുത്തശ്ശിയും.






**ആശംസകളോടെ**
ഗോപിക .കെ .
D/o വാസുദേവൻ
നമ്പൂതിരി & സവിത,
കീഴേടത്ത് മന,
പടിഞ്ഞാറെ നട,
ഗുരുവായൂർ.






സ്വസ്തി
വായനക്കാർക്ക്
**ഫറോക്ക്**
**ഉപസഭയുടെ**
(കോഴിക്കോട്
ജില്ല )
**ഓണാശംസകൾ**



**ഓണാശംസകളോടെ**
സനിക (10 വയസ്)
നിലാംബരി (2 വയസ്)
അച്ഛൻ:നാരായണൻ
പി.എം.വി
അമ്മ:ശ്രീദേവി സി.എം
പനാവൂർ മന
ലക്കിടി പോസ്റ്റ്, ഒറ്റപ്പാലം,
പാലക്കാട് ജില്ല.679301.
മൊബൈൽ:9745211233



**ഓണാശംസകളോടെ**
ദേവ്യാൻ പനാവൂർ
അച്ഛൻ:മഹേശൻ
പി.എം.വി
അമ്മ: പാർവതി
പനാവൂർ മന,
ലക്കിടി പി.ഒ,ഒറ്റപ്പാലം,
പാലക്കാട്,പിൻ:679301
മൊബൈൽ: 7259774574



# SATAPOORNIMA*

## Namitha Rajeev

Decades ago had emerged,
An eternal science taught by sages,
that healed all the living alike,
and helped lead lives with verdure.

A rebirth for medicine, for he was born ,
discovered secrets about the knowledge that was handed down,
selflessly devoted to the greater good,
becoming a healer for the whole mankind.

He sought beneath the layers of Ayurveda,
found a heap of treasure,
that revived many and rejuvenated  them,
and changed the face of the then unknown Kottakkal.

The highest civilians were bestowed upon him,
and endless more , as an honour,
for the prestigious man,
emitting an aura with a herbal touch.

He lighted the pathways, sprouted new leaves,
defeated even the deadliest of the banes,
and since then has stood in the front,
the great Kottakkal Arya Vaidyasala.

A hundred glory years of golden days,
Since arose Padmabhooshan Dr. PK  Warrier,
May this era of herbal touch be perpetual,
with lush greenery, a happy Satapoornima. ●



തിരുവേഗപ്പുറ നല്ലേടത്തു
മനയിലെ രാജീവിന്റെയും
ശ്രീദ രാജീവിന്റെയും
മകളാണ് നമിത.വളാഞ്ചേരി
എം ഇ എസ് സെൻട്രൽ
സ്ക്കൂളിൽ +1 നു പഠിക്കുന്നു

Nalledath Mana,Vilathur( p.o)
Kaippuram,Thiruvegappura
Palakkad(Dist),Pin: 679304
Mob:9747466259

*കോട്ടക്കൽ ആര്യവൈദ്യശാല മേധാവി നൂറ്റാണ്ടു പിന്നിട്ട പി.കെവാരിയരെ പറ്റി.
വളാഞ്ചേരി ഭാരതീയ വിദ്യാഭവൻ സ്കൂളിലാണ് പഠിച്ചത്.പത്താം ക്ലാസ് പരീക്ഷ എഴുതി
ഇരിക്കയാണ്.സ്കൂളിന്റെ ചെയർമാനാണ്  ഡോ. പി.കെ വാര്യർ

# പൊട്ടിയ കണ്ണാടി വല്ലാതെ ഇഷ്ടമായി




**അശ്വിൻ കെ. ശ്രീധരൻ**



ആദ്യം തന്നെ പറയട്ടെ, കുറ്റാന്വേഷണ കഥകളുടെ കടുത്ത ആരാധകനാണു ഞാൻ. അതുകൊണ്ടുതന്നെ അഗത ക്രിസ്റ്റിയുടെ പുസ്തകങ്ങളാണ് ഏറ്റവും ഇഷ്ടപ്പെട്ടവ. അവരുടെ 'ദർപ്പണം ഒരറ്റം മുതൽ മറ്റേ അറ്റം വരെ പൊട്ടി' എന്ന കൃതിയാണ് ആദ്യം വായിച്ചത്. ഒരു കൊലപാതകം, പോലീസ്, സംശയിക്കപ്പെട്ട കുറെ പേർ, ഒടുവിൽ നായകന് എന്തെങ്കിലും തുമ്പു കിട്ടുന്നു, അതിനെ പിന്തുടർന്നു കുറ്റം തെളിയിക്കുന്നു, ഇതൊക്കെയാണല്ലോ സാധാരണ കാണാറുള്ളത്.

ഇതും അതു പോലെയായിരിക്കും, പ്രത്യേക സവിശേഷത ഒന്നും ഉണ്ടാകില്ല എന്ന ധാരണയിൽ ആദ്യം അത്ര കാര്യമായി എടുത്തില്ല. എന്നാൽ എനിക്കു തെറ്റി. ആദ്യം മുതൽ അവസാനം വരെ ഞാൻ മറ്റേതോ ലോകത്തിൽ അകപ്പെട്ടതുപോലെ തോന്നി. എഴുത്തിന്റെ രീതി കൊണ്ടായിരിക്കാം, കഥ കൺമുന്നിൽ നടക്കുന്നതു പോലെ തോന്നി.

എല്ലാത്തിന്റേയും വിശദമായ വിവരണമായിരുന്നു എന്നെ ഏറ്റവും ആകർഷിച്ച കാര്യം. ഒരു കാര്യവും വിട്ടു കളഞ്ഞിട്ടില്ല. ഈ കൃതിയിലെ നായിക ജെയ്ൻ മാർപിൾ എന്ന കഥാപാത്രം ആണ് എന്നെ ആകർഷിച്ച മറ്റൊരു കാര്യം. ഇവർ അറുപതു വയസ്സുള്ള ഒരു സ്ത്രീയാണ്. മനുഷ്യസ്വഭാവം പഠിക്കുന്ന ഒരു സ്ത്രീ. സെയിന്റ് മേരി മെഡ് എന്ന പട്ടണത്തിൽ നടന്ന പല കുറ്റകൃത്യങ്ങൾക്കും തുമ്പുണ്ടാക്കിയത് അവരാണ്. ഏറ്റവും ആശ്ചര്യകരമായ കാര്യം ഇക്കാര്യങ്ങളെല്ലാം അവർ ചെയ്യുന്നത് വീട്ടിൽ ഒരു കസേരയിൽ നിന്ന് ഇളകാതെയാണെന്നതാണ്.

ഈ കൃതിയുടെ ഒരു പ്രധാന ശക്തി എന്തെന്നാൽ അത് നിങ്ങളുടെ മനസ്സിലേക്ക് ഇറങ്ങി ചെല്ലും. ഓരോ സന്ദർഭത്തിലും തെളിവുകൾ എല്ലാം നിരത്തി വായനക്കാർ പല കഥാപാത്രങ്ങളും കുറ്റക്കാരാണെന്നു കരുതും. ഒടുവിൽ, സംഭവിക്കുന്നതോ, ആരും അൽപ്പം പോലും സംശയിക്കാത്ത ഒരാൾ പിടിക്കപ്പെടുന്നു. ഇത്രയുമേ ഞാൻ പറയുന്നുള്ളൂ. ബാക്കിയെല്ലാം നിങ്ങൾ പുസ്തകം വായിച്ചു മനസ്സിലാക്കിക്കോളൂ. ●

Ashwin.K.Sreedharan,
S/O Sreedharan.K.N., Kallampillil Illam, D607, Sowaparnika Swastika, Bangalore - 562107. Contact :9845212069

## സ്വസ്തിയിൽ പത്രപ്രവർത്തനത്തിന് അവസരം



വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം മാസികാ പ്രവർത്തനത്തിൽ പങ്കാളിയാവാം. ഫീച്ചർ റൈറ്റിംഗ്, എഡിറ്റിംഗ് , ഗ്രാഫിക് ഡിസൈനിംഗ്, ഫോട്ടൊ ഷോപ്പ് പോലുള്ള മേഖലകളിൽ സഹകരിക്കാം. പ്ലസ് ടു തലത്തിൽ ജേണലിസം പഠിക്കുന്നവർക്ക് ഇന്റേൺഷിപ്പ് പോലുള്ള അവസരം. മാസികയുടെ പ്രവർത്തനങ്ങളിൽ ആദ്യാവസാനം പങ്കാളിത്തം.

**താല്പര്യമുള്ളവർ വിളിക്കുക. 9400992823**

## കുട്ടിക്കൂട്ടത്തിലേക്ക് രചനകൾ അയക്കാം.

കുട്ടികളുടെ അനുഭവക്കുറിപ്പുകൾക്ക് മുൻഗണന നൽകും. വാട്ട്സ് അപ്പിൽ എഴുതി അയച്ചാൽ മതി. ലോക് ഡൗൺ കാലത്തെ പഠനാനുഭവങ്ങൾ എഴുതൂ. **ഈ മൊബൈൽ നമ്പറിൽ അയക്കൂ: 9400992823**

# അഗ്നിസാക്ഷിയിലെ നായിക

**നിരഞ്ജന. പി.എം**



**പുതു തലമുറയിലെ ഒരു പെൺകിടാവ് ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി വായിച്ചപ്പോൾ**

അഗ്നിയിൽ കുരുത്ത യാജ്ഞസേനിയെപ്പോലെയാണ് അവർ. അഗ്നിസാക്ഷിയിലെ നായിക. തേതിയേടത്തി എന്ന ദേവകി മാനമ്പള്ളി. നാല് ചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീ. അതിന് പുറത്തൊരു ലോകമുണ്ടെന്നും, ആ ലോകത്തെ ശക്തമാക്കാൻ സ്ത്രീശക്തി ഉണർന്നേ തീരൂ എന്നും ഉദ്ബോധിപ്പിച്ച അഗ്നിയിൽ കുരുത്ത ധീരവനിത 'ദേവകി മാനമ്പള്ളി'

ജ്യേഷ്ഠനിൽ നിന്നും സ്വായത്തമാക്കിയ അറിവും, ധൈര്യവും. പുസ്തകങ്ങളെയും, അക്ഷരങ്ങളെയും ആത്മാവിൽ കൂടെക്കൂട്ടി. തനിക്ക് താങ്ങും തണലുമായിരുന്ന തങ്കം ഉപരിപഠനത്തിനായി പോയപ്പോൾ അവൾ ആത്മാവ് നഷ്ടപ്പെട്ട മരവിച്ച ശരീരം മാത്രമായി തീർന്നു. എന്നാൽ താനുൾപ്പെടെയുള്ള സ്ത്രീ സമൂഹത്തിന്റെ ഈ അവസ്ഥക്ക് വിരാമം കുറിക്കാറായിരിക്കുന്നു എന്ന തിരിച്ചറിവ് അവളുടെ ഉള്ളിലെ അണഞ്ഞ് കിടന്നിരുന്ന നാളത്തിന് വീണ്ടും തീ പകർന്നു.

ആ അഗ്നി അവളുടെ വാക്കുകളിലൂടെ ഓരോ സ്ത്രീയുടേയും മനസ്സിലേക്ക് പകർന്ന് നൽകപ്പെട്ടു. എത്രയോ പതിറ്റാണ്ടുകളായി തന്നെ വരിഞ്ഞ് മുറുക്കിയിരിക്കുന്ന അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രയാവാൻ കൊതിക്കുന്ന ഭാരതാംബയെ മോചിപ്പിക്കുവാനായി പ്രവർത്തിച്ച്, സ്വാതന്ത്ര്യസമര രംഗത്തെ മറ്റൊരു ഝാൻസിറാണിയായി ദേവകി മാനമ്പള്ളിയിൽ നിന്ന് 'ദേവി ബഹനി' ലേക്ക് അവൾ പരിവർത്തനം ചെയ്യപ്പെട്ടു.

എന്നാൽ താൻ ഏറെ വിശ്വസിച്ചിരുന്ന ആളുകളിൽ നിന്ന് തനിയ്ക്ക് നേരിടേണ്ടി വന്ന യാതനകളെ ഇല്ലാതാക്കാനും, യാതനകളാൽ ബന്ധിക്കപ്പെട്ടവരുടെ കണ്ണീരൊപ്പാനും ആയി അവൾ ശാന്തിമാർഗ്ഗം സ്വീകരിച്ചു. എന്നാണോ അവൾ തന്റെ എല്ലാ ബന്ധങ്ങൾക്കും ബന്ധനം കൽപ്പിച്ചത്, അന്ന് അവൾ ഈ ലോകത്തിന്റെ മുഴുവൻ ബന്ധുവായി തീർന്നു. തന്റെ ജീവിതത്തിൽ തനിക്ക് സ്വീകരിക്കേണ്ടി വന്ന നാനാ വേഷങ്ങളിൽ അവസാനത്തേത് ആയിരുന്നു - സർവ്വംസഹയായ അമ്മ സുമിത്രാനന്ദ.

ജീവിതയാത്രയിൽ അവൾ പിന്നിട്ട കാൽവഴികളിൽ കരുത്തായി മാറിയത് ഒന്നു മാത്രമായിരുന്നു- അഗ്നിസാക്ഷിയായി ചാർത്തിയ താലി. അതുരുക്കി ഒരു തരി പൊന്നാക്കി ദേവുവിന് നൽകാൻ പ്രേരണയായത് അതിന്നവകാശി ഈശ്വരസന്നിധിയിലേക്ക് തന്നെ മടങ്ങി എന്ന ആഴങ്ങളിൽ നിന്നുള്ള തിരിച്ചറിവായിരിക്കാം. താൻ സംഭരിച്ച് വെച്ചിരുന്ന ഊർജ്ജം എവിടെയോ ചോർന്ന് പോകാൻ തുടങ്ങി എന്ന തിരിച്ചറിവ്.

ഭഗവാൻ ' അഗ്നികൊണ്ട് ദഹിപ്പിക്കാനോ, വെള്ളം കൊണ്ട് നനക്കാനോ, കാറ്റ് കൊണ്ട് ശോഷിപ്പിക്കാനോ' കഴിയാത്തതെന്നും, ആധുനികശാസ്ത്രം ഉത്പത്തിയോ, നാശമോ ഇല്ലാത്ത ഒന്നാണെന്നും പ്രസ്താവിക്കപ്പെട്ട ആ ഊർജ്ജം എത്രയോ ആളുകൾക്ക് യാതനകളെ മറികടക്കാനുള്ള ഒരു ഉപാധിയായി മാറട്ടെ എന്ന് മാത്രം പ്രാർത്ഥിക്കുന്നു. ●

നിരഞ്ജന. പി.എം
പത്തിരിപ്പാല ജി.വി. എച്ച്. എസ് എസിലെ പ്ലസ് ടു വിദ്യാർഥി
പഴേടത്ത് മനയ്ക്കൽ ശശികുമാരിന്റെയും പ്രിയയുടെയും മകളാണ്.
മൊബൈൽ 9744399189



**വർഷ. ഐ**
അച്ഛൻ : രവീന്ദ്രൻ മൂസ്സത് ഐ
ഇടിയേൽ ഇല്ലം
കാരന്തൂർ ജീ
കുന്ദമംഗലം
കോഴിക്കോട്
പിൻ.673571
മൊബൈൽ :
8301929795
:9446889795



ദേശീയ മാതൃദിനത്തോട് അനുബന്ധിച്ച് യോഗക്ഷേമസഭ അംഗങ്ങൾക്ക് വേണ്ടി കൊല്ലം ജില്ല യുവശക്തിയുടെ നേതൃത്വത്തിൽ അമ്മയ്ക്കൊരു കത്ത് എന്ന വിഷയത്തിൽ നടത്തിയ കത്തെഴുത്ത് മത്സരത്തിലെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ രചനയും(നവ്യ പി എൻ) കൊറോണ കാലത്തെ അമ്മമാർ എന്ന വിഷയത്തിൽ നടത്തിയ ചിത്രരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ രചനയും.(അവന്തിക അഭിലാഷ്)

# അമ്മയ്ക്കൊരു കത്ത്







## നവ്യ പി എൻ

ആന്‍ഡ്രൂസ് ഗഞ്ജ്
സൗത്ത്ഈസ്റ്റ് ഡൽഹി
03-04-2021

## അവന്തിക അഭിലാഷ്,

C/O വി.രാധാകൃഷ്ണരു,
ഉള്ളന്നൂർ മഠം,
ഇഞ്ചക്കാട്,
പി.ഒ.കാക്കക്കുന്ന്,
വഴി ശൂരനാട്,
കൊല്ലം
പിൻ: 690522,
മൊബൈൽ:
88677 93971

പ്രിയപ്പെട്ട അമ്മയ്ക്ക് ,

അമ്മ അയച്ച കത്ത് ഇന്നലെയാണ് കിട്ട്യേത് . എല്ലാവരും സന്തോഷത്തോടെയും ആരോഗ്യത്തോടെയും ഇരിക്ക്ണുന്നറിഞ്ഞതിൽ വല്യേ സന്തോഷം. അമ്മേടെ പാലക്കാട്ടെ ചികിത്സ കഴിഞ്ഞ്യോ? ഇല്ലേൽ ഇനി കുറച്ചൂസത്തേക്കു പോണ്ട. ഞാൻ ഡോക്ടറെ വിളിച്ചു പറഞ്ഞോളാം .

ഇപ്പൊ കൊറോണ ശ്ശി അധികല്ലേ , അതോണ്ട് യാത്രകൾ ഒഴുവാക്ക്വാവും നല്ലത്. അച്ഛന്റെ കോളേജ് അടച്ചതേതായാലും നന്നായി. ബാങ്കിലെ കാര്യം ഞാൻ വന്നിട്ട് നേര്യാക്കാം ന്ന് പറഞ്ഞോളൂ. ധൃതിയൊന്നൂല്ല്യല്ലോ ! പണിക്കൊന്നും ഇവിടേം വര്ണില്ല്യമ്മേ . ഞങ്ങൾ രാഘീം അമൃതേം ഒക്കെക്കൂട്യങ്ങട് എല്ലാ പണീം ഏഴു മണിയാവുമ്പൾക്കും തട്ടീം മുട്ടീം തീർക്കും. എടക്കൊരു സ്ത്രീ വന്നു. പക്ഷെ വല്ല്യേ കൂല്യാ. അപ്പൊ വേണ്ടാച്ചു. ഇക്കുറി ഉത്സവംണ്ടായില്ല്യാ ല്ലേ! ചെറ്യേമ്മ വിളിച്ചപ്പോ പറഞ്ഞു. ഇവിടേം നല്ലധികാണ്.

രാവിലെ ഏഴു മണിക്ക് ഡ്യൂട്ടിക്ക് കേറിയാ രാത്രി പത്ത് പതിനൊന്ന് ആവും തിരിച്ചെത്താൻ. വന്നാലങ്ങട് കെട്ന്നാ മതി തോന്നും. പി.പി.ഇ കിറ്റങ്ങട് ഇട്ടാൽ ഒന്ന് ബാത്റൂമിൽ പോവാൻ കൂടി പറ്റില്ല്യാ. ചൂടാണെങ്കിലോ! വെയർത്തൊലിച്ച്ണ്ടാവും രാത്ര്യാവുമ്പഴേക്കും. ഒരു ആത്തേമാര് ശ്ശി അധികായിട്ട് വന്നാർന്നു. സങ്കടം വരും. ശ്വാസം മുട്ടി ദൈവത്തിനേം വിളിച്ച് ആളോൾ വെപ്രാളടിച്ച് നടക്ക്വാണ് . രണ്ട് ദിവസേ കിടന്നുള്ളു. കഴിഞ്ഞു... രണ്ടു ചെറ്യേ കുട്ട്യോളാത്രേ. അവസാനായിട്ട് കാണണം പറഞ്ഞ് വേളി കഴിച്ചാൾ ഇവിടെ വന്ന് കുറേ ഒച്ചപ്പാടുണ്ടാക്കി . അവസാനം അറ്റൻഡർമാരും മറ്റും പിടിച്ചു കൊണ്ടോയി. ജീവിതത്തിൽ ആദ്യായിട്ട് അന്നെനിക്ക് ഡോക്ടർ ആവണ്ടാർന്നൂന്ന് തോന്നിപോയി. പലരും പറയണത് നൂറാവർത്തി ശര്യാണ് . അമ്പലങ്ങളിലിരിക്കണ ദൈവത്തെക്കാൾ ആശുപത്രി ചുവരുകളാണ് കണ്ണീരും പ്രാർത്ഥനകളും കേട്ടണ്ണതെന്ന്.

അമ്മാത്തെ വിശേഷൊക്കെന്താ? അമ്മ അടുത്തിടെ പോയാർന്ന്വോ ? ഭദ്രേടെ സ്റ്റാറ്റസിൽ കണ്ടേപ്പോ തോന്നി. ഫോണൊന്നും നോക്കാൻ നേരല്ല്യ . ഇന്നത്തെ ഡ്യൂട്ടി കഴിഞ്ഞെത്തി ഇരിക്ക്യാണ്. ഇന്നെന്തായാലും കത്തെഴുതണം ന്ന് ഇന്നലെ തീർച്ചപ്പെടുത്തീതാ. ഇക്കുറി വരവൊക്കെ വൈകും . എന്റെ ഇവിടുത്തെ കാര്യങ്ങളോർത്ത് ബദ്ധപ്പെടണ്ടട്ടോ! ഇവിടെ ഞങ്ങൾ എല്ലാ സുരക്ഷകളും നോക്കണ് ണ്ട്. ചക്കേം മാങ്ങ്യാക്കെ കഴിഞ്ഞൊടങ്ങ്യോ ? ലേശം ചക്ക വറുത്തതും കടുമാങ്ങയും അഥവാ രശ്മി വര്ണ്ണ്ട്ച്ചാ കൊടുത്തയക്ക്യോ. അച്ഛന്റെ മരുന്നൊക്കെ അപ്പൂനെ വിട്ട് വാങ്ങിച്ചാ മതി എല്ലാരും സുരക്ഷിതരായിരിക്കൂ. ഒക്കേം വേഗം മാറാൻ പ്രാർത്ഥിക്കാം. അല്ലാണ്ടെന്താ! പറ്റീച്ചാ ഓണത്തിന് വരാം ട്ടോ!

എന്ന് സ്നേഹപൂർവ്വം മകൾ,

നവ്യ പി എൻ
D/o നാരായണൻ പി.വി
പുക്കുഴി മന,പി.ഒ. ആലംകോട്,
പിൻ:679585,മലപ്പുറം ജില്ല
മൊബൈൽ:9656345856

# ആദരാഞ്ജലികൾ



**കൊയ്ത്തടി വാസുദേവൻ നമ്പൂതിരി**

2021 ആഗസ്റ്റ് 1 ഭരണി നാളിൽ ദ്വിതീയ ശ്രാദ്ധം



**ആര്യാദേവി വാസുദേവൻ**

2021 ആഗസ്റ്റ് 8 ന് ആയില്യംനാളിൽ ദ്വിതീയ ശ്രാദ്ധം

കൊയ്ത്തടി പരമേശ്വരൻ (ഉണ്ണി), വിദ്യ ഉണ്ണി. പേരക്കുട്ടികൾ: നന്ദന, നീരദ, നീലിമ. മൊബൈൽ: 8547417093

കൊയ്ത്തടി ചെറുമുക്ക് മന, പോസ്റ്റ് കാറൽമണ്ണ, പാലക്കാട് ജില്ല.

# ആശംസകളോടെ







കാറൽമണ്ണ കൊയ്ത്തടി മനയിലെ നന്ദന,നീരജ,നീലിമ എന്നിവർക്ക്വല്ല്യച്ഛന്റെ

**ഓണാശംസകൾ** കൊയ്ത്തടി പരമേശ്വരൻ മൊബൈൽ: 9072383651



അങ്ങാടിപ്പുറം പഴയത്തു മനയിലെ പ്രശാന്തിന്റെയും (ഉണ്ണി) കെ.ജെ വിദ്യ കൊയത്തൊടിയുടേയും പുത്രൻ അഭിനവിന് അമ്മാത്തെ മുത്തശ്ശി വി.എം.ഇന്ദുമതിയുടേയും മുത്തശ്ശൻ കെ.എം. ജാതവേദൻ നമ്പൂതിരിയുടേയും

**ഓണാശംസകൾ**



കടങ്ങോട് പാണ്ടംപറമ്പത്തുമന ശങ്കരൻഭട്ടതിരിപ്പാടിന്റെയും (കുട്ടൻ) കെ.ജെ ദിവ്യ കൊയത്തൊടിയുടേയും പുത്രൻ ശ്രേയസ്സിന് അമ്മാത്തെ മുത്തശ്ശി വി.എം.ഇന്ദുമതിയുടേയും മുത്തശ്ശൻ കെ.എം. ജാതവേദൻ നമ്പൂതിരിയുടേയും

**ഓണാശംസകൾ**



ചുനങ്ങാട് അരീപ്പുറത്തു മനയിലെ സജീഷ് നമ്പൂതിരിപ്പാടിന്റേയും കെ.ജെ ഷീന കൊയത്തൊടിയുടേയും പുത്രന്മാരായ സാകേത് അരീപ്പുറത്തിനും സാരംഗ് അരീപ്പുറത്തിനും അമ്മാത്തെ മുത്തശ്ശിയും മുത്തശ്ശനും **ഓണാശംസകൾ** നേരുന്നു. വി.എം.ഇന്ദുമതി(പരുത്തിപ്ര വടക്കേപ്പാട്ടുമന) 9446531963 കെ.എം. ജാതവേദൻ നമ്പൂതിരി. 9446531962 കൊയത്തൊടി മന, കാറൽമണ്ണ 679506, പാലക്കാട്



**കൊയത്തൊടി ഋദ്ധിയിലെ**

വേദാന്ത് കെ.എം.

സിദ്ധാർത്ഥ് കെ.എം.

എന്നിവർക്ക് അപ്പമ്മയുടേയും അപ്പപ്പയുടേയും

**ഓണാശംസകൾ**

മൊബൈൽ:

9447455184 04952414520

# ആശംസകളോടെ

സ്വസ്തിയുടെ എല്ലാ വായനക്കാർക്കും
ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹങ്ങളുണ്ടാവട്ടെ



കലേർദ്ദോഷനിധേ രാജന്നസ്തി ഹ്യേകോ മഹാൻ ഗുണ:
കീർത്തനാദേവ കൃഷ്ണസ്യ മുക്തസങ്ഗ: പരം വ്രജേത്

ദോഷങ്ങളേറെയുള്ള കലികാലത്തിന് വലിയൊരു മഹത്വം കൂടിയുണ്ട്. ശ്രീകൃഷ്ണനാമസങ്കീർത്തനത്താൽ ജനങ്ങൾക്ക് കാലദോഷമകറ്റി മോക്ഷപദത്തിലെത്താം.
(ശ്രീമദ്ഭാഗവതം: ദ്വാദശ സ്കന്ധം: അധ്യായം 3: ശ്ളോകം 51)



ഓണാശംസകൾ
ചെമ്മരം നാരായണൻ നമ്പൂതിരി
സംസ്ഥാന ട്രഷറർ
യോഗക്ഷേമസഭ
ജി55, ഗ്രീൻപാർക്ക്
അവന്യൂ, തിരുവമ്പാടി,
തൃശൂർ പിൻ: 680022
മൊബൈൽ: 9447352488



ആചാര്യൻ
ബ്രഹ്മശ്രീ കാലടി
മാധവൻ നമ്പൂതിരിക്ക്
ജന്മദിനാശംസകൾ
22-5. 2021 -
ആര്യശ്രീ
8086721402



ആദ്യ ലക്കം മുതൽ എന്റെ ഹൃദയത്തോടു ചേർത്തു വെച്ച സ്വസ്തിക്ക് ശതകോടി
ഓണാശംസകൾ
മുല്ലമംഗലം നാരായണൻ
കിസ്സാൻ കോർണർ
ഊരകം - 680562, തൃശൂർ
മൊബൈൽ: 9847791891

## എല്ലാവർക്കും ഓണാശംസകൾ

ജനുവരി 15 ന്
ഉപനയനം കഴിഞ്ഞ
പാർത്ഥിവ് കൃഷ്ണനും
ഘനശ്യാം ഗോവിന്ദും



അച്ഛൻ: പ്രവീൺ നമ്പൂതിരി,അമ്മ: ലത പ്രവീൺ,
കളത്തിൽ ഇല്ലം,താമരശേരി, മൊബൈൽ:
9961268008, അമ്മാത്ത്: കുന്ദംകുളങ്കര
ഇല്ലം (വെണ്ടിലൊറ്റ) വടകര,
വാദ്ധ്യാർ: കളം ഉണ്ണികൃഷ്ണൻ നമ്പൂതിരി
(മുത്തശ്ശൻ)മൊബൈൽ:9400792755,
പ്രസന്ന ഉണ്ണികൃഷ്ണൻ (മുത്തശ്ശി)



തിരുവോണമുണ്ണാൻ
മുത്തശ്ശനും മുത്തശ്ശിയും
സന്തോഷായിട്ട് എന്നും
ഞങ്ങളുടെ കൂടെ ഉണ്ടാവട്ടെ.
ഓണാശംസകൾ
മുത്തശ്ശൻ:ഹരി നാരായണൻ
മുത്തശ്ശി:അമ്മിണി
കുട്ടികൾ:ഭരത് നാരായണൻ
ഉദ്ഗാത് പരമേശ്വരൻ
94476 25373



ഓണാശംസകൾ
ദക്ഷ വാസുദേവൻ
Do വാസുദേവൻ
&ആതിരാ ദേവി,
തേലമ്പറ്റ മന,
പി.ഒ പുത്തൻപള്ളി,
ഗുരുവായൂർ: 680103
മൊബൈൽ:
9447735602



ഓണാശംസകൾ
അദ്രിത് ഗോവിന്ദ് എം
അച്ഛൻ: ചൈതന്യൻ എം
അമ്മ :ശ്രീകല സി.കെ
കൃഷ്ണചൈതന്യം
മുളമംഗലം മന ,മഞ്ചിറ റോഡ്,വടക്കേ നട ഗുരുവായൂർ
680101, ഫോൺ - 9567833106

ഓണാശംസകൾ



**ദീക്ഷിത് കൃഷ്ണ**
S/O അരുൺ തെക്കേപ്പാട്ട്,
& നിമിത അരുൺ,
തെക്കേപ്പാട്ട് ഇല്ലം,
നടുകിൽ,
ഓമശ്ശേരി.
മൊബൈൽ:
9901698962



ഓണാശംസകൾ
രോഹിത് ആർ കൃഷ്ണ
കിടാക്കോട്ടു ഇല്ലം,
കായംകുളം,അച്ഛൻ:
രഞ്ജിത് കിടാക്കോട്ടു
അമ്മ: ശരണ്യ കഴനല്ലൂർ
മൊബൈൽ:
7025682554



ഓണാശംസകൾ
ധ്യാൻ കേശവ്
തേലമ്പറ, ഗുരുവായൂർ
S/O Harinarayanan & Aditi
Thelampatta Mana
Poozhikkunnu Road
(Po) Puthanpalli
Guruvayur,Pin :- 680103
Mob: 9447527514



ഓണാശംസകൾ
ശിവഗൗരി
Do ഉണ്ണികൃഷ്ണൻ ടി.വി.
& കൃഷ്ണപ്രിയ പി.എം
തേലമ്പറ്റമന, പൂഴിക്കുന്നത്ത് റോഡ്, ഗുരുവായൂർ,
മൊബൈൽ: 9447774822

# ആശംസകളോടെ

എല്ലാവർക്കും സുകൃതം ശ്രമസംഘത്തിന്റെ സ്നേഹം നിറഞ്ഞ ഓണാശംസകൾ




കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം, കണ്ണിപറമ്പ് ഉപസഭകളിലെ അന്തർജന കൂട്ടായ്മ.

ലത 9747051056
ഗംഗ 9961631978
രമണി 9745013042

---

ഓണാശംസകളോടെ

വൈദികം

ക്രിയ, ശാന്തി, മുട്ടുശാന്തി, ദേഹണ്ണം, പരികർമ്മം .... etc

## വാട്സ്അപ്പ് കൂട്ടായ്മ

ഓമശ്ശേരി , മുക്കം, കോഴിക്കോട്

Admin: ശ്രീഹരി കൊറ്റിവട്ടം 9645313015
Co admins: രികേഷ് നമ്പൂതിരി,കോരമ്പറ്റ 9446258136
ഹരി കോയില്ല്യം 8943633257

---



ഓണാശംസകൾ

ശിവാനി പാർവതി

അച്ഛൻ:
സൂരജ് എസ് ഭട്ടതിരി,
ഇടവൂർ മഠം
പെരിന്തൽമണ്ണ.

അമ്മ: ആതിര
മൂത്തേടത്ത് മന,
ഗുരുവായൂർ

വിലാസം:
ശങ്കരൻ നമ്പൂതിരി &
മിനി അന്തർജനം
മൂത്തേടത്ത് മന
പെരുമ്പിലാവിൽ റോഡ്
ഗുരുവായൂർ

**84 ന്റെ നിറവിൽ**



**ശ്രീമതി സാവിത്രി അന്തർജനം**

(ചൂരക്കാട്ടില്ലത്ത് പരേതനായ വിഷ്ണു നമ്പൂതിരിയുടെ പത്നി)

ഈ മഹാമാരി കാലത്ത് പ്രാർത്ഥനയോടെ സഹജീവി സ്നേഹ ത്തോടെ ഭീതിയില്ലാതെ ജാഗ്രതയോടെ പിറന്നാൾ ആഘോഷി ക്കുന്ന അമ്മക്ക് ആയുരാരോഗ്യ സൗഖ്യം നേർന്നുകൊണ്ട്.

**സ്നേഹത്തോടെ മക്കളും**
**മരുമക്കളും പേരക്കുട്ടികളും**

പ്രസാദ് ചൂരക്കാട്ട് ഇല്ലം (മാഹി)
ദാമോദര നിവാസ്,പരിമഠം,ന്യൂമാഹി:673311
**മൊബൈൽ: 9446335961**

**15.07.2021 വ്യാഴാഴ്ച (മിഥുനം,ഉത്രം)**
**സപ്തതിയിലേയ്ക്കു പ്രവേശിക്കുന്ന**

അദ്ധ്യാപകൻ, കവി, കഥാകൃത്ത്, നോവലിസ്റ്റ്, വിവർത്തകൻ,




**പിറന്നാൾ ആശംസകൾ നേർന്നു കൊണ്ട്**

*ഭാര്യ: സതീദേവി. മക്കൾ: സുനിത, വിനിത.*
*മരുമക്കൾ: വിനോദ്, വിഷ്ണു.*
*പേരക്കുട്ടികൾ: ആർഷ, വർഷ, പ്രത്യുഷ്, മേഘ.*
*ബന്ധുക്കൾ സുഹൃത്തുക്കൾ.*



NAGARJUNA

AYURVEDA OUSHADHASALA HPO Road Palakkad

M R Chandran Namboodiri Mob: 9847263499

നാഗാർജ്ജുന, ശ്രീധരീയം,S.N.A,
വൈദ്യരത്നം ഏജൻസികളും
കോട്ടക്കൽ (Patent), AVP (Patent)AVN (Patent),
ഔഷധി (Patent), സിതാറാം (Patent)
മരുന്നുകളും
മറ്റ് എല്ലാ കമ്പനികളുടെയും
മരുന്നുകളും ലഭിക്കുന്നതാണ്.
**മാനമ്പിള്ളി ചന്ദ്രൻ നമ്പൂതിരി**
Mobile: 9847263499

**നാഗാർജ്ജുന ആയുർവ്വേദ ഔഷധശാല**



H.P.O. റോഡ്, പാലക്കാട്
ഫോൺ: (0491) 2544623,
9446045420





ഈ വർഷം ചെന്നൈ
കലാക്ഷേത്രയിൽ
നിന്ന് ഭരതനാട്യത്തിൽ
ബിരുദം നേടിയ
യദുകൃഷ്ണൻ.
കോഴിക്കോട് കണ്ണി
പറമ്പ് ഉപസഭയിലെ
കോടി തലപ്പണ
ഇല്ലത്ത് മാധവൻ
നമ്പൂതിരിയുടെയും
ലത നമ്പൂതിരിയുടെയും
മകനാണ്. മൊബൈൽ:
9747051056



# ആശംസകളോടെ

കോഴിക്കോട് കല്ലംവള്ളി ഇല്ലം രാമകൃഷ്ണഹരി നമ്പൂതിരി
ശ്രീജ രാമകൃഷ്ണൻ ദമ്പതികളുടെ മകൻ
**രാഹുലും**
മലപ്പുറം ചന്ദ്രമന ഇല്ലം ഡോ. കേശവൻ നമ്പൂതിരി
ഡോ. രമാദേവി ദമ്പതികളുടെ മകൾ
**അഞ്ജനയും**
വിവാഹിതരായി.

സംഘഗുരുക്കന്മാരുടെ അനുഗ്രഹാശിസ്സുകളോടും
ഇപ്പോൾ കൊളത്തൂർ അദ്വൈതാശ്രമത്തിൽ വിശ്രമ
ജീവിതം നയിക്കുന്ന പി.വാസുവേട്ടന്റെ മുൻകയ്യോടും
ഈശ്വരാധീനത്താലും നടന്ന ഞങ്ങളുടെ വേളിയുടെ
നാല്പത്തൊന്നാം വാർഷികമാണ് 2021 ജൂൺ30.



**നാല്പത്തൊന്നാം വിവാഹവാർഷികവും ഒന്നാം വാർഷിക സമ്മാനവും.**

കൊയത്തൊടി നാലുകെട്ടുതറവാടു പൊളിക്കുന്നതിനു മുമ്പു അവസാനം
നടന്ന കുടിവെപ്പു ചടങ്ങിനുശേഷം എടുത്ത ഫോട്ടോവിലെ അന്നത്തെ ബാലികാ
ബാലന്മാരായ ഇന്നത്തെ ശ്രീമതിമാരായ സീമാരാജീവ് പാഴിയോട്ടുമന (കുറുമ്പത്തൂർ),
വന്ദനാരാ ജേഷ് ആദിശമംഗലം (മുംബയ് ), വർഷാസജിത് മംഗലത്തേരി (പിടാവന്നൂർ),
അനിതാനാരായണൻ എളങ്ങല്ലൂർ (തലോർ), പ്രദീപൻ നമ്പൂതിരിപ്പാട് , ചെറിയ
ശ്രീധരൻ നമ്പൂതിരിപ്പാട് ശ്രീധരൻചുമരത്തു മന (കൊഴിക്കോട്ടിരി ,പട്ടാമ്പി),
ജയകൃഷ്ണൻ നമ്പൂതിരി ഉദിയന്നൂർ മന (മായന്നൂർ) പ്രവീൺ മങ്ങത്തായ ഇല്ലം
(പെരുമൻപുറ), രാജേഷ് കുന്നം, പരമേശ്വരൻ ( ഉണ്ണി) കൊയത്തൊടി
(കാറൽമണ്ണ) തുടങ്ങിയവർക്കെല്ലാം ഞങ്ങളുടെ തിരുവോണാശംസകൾ !
ആര്യാപരമേശ്വരൻ. ആര്യശ്രീ, ഒരുമ A 19, അരക്കിണർ:673028



അന്നും

2021 മേയ് 24ന് ഇരുപത്താറാം
വിവാഹവാർഷികം
ആഘോഷിച്ച നീലമന
ശങ്കരൻ നമ്പൂതിരിക്കും
ഇന്ദിര അന്തർജ്ജനത്തിനും
ആശംസകളോടെ, മക്കൾ:
അപർണ,പൂർണിമ,സുജിത്ത്.
വിവാഹ സുദിനം:
1995 മേയ് 24



ഇന്നും

**സ്വസ്തി ത്രൈമാസിക**
**വായനക്കാർക്ക്**
**ഹൃദ്യമായ ഓണാശംസകൾ**




സ്നേഹാശംസകളോടെ ......

**ശ്രീ: മധു അരീക്കര**
പ്രധാനാധ്യാപകൻ, രാമകൃഷ്ണമിഷൻ HSSകോഴിക്കോട്
പ്രസിഡന്റ്, യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മറ്റി.
ഫോൺ: 9447136571

# ആശംസകളോടെ

## അപ്പുവിനും ദേവുവിനും മംഗളാശംസകൾ



ചാലക്കുടി പടുതോൾ മനയിൽ പി ബി ഹൃഷീകേശൻ – ശോഭ ദമ്പതിമാരുടെ (മുംബൈ) മകൻ അപ്പുവും മാവേലിക്കര പ്ലാക്കുടി ഇല്ലം ഉണ്ണിക്കൃഷ്ണൻ – സിന്ധു ദമ്പതിമാരുടെ മകൾ ദേവുവും 2021 ജൂൺ 4 ന് ചാലക്കുടി പടുതോൾ മനയിൽ വെച്ച് വിവാഹിതരായി

## ഷഷ്ഠ്യബ്ദപൂർത്തി ആശംസകൾ



**2021 ജൂലായ് 2 വെള്ളി** (1196 മിഥുനം 18)

**സി.വാസുണ്ണി നമ്പൂതിരി**

(റിട്ടയേഡ് അദ്ധ്യാപകൻ
എ.യു.പി സ്കൂൾ പന്നിക്കോട്)
S/O ചെറുവക്കാട് കേശവൻ
നമ്പൂതിരി (Late) (B.A.B.T, Rtd..
സീനിയർ സൂപ്രണ്ട് വിദ്യാഭ്യാസ വകുപ്പ്)
&നങ്ങേലി അന്തർജനം (Late)

പത്നി: ഗൗരി. പി.എം (അധ്യാപിക)
മക്കൾ: സവ്യ.സി (അധ്യാപിക)
ഭവ്യ.സി(+2 വിദ്യാർത്ഥിനി)
മരുമകൻ: നാരായണൻ
ചേരാമംഗലത്ത് മന
(അധ്യാപകൻ)


Authentic ayurveda;
with generations of trust
Salyatantra branch of Ayurveda offers parasurgical procedures like Ksharakarma, agnikarma etc. for treating Ano-Rectal diseases like Piles, Fistula, Fissure, Pilonidal Sinus, Hidradenitis Suppurativa.
The main advantages are :
Less pain, Speedy recovery, Less Chance of Recurrence, Minimal invasive procedures and cost-effective.
Ano-Rectal Clinic
(Piles - Fistula - Fissure - Pilonidal Sinus)
Dr.Saraswathy.M (Aparna Poomully Mana).
BAMS,Ms Ay Salyatantra(Surgery).
Dr.Arathi.M (Arathi Poomully Mana) BAMS.
Dr.Namitha.P.J. BAMS,Ms AySalyatantra(Surgery).
Facility for inpatient stay is available at Mana.
Late Poomully Aramthampuran
is the person behind the ayurvedic heritage of Poomully Mana family.
Dr.Aparna Poomully & Dr.Arathi Poomully
are the ayurvedic doctors from this generation of Poomully family
Poomully Mana
Mana for Ayurveda
Poomully Heritage Ayurveda Pvt Ltd, Peringode Post, Nagalassery Panchayath,
Palakkad district, Kerala, India.Mobile:8943933977, 9562033055,9562033066.
www.poomullymana.com/www.poomullypilesclinic.com

## പതിനായിരക്കണക്കിന് കോപ്പികൾ വിറ്റുപോയ

# ഹിന്ദുധർമ്മരഹസ്യം

### ആചാര്യശ്രീരാജേഷ്

വില 600 രൂപ,
സ്വസ്തിയിലെ
ഈ പരസ്യവുമായി
ബന്ധപ്പെടുന്നവർക്ക്

**550 രൂപ**




**ബന്ധപ്പെടേണ്ട ഫോൺനമ്പർ**

**വാട്സ്ആപ്പ്: 9745615151**

## പുസ്തകത്തിന്റെ ഉള്ളടക്കം

• നാം എന്തുകൊണ്ടാണ് ഹിന്ദുവാകുന്നത്? • ആചരണം എങ്ങനെ തുടങ്ങുന്നു? • എപ്പോൾ ജപിക്കണം? • ഗായത്രി ജപിക്കുന്നതെന്തിന്? • ലോകം മായയല്ല • ഏകദൈവസങ്കല്പം ആദ്യമുണ്ടായത് വേദത്തിൽ • ബഹുദൈവാരാധന എന്ത്? • വരൂ, നമുക്ക് ദുഃഖങ്ങൾ മറക്കാം; ആനന്ദനൃത്തമാടാം.. • സിംഹാസനേശ്വരിയായ വേദവാണി • എന്താണീ മുപ്പത്തിമുക്കോടി ദേവതകൾ ? • കുലദേവത എന്നാൽ എന്ത്? • സർപ്പക്കാവുകളിലെ രഹസ്യമെന്ത്? • ഭദ്രകാളി എന്ന വാഗ്ദേവി • ശക്തി പനയിലായ കഥ • വേട്ടയ്ക്കൊരു മകൻ • ഭദ്രകാളിയുടെ തലയോട്ടിമാലയുടെ രഹസ്യം • ത്രിശൂലം • വാൾ • അഗ്നിതന്നെ ഗണപതി • 'ഓം'കാരരൂപിയായ ഗണപതി • ഗണപതിയുടെ വാഹനം എലിയായത് എന്തുകൊണ്ട്? • പാശം • അങ്കുശം • ഒടിഞ്ഞ കൊമ്പ് • സമ്പൂർണ മനുഷ്യൻ • തുമ്പിക്കൈ • മധുരമോദകം • മൂന്നാംകണ്ണ് • ഗണേശസാധന എങ്ങനെ? • ശ്രീ ഗണേശാഥർവശീർഷോപനിഷത്ത് • എന്താണ് കൃഷ്ണന്റെ കറുപ്പുനിറവും ഗോക്കളും? • ജരൻ അമ്പെയ്ത് മോക്ഷിച്ചതിന്റെ രഹസ്യം • എന്താണ് വിഷ്ണുവും പാൽക്കടലും? • വിഷ്ണുവും ശേഷനാഗവും • അനന്തനാഗത്തിന്റെ രഹസ്യമെന്ത്? • അനന്തന് ആയിരം ഫണങ്ങളുള്ളത് എന്തുകൊണ്ട്? • നാല് കൈകൾ വിഷ്ണുവിനുള്ളതെന്തുകൊണ്ട്? • ചതുർബാഹുക്കളുടെ ആധ്യാത്മിക രഹസ്യമെന്ത്? • നാലു കൈകളുടെ ആധിദൈവികമായ അർഥം • എട്ടു കൈകളുടെ രഹസ്യമെന്ത്? • വിഷ്ണുവും ശ്രീലക്ഷ്മിയും • പാലാഴിമഥനത്തിന്റെ രഹസ്യമെന്ത്? • എന്താണ് ഐരാവതം? • ഗുരുവായൂരിന്റെ വേദരഹസ്യം • വ്യാഴവും ഗുരുവായൂരും തമ്മിലുള്ള ബന്ധമെന്ത്? • ഭട്ടതിരി തൊട്ടുകൂട്ടിയ മീൻ എന്താണ്? • ആദിശങ്കരനെ കടിച്ച മുതല • കൃഷ്ണഭക്തിയും വേദങ്ങളും • കർക്കിടകമാസത്തിൽ രാമായണം വായിക്കുന്നതെന്തിന്? • രുദ്രന്റെ ഘോരശരീരം • രുദ്രന്റെ ശിവശരീരം • രുദ്രനും ശിവനും ആധിദൈവികാർഥത്തിൽ • രുദ്രനും ശിവനും ആധിഭൗതികാർഥത്തിൽ • രുദ്രനും ശിവനും ആധ്യാത്മികാർഥത്തിൽ • ശിവരാത്രിയിൽ ഉറങ്ങാതിരിക്കുന്നതെന്തിന്? • ശാക്തസമ്പ്രദായം • എന്താണ് പഞ്ച 'മ'കാരം? • ഭാരതീയ ഋഷീശ്വരന്മാരുടെ പ്രപഞ്ചദർശനം • അഗ്നിസൂര്യസോമ മണ്ഡലങ്ങൾ • പ്രപഞ്ചത്തിന്റെ മാനസികതലമായ സോമമണ്ഡലം • മനുഷ്യശരീരത്തിലെ പഞ്ചകോശങ്ങൾ • വിവിധ രൂപത്തിലുള്ള ശ്രീചക്രങ്ങൾ • പതിനാറ് നിത്യകൾ • നവരാത്രിചിന്തകൾ • നവരാത്രി : ഭൂതാശയങ്ങളുടെ സരസ്വതീപ്രവാഹം • പ്രതിഭകളെ സൃഷ്ടിക്കേണ്ട ഗുരുക്കന്മാർ • അപകർഷതാബോധമില്ലാതാകാൻ മഹാഗണപതി • സരസ്വതി : പ്രപഞ്ചജ്ഞാനങ്ങളുടെ ഉറവിടം • കലയുടെ ഉറവിടം വേദങ്ങൾ • സാമവേദ സംഗീതത്തിലൂടെ കുശാഗ്രബുദ്ധി • ഗായത്രീ ഉപാസനയുടെ രഹസ്യചിഹ്നങ്ങൾ • ഹംസം • വേദമാതാവിനെ സ്തുതിക്കൂ ശക്തി നേടൂ • ആദ്യാക്ഷരം ആദ്യമന്ത്രദീക്ഷ • നമുക്ക് ജ്ഞാനികളാകാം ഈശ്വരന്റെ മന്ത്രദീക്ഷയിലൂടെ • നാക്ക് പൊന്നാകട്ടെ • അക്ഷരങ്ങളിലൂടെ പ്രതിഭയുണർത്തുന്ന വാഗ്ദേവി • ഹരിനാമകീർത്തനത്തിലെ നവരാത്രിരഹസ്യം • സപ്തമാതൃക്കളും നവരാത്രിയും • നവമിയുടെ വേദരഹസ്യം • വേദം പഠിക്കുന്നു, വിജയം നേടൂ; ശക്തിശാലികളാകൂ • എന്തുകൊണ്ടാണ് മണ്ഡലം 41 ദിവസമായത്? • അയ്യപ്പനും ശബരിമലയാത്രയും തമ്മിലുള്ള ബന്ധമെന്താണ്? • എന്താണ് ഇരുമുടിക്കെട്ടിൽ നെയ്ത്തേങ്ങ കൊണ്ടുപോകാൻ കാരണം? • അയ്യപ്പന്മാർ കറുപ്പുടുക്കുന്നത് എന്തുകൊണ്ട്? • അയ്യപ്പന്റെ 'സ്വാമിരഹസ്യം' • ആരാണ് അഗസ്ത്യർ? • 18ാം പടിയുടെ രഹസ്യമെന്താണ്? • പുലിപ്പാലും പുലിവാഹനവും • മകരജ്യോതിയോ മകര ജ്യോതിയോ? • ചട്ടമ്പിസ്വാമികളും ബാലസുബ്രഹ്മണ്യമന്ത്രവും • അന്തർദർശനത്തെ ഉണർത്തുന്ന സുബ്രഹ്മണ്യോപാസന • വേദങ്ങൾ എങ്ങനെ ഉണ്ടായി? • ആരണ്യം ലോകത്തെ രക്ഷിക്കുന്നു • വേദങ്ങളെക്കുറിച്ച് അറബിയിൽ • വേദങ്ങളിൽ എന്ത്? • വേദം പകുത്തതു വേദവ്യാസനല്ല • 'അംബ, അംബിക, അംബാലിക' എന്നീ മരുന്നുകൾ • വേദശബ്ദങ്ങൾക്ക് വ്യക്തിരൂപം കൊടുത്ത രാവണൻ • ഇക്ഷ്വാകുരാജാവ് ആര്? • അംബരീഷന്റെ ആത്മാനുഭവം • ത്രിശങ്കു രാജാവല്ല, ആകാശവസ്തു • ഋഷിനാമങ്ങളുടെ യഥാർഥസാരം • അഗസ്ത്യന്റെയും വിന്ധ്യന്റെയും കഥ • വേദത്തിൽ ഗംഗയും യമുനയുമൊക്കെ സൂര്യരശ്മികൾ • മാക്സ് മുള്ളറുടെ ഭൂതകാലം • ഒരു മാക്സ് മുള്ളറുടെ ആവശ്യകത • മതപരിവർത്തനശ്രമങ്ങൾ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഉത്തരവ് • മുള്ളറുടെ വേദ വ്യാഖ്യാനം • വേദങ്ങളുടെ സ്ഥാനം മാക്സ് മുള്ളറുടെ ദൃഷ്ടിയിൽ • ബോഡൻ ചെയർ • ബോഡൻ പ്രൊഫസർഷിപ്പിനുള്ള മത്സരം • ക്രിസ്തുമതപ്രചാരകനായ മാക്സ് മുള്ളർ • കിഴക്കിന്റെ വിശുദ്ധഗ്രന്ഥങ്ങൾ • വിൽസണും റോത്തും • ആൽബർട്ട് വെബർ • വെബറും ഗോൾഡ്സ്റ്റക്കറും • മോണിയർ വില്യംസ് • മധ്യേഷ്യൻ സിദ്ധാന്തം • യഥാർഥ പ്രജാപതി യേശുക്രിസ്തുവാണോ? • നബിതിരുമേനിയെക്കുറിച്ച് വേദങ്ങളിലുണ്ടോ? • മഹാമദനെക്കുറിച്ചുള്ള പ്രവചനം • ആത്മവിശ്വാസത്തിന്റെ രഹസ്യതാക്കോൽ • ശ്രാദ്ധം എന്താണ്? എന്തിനാണ്? • അഗ്നിഹോത്രത്തിന്റെ ലക്ഷ്യം എന്താണ്? • ആരാണ് അതിഥി? എന്തിന് അതിഥികളെ ശുശ്രൂഷിക്കണം? • ഭൂതബലി എന്തിനാണ്? • ഷോഡശ സംസ്കാരം എന്താണ്? എന്തിനാണ്? • ഹിന്ദു മാനിഫെസ്റ്റോ • തന്നിലെ ശക്തി അറിയാൻ • എങ്ങനെ ധ്യാനിക്കണം? • ഭാഗ്യസൂക്തം • വൈദിക സന്ധ്യ (ബ്രഹ്മയജ്ഞം) • സന്ധ്യയുടെ അംഗങ്ങൾ • സന്ധ്യാമന്ത്രങ്ങൾ അർഥസഹിതം • ബ്രഹ്മയജ്ഞം മുദ്രകളും മറ്റും • അഗ്നിഹോത്രം • ഭക്ഷണം മനസ്സിന്റെ വഴി • രാത്രിയിൽ സുഖമായുറങ്ങുവാൻ • ഒരുമയ്ക്കായി മുന്നേറാൻ സംഘടനാസൂക്തം • ഉപനിഷത്തുക്കൾ പറയുന്നത് • ധർമശാസ്ത്രങ്ങൾ (സ്മൃതികൾ) പറയുന്നത് • ഷഡ്ദർശനങ്ങളുടെ അഭിപ്രായം • മഹാഭാരതത്തിലെ വേദമാഹാത്മ്യവർണന • പുരാണങ്ങളുടെ അഭിപ്രായം • ശ്രീബുദ്ധൻ വേദനിന്ദകനല്ല • സിഖുമതവും വേദവും • ജൈനാചാര്യൻ കുമുദേന്ദു വേദങ്ങളെക്കുറിച്ച്...